# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

### 2015 മാർച്ച് 12, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 158 - നമ്പർ 5

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാർച്ച് 12, വ്യാഴം

പ്രോട്ടെം സ്പീക്കർ
**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**

സെക്രട്ടറി
**ശ്രീ. പി. ഡി ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ 29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 65

**II സ്പീക്കർ തെരഞ്ഞെടുപ്പ്** 402

**III അടിയന്തരപ്രമേയം**

ബാർ കോഴ—

(അവതരണാനുമതി നിഷേധിച്ചു) 415

**IV മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം

അനുസരിച്ചുള്ള കടലാസുകൾ 437

**V റിപ്പോർട്ട് സമർപ്പണം**

1. വനത്തിനുള്ളിലും സമീപ പ്രദേശങ്ങളിലും
   അധിവസിക്കുന്നവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ
   എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ റിപ്പോർട്ട്— 438
2. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ
   മുപ്പതും മുപ്പത്തിയൊന്നും റിപ്പോർട്ടുകൾ— 438
3. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട്— 439

പേജ്

**VI ധനകാര്യം**

2014-2015-ലെ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും 439

**VII അനുബന്ധം**

മേശപ്പുറത്തുവച്ച കടലാസ്സുകളിലുൾപ്പെട്ട ചട്ടം 47(2) അനുസരിച്ച് കാലതാമസപത്രികസഹിതം സമർപ്പിച്ച നിയമസഭാ ചോദ്യോത്തരങ്ങൾ — 451

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

*2015 മാർച്ച് 12, വ്യാഴം*

വാല്യം 158] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2015 മാർച്ച് മാസം 12-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട പ്രോട്ടെം സ്പീക്കർ ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. പ്രോട്ടെം സ്പീക്കർ : ഓർഡർ.......... ഓർഡർ........ ചോദ്യം നമ്പർ *91

### നെല്ലുസംഭരണ പദ്ധതി

1 (*91) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നെല്ലുസംഭരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര നെൽ കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) എത്ര ലക്ഷം ടൺ നെല്ലാണ് പ്രസ്തുത പദ്ധതി വഴി സംഭരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) സംഭരണവില കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) 17-2-2012-ലെ 31/2012/Agri. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2012-13 ഒന്നാം സീസൺ മുതൽ സപ്ലൈകോ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും നെല്ല് സംഭരിച്ചുവരുന്നു. 2014-15 ഒന്നും രണ്ടും സീസണുകളിലായി 5-3-2015 വരെ 210531.248 മെട്രിക് ടൺ നെല്ല് സംഭരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | അളവ് (മെ.ടൺ) I KMS | അളവ് (മെ.ടൺ) II KMS |
|---|---|---|---|
| 1 | ആലപ്പുഴ | 37926.957 | 2764.757 |
| 2 | എറണാകുളം | 135.921 | 858.213 |
| 3 | ഇടുക്കി | 10.627 | ... |
| 4 | കണ്ണൂർ | 24.954 | ... |
| 5 | കോട്ടയം | 18875.662 | 5289.707 |
| 6 | മലപ്പുറം | 58.195 | 2908.798 |
| 7 | പാലക്കാട് | 83245.691 | 33901.019 |
| 8 | തൃശ്ശൂർ | 2303.074 | 18261.783 |
| 9 | തിരുവനന്തപുരം | 294.594 | ... |
| 10 | വയനാട് | 325.782 | 3130.616 |
| 11 | കാസർഗോഡ് | 66.200 | ... |

| | | | |
|---|---|---|---|
| 12 | കൊല്ലം | 45.600 | ... |
| 13 | പത്തനംതിട്ട | ... | 103.098 |
| | ആകെ | 143313.257 | 67217.991 |

(ബി) 2013-14 ഒന്നാം സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യമുള്ള എവിടെനിന്നും കർഷകർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(സി) ഓരോ വർഷവും രണ്ട് സീസണുകളിലായി ഏകദേശം ഒരുലക്ഷത്തി എഴുപത്തയ്യായിരത്തിൽപ്പരം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. നടപ്പ് (2014-15 IInd) സീസണിൽ ഇതുവരെ 124156 കർഷകർ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 2014-15 ഒന്നും രണ്ടും സീസണുകളിലായി 5.5 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) നെല്ല് സംഭരിച്ചശേഷം കർഷകർക്ക് നെല്ലുവില ലഭിക്കുന്നതിനായി സപ്ലൈകോ കാനറാ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതുമേഖലാ ബാങ്കുകളും പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാപത്രം ഉണ്ടാക്കുകയും അതുപ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകിവരുകയും ചെയ്യുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്.

<u>ശ്രീ. ആർ. സെൽവരാജ്</u> : സർ, കേരളത്തിലെ നെല്ലുല്പാദകരെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് സ്വീകരിച്ച ഈ സംഭരണ നടപടി വളരെ ആശാവഹമായ ഒന്നാണ്. എന്നാൽ കർഷകർ കാർഷികാവശ്യങ്ങൾക്കുവേണ്ടി, പ്രത്യേകിച്ച് നെല്ലുല്പാദനത്തിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ തിരിച്ചടയ്ക്കാനാകാതെ കുടിശ്ശിക നേരിടുന്ന അവസരത്തിൽ കർഷകരെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റിന്റെ സബ്സിഡിയും സംഭരിച്ച നെല്ലിന്റെ വിലയും ഈ സന്ദർഭത്തിലെങ്കിലും കൊടുക്കാൻ തയ്യാറാകുമോ ?

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, 2014-15 വർഷത്തിലെ ഫസ്റ്റ് സീസണിലുള്ള തുക പൂർണ്ണമായും കർഷകർക്ക് കൊടുത്തുകഴിഞ്ഞു. രണ്ടാം സീസണിലെ നെല്ല് സംഭരണമാണ് ഇപ്പോൾ നടക്കുന്നത്. ഇതിൽ ഫെബ്രുവരി 15-ാം തീയതി വരെയുള്ള തുക പൂർണ്ണമായും കർഷകർക്ക് നൽകിക്കഴിഞ്ഞു. രണ്ടാം സീസണിൽ ഏകദേശം 57 കോടി രൂപയാണ് നൽകിയിരിക്കുന്നത്. അത് കർഷകർക്ക് യഥാസമയം എത്തിക്കുവാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. ആർ. സെൽവരാജ്</u> : സർ, നെല്ലുല്പാദനച്ചെലവിന്റെ വർദ്ധനവിനനുസരിച്ച് ഇപ്പോൾ സംഭരിച്ചുകൊണ്ടിരിക്കുന്ന നെല്ലിന്റെ വിലയിൽ വർദ്ധനവ് വരുത്തി 25 രൂപയെങ്കിലുമാക്കി ഉല്പാദകന് കൊടുക്കുവാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ ?

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 4 പ്രാവശ്യം നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചു. ഇപ്പോൾ 19 രൂപയാണ് സംഭരണവില. അത് ഇന്ത്യയിലെതന്നെ ഉയർന്ന സംഭരണവിലയാണ്. കർഷകരുടെ ആവശ്യം നിവേദനങ്ങളായി ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അത് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

<u>ശ്രീ. പി. എ. മാധവൻ</u> : സർ, ആയിരക്കണക്കിന് കോൾനില കർഷകരുള്ള ഒരു പ്രദേശമാണ് തൃശ്ശൂർ ജില്ല. നെല്ല് സംഭരണം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഏറെ ആശ്വാസകരമായൊരു നടപടിയായിരുന്നു. ഇത്തവണ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം 'ഇടിവെട്ട് ഏറ്റവനെ പാമ്പുകടിച്ചു' എന്ന രീതിയിൽ, 13.60 രൂപയായി നെല്ലുവില കുറച്ചെന്ന വ്യാപകമായ പ്രചരണമാണ് 2 ഗഡുവായി സംഖ്യ കൊടുക്കാൻ തീരുമാനിച്ചതോടുകൂടി ഉണ്ടായത്. " 13.60 രൂപയെന്നത് ഒരിക്കൽ 5.40 രൂപ വരും" എന്ന രീതിയിലുണ്ടായ പ്രചരണം കൃഷിക്കാർക്കിടയിൽ സമരത്തിന്റെ വേലിയേറ്റമുണ്ടാക്കി. കടം വാങ്ങി കൃഷി ചെയ്യുന്ന കൃഷിക്കാരന് ഉൽപ്പാദിപ്പിക്കാൻ പോകുന്ന നെല്ലിന്റെ വില അഡ്വാൻസായി നൽകാൻപോലും ബാധ്യതയുണ്ട്. പക്ഷേ, കൊടുക്കുന്ന നെല്ലിന്റെ വില കിട്ടാതെ പരക്കംപായുന്ന കർഷകനെയാണ് ഇത്തവണ തൃശ്ശൂർ ജില്ലയിൽ കാണാൻ കഴിഞ്ഞത്. സംഭരണ സമയത്ത് നെല്ലുവില പൂർണ്ണമായും കൃഷിക്കാരന്റെ കൈവശം കിട്ടാവുന്ന രീതിയിൽ, ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം പോകുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി

പറഞ്ഞത്. അങ്ങനെ ഒറ്റ വാചകത്തിൽ പറഞ്ഞാൽ തീരുന്നതല്ല ഇപ്പോഴത്തെ സ്ഥിതി. നെല്ലിന്റെ സംഭരണവില കൃഷിക്കാരന് തൽസമയം കിട്ടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നിലേറെത്തവണ ഇരുപത് രൂപയാക്കുമെന്നുപറഞ്ഞ് കർഷകർക്ക് പ്രതീക്ഷ നൽകിയതാണ്. ഒരു രൂപയെങ്കിലും വർദ്ധിപ്പിച്ചുനൽകാൻ ഈ സർക്കാർ തയ്യാറാകുമോ ?

ശ്രീ. അനൂപ് ജേക്കബ് : സർ, 13.60, 5.40 എന്നിങ്ങനെ രണ്ട് ഗഡുക്കളായി തുക കൊടുത്തു എന്നുള്ളത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ 13.60 രൂപ കൊടുത്തപ്പോൾ നെല്ലുവില കുറച്ചുവെന്നുപറഞ്ഞ് വ്യാപകമായ പ്രചരണമുണ്ടായി. അതുസംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റുകൾ ആവർത്തിച്ച് മന്ത്രിയെന്ന നിലയിൽ ഞാനും മുഖ്യമന്ത്രിയും നൽകിയിരുന്നു. മറിച്ചുള്ള പ്രചരണം വ്യാപകമായ നിലയിലുണ്ടായെന്നുള്ളത് യാഥാർത്ഥ്യമാണ്. പിന്നീട് അത് മാറി. ലഭ്യമായ തുക ആദ്യംതന്നെ കർഷകർക്ക് കൊടുക്കുകയെന്നുള്ള സദുദ്ദേശമാണ് ഗവൺമെന്റിനുണ്ടായിരുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ കർഷകർ ലോണെടുത്ത് കൃഷിയിറക്കുന്നു, അതിന് കാലതാമസമുണ്ടാകുന്നു തുടങ്ങിയ വിഷയങ്ങൾ മുമ്പിലുണ്ട്. ലഭ്യമായ തുക ഉടനെതന്നെ കർഷകരുടെ അക്കൗണ്ടിൽ കൊടുക്കുക എന്നുള്ളതായിരുന്നു ആദ്യ ഗഡു വിതരണം ചെയ്തതുവഴി ഗവൺമെന്റുദ്ദേശിച്ചത്. പക്ഷേ, പിന്നീട് 5.40 രൂപയുടെ ബാക്കി തുകയുംകൂടി ചേർത്ത് ഫെബ്രുവരി 15-ാം തീയതിവരെയുള്ള മുഴുവൻ തുകയും കൊടുത്തുകഴിഞ്ഞു. ഇനിമുതൽ ഒറ്റ ഗഡുവായിത്തന്നെ കൊടുക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. യഥാസമയംതന്നെ തുക കർഷകരുടെ അക്കൗണ്ടിലെത്തിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. പലപ്പോഴും ഫണ്ടിന്റെ അപര്യാപ്തതയാണ് അതിന് കാരണമായി നിൽക്കുന്നത്. എങ്കിൽപ്പോലും കഴിഞ്ഞ സീസണിൽ ഒന്നരമാസം വരെ ഡിലേ വന്നിരുന്നു. ഈ സീസണിൽ ഇതുവരെ ഡിലേയുണ്ടാകാതെതന്നെ പണം കൊടുക്കുവാനുള്ള സാഹചര്യങ്ങളുണ്ടാക്കിയിട്ടുണ്ട്. സംഭരണവില വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കാം.

മി. പ്രോട്ടെം സ്പീക്കർ: അംഗങ്ങൾ പ്രിസൈസ് ആയി ചോദ്യങ്ങൾ ചോദിക്കുകയും മന്ത്രിമാർ ബ്രീഫായി ഉത്തരം പറയുകയും ചെയ്താൽ കൂടുതൽ ചോദ്യങ്ങൾ എടുക്കാൻ കഴിയും.

ശ്രീ. എം. പി. വിൻസെന്റ് : സർ, നെല്ല് സംഭരണം നമ്മുടെ സംസ്ഥാനത്ത് നല്ല രീതിയിൽ നടക്കുന്നുണ്ട്. നെല്ലിനെ മൂല്യവർദ്ധിത ഉല്പന്നമാക്കി സർക്കാർ സംവിധാനങ്ങളുപയോഗിച്ച് വിറ്റഴിക്കാനും സഹകരണ ബാങ്കുകൾ വഴി ഈ തുക കൊടുക്കുന്നതിനും ഒരു നിശ്ചിത തീയതി നേരത്തേതന്നെ പ്രഖ്യാപിക്കാൻ സാധിക്കുമോ ?

ശ്രീ. അനൂപ് ജേക്കബ് : സർ, ഒരു കട്ട് ഓഫ് ഡേറ്റ് പറയാൻ സാധിക്കുകയില്ല. തൃശ്ശൂർ സഹകരണ ബാങ്ക്, പാലക്കാട് ജില്ലാ സഹകരണ ബാങ്ക് തുടങ്ങിയ ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ ബാങ്കുകൾക്കൊപ്പം ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക് എന്നീ ബാങ്കുകൾ വഴിയും പി.ആർ.എസ്. ലോൺ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ഫണ്ട് ലഭ്യമാക്കുവാൻ കഴിയുന്ന എല്ലാ മാർഗ്ഗങ്ങളും വിനിയോഗിച്ചുകൊണ്ടാണ് കർഷകർക്ക് യഥാസമയം ഇപ്പോൾ തുക കൊടുത്തുകൊണ്ടിരിക്കുന്നത്.

ശ്രീ. പാലോട് രവി : സർ, ഇതുവരെ 124.156 കർഷകരാണ് സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. അതനുസരിച്ച് 210531 മെട്രിക് ടൺ സംഭരിക്കുകയും ചെയ്തു. അഞ്ചരലക്ഷം മെട്രിക് ടൺ നെല്ലാണ് സപ്ലൈകോ സംഭരിക്കാനുദ്ദേശിക്കുന്നത്. ഇപ്പോൾ കർഷകരുടെ ഓൺലൈൻ രജിസ്ട്രേഷനാണ് സപ്ലൈകോ അനൗൺസ് ചെയ്തിരിക്കുന്നത്. കൃഷിഭവനുകളിൽ നെൽകർഷകരുടെ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അങ്ങ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് നെല്ലുല്പാദിപ്പിക്കുന്ന എല്ലാ കർഷകരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. അനൂപ് ജേക്കബ് : സർ, നെല്ലുല്പാദിപ്പിക്കുന്ന കർഷകർക്ക് ഇതിൽ രജിസ്റ്റർ ചെയ്യാനുള്ള സാഹചര്യങ്ങളുണ്ട്. നമ്മൾ കണ്ടെത്തുകയല്ല. അവർ സ്വമേധയാ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്യാനുള്ള സാഹചര്യമാണ് ഇപ്പോൾ ഗവൺമെന്റ് ഒരുക്കിയിരിക്കുന്നത്. ഇതിനനുസൃതമായി ഒരുലക്ഷത്തിൽപ്പരം കർഷകർ ഇപ്പോൾത്തന്നെ സപ്ലൈകോയിൽ ഓൺലൈനായി രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ ഫിസിക്കൽ വെരിഫിക്കേഷൻ പിന്നീട് നടത്തുന്നുണ്ട്. ഈ പറയുന്ന എക്സ്റ്റന്റ് ഓഫ് ലാന്റിൽ കൃഷി ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുവാൻ വേണ്ടി കൃഷി ഓഫീസറടക്കം കർഷകർ പറയുന്ന ഫീൽഡിൽ പോയി ഫിസിക്കൽ വെരിഫിക്കേഷനുംകൂടി

നടത്തിയതിനുശേഷമാണ് ഇവർക്ക് ഐ.ഡി. നമ്പർ കൊടുക്കുന്നത്. ഗവൺമെന്റിന്റെ നെല്ല് എടുക്കുന്ന പദ്ധതിയിൽ ചേരാൻ തയ്യാറായിവരുന്ന എല്ലാ കർഷകരെയും ഉൾപ്പെടുത്തുന്നുണ്ട്.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നെല്ലിന്റെ സംഭരണവില 7 രൂപ ആയിരുന്നത് 14 രൂപയാക്കി വർദ്ധിപ്പിച്ചത് പാലക്കാട് ജില്ലയിലുൾപ്പെടെ കേരളത്തിലെ നെൽകർഷകർക്ക് വലിയ സന്തോഷമുണ്ടാക്കിയ കാര്യമാണ്. മാത്രമല്ല നെൽവയൽ നികത്തുന്നത് ഒരു പരിധി വരെ കുറഞ്ഞത് നെല്ലിന് ന്യായമായ വില കിട്ടിയതിന്റെ ഭാഗമായിട്ടാണ്. കേരളത്തിൽ സംഭരണം ഫലപ്രദമായ രൂപത്തിൽ നടപ്പിലാക്കിയതിന്റെ ഫലമായി പാലക്കാട് ജില്ലയിലുൾപ്പെടെ നെൽകൃഷിയിലേയ്ക്ക് കർഷകർ ആകർഷിക്കപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനു ശേഷം അതിൽ വലിയ ഇടിവാണ് ഉണ്ടായിട്ടുള്ളത്. നെല്ല് സംഭരിച്ചാൽ കൃത്യമായി പൈസ കൊടുക്കില്ല എന്നുള്ള ഒരു സ്ഥിതിവിശേഷം ഉണ്ടായിരുന്നു. മാസങ്ങളോളം കാത്തിരുന്നാലും പണം കിട്ടില്ല. ബഹുമാന്യനായ മന്ത്രി പറയുന്നത് ഫെബ്രുവരി 15 വരെയുള്ള സംഭരണവില കൊടുത്തു എന്നാണ്. കഴിഞ്ഞ ഡി.ഡി.സി. യോഗത്തിൽ ജനുവരി 31 വരെയുള്ള പൈസ കൊടുത്തു എന്നാണ് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ അറിയിച്ചിരുന്നത്. 13 രൂപ 60 പൈസയും 5 രൂപ 40 പൈസ യുമായി വ്യത്യസ്തമാക്കി കൊടുക്കേണ്ട ഒരു കാര്യവുമുണ്ടായിരുന്നില്ല. ഇത് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമാണെന്ന് പറഞ്ഞ് അവിടെ ഒരു പ്രചരണം ഉണ്ടായിരുന്നു. 19 രൂപ കിട്ടിയിരുന്നത് 13 രൂപ 60 പൈസ ആക്കിയപ്പോൾ വലിയ പ്രതിഷേധമാണ് കർഷകർക്കിടയിൽ ഉണ്ടാക്കിയത്. കാർഷിക മേഖലയിൽ നെൽകർഷകരെ എല്ലാ അർത്ഥത്തിലും പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യണം. അല്ലെങ്കിൽ നെൽകൃഷി കേരളത്തിൽ അന്യം നിന്നുപോകും. അത്തരം ഒരു സ്ഥിതിവിശേഷത്തിൽ കൊണ്ടെത്തിച്ചത് ഗുരുതരമായ പ്രശ്നമുണ്ടാക്കിയിട്ടുണ്ട്. പരമാവധി നെല്ല് സംഭരണവില വർദ്ധിപ്പിച്ച് കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇടതു-വലതു വ്യത്യാസമില്ലാതെ കർഷകർ പറയുന്നത് 25 രൂപയെങ്കിലും കിട്ടണമെന്നാണ്. അങ്ങനെ കൊടുക്കാൻ കഴിയുമോ എന്നതിനെ സംബന്ധിച്ച് ആലോചിക്കണം. പാലക്കാട് ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ നെല്ല് സംഭരിക്കുന്നത്. പാലക്കാട് ജില്ലയിലെ

പാഡികോ എന്നുപറയുന്ന സഹകരണ നെല്ല് കുത്തു മില്ലിനെ അതിൽനിന്ന് ഒഴിവാക്കി എറണാകുളം ജില്ലയിലെ വൻകിട മില്ലുകാരെ സഹായിക്കുന്ന ഒരു സമീപനം സിവിൽ സപ്ലൈസിലെ ഉദ്യോഗസ്ഥർ സ്വീകരിച്ചിട്ടുണ്ട്. ബഹുമാന്യനായ മന്ത്രി ഇടപെട്ട് പാലക്കാട് ജില്ലയിലെ നെല്ല് സംഭരണ ഏജൻസികളെ ഇതിൽ ഉൾപ്പെടുത്തി നെല്ല് സംഭരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. അനൂപ് ജേക്കബ് : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ നെല്ല് സംഭരണ വില ഈ ഗവൺമെന്റ് വന്നതിനുശേഷം 13 രൂപ എന്നുള്ളത് വർദ്ധിപ്പിച്ച് 19 രൂപയാക്കി. കൂടുതൽ കർഷകർ പ്രൊക്യൂവർമെന്റിലേയ്ക്ക് കടന്നുവരുന്നത് നെല്ല് സംഭരണം കാര്യക്ഷമമായി മുന്നോട്ട് പോകുന്നുവെന്നതിന്റെ ഉദാഹരണമാണ്. 7-3-2015 വരെയുള്ള കണക്കുപ്രകാരം ഈ സീസണിൽ 172000 കർഷകരാണ് സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2010-ൽ 100000 ആയിരുന്നത് ഇപ്പോൾ 172000 ആയി വർദ്ധിച്ചിരിക്കുന്നു. വളരെ കൃത്യമായ നിലയിൽ പ്രൊക്യൂവർമെന്റ് നടക്കുന്നു എന്നുള്ളതുകൊണ്ടും കർഷകർക്ക് ന്യായമായ വില ലഭ്യമാകുന്നു എന്നുള്ളതുകൊണ്ടും തന്നെയാണ് കർഷകർ ഈ പദ്ധതിയിലേയ്ക്ക് വരുന്നത്. കൂടുതൽ കർഷകർ കടന്നുവരുന്നത് ഈ സ്കീം ഭംഗിയായി മുന്നോട്ടുപോകുന്നതിന്റെ ഉദാഹരണമാണ്. ജില്ലാതലത്തിലുള്ള കണക്ക് എങ്ങനെ വന്നുവെന്ന് അറിയില്ല, ചിലപ്പോൾ പരിശോധിച്ചത് നേരത്തേയുള്ള കണക്കായിരിക്കും. ഫെബ്രുവരി 15 വരെയുള്ള മുഴുവൻ തുകയും കൊടുത്തിട്ടുണ്ട്. വൻകിട മില്ലുകാരെ മാത്രം ഉൾപ്പെടുത്തുന്ന രീതിയിലല്ല പോകുന്നത്. സപ്ലൈകോ 55 മില്ലുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വൻകിട മില്ലുകൾ 10 എണ്ണത്തിൽ താഴെ മാത്രമേ വരികയുള്ളൂ. ഏതെങ്കിലും വിഭാഗങ്ങളെ മാറ്റിനിർത്തുന്ന സാഹചര്യം ഉണ്ടായിട്ടില്ല. യഥാസമയം എത്തിക്കാൻ കഴിയുന്ന മില്ലുകൾ, അവയുടെ കപ്പാസിറ്റി ഇവ നോക്കി അവർക്ക് അതിനുള്ള അലോട്ട്മെന്റുകൾ കൊടുക്കും. അതിനുവേണ്ടി ഒരു കരാറും എം.ഒ.യു.-വും ഉണ്ടാക്കാറുണ്ട്.

ശ്രീ. സി. പി. മുഹമ്മദ് : സർ, നെല്ല് ഉല്പാദനത്തിന് ഏറ്റവും കൂടുതൽ പണം ചെലവഴിക്കേണ്ടി വരുന്നത് പാലക്കാട് ജില്ലയ്ക്കാണ്. അതിന് പ്രധാനപ്പെട്ട കാരണം കുട്ടനാടുപോലെ വിശാലമായ പാടശേഖരങ്ങളല്ല പാലക്കാട്ടുള്ളത്. ജലസേചന

പദ്ധതികൾ വന്നപ്പോൾ കരഭൂമി കൂടുതലും കൃഷി ഭൂമിയാക്കി മാറ്റി. പാലക്കാടുള്ള കർഷകർ ഇതര വിളകൾ കൃഷി ചെയ്യുന്നവരുമല്ല. അവിടെ നാണ്യവിളകൾ കുറവാണ്. അതുകൊണ്ട് ഇന്ന് കൊടുക്കുന്ന സബ്സിഡി/ താങ്ങുവില കുറവാണെന്ന അഭിപ്രായം എനിക്കില്ല. പാലക്കാട് ജില്ലയിൽ യന്ത്രവൽക്കരണം ഭൂരിഭാഗം പ്രദേശങ്ങളിലും സാധിക്കാത്തതുകൊണ്ട് കൃഷിച്ചെലവ് വളരെ കൂടുതലാണ്. പാലക്കാടിന് മാത്രമായി തുക കൂട്ടാൻ സാധിക്കില്ല. എന്നാൽപ്പോലും ഒരു രൂപയെങ്കിലും അടിയന്തരമായി താങ്ങുവില വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നടപടിയെടുക്കുമോ ?

ശ്രീ. അനൂപ് ജേക്കബ് : സർ, ഇതുസംബന്ധിച്ച് ഞാൻ പലതവണ മറുപടി പറഞ്ഞിട്ടുള്ളതാണ്. അത് പരിശോധിക്കാം.

ശ്രീമതി ഗീതാ ഗോപി : സർ, കുട്ടനാട്, പാലക്കാട്, തൃശ്ശൂർ എന്നീ മൂന്നു ജില്ലകളാണ് കേരളത്തിന്റെ നെല്ലറ എന്നറിയപ്പെടുന്നത്. കഴിഞ്ഞവർഷങ്ങളിലെല്ലാം നെൽകർഷകർക്ക് ആശ്വാസമേകുന്ന ഒരു പ്രഖ്യാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയിട്ടുണ്ട്. പക്ഷേ ഇത്തവണ അത് നടപ്പിലാകുന്ന ഒരു പ്രഖ്യാപനമാകണം. വെറും പ്രഖ്യാപനങ്ങളിൽനിന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിന്മാറണം. കർഷകന് ആശ്വാസമേകുന്ന സംവിധാനം വേണം. നെല്ല് സംഭരിച്ചാൽ അതിന് മതിയായ വില കിട്ടണം. എല്ലാ കർഷകനും കാശ് സ്വരൂപിച്ചിട്ടല്ല കൃഷിയിറക്കുന്നത്. ഓരോ കർഷകന്റെയും വേദന അവരുടെ അടുത്തുപോയാൽ നമുക്ക് മനസ്സിലാകും. കടം വാങ്ങിയും സ്വന്തം ഭാര്യയുടെ കെട്ടുതാലിവരെ വിറ്റുമാണ് കർഷകൻ കൃഷിയിറക്കുന്നത്. അങ്ങനെയുള്ള സാഹചര്യത്തിൽ 14 രൂപയിൽനിന്ന് 20 രൂപയാക്കും എന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ഇനിയെങ്കിലും നടപ്പിലാക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടുവരണം.

ശ്രീ. അനൂപ് ജേക്കബ് : സർ, ഈ ഗവൺമെന്റ് വരുന്ന സമയത്ത് 13 രൂപയായിരുന്നത് 2011-ൽ 14 രൂപയായും 2012-ൽ 15 രൂപയായും 2013-ൽ 17 രൂപയായും 2014-ൽ 19 രൂപയായും വർദ്ധിപ്പിച്ചു. കർഷകരുടെ ബുദ്ധിമുട്ട് എന്താണെന്നുള്ളത് ഈ ഗവൺമെന്റ് തിരിച്ചറിയുന്നു എന്നതാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. കർഷകർരുടെ ഉല്പന്നത്തിന് ന്യായമായ വില ലഭ്യമാക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെയും ആഗ്രഹം. അതുകൊണ്ടുതന്നെയാണ്

സംഭരണ വില 19 രൂപയായി വർദ്ധിപ്പിച്ചത്. ഇത് ഏറ്റവും ഉയർന്ന സംഭരണ വിലയാണെന്ന് എനിക്ക് എടുത്തുപറയാൻ കഴിയും. എം.എസ്.പി.-ക്ക് അധികമായി തുക കൊടുക്കുന്ന 5 സംസ്ഥാനങ്ങളേയുള്ളൂ. അതിൽ ഒന്നാണ് കേരളം. ഇന്ന് ഏറ്റവും ഉയർന്ന വില നല്കുന്നതും കേരളമാണ്.

ശ്രീ. ഷാഫി പറമ്പിൽ : സർ, നെല്ലിന്റെ സംഭരണ വില 19 രൂപ യാക്കിയതും കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾ മറികടന്ന് 13.60 രൂപയിൽ കൂടുതൽ സബ്സിഡി കൊടുക്കാൻ തീരുമാനിച്ചതുമെല്ലാം ഈ ഗവൺമെന്റിന് കർഷകരോടുള്ള താല്പര്യം തന്നെയാണ് കാണിക്കുന്നത് എന്നുള്ള കാര്യത്തിൽ തർക്കമില്ല. ഇപ്പോഴുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നം, ഒരു കർഷകനിൽ നിന്ന് ഏറ്റെടുക്കാവുന്ന നെല്ലിന്റെ അളവിന് ഒരു സീലിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ചില പ്രദേശങ്ങളിൽ നല്ല വിളവുണ്ടായിട്ടുണ്ട്. സീലിംഗ് ലിമിറ്റിനേക്കാൾ കൂടുതൽ വിളവുണ്ടായിട്ടുള്ള കർഷകരിൽ നിന്ന് സീലിംഗ് ലിമിറ്റ് നോക്കാതെ പരമാവധി നെല്ല് സംഭരിക്കാനുള്ള തീരുമാനം സർക്കാരിൽ നിന്ന് ഉണ്ടാകുമോ? അങ്ങ് പരിഗണനയിലാണെന്ന് പറഞ്ഞ ഒരു രൂപയുടെയെങ്കിലും വർദ്ധനവ് എത്രയും പെട്ടെന്ന് നടപ്പിലാക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് : സർ, സീലിംഗ് ഏർപ്പെടുത്തിയതുകൊണ്ടുള്ള ബുദ്ധിമുട്ട് കർഷകർക്കുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കും. സീലിംഗ് അടക്കമുള്ള വിഷയങ്ങൾ കാർഷികമേഖലയിൽ ഒരുപക്ഷേ തിരിച്ചടികൾക്ക് കാരണമാകും. എന്താണെങ്കിലും ഇവർ ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കാനുള്ള സാഹചര്യമൊരുക്കും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, നെല്ല് സപ്ലൈകോ ആണ് സംഭരിക്കുന്നതെങ്കിലും ചില സ്വകാര്യ ഏജൻസികളാണ് കർഷകരിൽനിന്ന് നെല്ല് എടുക്കുന്നത്. എന്റെ മണ്ഡലത്തിലെ പുന്നയൂർക്കുളം ധാരാളമായി നെല്ല് ഉല്പാദിപ്പിക്കുന്ന ഒരു സ്ഥലമാണ്. സംഭരണം സമയബന്ധിതമായി നടത്താതെ നെല്ലിന്റെ ക്വാളിറ്റി കുറവാണെന്ന് പറഞ്ഞ് വില കുറയ്ക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ഈ വിഷയം സംബന്ധിച്ച് ഞാൻ തന്നെ അങ്ങയുമായി ചർച്ച ചെയ്തിട്ടുള്ളതാണ്. കർഷകർക്ക് ന്യായമായ വില കൊടുക്കാതിരിക്കുവാനുള്ള ഏജൻസികളുടെ തന്ത്രത്തെ ഗവൺമെന്റ് നേരിടുമോ ?

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, നെല്ല് എടുക്കുന്നത് കേന്ദ്ര ഗവൺമെന്റ് നല്കിയിരിക്കുന്ന ചില ഗുണനിലവാര മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ആ മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ നെല്ല് എടുക്കുകയുള്ളൂ. കേന്ദ്രം 13.60 രൂപ സബ്സിഡിയായി നല്കുന്നുണ്ട്. അപ്പോൾ ഇവർ പറയുന്ന സ്പെസിഫിക്കേഷനിൽ നിന്ന് ഒരുപാട് പിന്നോട്ട് പോകാനുള്ള സാഹചര്യം ഉണ്ടാകുകയില്ല. പലപ്പോഴും പതിരിന്റെ അംശവും മോയിസ്ച്ചർ കണ്ടന്റും കൂടുതൽ ഉണ്ടാകുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ഇപ്പോൾ മോയിസ്ച്ചർ കണ്ടന്റ് 17% വരെയാണ് മാക്സിമം ലിമിറ്റ് പറഞ്ഞിരിക്കുന്നത്. ചില സ്ഥലങ്ങളിൽ 22% മുതൽ 30% വരെ മോയിസ്ച്ചർ കണ്ടന്റ് വരുന്ന സാഹചര്യങ്ങളുണ്ട്. അത്തരത്തിലുള്ള സന്ദർഭങ്ങളിൽപ്പോലും പരമാവധി സംഭരിക്കണമെന്നുതന്നെയാണ് ഗവൺമെന്റ് നല്കിയിരിക്കുന്ന നിർദ്ദേശം. മറ്റൊരു കാര്യം ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുന്നത്, സംഭരണത്തെക്കുറിച്ച് പരാതികൾ കുറവാണ്. പരാതികൾ പലപ്പോഴും വരുന്നത് തുക കിട്ടാനുള്ള കാലതാമസം സംബന്ധിച്ചാണ്. ഇത്തരത്തിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ കേന്ദ്രം പറയുന്നുണ്ടെങ്കിൽപ്പോലും പരമാവധി ഇളവുകൾ കൊടുത്ത് സംഭരിക്കാനുള്ള നിർദ്ദേശങ്ങളാണ് ഗവൺമെന്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നല്കിയിട്ടുള്ളത് .

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, നെല്ല് സംഭരണത്തിൽ അവഗണിക്കപ്പെട്ട ജില്ലയാണ് പത്തനംതിട്ട. കാരണം അപ്പർ കുട്ടനാട് മേഖല മുഴുവൻ പത്തനംതിട്ട ജില്ലയിലാണ്. അപ്പർ കുട്ടനാട്ടിലെ നെല്ല് സംഭരണത്തിന് പാഡി ഓഫീസറെ ഇതുവരെയും നിയമിക്കാത്തതിന്റെ ബുദ്ധിമുട്ട് പത്തനംതിട്ട ജില്ലയിലുണ്ടായിട്ടുണ്ട്. തിരുവല്ല താലൂക്കിൽ അപ്പർ കുട്ടനാട് മേഖലയിലെ നെല്ല് സംഭരണം അതുകൊണ്ടുതന്നെ കർഷകർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുന്നു. അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റാണ് പാഡി ഓഫീസറെ നിയമിക്കുന്നത്. അപ്പർ കുട്ടനാട് മേഖലയിൽ തിരുവല്ല താലൂക്കിൽ നെല്ല് സംഭരണത്തിനുവേണ്ടി പാഡി ഓഫീസറെ അടിയന്തരമായിത്തന്നെ നിയമിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ)</u> : സർ, പാഡി ഓഫീസർമാരെ കൃഷി വകുപ്പിൽ നിന്നാണ് നിയമിക്കാറുള്ളത്. സിവിൽ സപ്ലൈസ് വകുപ്പ് ആവശ്യപ്പെടുന്നതനുസരിച്ച് പാഡി ഓഫീസർമാരെ നിയമിക്കുക എന്നതാണ് നടന്നുവരുന്നത്. 14 പേരെ ആവശ്യപ്പെട്ടപ്പോൾ 12 പേരെയാണ് നിയമിച്ചിട്ടുള്ളത്. 2 പേരെക്കൂടി

നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. വി. വിജയദാസ് : സർ, നെൽകർഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ തിരിച്ചടികൾ നേരിടുന്ന സമയമാണിത്. ഡീസലിന്റെ വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ ട്രാക്ടർ ചാർജ് വർദ്ധിച്ചു. കൊയ്ത്ത് യന്ത്രത്തിന്റെ വാടകയിലും വൈദ്യുതി ചാർജിലും വലിയ വർദ്ധനവുണ്ടായി. ഇങ്ങനെ വലിയ കഷ്ടപ്പാടുകൾ നേരിടുന്ന നെൽകർഷകർക്ക് ഒരു രൂപപോലും ഗവൺമെന്റ് താങ്ങുവില വർദ്ധിപ്പിച്ചു കൊടുത്തില്ല. കൊടുത്തില്ലെങ്കിലും ദ്രോഹിക്കാതിരിക്കണ്ടേ; 19 രൂപ എന്ന് പറയുകയും 13 രൂപ 40 പൈസ കൊടുക്കുകയും ചെയ്താൽ എന്താണ് അതിലുള്ള നേട്ടം; നെൽകർഷകർക്ക് ഇവിടെ ഭക്ഷ്യ സുരക്ഷ നടപ്പിലാക്കണമെന്നും നെൽകൃഷി സംരക്ഷിക്കണമെന്നുമൊക്കെ പറഞ്ഞ് ഇവിടെ പ്രസംഗം നടക്കുമ്പോൾ മറുഭാഗത്ത് നെല്ലിന്റെ വില പോലും കൊടുക്കാതെ നോക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഇത് അന്യായമല്ലേ; 19 രൂപയിൽ നിന്ന് 25 രൂപയായി വർദ്ധിപ്പിക്കുമോ; അതോടൊപ്പം 19 രൂപ ഒന്നിച്ച് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. അനൂപ് ജേക്കബ് : സർ, ഇതിനുള്ള മറുപടി പലതവണ പറഞ്ഞിട്ടുള്ളതാണ്. 19 രൂപയാണ് സംഭരണ വില. അത് മുഴുവനായിത്തന്നെ കൊടുക്കുന്നു. കർഷകർക്ക് സപ്ലൈകോയിൽ ലഭ്യമായിട്ടുള്ള തുക അപ്പോൾതന്നെ കൊടുക്കുക എന്ന സദുദ്ദേശമാണ് ഗവൺമെന്റ് വച്ചിരുന്നത്. ബാക്കി തുക 19 രൂപയായിട്ടുതന്നെ പൂർണ്ണമായും കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽ നെൽകൃഷിക്ക് പ്രോത്സാഹനം കൊടുക്കുന്ന രണ്ട് പഞ്ചായത്തുകളാണ് പൂതൃക്കയും മഴവന്നൂരും. അവിടെ കഴിഞ്ഞ രണ്ട് വർഷമായി കുടുംബശ്രീ മുഖേനയും സ്കൂൾ കുട്ടികളുടെ നേതൃത്വത്തിലുമെല്ലാം നെൽകൃഷി പ്രോത്സാഹിപ്പിച്ചുവരികയാണ്. ഈ വർഷം സപ്ലൈകോ അവിടെനിന്ന് നെല്ല് എടുക്കാൻ വിമുഖത കാണിക്കുകയാണ്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പൂതൃക്ക പഞ്ചായത്തിലെ കക്കാട്ടുപാറ സ്കൂളിൽ മന്ത്രി അടുത്ത ആഴ്ച കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്യാൻ വരുന്നുണ്ട്. അതുകൊണ്ട് അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഈ രണ്ട് പഞ്ചായത്തുകളിലെയും നെല്ല് സംഭരിക്കുന്നതിനു

വേണ്ടിയുള്ള നിർദ്ദേശം കൊടുക്കണമെന്നും അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ് : സർ, ഫെബ്രുവരി 15 വരെ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും കൊടുത്തുകഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം പൂതൃക്ക പഞ്ചായത്തിന്റെ കാര്യം എന്നോട് നേരത്തേ സൂചിപ്പിച്ചിരുന്നു. ആ കർഷകർ ഒരുപക്ഷേ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടാകില്ല. അതുകൊണ്ടായിരിക്കാം സാങ്കേതിക തടസ്സം വന്നത്. രജിസ്റ്റർ ചെയ്തവരിൽ നിന്നും എടുക്കാത്ത സാഹചര്യം ഉണ്ടാവുകയില്ല. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മാത്യു റ്റി. തോമസ് : സർ, നെല്ല് സംഭരണം പാതിവഴിയായിട്ടും പത്തനംതിട്ട ജില്ലയ്ക്കായി ഒരു പാഡി ഓഫീസറെ ഇതുവരെ നിയമിച്ചിട്ടില്ല. മറ്റ് ജില്ലയിലുള്ള ഒരു പാഡി ഓഫീസർക്ക് അധികച്ചുമതല കൊടുത്തതുകൊണ്ട് അവിടെ പ്രായോഗികമായ ചില പ്രശ്നങ്ങൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കൊയ്ത്ത് മെഷീനുകൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന സാഹചര്യമവിടെയില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി അടിയന്തരമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇവിടെ സംസാരിച്ചതുപോലെ കേന്ദ്രം നിശ്ചയിക്കുന്ന മിനിമം സപ്പോർട്ട് പ്രൈസിനെക്കാൾ അധികമായി ഒരു പൈസപോലും സംഭരണവിലയായി കൊടുക്കരുതെന്ന നിഷ്കർഷ അവിടെ നിൽക്കുകയാണ്. ഇന്തോനേഷ്യയിലെ WTA കോൺഫറൻസിൽ, ബാലി ഇന്റർനാഷണൽ കോൺഫറൻസിൽ അന്നത്തെ വാണിജ്യകാര്യമന്ത്രി ശ്രീ. ആനന്ദ് ശർമ്മ ഒപ്പുവച്ചതനുസരിച്ചാണ് തറവിലയെക്കാൾ കൂടുതൽ വിലകൊടുക്കരുതെന്ന നിബന്ധനയുണ്ടായത്. ഇപ്പോൾ കിട്ടുന്ന വില വളരെ കുറവാണ്. കോർപ്പറേറ്റുകളുടെ കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണിയായി നമ്മുടെ രാജ്യത്തെ മാറ്റണമെങ്കിൽ ഇവിടത്തെ കാർഷിക മേഖല തകരണമെന്ന കോർപ്പറേറ്റുകളുടെ അജണ്ടയാണ് കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് ഒപ്പുവച്ച WTA കരാറിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഒപ്പുവച്ചത് കഴിഞ്ഞ ഗവൺമെന്റാണെങ്കിലും അത് പിൻവലിപ്പിക്കാനുള്ള സമ്മർദ്ദം കേന്ദ്ര ഗവൺമെന്റിൽ ചെലുത്താൻ നമുക്കെന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, കേന്ദ്ര ഗവൺമെന്റ് നൽകുന്ന MSP 13.60 രൂപ ആണ്. അതിനേക്കാൾ കൂടുതൽ നൽകരുതെന്ന നിലയിലുള്ള നിർദ്ദേശങ്ങൾ വന്ന പത്രവാർത്തകളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഒരു മീറ്റിംഗിൽ അവരത് സൂചിപ്പിക്കുകയും ചെയ്തു. കേരളം ഒരു ഡെഫിസിറ്റ് സ്റ്റേറ്റാണ്. ഡെഫിസിറ്റ് സ്റ്റേറ്റുകൾക്ക് കേന്ദ്രം മുന്നോട്ടുവച്ചിരിക്കുന്ന നിബന്ധനകൾ ബാധകമാകുന്നില്ല. ആന്ധ്രാപ്രദേശ്, പഞ്ചാബ് മുതലായ സർപ്ലസ് സ്റ്റേറ്റുകൾക്കാണ് ഇത് ബാധകമാകുന്നത്. അഥവാ ഇത് ആ രീതിയിൽ വന്നാൽപ്പോലും കേരളം ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത് 19 രൂപയാണ്. കേന്ദ്രം നിശ്ചയിച്ചിരിക്കുന്ന MSPയെക്കാൾ 5.40 കൂടുതൽ സംസ്ഥാനത്ത് കൊടുക്കുന്നുണ്ട്. അതിൽനിന്ന് പിന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നില്ല. ഇത് വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ മറ്റുള്ള വിഷയങ്ങൾ തീർച്ചയായും പരിശോധിക്കും. പത്തനംതിട്ട ജില്ലയിൽ പാഡി മാർക്കറ്റിംഗ് ഓഫീസറെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഉടൻതന്നെ നിയമിക്കുന്നതായിരിക്കും.

<u>ശ്രീ. കെ. പി. മോഹനൻ</u> : സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ശിവദാസൻ നായരോട് പറയുവാനുള്ളത്, 14 പാഡി ഓഫീസർമാരെ ആവശ്യപ്പെട്ടതിൽ ഇനി 2 പേർക്കുകൂടി മാത്രമേ നിയമനം നൽകാനുള്ളു. AICO-യുടെ യന്ത്രങ്ങൾ സൂക്ഷിക്കുവാനും അവ ഉപയോഗിക്കുവാനും ചില ബുദ്ധിമുട്ടുകൾ ഉണ്ടായതായി അറിയാൻ സാധിച്ചു. യന്ത്രങ്ങളുടെ റിപ്പയറിംഗും നവീകരണവുമെല്ലാം കൃത്യമായി നടക്കുന്നില്ല. ഇതിനുവേണ്ടി പാടശേഖര സമിതികളെ യന്ത്രങ്ങൾ ഏൽപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടുത്ത കൊയ്ത്ത് നടക്കുന്ന സമയത്തിനു മുമ്പുതന്നെ ഇത് പൂർത്തീകരിക്കുന്നതാണ്.

<u>മി. പ്രോട്ടെം സ്പീക്കർ</u> : ചോദ്യം നമ്പർ* 92.

**ജില്ലാ റവന്യൂ അദാലത്തിലെ പോരായ്മകൾ**

2 (*92) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ റവന്യൂ അദാലത്തിൽ പതിനായിരങ്ങൾ പങ്കെടുക്കാനിടയാകുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ ;

(ബി) സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടും, ജനങ്ങൾക്ക് അർഹമായ നീതി യഥാകാലം ലഭ്യമാക്കാൻ കഴിയുന്നില്ലെന്നതിന്റെ പ്രത്യക്ഷ ഉദാഹരണമായി ഇതിനെ വിലയിരുത്തുന്നുണ്ടോ ;

(സി) ജനങ്ങൾക്ക് നീതി തടയപ്പെടുന്ന അല്ലെങ്കിൽ കാലവിളംബപ്പെടുത്തുന്ന പോരായ്മകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ) റവന്യൂ-സർവ്വേ വകുപ്പുമായി ബന്ധപ്പെട്ട് ജനങ്ങളുടെ പരാതികൾ അതിവേഗം പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള അദാലത്തുകൾ 14 ജില്ലകളിലും നടത്തുകയുണ്ടായി. പ്രസ്തുത അദാലത്തിൽ ഓരോ പരാതിക്കാരനും മന്ത്രിയുടെ മുന്നിൽ എത്തുവാനും തങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അവതരിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

(ബി&സി) പൊതുജനങ്ങൾക്ക് മന്ത്രിയുമായി നേരിട്ട് പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും അതിവേഗം തീർപ്പുകല്പിക്കുന്നതിനുമായാണ് സ്ഥിരം സംവിധാനങ്ങൾക്കു പുറമേ അദാലത്തുകൾ നടത്തിയിട്ടുള്ളത്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഇന്നത്തെ മലയാള മനോരമ ദിനപ്പത്രത്തിൽ ഒരു നല്ല മുഖപ്രസംഗം ഈ ചോദ്യവുമായി ബന്ധപ്പെട്ട് എഴുതിയിട്ടുണ്ട്. 'ഫയലിൽ കുരുങ്ങുന്ന ജീവിതങ്ങൾ' എന്നാണ് തലക്കെട്ട് നൽകിയിരിക്കുന്നത്. അതിന്റെ അവസാനത്തിൽ 'റവന്യൂ വകുപ്പ് ജനത്തിനുമേൽ മേയുകയാണ്. ഫയലുകൾ തീർപ്പാക്കാൻ പ്രത്യേക ഉദ്യോഗസ്ഥ സംഘത്തെ നിയോഗിച്ച് തീവ്രയത്നം നടത്തുന്നത് ഉൾപ്പെടെയുള്ള കുരുക്കുകളഴിക്കാൻ സമഗ്ര

നടപടികളുണ്ടാവണം'. ആ മുഖപ്രസംഗം മുഴുവൻ എന്റെ ചോദ്യത്തിന്റെ ഭാഗമായി കണക്കാക്കണമെന്ന് ഞാൻ ആദ്യമായി പറയാം. അതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. വീടുവയ്ക്കാനായി 5 സെന്റ് സ്ഥലം നികത്താനുള്ള അപേക്ഷകൾ, ജന്മിപട്ടയം, തീരദേശത്തുള്ള പട്ടയം, പട്ടയത്തിനുവേണ്ടി കാത്തിരിക്കുന്ന സാധാരണക്കാരുടെ പ്രശ്നങ്ങൾ, ലാന്റ് ബോർഡിൽ കെട്ടിക്കിടക്കുന്ന കേസുകൾ, ഇപ്പോഴും തീർപ്പാക്കാത്ത പ്രശ്നങ്ങൾ, ഇതുപോലെ മലയാള മനോരമ പറഞ്ഞിട്ടുള്ള വിഷയങ്ങളും ഞാൻ പറയുന്ന വിഷയങ്ങളുമുൾപ്പെടെ നോക്കിയാൽ റവന്യൂ വകുപ്പ് ഇപ്പോഴും വെള്ളാന സ്വഭാവം പൂർണ്ണമായി കൈവിട്ടുവെന്ന് പറയാനാവില്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ഈ ഗവൺമെന്റും വളരെ നല്ല മാറ്റങ്ങൾ റവന്യൂ വകുപ്പിൽ വരുത്തിയിട്ടുണ്ട്. അദാലത്ത് വളരെയധികം സ്വീകാര്യവും സ്വാഗതാർഹവുമായിട്ടുള്ളതാണ്, അത് വിജയകരമായിരുന്നു. രണ്ട് മാസത്തിലൊരിക്കലെങ്കിലും അദാലത്തുകൾ പ്രാദേശികമായി സംഘടിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, അദാലത്തുകൾ സംഘടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പൊതുജനങ്ങളുടെ നിരവധി പരാതികൾക്ക് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചോദിച്ചിരിക്കുന്നത് രണ്ടു മാസത്തിലൊരിക്കൽ അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കുമോ എന്നാണ്. നിലവിലുള്ള പരാതികൾ പരിഹരിച്ചതിനു ശേഷം ബാക്കിയുള്ള പരാതികൾക്കുവേണ്ടി ഒരു മോണിറ്ററിംഗ് സംവിധാനം ഒരുക്കുവാൻ റവന്യൂ വകുപ്പ് ആലോചിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. തീർച്ചയായും പരാതികൾക്ക് പരിഹാരം കാണുന്നതിനും അത് മോണിറ്റർ ചെയ്യുന്നതിനുമുള്ള സംവിധാനമൊരുക്കുമ്പോൾ ജനങ്ങൾക്ക് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കാൻ സാധിക്കുമെന്നാണ് ഞങ്ങൾ കണ്ടെത്തിയിട്ടുള്ളത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : സർ, നമ്മുടെ സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർക്ക് വീഴ്ച പറ്റിയാലും ഇല്ലെങ്കിലും പൊതുജനങ്ങൾ പോലീസിന് എന്ത് സംഭവിച്ചുവെന്ന് അറിയാൻ ആഗ്രഹിക്കാറുണ്ട്. എന്നാൽ റവന്യൂ വകുപ്പ് അടക്കമുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചാലോ കാലവിളംബമുണ്ടായാലോ ജനങ്ങൾ ഒരിക്കലും പ്രതികരിക്കുകയില്ലായെന്ന നിർഭാഗ്യകരമായ

രീതി നിലവിലുണ്ട്. ഞാൻ ഇത് പറയാനുള്ള കാരണം, ചില ജില്ലാ കളക്ടറേറ്റുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. നല്ല ഉദ്യോഗസ്ഥന്മാർ റവന്യൂ വകുപ്പിലുമുണ്ട്. അതൊന്നും ഞാൻ വിസ്മരിക്കുന്നില്ല. ജില്ലാ കളക്ടറേറ്റുകളിൽ നൽകുന്ന ഹർജികൾ, നിവേദനങ്ങൾ, അപേക്ഷകൾ ഇതിനൊന്നും മറുപടി എഴുതി തയ്യാറാക്കി നൽകുന്ന പതിവില്ല. മാത്രമല്ല ജില്ലാ ആസ്ഥാനങ്ങളിലും കളക്ടറേറ്റുകളിലും റവന്യൂ ഓഫീസുകളിലും എട്ടുംപത്തും വർഷമായി ഓരോ പ്രത്യേക സീറ്റുകളിൽ സ്ഥിരമായി കുറെ ഉദ്യോഗസ്ഥർ ഇരിക്കുകയാണ്. സെക്രട്ടേറിയറ്റിൽ ഉണ്ടോ ഇല്ലയോ എന്ന് എനിക്ക് അറിഞ്ഞുകൂടാ, ചിലപ്പോൾ ഉണ്ടായിരിക്കാം. എല്ലാപേരും അങ്ങനെയല്ല, എന്തുകൊണ്ടാണെന്ന് അറിഞ്ഞുകൂടാ, അവർക്ക് ഒരു ഇളക്കം സംഭവിക്കാറില്ല. ഏത് കളക്ടർ വന്നാലും ആ കളക്ടർ എത്ര നല്ല ചെറുപ്പക്കാരനായിരുന്നാലും രാജ്യം നന്നാകണമെന്ന് ആഗ്രഹമുള്ള ആളായിരുന്നാലും കളക്ടറേറ്റുകൾ ഭരിക്കുന്നത് വർഷങ്ങളായി ചില സീറ്റുകളിൽ കഴിഞ്ഞുകൂടുന്ന ആളുകളാണ്. അവർ ഏതെല്ലാം ഫയലുകൾ എടുത്തുവച്ചിട്ടുണ്ട്, എന്നൊന്നും മനസ്സിലാക്കാൻ ഒരു പുതിയ കളക്ടർക്ക് സാധിക്കുകയില്ല. കളക്ടർ ഒരു ഗസ്റ്റ് ആർട്ടിസ്റ്റ് ആണ്. പുതിയ കളക്ടർ വരുന്നു, മറ്റെ കളക്ടർ പോകുന്നു, പക്ഷെ ഇതങ്ങനെ man may come and man may go but I go on forever എന്ന് പറഞ്ഞതുപോലെ, കളക്ടർമാർ വരുംപോകും പക്ഷെ ഞാൻ ഇങ്ങനെ ഇരിക്കും എന്നൊരു മനോഭാവമുണ്ട്. അതുകൊണ്ട് സംഘടനകളോട് ആലോചിച്ചതിനു ശേഷം ഒരു ജനറൽ ട്രാൻസ്ഫർ സമ്പ്രദായം റവന്യൂ വകുപ്പിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, റവന്യൂ വകുപ്പിൽ ഇപ്പോൾ പൊതു സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ആ മാനദണ്ഡങ്ങളുടെ അതിന്റെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റം നൽകാറുമുണ്ട്. വർഷങ്ങളായി ഒരേ സീറ്റിൽ ഇരിക്കുന്ന ആളുകളെ അവിടെനിന്നും മാറ്റുക എന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പ്രധാനപ്പെട്ട വിഷയം. അത്യാവശ്യം വന്നാൽ ലാന്റ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ അക്കാര്യങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. ജില്ലാ കളക്ടറേറ്റുകളിൽ പരാതികൾ കൊടുത്താൽ ആ പരാതികൾക്ക് ഒരു റെസീപ്റ്റ് കൊടുക്കുന്ന സംവിധാനം ഇപ്പോൾ ഇല്ലായെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അങ്ങയുടെ മലപ്പുറം ജില്ലയിൽത്തന്നെ അങ്ങനെയൊരു സംവിധാനത്തിന്

വഴിയൊരുക്കിയിട്ടുണ്ട്. ഞാൻ വന്നാണ് അതിന്റെ ഉദ്ഘാടനം നടത്തിയത്. അവിടെനിന്നും പരാതികൾ സ്വീകരിക്കുകയും റെസീപ്റ്റുകൾ കൊടുക്കുകയും ഓൺലൈനിലൂടെ തന്നെ പരാതികൾ എങ്ങനെ പരിഹരിച്ചു എന്ന് അറിയുന്നതിനുവേണ്ട സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ല ഒരു മാതൃകയായി കണ്ടുകൊണ്ട് ബാക്കിയുള്ള 13 ജില്ലകളിലേക്കും ഇത് നടപ്പാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ജില്ലാ റവന്യൂ അദാലത്തുകളിൽ പതിനായിരങ്ങൾ പങ്കെടുത്തു എന്നത് ശരിതന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രി ജനങ്ങളിലേയ്ക്ക് ഇറങ്ങി അവരുടെ പ്രശ്നങ്ങളോട് താദാത്മ്യം പ്രാപിക്കാൻ കാണിക്കുന്ന താൽപ്പര്യത്തെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷെ ഈ അദാലത്തുകളിൽ നമുക്ക് ഉണ്ടായ അനുഭവം എന്താണ്; ഇത് നൽകുന്ന പാഠം എന്താണ് എന്ന് പരിശോധിച്ചിട്ടുണ്ടോ; നമ്മുടെ ചില ഉദ്യോഗസ്ഥരുടെ അലസമായ സമീപനമാണ് റവന്യൂ വകുപ്പിലെ കുത്തഴിയലിന് കാരണമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; സർക്കാർ എത്ര ആത്മാർത്ഥത കാണിച്ചാലും മന്ത്രി എത്രതന്നെ ആർജ്ജവം കാണിച്ചാലും ഒരു നിമിഷം കൊണ്ട് ചെയ്തു തീർക്കാവുന്ന കാര്യം ഇങ്ങനെ നീട്ടിനീട്ടിക്കൊണ്ടുപോയി പാവപ്പെട്ടവനെ ബുദ്ധിമുട്ടിച്ച് അതിൽ ആനന്ദം കൊള്ളുന്ന ഉദ്യോഗസ്ഥന്മാരുടെ സാഡിസം അവസാനിപ്പിക്കുവാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. അടൂർ പ്രകാശ് : സർ, പതിനാല് ജില്ലകളിലും റവന്യൂ സർവ്വേ അദാലത്ത് നടത്തുന്ന അവസരത്തിൽ പതിനായിരക്കണക്കിന് ആളുകളാണ് അവിടെ എത്തിയത്. സാധാരണക്കാരായ ആളുകളാണ് അവിടെ വന്നിട്ടുള്ളത്. അവരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് അവർ കൊണ്ടുവന്ന പരാതികളെല്ലാം നേരിട്ട് കേൾക്കുവാനിടയായി. അത്തരം പരാതികൾ എന്തുകൊണ്ട് പരിഹരിക്കാൻ കഴിഞ്ഞില്ല എന്നതിനെക്കുറിച്ച് ഒരു പരിശോധന നടത്തുകയുണ്ടായി. താഴെതട്ടിലുള്ള ഉദ്യോഗസ്ഥർ, വില്ലേജ് ആഫീസർ, തഹസീൽദാർ, ഡെപ്യൂട്ടി കളക്ടർമാർ, കളക്ടർമാർ എന്നിവർ ഉൾപ്പെടെയുള്ളവരുടെ സാന്നിധ്യത്തിൽ വച്ച് ഇക്കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. ഇന്ന് നിലനിൽക്കുന്ന ചില ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്ക് ചില കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കാൻ കഴിയാതെ പോയിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ് എന്നാണ്

അതിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. നമ്മൾ എല്ലാ യാഥാർത്ഥ്യങ്ങളെയും ഉൾക്കൊണ്ടുവേണം ഇക്കാര്യങ്ങളെ കാണാൻ. മനഃപൂർവ്വമായി വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥരുണ്ടാകാം. പക്ഷെ അവരുടേതല്ലാത്ത കാരണങ്ങൾ കൊണ്ട് കാലതാമസം ഉണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർത്ത് അതിന് ആവശ്യമായ നടപടികൾ, അതായത് ചട്ടങ്ങളിൽ ചില ഭേദഗതികൾ ഉണ്ടാക്കേണ്ടതാണെങ്കിൽ അങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് ഞങ്ങൾ ആലോചിക്കുകയാണ്. തീർച്ചയായും റവന്യൂ വകുപ്പിൽ നിന്നും നല്ല സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുക എന്നുള്ളതാണ് ഇതുകൊണ്ട് ഞങ്ങൾ ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. എം. ഉമ്മർ : സർ, റവന്യൂ അദാലത്തിലൂടെ പതിനായിരങ്ങളുടെ പരാതി കേൾക്കാനും അതിന് പരിഹാരം ഉണ്ടാക്കുന്നതിനും വേണ്ടി അങ്ങ് നടത്തിയിട്ടുള്ള ശ്രമങ്ങൾ വളരെ ശ്ലാഘനീയമാണ്. മലപ്പുറം ജില്ലയിലെ കേരളാ എസ്റ്റേറ്റ് വില്ലേജിൽ 155, 156, 157 എന്നീ ബ്ലോക്കുകളിലെ ആളുകൾക്ക് നൂറ്റാണ്ടുകളായി കൈവശം വച്ചുവരുന്ന ഭൂമി ഇപ്പോൾ മറിച്ചുവിൽക്കാൻ കഴിയുന്നില്ല. കാരണം അതിൽ കുറെ ഭൂമി പാട്ടഭൂമിയാണ്, അത് എത്രയാണെന്നുള്ളത് കഴിച്ച് നൂറ്റാണ്ടുകൾ പഴക്കമുള്ള പത്ത് സെന്റ്, അഞ്ച് സെന്റ് ഭൂമി കൈവശം വച്ചിരുന്ന അവിടത്തെ ആളുകൾക്ക് അവരുടെ ഭൂമി വിൽക്കാനുള്ള അവകാശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ? ആ കാര്യം അങ്ങയുടെ മുൻപിൽ അവിടെ അദാലത്തിനുവന്ന ആളുകൾ ഉന്നയിച്ചിട്ടുമുണ്ട്.

ശ്രീ. അടൂർ പ്രകാശ്: സർ, മലപ്പുറം ജില്ലയിൽ എത്തിച്ചേർന്നപ്പോൾ കേരള എസ്റ്റേറ്റുമായി ബന്ധപ്പെട്ടുള്ള പരാതികളുമായി ജനങ്ങൾ എന്റെ മുൻപിൽ എത്തിയിരുന്നു. അവരുടെ പരാതികൾക്ക് അവിടെ വച്ച് ഒരു തീരുമാനം കൈക്കൊള്ളാൻ കഴിയുന്നതായിരുന്നില്ലെന്നുള്ളതുകൊണ്ട് നിയമാനുസൃതം എന്ത് ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ നിയമാനുസൃതം ചെയ്യാൻ കഴിയുന്ന സഹായങ്ങൾ നിശ്ചയമായും ചെയ്യുന്നതായിരിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുകയാണ്.

<u>ശ്രീ. സി. മമ്മൂട്ടി</u> : സർ, അങ്ങ് നടത്തിയ അദാലത്ത് വളരെ ശ്ലാഘനീയമായ ഒരു നടപടിയാണ്. ജനങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ട വകുപ്പ് എന്ന നിലയ്ക്ക് അദാലത്തുകൾ നടത്തിയപ്പോൾ പട്ടയത്തിന്റെ പ്രശ്നങ്ങളും വീട് വയ്ക്കാൻ സ്ഥലമില്ലാത്തതിന്റെ പേരിൽ വയൽ നികത്തലുമായി ബന്ധപ്പെട്ട വിഷയങ്ങളിലുമാണ് ഏറ്റവും കൂടുതൽ പരാതി ലഭിച്ചിരിക്കുന്നത്. ഈ രണ്ട് വിഷയങ്ങളിലും സംസ്ഥാനതലത്തിൽ നിയമനിർമ്മാണങ്ങൾ നടത്തി തീരുമാനമെടുക്കേണ്ടതാണ്. ഇതിനായി പ്രത്യേക ഒരു ഫാസ്റ്റ് ട്രാക്ക് സംവിധാനം ഉണ്ടാക്കിക്കൊണ്ട് പട്ടയ വിഷയങ്ങൾ തീർക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇത് സംബന്ധിച്ച് മൂന്ന് നിയമങ്ങളാണ് നിലവിലുള്ളത്. ഭൂമിയുമില്ലാത്ത പാവപ്പെട്ടവർ വീടുവയ്ക്കാൻ വളരെ പ്രയാസപ്പെടുകയാണ്. അതേ സമയം വൻകിടക്കാർക്ക് ഇത് കിട്ടുന്നുമുണ്ട്. അഞ്ചു സെന്റ് ഭൂമി മാത്രം ഉള്ളവർ വീടു വയ്ക്കണമെന്നുള്ള ആവശ്യവുമായി ഒരു പരാതിയോ അപേക്ഷയോ സമർപ്പിച്ചാൽ വളരെ പെട്ടെന്ന് നടപടി എടുക്കാനുള്ള ശ്രമം അങ്ങ് നടത്തണം. കാരണം മൂന്ന് നിയമങ്ങളും വ്യത്യസ്തമാണ്. ഇരുപത് വർഷം മുൻപ് നികത്തിയ സ്ഥലങ്ങളിൽ തെങ്ങോ കവുങ്ങോ ഉണ്ടോയെന്ന് തെളിയിക്കണം. എങ്ങനെയാണ് തെളിയിക്കുന്നത് ? കഴിയുകയില്ല. സ്വാഭാവികമായും അവർക്ക് അനുമതി കിട്ടുകയുമില്ല. അങ്ങനെ നികത്തി വലിയ വലിയ ഫ്ളാറ്റുകൾ കെട്ടിയവർക്ക് അനുമതി കിട്ടുന്നുമുണ്ട്. സാധാരണക്കാരന് അതുപോലെ അപ്രോച്ച് ചെയ്യാൻ സാധിക്കുകയില്ല. ഈ വിഷമം മനസ്സിലാക്കിക്കൊണ്ട് അഞ്ച് സെന്റ് ഭൂമിക്കാർക്ക് തടസ്സങ്ങൾ ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള ഒരു നിയമം കൊണ്ടു വരാനും ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാനും നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, 2008-ലെ നെൽവയൽ തണ്ണീർതട നിയമത്തിന്റെ അടിസ്ഥാനത്തിൽ, മറ്റ് ഭൂമി അധീനതയിലില്ലാത്ത സാധാരണ ജനങ്ങൾക്ക് അവരുടെ പഞ്ചായത്ത് ഏരിയയിൽ 10 സെന്റും മുനിസിപ്പൽ/ കോർപ്പറേഷൻ ഏരിയയിൽ 5 സെന്റും നികത്തുന്നതിന് നിയമത്തിൽ ഒരു വ്യവസ്ഥ കൊണ്ടുവന്നെങ്കിലും ഇന്ന് പലയിടങ്ങളിലും അത് നടപ്പിലാക്കാൻ കഴിയാതെ വരികയാണ്. നിയമത്തിൽ ഈ വ്യവസ്ഥ കൊണ്ടുവന്നപ്പോൾ കൃഷി വകുപ്പിന്റെ കൃഷി ഓഫീസർമാർ കൺവീനറായിട്ടുള്ള ഒരു പ്രാദേശികതല സമിതിയെയാണ് നമ്മൾ അതിനായി നിശ്ചയിച്ചത്. പക്ഷേ പല കാരണങ്ങൾ

പറഞ്ഞ് തീരുമാനങ്ങൾ പലപ്പോഴും സമയബന്ധിതമായി എടുക്കുന്നില്ലായെന്ന് അദാലത്തുകളിൽ നിരവധി ആളുകൾ പരാതി പറഞ്ഞത് എന്റെ മനസ്സിലുണ്ട്. ഈ നിയമത്തിൽ ചില ഭേദഗതികൾ വളരെ അടിയന്തരമായി കൊണ്ടുവരേണ്ടതുണ്ട്. അങ്ങനെ നിയമഭേദഗതികൾ കൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിൽ നമുക്ക് പല കാരണങ്ങൾകൊണ്ടും പല ബുദ്ധിമുട്ടുകളുമുണ്ടാകും. ഇന്നലെ മാധ്യമങ്ങളിൽ വന്ന ഒരു വാർത്തയുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പുതിയതായി വന്ന ഒരു വിധിയനുസരിച്ചാണെങ്കിൽപ്പോലും ഇത്തരം കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിന് സാങ്കേതികമായ പല ബുദ്ധിമുട്ടുകളും വരാൻപോകുകയാണ്. അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഭരണ-പ്രതിപക്ഷ അംഗങ്ങൾ കൂട്ടായി ചിന്തിക്കേണ്ടതായിട്ടുണ്ട്. തീർച്ചയായും ഇക്കാര്യങ്ങൾ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി എടുത്തുകൊണ്ട് നിയമഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, അദാലത്തുകൾ നല്ലതുതന്നെയാണ്. അദാലത്തുകളിൽ എടുക്കുന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്തപ്പോഴാണ് പ്രശ്നങ്ങളുണ്ടാകുന്നത്. അതിന് പരിഹാരമെന്ന നിലയിൽ റവന്യൂ ഡിപ്പാർട്ട്മെന്റ് റവന്യൂ-സർവ്വേ-രജിസ്ട്രേഷൻ വകുപ്പുകളിലെ സേവനങ്ങൾ സംയോജിപ്പിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. റവന്യൂ-സർവ്വേ-രജിസ്ട്രേഷൻ വകുപ്പുകൾ മാത്രം പോര വനം, കൃഷി വകുപ്പുകളുടെ സേവനങ്ങൾ കൂടി സംയോജിപ്പിച്ചാൽ മാത്രമേ അദാലത്തുകളിലെടുക്കുന്ന തീരുമാനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. എന്നാൽ മാത്രമേ ജനങ്ങൾക്ക് അതിന്റെ ഗുണം കിട്ടുകയുള്ളൂ. അദാലത്തുകളിൽ തീരുമാനമെടുത്തതുകൊണ്ടായില്ല, റവന്യൂ-സർവ്വേ-രജിസ്ട്രേഷൻ-ഫോറസ്റ്റ്-കൃഷി വകുപ്പുകൾ തമ്മിൽ യോജിപ്പിച്ചുകൊണ്ട് ജനങ്ങൾക്ക് അതിന്റെ സേവനം സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാന്യനായ മുൻസ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണൻ വളരെ പ്രസക്തമായ ചോദ്യമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. നമ്മുടെ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് ഇല്ലെങ്കിൽ അതുമായി കൂട്ടിയോജിപ്പിച്ചു കൊണ്ട് ചില തീരുമാനങ്ങൾ കൈക്കൊള്ളുവാൻ കഴിഞ്ഞാൽ പല പ്രശ്നങ്ങൾക്കും

പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിയുന്നതാണ്. വില്ലേജ് ഓഫീസുകളും രജിസ്ട്രേഷൻ വകുപ്പുമായി ബന്ധിപ്പിച്ച് ചില നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 17 വില്ലേജാഫീസുകൾ കേന്ദ്രീകരിച്ചുകൊണ്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളിലൂടെ രജിസ്ട്രേഷനും മറ്റും വേഗത്തിൽ നടക്കുന്ന അവസരത്തിൽ, പോക്കുവരവുൾപ്പെടെയുള്ള നടപടികൾ വേഗത്തിലാക്കുന്നതിനുള്ള ഒരു സംവിധാനം പാലക്കാട് ജില്ലയിൽ ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. ആ സംവിധാനങ്ങൾ തീർച്ചയായും കേരളത്തിൽ കൊണ്ടുവന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ഇതിനോടകം ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബും ഞാനും മറ്റ് ഉദ്യോഗസ്ഥരുമായി ചേർന്ന് ചില ചർച്ചകൾ നടത്തിയിരുന്നു. കൃഷി വകുപ്പ്, വനം വകുപ്പ് തുടങ്ങിയ എല്ലാ വകുപ്പുകളുമായി കൂടിയാലോചിച്ച് ഒരു തീരുമാനം കൈക്കൊണ്ടാൽ വേഗത്തിൽ കാര്യങ്ങൾ പരിഹരിക്കാൻ കഴിയുമെന്നുള്ളത് നല്ലൊരു നിർദ്ദേശം തന്നെയാണ്. തീർച്ചയായും അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, റവന്യൂ അദാലത്ത് നല്ലൊരു കാര്യംതന്നെയാണ്. വയനാട് ജില്ലയിൽ പരിഹരിക്കാത്ത പ്രശ്നങ്ങളാണ് കൂടുതലായിട്ടുള്ളത്. ഈ വിഷയം ഈ സഭയിൽ പലതവണ അവതരിപ്പിച്ചതാണ്. ഹാരിസൺ മലയാളം പ്ലാന്റേഷനിൽ നിന്നും നാൽപ്പതും അൻപതും വർഷങ്ങൾക്കു മുമ്പ് പത്തും പതിനഞ്ചും സെന്റ് ഭൂമി വാങ്ങിയെന്നതിന്റെ പേരിലും റീസർവ്വേയിൽ തെറ്റായി രേഖപ്പെടുത്തിയ വനപ്രദേശങ്ങളാണെന്നതിന്റെ പേരിലും നികുതിയെടുക്കാതെ ആയിരക്കണക്കിന് കുടുംബങ്ങളാണ് ഇന്ന് വയനാട്ടിൽ കഷ്ടപ്പെടുന്നത്. ഇക്കാര്യം പരിഹരിക്കാൻ പലതവണ ഇവിടെ ഉന്നയിച്ചുവെങ്കിലും, അങ്ങ് അതിനുവേണ്ടി കുറേശ്രമിച്ചുവെങ്കിലും ഇന്നും പരിഹരിക്കാൻ സാധിച്ചിട്ടില്ല. ഈ പാവപ്പെട്ടവർ എന്താണ് ചെയ്യേണ്ടത്, എന്തിന്റെ പേരിലാണ് അവരുടെ നികുതി നിഷേധിക്കുന്നത്? അവർക്ക് കുട്ടികളെ കല്യാണം കഴിപ്പിക്കാനോ, കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനോ ഭൂമി ക്രയവിക്രയം ചെയ്യാൻ സാധിക്കുന്നില്ല. ഓരോ ദിവസവും നികുതിയെടുക്കാതെ ആയിരക്കണക്കിന് കുടുംബങ്ങളെ ദുരിതത്തിലാക്കുന്ന നടപടിയാണ് വയനാട് ജില്ലയിൽ റവന്യൂ ഡിപ്പാർട്ട്മെന്റ് സ്വീകരിക്കുന്നത്. അതിനെതിരെ പ്രതികരിച്ചാൽ വ്യക്തിപരമായി പകപോക്കുന്ന നിലപാടാണ് പല ഉദ്യോഗസ്ഥരുമെടുക്കുന്നത്. ഇത് ശരിയാണോ; പാവപ്പെട്ടവരുടെ പ്രശ്നം പരിഹരിക്കാൻ

ഗവൺമെന്റ് പ്രതിജ്ഞാബദ്ധമല്ലേ; അത് സമയബന്ധിതമായി പരിഹരിക്കണ്ടേ ? കഴിഞ്ഞ 9 വർഷമായി ഈ സഭയിൽ പല പ്രാവശ്യം ഇക്കാര്യം ഉന്നയിച്ചു, ഇന്നും പരിഹരിക്കപ്പെട്ടിട്ടില്ല. പാവപ്പെട്ടവരുടെ ഈ പ്രശ്നം പരിഹരിക്കാൻ എത്രകാലം വേണം ?

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. പ്രത്യേകിച്ച് വയനാട് ജില്ലയിലുണ്ടായിട്ടുള്ള ചില പ്രശ്നങ്ങൾ അദ്ദേഹം പലവട്ടം എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഹാരിസൺ മലയാളം പ്ലാന്റേഷൻലിമിറ്റഡുമായി ബന്ധപ്പെട്ട് ചില കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്നതുകൊണ്ട് നിയമപരമായ സാങ്കേതിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുവെന്ന് അങ്ങേക്കുമറിയാം. പക്ഷേ ചെറിയ ഇടങ്ങൾ വാങ്ങി വർഷങ്ങളായി അവിടെ താമസിക്കുന്ന ആളുകളുണ്ട്. അവരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാകണം. അവരുടെ ഭൂമിയുടെ കരം അടയ്ക്കണ മെന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ മനസ്സിലുള്ള ആഗ്രഹം. അങ്ങയുടെ കൂടെ നിർദ്ദേശാനുസരണം യോഗങ്ങൾ വിളിച്ചുചേർക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചില നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. നേരത്തേയുണ്ടായിരുന്ന പല ആളുകളും കരമെടുക്കണ്ട എന്ന് നിർദ്ദേശം കൊടുത്തതനുസരിച്ച് കരമെടുക്കാതിരുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇനിയും അത്തരമൊരു നടപടി റവന്യൂവകുപ്പിൽ നിന്നുണ്ടാകാൻ പാടില്ലെന്ന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. തീർച്ചയായും അങ്ങ് പറഞ്ഞ കാര്യം വളരെ ഗൗരവത്തോടുകൂടി എടുത്ത് അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. രാജു</u> : സർ, അദാലത്തിന്റെ പേര് പറഞ്ഞ് താലൂക്കാഫീസുകളിലും വില്ലേജാഫീസുകളിലുമെല്ലാം സാധാരണ ചെയ്യുന്ന ജോലികൾ മാറ്റിവയ്ക്കുന്ന സ്ഥിതിവിശേഷമുണ്ട്. ഇക്കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടു വരികയാണ്. റവന്യൂ അദാലത്ത് വരുന്നു, റവന്യൂ മന്ത്രി അദാലത്തിൽ വരുന്നു. അതുകൊണ്ട് ഇനി അതുകഴിഞ്ഞാകട്ടെ കാര്യങ്ങൾ എന്ന മട്ടാണ്. നിസാരമായ കാര്യത്തിന് അപേക്ഷയുമായി റവന്യൂ ഓഫീസിൽ ചെന്നാൽ ഇപ്പോൾ പറയുന്നത് അദാലത്ത് കഴിയട്ടെയെന്നാണ്. റവന്യൂ വകുപ്പിലെ മുഴുവൻ ആളുകളും അദാലത്തിനുവേണ്ടി ഒരുങ്ങുകയാണ്. മുഖ്യമന്ത്രി പൊതുജനസമ്പർക്ക പരിപാടി

നടത്താൻ പോകുകയാണ്. സർക്കാരാഫീസുകളിലൊന്നും ഇനി ഒന്നും നടക്കാത്ത സ്ഥിതി വരുകയാണ്. സാധാരണ ദിവസങ്ങളിൽ നടക്കുന്ന ജോലികൾപോലും നടക്കാത്ത സ്ഥിതിയാണ്. ഓഫീസുകളിൽ ചെല്ലുമ്പോൾ പറയുന്നത് പൊതുജന സമ്പർക്കപരിപാടി വരുന്നു, ഞങ്ങൾ അതിന്റെ ഒരുക്കത്തിലാണ് എന്നാണ്. അതുമൂലമുള്ള വീഴ്ചയ്ക്ക് പരിഹാരം കാണാൻ ശ്രമിക്കണം. ഗവൺമെന്റ് സീറോ ലാൻഡ്ലെസ്സ് പദ്ധതി പ്രഖ്യാപിച്ചു. പക്ഷേ എന്റെ മണ്ഡലത്തിലെ അരിപ്പയിൽ കഴിഞ്ഞ രണ്ട് വർഷമായി ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾ ഭൂമിക്കു വേണ്ടിയുള്ള സമരത്തിലാണ്. ഗവൺമെന്റിന്റെ മുമ്പിൽ ലൈവായി നിൽക്കുന്ന ഈ വിഷയം പരിഹരിക്കാൻ എന്തെങ്കിലും നടപടിയെടുക്കുമോ; അങ്ങ് അതിന് പരിശ്രമിക്കുമോ; അരിപ്പ സന്ദർശിക്കാൻ അങ്ങ് തയ്യാറാകുമോ ?

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, ബഹുമാനപ്പെട്ട അംഗം ഒന്നുരണ്ട് ചോദ്യങ്ങൾ ഒരുമിച്ചാണ് ചോദിച്ചത്. അദാലത്ത് നടത്തിയതുമായി ബന്ധപ്പെട്ട് എന്തോ വിഷമം അങ്ങയുടെ മനസ്സിൽ ഉണ്ടെന്ന് എനിക്ക് തോന്നുന്നു. അങ്ങ് ഉദ്ദേശിക്കുന്ന തരത്തിൽ അദാലത്തുമായി ബന്ധപ്പെട്ട് കേരളത്തിൽ ഒരാളിനെപ്പോലും ബുദ്ധിമുട്ടുണ്ടാക്കുന്നതിനുവേണ്ടി തീരുമാനിച്ചിരുന്നില്ല. അങ്ങനെ ഒരു കാര്യവും നടന്നിട്ടുമില്ല. ആരും ഒരു പരാതിയുമായി എന്റെ മുന്നിൽ വന്നിട്ടുമില്ല. ബഹുമാനപ്പെട്ട അംഗം പറയുന്നതനുസരിച്ചാണെങ്കിൽ അദാലത്തിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ കുറേ നാളുകൾകൊണ്ട് നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ അദാലത്ത് നടന്നതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ഒരുപാട് പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിഞ്ഞു. കേരളത്തിൽ റവന്യൂ വകുപ്പിന്റെ ചരിത്രത്തിലാദ്യമായാണ് ഇത്തരത്തിലൊരു അദാലത്ത് സംഘടിപ്പിച്ചുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത് എന്ന് ഈയവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വന്നിട്ടുള്ള പല പരാതികളും ഞാൻ പരിശോധിച്ചു. മൂന്നുനാല് വർഷം കൊണ്ടുണ്ടായ പരാതികൾ മാത്രമല്ല വർഷങ്ങൾ കൊണ്ടുള്ള പരാതികളുണ്ടായിരുന്നു. ഇവിടെ ആളുകൾ മാറിമാറി ഭരണം നടത്തിയിട്ടുണ്ട്. എന്നിട്ടും നമുക്ക് പരിഹരിക്കാൻ സാധിക്കാത്ത കാര്യങ്ങൾ ഓരോന്നും പരിഹരിക്കാൻവേണ്ടിയുള്ള നടപടികളാണ് ഈ അദാലത്തിലൂടെ സ്വീകരിച്ചിട്ടുള്ളത്. അത്തരത്തിൽ കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നത്

ബഹുമാന്യനായ അംഗം ഉൾക്കൊള്ളണം എന്നുകൂടി ഞാൻ ഈയവസരത്തിൽ പ്രത്യേകം പറയുകയാണ്. അങ്ങ് അരിപ്പയുടെ കാര്യം സൂചിപ്പിച്ചു. അരിപ്പ പ്രദേശത്ത് കുറേ ഭൂമി ആളുകൾ കയ്യേറ്റം നടത്തി കൈവശം വച്ചുരിക്കുന്ന കാര്യമാണ് പറഞ്ഞത് എന്നുതോന്നുന്നു. അങ്ങ് പറഞ്ഞ കാര്യങ്ങളിന്മേൽ എന്താണ് ചെയ്യാൻ കഴിയുന്നത് എന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ജില്ലാതലത്തിൽ നടത്തിയ റവന്യൂ അദാലത്തുകൾ വിജയകരമായിരുന്നു. അവിടെ അഭൂതപൂർവ്വമായ ജനക്കൂട്ടമാണ് വന്നിട്ടുള്ളത്. കാര്യങ്ങൾ നടക്കാത്തതിന്റെ പേരിൽ കുറേയാളുകൾ വരാം. പക്ഷേ വളരെ പ്രതീക്ഷയോടുകൂടിത്തന്നെയാണ് റവന്യൂ അദാലത്തുകളെ ആളുകൾ സമീപിച്ചിട്ടുള്ളത്. ഭംഗിയായി റവന്യൂ അദാലത്ത് നടത്തിയ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം, പട്ടയസംബന്ധമായതാണ്. ഒരു തുണ്ടുഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി നിരവധിയാളുകൾ കയറിയിറങ്ങുന്ന സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഞാൻ നിയമസഭയുടെ പെറ്റീഷൻസ് കമ്മിറ്റിയുടെ ചെയർമാനാണ്. നൂറുകണക്കിന് പരാതികൾ നമ്മുടെ സമിതിയിൽ വരാറുണ്ട്. അതിൽ നിസ്സാരമായി പരിഹരിക്കപ്പെടാവുന്ന ചില കാര്യങ്ങളുണ്ട്. കന്നുകാലി മേച്ചിൽ സ്ഥലം പഞ്ചായത്തിൽ വെസ്റ്റ് ചെയ്തിരിക്കുന്നു. അത് കൊടുക്കാൻ കഴിയുന്നില്ല. പക്ഷേ പഞ്ചായത്തിന്റെ കൈവശമല്ല ഭൂമിയിപ്പോൾ ഉള്ളത്. താമസിക്കുന്ന ആളിന്റെ കൈവശമാണുള്ളത്. രേഖയിൽ അങ്ങനെ ആയിപ്പോയി എന്നുള്ളതുകൊണ്ട് പട്ടയം കൊടുക്കാൻ കഴിയുന്നില്ല. അതുപോലെ പി.ഡബ്ല്യു.ഡി. റോഡ്, ഇറിഗേഷൻ എന്നിവ സംബന്ധിച്ചും നിസ്സാരമായി പരിഹരിക്കാൻ കഴിയുന്ന കാര്യങ്ങൾ ഉദ്യോഗസ്ഥതലത്തിലും വകുപ്പുതലത്തിലും ഒരു കോ-ഓർഡിനേഷൻ ഉണ്ടാകാത്തതിന്റെ പേരിൽ പരിഹരിക്കപ്പെടുന്നില്ല. ഇവ പരിഹരിക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകളുടെ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കി ഇക്കാര്യത്തിൽ അടിയന്തരമായ ഒരു നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. അടൂർ പ്രകാശ് : സർ, പട്ടയം കൊടുക്കുന്ന കാര്യത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം പ്രധാനമായും ചോദിച്ചത്. ....(ബഹളം)....

മി. പ്രോട്ടെം സ്പീക്കർ : ചോദ്യം ചോദിക്കാൻ എല്ലാവരും കൈ

ഉയർത്തിയവരാണ്. ചെയർ എന്താണ് ചെയ്യുക; ....(ബഹളം).... ഇന്നലെ ഇക്കാര്യം പറഞ്ഞില്ലല്ലോ ; ഇന്നലെ ഇക്കാര്യം ആരെങ്കിലും പറഞ്ഞോ ? അത് ശരിയല്ല. പ്ലീസ് ആൻസർ.

ശ്രീ. അടൂർ പ്രകാശ് : സർ, ഇവിടെ ഈ ഗവൺമെന്റിന്റെ മുഖ്യമായ ലക്ഷ്യമെന്ന് പറയുന്നത് കേരളത്തിലെ പാവപ്പെട്ട ആളുകളുടെ കൈവശമുള്ള ഭൂമിയുടെ അവകാശം അവർക്ക് കൊടുക്കുക എന്നുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 116259 പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അതിനുശേഷം അദാലത്ത് സംഘടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നിവരധി മേഖലകളിൽനിന്നും അങ്ങ് പറഞ്ഞ മേച്ചിൽപ്പുറം ഉൾപ്പെടെയുള്ള പ്രദേശങ്ങളുടെ അവകാശം വേണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി കർഷകരും പാവപ്പെട്ടവരുമായ ആളുകൾ എന്റെ മുമ്പിൽ വന്നിട്ടുണ്ട്. ആ കാര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി വലിയ കാലതാമസമില്ലാതെ തന്നെ നിയമസഭാ സമ്മേളനം കഴിഞ്ഞതിനുശേഷം നടപടിക്രമങ്ങൾ നടത്തിക്കൊണ്ട് പട്ടയവിതരണം കേരളത്തിൽ 14 ജില്ലകളിലും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആ നടപടികൾ സ്വീകരിക്കുന്നതിന് എന്റെ മുന്നിൽ വന്നിട്ടുള്ള അപേക്ഷകളൊക്കെ പരിശോധന നടത്തുവാനും പട്ടയനടപടികൾക്കുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഇതിനകംതന്നെ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ആ നിർദ്ദേശങ്ങൾക്കനുസരിച്ച് സമയബന്ധിതമായി പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൃത്യമായി നടന്നിരിക്കും എന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

മി. പ്രോട്ടെം സ്പീക്കർ : ചോദ്യം നമ്പർ *93

**സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം**

3 (*93) ശ്രീ. ആർ. രാജേഷ് :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. ജി. സുധാകരൻ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; മിക്ക സർവ്വകലാശാലകളുടെയും ജനാധിപത്യപരമായ പ്രവർത്തനം സുഗമമായി നടക്കുന്നുണ്ടോ ;

(ബി) സർക്കാരിന്റെയും സർവ്വകലാശാലാ അധികൃതരുടെയും നയവും നടപടികളും പ്രസ്തുത അവസ്ഥയ്ക്ക് കാരണമായിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലറുടെ നടപടികൾ സർവ്വകലാശാലയുടെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുന്നതിന് കാരണമായിട്ടുണ്ടോ ;

(ഡി) സർവ്വകലാശാലാ ഭൂമി പതിച്ച് നൽകിയതും ഫണ്ട് വിനിയോഗം ചെയ്യുന്നതും അക്കാദമിക രംഗത്തെ പ്രവർത്തനങ്ങളും സംബന്ധിച്ച് വൈസ് ചാൻസലർക്കെതിരെ നിരന്തരം ഉയർന്നുവരുന്ന പരാതികൾ സംബന്ധിച്ച് സമഗ്ര അന്വേഷണത്തിന് തയ്യാറാകുമോ ;

(ഇ) ബഹുമാനപ്പെട്ട ഗവർണ്ണറുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ; പ്രസ്തുത വൈസ് ചാൻസലറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ,

(എ) ഉണ്ട്.

(ബി) സർക്കാർ നടപടികൾ സർവ്വകലാശാലയിലെ പ്രശ്നങ്ങൾക്ക് കാരണമായിട്ടില്ല. സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരും സിൻഡിക്കേറ്റ് അംഗങ്ങളും തമ്മിൽ ചില അവസരങ്ങളിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. അവ ബന്ധപ്പെട്ട സമിതികളുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നുണ്ട്.

(സി) കോഴിക്കോട് സർവ്വകലാശാലയിൽ വൈസ് ചാൻസലറും സിൻഡിക്കേറ്റ് അംഗങ്ങളും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളും അതിനെത്തുടർന്നുള്ള വിദ്യാർത്ഥികളുടെയും അദ്ധ്യാപക-അനദ്ധ്യാപകരുടെയും അസംതൃപ്തിയും

സർവ്വകലാശാലയുടെ സുഗമമായ നടത്തിപ്പിന് ചില സാഹചര്യങ്ങളിൽ പ്രയാസങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം 28-10-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച് ചേർത്തു. ടി യോഗത്തിൽ വിദ്യാർത്ഥികൾക്കുള്ള ഫെലോഷിപ്പ്, അദ്ധ്യാപകർക്കുള്ള കുടിശ്ശിക, പ്രൊമോഷൻ എന്നിവ അടിയന്തരമായി നൽകാനും വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണം, കായിക വിദ്യാർത്ഥികളുടെ താമസം എന്നീ കാര്യങ്ങളിൽ നിർദ്ദേശം നൽകുകയുണ്ടായി. കാസ്‌ലാബ് (Central Academic Science Library and Administrative Block) സംബന്ധിച്ച നിർമ്മാണ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചതിനുശേഷം മാത്രം ആരംഭിച്ചാൽ മതിയെന്നും തീരുമാനിച്ചു. കൂടാതെ വൈസ് ചാൻസലറും സിൻഡിക്കേറ്റും പരസ്പര ബഹുമാനത്തോടും ജനാധിപത്യരീതിയിലും പ്രവർത്തിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) സർവ്വകലാശാല ഭൂമി ആർക്കും പതിച്ചുനൽകിയിട്ടില്ല. വൈസ് ചാൻസലർക്കെതിരെ അന്വേഷണനടപടികൾ സ്വീകരിക്കേണ്ടത് ബഹുമാനപ്പെട്ട ചാൻസലറാണ്.

(ഇ) കോഴിക്കോട് സർവ്വകലാശാല നിയമത്തിൽ ചാൻസലർ, വൈസ് ചാൻസലർ, സിൻഡിക്കേറ്റ് എന്നിവരുടെ അധികാരങ്ങളെയും ചുമതലകളെയും സംബന്ധിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് സർവ്വകലാശാലകളുടെ തലവൻ ചാൻസലറാണ്. വൈസ് ചാൻസലർ ഉൾപ്പെടെയുള്ള സർവ്വകലാശാലാ ഉദ്യോഗസ്ഥർക്കെതിരെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് ചാൻസലർക്ക് അധികാരമുണ്ട്.

ശ്രീ. ആർ. രാജേഷ് : സർ, നേരിട്ട് ചോദ്യത്തിലേയ്ക്ക് വരികയാണ്. കോഴിക്കോട് സർവ്വകലാശാലയിൽ 150 ദിവസമായി പി.ജി. റെഗുലർ വിദ്യാർത്ഥികൾ സമരത്തിലാണ്. അവിടെ റഗുലർ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലിൽ സ്വാശ്രയ വിദ്യാർത്ഥികളെ ചട്ടവിരുദ്ധമായി പ്രവേശിപ്പിച്ചതിന്റെ ഭാഗമായാണ് സമരം. 150 ദിവസമായി അവിടെ നടക്കുന്ന ഒരു സഹനസമരമാണ്. പെൺകുട്ടികളും പി.ജി. വിദ്യാർത്ഥികളുമടക്കം നടത്തുന്ന അനിശ്ചിതകാല നിരാഹാരസമരമാണ്. ആ നിരാഹാരസമരം 150 ദിവസം പൂർത്തിയായപ്പോൾ വി.സി. തന്നെ അംഗീകരിച്ചുകൊണ്ട് ആ സമരം ഒത്തുതീർക്കുന്നതിനുള്ള നടപടി

സ്വീകരിച്ചു. ആ സമരം ഒത്തുതീർപ്പാക്കുമെന്ന് മുഖ്യമന്ത്രി നിയമസഭയ്ക്കകത്ത് ഉറപ്പുനൽകിയതാണ്. അതിന്റെ ഭാഗമായി 150 ദിവസക്കാലത്തിനുശേഷം ആ സമരം ഒത്തുതീർക്കുന്ന നിലയിലേക്ക് വന്നിരിക്കുകയാണ്. എന്നാൽ ആ സമരം ഒത്തുതീർക്കുന്നതിനാവശ്യമായ ഒത്തുതീർപ്പുവ്യവസ്ഥ വി.സി. തന്നെ കാറ്റിൽപ്പറത്തുന്ന സമീപനമാണുള്ളത്. ആ സമരം അടിയന്തരമായി അവസാനിപ്പിക്കുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ; ഒത്തുതീർപ്പ് വ്യവസ്ഥ നടപ്പിലാക്കുന്നതിനായി അടിയന്തരമായി സർക്കാർ ഇടപെടുമോ ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : സർ, ഈ ചോദ്യം കഴിഞ്ഞ സഭയിലും വന്നതാണ്. ഞാൻ അന്ന് മറുപടിയും പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിലെ തീരുമാനത്തിന്റെ വെളിച്ചത്തിൽ അന്നുതന്നെ പരസ്പരധാരണയോടുകൂടി ഈ പ്രശ്നം തീർക്കാമായിരുന്നു. പക്ഷേ അന്ന് പല പിടിവാശികൾ കാരണമാണ് ഇത് തീരാതെ പോയത്. അതിനുശേഷം പലതലങ്ങളിലുള്ള ചർച്ചകളും ഒത്തുതീർപ്പുകളും നടന്നുവെങ്കിലും ഒന്നും വിജയിച്ചില്ല. കഴിഞ്ഞ രണ്ടുമൂന്നു ദിവസമായി ഒത്തുതീർപ്പിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. അതിനിടയിൽ മിനിഞ്ഞാന്ന് വൈകുന്നേരം വിദ്യാർത്ഥി നേതാക്കൾ വൈസ് ചാൻസലറെ വീട്ടിൽ ബന്ദിയാക്കുകയും നിർബന്ധമായി അദ്ദേഹത്തെക്കൊണ്ട് ചില തീരുമാനങ്ങൾ ഒപ്പിട്ടുവാങ്ങുകയും ചെയ്തുവെന്നാണ് എനിക്ക് ലഭിച്ച വിവരം. അതിനെതിരായി ഇന്നലെ മറ്റ് വിദ്യാർത്ഥി സംഘടനകൾ അത് പിൻവലിക്കണമെന്നാവശ്യപ്പെട്ട സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. എത്രയും വേഗം സമരം അവസാനിപ്പിക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെയും വ്യക്തിപരമായി എന്റെയും നിലപാട്.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, കേരള സർവ്വകലാശാലയിലെ 10 ബി.എഡ്. സെന്ററുകൾ പൂട്ടാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. അതിൽ ഇടപെടണമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടും നമ്മൾ ആവശ്യപ്പെട്ടതാണ്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വി.സി. കൂടി പങ്കെടുത്തുകൊണ്ട് ഒരു ഒത്തു തീർപ്പ് വ്യവസ്ഥയുണ്ടാക്കി. ആ ഒത്തുതീർപ്പ് വ്യവസ്ഥ അംഗീകരിക്കുന്നതിനു വേണ്ടി ശ്രീ. എ. സമ്പത്ത് അടക്കമുള്ള എം.പി.-മാർ ഒത്തുതീർപ്പ് വ്യവസ്ഥയുമായി ബന്ധപ്പെട്ട് എൻ.സി.റ്റി.ഇ.-യുമായി സംസാരിച്ചിരുന്നു. അവർ അത് പാലിക്കാൻ ബാദ്ധ്യസ്ഥരാണെന്ന് ഉറപ്പുനൽകിയതുമാണ്. എന്നാൽ മുഖ്യമന്ത്രിയും എം.പി.-മാരും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമടക്കമുള്ളവർ ഇടപെട്ട വിഷയത്തിൽ ആ വ്യവസ്ഥ പാലിക്കാൻ കേരള സർവ്വകലാശാല വി.സി. തയ്യാറാകുന്നില്ല. 50 ദിവസമായി

200 അദ്ധ്യാപകർ യൂണിവേഴ്സിറ്റിയുടെ മുമ്പിൽ സഹനസമരത്തിലാണ്. ആ വിഷയം പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, പ്രശ്നം പരിഹരിച്ചിരിക്കുകയാണ്. കാരണം വി.സി.-യാണെങ്കിലും യൂണിവേഴ്സിറ്റിയാണെങ്കിലും ഇത്തരം സെന്ററുകൾ പ്രവർത്തിക്കണമെന്നാണ് അവരുടെ ആഗ്രഹം. അതിനെതിരായി എൻ.സി.റ്റി.ഇ.-യുടെ തീരുമാനങ്ങളും നിബന്ധനകളും വന്നതുകൊണ്ടാണ് അടച്ചുപൂട്ടേണ്ട ഒരവസ്ഥ വന്നത്. അതിനെതിരായാണ് ശ്രീ. ആർ. രാജേഷ് പറഞ്ഞതുപോലെ മുഖ്യമന്ത്രി-യുടെ സാന്നിദ്ധ്യത്തിൽ കഴിഞ്ഞ സഭാസമ്മേളന സമയത്ത് വൈസ് ചാൻസലറും നമ്മളെല്ലാവരും കൂടിയാലോചിച്ച് തീരുമാനങ്ങളെടുക്കുകയും അതനുസരിച്ച് എൻ.സി.റ്റി.ഇ.-ക്ക് റെപ്രസന്റേഷൻ കൊടുക്കുകയും ചെയ്തത്. അക്കാര്യത്തിൽ എൻ.സി.റ്റി.ഇ.-യുടെ ഭാഗത്തുനിന്നും അനുകൂലമായ ഒരു തീരുമാനം ഇതുവരെയും വന്നിട്ടില്ല. വന്നുകഴിഞ്ഞാൽ ഉടനെ തന്നെ വൈസ് ചാൻസലർക്ക് തീരുമാനമെടുക്കാൻ കഴിയും.

ശ്രീ. എ. കെ. ബാലൻ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എം.ജി. യൂണിവേഴ്സിറ്റിയിലെ വി.സി.-യെ പുറത്താക്കേണ്ടിവന്നു. കേരളാ സർവ്വകലാശാലയിലെ വി.സി.-ക്കും പി.വി.സി.-ക്കും എതിരെ കെ.പി.സി.സി. സെക്രട്ടറിയുടെ നേതൃത്വത്തിൽ ഗുണ്ടായിസം നടത്തി. പട്ടികജാതിക്കാരനായ പി.വി.സി.-യുടെ വീടിന് നേരെ ആക്രമണമുണ്ടായി. അങ്ങനെ നശിച്ച ഒരു യൂണിവേഴ്സിറ്റിയാണ് കേരളത്തിലുള്ളത്. ഇതുകണ്ട് മനംനൊന്താണ് ബഹുമാനപ്പെട്ട ഗവർണ്ണർ, ചാൻസലർ 27-10-2014-ൽ കൊച്ചിയിൽ വൈസ് ചാൻസലർമാരുടെ യോഗം വിളിച്ചുചേർത്തത്. ആ യോഗത്തിന്റെ ഔട്ട്കം എന്തായിരുന്നു; ഈ യോഗം വിളിച്ചുചേർത്തത് ആരായിരുന്നു; അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നടപടിക്രമങ്ങൾ പ്രോപ്പറായിട്ടാണോ നടന്നിരുന്നത്; അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും ഈ സഭയെ അറിയിക്കാനുണ്ടോ ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ബഹുമാനപ്പെട്ട ചാൻസലർ യോഗം വിളിച്ചത് നടാടെയല്ല. ഇപ്പോഴുള്ള ചാൻസലറിന് മുമ്പുള്ള ചാൻസലറും യോഗം വിളിച്ചിരുന്നു. ചാൻസലർക്ക് വൈസ് ചാൻസലർമാരുടെ യോഗം വിളിക്കാനുള്ള

അധികാരമുണ്ട്. അതിന്റെയടിസ്ഥാനത്തിലാണ് ഇപ്പോൾ നിലവിലുള്ള ചാൻസലറും യോഗം വിളിച്ചത്. എല്ലാ വൈസ് ചാൻസലർമാരും പങ്കെടുത്തു. ഓരോ യൂണിവേഴ്സിറ്റി തലത്തിലുമുള്ള അക്കാദമികവും അഡ്മിനിസ്ട്രേറ്റീവ് തലത്തിലുമുള്ള കാര്യങ്ങളെക്കുറിച്ചുള്ള പൊതുവായ ചർച്ചകൾ നടത്തി ഒരു വൈസ് ചാൻസലേഴ്സ് കൗൺസിൽ ഉണ്ടാക്കണമെന്നുള്ള തീരുമാനംവന്നു. അതിനനുസരിച്ച് ചാൻസലറും പ്രോ-ചാൻസലറും വൈസ് ചാൻസലർമാരും അടങ്ങിയ ഒരു കമ്മിറ്റിക്ക് രൂപം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് കാര്യങ്ങൾ പോവുകയാണ്. മാത്രമല്ല ഏറ്റവും നല്ല യൂണിവേഴ്സിറ്റിക്ക് ചാൻസലറുടേതായ ഒരു അവാർഡ് കൊടുക്കണമെന്നുള്ള തീരുമാനം വന്നു. യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കാനും പരിശോധന നടത്താനും ഗവർണ്ണർ ചെയ്ത നല്ലൊരു കാര്യമായിട്ടാണ് ഞാൻ അതിനെ കാണുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**റേഷൻ കാർഡുകൾ പുതുക്കുന്ന നടപടി**

4 (*94) ശ്രീ. കെ. കെ. നാരായണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾ പുതുക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) കാർഡുകൾ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കലും മറ്റ് നടപടി ക്രമങ്ങളും സാധാരണക്കാരായ കാർഡുടമകൾക്ക് വളരെയധികം പ്രയാസമുണ്ടാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനായി തയ്യാറാക്കിയ ക്യാമ്പുകളിൽ വേണ്ടത്ര സൗകര്യങ്ങൾ

ഇല്ലാത്തതിനാലും സങ്കീർണ്ണതകളാലും സ്ത്രീകളും വൃദ്ധരും വളരെ ദുരിതമനുഭവിക്കേണ്ടി വന്ന കാര്യം അറിവുള്ളതാണോ ;

(ഡി) പുതിയ കാർഡുകൾ എന്നത്തേക്ക് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) ക്യാമ്പുകളുടെ നടത്തിപ്പിനായി ഉദ്യോഗസ്ഥർ പണപ്പിരിവ് നടത്തിയതായി അറിയാമോ ; ഇതിന് നിർദ്ദേശം നല്കിയിരുന്നോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) റേഷൻ കാർഡുകൾ പുതുക്കുന്നതിനായി വിതരണം ചെയ്ത ഫോറം പ്രത്യേകം സംഘടിപ്പിക്കുന്ന ഫോട്ടോ ക്യാമ്പുകളിലൂടെ കാർഡുടമകളിൽ നിന്നും പൂരിപ്പിച്ച് വാങ്ങി, കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുന്ന നടപടിയാണ് നടന്നുവരുന്നത്. 31-3-2015-ന് ഈ ഘട്ടം അവസാനിക്കുന്നതാണ്.

(ബി) പ്രാരംഭഘട്ടത്തിൽ ശ്രദ്ധയിൽപ്പെട്ട ചില പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പിന്നീട് ഒരു പരാതിയും ഉണ്ടാവാത്ത നിലയിൽ ക്യാമ്പുകൾ ഇപ്പോഴും തുടരുന്നു.

(സി) പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുള്ളത്. ക്യാമ്പുകൾക്കായി തിരഞ്ഞെടുത്തിട്ടുള്ളത് സ്കൂളുകളും പഞ്ചായത്ത് ഹാൾ പോലുള്ള പൊതുവായ കെട്ടിടങ്ങളുമാണ്. കുടിവെള്ളം, പ്രാഥമിക ശുശ്രൂഷാ സൗകര്യം, പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം എന്നിവ ക്യാമ്പുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) പുതിയ കാർഡുകൾ 1-7-2015 മുതൽ നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ക്യാമ്പുകളുടെ നടത്തിപ്പിനായി ഓരോ താലൂക്കിനും നിശ്ചിതമായ തുക പൊതുവിതരണ വകുപ്പ് നൽകിയിട്ടുണ്ട്. ക്യാമ്പിന്റെ നടത്തിപ്പിനായി പണപ്പിരിവ്

നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന**

5 (*95) ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) മാർക്കറ്റിൽ ഇടപെടുന്നതിനായി ഈ സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് എന്തു തുകയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഉല്പന്നങ്ങളുടെ സബ്സിഡി പിൻവലിച്ചുകൊണ്ട് വില വർദ്ധിപ്പിച്ചത്, പൊതുമാർക്കറ്റിൽ വില വർദ്ധിക്കാൻ ഇടയായിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ ; ഈ സാഹചര്യത്തിൽ ഉല്പന്നങ്ങളുടെ വർദ്ധിപ്പിച്ച വില കുറയ്ക്കുന്നതിന് തയ്യാറാകുമോ ;

(ഡി) സപ്ലൈകോയ്ക്ക് ഫണ്ട് നൽകുന്നതിൽ കുടിശ്ശികയുണ്ടോ ; വിശദമാക്കാമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ ) ഇല്ല.

(ബി) കമ്പോള ഇടപെടലിനായി സപ്ലൈകോയ്ക്ക് ഈ സാമ്പത്തികവർഷം ഇതുവരെ 70 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന

അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സപ്ലൈകോ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്കുകൂലി, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വില്പന വില കൂട്ടാതിരിക്കുകയും ചെയ്യതുമൂലം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും ഇത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്യതുകൊണ്ടാണ് സർക്കാർ സബ്സിഡി സാധനങ്ങളുടെ വില്പനവില പുനർനിർണ്ണയിച്ചത്. അല്ലാതെ സബ്സിഡി പിൻവലിച്ചിട്ടില്ല.

ഇപ്രകാരം വിൽപ്പനവില പുനർനിർണ്ണയിച്ചതിനുശേഷവും സപ്ലൈകോയുടെ സബ്സിഡി വില പൊതുവിപണിയേക്കാളും ശരാശരി 20% മുതൽ 30% വരെ കുറവാണ്. സബ്സിഡി അൽപ്പം കുറച്ച് തടസ്സമില്ലാതെ സാധനങ്ങൾ വിതരണം ചെയ്യുന്നതുമൂലം അവശ്യ സാധനങ്ങളുടെ ലഭ്യത കമ്പോളത്തിൽ ഉറപ്പാക്കുന്നതിനും ഇവയുടെ പൊതുവിപണി വിലയിലെ അനിയന്ത്രിതമായ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില പുനർനിർണ്ണയിച്ചതോടൊപ്പം തടസ്സമില്ലാതെ ഇവയുടെ ലഭ്യതയും ഉറപ്പാക്കുന്നത് യുക്തിസഹമായ സമീപനത്തോടെയുള്ള വിപണിയിടപെടൽ നയത്തിന്റെ ഭാഗമാണ്.

(ഡി) ഉണ്ട്. 2008-09 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷത്തിലെ ഡിസംബർ 2014 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ മാർക്കറ്റിടപെടൽ ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകിയ സൗജന്യ കിറ്റ്, സ്പെഷ്യൽ പഞ്ചസാരയുടെ വിതരണം എന്നിവയ്ക്ക് സർക്കാർ അനുവദിച്ച തുകയ്ക്കുപരിയായി സപ്ലൈകോ ചെലവഴിച്ച തുകയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു :

| No. | Year | Amount due from Govt. |
|---|---|---|

| | | (₹ In crores) |
|---|---|---|
| (1) | (2) | (3) |
| 1 | 2008-09 | 31.22 |
| 2 | 2009-10 | 123.33 |
| 3 | 2010-11 | 42.50 |
| (1) | (2) | (3) |
| 4 | 2011-12 | 46.61 |
| 5 | 2012-13 | 153.55 |
| 6 | 2013-14 | 204.07 |
| 7 | 2014-15 up to (Dec - 14) | 160.46 |
| | Total | 761.74 |

സപ്ലൈകോയ്ക്ക് സർക്കാരിൽനിന്നും 2013-14 ഖാരിഫ് സീസൺ മുതൽ 10-3-2015 വരെ നെല്ല് സംഭരണ ഇനത്തിൽ 233.86 കോടി രൂപ നൽകാനുണ്ട്.

**സൗജന്യ യൂണിഫോം വിതരണം**

6 (*96) ശ്രീ. സാജു പോൾ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് അദ്ധ്യയന വർഷത്തെ സൗജന്യ യൂണിഫോം വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ ; മുൻവർഷത്തേതിൽനിന്നും യൂണിഫോം വിതരണത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) എയ്ഡഡ് സ്കൂളുകളിലെ യൂണിഫോം വിതരണത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) എത്ര കുട്ടികൾക്കാണ് യൂണിഫോം വിതരണം ചെയ്യാൻ ഉദ്ദേശിച്ചത് ; ഇതിനായി എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു ; ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ വർഷം യൂണിഫോം വിതരണം ചെയ്തതിന്റെ മുഴുവൻ തുകയും കൊടുത്തുതീർത്തിട്ടുണ്ടോ ;

(ഇ) അടുത്ത അദ്ധ്യയന വർഷം ആരംഭത്തിൽത്തന്നെ യൂണിഫോം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) നടപ്പ് അദ്ധ്യയന വർഷത്തെ സൗജന്യയൂണിഫോം വിതരണം സർക്കാർ മേഖലയിലെ എൽ.പി., യു.പി. വിഭാഗങ്ങളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗത്തിലെ ആൺകുട്ടികൾ ഒഴികെ എല്ലാപേർക്കും വിതരണം ചെയ്തിട്ടുണ്ട്. മുൻവർഷം പൊതു വിദ്യാഭ്യാസ ഡയറക്ടർ എംപാനൽ ചെയ്ത കമ്പനികളിൽ നിന്നും ഹെഡ്മാസ്റ്റർമാർ നേരിട്ട് യൂണിഫോമിനായുള്ള തുണി വാങ്ങി വിതരണം നടത്തുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ നടപ്പുവർഷം യൂണിഫോം വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളെയാണ്.

(ബി) നിയന്ത്രണങ്ങൾ എർപ്പെടുത്തിയിട്ടില്ല.

(സി) സർക്കാർ മേഖലയിലെ എൽ.പി., യു.പി. വിഭാഗത്തിലെ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾ ഒഴികെ താഴെപ്പറയുന്ന കുട്ടികൾക്ക് യൂണിഫോം എസ്.എസ്.എ. മുഖേന നൽകുവാൻ ഉദ്ദേശിച്ചിരുന്നു. ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

| വിഭാഗം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|

| | | |
|---|---|---|
| എല്ലാ പെൺകുട്ടികൾക്കും | 441047 | 1764.19 |
| എസ്.സി. ആൺകുട്ടികൾ | 62655 | 250.62 |
| എസ്.റ്റി. ആൺകുട്ടികൾ | 18206 | 72.82 |
| ബി.പി.എൽ. ആൺകുട്ടികൾ | 258535 | 1034.14 |
| ആകെ | 780443 | 3121.77 |

(ഡി) മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

**പരമ്പരാഗത കയർ വ്യവസായത്തിന്റെ പുരോഗതി**

7 (*97) ശ്രീ. കെ. ദാസൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗതമായ കയർ വ്യവസായത്തിന്റെ പുരോഗതിക്കായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) അസംസ്കൃത വസ്തുവായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ ;

(സി) ഇത് വിദേശരാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ ഏത് ഏജൻസി മുഖേന നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാനത്ത് ലഭ്യമായ ചകിരി കൃത്യമായി സംഭരിക്കുന്നതിന് വീഴ്ചയുണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) കയർ വ്യവസായത്തിന്റെ പുരോഗതിക്കായി വിവിധ നടപടികൾ

സ്വീകരിച്ചുവരുന്നു. ചകിരിയുടെ ദൗർലഭ്യം കയർമേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകിയിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, സ്ഥിരമൂലധനം എന്നിവ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ അനുവദിച്ചതിനെത്തുടർന്ന് ഉല്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്.

(ബി) കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾ കൂടി ഉൾക്കൊണ്ട് പ്രായോഗികമായ രീതിയിൽ 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകിയിട്ടുണ്ട്. കയർഫെഡ് നവംബർ 2013 മുതൽ 2014 മേയ് 23 വരെ 12,04,81,802 രൂപ വിലവരുന്ന 43710.82 ക്വിന്റലും 6-8-2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചകിരി സംഭരിക്കുന്നതിന് വീഴ്ച ഉണ്ടായിട്ടില്ല. കയർഫെഡ് വഴി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനുവേണ്ടി 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന തൊണ്ടു സംഭരണ പദ്ധതി പ്രകാരം തൊണ്ടു സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. കൂടുതൽ ഫലപ്രദമായ രീതിയിൽ തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു പുതിയ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

**റോഡ് യൂസർ പെർസപ്ഷൻ സർവ്വേ**

8 (*98) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്താൻ കെ.എസ്.റ്റി.പി. ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) ജനഹിതമറിയാനുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സർവ്വേയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ-ഡി) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്ന ആകെ 363 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളുടെ നിലവിലുള്ള അവസ്ഥയെപ്പറ്റി (വികസിപ്പിക്കുന്നതിന് മുമ്പുള്ള) ജനങ്ങളുടെ അഭിപ്രായം സമാഹരിക്കുന്നതിന് വേണ്ടി M/s ഷെർവുഡ് ടെക്നോക്രാറ്റ്സ് & കൺസൾട്ടന്റ് എന്ന സ്ഥാപനത്തെ നിയമിച്ച് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്തുകയും 2014 ജൂലൈ മാസം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ വിഭാഗത്തിലുമുള്ള റോഡ് ഉപയോക്താക്കളെ വിവിധ സംഘങ്ങളായി തിരിച്ച് പ്രത്യേകം ചോദ്യാവലി തയ്യാറാക്കിയാണ് അഭിപ്രായ ശേഖരണം നടത്തിയത്. പ്രസ്തുത ചോദ്യാവലിയിൽ റോഡ് ഉപയോക്താക്കളുടെ സാമൂഹികവും സാമ്പത്തികവും പ്രാദേശികവുമായി ഘടകങ്ങളും നിലവിലുള്ള പ്രോജക്ട് റോഡുകളെപ്പറ്റിയുള്ള അഭിപ്രായങ്ങളും റോഡിന്റെ ഘടന, നിർമ്മാണം, സുരക്ഷിതത്വം എന്നിവയും ഉപയോക്താക്കളുടെ റോഡ് ഉപയോഗ രീതികളും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. റോഡ് പണി പൂർത്തീകരിച്ചശേഷം നടത്തുന്ന റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ സർവ്വേയുടെ കണ്ടെത്തലുകളുമായി ഈ റിപ്പോർട്ടിലെ കണ്ടെത്തലുകൾ താരതമ്യം ചെയ്യുന്നതിനുവേണ്ടിയും ഭാവിയിൽ മറ്റു പൊതുമരാമത്ത് റോഡുകളിലേയ്ക്കുംകൂടി റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ ഇൻഡക്സ്

വികസിപ്പിച്ചെടുക്കുന്നതിനുമാണ് ഈ സർവ്വേ ലക്ഷ്യമിടുന്നത്.

**ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം**

9 (*99) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഓൺലൈൻ സംവിധാനവുമായി സഹകരിക്കുന്നവർ ആരൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ആധാര രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷികളുടെ സൗകര്യത്തിനനുസരിച്ചുള്ള തീയതിയും സമയവും നിശ്ചയിച്ചുകൊണ്ട് ടോക്കൺ നേരത്തെ എടുക്കാനുമുള്ള സൗകര്യം തിരുവനന്തപുരം ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. മറ്റു ജില്ലകളിലേക്കുകൂടി ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ 311 സബ് രജിസ്ട്രാർ ഓഫീസുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് തിരുവനന്തപുരത്തുള്ള ഡേറ്റാ സെന്ററിലെ കമ്പ്യൂട്ടറുകളിൽ

ശേഖരിക്കുക വഴി രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിൽ ഒരു പുതിയ ചുവടുവയ്പ്പ് കാഴ്ചവയ്ക്കുവാൻ ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നു. നിലവിലെ പ്രവർത്തനരീതിക്ക് പകരം, 311 സബ് രജിസ്ട്രാർ ഓഫീസുകളെയും ഒരു പ്രത്യേക കമ്പ്യൂട്ടർ ശൃംഖലവഴി തിരുവനന്തപുരത്തുള്ള ഡേറ്റാ സെന്ററുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനരീതിയാണ് വിഭാവന ചെയ്തിട്ടുള്ളത്. പദ്ധതിയുടെ അവിഭാജ്യഘടകമായ കണക്റ്റിവിറ്റി സൗകര്യം ബി.എസ്.എൻ.എൽ.-ൽനിന്ന് ലഭ്യമാക്കി Kerala State Wide Area ശൃംഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഈ സംവിധാനം പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാനത്തെ രജിസ്ട്രേഷൻ വിവരങ്ങൾ അപ്പപ്പോൾത്തന്നെ തിരുവനന്തപുരത്തെ കേന്ദ്ര കമ്പ്യൂട്ടറിൽ (സർവർ) ലഭ്യമാകും. അതുവഴി സർക്കാരിന് രജിസ്ട്രേഷൻ സംബന്ധിച്ച സംസ്ഥാനതല വിവരങ്ങൾ ഉടനടി ലഭ്യമാകുന്നു. ബാങ്കുകൾക്കും മറ്റ് ധനകാര്യസ്ഥാപനങ്ങൾക്കും വസ്തുക്കളുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനുമുള്ള സൗകര്യം ഇതുമൂലം ലഭിക്കും.

(സി) രജിസ്ട്രേഷനുവേണ്ടി ആഫീസിൽ ഹാജരാകേണ്ട സമയം കക്ഷികൾക്കുതന്നെ നിശ്ചയിക്കുന്നതിനുള്ള സൗകര്യമാണ് പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്നത്. മേൽ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് സമയലാഭം ഉണ്ടാകുന്നതാണ്. ഹാജരാക്കുന്ന ആധാരങ്ങളുടെ രജിസ്ട്രേഷൻ വ്യക്തമായ കാരണങ്ങൾ ഇല്ലാതെ നീട്ടിവയ്ക്കുന്നു എന്ന പരാതി ഇതിലൂടെ പരിഹരിക്കുവാൻ സാധിക്കും. കൂടാതെ വിദേശത്തുള്ള കക്ഷികൾക്ക് ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അവരുടെ ഫോട്ടോ, വിരൽ പതിപ്പ് എന്നിവ ഓൺലൈനായി സബ്‌രജിസ്ട്രാർ ആഫീസിൽ സമർപ്പിക്കുവാനും സാധിക്കും.

(ഡി) രജിസ്ട്രേഷൻ, ട്രഷറി വകുപ്പുകൾക്ക് പുറമേ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, സി-ഡിറ്റ്, കെൽട്രോൺ എന്നീ സർക്കാർ സ്ഥാപനങ്ങളും ആധാരമെഴുത്ത് സ്ഥാപനങ്ങൾ, ആധാരമെഴുത്ത് ലൈസൻസികൾ എന്നിവരും ഈ പദ്ധതിയുമായി സഹകരിക്കുന്നു.

(ഇ)

1. പദ്ധതിയുടെ പരീക്ഷണഘട്ടത്തിന് തിരുവനന്തപുരം ജില്ലയിലെ

പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ 1-9-2011-ൽ തുടക്കം കുറിക്കുകയും ആയത് വിജയകരമായി പൂർത്തീകരിച്ചതിന്റെയടിസ്ഥാനത്തിൽ ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തു.

2. ആദ്യഘട്ടത്തിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാ വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷികളുടെ സൗകര്യത്തിനനുസരിച്ചുള്ള തീയതിയും സമയവും നിശ്ചയിച്ചു കൊണ്ടുള്ള ടോക്കൺ നേരത്തെ എടുക്കാനുമുള്ള സൗകര്യവും തിരുവനന്തപുരം ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

3. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നൽകുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

4. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപ്പകർപ്പുകൾ സ്കാൻ ചെയ്തുകൊണ്ട് ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

5. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നല്കുന്നതിനായി 1980 മുതലുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ദേശീയപാത വികസനം**

10 (*100) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ദേശീയപാതയുടെ വീതി എത്രയായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) ദേശീയപാത വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കുമോ ;

(ഡി) ഏറ്റെടുക്കുന്ന ഭൂമിക്ക് അതത് പ്രദേശത്തുള്ള ഭൂമിയുടെ വിലയ്ക്ക് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ദേശീയപാത 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ചില കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായ എതിർപ്പ് കാരണം സ്ഥലമെടുപ്പ് പ്രക്രിയ പരാജയപ്പെട്ട സാഹചര്യത്തിൽ ദേശീയപാത വികസനത്തിന് റൈറ്റ് ഓഫ് വേ 30 മീറ്ററായി ഇളവ് ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അപകടരഹിതവും സുഗമവുമായ യാത്രാ സൗകര്യം ലഭ്യമാക്കേണ്ടതിനാൽ റോഡ് വികസനത്തിൽ 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ ഇളവ് അനുവദിക്കാൻ സാധ്യമല്ല എന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. സ്ഥലമെടുപ്പ് അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ ദേശീയപാത 17-ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ദേശീയപാത 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തെ ദേശീയപാത വികസനത്തിൽ നിന്നും ദേശീയപാതാ വികസന അതോറിറ്റി പിൻവാങ്ങുകയുണ്ടായി.

കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി 4-7-2014-ൽ ബഹു. മുഖ്യമന്ത്രിക്കയച്ച കത്തിൽ വർദ്ധിച്ചുവരുന്ന വാഹന സാന്ദ്രത പരിഗണിച്ച് ദേശീയപാത വികസനം ത്വരിതപ്പെടുത്തണമെന്നുള്ളതിന് സംസ്ഥാന സർക്കാരിന്റെ സഹകരണം ആവശ്യപ്പെടുകയും ദേശീയപാത വികസനത്തിനാവശ്യമായ 80% ഭൂമി ഏറ്റെടുത്തു നൽകിയാൽ ദേശീയപാത അതോറിറ്റിയുടെ പിൻവാങ്ങൽ തീരുമാനം പുനഃപരിശോധിക്കാവുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് 23-10-2014-ലെ മന്ത്രിസഭയുടെ തീരുമാനപ്രകാരം 25-10-2014-ലെ സ.ഉ (കൈ)

നമ്പർ 94/2014/പൊമവ ഉത്തരവുപ്രകാരം ദേശീയപാത 45 മീറ്റർ വീതിയിൽ തന്നെ വികസിപ്പിക്കുന്നതിനും ഇതിനാവശ്യമായ ഭൂമിയുടെ 80% ഏറ്റെടുത്ത് ദേശീയപാതാ അതോറിറ്റിക്ക് കൈമാറുന്നതിനും ദേശീയപാത വികസനത്തിൽ നിന്നും പിൻമാറിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 5-3-2014, 14-8-2014 എന്നീ തീയതികളിലെ വിജ്ഞാപനങ്ങൾ റദ്ദ് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത വിവരം 30-10-2014-ലെ കത്തു പ്രകാരം ബഹു. മുഖ്യമന്ത്രി ബഹു. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്. തുടർന്ന് ബഹു. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെ 8-1-2015-ലെ കേരള സന്ദർശന വേളയിൽ ദേശീയപാതാ വികസനം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുകയും കേരളത്തിലെ ദേശീയപാത വികസനത്തിന് എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്യുകയുമുണ്ടായി. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ NH 17-ഉം 47-ഉം 45 മീറ്റർ വീതിയിൽ ദേശീയപാത വികസന അതോറിറ്റിയെക്കൊണ്ട് അടിയന്തരമായി വികസിപ്പിക്കണമെന്നും ഏറ്റെടുക്കുന്ന ഭൂമിക്ക് ന്യായമായ നഷ്ടപരിഹാരം ഉറപ്പാക്കണമെന്നും നിശ്ചയിക്കപ്പെട്ടിട്ടുള്ള അലൈൻമെന്റ് മുഴുവനായും മാറ്റാനാവാത്ത സാഹചര്യത്തിൽ ആരാധനാലയങ്ങളും മറ്റും ഒഴിവാക്കിക്കൊണ്ട് അലൈൻമെന്റ് മാറ്റി നിശ്ചയിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് 29-1-2015-ന് ബഹു. മുഖ്യമന്ത്രി ബഹു. കേന്ദ്ര മന്ത്രിക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് ദേശീയപാതകളുടെ വികസനത്തിനായുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിക്കണമെന്നും ടി കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ദേശീയപാത വികസനത്തിന്റെ ഭാഗമായി കൊല്ലം, ആലപ്പുഴ എന്നീ ബൈപ്പാസുകൾ 50% കേന്ദ്ര സഹായത്തോടെ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കോഴിക്കോട് ബൈപ്പാസ് സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ചെലവിൽ വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാർ നേരിട്ടു വികസിപ്പിക്കുന്ന കഴക്കൂട്ടം മുതൽ കാരോട് (തമിഴ്നാട് അതിർത്തി) വരെയുള്ള തിരുവനന്തപുരം ബൈപ്പാസിൽ കഴക്കൂട്ടം മുതൽ മുക്കോലവരെയുള്ള ഭാഗത്ത് സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. മുക്കോല മുതൽ കാരോട് വരെയുള്ള ഭാഗത്തെ സ്ഥലമേറ്റെടുപ്പ് അവസാന ഘട്ടത്തിലാണ്. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ സമ്മർദ്ദം മൂലം ദേശീയപാതകളുടെ സാധാരണ അറ്റകുറ്റപ്പണികൾക്കുള്ള (OR) കേന്ദ്ര വിഹിതം 4.41 കോടിയിൽ

നിന്നും 12.50 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) ദേശീയപാതകൾ 45 മീറ്റർ വീതിയിൽ വികസിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി&ഡി) 1956-ലെ എൻ.എച്ച്. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം CALA (കോംപീറ്റന്റ് അതോറിറ്റി ഫോർ ലാന്റ് അക്വിസിഷൻ) ആണ് നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. ആയതിനാൽ ഇതിനായി പ്രത്യേക പാക്കേജ് സംസ്ഥാന സർക്കാർ തയ്യാറാക്കിയിട്ടില്ല. എന്നിരുന്നാലും 25-10-2014-ലെ സ.ഉ.(കൈ) നമ്പർ 94/2014/പൊമവ പ്രകാരം നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് പാക്കേജിലെ (15-11-2011-ലെ സ.ഉ.(കൈ) നമ്പർ 419/11/റവ.) വ്യവസ്ഥകൾ കൂടി പരിഗണിച്ച് പദ്ധതിബാധിതർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം ഉറപ്പുവരുത്തുന്ന രീതിയിൽ വില നിശ്ചയിക്കണമെന്ന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള നിയമമനുസരിച്ച് ദേശീയപാതകളുടെ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ നഷ്ടപരിഹാരം പൂർണ്ണമായും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

**റീ-സർവ്വേ ജോലികൾ**

11 (*101) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ റീ-സർവ്വേ ജോലികൾ നടക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ റീ-സർവ്വേയുടെ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) റീ-സർവ്വേയവശ്യ്ക്ക് വേണ്ടി നിയോഗിക്കപ്പെട്ടിരുന്ന ജീവനക്കാരുടെ പുനർ വിന്യാസം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ ) ഇല്ല.

(ബി) 31-10-2012 -ലെ ജി.ഒ.(എംഎസ്.) 409/12/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം റീ-സർവ്വേ ജോലികൾ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലും നിർവ്വഹിക്കുന്നതിലേയ്ക്ക് നിജപ്പെടുത്തിയിട്ടുണ്ട്.

(സി) പുനർവിന്യാസം സംബന്ധിച്ച് ഉത്തരവ് ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

**ചകിരിച്ചോറിൽനിന്ന് വൈദ്യുതി**

12 (*102) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചകിരിച്ചോറിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് കയർ ബോർഡ് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതി വഴി ഉൽപ്പാദിപ്പിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ&ബി) ഇല്ല. എന്നിരുന്നാലും ചകിരിച്ചോറ് അഗ്രോവെയ്സ്റ്റുമായി ചേർത്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെ സംബന്ധിച്ച് മുംബൈയിലെ ഒരു സ്ഥാപനവുമായി കയർബോർഡ് ചർച്ചകൾ നടത്തിയതായും ആവശ്യമായ സ്ഥലവും മുതൽമുടക്കും ഉണ്ടെങ്കിൽ ചകിരിച്ചോറും മേൽപ്പടി വസ്തുക്കളും ചേർത്ത് ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്ന് ടി സ്ഥാപനം അവകാശപ്പെട്ടിട്ടുള്ളതായും കയർബോർഡ് അറിയിച്ചിട്ടുണ്ട്.

(സി&ഡി) കയർ ബോർഡിന്റെ പ്രവർത്തന പരിധിക്കകത്തുനിന്ന്

ഇതിനായി നിലയം നിർമ്മിക്കാൻ വ്യവസ്ഥയില്ലെന്നും ചകിരിച്ചോർ മാത്രം ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനം ലാഭകരമല്ലായെന്നും ഇക്കാരണത്താൽ തുടർ നടപടികളൊന്നും എടുത്തിട്ടില്ലായെന്നും കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

**ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രവർത്തനം**

13 (*103) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പുനരധിവാസ കേന്ദ്രങ്ങൾ ഏതൊക്കെ ജില്ലകളിൽ എവിടെയെല്ലാം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ സമീപത്തെ സർക്കാർ സ്കൂളുകളാണ് അഭയകേന്ദ്രങ്ങളായി മാറുന്നത് എന്ന വസ്തുത കണക്കിലെടുത്ത് അത്തരം സ്കൂളുകളോടനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലാണ് കേരളത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്മേൽ ലോക ബാങ്ക് പ്രതിനിധികൾ നിർദ്ദേശിച്ച ഭേദഗതികൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് അന്തിമ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. പദ്ധതി നടത്തിപ്പിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച സ്റ്റിയറിംഗ് കമ്മിറ്റിയുടെ ആദ്യ യോഗം 19-9-2014-ന് കൂടുകയും പദ്ധതി നിർവ്വഹണ യൂണിറ്റിന്റെ (Project Implementation Unit-PIU) ഘടനയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. PIU-വിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പദ്ധതിയുടെ രണ്ടാംഘടകമായ (Component-B) വിവിധോദ്ദേശ്യ സൈക്ലോൺ ഷെൽറ്ററുകളുടെ നിർമ്മാണത്തിനായി ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളുടെ പാരിസ്ഥിതിക പഠനവും പുനരധിവാസ കേന്ദ്രത്തിന്റെ ആവശ്യകത സംബന്ധിച്ച പഠനവും നടത്തി വരുകയാണ്.

(ബി) സംസ്ഥാനത്തെ ഒൻപത് തീരദേശ ജില്ലകളിലാണ് പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്നത്. അവ ഏതെല്ലാം പ്രദേശങ്ങളിലാണെന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.

(സി) അഭയ കേന്ദ്രങ്ങളായി ഉപയോഗിക്കാറുള്ള സ്കൂളുകളോടനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനാണ് പദ്ധതിയിൽ മുൻഗണന നൽകിയിട്ടുള്ളത്.

**റവന്യൂ-സർവ്വേ-രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്ന പദ്ധതി**

14 (*104) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> :
<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ-സർവ്വേ-രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) ഏത് ജില്ലയിലാണ് ഇത് പൈലറ്റ് പദ്ധതിയായി നടപ്പിലാക്കിയിട്ടുള്ളത് ; ഇത് വിജയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) മേൽപ്പറഞ്ഞ വകുപ്പുകളിൽ സർക്കാർ ഭൂമി സംബന്ധിച്ച രേഖകൾ കൃത്യമായി ഇല്ല എന്ന അധികൃതരുടെ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു കാരണം കയ്യേറ്റങ്ങൾ സംബന്ധിച്ച കേസുകളിൽ സർക്കാരിന് വേണ്ട രീതിയിൽ വാദങ്ങളുന്നയിക്കാൻ സാധിക്കുന്നില്ല എന്ന് അറിവുള്ളതാണോ ; വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>) :

(എ) സംസ്ഥാനത്ത് റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ

സേവനങ്ങൾ സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (റെലീസ്) എന്ന പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് ഓൺ ലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 9 ജില്ലകളിലെ റീ-സർവ്വേ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ആയതിലേക്കുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്.

(ബി) പാലക്കാട് ജില്ലയിലാണ് ഇത് പൈലറ്റ് പദ്ധതിയായി നടപ്പിലാക്കിയിട്ടുള്ളത്. ഇത് വിജയകരമായി ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ നടന്നുവരുന്നു. മാത്രമല്ല നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചു കിട്ടുകയും വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. കൂടാതെ സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയോ പോക്കുവരവുകളും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകുന്നതുമില്ല. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് ഇതിലൂടെ നടപ്പിലാക്കുന്നത്.

(സി) സർക്കാർ ഭൂമിയുടെ സംരക്ഷണവും പരിപാലനവും പ്രധാനമായും വില്ലേജ് ആഫീസറുടെ കർത്തവ്യമാണ്. ഇതിനാവശ്യമായ രേഖകളായ സെറ്റിൽമെന്റ് രജിസ്റ്റർ, പുറമ്പോക്ക് രജിസ്റ്റർ, തരിശ് രജിസ്റ്റർ, ഫീൽഡ് മെഷർമെന്റ് ബുക്ക്/ലിത്തോമാപ്പ് മുതലായ രേഖകൾ വില്ലേജ് ആഫീസ്, താലൂക്ക് ആഫീസ്, സർവ്വേ ആഫീസ് എന്നിവിടങ്ങളിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവയിൽ മാറ്റങ്ങൾ വില്ലേജ് രേഖകളിലാണ് വരുത്തുന്നത്. പഴയ രേഖകൾ കാലപ്പഴക്കം കൊണ്ട് ഉപയോഗ പ്രദമല്ലാതായ അവസ്ഥ ഒട്ടുമിക്ക വില്ലേജുകളിലേയും സുതാര്യമായ പ്രവർത്തനത്തിന് ബുദ്ധിമുട്ടുളവാക്കുന്നു. റീ-സർവ്വേ കഴിഞ്ഞ വില്ലേജുകളിൽ റെക്കാർഡുകളിൽ

വൻതോതിലുള്ള ക്രമക്കേടുകളും കൃത്രിമങ്ങളും നടക്കുന്നതായും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, വയനാട് ജില്ലകളിൽ നടത്തിയ അന്വേഷണങ്ങളിലും റീ-സർവ്വേ അദാലത്ത് നടപടികൾ ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിരുന്നു. ആയതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ ഭൂമി നഷ്ടപ്പെട്ട കേസുകളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുന്നതിന് നിയമപരിരക്ഷ നൽകി 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമം നിയമസഭ പാസാക്കിയിട്ടുള്ളതാണ്. സർവ്വേ രേഖകളും റവന്യൂ രേഖകളും ഭൂമിയുടെ ഫോട്ടോയും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് പ്രത്യേകം പരിശീലനം ലഭിച്ച ജീവനക്കാരെ വിനിയോഗിച്ച് ഡിജിറ്റൈസ് ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് എന്ന പ്രോജക്ട് നിലവിൽ വന്നിട്ടുണ്ട്. സർവ്വേ അദാലത്ത് പ്രകാരവും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും ഹാജരാക്കുന്ന രേഖകൾ ശരിയാണോ എന്ന് പഴയ റിക്കാർഡുകളുടെയും പുതിയ റിക്കാർഡുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് ക്രമക്കേടുകൾ ബോധ്യപ്പെട്ടാൽ താലൂക്ക് ആഫീസിലേക്ക് റിപ്പോർട്ട് ചെയ്യുവാൻ വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

15 (*105) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഭൂരഹിതർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന

ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ് ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015-ന്റെ ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും പൂർത്തിയായിട്ടുണ്ട്. കേരളത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിനാണ് പ്രസ്തുത പദ്ധതിയിൽ സർക്കാർ ലക്ഷ്യമിടുന്നത്. സ്വന്തമായി ഭൂമിയില്ലാത്ത വാർഷിക കുടുംബവരുമാനം 75,000 രൂപയിൽ താഴെയുള്ളവർക്ക് വീട് വയ്ക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് ഭൂമി വീതം സൗജന്യമായി പതിച്ചുകൊടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

(ബി&സി) താലൂക്ക്, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്ന പ്രവർത്തനം വില്ലേജ് ഓഫീസർമാർ, താലൂക്ക് തഹസിൽദാർമാർ, ജില്ലാ കളക്ടർമാർ എന്നിവരുടെ മേൽനോട്ടത്തിൽ നടന്നുവരികയാണ്. പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ സർക്കാർ ഭൂമികളും മറ്റു വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതും എന്നാൽ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമികൾ കൂടി കണ്ടെത്തി പദ്ധതിക്കായി ഉപയോഗിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം സർക്കാർ ഭൂമിയിലുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത പദ്ധതിയിൽ വിതരണം ചെയ്യുന്നതിനാവശ്യമായ വാസയോഗ്യമായ മുഴുവൻ സർക്കാർ ഭൂമിയും കണ്ടെത്തുവാനുള്ള ഊർജ്ജിത ശ്രമങ്ങൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

**ഭക്ഷണ വിപണന കേന്ദ്രങ്ങളുടെ ഗ്രേഡിംഗ്**

16 (*106) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷണ പാനീയങ്ങളുടെ ഗുണം, അളവ്, വിപണന കേന്ദ്രങ്ങളിലെ സേവന സൗകര്യങ്ങൾ എന്നിവയ്ക്ക് അനുസൃതമായി വില നിരക്ക് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഭക്ഷണ വിപണന കേന്ദ്രങ്ങളെ ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന് അനുവർത്തിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ&ബി) ഭക്ഷണ വിപണന കേന്ദ്രങ്ങളെ ഗ്രേഡ് ചെയ്യുന്നതിനായോ വില നിരക്ക് നിയന്ത്രിക്കുന്നതിനായോ നിലവിൽ നിയമം ഒന്നുംതന്നെ ഇല്ല. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായുള്ള നിയമ നിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. ഇതു സംബന്ധിച്ച കരട് ബിൽ തയ്യാറായിവരുന്നു.

(സി) 3-1-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 02/2014/ടൂറിസം പ്രകാരം വിനോദ സഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള ഗസ്റ്റ് ഹൗസ്, യാത്രീ നിവാസ്, കേരളാ ഹൗസ് എന്നിവിടങ്ങളിൽ പാകംചെയ്ത ഭക്ഷ്യവസ്തുക്കൾക്ക് വില ഏകീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.റ്റി.ടി.സി., ഡി.റ്റി.പി.സി. എന്നീ സ്ഥാപനങ്ങൾ ഫുഡ് സേഫ്റ്റി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് പ്രവർത്തിച്ചുവരുന്നത്.

**ദേശീയ ഭക്ഷ്യസുരക്ഷാ നിയമം**

**17 (*107)** ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് പ്രതികൂലമായി നിലനിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) എന്നു മുതലാണ് ഭക്ഷ്യസുരക്ഷാ നിയമം രാജ്യത്ത് നടപ്പിലാക്കി തുടങ്ങിയത് എന്നും ഏതൊക്കെ സംസ്ഥാനങ്ങൾ ഇതേ വരെ അത് പൂർണ്ണമായി നടപ്പാക്കി എന്നും അറിയാമോ ;

(സി) ഇക്കാര്യത്തിൽ കേന്ദ്രം എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ച നൽകിയിട്ടുള്ളത് ; അവ പാലിക്കാനുള്ള തടസ്സങ്ങളെന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ; പ്രസ്തുത നിയമം എപ്പോൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് മുന്നോടിയായി അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തുക, മദ്ധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കുക, റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണം നടത്തുക എന്നീ പദ്ധതികൾ നടപ്പിലാക്കണമെന്ന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ഇതുവരെ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവ് വരുത്തരുതെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു തീരുമാനം കേന്ദ്രസർക്കാർ ഇതുവരെ അറിയിച്ചിട്ടില്ല.

(ബി) 2013 ജൂലൈ മാസം 5-ാം തീയതിയാണ് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നത്. ഛത്തീസ്ഗഡ്, മഹാരാഷ്ട്ര, ഹരിയാന, രാജസ്ഥാൻ,

പഞ്ചാബ്, ബീഹാർ, ഡൽഹി, ഹിമാചൽപ്രദേശ്, കർണ്ണാടക, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ നിയമം 2013 പ്രകാരമുള്ള മുൻഗണനാ വിഭാഗത്തെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം 7-7-2014-ലെ സ.ഉ(കൈ) നം. 21/14/ഭ.സി.സ.വ. പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. NFSA പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് ശാസ്ത്രീയമായ സംഭരണശാലകൾ ആവശ്യമുണ്ട്. നിലവിലെ അംഗീകൃത മൊത്തവ്യാപാര ശാലകളുടെ സംഭരണ ശേഷി ഇതിന് പര്യാപ്തമല്ല. അതിനാൽ ദീർഘകാല അടിസ്ഥാനത്തിൽ ഭൂമി ലഭ്യമാക്കി സംഭരണ ശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഡിജിറ്റലൈസേഷനുവേണ്ടി വിവരശേഖരണം നടത്തിവരുന്നു. Supply Chain Management-നുള്ള എൻ.ഐ.സി.-യുടെ Common Application Software കേരളത്തിനുവേണ്ടി പാകപ്പെടുത്തി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. NFSA-യുടെ 14-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പരാതി പരിഹാര സംവിധാനത്തിനായുള്ള നടപടികൾ നടന്നുവരുന്നു. കാൾ സെന്റർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാതലത്തിൽ DGRO-മാരെയും സംസ്ഥാനതലത്തിൽ ഫുഡ് കമ്മീഷനേയും നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ജില്ലാ റോഡുകളിൽ റബ്ബറൈസ്ഡ് ടാറിംഗ്**

18 (*108) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജില്ലാ റോഡുകൾ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ജില്ലാ റോഡുകളുൾപ്പെടെയുള്ള റോഡുകളിൽ ഉപരിതലം പുതുക്കുമ്പോൾ പരമാവധി റബ്ബറൈസ്ഡ് ടാറിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സെൻട്രൽ റോഡ് ഫണ്ട് (CRF) സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ജില്ലാ റോഡുകൾ ഉൾപ്പെടെയുള്ള പ്രവൃത്തികളിൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ആണ് ഉപയോഗിക്കുന്നത്. കെ.എസ്.റ്റി.പി. മുഖേന നടത്തുന്ന ബി.എം.&ബി.സി. പ്രവൃത്തികളിൽ ബി.സി. ചെയ്യുമ്പോൾ പരമാവധി എൻ.ആർ.എം.ബി. (നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ) ഉപയോഗിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, സംസ്ഥാന ഹൈവേ ഇംപ്രൂവ്മെന്റ് പ്രോജക്ട് തുടങ്ങിയവയുടെ പ്രവൃത്തികൾക്കും NRMB ഉപയോഗിക്കുന്നതിന് തീരുമാനം എടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## നെല്ലിയാമ്പതിയിലെ റവന്യൂ ഭൂമി കയ്യേറ്റം

19 (*109) ശ്രീ. എം. ചന്ദ്രൻ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതിയിൽ റവന്യൂ ഭൂമിയിൽ പോബ്സൺ നടത്തിയ കയ്യേറ്റം സംബന്ധിച്ചുള്ള ലാന്റ് ബോർഡ് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കയ്യേറ്റത്തിന് സഹായകമായി വിവിധ വകുപ്പ് ഉദ്യോഗസ്ഥരും അഡ്വക്കേറ്റ് ജനറൽ ആഫീസും നടപടി സ്വീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടിയാണ്

എടുത്തതെന്ന വ്യക്തമാക്കാമോ ;

(ഇ) ഈ കയ്യേറ്റം സംബന്ധിച്ച് ലഭിച്ചിട്ടുള്ള നിയമോപദേശം എന്താണെന്ന് അറിയിക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്.

(ബി) നെല്ലിയാമ്പതിയിൽ തർക്കഭൂമിയുമായി ബന്ധപ്പെട്ട മുഴുവൻ ഭൂമിയും സർവ്വേ ചെയ്യുന്നതിന് ഒരു സർവ്വേ ടീമിനെ രൂപീകരിക്കാൻ സർവ്വേ ഡയറക്ടറെ ചുമതലപ്പെടുത്തി 12-11-2014-ലെ സ.ഉ(സാധാ)5473/2014/റവന്യൂ നമ്പർ പ്രകാരം ഉത്തരവായി. കൂടാതെ 11-11-2014-ലെ സർവ്വേ ഡയറക്ടറുടെ ബി2/ 33419/2014 നമ്പർ ഉത്തരവ് പ്രകാരം സർവ്വേ ടീമിനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. 17-12-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 529/2014/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം പോബ്സ് ഗ്രൂപ്പിന്റെ കൈവശത്തിലുള്ള ഭൂമി പോക്കുവരവ് ചെയ്ത് നൽകിയ നടപടി റദ്ദ് ചെയ്യും പോക്കുവരവ് ചെയ്യുന്നതിന് തെറ്റായ നടപടി സ്വീകരിച്ച സർവ്വേ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിനെതിരെയും തുടർന്നുള്ള സർക്കാർ ഉത്തരവുകൾക്കെതിരെയും പോബ്സ് എസ്റ്റേറ്റ് ബഹു. ഹൈക്കോടതിയിൽ WP(C)-34072/14 ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിലെ 17-12-2014-ലെ ഇടക്കാല ഉത്തരവിൽ തൽസ്ഥിതി തുടരുന്നതിന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നെങ്കിലും സർക്കാർ ഫയൽ ചെയ്ത സത്യവാങ് മൂലത്തിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടപടികൾ തുടരുവാൻ ബഹു. ഹൈക്കോടതി 26-2-2015-ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

### അദ്ധ്യാപക ബാങ്ക് സംവിധാനം

20 (*110) പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി നടപ്പാക്കിയ അദ്ധ്യാപക ബാങ്ക് സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ; അദ്ധ്യാപക ബാങ്ക് അസാധുവാക്കി കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സ്വകാര്യ സ്കൂൾ മാനേജ്മെന്റ് അനുകൂലമായി വിധി ഉണ്ടാകാൻ ഇടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; കേസ് നടത്തിപ്പിൽ വീഴ്ചയുണ്ടായിട്ടുണ്ടോ ; കാരണം വ്യക്തമാക്കാമോ ;

(സി) കോടതി വിധിക്കെതിരെ അപ്പീൽ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) നിയമനത്തിന് അംഗീകാരം ലഭിച്ചവർ ഉൾപ്പെടെ ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകരുടെ ഭാവി സംബന്ധിച്ച് നിലപാട് വിശദമാക്കാമോ ;

(ഇ) അദ്ധ്യാപക ബാങ്ക് സംബന്ധിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അദ്ധ്യാപക സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി അദ്ധ്യാപക ബാങ്ക് രൂപീകരിച്ചു കൊണ്ട് 23-12-2014-ൽ സ.ഉ(പി)നമ്പർ 278/14/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 15-1-2015-ലെ 30107/13 എന്ന ഹൈക്കോടതി വിധി പ്രകാരം പാക്കേജ് ഉത്തരവുകളും അനുബന്ധ ഉത്തരവുകളും റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) കോടതി വിധി ആയതിനാൽ ഇക്കാര്യത്തിൽ മറുപടി നൽകാൻ നിർവ്വാഹമില്ല.

(സി) അപ്പീൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിയമനത്തിന് അംഗീകാരം ലഭിച്ചവർ ഉൾപ്പെടെയുള്ള അദ്ധ്യാപകരുടെ

ഭാവി കോടതിവിധിക്ക് അനുസൃതമായിരിക്കും.

(ഇ) അദ്ധ്യാപക ബാങ്ക് സംബന്ധിച്ച അവസാന ഉത്തരവ് ജി.ഒ.(പി) 278/14/പൊ.വി.വ. തീയതി 23-12-2014 ആണ്. പുതിയ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. അദ്ധ്യാപകസംഘടനകളുമായി ചർച്ച ചെയ്തിട്ടില്ല.

**പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങൾ**

21 (*111) ഡോ. കെ. ടി. ജലീൽ :
ശ്രീ. എം. എ. ബേബി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ വ്യാപകമായി അഴിമതിയും ക്രമക്കേടുകളും നടക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) വകുപ്പിലെ അഴിമതിയും ക്രമക്കേടും സംബന്ധിച്ച് നിയമസഭാംഗങ്ങളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എതെല്ലാം അംഗങ്ങളാണ് പരാതി നൽകിയിട്ടുള്ളത് ; വിശദമാക്കാമോ ; പ്രസ്തുത പരാതികൾ അന്വേഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയായിരുന്ന ടി. ഒ. സൂരജ് നടത്തിയതായി പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ പരിശോധന നടത്തുന്നുണ്ടോ ; ഇതുസംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കാറുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) തലവനായി പ്രവർത്തിക്കുന്ന പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം നടപടി സ്വീകരിച്ചുവരുന്നു. പരാതിയുടെ ഗൗരവം അനുസരിച്ച് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ നേരിട്ടോ, പ്രസ്തുത വിഭാഗം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ അന്വേഷണം നടത്തുന്നു.

പൊതുമരാമത്ത് വകുപ്പിലെ അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിക്കുന്ന പരാതികളിൽ അവർ അന്വേഷണം നടത്താറുണ്ട്. ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗവും വകുപ്പിന്റെ പല പ്രവർത്തനങ്ങളും പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. വിജിലൻസ് റിപ്പോർട്ടുകളിലും ധനകാര്യ പരിശോധനാ റിപ്പോർട്ടുകളിലും വകുപ്പുതല റിപ്പോർട്ടുകളിലും സർക്കാർ സത്വരമായി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മയ്ക്കായി വിപുലമായ ക്വാളിറ്റി കൺട്രോൾ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നിയമസഭയ്ക്കകത്ത് സഭാംഗങ്ങൾ ഉന്നയിച്ച പരാതികളിൽ അപ്പപ്പോൾ തന്നെ കാര്യകാരണ സഹിതം പൊതുമരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകിയിട്ടുള്ളതും ആരോപണങ്ങൾ നിഷേധിച്ചിട്ടുള്ളതുമാണ്. തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട മൂന്ന് റോഡുകൾ മഴയത്ത് ടാർ ചെയ്തത് കാരണം തകർന്നതുമായി ബന്ധപ്പെട്ട് ബഹു. എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. ബഹു. മന്ത്രി ശ്രീ. കെ. ബാബു നൽകിയ പരാതിയിൽ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ (ഭരണ വിഭാഗം) തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രീ. ടി. ഒ. സൂരജിനെതിരെ വിജിലൻസിൽ നേരിട്ടാണ് പരാതി ലഭിച്ചത്. ഗവൺമെന്റിൽ അത്തരത്തിലുള്ള പരാതി ലഭിക്കാതിരുന്നതിനാലാണ് വകുപ്പുതലത്തിൽ അന്വേഷണം ഉണ്ടാകാതിരുന്നത്. ശ്രീ. ടി. ഒ. സൂരജിനെതിരെ സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ച പരാതിയിൽ സത്വരാന്വേഷണം നടന്നുവരുന്നു. (ക്യൂ.വി.2/2015/എസ്.സി.ടി.) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് ശ്രീ. ടി. ഒ. സൂരജിനെതിരെ വി.സി. 9/14/എസ്. സി. ഇ-നമ്പരായി ഒരു വിജിലൻസ് കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ അന്വേഷണം നടന്നുവരുന്നു.

**ഭൂസംരക്ഷണ നിയമം**

22 (*112) ശ്രീ. കെ. രാജു :
ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ ആവശ്യത്തിന് കൂടുതൽ ഭൂമി ലഭ്യമാക്കാൻ ഭൂ സംരക്ഷണ നിയമത്തിൽ മാറ്റം വരുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ ഒരാൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ അളവ് എത്രയാണ് ;

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ ) ഇല്ല.

(ബി) ബാധകമല്ല.

(സി) റൂൾസ് ഫോർ അസൈൻമെന്റ് ഓഫ് ഗവൺമെന്റ് ലാന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസിന്റെ റൂൾ 7(ബി) പ്രകാരം ഒരു വ്യവസായിക്ക് വ്യാവസായിക ആവശ്യത്തിനുവേണ്ട ഭൂമിയുടെ ആവശ്യകതയും പ്രസ്തുത പ്രദേശത്തെ ഭൂമിയുടെ ലഭ്യതയും കണക്കിലെടുത്ത് സർക്കാർ തീരുമാന പ്രകാരമാണ് ഭൂമി അനുവദിക്കുന്നത്.

## സപ്ലൈകോ വഴി നെല്ല് സംഭരണം

23 (*113) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ വഴി സംഭരിച്ചിരുന്ന നെല്ലിന് കിലോയ്ക്ക് എത്ര രൂപ വീതമാണ് നൽകിയിരുന്നത് ; ഇതിൽ കേന്ദ്ര വിഹിതം എത്ര ; സംസ്ഥാന വിഹിതം എത്ര ; വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള നെല്ല് സംഭരണത്തിലെ സംസ്ഥാന വിഹിതം നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ ഇപ്പോഴത്തെ സംഭരണവില എത്ര ; വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന വിഹിതം നിർത്തലാക്കാനുണ്ടായ കാരണം എന്തായിരുന്നു ; വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) കേന്ദ്ര-സംസ്ഥാന ഉത്തരവുകൾ പ്രകാരം സപ്ലൈകോ നിലവിൽ കിലോയ്ക്ക് 19 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. ഇതിൽ 13.60 രൂപ കേന്ദ്ര വിഹിതവും 5.40 രൂപ സംസ്ഥാന വിഹിതവുമാണ്.

(ബി) സംസ്ഥാന വിഹിതം നിർത്തലാക്കിയിട്ടില്ല. സംസ്ഥാന വിഹിതമായ 5.40 രൂപയും ചേർത്ത് കി.ഗ്രാമിന് 19 രൂപ വച്ചാണ് നെല്ല് സംഭരിക്കുന്നത്. ഇത് ഇന്ത്യയിലെതന്നെ ഏറ്റവും ഉയർന്ന സംഭരണവിലയാണ്.

(സി) സംസ്ഥാന വിഹിതം നിർത്തലാക്കിയിട്ടില്ല.

**ലൈറ്റ് മെട്രോ പദ്ധതികൾ**

24 (T114) ശ്രീ. തോമസ് ചാണ്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ മാത്രമേ നടപ്പാക്കാനാകുകയുള്ളു എന്ന് സംസ്ഥാന ആസൂത്രണ ബോർഡ് അറിയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികളുടെ നടത്തിപ്പിനായി എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) നടപ്പ് സാമ്പത്തിക വർഷം തന്നെ പദ്ധതി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ലൈറ്റ് മെട്രോ പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന്റെ വിവിധ വശങ്ങൾ പരിശോധിക്കാനാണ് പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിരുന്നത്.

(ബി&സി) പ്ലാനിംഗ് ബോർഡിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ DMRC ഒരു റിപ്പോർട്ട് നൽകിയിട്ടുണ്ട്. പദ്ധതി PPP മോഡലിൽ നടപ്പാക്കുന്നതിലെ പ്രായോഗിക പ്രശ്നങ്ങൾ DMRC ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

വരുന്നു. വിശദമായ പരിശോധനയ്ക്കുശേഷം അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

**എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ**

25 (*115) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് ;

(ബി) അദ്ധ്യാപകർക്കും ജീവനക്കാർക്കും ശമ്പളം നൽകാത്തതുമൂലം വർഷങ്ങളായി എയ്ഡഡ് മേഖലയിലെ ജീവനക്കാർ അനുഭവിക്കുന്ന വിഷമതകൾ പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കും; വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്. എയ്ഡഡ് സ്കൂൾ നിയമനങ്ങൾ അംഗീകരിക്കുന്നതിനാവശ്യമായ തസ്തിക നിർണ്ണയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ജി.ഒ.(പി) 313/13/പൊ.വി.വ, ജി.ഒ(പി)124/14/പൊ.വി.വ എന്നിവ പ്രകാരവും ജി.ഒ(പി) 278/14/പൊ.വി.വ പ്രകാരവും പുറപ്പെടുവിച്ചുവെങ്കിലും ബഹു. ഹൈക്കോടതി WP(C) 30107/13 നമ്പർ കേസിലെ 15-1-2015-ലെ വിധിയിലൂടെ അദ്ധ്യാപക പാക്കേജും തസ്തികനിർണ്ണയം സംബന്ധിച്ച അനുബന്ധ സർക്കാർ ഉത്തരവുകളും റദ്ദുചെയ്തിട്ടുണ്ട്. ഇതിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിക്കുകയും വിവിധ കാരണങ്ങളാൽ നിയമനാംഗീകാരവും ശമ്പളവുമില്ലാതെ തുടർന്നിരുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും 1-6-2011 മുതൽ നൽകുന്നതിനും കുട്ടികളുടെ കുറവുമൂലം സർവ്വീസിൽ നിന്നും പുറത്തുപോയ അദ്ധ്യാപകർക്ക് പുനർനിയമനം നൽകുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് അദ്ധ്യാപക പാക്കേജ്

പ്രഖ്യാപിച്ചത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രശ്നരഹിതമായ അദ്ധ്യാപകസമൂഹം അത്യാവശ്യ ഘടകമാണെന്നതിന്റെ അടിസ്ഥാനത്തിലും എയ്ഡഡ് സ്കൂൾ നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും പാക്കേജ് ലക്ഷ്യമിട്ടിരുന്നു. ശമ്പളമില്ലാതെ ജോലിയിലിരുന്ന 3361 അദ്ധ്യാപകർക്കും റിട്രെഞ്ച്ഡ് ആയ 1462 അദ്ധ്യാപകർക്കും അദ്ധ്യാപക പാക്കേജിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതി 30107/13 എന്ന കേസിലെ 15-1-2015-ലെ വിധിയിലൂടെ അദ്ധ്യാപക പാക്കേജും അനുബന്ധ ഉത്തരവുകളും നിലവിൽ റദ്ദു ചെയ്തിട്ടുണ്ട്. ഇതിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ**

26 (*116) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആരുടെയെല്ലാം സഹായമാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി മൂലം പൊതുവിപണിയിലെ വിലവർദ്ധന എത്രമാത്രം നിയന്ത്രിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കാമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഉണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയാണ്

മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് പ്രൊപ്പോസൽ ആവശ്യപ്പെട്ടുകൊണ്ട് സപ്ലൈകോ ഹെഡാഫീസിൽനിന്നും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്ക് കത്ത് നൽകിയിരുന്നു. സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുവാൻ സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ ഇളവ് അനുവദിക്കണമെന്നും രേഖാമൂലം ആവശ്യപ്പെട്ട അഞ്ചുതെങ്ങ്, മല്ലപ്പുഴശ്ശേരി, പൊൻമള, തരുമിറ്റക്കോട് എന്നീ പഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇപ്പോൾ കേരളത്തിൽ ആകെയുള്ള 978 ഗ്രാമപഞ്ചായത്തുകളിൽ 50 പഞ്ചായത്തുകൾ ഒഴികെ ബാക്കി എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സപ്ലൈകോയുടെ ഈ വിൽപ്പനശാലകൾ വഴി എല്ലാ ജനങ്ങൾക്കും 13 ഇനം അവശ്യസാധനങ്ങൾ പൊതുവിപണിവിലയേക്കാൾ 20% മുതൽ 35% വരെ കുറച്ച് സബ്സിഡി നിരക്കിൽ ലഭ്യമാക്കി വരുന്നതിനോടൊപ്പംതന്നെ മറ്റെല്ലാ നിത്യോപയോഗ/FMCG സാധനങ്ങളും MRP-യിൽ നിന്ന് 15% വരെ വിലക്കുറച്ച് വിതരണം ചെയ്തുവരുന്നുണ്ട്. ഇപ്രകാരം വിതരണം ചെയ്യുന്നതു വഴി പൊതുവിപണിയിലെ വിലവർദ്ധന ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കുവാൻ സപ്ലൈകോയ്ക്ക് സാധിക്കുന്നുണ്ട്.

**സ്കൂളുകളിലെ സാനിട്ടേഷൻ സംവിധാനം**

**27 (*117)** ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ആവശ്യത്തിന് മൂത്രപ്പുരകളും കക്കൂസുകളും നിലവിലുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;

(ബി) കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഇവയുടെ സംസ്ഥാപനത്തിൽ വ്യത്യാസമുണ്ടോ ; റേഷ്യോ വ്യക്തമാക്കുമോ ;

(സി) മൂത്രപ്പുരകളും കക്കൂസുകളും ഉപയോഗയോഗ്യമാണെന്ന് കണ്ടെത്തുന്നതിന്

പരിശോധന നടത്താറുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) സ്കൂളുകളിലെ സാനിട്ടേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ ) ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ നിയമമനുസരിച്ച് ഒരു മൂത്രപ്പുര 20 മുതൽ 40 വരെ കുട്ടികൾക്കും ഒരു ശൗചാലയം 80 മുതൽ 120 വരെ കുട്ടികൾക്കും (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം) ഉപയോഗിക്കാവുന്നതാണ്.

(സി) പരിശോധന നടത്താറുണ്ട്. സംസ്ഥാനത്തെ വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ സന്ദർശന വേളകളിൽ പ്രസ്തുത സ്കൂളുകളിൽ ടോയ്‌ലറ്റുകളും യൂറിനലുകളും വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉപയോഗശൂന്യമായ 272 ടോയ്‌ലറ്റുകൾ നന്നാക്കി എടുക്കുന്നതിന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിൽ നിന്ന് 204 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 600 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ മൂത്രപ്പുര, ടോയ്‌ലറ്റ്, കുടിവെള്ള വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനായി 31.16 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ള വിതരണം ടോയ്‌ലറ്റ് നിർമ്മാണം/അറ്റകുറ്റപ്പണികൾ എന്നിവയ്ക്കും നിലവിലുള്ളവയുടെ ശുചിത്വം ഉറപ്പാക്കുന്നതിനും അനുവദനീയമായ തുക പി.റ്റി.എ. ഫണ്ടിൽനിന്നും കണ്ടെത്താൻ സ്കൂൾ പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട മാനേജർമാർക്ക് നൽകിയിട്ടുണ്ട്.

**സാമ്പത്തിക നിലയും പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനവും**

**28 (*118)** ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. എ. പ്രദീപ് കുമാർ :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ സാമ്പത്തിക നില പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനത്തെ ഏതെല്ലാം രീതിയിൽ ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് എന്തു തുക കുടിശ്ശിക നല്കാനുണ്ടെന്ന് അറിയിക്കാമോ ;

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ കുടിശ്ശികയായിട്ടുള്ളതു കാരണം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുന്നുണ്ടോ ; തുടക്കം കുറിച്ച പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായിട്ടുണ്ടോ ;

(ഡി) റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം ഘടകങ്ങളാണ് തടസ്സമായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സർക്കാരിന്റെ സാമ്പത്തിക നില പൊതുമരാമത്ത് വകുപ്പിലെ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കുകയും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത പ്രകടിപ്പിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-1-2014 മുതൽ 31-12-2014 വരെ കുടിശ്ശിക ബില്ലിനത്തിൽ 1680.79 കോടി രൂപയും ദേശീയപാത വിഭാഗത്തിൽ 54.09 കോടി രൂപയും കെട്ടിടവിഭാഗത്തിൽ 453.55 കോടി രൂപയും കുടിശ്ശികയുണ്ട്.

(സി) പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ ചില കരാറുകാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തുടക്കം കുറിച്ച പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഫണ്ടിന്റെ ലഭ്യതക്കുറവ്, ഭൂമി ഏറ്റെടുക്കുന്നതിന്റെ കാലതാമസം, നിർമ്മാണസാമഗ്രികളുടെ ലഭ്യതക്കുറവ് തുടങ്ങിയവയാണ് പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുള്ളത്. ഈ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് സർക്കാർതലത്തിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്.

**ബിഎഡ്. സീറ്റുകൾ**

29 (*119) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ബി. സത്യൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ/എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിലെ ബി.എഡ്. സീറ്റുകളിൽ കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ കുറവ് വരുത്താനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) ഇതുമൂലം വിദ്യാർത്ഥികൾക്ക് ബി.എഡ്. പ്രവേശനത്തിനുള്ള അവസരം കുറയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്വാശ്രയ ബി.എഡ്. കോളേജുകൾക്ക് വൻ നേട്ടം ഉണ്ടാക്കുന്നതിനും അവർക്ക് വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നതിനും ഈ തീരുമാനം ഇടവരുത്തുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ട്രെയിനിങ് കോളേജുകളിലും 2015-16 അദ്ധ്യയന വർഷം മുതൽ ബി.എഡ് കോഴ്സുകൾക്ക് 50 സീറ്റുകൾ വീതമാക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ബി.എഡ്. കോഴ്സുകൾക്ക് അംഗീകാരം നൽകുന്നത് കേന്ദ്ര ഏജൻസിയായ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷനാണ്. പ്രസ്തുത ഏജൻസി അതിന്റെ നോംസ് & റെഗുലേഷൻസ് 2014 മുതൽ പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി. പരിഷ്ക്കരിച്ച നിബന്ധനകൾ പ്രകാരം ബി.എഡ് കോഴ്സിന്റെ കാലദൈർഘ്യം 2 വർഷമാക്കി ഉയർത്തുകയുണ്ടായി. പ്രസ്തുത കോഴ്സിന്റെ ഓരോ യൂണിറ്റിനും 50 സീറ്റുകൾ വീതമേ പാടുള്ളൂവെന്നും ഒരു കോളേജിൽ ഇത്തരത്തിലുള്ള പരമാവധി 2 യൂണിറ്റുകളേ അനുവദിക്കാൻ പാടുള്ളൂവെന്നും നിഷ്ക്കർഷിക്കുകയുണ്ടായി. 2 യൂണിറ്റുകൾ വീതം ബി.എഡ്. കോഴ്സ് നടത്തുന്നതിന്

16 അദ്ധ്യാപക തസ്തികകൾ ആവശ്യമാണെന്നതാണ് പുതുക്കിയ നിബന്ധന. എന്നാൽ ഒരു യൂണിറ്റ് കോഴ്സ് (50 സീറ്റ്) വീതമുള്ള 2 വർഷ ബി.എഡ്. കോഴ്സ് നടത്തുന്നതിന് 8 അദ്ധ്യാപക തസ്തികകൾ മതിയാകും. കേരളത്തിലെ സർക്കാർ/എയ്ഡഡ് ട്രെയിനിങ് കോളേജുകളിൽ മിക്കവയിലും നിലവിൽ 2 യൂണിറ്റ് (പ്രതിവർഷം 100 സീറ്റ്) നടത്തുന്നതിനാവശ്യമായ 16 അദ്ധ്യാപക തസ്തികകൾ ലഭ്യമല്ല. 2 യൂണിറ്റുകൾ അനുവദിക്കണമെങ്കിൽ മിക്ക ട്രെയിനിങ് കോളേജുകളിലും കൂടുതൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതായിവരും. ഇത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുമെന്നതിനാൽ നിലവിലുള്ള അദ്ധ്യാപക തസ്തികകൾ വച്ച് നടത്തിക്കത്തക്കവിധത്തിൽ നിലവിലുള്ള ഓപ്ഷണൽ സബ്ജക്ടുകൾ എല്ലാം നിലനിർത്തിക്കൊണ്ട് ഓരോ കോളേജിലും ഓരോ യൂണിറ്റ് (50 സീറ്റ്) വീതം നടത്തുന്നതിനും അതുസംബന്ധിച്ച് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ നിർദ്ദേശിച്ച പ്രകാരമുള്ള സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനും സർക്കാർ/എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാർക്ക് അനുവാദം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്തു കൊണ്ടാണ് നിലവിലുള്ള അദ്ധ്യാപകരെക്കൊണ്ട് കോഴ്സ് നടത്തിക്കുവാൻ കഴിയുന്നവിധത്തിൽ (50 സീറ്റ്) എന്ന തീരുമാനമെടുത്തത്.

(സി&ഡി) നിലവിലെ 1 വർഷ ദൈർഘ്യമുള്ള ബിഎഡ്. കോഴ്സിനുപോലും സർക്കാർ/എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിൽ അവസാന അലോട്ട്മെന്റ് കഴിഞ്ഞാലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. 2014-15 അദ്ധ്യയന വർഷത്തിൽ 2 റഗുലർ അലോട്ട്മെന്റുകളും ഒരു കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റും എസ്.സി., എസ്.റ്റി. വിദ്യാർത്ഥികൾക്കുള്ള ഒരു സ്പെഷ്യൽ അലോട്ട്മെന്റും പൊതുവായ ഒരു സ്പോട്ട് അലോട്ട്മെന്റും നടത്തിയ ശേഷവും സർക്കാർ/എയ്ഡഡ് ട്രെയിനിങ് കോളേജുകളിൽ 150-ഉം സ്വാശ്രയ ട്രെയിനിങ് കോളേജുകളിൽ 3000-ൽ അധികവും സീറ്റുകൾ ഒഴിഞ്ഞുകിടന്നു. ആയതിനാൽ നിലവിൽ സീറ്റുകളുടെ എണ്ണത്തിലുണ്ടായ കുറവ് വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തുവാൻ സാദ്ധ്യതയില്ല. ആയതിനാൽ ഈ തീരുമാനം സ്വാശ്രയ ബി.എഡ്. കോളേജുകൾക്ക്

വിദ്യാർത്ഥികളെ കൂടുതൽ ചൂഷണം ചെയ്യാൻ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നില്ല.

**ഓപ്പൺ കോഴ്സുകൾക്ക് കൗൺസിൽ**

30 (*120) ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി തലം വരെയുള്ള ഓപ്പൺ കോഴ്സുകളുടെ നടത്തിപ്പിന് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രത്യേക കൗൺസിൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠന റിപ്പോർട്ട് പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോഴ്സുകൾ ഈ കൗൺസിലിനു കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഡോ. എ. അച്ചുതൻ ചെയർമാനായി ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചു. പ്രസ്തുത സമിതി കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ 'സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോംഗ് എഡ്യൂക്കേഷൻ, കേരള (SCOLE, Kerala)' എന്ന പേരിൽ ഒരു സ്വതന്ത്ര സ്ഥാപനമാക്കി പരിഷ്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമായി റിപ്പോർട്ട് സർക്കാരിന് നൽകുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്മേലുള്ള ഭേദഗതികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള SCOLE, Kerala-യുടെ MOA-യുടെയും Rules & Regulations-ന്റെയും പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഡോ. എ. അച്ചുതൻ കമ്മിറ്റിയുടെ പഠന റിപ്പോർട്ടിലെ സംക്ഷിപ്ത

വിവരം അടങ്ങുന്ന രേഖയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. തൊഴിൽ സാധ്യതയുള്ള സാങ്കേതിക കോഴ്സുകൾ ഓപ്പൺ സ്കൂളിന്റെ കീഴിൽ തുടങ്ങുന്നതിന്റെ മുന്നോടിയായി ഈ അദ്ധ്യയന വർഷം മുതൽ ഡി.സി.എ. കോഴ്സ് ആരംഭിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റൂസ

1 (1037) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂസ (RUSA) നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ, നടത്തിപ്പിന്റെ കേന്ദ്ര സംസ്ഥാന വിഹിതം ഇവ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. റൂസ പദ്ധതി നടപ്പാക്കാമെന്നും ഇതിനാവശ്യമായ ഉപാധികൾ നിറവേറ്റിക്കൊള്ളാമെന്നും റൂസ മിഷൻ അതോറിറ്റിയുടെയും പ്രോജക്ട് അപ്രൂവൽ ബോർഡിന്റെയും തീരുമാനങ്ങൾ പാലിച്ചുകൊള്ളാമെന്നും ഉറപ്പ് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതും ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) നിലവിലുള്ള 19.4%-ത്തിൽനിന്നും XIII-ാം പദ്ധതിയുടെ അവസാനം 32% ആക്കി ഉയർത്തുന്നതും ലക്ഷ്യമിട്ട് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് "രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (RUSA)" . XII, XIII പദ്ധതി കാലയളവിലേക്കാണ് റൂസ വിഭാവനം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചെയ്തിരിക്കുന്നത്. ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതു സംബന്ധിച്ച് സമ്മതപത്രം കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. റൂസ ധനസഹായത്തിനുള്ള ദീർഘകാല പദ്ധതി/വാർഷിക പദ്ധതി തയ്യാറാക്കേണ്ടത് ഉന്നത വിദ്യാഭ്യാസ കൗൺസിലാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വന്തം സ്ഥാപനത്തിന്റെ പദ്ധതികൾ തയ്യാറാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിലിന് സമർപ്പിക്കണം. ഈ പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ സഹായിക്കുന്നതിന് ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിക്കണം. സംസ്ഥാനത്ത് ഈ ടെക്നിക്കൽ ഗ്രൂപ്പിനെ സഹായിക്കുന്നതിന് സയൻസ്, കോമേഴ്സ് & മാനേജ്മെന്റ്, ആർട്സ് & സോഷ്യൽ സയൻസ്, എഞ്ചിനീയറിംഗ്, ലൈബ്രറി സയൻസ് എന്നീ വിഷയങ്ങളിലായി വിദഗ്ധരുടെ പാനലിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി സംസ്ഥാന തലത്തിൽ നിരീക്ഷിക്കുന്നതും വിലയിരുത്തുന്നതും സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റ് ആയിരിക്കും. പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 65:35 അനുപാതത്തിലായിരിക്കും. സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിന് നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കേണ്ടതും 50% തുല്യ വിഹിതം വഹിക്കേണ്ടതുമാണ്. റൂസയുടെ ഉന്നത വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി, കേന്ദ്ര ഗവൺമെന്റ് വിഹിതത്തിന്റെ 50% ആയ 2.60 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. റൂസയ്ക്കുവേണ്ടി കാനറാ ബാങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെയും ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. കേന്ദ്രം റിലീസ് ചെയ്ത തുക സംസ്ഥാന വിഹിതത്തോടൊപ്പം ഈ അക്കൗണ്ടിലേക്ക് മാറ്റേണ്ടതുണ്ട്.

**പുതുതായി കോളേജുകൾ**

**2 (1038)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി കോളേജുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) അനുവദിച്ച കോളേജുകൾ ഇനിയും ആരംഭിക്കാത്തത് ഏതെങ്കിലും ഉണ്ടോ ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) 2014-15-ൽ കോങ്ങോട് നിയോജകമണ്ഡലത്തിലനുവദിച്ചിട്ടുള്ള സർക്കാർ ആർട്സ് & സയൻസ് കോളേജ്, യൂണിവേഴ്സിറ്റി അഫിലിയേഷൻ ലഭിക്കാത്തതിനാൽ ഇതുവരെ ആരംഭിച്ചിട്ടില്ല. ഇതുകൂടാതെ 2014-15-ൽ മലപ്പുറത്ത് അനുവദിച്ചിട്ടുള്ള സർക്കാർ വനിത ആർട്സ് & സയൻസ് കോളേജിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള സർവ്വകലാശാല അടച്ചുപൂട്ടിയ ബി.എഡ്. സെന്ററുകൾ**

3 (1039) ശ്രീ. എം. എ. ബേബി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാല അടച്ചുപൂട്ടിയ ബി.എഡ്. സെന്ററുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ബി) ബിഎഡ്. സെന്റർ അടച്ചുപൂട്ടിയതിന്റെ ഫലമായി ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരുടെ സമരത്തെ തുടർന്നുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ പാലിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ; ബി.എഡ്. സെന്റർ അദ്ധ്യാപകർ വീണ്ടും സമരം ആരംഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ബി.എഡ്. സെന്ററുകൾ തുറക്കാത്തതും അദ്ധ്യാപകരുമായുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പാക്കാത്തതും സ്വാശ്രയ ബി.എഡ്. ലോബിയെ സഹായിക്കുന്നതിനാണെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടുന്നതിനും പ്രശ്നം

പരിഹരിക്കുന്നതിനും തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) കേരള സർവ്വകലാശാല നടത്തുന്ന 10 ബി.എഡ്. കോളേജുകളുടേയും അംഗീകാരം NCTE-യുടെ സതേൺ റീജിയണൽ കമ്മിറ്റി ബംഗലൂരു 15-10-2014-ൽ പുറത്തിറക്കിയ ഉത്തരവ് പ്രകാരം റദ്ദാക്കിയിരുന്നു. ഇതിനെതിരെ സർവ്വകലാശാല സമർപ്പിച്ച അപ്പീൽ നിരസിക്കുകയും സതേൺ റീജിയണൽ കമ്മിറ്റിയുടെ തീരുമാനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. NCTE-യുടെ അംഗീകാരം ലഭിക്കാത്തതുകൊണ്ടാണ് ബി.എഡ് സെന്ററുകൾ തുടർന്ന് പ്രവർത്തിപ്പിക്കാൻ സർവ്വകലാശാലയ്ക്ക് സാധിക്കാത്തത്.

(ബി-ഡി) ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ സിൻഡിക്കേറ്റ് അംഗങ്ങൾ സ്റ്റാറ്റ്യൂട്ടറി ഓഫീസേഴ്സ് എന്നിവരടങ്ങുന്ന ഒൻപത് അംഗ കമ്മിറ്റി ഈ കോളേജുകളുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്.

**കേരള യൂണിവേഴ്സിറ്റി ബി.എഡ്. സെന്ററുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി**

4 (1040) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന 10 ബി.എഡ് സെന്ററുകൾ തുറന്നു പ്രവർത്തിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത സെന്ററുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് കേരള യൂണിവേഴ്സിറ്റി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത സെന്ററുകൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബി.എഡ്. കോഴ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ സിൻഡിക്കേറ്റ് അംഗങ്ങൾ, സ്റ്റാറ്റ്യൂട്ടറി ഓഫീസേഴ്സ് എന്നിവരടങ്ങുന്ന ഒൻപത് അംഗ കമ്മിറ്റി ഈ കോളേജുകളുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്.

(ഡി) തീരുമാനമെടുത്തിട്ടില്ല.

**പുതിയ കോളേജുകൾ**

5 (1041) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം മണ്ഡലങ്ങളിലാണ് പുതിയ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ എത്ര കോളേജുകളാണ് ഇതുവരെ ആരംഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ ;

(സി) പുതുതായി ആരംഭിച്ച എത്ര കോളേജുകളിലേക്കാണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്; ശേഷിക്കുന്ന കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

<u>ഉത്തരം</u>

(എ) സർക്കാർ/എയ്ഡഡ് കോളേജുകളില്ലാത്ത താഴെപ്പറയുന്ന 22 നിയോജക മണ്ഡലങ്ങളിൽ പുതിയ സർക്കാർ/എയ്ഡഡ് കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചിരുന്നു :

- ഉദുമ
- പയ്യന്നൂർ
- നാദാപുരം
- ബാലുശ്ശേരി

- കുന്ദമംഗലം
- കൊടുവള്ളി
- മങ്കട
- വേങ്ങര (എയ്ഡഡ് കോളേജ്)
- തവനൂർ
- തൃത്താല
- കോങ്ങോട്
- ചേലക്കര
- ഒല്ലൂർ
- കാട്ടാക്കട
- നെയ്യാറ്റിൻകര
- താനൂർ
- കൊണ്ടോട്ടി
- തലശ്ശേരി
- കരുനാഗപ്പള്ളി
- ആലത്തൂർ
- വൈപ്പിൻ
- മലമ്പുഴ

ഇതുകൂടാതെ സർക്കാർ കോളേജില്ലാത്ത ഏക ജില്ല എന്ന നിലയ്ക്ക് പത്തനംതിട്ടയിലും ബഡ്ജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച പ്രകാരം മലപ്പുറത്തും യഥാക്രമം ഒരു സർക്കാർ കോളേജും ഒരു സർക്കാർ വനിതാ കോളേജും അനുവദിക്കാൻ തീരുമാനിച്ചിരുന്നു.

(ബി) ഇവയിൽ 18 കോളേജുകളാണ് ഇതുവരെ ആരംഭിച്ചിട്ടുള്ളത്. ആരംഭിച്ച കോളേജുകൾ

1. ഉദുമ
2. പയ്യന്നൂർ
3. നാദാപുരം
4. ബാലുശ്ശേരി
5. കുന്ദമംഗലം
6. കൊടുവള്ളി
7. മങ്കട
8. വേങ്ങര (എയ്ഡഡ് കോളേജ്)
9. തവനൂർ
10. തൃത്താല
11. ചേലക്കര
12. ഒല്ലൂർ
13. കാട്ടാക്കട
14. നെയ്യാറ്റിൻകര
15. താനൂർ
16. കൊണ്ടോട്ടി
17. തലശ്ശേരി
18. പത്തനംതിട്ട

(സി) പുതിയതായി ആരംഭിച്ച 12 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ അദ്ധ്യാപക തസ്തികകളും 6 കോളേജുകളിൽ അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ, വേങ്ങര നിയോജക മണ്ഡലത്തിലനുവദിച്ച

എയ്ഡഡ് കോളേജിലേക്കും തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന കോളേജുകളിലെ തസ്തിക സൃഷ്ടിക്കൽ നടപടി സർക്കാരിന്റെ പരിഗണനയിലാണ്.

**കോളേജ് വിദ്യാഭ്യാസ വകുപ്പിലെ മേഖലാ ആഫീസുകൾ**

6 (1042) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ മേഖലാ ആഫീസുകൾ ഏതെല്ലാം ജില്ലകളിലാണുള്ളതെന്ന് വിശദമാക്കാമോ ;

(ബി) കണ്ണൂർ മേഖലാ ഓഫീസ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പ്രസ്തുത ഓഫീസ് എന്ന് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്.

(ബി) കണ്ണൂരിൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുകയും കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ സഹായത്തോടെ വെബ് അടിസ്ഥാനമാക്കിയുള്ള സംയോജിത ഇ-ഗവേണൻസ് പദ്ധതിയിലൂടെ പരിഹാരമുണ്ടാക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. ആയതിനാൽ കണ്ണൂരിൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**നിയോജകമണ്ഡലങ്ങളിലെ സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജ്**

7 (1043) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം

അസംബ്ലി നിയോജക മണ്ഡലങ്ങളിൽ സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് പറയാമോ ;

(ബി) നിയോജകമണ്ഡലങ്ങളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ/എയ്ഡഡ് കോളേജുകളില്ലാത്ത താഴെപ്പറയുന്ന 22 നിയോജക മണ്ഡലങ്ങളിൽ താഴെപ്പറയുന്ന 18 നിയോജകമണ്ഡലങ്ങളിൽ പുതിയ സർക്കാർ/ എയ്ഡഡ് കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

- ഉദുമ
- പയ്യന്നൂർ
- നാദാപുരം
- ബാലുശ്ശേരി
- കുന്ദമംഗലം
- കൊടുവള്ളി
- മങ്കട
- വേങ്ങര (എയ്ഡഡ് കോളേജ്)
- തവനൂർ
- തൃത്താല
- കോങ്ങോട്
- ചേലക്കര
- ഒല്ലൂർ

- കാട്ടാക്കട
- നെയ്യാറ്റിൻകര
- താനൂർ
- കൊണ്ടോട്ടി
- തലശ്ശേരി

ഇതുകൂടാതെ സർക്കാർ കോളേജില്ലാത്ത ഏക ജില്ല എന്ന നിലയ്ക്ക് പത്തനംതിട്ടയിലും പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ച് അട്ടപ്പാടിയിലും ബഡ്ജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച പ്രകാരം മലപ്പുറത്തും യഥാക്രമം രണ്ട് സർക്കാർ കോളേജുകളും ഒരു സർക്കാർ വനിതാ കോളേജും അനുവദിച്ചിട്ടുണ്ട്.

**താനൂർ ഗവൺമെന്റ് കോളേജിലെ അദ്ധ്യാപകേതര ജീവനക്കാർ**

8 (1044) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ സി.എച്ച്. മുഹമ്മദ്കോയ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ അദ്ധ്യാപകേതര തസ്തികകൾ ഏതൊക്കെ എന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) ഇവരിൽ സ്ഥിരനിയമനം ലഭിച്ചവർ എത്രപേരുണ്ടെന്ന് അറിയിക്കുമോ ;

(സി) മുഴുവൻ അദ്ധ്യാപകേതര തസ്തികയിലും സ്ഥിരനിയമനങ്ങൾ നടത്താനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) നിയമന നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) താനൂർ സി.എച്ച്. മുഹമ്മദ്കോയ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിൽ അനദ്ധ്യാപക തസ്തികകൾ ഒന്നും ഇതുവരെ സൃഷ്ടിച്ചിട്ടില്ല. കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ ഓഫീസറെ സഹായിക്കുന്നതിനായി പെരിന്തൽമണ്ണ പി.ടി.എം. ഗവൺമെന്റ് കോളേജിലെ സീനിയർ ക്ലാർക്കിനെ

സേവന ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(ബി) സ്ഥിരനിയമനം ലഭിച്ചവർ ഇല്ല.

(സി) താനൂർ ഗവൺമെന്റ് കോളേജിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നുവെങ്കിലും ധനവകുപ്പ് 19-9-2014-ൽ പുറപ്പെടുവിച്ച ജി.ഒ. (പി) നമ്പർ 400/14/ധന ഉത്തരവ് പ്രകാരം 31-3-2015 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കണ്ട എന്ന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഏപ്രിൽ 2015 വരെ മാറ്റി വയ്ക്കണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

(ഡി) അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ 2015 ഏപ്രിലിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും പുതുക്കിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്.

## കോതമംഗലം എം.എ. കോളേജിലെ ശ്രീ. സജിൻപോളിന്റെ അദ്ധ്യാപക നിയമനം

9 (1045) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.ജി. സർവ്വകലാശാല നിയമന അംഗീകാരം നൽകിയ കോതമംഗലം എം.എ. കോളേജിലെ കോമേഴ്സ് വിഭാഗത്തിലെ അദ്ധ്യാപകനായ ശ്രീ. സജിൻപോളിന്റെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) 2011-ൽ നിയമനം ലഭിച്ച ശ്രീ. സജിൻപോളിന്റെ നിയമനം, അംഗീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രീ. സജിൻ പോൾ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

**അന്വേഷണം നേരിടുന്ന വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലർമാർ**

10 (1046) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ നിയമനം ലഭിച്ച വൈസ് ചാൻസലർമാർ/പ്രോ-വൈസ് ചാൻസലർമാർ ആരെല്ലാം ; ഇവരിൽ വിദ്യാഭ്യാസ യോഗ്യത ഉൾപ്പെടെ വിവിധ അന്വേഷണങ്ങളെ നേരിടുന്നവർ ആരെല്ലാം ; ഏതെല്ലാം കാരണങ്ങൾക്ക് ; സർവ്വകലാശാലകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിലെ വൈസ് ചാൻസലർ/പ്രോ-വൈസ് ചാൻസലർമാരുടെ ഗവേഷണ പ്രബന്ധങ്ങൾ നിയമനം ലഭിച്ചശേഷം കാണാതാകുന്നത് പരിശോധിച്ചുവോ ; എങ്കിൽ ആരുടെയെല്ലാം ഗവേഷണപ്രബന്ധങ്ങളാണ് ഇത്തരത്തിൽ കാണാതായത് ; ഇതിന്മേൽ നിയമനാധികാരിയുടെ അന്വേഷണം നടന്നിട്ടുണ്ടോ ; നിയമനാധികാരി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) വൈസ് ചാൻസലർ/പ്രോ-വൈസ് ചാൻസലർ എന്നിവരുടെ നിയമനത്തിനായുള്ള അടിസ്ഥാന യോഗ്യതകൾ എന്തെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകളെ സംബന്ധിക്കുന്ന വിവരം താഴെ കൊടുക്കുന്നു :

<u>കേരള സർവ്വകലാശാല :</u>

വൈസ് ചാൻസലർ - ഡോ. പി. കെ. രാധാകൃഷ്ണൻ, പ്രോ-വൈസ് ചാൻസലർ- ഡോ. വീരമണികണ്ഠൻ

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല :</u>

വൈസ് ചാൻസലർ - ഡോ. ജെ. ലത, പ്രോ-വൈസ് ചാൻസലർ - ഡോ. കെ. പൗലോസ് ജേക്കബ്

കണ്ണൂർ സർവ്വകലാശാല :

വൈസ് ചാൻസലർ, ഡോ. എം. കെ. അബ്ദുൾ ഖാദർ

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല :

വൈസ് ചാൻസലർ - ഡോ. എം. സി. ദിലീപ് കുമാർ, പ്രോ-വൈസ് ചാൻസലർ - ഡോ. സുചേത നായർ

എം. ജി. സർവ്വകലാശാല :

വൈസ് ചാൻസലർ

1. ഡോ. എ. വി. ജോർജ്ജ് (12-5-2014 വരെ)
2. ഡോ. ബാബു സെബാസ്റ്റ്യൻ

പ്രോ വൈസ് ചാൻസലർ - ഡോ. ഷീന ഷുക്കൂർ

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല :

വൈസ് ചാൻസലർ - ശ്രീ. കെ. ജയകുമാർ

കാലിക്കറ്റ് സർവ്വകലാശാല :

വൈസ് ചാൻസലർ - ഡോ. അബ്ദുൾ സലാം

പ്രോ-വൈസ് ചാൻസലർ - ഡോ. രവീന്ദ്രനാഥ്. കെ.

കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി :

വൈസ് ചാൻസലർ - ഡോ. കുഞ്ചെറിയാ പി. ഐസക്, പ്രോ-വൈസ് ചാൻസലർ - ഡോ. എം. അബ്ദുൾ റഹ്മാൻ

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് :

വൈസ് ചാൻസലർ - ഡോ. റോസ് വർഗ്ഗീസ്

ഇവരിൽ അന്വേഷണങ്ങളെ നേരിടുന്നവർ ആരും ഇപ്പോഴില്ല.

(ബി) കാലടി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ ഡോ. എം. സി. ദിലീപ് കുമാറിന്റെ പ്രബന്ധം നഷ്ടമായത് സംബന്ധിച്ച് അദ്ദേഹത്തിൽനിന്ന് ലഭിച്ച പരാതി എം. ജി. സർവ്വകലാശാല തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) വൈസ് ചാൻസലറെ, സർവ്വകലാശാല നിയമപ്രകാരം നിയമിക്കുന്നത്, അതാത് സർവ്വകലാശാല ചാൻസലർ കൂടിയായ ബഹു. കേരള ഗവർണ്ണറാണ്. സർവ്വകലാശാല ആക്ട് പ്രകാരം ബഹു. ചാൻസലർ ഒരു സെർച്ച് കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയിൽ/ശിപാർശ പാനലിൽ നിന്നും ഒരു വ്യക്തിയെ ബഹുമാനപ്പെട്ട ചാൻസലർ, വൈസ് ചാൻസലറായി നിയമിക്കുകയുമാണ് ചെയ്യുന്നത്. പ്രോ-വൈസ് ചാൻസലർമാരെ അതതു യൂണിവേഴ്സിറ്റികളിലെ വൈസ് ചാൻസലറും ചാൻസലറും കൂടിയാലോചിച്ചാണ് ചാൻസിലറെ നിയമിക്കുന്നത്. സർവ്വകലാശാല നിയമങ്ങളും സ്റ്റാറ്റ്യൂട്ടുകളും അനുശാസിക്കുന്ന യോഗ്യതകളാണ് വൈസ് ചാൻസലർ/പ്രോ-വൈസ് ചാൻസലർമാർക്കുള്ള അടിസ്ഥാന യോഗ്യത. കൂടാതെ യു.ജി.സി മാനദണ്ഡങ്ങളും ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ പരിഗണിക്കാവുന്നതാണ്.

**പുതുതായി അനുവദിച്ച കോളേജുകൾ**

11 (1047) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി അനുവദിച്ച കോളേജുകളിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനുവദിച്ച 19 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 13 കോളേജുകൾക്ക് അദ്ധ്യാപക തസ്തികകളും 7 കോളേജുകൾക്ക് അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ

ഭാഗമായി പുറപ്പെടുവിച്ച 19-9-2014-ലെ ജി.ഒ.(പി)400/2014/ധനവകുപ്പ് ഉത്തരവിന്റെ വെളിച്ചത്തിൽ ശേഷിക്കുന്ന കോളേജുകളിലേക്കാവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

**സ്വാശ്രയ കോളേജുകൾ അനുവദിക്കുന്നതിന് ദൂരപരിധി**

12 (1048) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ കോളേജുകൾ അനുവദിക്കുന്നതിന് കോളേജുകൾ തമ്മിൽ ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കോളേജുകൾ അനുവദിക്കുന്നതിന് ദൂരപരിധി നിശ്ചയിക്കാത്തത് കാരണം പല കോളേജുകളിലും ആവശ്യത്തിന് വിദ്യാർത്ഥികളെ കിട്ടാത്ത സാഹചര്യം നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുതിയ സ്വാശ്രയ കോളേജുകൾ അനുവദിക്കുമ്പോൾ ദൂരപരിധി മാനദണ്ഡമാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) സ്വാശ്രയ കോളേജുകളിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനമായിട്ടുണ്ട്. ദൂരപരിധി സംബന്ധിച്ച വിഷയം പ്രസ്തുത കമ്മിറ്റിയുടെ പരിഗണനാ വിഷയത്തിൽപ്പെട്ടിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

**സ്കോളർ സപ്പോർട്ട് പ്രോഗ്രാം**

13 (1049) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പദ്ധതിയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി എയ്ഡഡ് കോളേജുകളിൽക്കൂടി നടപ്പാക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) നടപ്പാക്കിയിട്ടുണ്ട്. പഠനവിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക്, ആ വിഷയത്തിൽ പ്രകടനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അധിക പിന്തുണ നൽകുന്ന പദ്ധതിയാണ് സ്കോളർ സപ്പോർട്ട് പ്രോഗ്രാം (SSP). ഇതിനായി ട്യൂഷൻ ക്ലാസ്സുകൾ, അധിക ലക്ചറുകൾ, പഠനസഹായികൾ, ക്വസ്റ്റ്യൻ ബാങ്ക് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിക്കുന്നു.

(ബി) ഓരോ കോളേജിലെയും തെരഞ്ഞെടുത്ത 50 ആദ്യവർഷ ബിരുദതല വിദ്യാർത്ഥികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ആദ്യവർഷം പദ്ധതിയിലേക്ക് വരുന്നവർക്ക് ബിരുദ പ്രോഗ്രാമിന്റെ രണ്ടും മൂന്നും വർഷങ്ങളിലും പദ്ധതി പ്രകാരമുള്ള പ്രയോജനം ലഭിക്കുന്നതാണ്. ഏതൊക്കെ വിഷയങ്ങളിലാണ് വിദ്യാർത്ഥികൾക്ക് അധിക സഹായം നൽകേണ്ടതെന്ന് കോളേജുകൾക്ക് തീരുമാനിക്കാവുന്നതാണ്. പ്ലസ് ടു തലത്തിൽ ലഭിക്കുന്ന മാർക്ക് പരിഗണിച്ച് പിന്നിൽ നിൽക്കുന്നവർക്കാണ് പദ്ധതി പ്രകാരമുള്ള പ്രയോജനം ലഭിക്കുക.

(സി) സ്കോളർ സപ്പോർട്ട് പ്രോഗ്രാം എയ്ഡഡ് കോളേജുകളിലും നടപ്പാക്കി വരുന്നു. 2014-15 വർഷത്തിൽ 148 എയ്ഡഡ് കോളേജുകളിൽ ടി പദ്ധതി നടപ്പിലാക്കി.

**രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതി സഹായം**

14 (1050) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലുശ്ശേരി ഗവൺമെന്റ് ആർട്ട്സ് & സയൻസ് കോളേജിന് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതി സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെടാമോ ?

ഉത്തരം

2015-16 -ൽ ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്മെന്റ് പ്ലാൻ സമർപ്പിക്കാവുന്നതാണ്. യു.ജി.സി.-യുടെ 12 (B), 2 (F) അംഗീകാരം ലഭിച്ചിട്ടുള്ള കോളേജുകൾക്കും അക്രെഡിറ്റേഷൻ ഉള്ള കോളേജുകൾക്കുമാണ് മുൻഗണന.

**കോഴിക്കോട് കേന്ദ്രമായി എൽ.എൽ.ബി. സായാഹ്ന കോളേജ്**

15 (1051) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കേന്ദ്രമായി എൽ.എൽ.ബി. സായാഹ്ന കോളേജ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല.

**കോഴിക്കോട് സർവ്വകലാശാല ഹോസ്റ്റലുകളിലെ പ്രവേശനം**

16 (1052) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ടി. വി. രാജേഷ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ റെഗുലർ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള ഹോസ്റ്റലുകളിൽ സ്വാശ്രയ കായിക വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയ വൈസ് ചാൻസലറുടെ നടപടി സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ;

(ബി) ഇത്തരം തീരുമാനങ്ങൾ പൊതുവിദ്യാഭ്യാസത്തെ തകർക്കുന്നതിനും സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കുവേണ്ടി റെഗുലർ വിദ്യാർത്ഥികളുടെ സൗകര്യങ്ങൾ കവർന്നെടുക്കുകയും ചെയ്യുന്ന പുതിയ കീഴ്വഴക്കം സൃഷ്ടിക്കുന്നതിനും കാരണമാകുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) വൈസ് ചാൻസലറുടെ തീരുമാനത്തിനെതിരെ പൊതുവിദ്യാഭ്യാസം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് സർവ്വകലാശാലാ കാമ്പസ് വിദ്യാർത്ഥികൾ നടത്തിവരുന്ന സമരം ഒത്തുതീർക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി നൽകിയ ഉറപ്പ് പാലിക്കപ്പെടാതെ പോയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഡി) നാല് മാസമായി വിദ്യാർത്ഥികൾ നടത്തിവരുന്ന സമരം ഒത്തുതീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കായിക വിദ്യാർത്ഥികൾക്ക് അവരുടെ സമയക്രമം അനുസരിച്ച് അതിരാവിലെ മുതൽ വൈകുന്നേരം വരെ പരിശീലനം നടക്കുന്നതിനാൽ ദിവസം തോറുമുള്ള യാത്ര ദുഷ്കരമാണ്. ആയതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് കാമ്പസിൽ താമസ സൗകര്യം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമായാണ് സർവ്വകലാശാല കാണുന്നത്.

(സി) സമരം ഒത്തുതീർപ്പാക്കുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനമനുസരിച്ച് കായിക വിദ്യാർത്ഥികൾക്കായി 3.7 കോടി രൂപ ചെലവിൽ സ്പോർട്സ് ഹോസ്റ്റൽ നിർമ്മിക്കാനുള്ള തീരുമാനം സിൻഡിക്കേറ്റ് കൈക്കൊള്ളുകയും പ്രസ്തുത ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം സി.പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 9-3-2015-ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലും വിദ്യാർത്ഥികൾ നടത്തിവന്ന സമരം ഒത്തുതീർക്കാൻ ശ്രമിച്ചുവെങ്കിലും ഫലം കണ്ടില്ല. സമരം ഒത്തുതീർപ്പാക്കുന്നതിനുള്ള ശ്രമം ഇനിയും തുടരുന്നതാണ്.

**മലപ്പുറത്ത് പുതുതായി അനുവദിച്ച സർക്കാർ വനിതാ കോളേജ്**

17 (1053) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറത്ത് പുതുതായി അനുവദിച്ച സർക്കാർ വനിതാ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ;

(ബി) സ്പെഷ്യൽ ഓഫീസറുടെ നിയമനം, കോഴ്സുകൾ എന്നിവ സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) അടുത്ത അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിക്കത്തക്ക രീതിയിൽ നടപടികൾ ഊർജ്ജിതപ്പെടുത്തുമോ ?

ഉത്തരം

(എ-സി) മലപ്പുറത്ത് പുതുതായി അനുവദിച്ച സർക്കാർ വനിതാ കോളേജിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന നടപടികൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരികയാണ്. കോഴ്സുകൾ സംബന്ധിച്ച റിപ്പോർട്ട് സ്പെഷ്യൽ ഓഫീസറാണ് ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുമായി കൂടിയാലോചിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിന് സമർപ്പിക്കേണ്ടത്. ഈ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സർക്കാർ, എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണാവകാശം**

18 (1054) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണാവകാശം നല്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വിദഗ്ധരടക്കമുള്ളവരുടെ വിരുദ്ധാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദേശീയതലത്തിൽ പരാജയപ്പെട്ട ഒരു പദ്ധതി എന്ന് വിദ്യാഭ്യാസ വിദഗ്ധർ അഭിപ്രായപ്പെട്ട പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുമോ ;

(സി) സ്വയം ഭരണ കോളേജുകൾക്ക് മോണിറ്ററിംഗ് കമ്മറ്റി നിലവിലുണ്ടാകുമോ ; എങ്കിൽ അതിന്റെ ഘടന വിശദമാക്കാമോ?

## ഉത്തരം

(എ) സംസ്ഥാനത്തെ ഉന്നതനിലവാരം പുലർത്തുന്ന കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ. എൻ. ആർ. മാധവമേനോൻ അദ്ധ്യക്ഷനായ സമിതി ഇതുസംബന്ധിച്ച് എല്ലാവിധ അഭിപ്രായങ്ങളും പരിഗണിച്ചാണ് റിപ്പോർട്ട് സമർപ്പിച്ചത്.

(ബി) ഇല്ല.

(സി) സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ പ്രവർത്തനം വിലയിരുത്താനും പരാതികൾ വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി നടപടികൾ ശിപാർശ ചെയ്യാനും വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായുള്ള സ്വയംഭരണ അംഗീകാര സമിതിക്ക് അധികാരമുണ്ട്. പ്രസ്തുത സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു :

1. വിദ്യാഭ്യാസ വകുപ്പുമന്ത്രി - ചെയർമാൻ
2. വൈസ് ചെയർമാൻ, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ - വൈസ് ചെയർമാൻ
3. ധനകാര്യ വകുപ്പ് സെക്രട്ടറി - മെമ്പർ.
4. കേരള, കാലിക്കറ്റ്, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർമാർ - മെമ്പർ
5. സർക്കാർ നിർദ്ദേശിക്കുന്ന കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിലെ ഒരു അംഗം - മെമ്പർ
6. നിയമ വകുപ്പ് സെക്രട്ടറി - മെമ്പർ
7. ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി - മെമ്പർ സെക്രട്ടറി.

## സർക്കാർ/എയ്ഡഡ് മേഖലയിൽ അറബിക് കോളേജുകൾ

19 (1055) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ എത്ര അറബിക് കോളേജുകളുണ്ട് ;

(ബി) ഇവയിൽ എത്ര കോളേജുകൾ ആർട്സ് ആന്റ് സയൻസ്, കോമേഴ്സ് കോഴ്സുകൾ ആരംഭിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ;

(സി) ഇത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വിദഗ്ദ സമിതിയുടെ ശിപാർശ എന്താണ്; സർക്കാർ ഇക്കാര്യം അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ശിപാർശയിൻമേൽ ധനകാര്യ വകുപ്പിന്റെ നിലപാട് എന്തായിരുന്നു വെന്ന് വിശദമാക്കാമോ :

(ഇ) അപേക്ഷിച്ച കോളേജുകൾക്കെല്ലാം കോമേഴ്സ് കോഴ്സുകൾ അനുവദിച്ചാൽ സർക്കാരിനുണ്ടാകാവുന്ന സാമ്പത്തിക ബാധ്യത എത്രയായിരിക്കും; എത്ര അദ്ധ്യാപക/അദ്ധ്യാപകേതര തസ്തികകൾ സൃഷ്ടിക്കേണ്ടതായി വരുമെന്നു വ്യക്തമാക്കാമോ :

(എഫ്) എയ്ഡഡ് അറബിക് കോളേജുകളിലേയ്ക്കുള്ള നിയമനം നടത്തുന്നത് ആരാണ് ?

### ഉത്തരം

(എ) എയ്ഡഡ് മേഖലയിൽ കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ 9 അറബിക് കോളേജുകളും കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ 2 അറബിക് കോളേജുകളുമാണ് ഉള്ളത്. സർക്കാർ മേഖലയിൽ അറബിക് കോളേജുകളില്ല.

(ബി) കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലെ 3 അറബിക് കോളേജുകളും കണ്ണൂർ സർവ്വകലാശാലയുടെ കീഴിലെ 2 അറബിക് കോളേജുകളും ആർട്സ് ആന്റ് സയൻസ് കോഴ്സുകൾ ആരംഭിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി-ഇ) അറബിക് കോളേജുകൾക്ക് റഗുലർ ആർട്സ് & സയൻസ് കോളേജിന് തുല്യമാക്കുക, അറബിക് കോളേജുകളിൽ മുഖ്യധാര കോഴ്സുകൾ അനുവദിക്കുക മുതലായ ശിപാർശകൾ ഉന്നതവിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ചിട്ടുണ്ട്. ഈ

ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. ഈ ശിപാർശകൾ അംഗീകരിക്കുന്ന പക്ഷം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല.

(എഫ്) അറബിക് കോളേജുകളിലെ താഴ്ന്ന ഗ്രേഡിലേയ്ക്കുള്ള അദ്ധ്യാപക നിയമനം സർവ്വകലാശാല മാനദണ്ഡങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഏജൻസി തന്നെയാണ് നടത്തുന്നത്.

**കോളേജുകളിൽ സ്കോളർ സപ്പോർട്ട് പ്രോഗ്രാം**

20 (1056) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിൽ സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ ;എങ്കിൽ വിശദമാക്കുമോ ;

(ബി) ഏതെല്ലാം കോളേജുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിലെ ഏതെല്ലാം കോളേജുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) പഠനവിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക്, ആ വിഷയത്തിൽ പ്രകടനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അധിക പിന്തുണ നൽകുന്ന പദ്ധതിയാണ് സ്കോളർ സപ്പോർട്ട് പ്രോഗ്രാം (SSP). ഇതിനായി ട്യൂഷൻ ക്ലാസ്സുകൾ, അധിക ലക്ചറുകൾ, പഠനസഹായികൾ, ക്വസ്റ്റ്യൻ ബാങ്ക് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിക്കുന്നു. ഓരോ കോളേജിലെയും തെരഞ്ഞെടുത്ത 50 ആദ്യവർഷ ബിരുദതല വിദ്യാർത്ഥികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ആദ്യവർഷം പദ്ധതിയിലേക്ക് വരുന്നവർക്ക് ബിരുദ പ്രോഗ്രാമിന്റെ രണ്ടും മൂന്നും വർഷങ്ങളിലും പദ്ധതി പ്രകാരമുള്ള പ്രയോജനം ലഭിക്കുന്നതാണ്.

ഏതൊക്കെ വിഷയങ്ങളിലാണ് വിദ്യാർത്ഥികൾക്ക് അധിക സഹായം നൽകേണ്ടതെന്ന് കോളേജുകൾക്ക് തീരുമാനിക്കാവുന്നതാണ്. പ്ലസ് ടു തലത്തിൽ ലഭിക്കുന്ന മാർക്ക് പരിഗണിച്ച് പിന്നിൽ നിൽക്കുന്നവർക്കാണ് പദ്ധതി പ്രകാരമുള്ള പ്രയോജനം ലഭിക്കുക.

(ബി) 2012-13 അദ്ധ്യയന വർഷം അന്ന് നിലവിലുണ്ടായിരുന്ന 41 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പദ്ധതി ആരംഭിച്ചു. 2013-14 അദ്ധ്യയന വർഷം 27 എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും 2014-15 അദ്ധ്യയന വർഷത്തിൽ അവശേഷിക്കുന്ന എയ്ഡഡ് കോളേജുകളിലും പദ്ധതി ആരംഭിച്ചു. ഇതനുസരിച്ച് 2014-15 അദ്ധ്യയന വർഷം 41 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലും 148 എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും പദ്ധതി നിലവിലുണ്ട്.

(സി) വയനാട് ജില്ലയിലെ 6 കോളേജുകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

1. ഗവൺമെന്റ് കോളേജ്, കൽപ്പറ്റ
2. ഗവൺമെന്റ് കോളേജ്, മാനന്തവാടി
3. സെന്റ് മേരീസ് കോളേജ്, സുൽത്താൻ ബത്തേരി
4. പഴശ്ശിരാജ കോളേജ്, പുൽപ്പള്ളി
5. മേരിമാതാ ആർട്സ് & സയൻസ് കോളേജ്, മാനന്തവാടി
6. WMO ആർട്സ് & സയൻസ് കോളേജ്, മുട്ടിൽ

**കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്ബ്**

21 (1057) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ എന്നും വിശദീകരിക്കാമോ ;

(സി) പ്രസ്തുത ക്ലബ്ബുകളുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-സി) ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് വർഷം തോറും പുറത്തിറങ്ങുന്ന ഒരു ലക്ഷത്തോളം ബിരുദധാരികളിൽ നല്ലൊരുവിഭാഗം വിദ്യാർത്ഥികൾക്ക് സംരംഭകത്വ ആശയം ഉണ്ടെങ്കിലും അവ പ്രാവർത്തികമാക്കുന്നതിനുള്ള സാഹചര്യവും പിന്തുണയും ലഭിക്കുന്നില്ല. വിദ്യാർത്ഥികളുടെ സംരംഭങ്ങൾക്ക് പ്രചോദനം നൽകേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്ന് കണ്ടതിനാലാണ് സംരംഭകത്വ ക്ലബുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾ തൊഴിൽഅന്വേഷകർ എന്നതിന് പകരം തൊഴിൽ ദാതാക്കളായി മാറുന്ന സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇതുവഴി കഴിയും. സംരംഭകത്വ ക്ലബുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 15-1-2014-ന് ടെക്ക്നോപാർക്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. സാധാരണ ക്ലബ്ബുകളിൽ നിന്ന് വ്യത്യസ്തമായി സംരംഭകത്വ ക്ലബുകൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യുകയും പൂർണ്ണമായും വിദ്യാർത്ഥികൾ തന്നെ നടത്തുകയും ചെയ്യുന്നു. എല്ലാ കോളേജുകളിലും ഇത്തരം ക്ലബുകൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. എല്ലാ വർഷവും സെപ്റ്റംബർ 12 സംസ്ഥാന സംരംഭകത്വ ദിനമായി ആചരിക്കാനും സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. 2013 ജനുവരി മുതൽ 1804 അപേക്ഷകൾ സ്റ്റാർട്ട് അപ് വില്ലേജിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ 136 സംരംഭങ്ങൾ സ്റ്റാർട്ട് അപ്പ് വില്ലേജിൽ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഗുലേഷൻസിലും ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യൂബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ സ്റ്റാർട്ട് അപ്പ് ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ

പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്.

## സ്കൂളുകളിലും കോളേജുകളിലും നടക്കുന്ന അക്കാദമിക് കാര്യങ്ങളിലെ പ്രോട്ടോക്കോൾ സംബന്ധിച്ച്

22 (1058) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സഹായം കൈപ്പറ്റുന്ന സ്കൂളുകളിലും കോളേജുകളിലും നടക്കുന്ന അക്കാദമിക് കാര്യങ്ങളിൽ പ്രോട്ടോക്കോൾ ബാധകമാണോയെന്ന് വ്യക്തമാക്കാമോ ;

(ബി) പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിയമസഭ പാർലമെന്റ് അംഗങ്ങളെ അവഗണിച്ച് സ്കൂളിലെ അക്കാദമിക് കാര്യങ്ങളിൽ മതസാമുദായിക നേതൃത്വങ്ങളെ പങ്കെടുപ്പിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ബാധകമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വിദ്യാർത്ഥി സമരം ഒത്തുതീർക്കുന്നതിന് നടപടി

23 (1059) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ നടത്തി വരുന്ന സമരം ഒത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) സമരത്തിന് ആധാരമായി വിദ്യാർത്ഥികളുന്നയിച്ച ആവശ്യങ്ങളോടുള്ള സർവ്വകലാശാല അധികൃതരുടെയും സർക്കാരിന്റെയും നിലപാട് എന്തെന്ന് വെളിപ്പെടുത്താമോ ;

(സി) സമരം തീർക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും

നൽകിയ ഉറപ്പുകളിൽ നിന്നും പിന്മാറിയിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ ;

(ഡി) കാമ്പസിലെ റെഗുലർ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഹോസ്റ്റൽ സൗകര്യം സ്വാശ്രയ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാനുള്ള വൈസ് ചാൻസലറുടെ തീരുമാനം ചട്ടപ്രകാരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഭീമമായ ഫീസ് നൽകി പഠിക്കുന്ന സ്വാശ്രയ കായിക വിദ്യാർത്ഥികൾക്ക് പ്രത്യേകം ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തേണ്ട ബാധ്യത സർവ്വകലാശാല നിർവ്വഹിക്കാത്തതിന്റെ കാരണമാരായാത്തതെന്തുകൊണ്ടെന്ന് വിശദമാക്കാമോ ;

(എഫ്) കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലറുടെ ചട്ടവിരുദ്ധ തീരുമാനങ്ങൾ റദ്ദാക്കുന്നതിനും വിദ്യാർത്ഥികളുടെ സമരം ഒത്തുതീർക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് സർവ്വകലാശാലയിൽ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ നടത്തിവരുന്ന സമരം വൈസ് ചാൻസലറുടെ നേതൃത്വത്തിൽ 9-3-2015-ൽ ചേർന്ന യോഗത്തിൽ ഒത്തു തീർപ്പാക്കാനുള്ള ശ്രമവും വിജയിച്ചിട്ടില്ല.

(ബി) വിദ്യാർത്ഥികൾ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചു നൽകണമെന്നതാണ് സർക്കാർ നിലപാട്.

(സി) സമരം തീർക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും നൽകിയ ഉറപ്പുകളിൽ നിന്നും പിന്മാറിയിട്ടില്ല. പക്ഷേ ഒത്തുതീർപ്പിന് വിദ്യാർത്ഥികൾ ഇനിയും തയ്യാറായിട്ടില്ല.

(ഡി) കാമ്പസിലെ റെഗുലർ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള

ഹോസ്റ്റൽ സൗകര്യം സ്വാശ്രയ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാതിരിക്കാൻ നിയമമില്ല എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. അതേസമയം റഗുലർ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സൗകര്യങ്ങളിൽ കുറവുവരുത്താതെ തന്നെ സ്വാശ്രയ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗകര്യം ഏർപ്പെടുത്താനുള്ള ശ്രമം നടത്തിവരികയാണ്.

(ഇ) സ്വാശ്രയ കായിക വിദ്യാർത്ഥികൾക്ക് പ്രത്യേകം സ്പോർട്സ് ഹോസ്റ്റൽ നിർമ്മിക്കുവാൻ 3.7 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സർവ്വകലാശാല ആരംഭിച്ചിട്ടുണ്ട്.

(എഫ്) 9-3-2015-ന് ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വിദ്യാർത്ഥികളുടെ സമരം ഒത്തുതീർപ്പാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ആയതിനുള്ള ശ്രമം തുടർന്നുവരികയാണ്.

**തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നടന്ന സംഭവങ്ങൾ**

24 (1060) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നടന്ന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയ യുവജന കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) കോളേജിൽ അച്ചടക്കവും സമാധാനവും നിലനിർത്താൻ ശ്രമിക്കുന്ന അദ്ധ്യാപകരെ ഭീഷണിപ്പെടുത്തുന്ന സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഭീഷണിമൂലം പ്രിൻസിപ്പലിനുപോലും അവധിയിൽ പോകേണ്ടിവന്നിട്ടുണ്ടോ ;

(സി) ഗുരുതര ക്രമസമാധാന പ്രശ്നവും ക്രിമിനൽ പ്രവർത്തനങ്ങളും

ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ അവ ആവർത്തിക്കാതിരിക്കാനും കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. ശിപാർശ അനുബന്ധമായി ചേർക്കുന്നു.*

(ബി) കോളേജിലെ വിഷയങ്ങളിൽ ഇടപെട്ടതിന്റെ പേരിൽ പത്തോളം അദ്ധ്യാപകർക്ക് ഭീഷണിക്കത്ത് ലഭിച്ചതായും ഭീഷണികാരണമാണ് പ്രിൻസിപ്പാൾ ഡോ. ബീന അവധിയിൽ പോയതെന്നും കേരള സർവ്വകലാശാല സെനറ്റ് അംഗവും അന്വേഷണ കമ്മീഷൻ അംഗവുമായ ഡോ. സുരേഷ്. എ. കെ (സൈക്കോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ) യുവജന കമ്മീഷൻ മുമ്പാകെ മൊഴി നൽകിയിട്ടുണ്ട്.

(സി) യുവജന കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

**ലൈബ്രേറിയന്മാരില്ലാത്ത കോളേജുകൾ**

25 (1061) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ലൈബ്രേറിയന്മാരില്ലാത്ത എത്ര കോളേജുകൾ ഉണ്ട് ; പ്രസ്തുത കോളേജുകളിലെ ലൈബ്രറികളിൽ പുസ്തക വിതരണത്തിന് എന്ത് ക്രമീകരണമാണുള്ളത് ;

(ബി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ ലൈബ്രേറിയൻമാർക്ക് നെറ്റ് യോഗ്യത നിർബന്ധമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് കോളേജുകളിലും ലൈബ്രേറിയൻ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

എയ്ഡഡ് മേഖലയിലെ എല്ലാ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും ലൈബ്രേറിയൻമാർ പ്രവർത്തിച്ചുവരുന്നു.

സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ കോമൺപൂൾ ലൈബ്രറി സർവ്വീസിൽനിന്നാണ് ലൈബ്രേറിയൻമാരെ നിയമിക്കുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ ലൈബ്രേറിയൻമാർ സ്ഥലം മാറ്റമോ/തസ്തിക കയറ്റമോ നേടുമ്പോൾ ഉണ്ടാകുന്ന ഒഴിവ് സർക്കാരിനെ അറിയിക്കുന്നതിനോടൊപ്പം ലൈബ്രറിയുടെ ചുമതല സ്ഥാപന മേധാവി നേരിട്ടോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ നിർവഹിക്കുകയാണ് ചെയ്തുവരുന്നത്.

(ബി) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള യു.ജി.സി. തസ്തികകളിലേയ്ക്ക് ലൈബ്രേറിയൻ ഗ്രേഡ് I ആയി സേവനവും യു.ജി.സി. അനുശാസിക്കുന്ന യോഗ്യതയുള്ളവർക്ക് നിയമനം നൽകിവരുന്നു. സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ യു.ജി.സി. ലൈബ്രേറിയൻമാർക്ക് MLISc-യിൽ 55%-മാർക്കും നെറ്റ് യോഗ്യതയുമാണ് ആവശ്യമുള്ളത്. എന്നാൽ നെറ്റ് യോഗ്യത ഇല്ലാത്തപക്ഷം Ph.D യോഗ്യത നിർബന്ധമാണ്.

**കെ. കെ. അനീഷ് മാസ്റ്ററുടെ മരണത്തെക്കുറിച്ചുള്ള അന്വേഷണം**

26 (1062) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുന്തിയൂർ ഹയർ സെക്കണ്ടറി സ്കൂളിൽനിന്നും പിരിച്ചുവിട്ട ശ്രീ. കെ. കെ. അനീഷ് മാസ്റ്ററുടെ മരണത്തെക്കുറിച്ച് എന്തെല്ലാം അന്വേഷണങ്ങളാണ് നടക്കുന്നത്;

(ബി) പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം 18-11-2014-ൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(സി) അന്വേഷണ റിപ്പോർട്ട് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ടിയാന്റെ ആശ്രിതർക്ക് സർക്കാർ സർവ്വീസിലോ അതേ സ്കൂളിലോ ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പ്രസ്തുത വിഷയത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ക്യൂ.ഐ.പി. വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം 18-11-2014-ൽ അന്വേഷണം നടത്തുകയുണ്ടായി.

(ബി) അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം മലപ്പുറം മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. കെ. സി. ഗോപിക്കെതിരെ നടപടി സ്വീകരിക്കാനും മൂന്നിയൂർ ഹൈസ്കൂൾ പ്രഥമാദ്ധ്യാപിക, മാനേജർ എന്നിവർക്ക് ചാർജ്ജ് മെമ്മോ നൽകാനുമുള്ള നടപടികൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള നിയമപ്രകാരം പ്രസ്തുത മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളിൽ മാത്രമേ ടിയാന്റെ ആശ്രിതർക്ക് നിയമനം നല്കുവാൻ വ്യവസ്ഥയുള്ളൂ.

**സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂൾ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ**

27 (1063) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും, മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസക്തഭാഗം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിധി നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണ് ; വിശദമാക്കുമോ ;

(സി) പ്രാദേശികതലത്തിൽ ഇത്തരം സ്കൂളുകളുടെ നിയന്ത്രണത്തിന് കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള അധികൃതരുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് ന്യായമായ സംരക്ഷണം നല്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിധിന്യായത്തിന്റെ പ്രസ്തുത ഭാഗം അനുബന്ധമായി ചേർക്കുന്നു.*

(ബി) അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മാനേജ്മെന്റ് പ്രതിനിധികളും അദ്ധ്യാപക സംഘടനാ പ്രതിനിധികളും ഉൾപ്പെട്ട സംസ്ഥാനതല കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അഫിലിയേഷനുള്ള എൻ.ഒ.സി. നൽകുമ്പോൾ ജീവനക്കാർക്ക് ഗവൺമെന്റ് നിരക്കിലുള്ള വേതനം നൽകാമെന്ന് സ്കൂൾ അധകൃതരിൽനിന്നും മുദ്രപത്രത്തിൽ ഉറപ്പ് എഴുതി വാങ്ങുന്നുമുണ്ട്.

(സി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ-അഫിലിയേഷനുള്ളതും സംസ്ഥാന സർക്കാർ എൻ.ഒ.സി. നൽകിയിട്ടുള്ളതുമായ സ്കൂളുകളിലെ ജീവനക്കാർക്ക് ന്യായമായ സംരക്ഷണം നൽകാൻ കഴിയുന്ന സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

**എൽ.പി.എസ്.എ.-യുടെ ശമ്പളം തടഞ്ഞുവച്ചവർക്കെതിരെ നടപടി**

28 (1064) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം AEO-യുടെ കീഴിൽ വരുന്ന ചാരുംമൂട് സെന്റ് മേരീസ് L.P.S-ലെ LPSA ശ്രീമതി മിനി ജോസഫിന്റെ ശമ്പളം തടഞ്ഞുവച്ച് ഉപദ്രവിക്കുന്നത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പരിഹരിക്കുവാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ശമ്പളം നല്കാതെ ഈ അദ്ധ്യാപികയെ മാനസികമായി പീഡിപ്പിക്കുന്നത് അവസാനിപ്പിക്കാൻ എന്ത് നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ കുറ്റാരോപിതരായവർക്കെതിരെ എന്ത് ശിക്ഷണ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ വിഷയം സംബന്ധിച്ച് പോലീസ് വിജിലൻസോ വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ ഒരു സമിതിയെയോ നിയമിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(ഇ) ന്യായ യുക്തമല്ലാതെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ ഉണ്ടാകുമോ ;

(എഫ്) എയ്ഡഡ് സ്കൂളുകളിലെ സർവ്വീസുകൾ യാതൊരു നീതീകരണവുമില്ലാതെ നീട്ടികൊണ്ട് പോകുകയും അഴിമതിയ്ക്ക് വലിയ തോതിൽ ഇടവരുത്തുകയും ചെയ്യുന്നത് മൂലം ഉണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ ഒരു ചുരുങ്ങിയ സമയ പരിധിക്കുള്ളിൽ ഇത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ചാരുംമൂട് സെന്റ് മേരീസ് എൽ.പി. സ്കൂളിലെ എൽ.പി.എസ്.എ. ആയ ശ്രീമതി. മിനി ജോസഫിന് 3-6-2013 മുതൽ 1-6-2014 വരെയുള്ള ശമ്പളം മാറിനൽകി സേവന പുസ്തകവും എൽ.പി.സി.-യും കുറുമ്പ്രക്കര സെന്റ് ബ്രൊക്കാർഡ്സ് എൽ.പി. സ്കൂളിലേക്ക് 2014 നവംബർ മാസത്തിൽ അയച്ചിരുന്നു. എന്നാൽ, പ്രസ്തുത അദ്ധ്യാപിക 2-6-2014 മുതൽ 25-6-2014 വരെ ടി സ്കൂളിൽ ജോലി ചെയ്ത കാലയളവിലെ ശമ്പളം മാറി എൽ.പി.സി.-യും അനുബന്ധ രേഖകളും ഇതുവരെയും ലഭിച്ചിട്ടില്ല. ആയത് ലഭിച്ചാലുടൻ തന്നെ 25-6-2014 മുതലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും മാറി നൽകുന്നതാണെന്ന് പ്രഥമാദ്ധ്യാപിക അറിയിച്ചിട്ടുണ്ട്. 2-6-2014 മുതൽ 26 ദിവസത്തെ ശമ്പളം സ്പാർക്ക് മുഖേന പാർട്ട് സാലറിയായി എടുത്തപ്പോൾ നിർബന്ധിതമായി കുറവ് ചെയ്യേണ്ട തുകകൾ ഉൾപ്പെട്ട് വന്നിട്ടില്ലാത്തതിനാൽ പ്രസ്തുത ദിവസങ്ങളിലെ ശമ്പളം മാറി

നൽകുവാനായിട്ടില്ല. ഈ വിവരം സ്പാർക്ക് അധികാരികളെ അറിയിച്ചിട്ടുണ്ട്.

(ബി) 17-6-2014-ലെ സർക്കാർ ഉത്തരവിന്റേയും, 25-8-2014-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്തിന്റേയും അടിസ്ഥാനത്തിൽ ശ്രീമതി മിനി ജോസഫിന്റെ സ്ഥലംമാറ്റം അംഗീകരിച്ച് നൽകുകയും, 3-6-2013 മുതൽ 1-6-2014 വരെയുള്ള ശമ്പളം മാറി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ ആരും വീഴ്ച വരുത്തിയതായി കാണുന്നില്ല.

(ഡി) ഈ വിഷയത്തിൽ ആരും വീഴ്ച വരുത്തിയതായി കാണുന്നില്ല. ആയതിനാൽ പ്രത്യേക അന്വേഷണത്തിന്റെ ആവശ്യമില്ല.

(ഇ) ഈ വിഷയത്തിൽ ആരും തന്നെ ന്യായയുക്തമല്ലാതെ പ്രവർത്തിച്ചതായി കാണുന്നില്ല.

(എഫ്) കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും അനുസൃതമായി സ്ഥിരീകരിച്ച ഒഴിവുകളിൽ എയ്ഡഡ് സ്കൂൾ മാനേജർമാർ നടത്തുന്ന നിയമനങ്ങൾ യഥാസമയം അംഗീകരിക്കുന്നുണ്ട്. ചട്ടപ്രകാരമല്ലാത്ത നിയമനങ്ങൾ വിദ്യാഭ്യാസ അധികാരികൾ നിരസിക്കുകയും തത്ഫലമായി അവ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരമുള്ള അപ്പീലുകൾ, റിവിഷനുകൾ എന്നിവയ്ക്ക് വിധേയമായി തീർപ്പുകൽപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

**ജലമണി പദ്ധതി**

29 (1065) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ സ്കൂളുകൾക്കുള്ള ജലമണി പദ്ധതിക്കായി കേന്ദ്രസർക്കാർ കഴിഞ്ഞവർഷം എന്തു തുക അനുവദിച്ചുവെന്നും അതിൽ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള സ്കൂളുകളുടെ ലിസ്റ്റ് പൊതു വിദ്യാഭ്യാസവകുപ്പ് യഥാസമയം തയ്യാറാക്കി വാട്ടർ അതോറിറ്റിയെ അറിയിച്ചിരുന്നോ ;

(സി) ഇല്ലെങ്കിൽ ഇതിന് ഉത്തരവാദി ആരായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതി ശരിയായ രീതിയിൽ നടപ്പാക്കാഞ്ഞതിനാൽ അടുത്ത ഘട്ടത്തിലേയ്ക്ക് കേരളത്തെ പരിഗണിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കഴിഞ്ഞ വർഷം (2013-14) കേന്ദ്ര സർക്കാർ ജലമണി പദ്ധതിക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) അറിയിച്ചിരുന്നു.

(സി) ബാധകമല്ല.

(ഡി) ഇല്ല.

**എടത്തറ യു.പി.എസ്. അപ്ഗ്രഡേഷൻ**

30 (1066) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോങ്ങാട് മണ്ഡലത്തിലെ എടത്തറ യു.പി.എസ്. അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ഈ വർഷം പരിഗണിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

(ബി) അപ്ഗ്രഡേഷൻ നടക്കാത്തതു മൂലം തുടർ പഠനത്തിനായി ഈ സ്കൂളിലെ കുട്ടികൾ വിവിധ സ്കൂളുകളിലേക്ക് പോകുന്നതിന് ഏറെ ദൂരം സഞ്ചരിക്കേണ്ടി വരുന്നതിനാൽ ഈ വർഷം തന്നെ സ്കൂളിന് അപ്ഗ്രഡേഷൻ നൽകുമോ ?

ഉത്തരം

(എ&ബി) നടപടി സ്വീകരിച്ചുവരുന്നു.

**എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനം**

31 (1067) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിൽ ഏത് തീയതി വരെയുള്ള അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് ജില്ലതിരിച്ച്

വിശദമാക്കാമോ ;

(ബി) എയ്ഡഡ് സ്കൂളുകളിൽ അധികമുള്ള അദ്ധ്യാപകരെ സർക്കാർ സ്കൂളിലോ ബി.ആർ.സി./യു.ആർ.സി./മറ്റ് കേന്ദ്രങ്ങൾ എന്നിവയിൽ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ അവരുടെ നിയമനം എത്ര കാലത്തേക്കാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത കാലാവധിക്കുശേഷം അവരെ എവിടെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) പാക്കേജ് ഉത്തരവ് പ്രകാരം 2010-11-ലെ തസ്തിക നിർണ്ണയത്തെ അടിസ്ഥാനമാക്കി അധികം വന്ന റിട്രഞ്ച്ഡ് അദ്ധ്യാപകരെ ബി.ആർ.സി./ സി.ആർ.സി തുടങ്ങിയവയിൽ നിയമിച്ചിട്ടുണ്ട്. 2014-15-ൽ തസ്തിക നിർണ്ണയം നടത്തി അധികം വരുന്ന അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിന് 23-12-2014 സ.ഉ.278/14/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നുവെങ്കിലും 15-1-2015-ലെ WP(c) 30107/13 നമ്പർ കേസിലെ ഹൈക്കോടതി വിധിയിലൂടെ അദ്ധ്യാപക പാക്കേജും ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളും ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുകയാണ്. അതിനാൽ ഇവരുടെ കാലാവധിയും വിന്യാസവും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ നിശ്ചയിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

**മാട്ടൂൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ**

32 (1068) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട് ; വിശദാംശം നല്കുമോ ;

(ബി) പ്രസ്തുത സ്കൂളിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി

എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളാണ് നിലവിലുള്ളത് ;

(സി) ഇവയിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് ; പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) വിദ്യാലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച 213 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സ്കൂൾ വിഭാഗത്തിൽ 836 കുട്ടികളും ഹയർ സെക്കണ്ടറി വിഭാഗത്തിൽ 470 കുട്ടികളും ഉൾപ്പെടെ ആകെ 1,306 കുട്ടികൾ പഠിക്കുന്നുണ്ട്.

(ബി) ഹൈസ്കൂൾ വിഭാഗത്തിൽ 33 അദ്ധ്യാപക തസ്തികകളും 5 അനദ്ധ്യാപക തസ്തികകളും ഹയർ സെക്കണ്ടറി വിഭാഗത്തിൽ 21 അദ്ധ്യാപക തസ്തികകളും 2 അനദ്ധ്യാപക തസ്തികകളും നിലവിലുണ്ട്.

(സി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ-11, ലാബ് അസിസ്റ്റന്റ്-1, ഹൈസ്കൂളിലെ എച്ച്.എസ്.എ. തസ്തികയിൽ സോഷ്യൽ സയൻസ്-2, ഇംഗ്ലീഷ് 3, അറബിക് -1 ഉൾപ്പെടെ ആകെ 18 ഒഴിവുകൾ ഉണ്ട്. ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നടപ്പുവർഷം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കെട്ടിടം പണിയുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയ്ക്കും ഭരണാനുമതി നൽകിക്കഴിഞ്ഞു. ഇതിൽ കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗവൺമെന്റ് ഹയർ സെക്കൻണ്ടറി സ്കൂൾ ഉൾപ്പെട്ടിട്ടില്ല.

**പാഠപുസ്തക വിതരണം**

33 (1069) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണത്തിന്റെ

ക്രമീകരണങ്ങൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ;

(ബി) പാഠപുസ്തകങ്ങളുടെ അച്ചടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കുമോ ;

(സി) ഏതെല്ലാം ക്ലാസ്സുകളുടെ പാഠപുസ്തകങ്ങൾ മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ പാഠപുസ്തകങ്ങൾ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2015-16 വർഷത്തേയ്ക്കുള്ള ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള പുസ്തകങ്ങൾക്ക് പ്രിന്റ് ഓർഡർ നൽകിയത് പ്രകാരം കെ.ബി.പി.എസ്. അച്ചടിച്ചുകൊണ്ടിരിക്കുന്നു. വോള്യം 1 പുസ്തകങ്ങൾ അച്ചടിച്ചു കഴിഞ്ഞാലുടൻ പോസ്റ്റൽ വകുപ്പ് മുഖേന അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്നതിനുമുമ്പുതന്നെ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. 2015-16 അദ്ധ്യയന വർഷത്തിലേക്കുവേണ്ട 59 ഒന്നാം വർഷ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ റീപ്രിന്റിംഗും, പുതുതായി നടപ്പിലാക്കുന്ന 65 രണ്ടാം വർഷ പാഠപുസ്തകങ്ങളുടെ അച്ചടിയും, വിതരണവും നടത്തുന്നതിന് ഹയർ സെക്കണ്ടറി ഡയറക്ടർ സി-ആപ്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 2015 മേയ് 15-ാം തീയതിക്കകം പൂർത്തിയാക്കണമെന്നാണ് സി-ആപ്റ്റിനോട് നിർദ്ദേശിച്ചിട്ടുള്ളത്. ഏതൊക്കെ പാഠപുസ്തകങ്ങൾ ആവശ്യമുണ്ടെന്നറിയിച്ചു കൊണ്ടുള്ള ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരുടെ ഓൺ ലൈൻ ഇൻഡന്റിംഗ് മാർച്ച് 9-ാം തീയതി ആരംഭിക്കുന്നതിനുള്ള നടപടികൾ IT@School സ്വീകരിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിലെ സ്കൂളുകളിൽ നിന്നും സി-ആപ്റ്റിലേക്ക് പുസ്തകങ്ങൾക്കുള്ള ഇൻഡന്റ് ഓൺ-ലൈനായി നൽകുവാനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു.

(ബി) ഒന്നുമുതൽ പത്താംക്ലാസ്സ് വരെയുള്ള പാഠപുസ്തകങ്ങൾ അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്നതിനുമുമ്പുതന്നെ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്. ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 2015 മേയ് 15-ാം തീയതിയ്ക്കകം പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. വൊക്കേഷണൽ

ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്ന മാസത്തിൽ തന്നെ വിതരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2015-16 അദ്ധ്യയന വർഷം 2, 4, 6, 8 എന്നീ ക്ലാസ്സുകളിലെ പുസ്തകങ്ങളാണ് മാറുന്നത്. 2015-16 അദ്ധ്യയന വർഷം, രണ്ടാം വർഷ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളാണ് പുതുതായി പ്രാബല്യത്തിൽ കൊണ്ടുവരുന്നത്. കരിക്കുലം റിവിഷന്റെ തുടർച്ചയായി വൊക്കേഷണൽ വിഷയങ്ങളും രണ്ടാം വർഷ നോൺ വൊക്കേഷണൽ വിഷയങ്ങളിൽ ഇംഗ്ലീഷ്, ഹിസ്റ്ററി എന്നീ പുസ്തകങ്ങളും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നു.

(ഡി) പാഠപുസ്തക വിതരണം സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിനു വേണ്ട എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

**പാഠപുസ്തക അച്ചടിയും വിതരണവും**

34 (1070) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 അദ്ധ്യയനവർഷത്തിൽ എത്ര പാഠ പുസ്തകങ്ങളാണ് വിദ്യാഭ്യാസ വകുപ്പ് അച്ചടിച്ചത്; ആയതിൽ എത്രയെണ്ണം കുട്ടികൾക്ക് വിതരണം ചെയ്തു ; എത്രയെണ്ണം വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്നു; വിശദാംശം വ്യക്തമാക്കുക ;

(ബി) പാഠപുസ്തകം അച്ചടിക്കുവാൻ ഏതൊക്കെ സ്ഥാപനങ്ങളെയാണ് വകുപ്പ് ചുമതലപ്പെടുത്തിയത് ; സ്ഥാപനങ്ങൾക്ക് 2014-15 അധ്യയനവർഷം നാളിതുവരെ എത്ര തുക നൽകി ; കുടിശ്ശികയിനത്തിൽ എത്ര തുക നൽകാനുണ്ട് ; വ്യക്തമാക്കുമോ ;

(സി) 2015-16 അദ്ധ്യയനവർഷം ഏതൊക്കെ ക്ലാസ്സിലെ പാഠപുസ്തകങ്ങൾക്കാണ് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) 2015-16 അദ്ധ്യയനവർഷത്തിൽ രണ്ടു ഘട്ടങ്ങളിലായി എത്ര പുസ്തകങ്ങളാണ് അച്ചടിക്കേണ്ടതായിട്ടുള്ളത് ; ആയതിന് ആകെ ചിലവുവരുന്ന തുക എത്ര ; ഇതിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) നിലവിൽ പാഠപുസ്തക വിതരണം ഏത് സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത് ; നിലവിലെ വിതരണ സ്ഥാപനത്തെ ഒഴിവാക്കി 2015-16 അദ്ധ്യയനവർഷം സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാനുള്ള വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ നീക്കം ശ്രദ്ധയിൽപ്പെട്ടുവോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 അദ്ധ്യയന വർഷം ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ 3,78,79,043 (മൂന്ന് കോടി എഴുപത്തിയട്ട് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി നാൽപ്പത്തി മൂന്ന്) എണ്ണം പുസ്തകങ്ങളാണ് വോള്യം 1,2 വിഭാഗങ്ങളിലായി അച്ചടിച്ചത്. ഇവ വിതരണം ചെയ്യുകയുമുണ്ടായി. വിതരണം ചെയ്യാതെ ബാക്കിവരുന്ന പുസ്തകങ്ങളുടെ സ്റ്റോക്ക് കെ.ബി.പി.എസ് അടുത്ത വർഷത്തെ വിതരണത്തിനായി ഉപയോഗപ്പെടുത്തുന്നതായിരിക്കും. 2014-15 അദ്ധ്യയന വർഷത്തിൽ പ്ലസ്-1-ന്റെ 6 ടൈറ്റിലുകളിലായി 22,30,663 പാഠപുസ്തകങ്ങളും, പ്ലസ്-2 വിന്റെ 8 ടൈറ്റിലുകളിലായി 10,43,142 പാഠപുസ്തകങ്ങളും അച്ചടിച്ചിട്ടുണ്ട്. 2014-15 അധ്യയന വർഷത്തിൽ പ്ലസ്-1-ന്റെ 15,71,150 എണ്ണവും, പ്ലസ്-2 വിന്റെ 9,37,184 എണ്ണവും പാഠപുസ്തകങ്ങൾ വിതരണം ചെയ്തു.

(ബി) ഒന്നു മുതൽ പത്ത് വരെയുള്ള പാഠപുസ്തക അച്ചടിക്കായി കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 2014-15 അദ്ധ്യയന വർഷത്തിലെ പാഠപുസ്തകം അച്ചടിച്ചതിന് 5,62,05,510 രൂപ അനുവദിച്ചു. 2014-15 അധ്യയന വർഷം പാഠപുസ്തകങ്ങളുടെ അച്ചടിക്കായി ബാക്കി 3,02,08,305 രൂപ നൽകാനുണ്ട്. ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ

അച്ചടിക്കാൻ സി-ആപ്റ്റിനെയാണ് ചുമതലപ്പെടുത്തിയത്. പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന്, സർക്കാരോ, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റോ സി-ആപ്റ്റിന് പണമൊന്നും നൽകുന്നില്ല. പ്രിൻസിപ്പൽമാർ നൽകുന്ന ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ, പുസ്തകങ്ങൾ അച്ചടിച്ച് സി-ആപ്റ്റ് നേരിട്ട് സ്കൂളുകളിൽ എത്തിക്കുന്നു. ഈ പുസ്തകങ്ങൾ പ്രിൻസിപ്പൽമാർ വിദ്യാർത്ഥികൾക്ക് വിറ്റതിനുശേഷം, പണം സി-ആപ്റ്റിനെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്.

(സി) 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്കാണ് മാറ്റമുള്ളത്. രണ്ടാം വർഷ ഹയർ സെക്കണ്ടറി ക്ലാസ്സിലെ എല്ലാ പാഠപുസ്തകങ്ങൾക്കും മാറ്റം വരുത്തിയിട്ടുണ്ട്. വൊക്കേഷണൽ വിഷയങ്ങളുടെയും രണ്ടാം വർഷ നോൺ വൊക്കേഷണൽ വിഷയങ്ങളുടെയും ഇംഗ്ലീഷ്, ഹിസ്റ്ററി എന്നീ പുസ്തകങ്ങൾ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നു.

(ഡി) 2015-16 അദ്ധ്യയന വർഷം ഒന്നുമുതൽ പത്ത് വരെ 3,73,15,500 എണ്ണം പാഠപുസ്തകങ്ങളാണ് രണ്ട് ഘട്ടങ്ങളിലായി ഇൻഡന്റ് പ്രകാരം അച്ചടിക്കാനുള്ളത്. വോള്യം 1-ന്റെ അച്ചടി കെ.ബി.പി.എസ്സ്.-ൽ നടന്നുവരികയാണ്. ചെലവു വരുന്ന തുക, പുസ്തകങ്ങൾ അച്ചടിച്ച ശേഷമേ കണക്കാക്കാൻ കഴിയൂ. സ്കൂളുകളിൽനിന്നും ലഭ്യമാകുന്ന ഇൻഡന്റ് പ്രകാരമാണ് പാഠപുസ്തകങ്ങൾ അച്ചടിക്കേണ്ടതായിട്ടുള്ളത്. ഇൻഡന്റ് സ്കൂളുകളിൽനിന്നും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ ഓരോ അദ്ധ്യയന വർഷവും ഒറ്റഘട്ടത്തിലാണ് അച്ചടിച്ച് വിതരണം ചെയ്തുവരുന്നത്. പ്ലസ്-1, പ്ലസ്-2 പാഠപുസ്തകങ്ങളുടെ ഇൻഡന്റ് സ്കൂളുകളിൽനിന്ന് ശേഖരിച്ചുവരുന്നു.

(ഇ) നിലവിൽ 1 മുതൽ 10 വരെ പാഠപുസ്തക വിതരണം കെ.ബി.പി. എസ്.-ആണ് നടത്തുന്നത്. വിതരണം തപാൽ വകുപ്പിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 2015-16 അദ്ധ്യയന വർഷത്തിലെ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സർക്കാർ പൊതുമേഖലാ സ്ഥാപനമായ സി ആപ്റ്റിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാനുള്ള നീക്കങ്ങളൊന്നും നിലവിലില്ല.

**മടിക്കൈ അമ്പലത്തുകര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ**

35 (1071) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മടിക്കൈ അമ്പലത്തുകര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്, സ്വാതന്ത്ര്യസമര സേനാനി മടിക്കൈ കുഞ്ഞിക്കണ്ണന്റെ പേര് നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത അപേക്ഷ മടിക്കൈ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ റിപ്പോർട്ടിനായി അയച്ചിരിക്കുകയാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾ**

**36 (1072)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നിയോജക മണ്ഡലത്തിലെ ഗവൺമെന്റ്-എയ്ഡഡ് സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം ക്ലാസുകളുടെ ഇനംതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിൽ എത്ര വീതം കുട്ടികൾ ഉണ്ട് ?

ഉത്തരം

(എ&ബി) കായംകുളം നിയോജക മണ്ഡലത്തിലെ ഗവൺമെന്റ്-എയ്ഡഡ് സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെയും

എണ്ണം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കാസർഗോഡ് സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം**

37 (1073) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് മറ്റ് ജില്ലകളിൽ ഉള്ളതു പോലെ കാസർഗോഡും ഒരു പരിശീലന കേന്ദ്രം അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്തിന്റെ പല ജില്ലകളിലും സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. എന്നാൽ പരിശീലന ക്ലാസ്സുകൾ മികച്ച നിലവാരത്തോടുകൂടി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരും, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് പരിചയ സമ്പന്നരുമായ അദ്ധ്യാപകരുടെ ലഭ്യതക്കുറവുമാണ് കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രധാന വെല്ലുവിളി. ഈ സാഹചര്യത്തിൽ ഇപ്പോൾ പരിഗണനയിലുള്ള ചെങ്ങന്നൂർ, മൂവാറ്റുപുഴ എന്നീ കേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങിയശേഷം മാത്രമേ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പരിഗണിയ്ക്കുവാൻ സാധിക്കുകയുള്ളൂ.

**വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ**

38 (1074) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ 2014-15 സാമ്പത്തിക വർഷം നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) കേന്ദ്രത്തിൽ നിന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ് ; അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാനായിട്ടുണ്ടോ; എങ്കിൽ ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(സി) ഏതെങ്കിലും പദ്ധതിക്ക് അനുവദിച്ച തുക ലാപ്സായിട്ടുണ്ടോ; ഇതു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംബന്ധിച്ച വിശദാംശം നൽകാമോ ;

(ഡി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പദ്ധതികൾ :

1. ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി
2. നാഷണൽ മീൻസ് കം-മെരിറ്റ് സ്കോളർഷിപ്പ് (NMMS)
3. നാഷണൽ സ്കീം ഓഫ് ഇൻസെന്റീവ് ടു ഗേൾസ് ഫോർ സെക്കൻഡറി എഡ്യൂക്കേഷൻ (NSIGSE)

(ബി) 1. ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി - 85.39 കോടി. 845465 കുട്ടികൾക്ക് 1000 രൂപ നിരക്കിൽ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖേന ബാങ്ക് അക്കൗണ്ടിലൂടെ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി പൂർത്തിയാക്കിയശേഷം ഫണ്ട് പിൻവലിക്കുന്നതിന് ട്രഷറിയിൽ ബില്ല് ഹാജരാക്കിയിട്ടുണ്ട്.

2. NMMS, NSIGSE എന്നീ പദ്ധതികളിൽ കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം (MHRD) ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖേന അർഹരായ കുട്ടികളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് സ്കോളർഷിപ്പ് തുക നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. എൻ.എം.എം.എസ്സ്.-ൽ ഒരു വർഷം 6,000 രൂപ ക്രമത്തിൽ ആകെ നാലു വർഷം (IX,X,XI,XII എന്നീ ക്ലാസ്സുകൾ) 24,000 രൂപയാണ് ഒരു കുട്ടിക്ക് ലഭിക്കുന്നത്. ഇൻസെന്റീവ് സ്കോളർഷിപ്പിന് ഒരു കുട്ടിക്ക് 3,000 രൂപ നിക്ഷേപിക്കും 10-ആം ക്ലാസ് ജയിക്കുകയും/18 വയസ്സ് പൂർത്തിയാകുകയും ചെയ്യുമ്പോൾ പലിശയോടൊപ്പം തുക പിൻവലിക്കാവുന്നതാണ്.

(സി) തുകകൾ ഒന്നും ലാപ്സായിട്ടില്ല.

(ഡി) ഇല്ല.

## എ.ഐ.പി. സ്കൂളുകളിൽ അദ്ധ്യാപകരുടെ നിയമനം

39 (1075) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഐ.പി. സ്കൂളുകളിൽ അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എ.ഐ.പി. സ്കൂളുകളിലെ അദ്ധ്യാപകർക്ക് എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരുടേതിന് സമാനമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ എ.ഐ.പി. സ്കൂളുകളിലെ അദ്ധ്യാപകരെക്കൂടി ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഹയർ സെക്കൻഡറി ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) എ.ഐ.പി. സ്കൂൾ അദ്ധ്യാപകർക്ക് കെ.ഇ.ആർ. വ്യവസ്ഥകൾ ബാധകമാക്കി സ.ഉ(എംഎസ്.) നമ്പർ 93/2013/പൊ.വി.വ. തീയതി 14-3-2013 പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) എ.ഐ.പി. ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് കെ.ഇ.ആർ., കെ.എസ്.ആർ. വ്യവസ്ഥകൾ ബാധകമാക്കി ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ തുടർനടപടി ആവശ്യമില്ല.

## സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിദ്യാർത്ഥികളുടെ പത്താം ക്ലാസ് സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തുന്നത് സംബന്ധിച്ച്

40 (1076) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പത്താം ക്ലാസ് സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തുന്നത് സംബന്ധിച്ച എന്റെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ ഇതേവരെ സ്വീകരിച്ച നടപടികളുടെ വിശദ വിവരം നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യമായ നടപടികൾക്കായി സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അധികൃതർക്ക് പ്രസ്തുത നിവേദനം അയച്ചുകൊടുത്തിട്ടുണ്ട്.

## സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ

41 (1077) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിലുള്ള എത്ര സ്കൂളുകൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണക്കാക്കിയിട്ടില്ല.

(ബി) 526 സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

## സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂൾ സർട്ടിഫിക്കറ്റിൽ ജാതി രേഖപ്പെടുത്താൻ നടപടി

42 (1078) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾ സി.ബിഎസ്.ഇ./ഐ.സി. എസ്.ഇ. സിലബസിൽ വിദ്യാഭ്യാസം നടത്തുന്നുണ്ടെന്ന കണക്ക് ലഭ്യമാണോ; വ്യക്തമാക്കുമോ ;

(ബി) ഇവരുടെ 10- ാം ക്ലാസ്സ്/12- ാം ക്ലാസ്സ് സർട്ടിഫിക്കറ്റിൽ ജാതി രേഖപ്പെടുത്താത്തത് മൂലം അവർക്ക് കാലാകാലങ്ങളിൽ വിവിധ സംവരണാനുകൂല്യങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) ഇതു സംബന്ധമായി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ നടത്തിയ നീക്കങ്ങളുടെ ഫലപ്രാപ്തി അറിയിക്കാമോ ;

(ഡി) ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ ഇക്കാര്യത്തിൽ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സി.ബി.എസ്.ഇ. വിദ്യാലയങ്ങളിലെ കുട്ടികൾ - 898571

ഐ.സി.എസ്.ഇ. വിദ്യാലയങ്ങളിലെ കുട്ടികൾ - 116285

1014856

(ബി) സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പരീക്ഷകൾ നടത്തുന്നതും സർട്ടിഫിക്കറ്റ് വിതരണവും സംസ്ഥാന സർക്കാരിന്റെ കീഴിലല്ല. ആകയാൽ സംവരണാനുകൂല്യങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാന സർക്കാരിന് ലഭിച്ച പരാതികൾ നടപടി സ്വീകരിക്കുന്നതിനായി സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സെക്രട്ടറിക്ക് അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. ആണ്.

(ഡി) ഇക്കാര്യത്തിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**അതി വൈദഗ്ദ്ധ്യ സമ്പാദന പദ്ധതി**

43 (1079) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അതി വൈദഗ്ദ്ധ്യ സമ്പാദന പദ്ധതിക്ക് (അസാപ്) തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹയർ സെക്കണ്ടറി ബിരുദ വിദ്യാർത്ഥികൾക്ക് റെഗുലർ പഠനത്തോടൊപ്പം താൽപ്പര്യമുള്ള വ്യവസായ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവര സാങ്കേതിക വിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ വ്യവസായ പരിശീലക സ്ഥാപനങ്ങൾ ട്രെയിനിംഗ് നൽകിവരുന്നു.

(സി) ഉന്നത, പൊതു വിദ്യാഭ്യാസ വകുപ്പുകളുടെ കീഴിലുള്ള സർക്കാർ എയ്ഡഡ് കോളേജുകൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ എന്നിവരാണ് പദ്ധതിയുമായി സഹകരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു എംപവേർഡ് കമ്മിറ്റിയും ജില്ലാ തലത്തിൽ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർമാരും, സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും പ്രോഗ്രാം മാനേജർമാർ ചാർജ്ജ് വഹിക്കുന്ന നൈപുണ്യ വികസന കേന്ദ്രങ്ങളിലും ഇവർക്ക് ഭരണപരമായ നിർദ്ദേശങ്ങളും അംഗീകാരവും നൽകുന്നതിന് ഒരു അസാപ് സെക്രട്ടറിയേറ്റും

പ്രവർത്തിച്ചുവരുന്നു.

**ആർ.എം.എസ്.എ. സ്കൂളുകളിൽ അദ്ധ്യാപക നിയമനം**

44 (1080) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം സ്കൂളുകളിൽ അദ്ധ്യാപകർ ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആർ.എം.എസ്.എ. സ്കൂളുകൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ആർ.എം.എസ്.എ. സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എം.എച്ച്.ആർ.ഡി. വാർഷിക പദ്ധതിയനുസരിച്ച് അനുവദിച്ച് നൽകുന്ന തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ആർ.എം.എസ്.എ. വഴി ശമ്പളം നൽകുന്നുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്. എന്നീ സ്കോളർഷിപ്പ് പരീക്ഷകൾ**

45 (1081) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.എസ്.എസ്., യു.എസ്.എസ്., എൽ.എം.എം.എസ്. എന്നീ സ്കോളർഷിപ്പ് പരീക്ഷകൾ ഓരോ വർഷവും ശരാശരി എത്ര വിദ്യാർത്ഥികൾ എഴുതുന്നുണ്ട്; എത്ര വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അർഹത നേടുന്നു ;

വ്യക്തമാക്കുമോ ;

(ബി) സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികൾക്ക് ഏത് വർഷം മുതലാണ് സ്കോളർഷിപ്പ് തുക വിതരണം ചെയ്യാനുള്ളത് ; വെളിപ്പെടുത്തുമോ ;

(സി) ഓരോ ഇനത്തിലും സ്കോളർഷിപ്പ് തുക എത്ര രൂപയാണ് ; ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സ്കോളർഷിപ്പ് തുക വിതരണത്തിലെ കാലതാമസം പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ?

<u>ഉത്തരം</u>

(എ) എൽ.എസ്.എസ്. സ്കോളർഷിപ്പിന് ശരാശരി 66500 പേർ പരീക്ഷ എഴുതുന്നതിൽ ശരാശരി 3000 പേർ അർഹത നേടുന്നു. യു.എസ്.എസ്. സ്കോളർഷിപ്പിന് ശരാശരി 67800 പേർ പരീക്ഷ എഴുതുന്നതിൽ ശാരശരി 2000 പേരും, എൻ.എം.എം.എസ്. സ്കോളർഷിപ്പിന് ശരാശരി 23000 പേർ പരീക്ഷ എഴുതുന്നതിൽ 3473 (നിശ്ചിത എണ്ണം) പേരും അർഹത നേടുന്നു.

(ബി) എൽ.എസ്.എസ്., യു.എസ്.എസ്., സ്കോളർഷിപ്പിന് അർഹത നേടുന്നവർക്ക് അതത് വർഷം മുതൽ തുക വിതരണം ചെയ്യുന്നു. എൻ.എം.എം.എസ്. സ്കോളർഷിപ്പ് തുക കേന്ദ്ര മാനവശേഷി മന്ത്രാലയം മുഖേന കുട്ടികളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു.

(സി) എൽ.എസ്.എസ്. 100 രൂപ യു.എസ്.എസ്. 150 രൂപ എന്നീ ക്രമത്തിൽ മൂന്ന് വർഷം നൽകുന്നു. എൻ.എം.എം.എസ്. സ്കോളർഷിപ്പ് 6000 രൂപ ക്രമത്തിൽ നാല് വർഷം നൽകുന്നു. എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) സ്കോളർഷിപ്പ് തുക വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി അതാത് വർഷം തന്നെ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ റിക്വയർമെന്റ് പ്രകാരം അലോട്ട്മെന്റായി നൽകിവരുന്നുണ്ട്. എൻ.എം.എം. എസ് സ്കോളർഷിപ്പ് തുക കേന്ദ്ര മാനവശേഷി മന്ത്രാലയം മുഖേന അതാത് കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്കും നൽകിവരുന്നു.

**പ്ലസ് ടു സ്കൂളുകളിലെ താൽക്കാലിക അധ്യാപകർക്ക് വേതനം**

46 (1082) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് അധ്യയനവർഷം പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ താൽക്കാലികമായി പഠിപ്പിക്കുന്ന അധ്യാപകർക്ക് വേതനം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിൽ ജോലി നോക്കുന്ന എത്ര താല്കാലിക അദ്ധ്യാപകരാണ് സർക്കാർ മേഖലയിലുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) പ്ലസ് ടു സ്കൂൾ അനുവദിച്ച ഉത്തരവിൽ ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നടപ്പ് അദ്ധ്യയനവർഷം അനുവദിച്ച സ്കൂളുകളിൽ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ. ആയത് പൂർത്തിയാവുന്ന മുറയ്ക്ക് മാത്രമേ താല്ക്കാലിക അദ്ധ്യാപകരുടെ എണ്ണം തിട്ടപ്പെടുത്താനും അവർക്ക് വേതനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും കഴിയുകയുള്ളൂ.

**കായിക രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കോതമംഗലത്തെ വിദ്യാലയങ്ങൾക്ക് കൂടുതൽ സഹായം**

47 (1083) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ -കോളേജ് കായിക മേളകളിൽ മികച്ച നിലവാരം പുലർത്തുന്ന കോതമംഗലത്തെ സെന്റ് ജോർജ് എച്ച്.എസ്.എസ്.-മാർ ബസിൽ എച്ച്.എസ്.എസ്.-മാർ അത്തനേഷ്യസ് കോളേജ് എന്നിവയ്ക്ക് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം പ്രത്യേക ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കായിക രംഗത്ത് മികച്ച താരങ്ങളെ വാർത്തെടുക്കുന്ന ഈ മൂന്ന്

കലാലയങ്ങൾക്കും അർഹിക്കുന്ന അംഗീകാരവും കൂടുതൽ സഹായങ്ങളും നൽകുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സ്കൂൾ കായികമേളകളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന മൂന്ന് സ്കൂളുകൾക്ക് യഥാക്രമം 1,10,000, 82,500, 55,000 എന്നീ ക്രമത്തിൽ ക്യാഷ് അവാർഡ് പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നുണ്ട്. എന്നാൽ സംസ്ഥാന സ്കൂൾ കായികമേളയിൽ മികച്ച നിലവാരം പുലർത്തുന്ന കോതമംഗലത്തെ സെന്റ് ജോർജ് എച്ച്.എസ്.എസ്. മാർബേസിൽ എച്ച്.എസ്.എസ്. എന്നീ സ്കൂളുകൾക്ക് പ്രത്യേകമായി പൊതുവിദ്യാഭ്യാസ വകുപ്പ് മറ്റാനുകൂല്യങ്ങൾ നൽകുന്നില്ല. 'മാർ അത്തനേഷ്യസ് കോളേജിനെ' സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) വിഷയം ഇപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലില്ല. ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കൽ**

48 (1084) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) നയം നടപ്പാക്കുമ്പോൾ 14 വയസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 1986-ൽ നിലവിൽ വന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറ്റുകൾ രൂപീകരിച്ചു. കൂടാതെ കമ്പ്യൂട്ടർ പഠനത്തിനുള്ള സൗകര്യങ്ങൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, പ്രീ-പ്രൈമറി

വിദ്യാഭ്യാസം, എസ്.പി.ക്യൂ.ഇ.എം (Scheme of providing Quality Education in Madrassas), ഐ.ഡി.എം.ഐ. (Infrastructure Development in Minority Institutions), ഏരിയാ ഇന്റൻസീവ് പ്രോഗ്രാം തുടങ്ങിയ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. പാർലമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമം (The Right of Children to Free and Compulsory Education Act, 2009) നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രാഥമിക വിദ്യാഭ്യാസത്തിനായി 1 കിലോമീറ്റർ ചുറ്റളവിൽ ലോവർ പ്രൈമറി സ്കൂളുകളും 3 കിലോമീറ്റർ ചുറ്റളവിൽ അപ്പർ പ്രൈമറി സ്കൂളുകളും ഉറപ്പാക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ചുവരുന്നു.

**ബാന്റ് മേളം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മത്സരമായി സംഘടിപ്പിക്കാൻ നടപടി**

49 (1085) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്കൂൾ കലോത്സവങ്ങളിൽ ബാന്റ് മേളം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം മത്സരമായി സംഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

അടുത്ത സ്കൂൾ കലോൽസവ മാന്വൽ പരിഷ്കരണ വേളയിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**സൗജന്യ യൂണിഫോം**

50 (1086) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഏതു ക്ലാസുവരെയുള്ള ഏതൊക്കെ വിഭാഗം കുട്ടികൾക്കാണ് സൗജന്യ യൂണിഫോം നല്കുന്നത് ; എത്ര ജോഡി യൂണിഫോമാണ് ഓരോ കുട്ടിക്കും നല്കുന്നത് ; വ്യക്തമാക്കാമോ ;

(ബി) സർക്കാർ ഏർപ്പെടുത്തിയ ഏജൻസി വഴിയാണോ യൂണിഫോം വിതരണം ചെയ്യുന്നത് ; ഏത് കമ്പനി ; ഇവർക്ക് എത്ര രൂപയാണ് നൽകിയത് ; വ്യക്തമാക്കുമോ ;

(സി) അദ്ധ്യയന വർഷം അവസാനിക്കാറായിട്ടും പല സ്കൂളുകളിലും യൂണിഫോം എത്തിയിട്ടില്ല എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഡി) സർക്കാർ അനുവദിച്ച യൂണിഫോം ബഹുഭൂരിപക്ഷം സ്കൂളുകളിലും ഉപയോഗിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും ഒരേ യൂണിഫോം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാനും അതനുസരിച്ച് സ്കൂൾ വർഷാരംഭത്തിൽ തന്നെ യൂണിഫോമിനുള്ള തുക വിദ്യാർത്ഥികൾക്ക് നേരിട്ട് നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പുതുതായി ഒന്നാം ക്ലാസ്സിൽ ചേർന്നിട്ടുള്ള എ.പി.എൽ. വിഭാഗത്തിലെ ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ കുട്ടികളേയും 2 മുതൽ 8 വരെ ക്ലാസ്സുകളിൽ പുതിയതായി പ്രവേശനം നേടിയ എ.പി.എൽ. വിഭാഗത്തിലെ ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികളേയുമാണ് ഈ അദ്ധ്യയന വർഷത്തെ എയ്ഡഡ് സ്കൂളുകൾക്കായുള്ള യൂണിഫോം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യൂണിഫോമിന്റെ തുകയായ 400 രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നതിന് 1-9-2014-ലെ സ.ഉ(കൈ) നമ്പർ 183/2014/പൊ.വി.വി. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ബി&സി) 2013-14-ൽ സർക്കാർ വഴിയാണ് സൗജന്യ യൂണിഫോം വിതരണം ചെയ്തത്. നടപ്പ് അദ്ധ്യയന വർഷം സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി.) ഓപ്പൺ മാർക്കറ്റിൽനിന്ന് യൂണിഫോം തുണി വാങ്ങി വിതരണം നടത്തുകയുണ്ടായി. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കഴിഞ്ഞ അദ്ധ്യയന വർഷം അനുവദിച്ച പ്ലസ് ടു സ്കൂളുകൾ**

51 (1087) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അദ്ധ്യയന വർഷം അനുവദിച്ച പ്ലസ് ടു സ്കൂളുകളിൽ എത്ര പുതിയ സ്കൂളുകൾ തുടങ്ങിയെന്നും നിലവിലുണ്ടായിരുന്ന എത്ര സ്കൂളുകളിൽ പുതിയ ബാച്ചുകൾ ആരംഭിച്ചു എന്നും, അനുവദിച്ച സ്കൂളുകളിൽ എത്രയെണ്ണം തുടങ്ങാതിരുന്നു എന്നും വ്യക്തമാക്കാമോ;

(ബി) സ്കൂളുകൾ ആരംഭിച്ചതുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും, ഇത് ഏതൊക്കെ വിഭാഗത്തിലാണെന്നും ഇതിനായി എത്ര കോടി രൂപ അധിക ബാദ്ധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ള തെന്നും വ്യക്തമാക്കാമോ ;

(സി) പുതുതായി അനുവദിച്ച സ്കൂളുകളിലും കോഴ്സുകൾക്കും വിദ്യാർത്ഥികളുടെ എണ്ണം തികഞ്ഞിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എത്ര വിദ്യാർത്ഥികളുടെ കുറവാണ് മുൻവർഷം ഉണ്ടായതെന്നും വ്യക്തമാക്കുമോ ;

(ഡി) വിദ്യാർത്ഥികൾ കുറഞ്ഞ സ്കൂളുകളും കോഴ്സുകളും സംബന്ധിച്ച് ഈ വർഷം എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**അടൂർ വിദ്യാഭ്യാസ ജില്ല**

52 (1088) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഉറപ്പ് നൽകിയിട്ടുണ്ടോ ;

(ബി) നാളിതുവരെ ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നടപടിക്രമം ലഭ്യമാക്കാമോ ;

(സി) നിലവിൽ ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ള കാലവിളംബത്തിന്റെ കാരണങ്ങൾ എന്താണെന്നു വ്യക്തമാക്കാമോ ;

(ഡി) അടൂരിൽ സമയബന്ധിതമായി വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നതിന് ശ്രമമുണ്ടാകുമോ?

<u>ഉത്തരം</u>

(എ-ഡി) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് അയച്ച് തന്ന പ്രൊപ്പോസൽ ശിപാർശ ചെയ്തത് ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. എന്നാൽ ടി ശിപാർശ ധനകാര്യ വകുപ്പ് അംഗീകരിക്കുകയുണ്ടായില്ല. ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഹെഡ്മാസ്റ്റർമാർക്ക് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് അധികാരം നൽകിയിട്ടുള്ളതിനാലും ശമ്പള ബില്ലുകൾ SPARK മുഖേന ചെയ്യുന്നതിനാലും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജോലിഭാരം മുമ്പുള്ളതിനേക്കാൾ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഓഫീസ് ജോലികൾ കൂടുതൽ കാര്യക്ഷമമാക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിലാണ് അടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസ് അനുവദിക്കേണ്ടതില്ല എന്ന തീരുമാനം സർക്കാർ കൈക്കൊണ്ടത്.

**സ്കൂൾ ഭൂമി മറ്റ് ആവശ്യങ്ങൾക്കു വേണ്ടി വിൽക്കുന്നത്**

53 (1089) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സ്കൂൾ മാനേജർമാർ ലാഭകരമല്ലാത്ത സ്കൂളുകളുടെ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി വിൽക്കുന്നതിനായി സ്കൂൾ അടച്ച് പൂട്ടുന്നതിന് നോട്ടീസ് നൽകുന്ന പ്രവണത കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള വിദ്യാഭ്യാസ ചട്ടം സെക്ഷൻ 7(6) പ്രകാരം സ്കൂൾ അടച്ച് പൂട്ടുവാനുള്ള അധികാരം മാനേജർമാർക്കുള്ളതാണ് ദുരുപയോഗം ചെയ്യുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) സ്കൂൾ ഭൂമി മറ്റ് ആവശ്യങ്ങൾക്കു വേണ്ടി വിൽക്കുന്നത് നിരുത്സാഹ പ്പെടുത്തിയും, വിദ്യാഭ്യാസ ചട്ടങ്ങളിലെ മാനേജർമാർക്കുള്ള അധികാരം നൽകുന്ന ബന്ധപ്പെട്ട വകുപ്പ് ഭേദഗതി ചെയ്യുന്നതിന് നിയമവകുപ്പുമായി ആലോചിച്ച് നടപടി

സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) കേരള വിദ്യാഭ്യാസ നിയമത്തിലെ സെക്ഷൻ 7(6), കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 5, ചട്ടം 24 എന്നിവ പ്രകാരമാണ് സ്കൂൾ അടച്ചുപൂട്ടുന്നതിന് മാനേജർമാർക്ക് അധികാരം നൽകിയിട്ടുള്ളത്. എന്നാൽ ഈ അധികാരം ദുരുപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ഒഴിവാക്കാനാവാത്ത വ്യവസ്ഥയായി ഉൾക്കൊള്ളിക്കുന്നതിന് കേരള വിദ്യാഭ്യാസ നിയമത്തിലും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

**അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ ഹയർ സെക്കണ്ടറിയിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യത**

54 (1090) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ ഹയർ സെക്കണ്ടറിയിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യത എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യത പരിശോധിക്കാൻ സംവിധാനം ഉണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപക യോഗ്യത സംബന്ധിച്ച, കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXXII അനുശാസിക്കുന്ന യോഗ്യതകളാണ് അൺ എയ്ഡഡ് അദ്ധ്യാപകരുടെയും യോഗ്യത.

(ബി) ഉണ്ട്. ഇത്തരം ചുമതലകൾ നിറവേറ്റേണ്ടത് ഹയർ സെക്കണ്ടറി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരോ ഹയർ സെക്കണ്ടറി ഡയറക്ടറോ ആണ്.

**സ്കൂൾ പാചക തൊഴിലാളികളുടെ വേതനം**

55 (1091) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ പാചക തൊഴിലാളികളുടെ വേതനം നൂറ് രൂപ വർദ്ധിപ്പിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) സർക്കാർ പ്രഖ്യാപിച്ച ഈ വേതന വർദ്ധനവ് സ്കൂൾ പാചക തൊഴിലാളികൾക്ക് ലഭ്യമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇവരുടെ വേതനം അടിയന്തരമായി വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 260/2013/പൊ.വി. തീയതി 29-6-2013-ലെ ഉത്തരവ് പ്രകാരം 2012-13 വർഷത്തിൽ പാചക തൊഴിലാളികളുടെ വേതനത്തിൽ 50 രൂപയുടെ വർദ്ധനവ് വരുത്തിയിരുന്നു. ആയത് 1-4-2014 മുതൽ 100 രൂപയായി വർദ്ധിപ്പിച്ച് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**അതുല്യം പദ്ധതി**

56 (1092) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അതുല്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പദ്ധതി ആരെല്ലാമായി സഹകരിച്ചാണ് നടത്തുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അതുല്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ വരുന്ന 15 മുതൽ 50 വയസ്സ് വരെ പ്രായമുള്ള പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയ മുഴുവൻ പേർക്കും പ്രാഥമിക വിദ്യാഭ്യാസം നൽകി കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന പദവി കൈവരിക്കുക എന്നതാണ് അതുല്യം പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

(സി) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത്, സാമൂഹ്യക്ഷേമം, നഗരകാര്യ ന്യൂനപക്ഷ ക്ഷേമം, ഗ്രാമവികസനം, സഹകരണം, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് എന്നീ വകുപ്പുകളുടെ സഹകരണ ത്തോടെയാണ് നടപ്പിലാക്കിവരുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും സംഘാടക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടക്കുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അതത് സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർ ചെയർമാനായിട്ടുള്ള സംഘാടക സമിതിയും വാർഡ് തലങ്ങളിൽ വാർഡ് മെമ്പർമാർ ചെയർമാനായിട്ടുള്ള വാർഡ്തല സമിതിയും രൂപീകരിച്ചിട്ടുണ്ട്.

**സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണം**

57 (1093) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ കലോത്സവമേള അപ്പീലുകളുടെ പിൻബലത്തിലും വിദ്യാഭ്യാസ വകുപ്പ് അധികൃതരുടെയും വിധികർത്താക്കളുടെയും നിയമവിരുദ്ധ

ഇടപെടലുകൾമൂലവും കഴിവുള്ളവർക്ക് അർഹമായ നേട്ടം ലഭ്യമാകാതിരിക്കുന്നത് പരിശോധിച്ചുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) മേളകളിൽ ഓരോ വർഷം കഴിയുംതോറും അപ്പീലുകൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ കഴിഞ്ഞ മൂന്നു വർഷമായി സംസ്ഥാന മേളയിൽ വന്ന അപ്പീലുകളുടെ എണ്ണം എത്ര വീതമെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ അദ്ധ്യയന വർഷത്തെ സംസ്ഥാന മേളയിൽ കോടതികൾ, ലോകായുക്ത തുടങ്ങിയവ വഴി വന്ന അപ്പീലുകളുടെ എണ്ണം എത്ര; ഇതിന് കൂട്ടുനിന്ന ഏതൊക്കെ ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും സ്കൂളുകൾക്കുമെതിരെ സർക്കാർ എപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചത്; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) നൈസർഗ്ഗിക വാസനയില്ലാത്ത ചിലരെങ്കിലും കലോത്സവത്തിന്റെ ഉന്നതിയിലും ഗ്രേഡിംഗിലും എത്തുന്നതും അവരുടെ പ്രൊഫഷണൽ പഠന അഡ്മിഷൻ സമ്പാദിക്കാൻ മാത്രമായി മേളയെ ഉപയോഗിക്കുന്നതും, ശേഷം കലാമേഖല വിടുന്നതും പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) എങ്കിൽ കലാമേളയിലെ ഇത്തരം പ്രവൃത്തികളും അപ്പീൽ പ്രവണതയും അവസാനിപ്പിക്കാനായി വിദ്യാഭ്യാസ-കലാ-സാംസ്കാരിക-സാങ്കേതിക മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചുകൊണ്ട് കുറ്റമറ്റ രീതിയിൽ സ്കൂൾ കലോത്സവ മാനുവൽ പരിഷ്കരണം അടുത്ത മേളയ്ക്ക് മുമ്പുതന്നെ നടത്താൻ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വകുപ്പ് അധികൃതരും വിധി കർത്താക്കളും സംസ്ഥാന കലോത്സവത്തിൽ നിയമവിരുദ്ധമായി ഇടപെടാറില്ല. ഇത്തരത്തിലുള്ള ഇടപെടൽമൂലം കഴിവുള്ളവർക്ക് അർഹമായ നേട്ടം ലഭ്യമാകാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2012-13 - 781

2013-14 - 872

2014-15 - 1446

(സി) 456 അപ്പീലുകൾ. അനധികൃതമായി ലോകായുക്ത ഉത്തരവ് സമ്പാദിച്ച് സംസ്ഥാന മേളയിൽ മത്സരിക്കുകയും, ഈ ക്രമക്കേടിന്, കൂട്ടുനിന്ന കാസർഗോഡ്, ഉദുമ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ശ്രീ. കെ. പ്രഭാകരൻ, ഹയർ സെക്കണ്ടറി വിഭാഗം ടീം മാനേജർ ശ്രീ. അഭിറാം (എച്ച്.എസ്.എസ്.ടി., കമ്പ്യൂട്ടർ സയൻസ്) എന്നിവർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സ്കൂൾ, സബ്, റവന്യൂ ജില്ലാ കലോത്സവങ്ങളിൽ മത്സരിച്ച് 'എ' ഗ്രേഡോടെ ഒന്നാം സ്ഥാനം നേടുന്നവരാണ് സംസ്ഥാന തലത്തിൽ മത്സരിച്ച് ഗ്രേഡുകൾ കരസ്ഥമാക്കുന്നത്. ഗ്രേഡുകൾ പ്രകാരമുള്ള ഗ്രേസ്മാർക്കുകൾ 10, 11, 12 ക്ലാസ്സുകളിൽ അവസാന പരീക്ഷയ്ക്ക് അനുവദിച്ച് നൽകാറുണ്ട്. അതിനു ശേഷമുള്ള പഠന വിവരം ഈ വകുപ്പിൽ ലഭ്യമാകാറില്ല.

(ഇ) അപ്പീൽ പ്രവണത അവസാനിപ്പിക്കാനായി വിദ്യാഭ്യാസ-കലാ-സാംസ്കാരിക-സാങ്കേതിക മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചുകൊണ്ട് കുറ്റമറ്റ രീതിയിൽ സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണം അടുത്ത മേളയ്ക്ക് മുമ്പുതന്നെ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**അദ്ധ്യാപക പാക്കേജ്**

58 (1094) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) അദ്ധ്യാപക പാക്കേജ് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പാക്കേജിലെ പ്രധാന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ലംഘിച്ചുകൊണ്ട് മാനേജർമാർ നടത്തിയ നിയമനങ്ങൾ കാരണം അംഗീകാരമില്ലാതെയും ശമ്പളമില്ലാതെയും ജോലിചെയ്തിരുന്ന അദ്ധ്യാപകരുടെയും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനവും പുനർവിന്യാസവും ശാസ്ത്രീയമായ രീതിയിൽ നടപ്പാക്കുന്നതിനുമായാണ് അദ്ധ്യാപക പാക്കേജിന് രൂപം നൽകിയത്. എന്നാൽ ബഹു. ഹൈക്കോടതി 30107/13-ഉം മറ്റനുബന്ധ കേസുകളിലെയും 15-1-2015-ലെ വിധിയിലൂടെ പാക്കേജും അനുബന്ധ ഉത്തരവുകളും റദ്ദുചെയ്തിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പാക്കേജിന് രൂപം നൽകി പുറപ്പെടുവിച്ച 1-10-2011-ലെ ജി.ഒ.(പി) 199/11/പൊ.വി.വ നമ്പർ ഉത്തരവ്, അദ്ധ്യാപക ബാങ്ക് രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച 23-12-2014-ലെ സ.ഉ(പി) 278/14/പൊ.വി.വ എന്നീ ഉത്തരവുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) അധ്യാപക പാക്കേജ് പ്രകാരം ശമ്പളമില്ലാതെ ജോലിയിൽ തുടർന്നിരുന്ന 2813 അദ്ധ്യാപകർക്ക് അംഗീകാരം നൽകി ശമ്പളം നൽകി. കൂടാതെ തസ്തികയില്ലാതെ സർവ്വീസിൽ തുടർന്ന 134 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, കുട്ടികളുടെ കുറവ് മൂലം പുറത്തുപോയ 51 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, 1159 റിട്രെഞ്ച്ഡ് ടീച്ചേഴ്സ്, പഞ്ചായത്ത് സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലി ചെയ്യുന്ന 4 പേർ, പഞ്ചായത്ത് സ്കൂളുകളിൽ കുട്ടികളുടെ കുറവ് മൂലം പുറത്തുപോയ 11 അദ്ധ്യാപകർ, സ്പെഷ്യൽ സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന 4 അദ്ധ്യാപകർ എന്നിവർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ട്. 23-12-2004-ലെ സ.ഉ.(പി) നമ്പർ 278/14/പൊ.വി.വ പ്രകാരം അദ്ധ്യാപക ബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഇടുക്കി ജില്ലയിലെ പഠന വൈകല്യമുള്ള കുട്ടികൾ**

59 (1095) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന പഠന വൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ സഹായിയെ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ വിദ്യാഭ്യാസ വകുപ്പ് നിരസിക്കുകയുണ്ടായോ ; എത്ര കുട്ടികളുടെ അപേക്ഷയാണ് നിരസിച്ചത് ;

(ബി) പഠന വൈകല്യം, മനോവൈകല്യം എന്നിവയുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷാ ഹാളിൽ സഹായിയെ അനുവദിക്കാം എന്ന വ്യവസ്ഥ പ്രകാരം അനുമതി തേടിയ അപേക്ഷകൾ നിരസിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(സി) ഓരോ ജില്ലകളിലും സമാന കാരണം ചൂണ്ടിക്കാട്ടി എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട് എന്നത് ജില്ല തിരിച്ച് കണക്ക് നൽകാമോ ;

(ഡി) പ്രസ്തുത കുട്ടികൾക്ക് അർഹതപ്പെട്ട സഹായത്തോടെ പരീക്ഷ എഴുതുന്നതിനായി നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇടുക്കി ജില്ലയിൽനിന്നും പഠന വൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ സഹായിയെ ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ ഒന്നുംതന്നെ നിരസിച്ചിട്ടില്ല.

(സി&ഡി) അപേക്ഷയോടൊപ്പം നോട്ടിഫിക്കേഷൻ പ്രകാരമുള്ള ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കാത്തതു കാരണം യഥാക്രമം ആലപ്പുഴ 1, തൃശ്ശൂർ II, എറണാകുളം 1 എന്നീ ക്രമത്തിൽ 4 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

**അദ്ധ്യാപക പാക്കേജും അധ്യാപക ബാങ്കും**

60 (1096) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അദ്ധ്യാപക പാക്കേജും അദ്ധ്യാപക ബാങ്കും നടപ്പിലാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ ഉത്തരവ് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും കോടതി വിധി ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) കോടതി വിധിയെ തുടർന്ന് അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിക്കുകയും വിവിധ കാരണങ്ങളാൽ നിയമനാംഗീകാരവും ശമ്പളമില്ലാതെ തുടർന്നിരുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും 1-6-2011 മുതൽ നൽകുന്നതിനും കുട്ടികളുടെ കുറവുമൂലം സർവ്വീസിൽനിന്നും പുറത്തുപോയ അദ്ധ്യാപകർക്ക് പുനർനിയമനം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 1-10-2011-ലെ സ.ഉ.(പി) നമ്പർ199/11/പൊ.വി.വ പ്രകാരം അദ്ധ്യാപക പാക്കേജ് പ്രഖ്യാപിച്ചത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രശ്നരഹിതമായ അദ്ധ്യാപക സമൂഹം അത്യാവശ്യ ഘടകമാണെന്നതിന്റെ അടിസ്ഥാനത്തിലും എയ്ഡഡ് സ്കൂൾ നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും പാക്കേജ് ലക്ഷ്യമിട്ടിരുന്നു. അധ്യാപക പാക്കേജിന്റെ ഭാഗമായി അധ്യാപക ബാങ്ക് രൂപീകരിച്ചുകൊണ്ട് 23-12-2014-ൽ സ.ഉ.(പി) നമ്പർ278/14/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി&ഡി) 15-1-2015-ലെ WP(c) 30107/13-ഉം അനുബന്ധ കേസുകളിലെ പൊതുവായ ഹൈക്കോടതി വിധി പ്രകാരം അദ്ധ്യാപക പാക്കേജ് ഉത്തരവുകളും തസ്തിക നിർണ്ണയ മാർഗ്ഗനിർദ്ദേശങ്ങളുൾപ്പെടെ അനുബന്ധ ഉത്തരവുകളും റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ അപ്പീൽ നൽകുന്നതിനായി ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-2-2015-ന് അഡീഷണൽ

അഡ്വക്കേറ്റ് ജനറലുമായി ഒരു ചർച്ച നടത്തുകയും തുടർന്ന് വിധിക്കെതിരെ അടിയന്തരമായി അപ്പീൽ ഫയൽ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പാക്കേജിന്റെ ഭാഗമായി നിയമനാംഗീകാരം ലഭിച്ചവർക്ക് ജോലി സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി കൂടിയാണ് അപ്പീൽ നൽകാൻ തീരുമാനിച്ചിട്ടുള്ളത്.

## ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.എ. നിയമനം

61 (1097) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.എ. ഹിസ്റ്ററി, കെമിസ്ട്രി വിഷയങ്ങളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് അറിയുമോ ;

(ബി) എച്ച്.എസ്.എ. ഹിസ്റ്ററി, കെമിസ്ട്രി വിഷയങ്ങളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

### ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.എ. (സോഷ്യൽ സയൻസ്), എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) എച്ച്.എസ്.എ. സോഷ്യൽ സയൻസിന് 6 (ആറ്) ഒഴിവുകളും, എച്ച്.എസ്.എ. ഫിസിക്കൽ സയൻസിന് 4 (നാല്) ഒഴിവുകളും നിലവിലുണ്ട്.

(സി) എച്ച്.എസ്.എ. സോഷ്യൽ സയൻസ് വിഭാഗത്തിൽ നിലവിലുള്ള ആറ് ഒഴിവുകളിൽ നിയമാനുസൃതമുള്ള 2 (രണ്ട്) ഒഴിവുകൾ പി.എസ്.സി. വഴി നേരിട്ട് നിയമനം നടത്തുന്നതിനും 2 (രണ്ട്) ഒഴിവുകളിൽ അന്തർജില്ലാ സ്ഥലംമാറ്റം വഴി

നിയമനം നടത്തുന്നതിനും ഒരൊഴിവിൽ പ്രൈമറി വിഭാഗത്തിൽ നിന്നുള്ള അദ്ധ്യാപകരുടെ സ്ഥാനക്കയറ്റംവഴി നികത്തുന്നതിനും മറ്റൊരൊഴിവ് ബൈ ട്രാൻസ്ഫർ വഴി നികത്തുന്നതിനുമുള്ള നടപടികൾ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ചുവരുന്നു. എച്ച്.എസ്.എ. (ഫിസിക്കൽ സയൻസിന്) നിലനിൽക്കുന്ന 4 (നാല്) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും നിയമന ശിപാർശ ഇതുവരെ ലഭിച്ചിട്ടില്ല.

**മഞ്ചേരി മണ്ഡലത്തിലെ സ്കിൽ പാർക്ക്**

62 (1098) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മഞ്ചേരി മണ്ഡലത്തിൽ സ്കിൽ പാർക്ക് (എ.എസ്.എ.പി. ) സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പദ്ധതിക്കായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ; സ്കിൽ പാർക്ക് എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

മഞ്ചേരി മണ്ഡലത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ചതനുസരിച്ച് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിനായി ജി.എച്ച്.എസ്.എസ്. പാണ്ടിക്കാട് പരിഗണിച്ചിട്ടുണ്ട്. പ്രസ്തുത തലത്തിൽ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിനായുള്ള ഡിസൈൻ ആന്റ് കൺസ്ട്രക്ഷൻ സൂപ്പർവിഷൻ കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ അന്തിമ ഘട്ടത്തിലാണ്. ഡിസൈൻ ആന്റ് കൺസ്ട്രക്ഷൻ സൂപ്പർവിഷൻ കൺസൾട്ടന്റിനെ നിയമിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കാൻ സാധിക്കും.

**ഫോക്കസ് പദ്ധതി**

63 (1099) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ മേഖലയിൽ ഫോക്കസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഫോക്കസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് എപ്രകാരമാണ് ;

(സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ 60 കുട്ടികളിൽ കുറവുമാത്രം പഠിക്കുന്ന വിദ്യാലയങ്ങളെയാണ് ഫോക്കസ് 2015 പദ്ധതിയിൽ ഉൾക്കൊള്ളിച്ചത്. അപ്രകാരം സംസ്ഥാനത്തുടനീളം 3560 വിദ്യാലയങ്ങൾ കണ്ടെത്തി. അവയിൽ 1568 വിദ്യാലയങ്ങളിൽ ഒന്നാംഘട്ടമായി പ്രവർത്തനങ്ങൾ 2014-15 വർഷം ആരംഭിച്ചു. വരുംവർഷം (2015-16-ൽ) ശേഷിക്കുന്ന വിദ്യാലയങ്ങളിൽ കൂടി പ്രസ്തുത പരിപാടി വ്യാപിപ്പിക്കും.

(ബി) 60 കുട്ടികളിൽ താഴെ മാത്രം കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ കണ്ടെത്തി അവിടെ പ്രത്യേക ശ്രദ്ധയും പിന്തുണയും നൽകുക എന്നതാണ് പ്രവർത്തന രീതി. ഫോക്കസ് വിദ്യാലയങ്ങളിലെ നിലവിലെ അവസ്ഥ പഠിക്കുക, ഈ അവസ്ഥയ്ക്കുള്ള കാരണങ്ങൾ കണ്ടെത്തുക, സാമൂഹ്യ പങ്കാളിത്തത്തോടെ വിദ്യാലയ വികസന പദ്ധതി തയ്യാറാക്കുക, ഭൗതികവും അക്കാദമികവുമായ വളർച്ച ഉറപ്പാക്കുക, ആവശ്യമായ പ്രത്യേക പിന്തുണ എസ്.എസ്.എ. സംവിധാനത്തിലൂടെ ലഭ്യമാക്കുക, അടുത്ത വിദ്യാഭ്യാസ വർഷം കൂടുതൽ കുട്ടികളെ ആകർഷിക്കുക എന്നിവയാണ് വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്നത്.

(സി) ഫോക്കസ് പദ്ധതി നടപ്പിലാക്കുന്നതിനായി അവസ്ഥാ പഠനം നടത്തി വിദ്യാലയ മികവ്/പരിമിതി നിശ്ചയിക്കുക, മാർഗ്ഗരേഖകൾ, കൈപ്പുസ്തകങ്ങൾ എന്നിവ വിദ്യാലയങ്ങൾക്ക് ലഭ്യമാക്കുക, അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പ്രത്യേക ഒത്തുചേരലുകൾ സംഘടിപ്പിക്കുക, തദ്ദേശസ്ഥാപനം, എം.എൽ.എ. എന്നിവരുടെ സഹായം ഉറപ്പാക്കുക, പിന്തുണ നൽകാൻ ബി.ആർ.സി.-കളെ നിയോഗിക്കുക, നിരന്തര പിന്തുണയും മേൽനോട്ടവും ലഭ്യമാക്കുക, വിദ്യാലയ മികവ് സമൂഹത്തിനെ അറിയിക്കാൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, വിദ്യാലയ വികസനത്തിന് പൂർവ്വ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നീ ക്രമീകരണങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**ഫ്ലെയർ പദ്ധതി**

64 (1100) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫ്ലെയർ (FLAIR) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആരെല്ലാമായി സഹകരിച്ചാണ് നടത്തുന്നത് ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫ്ലെയർ എന്ന പദ്ധതിക്ക് പ്രധാനമായി രണ്ട് ലക്ഷ്യങ്ങൾ ഉണ്ട്. ഉന്നത വിദ്യഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലും സർവ്വകലാശാല വകുപ്പുകളിലും പുതുതായി പ്രവേശിച്ച അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള അദ്ധ്യാപക പരിശീലനവും അദ്ധ്യാപനത്തിനും ഗവേഷണത്തിലും മികച്ച ദേശീയ, അന്തർദ്ദേശീയ സ്ഥാപനങ്ങളിൽ പരിശീലനവും പദ്ധതി പ്രകാരം നൽകുന്നു. ഈ പദ്ധതി ആരംഭ വർഷത്തിൽ (2013-14) സർക്കാർ കോളേജുകളിലും അഞ്ച് സർവ്വകലാശാലകളിലുമാണ് നടപ്പിലാക്കിയിരുന്നത്. എന്നാൽ 2014-15 വർഷത്തിൽ കേരളത്തിലെ എല്ലാ എയ്ഡഡ് കോളേജുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ അദ്ധ്യാപന സർവ്വീസിൽ പ്രവേശിച്ചവർക്കും ഇനിയും 20 വർഷമെങ്കിലും സർവ്വീസിലുള്ളവരുമായ അദ്ധ്യാപകരെയാണ് ഫ്ലെയർ പരിശീലനങ്ങൾക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉന്നത നിലവാരത്തിലുള്ളതും നൂതനവുമായ ആശയങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രചോദനം നൽകുവാനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ദേശീയ സ്ഥാപനങ്ങളായ ഐ.ഐ.ടി. മുംബൈ, ചെന്നൈ, ഗുവാഹത്തി,

ബംഗളൂരു, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബംഗളൂരു, ഐ.ഐ.ഐ.ടി. ബംഗളൂരു, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ്, മുംബൈ, സാഹ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂക്ലിയർ ഫിസിക്സ്, കൊൽക്കത്ത, ഐ.ഐ.എം. ബംഗളൂരു, എൻ.ഐ.റ്റി. ഭോപ്പാൽ, എൻ.സി.ബി.എസ്. ബംഗളൂരു തുടങ്ങിയ സ്ഥാപനങ്ങളുമായും യുണൈറ്റഡ് കിംഗ്ഡത്തിലെ പ്രമുഖ യൂണിവേഴ്സിറ്റികളുമായും സഹകരിച്ചാണ് ഫ്ലെയർ (FLAIR) പദ്ധതി നടത്തുന്നത്.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഫ്ലെയർ പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി സ്പെഷ്യൽ ഓഫീസറുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. ഫ്ലെയർ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോഗ്രാം ഡയറക്ടറെയും (താൽക്കാലികം) നിയമിച്ചിട്ടുണ്ട്. അക്കാദമിക് പരിശീലനം രൂപപ്പെടുത്താനും അത് നൽകാനുമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഒരു മുൻ പ്രൊഫസർ നേതൃത്വം നൽകുന്ന ഒൻപതുപേരടങ്ങുന്ന ഒരു പരിശീലക ടീം പ്രവർത്തിക്കുന്നു.

**ഫോക്കസ് പദ്ധതി**

65 (1101) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ ഫോക്കസ് പദ്ധതി നടപ്പാക്കി തുടങ്ങിയതിനുശേഷമുണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ആദ്യഘട്ടമായി ഉൾപ്പെട്ടിട്ടുള്ള സ്കൂളുകളിൽ ചെയ്ത പ്രവർത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) 60 കുട്ടികളിൽ കുറവുള്ള വിദ്യാലയങ്ങളിൽ സാമൂഹിക പങ്കാളിത്തത്തോടെ ഭൗതികവും അക്കാദമികവുമായ മികവ് ആർജ്ജിക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ എത്ര സ്കൂളുകളിൽ ആരംഭിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ 1568 വിദ്യാലയങ്ങളിലാണ് ഫോക്കസ് പദ്ധതി നടപ്പിലാക്കിയത്. 60 കുട്ടികളിൽ താഴെ മാത്രം പഠനം നടത്തുന്ന 3560 വിദ്യാലയങ്ങളാണ് സംസ്ഥാനത്ത് ആകെയുള്ളത്. വരും വർഷം ശേഷിക്കുന്ന 1992 വിദ്യാലയങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഫോക്കസ് 2015 പദ്ധതി നടപ്പിലാക്കിയ വിദ്യാലയങ്ങളിൽ ഉണ്ടായ ആശാവഹമായ മാറ്റങ്ങൾ താഴെപ്പറയുന്നവയാണ് :

- വിദ്യാലയ പുരോഗതി ജനങ്ങൾ ഏറ്റെടുത്തു തുടങ്ങി
- വികസന രേഖ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചു
- ജനപ്രതിനിധികളുടെ ശ്രദ്ധയും താത്പര്യവും നേടാൻ കഴിഞ്ഞു
- ഭൗതിക സൗകര്യങ്ങളിൽ മികവ് ഉണ്ടാക്കാൻ കഴിഞ്ഞു
- അക്കാദമിക കാര്യങ്ങളിൽ അദ്ധ്യാപകരും രക്ഷിതാക്കളും കൂടുതൽ ശ്രദ്ധിക്കുന്നു
- സാമൂഹിക ശ്രദ്ധയും വിശ്വാസവും ഉയർന്നതിനാൽ കൂടുതൽ കുട്ടികൾ വന്നുചേർന്നു
- എ.ഇ.ഒ., എസ്.എസ്.എ., ഡയറ്റ് തുടങ്ങിയ സംവിധാനങ്ങൾ കൂടുതൽ ശ്രദ്ധിക്കുന്നുണ്ട്
- വിദ്യാലയത്തെ ശാക്തീകരിക്കാൻ പൂർവ്വ വിദ്യാർത്ഥികൾ തല്പരരായി.

(ബി) ഓരോ വിദ്യാലയത്തിലും ആവശ്യമായ വ്യത്യസ്ത പ്രവർത്തനങ്ങളാണ് ഏറ്റെടുക്കപ്പെട്ടത്. അവ താഴെപ്പറയും പ്രകാരമാണ് :

- കുട്ടികളുടെ നിലവിലെ പഠന നിലവാരം കണ്ടെത്തി
- വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ കൃത്യതപ്പെടുത്തി
- അദ്ധ്യാപകരുടെ ആസൂത്രണം തയ്യാറെടുപ്പ് കൂടുതൽ ഫലപ്രദമായി

- ട്രെയിനർമാരുടെ അധികസമയ പിന്തുണ ലഭ്യമാക്കി
- ക്ലാസ് മുറികൾ, ഉച്ചഭക്ഷണ സൗകര്യം, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ മികച്ചതാക്കി
- വിവിധ സ്രോതസ്സുകളിൽനിന്നുള്ള പിന്തുണ ലഭ്യമാക്കി
- കുട്ടികളുടെ പഠന മികവ് രക്ഷിതാക്കളേയും സമൂഹത്തേയും ബോധ്യപ്പെടുത്തി.

(സി) ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാലയങ്ങളിൽ ഒന്നാം ഘട്ടമായി തെരഞ്ഞെടുത്ത 1568 വിദ്യാലയങ്ങളിലും മികവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

## മലപ്പുറം ജില്ലയിൽ എൽ.പി./യു.പി. അദ്ധ്യാപക തസ്തികയിൽ എൻ.സി.എ. നിയമനം

66 (1102) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ എൽ.പി./യു.പി. അദ്ധ്യാപക തസ്തികയിൽ എൻ.സി. എ. നിയമനത്തിനായി അഡ്വൈസ് മെമ്മോ ലഭിച്ച പട്ടികജാതിയിലും പട്ടിക വർഗ്ഗത്തിലുംപ്പെട്ട എത്ര ഉദ്യോഗാർത്ഥികളുണ്ട് ; ഇവർക്ക് നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് അഡ്വൈസ് മെമ്മോ ലഭിച്ചിട്ട് ഒരു വർഷത്തോളമായി എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവരുടെ നിയമനം സംബന്ധിച്ച് മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും നിയമസഭയിൽ നൽകിയ ഉറപ്പുകൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് നീക്കിവെക്കേണ്ട തസ്തികകളിൽ മറ്റുള്ളവർ നിയമിക്കപ്പെടാൻ ഇടയായ സാഹചര്യമെന്തെന്ന് വിശദമാക്കാമോ ;

(ഇ) ഇക്കാര്യത്തിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷിക്കുന്നതിനും എത്രയും വേഗം നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 49. ഇല്ല. 2014-15 വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചപ്പോൾ 2010-11 വർഷത്തെ തസ്തിക നിർണ്ണയപ്രകാരം നിലനിന്നിരുന്ന 351 എൽ.പി.എസ്.എ. തസ്തികകൾക്ക് കുറവുവരികയും എന്നാൽ 270 എൽ.പി.എസ്.എ. അദ്ധ്യാപകർക്ക് തസ്തിക നഷ്ടപ്പെടുകയും ഇവരെ മാതൃവിദ്യാലയത്തിലും, മറ്റ് വിദ്യാലയങ്ങളിലുമായി പുനർവിന്യസിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ബാക്കി വന്ന 81 ഒഴിവുകളും നഷ്ടപ്പെട്ടു. ഈ ഒഴിവുകൾ എൻ.സി.എ. (നോ കാൻഡിഡേറ്റ് അവെയ്ലബിൾ) ഉദ്യോഗാർത്ഥികൾക്കായി പി.എസ്.സി. ശിപാർശ ചെയ്ത 49 എസ്.സി./എസ്.റ്റി. +5 + എൽ.സി.+ 1 ധീവര + ജനറൽ 13, ആകെ 68 ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനും അന്തർജില്ലാ സ്ഥലം മാറ്റത്തിനുമായി മാറ്റിവച്ചതായിരുന്നു. എന്നാൽ ഒഴിവുകൾ നഷ്ടപ്പെട്ട് 270 എൽ.പി.എസ്.എ. അദ്ധ്യാപകർ അധികം നിൽക്കുന്നതിനാലാണ് 49 പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ സാധിക്കാത്തത്.

(ബി) ഉണ്ട്.

(സി) അഡ്വൈസ് ചെയ്ത 49 എസ്.സി./എസ്.ടി. ഉദ്യോഗാർത്ഥികൾക്ക് തസ്തിക ലഭ്യമല്ലാത്തതിനാൽ നിയമനം നൽകുന്നതിലേക്കായി 'സൂപ്പർ ന്യൂമററി' തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി&ഇ) വിശദമായി പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണ്.

### നരിപ്പറ്റ ആർ.എൻ.എം.എച്ച്.എസ്.-ലെ കായികാദ്ധ്യാപകനെ പിരിച്ചുവിട്ട നടപടി

67 (1103) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നരിപ്പറ്റ ആർ.എൻ.എം.എച്ച്.എസ്.-ലെ കായികാദ്ധ്യാപകനായിരുന്ന ശ്രീ. കെ. പ്രദീപനെ എന്ന് മുതലാണ് സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തതെന്നും നീക്കം ചെയ്തതെന്നും വ്യക്തമാക്കുമോ ;

(ബി) സസ്പെൻഷൻ കാലയളവിൽ ടിയാന് ഉപജീവന ബത്ത നൽകിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എത്ര തുകയാണ് നൽകേണ്ടിയിരുന്നതെന്നും

വ്യക്തമാക്കുമോ ;

(സി) ടിയാന്റെ പി.എഫ്., എൽ.ഐ.സി., എസ്.എൽ.ഐ., ജി.ഐ.എസ്. തുടങ്ങിയവയിൽ അടവാക്കിയതും ടിയാന് അർഹതപ്പെട്ടതുമായ തുക എത്രയെന്നും അവ എപ്പോഴാണ് നൽകിയിട്ടുള്ളത് എന്നും വ്യക്തമാക്കുമോ ;

(ഡി) നാളിതുവരെ തുക നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രീ. കെ. പ്രദീപനെ 12-3-07 തീയതിയിൽ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും സ്കൂൾ മാനേജരുടെ 30-3-2011-ലെ ഉത്തരവ് നമ്പർ 1/2011 പ്രകാരം 12-3-2007 പ്രാബല്യത്തിൽ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയുമുണ്ടായി.

(ബി) സസ്പെൻഷൻ കാലത്ത് ഉപജീവന ബത്തയായി നൽകേണ്ടിയിരുന്ന തുക 1,65,582 രൂപയാണ്. അതേസമയം ശ്രീ. കെ. പ്രദീപൻ 12-3-2007 മുതൽ 30-9-2011 വരെയുള്ള കാലയളവിൽ 2,26,167 രൂപ (രൂപ രണ്ട് ലക്ഷത്തി ഇരുപത്താറായിരത്തി ഒരുനൂറ്റി അറുപത്തിയേഴ് മാത്രം) ശമ്പളം, അലവൻസ് എന്നീ ഇനത്തിൽ കൈപ്പറ്റിയിട്ടുണ്ട്.

(സി) ശ്രീ. കെ. പ്രദീപൻ കെ.എ.എസ്.ഇ.പി.എഫ്., ജി.ഐ.എസ്., എസ്.എൽ.ഐ. എന്നിവയിൽ അടച്ച തുക താഴെ ചേർക്കുന്നു :

| | |
|---|---|
| കെ.എ.എസ്.ഇ.പി.എഫ്. | - 1,03,127 |
| ജി.ഐ.എസ്. | - 7,072 |
| എസ്.എൽ.ഐ. | - 6,150 |

ടിയാന് ഈ ഇനത്തിൽ തുക നൽകിയിട്ടില്ല.

(ഡി) തുക തിരികെ ലഭിക്കുന്നതിനായി ശ്രീ. കെ. പ്രദീപൻ അപേക്ഷ സമർപ്പിച്ചിട്ടില്ല.

**അദ്ധ്യാപക ബാങ്ക്**

68 (1104) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക ബാങ്ക് രൂപീകരണവും തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് 2014-15 വർഷത്തിൽ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കുമോ ;

(ബി) മാനദണ്ഡ പ്രകാരം എത്ര അദ്ധ്യാപകരെ ബാങ്കിലേയ്ക്ക് മാറ്റേണ്ടി വരുമെന്നതിന്റെ കണക്കും മുൻ വർഷങ്ങളിലെ എത്ര അദ്ധ്യാപകർ ബാങ്കിൽ ശേഷിക്കുന്നുണ്ട് എന്നതിന്റെ കണക്കും വെളിപ്പെടുത്തുമോ ;

(സി) ബാങ്കിൽ ഉൾപ്പെടുത്തുന്ന അദ്ധ്യാപകരുടെ വിന്യാസം സംബന്ധിച്ച നയം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15-ലെ തസ്തികനിർണ്ണയവും അദ്ധ്യാപകരുടെ പുനർവിന്യാസവും സംബന്ധിച്ച മാനദണ്ഡം വ്യക്തമാക്കുന്ന 23-12-2004-ലെ സ.ഉ.(പി) 278/14/ പൊ.വി.വ.-യുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ജി.ഒ.(പി) 278/14/പൊ.വി.വ. ഉത്തരവുപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുമ്പ് തന്നെ 15-1-2015-ന് WP(c) 30107/13 നമ്പർ കേസിലെ ഹൈക്കോടതി വിധിയിലൂടെ അദ്ധ്യാപക പാക്കേജും ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളും ബഹു. ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുകയാണ്. അതിനാൽ മേൽ മാനദണ്ഡങ്ങൾക്കനുസരിച്ച് ബാങ്കിലേയ്ക്ക് ഉൾപ്പെടുത്തുന്നവരുടെ കണക്കുകളും മറ്റ് വിശദാംശങ്ങളും നിലവിൽ ലഭ്യമല്ല.

**ഏകാദ്ധ്യാപക വിദ്യാ വോളന്റിയർമാരുടെ വേതന വർദ്ധനവ്**

69 (1105) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ വിദ്യാ വോളന്റിയർമാരായി ജോലി ചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) വർദ്ധിപ്പിച്ച തുക ഇപ്പോൾ നൽകുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കുടിശ്ശിക ഇനത്തിൽ എത്ര തുക നൽകാനുണ്ട് ; വിശദാംശങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 8-10-2004-ലെ സ.ഉ.(എംഎസ്.) നമ്പർ207/2004 പൊ.വി.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഓണറേറിയം 1-9-2014 മുതൽ 3,000 രൂപയിൽ നിന്നും 5,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) വർദ്ധിപ്പിച്ച തുക ഇപ്പോൾ നൽകുന്നുണ്ട്.

(സി) യാതൊരു കുടിശ്ശികയും നിലവിലില്ല.

**രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ - കാസർഗോഡ് ജില്ലയിലെ സ്കൂളുകൾ**

70 (1106) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) കുട്ടികളുടെ എണ്ണത്തിനനുസരിച്ച് അഡീഷണൽ തസ്തികകൾ അനുവദിക്കാത്തത് കാരണം കുട്ടികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) സ്കൂളുകൾ തുടങ്ങി വർഷങ്ങളായിട്ടും ഇത്തരം സ്കൂളുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) 17 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മടപ്പള്ളി ഗവൺമെന്റ് കോളേജിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ**

71 (1107) <u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മടപ്പള്ളി ഗവൺമെന്റ് കോളേജിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താൻ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളേജിലെ സയൻസ് ബ്ലോക്കിലെ കെട്ടിടങ്ങൾ മഴക്കാലത്ത് സുരക്ഷിതമല്ലാത്തതിനാൽ ആയത് അറ്റകുറ്റപ്പണികൾ നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ;

(സി) കോളേജിലെ അദ്ധ്യാപകരുടെ ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻവേണ്ടി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടോ ;

(ഡി) മേൽപറഞ്ഞ കാര്യങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മടപ്പള്ളി ഗവൺമെന്റ് കോളേജിൽ അറ്റകുറ്റപ്പണികൾക്കായി 17,66,453 രൂപ ചെലവഴിച്ചു.

(ബി) സയൻസ് ബ്ലോക്കിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

**അപ്ഗ്രേഡ് ചെയ്യപ്പെട്ട വിദ്യാലയങ്ങൾ**

72 (1108) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> :
<u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപ്ഗ്രേഡ് ചെയ്യപ്പെട്ടതും സർവ്വ ശിക്ഷാ അഭിയാൻ തെരഞ്ഞെടുത്തതുമായ വിദ്യാലയങ്ങളിൽ പ്രവർത്തനം ആരംഭിച്ചുവോ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളന്റിയർമാരെ

അവരുടെ യോഗ്യതയും സേവനകാലയളവും പരിഗണിച്ച് അദ്ധ്യാപകരായോ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായോ നിലനിർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അപ്ഗ്രേഡ് ചെയ്യപ്പെട്ടതും സർവ്വ ശിക്ഷാ അഭിയാൻ തെരഞ്ഞെടുത്തതുമായ വിദ്യാലയങ്ങളിൽ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങൾക്ക് ആവശ്യമായ ഭൂമി ലഭ്യമാകാത്തതിനാലാണ് വിദ്യാലയങ്ങൾ തുടങ്ങാൻ താമസം നേരിടുന്നത്.

(ബി) പ്രസ്തുത ആവശ്യം പരിശോധിക്കുന്നതാണ്.

**ബഡ്ജറ്റിൽ വിദ്യാഭ്യാസ വകുപ്പിന് വകയിരുത്തിയ തുക**

73 (1109) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിദ്യാഭ്യാസ വകുപ്പിന് വകയിരുത്തിയ തുക എത്ര ;

(ബി) പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം എന്നീ മേഖലകൾക്ക് അനുവദിച്ച തുക പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ ;

(സി) ഇതിൽ എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവനും വകുപ്പിന് അനുവദിച്ച് കിട്ടിയിട്ടുണ്ടോ ; എത്ര തുക കിട്ടി ; എനി എത്ര തുക ലഭിക്കാനുണ്ട് ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതി എന്നീ ഇനങ്ങളിലായി 1841.45 കോടി രൂപ ബഡ്ജറ്റിൽ വിദ്യാഭ്യാസ

വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന പദ്ധതി, കേന്ദ്രാവിഷ്കൃതം എന്നീ ഇനങ്ങളിലായി പൊതുവിദ്യാഭ്യാസത്തിന് 1070.92 കോടി രൂപയും ഉന്നത വിദ്യാഭ്യാസത്തിന് 770.53 കോടി രൂപയും 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന് വകയിരുത്തിയിട്ടുള്ള തുകയിൽ 49.25 കോടി രൂപ പ്രസ്തുത വകുപ്പിന്റേതല്ലാത്ത വിവിധ പദ്ധതികൾക്കാണ് അനുവദിച്ചിരിക്കുന്നത്.

(സി) പൊതുവിദ്യാഭ്യാസത്തിൽ 597.50 കോടി രൂപയും ഉന്നത വിദ്യാഭ്യാസത്തിൽ 248.21 കോടി രൂപയും ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 2014-15 വർഷത്തെ ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസത്തിന് 785.63 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. 284.53 കോടി രൂപ (സംസ്ഥാന പദ്ധതി-കേന്ദ്രാവിഷ്കൃതം ഉൾപ്പെടെ) ഇനിയും ലഭിക്കാനുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ട്.

**അമ്പലപ്പുഴ മണ്ഡലത്തിലെ സർവ്വ ശിക്ഷാ അഭിയാൻ ഫണ്ട് പ്രവൃത്തികൾ**

74 (1110) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ സർവ്വ ശിക്ഷാ അഭിയാൻ ഫണ്ട് ഉപയോഗിച്ച് അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കി ; എത്ര രൂപ ചെലവഴിച്ചു ; വിശദമാക്കാമോ ;

(ബി) 2006-2011 കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നിലവിൽ എസ്.എസ്.എ. ഫണ്ടുപയോഗിച്ച് നടപ്പിലാക്കേണ്ട പദ്ധതി നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധം (II) ആയി ചേർക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം (III) ആയി ചേർക്കുന്നു.*

**പാഠപുസ്തക അച്ചടിയും വിതരണവും**

75 (1111) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാഠപുസ്തകം അച്ചടിക്കുന്നതിനും വിതരണം നടത്തുന്നതിനും ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(ബി) അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പാഠപുസ്തക വിതരണം യഥാസമയം നടക്കാത്തത് സംബന്ധിച്ച് മുൻവർഷങ്ങളിലുണ്ടായിട്ടുള്ള ആക്ഷേപങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) അടുത്ത അദ്ധ്യയനവർഷം പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും യഥാസമയം നടത്തുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 2015-16 അദ്ധ്യയന വർഷത്തേക്കുള്ള ഒന്നു മുതൽ പത്ത് വരെയുള്ള പാഠപുസ്തക അച്ചടി കെ.ബി.പി.എസ്.-നെയും വിതരണം പോസ്റ്റൽ വകുപ്പിനെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും നടത്തുന്നതിനുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചുമതല സി-ആപ്റ്റിന് നൽകിയിട്ടുണ്ട്.

(ബി) അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് അച്ചടി പൂർത്തിയാക്കുന്നതാണ്. 2015-16 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 2015 മേയ് 15-ാം തീയതിക്കകം പൂർത്തീകരിക്കണമെന്ന് സി-ആപ്റ്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽനിന്നും ആവശ്യമുള്ള പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ഓൺ-ലൈൻ വഴി സി-ആപ്റ്റിന് നൽകുകയും അതുപ്രകാരം സി-ആപ്റ്റിന് പാഠപുസ്തകങ്ങൾ അച്ചടിച്ച് ടി സ്കൂളുകൾക്ക് വിതരണം നടത്തുകയും ചെയ്തുവരുന്നു. ഈ വർഷത്തെ ഇൻഡന്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആക്ഷേപങ്ങൾ വിലയിരുത്തിയിട്ടുണ്ട്. അടുത്ത വർഷം ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടാകാതിരിക്കാൻ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) പാഠപുസ്തകങ്ങൾക്കുള്ള പ്രിന്റ് ഓർഡർ യഥാസമയം നൽകിയതനുസരിച്ച് കെ.ബി.പി.എസ്.-ൽ അച്ചടി തുടർന്നുവരുന്നു. അച്ചടിക്കുന്ന പുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനായി പോസ്റ്റൽ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഹയർ സെക്കണ്ടറി ഒന്നാംവർഷം പാഠപുസ്തകങ്ങളുടെ റീപ്രിന്റിംഗും, പുതുതായി നടപ്പിൽ വരുത്തുന്ന രണ്ടാംവർഷം പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും നടത്തുന്നതിന് സി-ആപ്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 2015 മേയ് 15-ാം തീയതിക്കകം പൂർത്തിയാക്കണമെന്നാണ് സി-ആപ്റ്റിനോട് നിർദ്ദേശിച്ചിട്ടുള്ളത്. സ്കൂളുകളിലേക്കാവശ്യമായ പാഠപുസ്തകങ്ങൾ അറിയിക്കുന്നതിനുള്ള, ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരുടെ ഓൺ-ലൈൻ ഇൻഡന്റിംഗ്, മാർച്ച് 9-ാം തീയതി ആരംഭിക്കുന്നതിനുവേണ്ട നടപടികൾ IT@School സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ നിന്നുമുള്ള ഇൻഡന്റ് കഴിഞ്ഞ വർഷങ്ങളിൽ നൽകിയതിലുണ്ടായ കാലതാമസം ഒഴിവാക്കി യഥാസമയം നൽകാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**സൗജന്യമായി യൂണിഫോം വിതരണം**

76 (1112) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) സർക്കാർ സ്കൂളുകളിലെ എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തുന്നുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിൽ പഠിക്കുന്ന ഇതേ കാറ്റഗറിയിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം എം.എച്ച്.ആർ.ഡി. മാനദണ്ഡം അനുസരിച്ച് ലഭിക്കുന്നതല്ല. വിവേചനപരമായ ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കുന്നതിനാണ് സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ 4-9-2014-ലെ സ.ഉ.(കൈ) 183/2014/ പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പുതിയതായി എയ്ഡഡ് സ്കൂളുകളിൽ ചേരുന്ന കുട്ടികൾക്ക് മാത്രം യൂണിഫോമിന്റെ തുകയായ 400 രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്.

(ബി) നിർദ്ധനരായ കുട്ടികൾക്കും മറ്റ് കുട്ടികളോടൊപ്പം യൂണിഫോം അണിഞ്ഞ് എല്ലാ ദിവസവും സ്കൂളിൽ എത്താൻ അവസരമൊരുക്കുന്നതുകൂടാതെ വിദ്യാഭ്യാസ ഗുണനിലവാരവും ഉറപ്പുവരുത്തുന്നു.

(സി&ഡി) 4-9-2014-ലെ സ.ഉ.(കൈ) 183/2014/പൊ.വി.വ. പ്രകാരം പുതിയതായി എയ്ഡഡ് സ്കൂളുകളിൽ ചേരുന്ന കുട്ടികൾക്ക് മാത്രം യൂണിഫോമിന്റെ തുകയായ 400 രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്.

തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കക്കയം ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം**

77 (1113) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കക്കയം ജലവൈദ്യുത പദ്ധതി പ്രദേശത്തെ ഗവൺമെന്റ് എൽ.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ ?

ഉത്തരം

2014-15 സാമ്പത്തിക വർഷത്തിൽ കെ.എച്ച്.ഇ.പി., ജി.എൽ.പി. സ്കൂൾ കക്കയത്തിന് സ്കൂളിന് 2 ക്ലാസ്സും, ഒരു യൂണിറ്റ് ടോയ്ലറ്റ് എന്നിവ നിർമ്മിക്കുന്നതിനായി 14.40 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. സ്കൂൾ പ്രധാനാധ്യാപകനും പി.ടി.എ.-യും അടങ്ങുന്ന കമ്മിറ്റി എഗ്രിമെന്റ് വച്ച് പ്രവൃത്തി തുടങ്ങി. 40 ശതമാനം തുകയായ 5.76 ലക്ഷം രൂപ അഡ്വാൻസായി സ്കൂളിന് അനുവദിച്ച് നൽകിയിട്ടുണ്ട്. സ്കൂളിനനുവദിച്ച സ്ഥലം ഒരു കുന്നായതുകൊണ്ട് സ്ഥലം നിരപ്പാക്കി റോഡ് വെട്ടി ഫൗണ്ടേഷനുള്ള കുഴിയും എടുത്തിട്ടുണ്ട്. പ്രവൃത്തി നടത്താനുള്ള മെറ്റീരിയൽസും വാങ്ങിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**മാവേലിക്കര മണ്ഡലത്തിലെ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായിക്കിടക്കുന്ന സ്ഥലങ്ങൾ**

78 (1114) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായിക്കിടക്കുന്ന സ്ഥലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സ്ഥലങ്ങൾ ഏതെല്ലാം പദ്ധതികൾക്കും ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നതിനാണ് വിദ്യാഭ്യാസ വകുപ്പ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നല്കുമോ ;

(സി) ഇതുസംബന്ധിച്ച് മണ്ഡലത്തിൽ പഞ്ചായത്തടിസ്ഥാനത്തിലുള്ള

വിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഗവ. എൽ.പി.എസ്. ചെന്നിത്തല , ഗവ. എൽ.പി.എസ്. കല്ലിമേൽ, ഗവ. എൽ.പി.എസ്. വഴുവാടി എന്നീ നിർത്തലാക്കിയ സ്കൂളുകളുടെ സ്ഥലം ഉപയോഗശൂന്യമാണ്.

(ബി) 1. നിർത്തലാക്കിയ ഗവ. എൽ.പി.എസ്. ചെന്നിത്തല, ഗവ. എൽ.പി. എസ്. കല്ലിമേൽ എന്നീ സ്കൂളുകളുടെ സ്ഥലം ഉപയോഗിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

2. ഗവ. എൽ.പി.എസ്. വഴുവാടിയുടെ വക സ്ഥലം എക്സൈസ് ഡിപ്പാർട്ടുമെന്റിന് കൈമാറാൻ ബഹു. ജില്ലാ കളക്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 1. ഗവ. എൽ.പി.എസ്. ചെന്നിത്തല - തൃപ്പെരുംതുറ ഗ്രാമപഞ്ചായത്ത്

2. ഗവ. എൽ.പി.എസ്. കല്ലിമേൽ - തഴക്കര ഗ്രാമപഞ്ചായത്ത്

3. ഗവ. എൽ.പി.എസ്. വഴുവാടി - തഴക്കര ഗ്രാമപഞ്ചായത്ത്

**സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി**

79 (1115) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

വിശദമാക്കാമോ ; മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നത് ഏതെല്ലാം നടപടി ക്രമങ്ങളിലൂടെയാണ് ;

(സി) എയ്ഡഡ് പദവി നൽകുന്നതിന് പൊതുവിൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ടായിരുന്നുവോ ; എങ്കിൽ നോട്ടിഫിക്കേഷന്റെ വിശദാംശം നൽകാമോ ;

(ഡി) എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ; ഇവയിൽ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നത് ഏതെല്ലാം സ്കൂളുകളുടെ കാര്യത്തിലാണ് ;

(ഇ) മാനദണ്ഡങ്ങൾ പൂർത്തിയാക്കുന്ന പുതിയ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാനുദ്ദേശമുണ്ടോ ; ഒരു താലൂക്കിൽ എത്ര സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകും ;

(എഫ്) ആകെ എത്ര കോടി രൂപയുടെ അധിക ചെലവ് ഇതുവഴി ഉണ്ടാകും ; ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ നിലപാട് എന്തായിരുന്നു ;

(ജി) എയ്ഡഡ് പദവി നൽകുന്ന സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് സ.ഉ.(പി) നമ്പർ69/14/പൊ.വി.വ. തീയതി 28-4-2014 പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി നിർദ്ദേശം സമർപ്പിക്കുന്നതിനായി സ.ഉ.(പി) നമ്പർ259/14/പൊ.വി.വ. തീയതി 2-12-2014 പ്രകാരം മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി&ഡി) അപേക്ഷ ക്ഷണിച്ചിരുന്നില്ല.

(ഇ) സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന 100 കുട്ടികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതാണ്. മാനദണ്ഡങ്ങൾ പ്രകാരം സ്കൂളുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(എഫ്) സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല.

(ജി) യോഗ്യതകൾ നിശ്ചയിച്ചിട്ടുള്ള ഉത്തരവുകൾ നിലവിലില്ല. സർക്കാർ രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ പരിഗണനാവിഷയത്തിൽ അദ്ധ്യാപകരുടെ യോഗ്യത സംബന്ധിച്ച വിഷയവും ഉൾപ്പെടുത്തിയിട്ടുണ്ട്.

**വൈകല്യമുള്ള വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിഗണന**

**80 (1116)** ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിഭാഗത്തിൽ എത്ര ശതമാനം വൈകല്യമുള്ള വിദ്യാർത്ഥികൾക്കാണ് പ്രത്യേക പരിഗണനയ്ക്കർഹതയുള്ളതെന്ന് വ്യക്തമാക്കുമോ ; കഴിഞ്ഞ അദ്ധ്യയന വർഷത്തെ ശതമാനത്തേക്കാൾ ഇപ്പോൾ ഇതിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; ഹൈസ്കൂൾ, വി.എച്ച്.എസ്.ഇ. വിഭാഗങ്ങളിലും ഇങ്ങനെ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; പരീക്ഷ അടുത്തിരിക്കുന്ന സമയത്തുണ്ടായ ഇത്തരം മാറ്റം ആയിരക്കണക്കിന് വിദ്യാർത്ഥികളെ ബാധിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സാഹചര്യത്തിൽ വൈകല്യ ശതമാനത്തിൽ വർദ്ധനവ് വരുത്തിയുള്ള ഉത്തരവ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

14-1-2015-ലെ സ.ഉ.(കൈ) നമ്പർ 11/2015/പൊ.വി.വ. പ്രകാരം 50 ശതമാനമോ അതിനുമുകളിലോ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി പരീക്ഷയിൽ പ്രത്യേക പരിഗണന നൽകി ഉത്തരവായിരുന്നു. എന്നാൽ 6-3-2015-ലെ സ.ഉ. (കൈ) നമ്പർ 65/2015/പൊ.വി.വ. പ്രകാരം മേൽപ്പടി വൈകല്യത്തിന്റെ തോത് 40 ശതമാനമോ അതിലധികമോ ആയി കുറച്ചിട്ടുണ്ട്. ഹൈസ്കൂൾ, വി.എച്ച്.എസ്. ഇ.

വിഭാഗങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. ആയതിനാൽ വിദ്യാർത്ഥികളെ ഈ വിഷയം പ്രതികൂലമായി ബാധിക്കുന്നില്ല. പ്രസ്തുത മാറ്റം മുഖേന കൂടുതൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുകയാണുണ്ടായത്.

**സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം**

81 (1117) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സാമ്പത്തിക വർഷം ഒട്ടേറെ സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് ഹെഡ്മാസ്റ്റർ റൂമുകൾ, അഡീഷണൽ ക്ലാസ് റൂമുകൾ, പുതിയ സ്കൂൾ കെട്ടിടം, മേജർ റിപ്പയർ കോമ്പൗണ്ട് വാൾ, കുടിവെള്ള സൗകര്യം, ടോയ്ലറ്റുകളുടെ നിർമ്മാണം, ഡിസ് ഫങ്ഷണൽ ടോയ്ലറ്റുകളുടെ റിപ്പയറുകൾ, അഡാപ്റ്റഡ് ടോയ്ലറ്റുകൾ, ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റുകൾ തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. ആർ.എം.എസ്.എ. ഫണ്ടിൽനിന്നും സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി കഴിഞ്ഞ അഞ്ച് വർഷവും സ്കൂൾ ഒന്നിന് 25,000 രൂപ വീതവും സ്കൂൾ ഗ്രാന്റായി 50,000 രൂപയും നൽകിയിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ പാഠ്യ പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. പുതിയ പാഠ്യ പദ്ധതി കലാപഠനത്തിനും കായികപഠനത്തിനും കൂടെ പ്രാധാന്യം നൽകിയിട്ടുണ്ട്. അദ്ധ്യാപകർക്കായി വിവിധ പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിനായുള്ള പരിശീലനവും നൽകിയിട്ടുണ്ട്. അക്കാദമിക് തല മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിലെ സ്കൂൾ വികസനപ്രവർത്തനങ്ങൾ**

82 (1118) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ കൊട്ടാരക്കര, കുളക്കട, വെളിയം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെ പരിധിയിൽപ്പെടുന്ന സ്കൂളുകളിൽ 2014-15 സാമ്പത്തിക വർഷം അടിസ്ഥാനസൗകര്യ വികസനത്തിനും സ്കൂൾ വികസനത്തിനുമായി എത്ര തുക ലഭിച്ചിരുന്നു;

(ബി) പ്രസ്തുത തുകയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു ;

(സി) ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ സ്കൂൾ തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1,63,71,692 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) 12,48,525 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധം I-ലും II-ലുമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

**കൊയിലാണ്ടി ഗവൺമെന്റ് ഹൈസ്കൂളിന് സി.എച്ച്. മുഹമ്മദ് കോയയുടെ നാമധേയത്തിൽ കെട്ടിടം**

**83 (1119)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി ഗവൺമെന്റ് ഹൈസ്കൂളിൽ മുൻ മുഖ്യമന്ത്രി സി.എച്ച്. മുഹമ്മദ്കോയയുടെ നാമധേയത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് ലഭിച്ചിട്ടുള്ള നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

കൊയിലാണ്ടി ഗവൺമെന്റ് ഹൈസ്കൂളിൽ മുൻ മുഖ്യമന്ത്രി സി.എച്ച്. മുഹമ്മദ് കോയയുടെ നാമധേയത്തിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിവേദനം റിപ്പോർട്ടിനായി വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

**ഗവൺമെന്റ്, എയ്ഡഡ് ബി.എഡ്. കോളേജുകളിൽ സീറ്റ് വെട്ടിക്കുറയ്ക്കാൻ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**തീരുമാനം**

84 (1120) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ്, എയ്ഡഡ് ബി.എഡ്. കോളേജുകളിൽ ബിഎഡ്. സീറ്റുകൾ വെട്ടിക്കുറച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം സീറ്റുകൾ കുറയ്ക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തീരുമാനം കൈക്കൊണ്ട സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) ആയതിൻപ്രകാരം സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് തരത്തിലുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) മതിയായ പഠനങ്ങൾ നടത്താതെയും അശാസ്ത്രീയവുമായിട്ടാണ് ഇത്തരം മാറ്റം നടപ്പിലാക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സീറ്റുകൾ വെട്ടിക്കുറയ്ക്കുന്നത് വിദ്യാർത്ഥികളുടെ അവസരം കുറയ്ക്കുമെന്ന സാഹചര്യത്തിൽ തീരുമാനം പുനഃപരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE)-ന്റെ പരിഷ്കരിച്ച നിബന്ധനകൾ പ്രകാരം ട്രെയിനിംഗ് കോളേജുകളിൽ ബി.എഡ്. കോഴ്സിന് ഒരു യൂണിറ്റിന് 50 സീറ്റുകൾ വീതമേ പാടുള്ളൂവെന്നും ഒരു കോളേജിൽ ഇത്തരത്തിലുള്ള പരമാവധി 2 യൂണിറ്റുകളേ അനുവദിക്കാൻ പാടുള്ളൂവെന്നും നിഷ്കർഷിക്കുകയുണ്ടായി. കൂടാതെ പ്രതിവർഷം 2 യൂണിറ്റ് (100 സീറ്റ്) ബി.എഡ്. കോഴ്സ് നടത്തുന്നതിന് 16 അദ്ധ്യാപക തസ്തികകൾ വേണമെന്നും അനുശാസിക്കുന്നു. എന്നാൽ 1 യൂണിറ്റ് (50 സീറ്റ്) ബി.എഡ്. കോഴ്സ് നടത്തുന്നതിന് 8 അദ്ധ്യാപക തസ്തികകൾ മതിയാകും. കേരളത്തിലെ സർക്കാർ/എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിൽ മിക്കവയിലും നിലവിൽ 2 യൂണിറ്റ് (പ്രതിവർഷം 100 സീറ്റ്) നടത്തുന്നതിനാവശ്യമായ 16 അദ്ധ്യാപക തസ്തികകൾ ലഭ്യമല്ല. പ്രതിവർഷം 2 ബി.എഡ്. യൂണിറ്റുകൾ അനുവദിക്കണമെങ്കിൽ മിക്ക ട്രെയിനിംഗ്

കോളേജുകളിലും കൂടുതൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതായിവരും. ഇത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുമെന്നതിനാൽ നിലവിലുള്ള അദ്ധ്യാപക തസ്തികകൾ വച്ച് കോഴ്സുകൾ നടത്തിക്കത്തക്ക വിധത്തിൽ, നിലവിലുള്ള ഓപ്ഷണൽ സബ്ജക്ടുകൾ നിലനിർത്തിക്കൊണ്ട് ഓരോ കോളേജിലും ഓരോ യൂണിറ്റ് (50 സീറ്റ്) വീതം ബി.എഡ്. കോഴ്സ് നടത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള അദ്ധ്യാപക തസ്തികകളിൽ കുറവ് വരുത്തേണ്ടതില്ല എന്നും തീരുമാനിച്ചിട്ടുണ്ട്. ട്രെയിനിംഗ് കോളേജുകൾ നടത്തുന്നതിന് NCTE നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതുണ്ട് എന്ന സാഹചര്യത്തിലാണ് സർക്കാർ ഈ തീരുമാനമെടുത്തത്.

(ഇ) നിലവിൽ ബി.എഡ്. അഡ്മിഷൻ പൂർത്തിയാകുമ്പോഴും സർക്കാർ/എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിലും സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിലും ബി.എഡ്.-ന് സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. ആയതിനാൽ നിലവിൽ സീറ്റുകളുടെ എണ്ണത്തിലുണ്ടായ കുറവ് വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്താൻ സാദ്ധ്യതയില്ല.

**കോഴിക്കോട് ഡി.ഡി.ഇ. ഓഫീസിലെ ക്രമക്കേട്**

85 (1121) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഡി.ഡി.ഇ. ഓഫീസിൽ നടന്ന അഴിമതിയിലും ക്രമക്കേടിലും എത്ര ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി എടുത്തു എന്നും അവർ ആരൊക്കെയാണെന്നും വെളിപ്പെടുത്താമോ ;

(ബി) ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥരുടെ പേരിലാണ് വിജിലൻസ് അന്വേഷണം നടന്നുവരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) വിജിലൻസ് അന്വേഷണം നേരിടുന്ന ജീവനക്കാർ ഇപ്പോൾ ജോലിയിലുണ്ടോ എന്നും ഉണ്ടെങ്കിൽ ഏത് ഓഫീസിലെന്നും ഏത് തസ്തികയിലാണ് ഇവർ ജോലി ചെയ്യുന്നത് എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രീ. കെ. വി. വിനോദ് ബാബു, മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ, ശ്രീ. പി. അജയകുമാർ, മുൻ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ശ്രീ. ഇ. അശോകൻ, മുൻ ജൂനിയർ സൂപ്രണ്ട് എന്നീ മൂന്ന് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(ബി) മേൽപ്പറഞ്ഞവരിൽ ശ്രീ. കെ. വി. വിനോദ് ബാബു, ശ്രീ. ഇ. അശോകൻ എന്നിവർക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും ശ്രീ. പി. അജയകുമാറിനെതിരെ വകുപ്പുതല വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിലുമാണ് അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നത്. എന്നാൽ നിലവിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർക്കെതിരെ ഏതെങ്കിലും വിജിലൻസ് അന്വേഷണം നടത്തുന്നുണ്ടോ എന്ന വിവരം ഈ വകുപ്പിൽ ലഭ്യമല്ല.

(സി&ഡി) ബാധകമല്ല.

**സ്കൂളുകളിൽ ഉച്ചഭക്ഷണപ്പുര, ശൗചാലയങ്ങൾ എന്നിവ നിർമ്മിച്ച് നൽകാൻ നടപടി**

86 (1122) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉച്ചഭക്ഷണപ്പുര, ശൗചാലയങ്ങൾ എന്നിവ എല്ലാ സ്കൂളുകളിലും നിർമ്മിച്ച് നൽകും എന്ന തീരുമാനം കോങ്ങാട് മണ്ഡലത്തിലെ എത്ര സ്കൂളുകളിൽ നടപ്പിലാക്കി ; വിശദാംശം നൽകുമോ ;

(ബി) ഈയിനത്തിൽ ചെലവഴിക്കാത്ത ഫണ്ട് 2015 മാർച്ച് 31-ന് മുമ്പായി വിതരണം ചെയ്യുമോ ; എങ്കിൽ കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകളെ കൂടി പരിഗണിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കോങ്ങാട് മണ്ഡലത്തിലെ 10 ഹൈസ്കൂളുകളിലും 11 പ്രൈമറി സ്കൂളുകളിലും ശൗചാലയങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 15 വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണപ്പുര നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉച്ചഭക്ഷണപ്പുര, ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനായി അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

### അർക്കന്നൂർ വി.എച്ച്.എസ്.എസ്.-ലെ അധ്യാപക നിയമനം

87 (1123) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊട്ടാരക്കര ഡി.ഇ.ഒ.-യുടെ അധികാര പരിധിയിലെ അർക്കന്നൂർ വി.എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിലെ സ്ഥിരം ഒഴിവിൽ 2-6-2014-ൽ നിയമിതയായ ശ്രീമതി അനുജ എസ്.ജി.-യുടെ നിയമനം അംഗീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; നിയമനം അംഗീകരിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

#### ഉത്തരം

ശ്രീമതി അനുജ എസ്.ജി.-യെ എച്ച്.എസ്.എ. ഇംഗ്ലീഷായിട്ടല്ല, എച്ച്.എസ്.എ. (എസ്എസ്.) ആയിട്ടാണ് 2-6-2014 മുതൽ എച്ച്.എസ്. അർക്കന്നൂരിൽ മാനേജർ നിയമിച്ചത്. 2014-15-ലെ തസ്തിക നിർണ്ണയം സംബന്ധിച്ച് പുറപ്പെടുവിച്ച 4-7-2014-ലെ സ.ഉ.(പി) 124/14/പൊ.വി., 23-12-2014-ലെ സ.ഉ.(പി) 278/14/പൊ.വി. എന്നീ ഉത്തരവുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 15-1-2015-ലെ പൊതു വിധിന്യായത്തിലൂടെ റദ്ദ് ചെയ്തിരിക്കുകയാണ്. അതിനാൽ ശ്രീമതി അനുജ എസ്.ജി.-ക്ക് നിയമനാംഗീകാരം നൽകുന്ന വിഷയം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. (ഡബ്ല്യു.പി.(സി) നമ്പർ30107/2013)

### പഠനവൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിനുള്ള ആനുകൂല്യങ്ങൾ

88 (1124) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഠനവൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് എന്തെല്ലാം ഇളവുകളും ആനുകൂല്യങ്ങളുമാണ് നിലവിൽ നൽകിവരുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ വിഭാഗം വിദ്യാർത്ഥികൾക്ക് എപ്രകാരമുള്ള കേട്ടെഴുത്തുകാരെയാണ് നിലവിൽ നിയോഗിക്കുന്നത് എന്ന് അറിയിക്കാമോ ;

(സി) ഇപ്രകാരമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നതിനും എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുമുമ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദീകരിക്കാമോ ;

(ഡി) ഗൾഫ് മേഖലയിൽ ഉൾപ്പെടെ 2013-14 അദ്ധ്യയനവർഷം എത്ര കുട്ടികൾ ഇത്തരത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി, 2014-15 അദ്ധ്യയനവർഷത്തിൽ ഇത്തരത്തിലുള്ള എത്ര കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നു എന്നീ വിവരങ്ങൾ അറിയിക്കാമോ ;

(ഇ) ബുദ്ധിമാന്ദ്യമുള്ളവരെ ചൂഷണം ചെയ്ത് മറ്റുള്ളവർ കൃത്രിമ മാർഗ്ഗത്തിലൂടെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുകയും ബുദ്ധിമാന്ദ്യമുള്ളവർക്ക് അത് നിഷേധിക്കപ്പെടുകയും ചെയ്യുന്ന ഒരവസ്ഥ നിലവിലുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പഠനവൈകല്യമുള്ള കുട്ടികൾക്ക് അധികസമയം, വ്യാഖ്യാതാവിന്റെ സേവനം, കണക്ക വിഷയം, മലയാളം അല്ലെങ്കിൽ ഇംഗ്ലീഷ് കൂടാതെ ഹിന്ദിയും ഒഴിവാക്കി വൊക്കേഷണൽ വിഷയം എടുക്കുന്നതിനുള്ള അനുവാദം, ഡിസ്ഗ്രാഫിയ വിഭാഗത്തിൽപ്പെടുന്നവർക്ക് സ്ക്രൈബിന്റെ സേവനം എന്നിവ പഠന വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷയോടും സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ് എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിൽ നൽകിവരുന്നുണ്ട്.

(ബി) പഠനവൈകല്യങ്ങളിൽ ഡിസ്ഗ്രാഫിയ വിഭാഗത്തിൽപ്പെടുന്നവർക്ക് സ്ക്രൈബിന്റെ സേവനം അനുവദിക്കുന്നുണ്ട്. സ്ക്രൈബായി നിയമിക്കപ്പെടുന്ന ആൾക്ക് പരീക്ഷാർത്ഥിയെക്കാൾ കൂടുതൽ യോഗ്യത ഉണ്ടായിരിക്കാൻ പാടുള്ളതല്ല.

(സി) സ്കൂൾ തലത്തിൽ സ്ക്രീനിംഗ് നടത്തി പഠനവൈകല്യമുണ്ടെന്ന് കണ്ടെത്തുന്ന വിദ്യാർത്ഥികൾക്ക് സൈക്കോളജിസ്റ്റ്, ഗവൺമെന്റ് സൈക്യാട്രിസ്റ്റ് എന്നിവരുടെ പരിശോധനയ്ക്കുശേഷം നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

(ഡി) 2013-14 അദ്ധ്യയന വർഷം 3517 പഠന വൈകല്യമുള്ള കുട്ടികൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. 2014-15 വർഷം 5371 പേർക്കാണ് ഈ

ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത്.

(ഇ) ബുദ്ധിമാന്ദ്യം ഉള്ള കുട്ടികൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ് വൺ കോഴ്സ്**

89 (1125) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ് വൺ കോഴ്സ് ആരംഭിക്കുന്നതിലേക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) ഏതൊക്കെ വിഷയങ്ങളിൽ ക്ലാസ്സ് അനുവദിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(സി) മേൽപ്പറഞ്ഞ കാര്യത്തിൽ സ്കൂൾ അധികൃതരുടെ അപേക്ഷ നിയമസഭാ സാമാജികന്റെ ശിപാർശയോടുകൂടി അധികാരികൾക്ക് ലഭിച്ചിരുന്നുവോ ;

(ഡി) എങ്കിൽ സ്കൂൾ അധികൃതർ ആവശ്യപ്പെട്ട വിഷയത്തിൽ ക്ലാസ് ആരംഭിക്കുവാൻ ഉതകുംവിധം അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ;

(ഇ) പ്രസ്തുത സ്കൂളിലേയ്ക്കുള്ള അദ്ധ്യാപക നിയമനം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 24-11-2014-ലെ സ.ഉ.(കൈ) നമ്പർ 247/14/പൊ.വി. പ്രകാരം ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിനെ 2015-16 അധ്യയന വർഷം മുതൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തിയിട്ടുണ്ട്.

(ബി) സയൻസ് - കോഴ്സ് കോഡ് -1

കൊമേഴ്സ് - കോഴ്സ് കോഡ് - 39

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുകഴിഞ്ഞു.

(ഇ) അദ്ധ്യാപകരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

**പാഠപുസ്തകങ്ങളുടെ ഡിജിറ്റൈസേഷന് സ്വീകരിച്ച നടപടി**

**90 (1126)** ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ പാഠപുസ്തകങ്ങൾ ഡിജിറ്റലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പാഠപുസ്തകങ്ങൾ ഡിജിലൈസ് ചെയ്യുന്നതിനോടനുബന്ധിച്ച് ക്ലാസ് മുറികളിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണ് ; ഇത് വിദ്യാർത്ഥികൾക്ക് എത്രമാത്രം പ്രയോജനം ചെയ്യുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ വകുപ്പ് സ്കൂളുകൾക്ക് ലഭ്യമാക്കുന്ന പാഠപുസ്തകങ്ങളുടെ ഡിജിറ്റൽ കോപ്പി (PDF format) എസ്.സി.ഇ.ആർ.ടി.-യുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പാഠപുസ്തകങ്ങളുടെ ഉള്ളടക്കം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനം എസ്.സി.ഇ.ആർ.ടി.-യുടെ നിർദ്ദേശാനുസരണവും സി.ഡിറ്റ്-ന്റെ സാങ്കേതിക സഹായത്തോടെയും ഐടി@സ്കൂൾ പ്രോജക്ട് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി പത്താം ക്ലാസിലെ ഗണിതം, ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നീ പാഠപുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്തുകൊണ്ടിരിക്കുകയാണ്. അടുത്ത അദ്ധ്യയന വർഷം ഇത് സ്കൂളുകൾക്ക് ലഭ്യമാക്കാവുന്നതാണ്.

(ബി) ഡിജിറ്റലൈസ് ചെയ്ത പാഠപുസ്തകങ്ങൾ ഫലപ്രദമായി ക്ലാസ്

മുറികളിൽ വിനിമയം ചെയ്യുന്നതിന് ഓരോ ക്ലാസ് മുറിയിലും നിശ്ചിത പാഠഭാഗങ്ങളുടെ ഉള്ളടക്കം വിദ്യാർത്ഥികൾക്ക് അനുഭവവേദ്യമാക്കേണ്ടതുണ്ട്. ഏറ്റവും കുറഞ്ഞത് ഓരോ ക്ലാസിലും മൾട്ടിമീഡിയ പ്രൊജക്ടറും ലാപ്ടോപ്പ്/ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും ഇതിനായി ലഭ്യമാക്കേണ്ടതുണ്ട്. പാഠഭാഗങ്ങളിലെ സങ്കീർണ്ണമായ ഉള്ളടക്കങ്ങൾ ലളിതവും ആയാസരഹിതവുമായ രീതിയിൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് പാഠഭാഗങ്ങൾ ഡിജിറ്റലൈസ് ചെയ്തിരിക്കുന്നത്. ഇത് വിദ്യാർത്ഥികളുടെ പഠനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകമാകും എന്നാണ് കരുതുന്നത്.

**അംഗീകാരമില്ലാത്ത അൺഎയ്ഡഡ് സ്കൂളുകൾ**

91 (1127) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളുടെ വിശദവിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി അഞ്ച് വർഷത്തിൽ കൂടുതലായി പ്രവർത്തിക്കുന്ന മുഴുവൻ സ്കൂളുകൾക്കും അംഗീകാരം നല്കുന്നതിന് നടപടി ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ സഹകരണത്തോടുകൂടി പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനംഗീകൃതമായി പ്രവർത്തിച്ചുവരുന്ന വിദ്യാലയങ്ങൾ അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കാതിരിക്കുകയും വകുപ്പിനെ സ്ഥാപനം നടത്തിവരുന്ന വിവരം അറിയിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ വിദ്യാഭ്യാസ വകുപ്പുദ്യോഗസ്ഥർ നടത്തിയ അന്വേഷണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന അനംഗീകൃത വിദ്യഭ്യാസ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ് :

തിരുവനന്തപുരം - 78

| | | |
|---|---|---|
| കൊല്ലം | - | 24 |
| ആലപ്പുഴ | - | 189 |
| പത്തനംതിട്ട | - | 136 |
| കോട്ടയം | - | 59 |
| ഇടുക്കി | - | 39 |
| എറണാകുളം | - | 82 |
| തൃശ്ശൂർ | - | 48 |
| പാലക്കാട് | - | 168 |
| മലപ്പുറം | - | 127 |
| കോഴിക്കോട് | - | 63 |
| കണ്ണൂർ | - | 123 |
| വയനാട് | - | 29 |
| കാസർഗോഡ് | - | 52 |
| ആകെ | - | 1217 |

(ബി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കാൻ പാടില്ല എന്ന നിബന്ധന ഉള്ളതിനാൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി സ.ഉ.(എംഎസ്.)നമ്പർ 184/2013/പൊ.വി. തീയതി 10-6-2013 പ്രകാരം സർക്കാർ മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. ഇതുപ്രകാരം അംഗീകാരമില്ലാത്ത വിദ്യാലയങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിക്കുകയും 31-12-2014 വരെ അപേക്ഷ നൽകുന്നതിന് സമയപരിധി നൽകുകയും ചെയ്തിരുന്നു. ലഭിച്ച അപേക്ഷകളിൽ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുടെ അംഗീകാരത്തിനായുള്ള അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്. ആവശ്യമായ ഭൗതിക സാഹചര്യം, ആവശ്യമായ കുട്ടികൾ, സ്ഥലസൗകര്യം എന്നിവയില്ലാത്ത വിദ്യാലയങ്ങളെ അഞ്ചുവർഷം പൂർത്തീകരിച്ചു എന്ന കാരണത്താൽ പരിഗണിക്കുവാൻ

നിലവിലെ മാനദണ്ഡമനുസരിച്ച് കഴിയുകയില്ല.

(സി) അംഗീകാരം ലഭിക്കുന്ന വിദ്യാലയങ്ങൾ പൊതുധാരയിൽ വരുമെന്നതിനാൽ അത്തരം വിദ്യാലയങ്ങൾക്ക് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ മികച്ച പങ്ക് വഹിക്കാനാവുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

**പൊതുവിദ്യാലയങ്ങളിൽ പഠന നിലവാരം ഉയർത്തുന്നതിന് നടപടി**

92 (1128) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ/എയ്ഡഡ് പൊതുവിദ്യാലയങ്ങളിൽ 2014-15 വർഷം 1-ാം ക്ലാസു മുതൽ 10-ാം ക്ലാസുവരെയുള്ള കുട്ടികളുടെ എണ്ണം എത്രയായിരുന്നു ; മുൻവർഷങ്ങളെ അപേക്ഷിച്ച് എത്ര കുട്ടികൾ കുറവുണ്ട് ;

(ബി) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ;

(സി) പ്രസ്തുത വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് പഠന നിലവാരം ഉയർത്തുന്നതിനും സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ നൽകുന്നതിനും എന്തെങ്കിലും പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ 2013-14, 2014-15 വർഷങ്ങളിൽ 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള കുട്ടികളുടെ എണ്ണവും കുറവും ചുവടെ ചേർക്കുന്നു :

| വർഷം | കുട്ടികളുടെ എണ്ണം | |
|---|---|---|
| | സർക്കാർ | എയ്ഡഡ് |
| 2013-14 | 1172867 | 2308468 |
| 2014-15 | 1177230 | 2270368 |

| വ്യത്യാസം | + 4363 | - 38100 |
|---|---|---|

സർക്കാർ വിഭാഗത്തിൽ 4363 കുട്ടികളുടെ വർദ്ധനവും എയ്ഡഡ് വിഭാഗത്തിൽ 38100 കുട്ടികളുടെ കുറവും ഉണ്ടായിട്ടുണ്ട്.

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനായി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി എസ്.എസ്.എ./ ആർ.എം.എസ്.എ. എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം നടത്തുന്നുണ്ട്. സ്കൂൾ കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം, സ്കൂൾ യൂണിഫോം, ഉച്ചഭക്ഷണം എന്നിവ നൽകിവരുന്നു. കലാപഠനത്തിനും കായിക പഠനത്തിനും കൂടി പ്രാധാന്യം നൽകുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു.

(സി) പ്രൈമറി ക്ലാസ്സുകളിൽ ഇംഗ്ലീഷ് പാഠ്യവിഷയമായും അതോടൊപ്പം ഇംഗ്ലീഷ് മീഡിയത്തിലുള്ള പാഠപുസ്തകം തയ്യാറാക്കി 1, 3 ക്ലാസ്സുകൾക്ക് കഴിഞ്ഞ വർഷം നൽകിയിട്ടുണ്ട്. 2, 4 ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം പാഠപുസ്തകം അടുത്തവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ നൽകുന്നതിനായി പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്ക് ഇംഗ്ലീഷിൽ പ്രത്യേക പരിശീലനം, ബാംഗ്ലൂർ ആർ.ഐ.ഇ.എസ്.ഐ.-മായി ചേർന്ന് സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം, കുട്ടികൾക്ക് ഇംഗ്ലീഷിൽ സംസാരിക്കുവാനും എഴുതുവാനും ഉതകുന്ന തരത്തിൽ ഇംഗ്ലീഷ് ഫെസ്റ്റുകൾ എന്നിവ പരിഗണനയിലുണ്ട്.

**സെറ്റ് പരീക്ഷാഫലം**

93 (1129) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ സെറ്റ് പരീക്ഷാഫലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സെറ്റ് പരീക്ഷയിൽ പിന്നോക്ക വിഭാഗങ്ങൾക്കും, എസ്.സി/എസ്.ടി. വിഭാഗത്തിനും മാർക്കിളവ് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സെറ്റ് പരീക്ഷാ നടത്തിപ്പിന്റെ ചുമതല ആർക്കെന്നു വ്യക്തമാക്കുമോ ;

(ഡി) പിന്നോക്ക, എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് വിലക്കേർപ്പെടുത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 2014-ലെ സെറ്റ് പരീക്ഷാഫലം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സെറ്റ് പരീക്ഷാ നടത്തിപ്പിന്റെ ചുമതല എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിക്കാണ്.

(ഡി) എല്ലാ വിഭാഗങ്ങളുടെയും പരീക്ഷാഫലം 17-12-2014-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

**മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട വിദ്യാഭ്യാസ പദ്ധതികൾ**

94 (1130) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിനു കീഴിൽ മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കിയവ ഏതൊക്കെയാണ് ; അതിനായി ചെലവഴിച്ച തുകയെത്ര ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 2014-15 ബഡ്ജറ്റിൽ വകയിരുത്താത്ത തുക ഇതിനായി വിനിയോഗിക്കുകയുണ്ടായോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണ് ;

(ഡി) ആരംഭിച്ച പദ്ധതികളിൽ പൂർത്തീകരിക്കാൻ എത്ര ബാക്കിയുണ്ടെന്നും ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പദ്ധതി പ്രകാരം ഇനി എത്ര ദിവസങ്ങൾ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളൊന്നും പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. പദ്ധതികളുടെയും ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ആശ്വാസ് - 5 കോടി രൂപ
2. ജി.വി. രാജാ സ്പോർട്സ് സ്കൂൾ - 5.5 കോടി രൂപ
3. ഇന്ററാക്ടീവ് ഡിസ്റ്റൻസ് ഇ-ലേണിംഗ് - 2 കോടി രൂപ
4. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം - 15 കോടി രൂപ
5. അതുല്യം രണ്ടാം ഘട്ടം - 100 ലക്ഷം രൂപ
6. അക്ഷര ലക്ഷം രണ്ടാം ഘട്ടം - 125 ലക്ഷം രൂപ
7. ആദിവാസി സാക്ഷരതാ പദ്ധതി - 50 ലക്ഷം രൂപ

ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഇല്ല.

(സി) ആശ്വാസ് പദ്ധതിക്കുള്ള 5 കോടി രൂപയിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള 2 കോടി രൂപയും ജി.വി. രാജാ സ്പോർട്സ് സ്കൂളിനുള്ള 5.5 കോടി രൂപയും ഒറ്റത്തവണ അധിക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ടി തുക കേന്ദ്ര സർക്കാരിൽനിന്നും ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഐ.ടി.അറ്റ് സ്കൂൾ പ്രോജക്ടിലെ 14 ജില്ലാ റിസോഴ്സ് കേന്ദ്രങ്ങളിലെ ഇന്ററാക്ടീവ് ഇ-ലേണിംഗ് സെന്ററിന് അനുവദിച്ച 2 കോടി രൂപയ്ക്ക് ക്ലിയറൻസ് ലഭിച്ചാലുടനെ പദ്ധതി ആരംഭിക്കുന്നതാണ്. മറ്റ് പദ്ധതികളുടെയെല്ലാം പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(ഡി) ആരംഭിച്ച പദ്ധതികളൊന്നും പൂർത്തീകരിച്ചിട്ടില്ല. ആശ്വാസും ഇന്ററാക്ടീവ് ഡിസ്റ്റൻസ് ഇ-ലേണിംഗും തുടർ പദ്ധതികളാണ്. മറ്റ് പദ്ധതികൾ താഴെപ്പറയും പ്രകാരം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു :

1. ജി.വി. രാജാ സ്പോർട്സ് സ്കൂൾ -
   മാർച്ച് 2015
2. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ -
   മാർച്ച് 2015
3. അതുല്യം രണ്ടാം ഘട്ടം -
   ഏപ്രിൽ 2015
4. അക്ഷര ലക്ഷം രണ്ടാം ഘട്ടം -
   മാർച്ച് 2015
5. ആദിവാസി സാക്ഷരതാ പദ്ധതി -
   മേയ് 2016

**വിദ്യാഭ്യാസ രംഗത്ത് മിഷൻ 676 കർമ്മ പദ്ധതികൾ**

95 (1131) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ രംഗത്ത് മിഷൻ 676 പ്രകാരം എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി നിർവ്വഹണത്തിനായി ഏതെല്ലാം സ്ഥാപനങ്ങളെയും ഏജൻസികളെയുമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) മിഷൻ 676 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഇവയാണ് :

1. ആശ്വാസ്
2. ജി.വി. രാജാ സ്പോർട്സ് സ്കൂൾ-അടിസ്ഥാന സൗകര്യ വികസനം
3. ഇന്ററാക്ടീവ് ഡിസ്റ്റൻസ് ഇ-ലേണിംഗ്
4. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം
5. അതുല്യം രണ്ടാം ഘട്ടം
6. അക്ഷര ലക്ഷം രണ്ടാം ഘട്ടം
7. ആദിവാസി സാക്ഷരതാ പദ്ധതി.

(ബി) രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയായ അതുല്യം രണ്ടാം ഘട്ടം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത്, സാമൂഹ്യ ക്ഷേമം, നഗരകാര്യ-ന്യൂനപക്ഷക്ഷേമം, ഗ്രാമവികസനം, സഹകരണം, ഇൻഫർമേഷൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആന്റ് പബ്ലിക് റിലേഷൻസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടത്തുന്നത്. പാലക്കാട് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, എസ്.സി./എസ്.റ്റി. എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആദിവാസി സാക്ഷരതാ പദ്ധതി (അട്ടപ്പാടി) നടപ്പിലാക്കുന്നു. മിഷൻ 676-ലെ മറ്റ് പദ്ധതികളെല്ലാം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്.

(ഡി) അതുല്യം പദ്ധതിയുടെ (രണ്ടാം ഘട്ടം) സുഗമമായ നടത്തിപ്പിനായി സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും സംഘാടക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ, ഇൻസ്ട്രക്ടർമാർ, പ്രേരക്മാർ എന്നിവർക്ക് ജില്ലാ തലങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരെ ഉൾപ്പെടുത്തി സർക്കാർ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. അക്ഷരലക്ഷം പദ്ധതിയുടെ ഭാഗമായി ആദിവാസി മേഖല, തീരദേശ മേഖല, നഗരചേരികൾ, മത്സ്യത്തൊഴിലാളികൾ, ഭാഷാ ന്യൂനപക്ഷ മേഖലകൾ എന്നീ നിരക്ഷരതാ തുരുത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലൂടെ കേരളത്തിലെ 50,000 പേരെ സാക്ഷരരാക്കാനാണ് ഉദ്ദേശിക്കുന്നത്. ആദിവാസി സാക്ഷരതാ പരിപാടിയുടെ ഭാഗമായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ബ്ലോക്ക് തല മീറ്റിംഗുകളും പഞ്ചായത്ത് തല മീറ്റിംഗുകളും വിളിച്ച് ചേർത്ത് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മിഷൻ 676-ലെ മറ്റ് പദ്ധതികളെല്ലാം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്.

**എയ്ഡഡ്, അൺ എയ്ഡഡ് പോളിടെക്നിക്കുകളിൽ എ.ഐ.സി.ടി.ഇ.ശമ്പള സ്കെയിൽ**

96 (1132) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയിഡഡ്, അൺ എയിഡഡ് പോളിടെക്നിക്കുകളിൽ എ.ഐ.സി. ടി. ഇ. ശമ്പള സ്കെയിൽ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ എയിഡഡ്, അൺ എയിഡഡ് പോളിടെക്നിക്കുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ യോഗ്യതാ മാനദണ്ഡങ്ങളിൽ ഏകീകരണം

നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ യോഗ്യതകളിൽ ഏകീകരണവും ശമ്പള സ്കെയിൽ വ്യത്യാസവും വരുത്തിയിരിക്കുന്നത് എന്തടിസ്ഥാനത്തിലാണ് ; വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള വ്യത്യാസം പോളിടെക്നിക്കുകളുടെ അംഗീകാരം നഷ്ടമാക്കും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ ?

ഉത്തരം

(എ) 20-2-2014 തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) 75/2014/ ഫിൻ പ്രകാരം സംസ്ഥാനത്ത് എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളിൽ 1-7-2013 മുതൽ പ്രാബല്യത്തിൽ എ.ഐ.സി.റ്റി.ഇ. സ്കീം നടപ്പിലാക്കിയിട്ടുണ്ട്. അൺ എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ. സ്കീം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല.

(ബി) സർക്കാർ/എയ്ഡഡ് പോളിടെക്നിക്ക് ജീവനക്കാർക്കുള്ള യോഗ്യതാ മാനദണ്ഡങ്ങൾ അൺ എയ്ഡഡ് മേഖലയിലെ പോളിടെക്നിക്ക് ജീവനക്കാർക്കും ബാധകമാണ്.

(സി) അൺഎയ്ഡഡ് മേഖലയിൽ ശമ്പളം നൽകുന്നത് ബന്ധപ്പെട്ട മാനേജ്മെന്റുകളാണ്. ഇക്കാര്യത്തിൽ സർക്കാരിന് ബാധ്യതയില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്റർ**

97 (1133) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉന്നത സാങ്കേതികവിദ്യാലയങ്ങളിൽ ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്ന നടപടിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ ;

(ബി) ഇതിനായി എത്ര തുക നടപ്പ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുമോ ;

(ഡി) ഇത്തരം സെന്ററുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമാനദണ്ഡം നിലവിലുണ്ടോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എട്ട് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും നാല് സർക്കാർ പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയും നടപ്പ് ബഡ്ജറ്റിൽ 75 ലക്ഷം രൂപ പദ്ധതി നടപ്പാക്കുന്നതിന് വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഈ പദ്ധതി നടപ്പാക്കാൻ ആവശ്യമുള്ള കമ്പ്യൂട്ടറുകൾ, ഫർണിച്ചറുകൾ, അനുബന്ധമായ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് നാളിതുവരെയായി 24.97 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഡി) ഉണ്ട്.

**ഗവൺമെന്റ്, എയ്ഡഡ് മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ**

98 (1134) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ്, എയിഡഡ് മേഖലയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഗവൺമെന്റ്, എയിഡഡ് മേഖലയിൽ എഞ്ചിനീയറിംഗ് കേളേജുകളില്ലാത്ത ജില്ലയിൽ ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ യെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിലുള്ള എഞ്ചിനീയിറിംഗ് കോളേജ് മലപ്പുറം ജില്ലയിൽ

ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകാമോ ?

<u>ഉത്തരം</u>

(എ) <u>സർക്കാർ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ :</u>

തിരുവനന്തപുരം -

2

കോട്ടയം -

1

തൃശ്ശൂർ -

1

പാലക്കാട് -

1

വയനാട് -

1

ഇടുക്കി -

1

കോഴിക്കോട് -

1

കണ്ണൂർ -

1

ആകെ - 9

<u>എയ്ഡഡ് മേഖലയിൽ :</u>

കൊല്ലം - 1

എറണാകുളം - 1

പാലക്കാട് - 1

ആകെ - 3

(ബി&സി) സംസ്ഥാനത്ത് ഗവൺമെന്റ്, എയ്ഡഡ് മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടിയിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് L.B.S. Integrated Institute-ൽ എഞ്ചിനീയറിംഗ് കോളേജും ഉൾപ്പെടുന്നുണ്ട്.

**ഐ.ഐ.ടി. സ്ഥാപിക്കുന്നതിനുള്ള സ്ഥലം കൈമാറൽ**

99 (1135) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് അനുവദിച്ച ഐ.ഐ.ടി. സ്ഥാപിക്കുന്നതിനുള്ള സ്ഥലം സംബന്ധിച്ച് തീരുമാനം ആയിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) എവിടെയാണ് പ്രസ്തുത സ്ഥലമെന്നും എത്ര ഏക്കർ സ്ഥലമാണ് ഐ.ഐ.ടി. സ്ഥാപനത്തിന് നൽകുന്നതെന്നും വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത സ്ഥലം കേന്ദ്രത്തിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കേരളത്തിന് അനുവദിച്ച ഐ.ഐ.ടി. പാലക്കാട് ജില്ലയിലാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ആയതിലേക്കായി പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ ഏകദേശം 500 ഏക്കറോളം ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 400 ഏക്കറോളം സ്ഥലം സ്വകാര്യ വ്യക്തികളിൽനിന്നും അക്വയർ ചെയ്യേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**വടകരയിൽ സാങ്കേതിക വിദ്യഭ്യാസ സ്ഥാപനം**

100 (1136) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിലെ അഴിയൂർ പഞ്ചായത്തിൽ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ഒരു സ്ഥാപനം ആരംഭിക്കുമെന്ന് വാഗ്ദാനം നൽകിയതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് അതിനുവേണ്ടി പ്രത്യേകം സ്ഥലം കണ്ടെത്തി ഗവൺമെന്റിനെ അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ഒരു സ്ഥാപനമോ അല്ലെങ്കിൽ ഏതെങ്കിലും ഐ .ടി. സ്ഥാപനമോ പ്രസ്തുത സ്ഥലത്ത് ആരംഭിക്കുമോ ?

ഉത്തരം

(എ) വടകരയിലെ അഴിയൂർ പഞ്ചായത്തിൽ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ഒരു സ്ഥാപനം ആരംഭിക്കുന്നതിനായി ഗവൺമെന്റ് കപ്പിള ജൂനിയർ ബേസിക് സ്കൂളിന്റെ കാമ്പസിൽ സ്ഥലം അനുവദിക്കാമെന്ന് അഴിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വാഗ്ദാനം ചെയ്തിരുന്നെങ്കിലും നാളിതുവരെ സ്ഥലം കൈമാറ്റം ചെയ്തിട്ടില്ല.

(ബി) സ്ഥലം കൈമാറ്റം ചെയ്യാത്ത സ്ഥിതിക്ക് പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**കൊരട്ടി ഗവൺമെന്റ് പോളിടെക്നിക് കോളേജ്**

101 (1137) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ മെക്കാനിക്കൽ, സിവിൽ, ഇലക്ട്രിക്കൽ ബ്രാഞ്ചുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) മെക്കാനിക്കൽ ഡിപ്ലോമ കോഴ്സ് അടുത്ത അദ്ധ്യയന വർഷം തന്നെ അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) ഒരു കോടി രൂപ ചെലവിൽ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ച കൊരട്ടി ഗവ. പോളിടെക്നിക് കോളേജിലെ വനിതാ ഹോസ്റ്റലിന്റെ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതിനാൽ ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം മാത്രമേ ഈ വിഷയത്തിൽ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

(സി) നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സാധിക്കുകയില്ല. കുടുംബശ്രീ യൂണിറ്റിന്റെയും എക്സ് സർവ്വീസ്മെൻ സംഘടനകളുടെയും സേവനം ലഭ്യമാക്കി ഹോസ്റ്റൽ പ്രവർത്തിപ്പിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ - അദ്ധ്യാപകരുടെ യോഗ്യത**

102 (1138) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അംഗീകാരം നൽകി പ്രവർത്തിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ എത്ര അദ്ധ്യാപകർ പ്രവർത്തിക്കുന്നുണ്ട് ; ഇതര ജീവനക്കാർ എത്ര ;

(ബി) എ.ഐ.സി.റ്റി.ഇ. നോംസ് പ്രകാരമുള്ള യോഗ്യതയുള്ളവരാണ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;

(സി) മൊത്തം അദ്ധ്യാപകരിൽ എ.ഐ.സി.റ്റി.ഇ. നിഷ്കർഷിച്ചിട്ടുള്ള യോഗ്യത ഉള്ളവർ എത്ര ; അല്ലാത്തവർ എത്ര ;

(ഡി) ഇത്തരം അദ്ധ്യാപകരുടെ സേവന വ്യവസ്ഥകൾ മാനേജ്മെന്റുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ; യോഗ്യതയും സേവനവും സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നത് ബന്ധപ്പെട്ട കോളേജ് മാനേജ്മെന്റുകളാണ്. ആയതിനാൽ ഇത് സംബന്ധിച്ച കൃത്യമായ കണക്കുകൾ സർക്കാരിൽ ലഭ്യമല്ല.

(ബി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എം.ടെക് യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുവാൻ കോളേജ് മാനേജ്മെന്റുകൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എ.ഐ.സി.റ്റി.ഇ. യോഗ്യതയുള്ളവരെ മുൻഗണനാക്രമത്തിൽ നിയമിക്കുന്നതിന് സർവ്വകലാശാലാതലത്തിലും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കൊച്ചിൻ സർവ്വകലാശാല നേരിട്ട് നടത്തുന്ന മൂന്ന് എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ നിയമാനുസൃത യോഗ്യതയുള്ളവരാണ്. സർവ്വകലാശാലകളിൽ ഇതുസംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ഡി) അൺ-എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ G.O.(Ms.)

No.552/2014/H.Edn. dated 19-7-2014, G.O.(Ms.) No. 19/2015/H.Edn. Dated 24-1-2015 എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

**സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ**

103 (1139) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗം നിലവിൽ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം നടത്തിയാൽ അതിവേഗം നിലവാരം താഴ്ന്നതായി കാണുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വാശ്രയ മേഖലകളിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ കഴിഞ്ഞ മൂന്നുവർഷത്തെ ശരാശരി റിസൾട്ട് എത്ര ശതമാനമാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ മൂന്ന് വർഷമായി പത്ത് ശതമാനത്തിൽ താഴെ മാത്രം വിജയ ശതമാനമുള്ള എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) നടപ്പ് അദ്ധ്യയന വർഷം സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലകളിൽ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു ;

(ഇ) വിദ്യാഭ്യാസ നിലവാര താഴ്ച കൊണ്ടാണ് ഇത് സംഭവിക്കുന്നത് എന്നും സംസ്ഥാനത്തെ വിദ്യാർത്ഥികൾ പലരും മറ്റ് സംസ്ഥാനത്തെ ആശ്രയിക്കേണ്ടി വരുന്നു എന്നതും സംബന്ധിച്ച നയം വ്യക്തമാക്കുമോ ;

(എഫ്) നിലവിൽ എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു ; ഇതിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ജി) നാല്പത് ശതമാനം വിജയം എങ്കിലും ഇല്ലാത്ത കോളേജുകളുടെ അനുമതി റദ്ദാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗം നിലവാരം താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം കുറയുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിലെ വിവിധ സർവ്വകലാശാലകൾക്കു കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി റിസൾട്ട് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം - (എ) ആയി ചേർത്തിട്ടുണ്ട്.*

(സി) മഹാത്മാഗാന്ധി, കൊച്ചിൻ, കോഴിക്കോട്, കണ്ണൂർ എന്നീ സർവ്വകലാശാലകളിൽ പത്ത് ശതമാനത്തിൽ താഴെ മാത്രം വിജയമുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഒന്നും തന്നെ ഇല്ല. കേരള സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന 10 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ചില ബ്രാഞ്ചുകളിൽ മാത്രം പത്ത് ശതമാനത്തിൽ താഴെ വിജയശതമാനമാണുള്ളത്. ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ അനുബന്ധം -(ബി) ആയി ചേർത്തിട്ടുണ്ട്.*

(ഡി) ഈ അദ്ധ്യയന വർഷം 11,448 സർക്കാർ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി പ്രവേശന പരീക്ഷാ കമ്മിഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് നിലവാര താഴ്ച നേരിടുന്നതായും അക്കാരണത്താൽ വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനത്തെ ആശ്രയിക്കേണ്ടി വരുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആവശ്യമായ ഓപ്ഷനുകൾ ലഭിക്കാതിരുന്നതാണ് ഇത്രയും സീറ്റുകൾ ഒഴിഞ്ഞു കിടക്കാൻ കാരണമായതെന്ന് പ്രവേശന പരീക്ഷാ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) സംസ്ഥാനത്ത് നിലവിൽ 148 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ അനുമതി നൽകിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം - (സി) ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ജി) കോളേജുകളുടെ അനുമതി റദ്ദാക്കുന്നത് സംബന്ധിച്ച് സർക്കാർ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

**ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ**

104 (1140) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എട്ട് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും നാല് സർക്കാർ പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ് ഇൻക്യൂബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) സാങ്കേതിക സ്ഥാപനങ്ങളായ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവിടങ്ങളിൽനിന്ന് വിജയകരമായി കോഴ്സ് പൂർത്തിയാക്കിയതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിന് ടെക്നോളജി ബിസിനസ്സ് സെന്ററുകളിലെ പരിശീലനം സഹായകരമാണ്. അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുകൂടിയുള്ള കമ്പ്യൂട്ടർ സംവിധാനങ്ങളുള്ള വിവിധ സോഫ്റ്റ്‌വെയർ ഉപകരണങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനും പദ്ധതി രൂപീകരണത്തിനും വികസനത്തിനും സോഫ്റ്റ്‌വെയർ

സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ട് വിദ്യാർത്ഥികളിൽ സംരംഭക കഴിവുകൾ വളർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തന്മൂലം വിദ്യാർത്ഥികളിൽ അന്തർലീന മായിരിക്കുന്ന സാങ്കേതിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടിയാണ് ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ.

(സി) പുതുതായി വിജയിച്ചുവരുന്ന എഞ്ചിനീയറിംഗ് ബിരുദ/ഡിപ്ലോമ വിദ്യാർത്ഥികൾക്കും സംരംഭകത്വ പ്രവർത്തനങ്ങളിൽ താൽപ്പര്യമുള്ളവർക്കും സഹകരിക്കാവുന്നതാണ്.

(ഡി) സംസ്ഥാനത്തെ എട്ട് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും നാല് സർക്കാർ പോളിടെക്നിക്കുകളിലും പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ചേർത്തല ഗവൺമെന്റ് പോളിടെക്നിക്കിൽ പുതുതായി രണ്ട് ബ്രാഞ്ചുകൾ ആരംഭിക്കാൻ നടപടി**

105 (1141) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല ഗവൺമെന്റ് പോളിടെക്നിക്കിൽ പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന മെക്കാനിക്കൽ എഞ്ചിനീയറിംഗിന്റെയും കമ്പ്യൂട്ടർ എഞ്ചിനീയറിംഗിന്റെയും രണ്ട് ബ്രാഞ്ചുകൾ ഇനിയും ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലയിലെ സ്വകാര്യ മേഖലയിലെ ഇതേ ബ്രാഞ്ചുകൾ നിലവിലുള്ള സ്ഥാപനങ്ങളെ സഹായിക്കാനാണ് ഈ ബ്രാഞ്ചുകൾ ചേർത്തല ഗവൺമെന്റ് പോളിയിൽ ആരംഭിക്കാത്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചേർത്തല ഗവണ്മെന്റ് പോളിടെക്നിക്കിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പുതിയ ബ്രാഞ്ചുകൾ അടുത്ത അദ്ധ്യയന വർഷം മുതൽ ആരംഭിക്കുന്നതിനും പുതിയ പ്രോസ്പെക്ടസിൽ ഈ കോഴ്സുകളുടെ വിവരം ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&സി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതിനാൽ ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം മാത്രമേ ഈ വിഷയത്തിൽ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പ്രതിപക്ഷനേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷണം**

106 (1142) ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ്;

(സി) സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നിയമസഭാ സമിതിയുടെ നിഗമനങ്ങളിൽ പരാമർശിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് വകുപ്പിൽനിന്നും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്പേസ് എന്ന സ്ഥാപനത്തെപ്പറ്റിയുള്ള ആരോപണം തെറ്റാണെന്ന് സമിതി കണ്ടെത്തിയതിനാൽ സമിതയുടെ 4-ാം നിഗമനത്തിൽ നടപടി ആവശ്യമില്ലായെന്നും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയം സംബന്ധിച്ച് സർക്കാർ നിർദ്ദേശപ്രകാരം വി.ഇ.2/2012/എസ്.ഐ.യു. II, വി.ഇ.1/2012/എസ്.ഐ.യു. II എന്നീ നമ്പറുകൾ പ്രകാരം 2 വിജിലൻസ് അന്വേഷണങ്ങൾ നടത്തിയിരുന്നു. അതിൽ വി.ഇ.2/ 2012/എസ്.ഐ.യു. II എന്ന നമ്പർ അന്വേഷണം പൂർത്തിയായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പോലീസ് സൂപ്രണ്ടിന് അനുമതി നൽകിയിട്ടുണ്ട്.

## പ്രൊഫഷണൽ കോഴ്സ് അഡ്മിഷൻ

**107 (1143)** <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷന് മിനിമം മാർക്ക് നിശ്ചയിച്ചിട്ടുണ്ടോ ; ഇതുസംബന്ധിച്ച ഉത്തരവിന്റെ വിശദാംശം നല്കുമോ ; മിനിമം മാർക്ക് സമ്പ്രദായം അവസാനിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

19-1-2015-ലെ ജി.ഒ.(എംഎസ്.)15/2015/ഉ.വി.വ. ഉത്തരവ് പ്രകാരം എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷന് മിനിമം മാർക്ക് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* മിനിമം മാർക്ക് സമ്പ്രദായം അവസാനിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ബി.ടെക് കോഴ്സ്

108 (1144) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഏതെല്ലാം കോഴ്സുകൾ ആണ് നിലവിലുള്ളത് ;

(ബി) ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ബി.ടെക് കോഴ്സ് ആരംഭിക്കുന്നതിന്റെ നടപടിക്രമം ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ;

(സി) അടുത്ത അദ്ധ്യയന വർഷം വിദ്യാർത്ഥികളെ പ്രസ്തുത കോഴ്സിൽ പ്രവേശിപ്പിക്കുന്ന രീതിയിൽ കോഴ്സിന് സാമ്പത്തികാനുമതി നൽകുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിൽ ബി.ടെക് കോഴ്സും കമ്പ്യൂട്ടർ സയൻസ് ബ്രാഞ്ചിൽ കമ്പ്യൂട്ടേഷൻ ലിംഗ്വിസ്റ്റിക്സ് എന്ന എം.ടെക്ക് കോഴ്സും നിലവിൽ ഉണ്ട്.

(ബി&സി) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ബി.ടെക് കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുണ്ടായിരുന്ന സീറ്റുകൾ**

109 (1145) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ്-സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 2014-15 അദ്ധ്യയന വർഷം ആകെ എത്ര സീറ്റുകൾ നിലവിലുണ്ടായിരുന്നുവെന്ന് പറയാമോ ;

(ബി) ഇതിൽ ഓരോ സംവരണ വിഭാഗങ്ങൾക്കും എത്ര സീറ്റുകൾ വീതം ഉണ്ടായിരുന്നുവെന്ന് പറയാമോ ;

(സി) ഇവയിൽ എല്ലാ സീറ്റുകളിലും പ്രവേശനം നൽകിയിട്ടുണ്ടോ ;

(ഡി) എത്ര സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും അതിനുള്ള കാരണങ്ങളും വിശദമാക്കുമോ ?

ഉത്തരം

(എ) 2014-ലെ ആകെ സീറ്റുകളും അലോട്ട്മെന്റിന് ലഭ്യമായ സർക്കാർ സീറ്റുകളുടെയും വിവരം ചുവടെ ചേർക്കുന്നു :

| കോളേജുകൾ | ആകെ സീറ്റുകൾ | അലോട്ട്മെന്റിന് ലഭ്യമായ സീറ്റുകൾ |
|---|---|---|
| സർക്കാർ കോളേജ് | 3381 | 3319 |
| എയ്ഡഡ് കോളേജ് | 1703 | 1417 |
| സർക്കാർ സ്വാശ്രയ കോളേജ് | 7514 | 6551 |
| സ്വകാര്യ സ്വാശ്രയ കോളേജ് | 46622 | 24676 |
| ആകെ സീറ്റുകൾ | 59220 | 35963 |

(ബി&സി) 2014-ൽ ഓരോ വിഭാഗത്തിനും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അലോട്ട്മെന്റിന് ലഭ്യമായ സീറ്റുകളുടെയും പ്രവേശനം നേടിയവരുടെയും അലോട്ട്മെന്റിനുശേഷം ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെയും വിവരം ചുവടെ ചേർക്കുന്നു :

| വിഭാഗം | ആകെ | പ്രവേശനം നേടിയവർ | ഒഴിവ് |
|---|---|---|---|
| ജനറൽ | 23699 | 14165 | 9534 |
| ഈഴവ | 1447 | 1144 | 303 |
| മുസ്ലീം | 1243 | 991 | 252 |
| ബാക്ക്വേഡ് ഹിന്ദു | 766 | 625 | 141 |

| | | | |
|---|---|---|---|
| ലാറ്റിൻ കത്തോലിക് | 254 | 224 | 30 |
| ബാക്ക്‌വേഡ് ക്രിസ്ത്യൻ | 105 | 95 | 10 |
| കുടുംബി | 80 | 75 | 05 |
| എസ്.സി. | 1492 | 1075 | 417 |
| എസ്.റ്റി. | 541 | 82 | 459 |
| മറ്റുള്ളവ | 6336 | 5306 | 1030 |

(ഡി) വിദ്യാർത്ഥികളുടെ ഓപ്ഷനുകൾ ലഭ്യമാകാത്തതിനാൽ 12181 സീറ്റുകളിൽ അലോട്ട്മെന്റ് നൽകാൻ കഴിഞ്ഞിട്ടില്ല.

**കോപ്പിയടിയിലൂടെ ഗവേഷണ പ്രബന്ധം**

110 (1146) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂണിവേഴ്സിറ്റികളിൽ കോപ്പിയടിയിലൂടെ ഗവേഷണ പ്രബന്ധം തയ്യാറാക്കിയതായി ആരോപിച്ചുകൊണ്ടുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; അവ ഏതെല്ലാം ;

(ബി) യൂണിവേഴ്സിറ്റികളിൽനിന്നും ഡോക്ടറേറ്റ് നേടിയ ആരുടെയെല്ലാം പ്രബന്ധങ്ങൾ ഇപ്പോൾ യൂണിവേഴ്സിറ്റികളിൽനിന്നും അപ്രത്യക്ഷമായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) കേരള സർവ്വകലാശാലയിൽ കോപ്പിയടിയിലൂടെ ഗവേഷണ പ്രബന്ധം തയ്യാറാക്കിയതായി ആരോപിച്ചുകൊണ്ടുള്ള രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ശ്രീമതി ഷീജ കെ.പി.-യുടെയും ഫിസിക്സിൽ ശ്രീമതി ബീനകുമാരി സി.-യുടെയും പ്രബന്ധങ്ങളെപ്പറ്റിയാണ് പരാതി ലഭിച്ചിട്ടുള്ളത്.

ശ്രീശങ്കരാചാര്യ സർവ്വകലാശാലയിൽ കോപ്പിയടിയിലൂടെ ഗവേഷണ പ്രബന്ധം തയ്യാറാക്കിയതായി ആരോപിച്ചുകൊണ്ട് ഒരു പരാതി ലഭിച്ചിട്ടുണ്ട്. ഫിലോസഫി വിഭാഗം ഗവേഷക ശ്രീമതി സുമി കെ. എസ്. സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിനെതിരെയാണ് ഇത്. ശ്രീമതി സുമി കെ. എസ്.-ന് ഇതുവരെ പി.എച്ച്.ഡി. അവാർഡ് ചെയ്തിട്ടില്ല. കാലിക്കറ്റ് സർവ്വകലാശാലയിൽ 5 പരാതികൾ കിട്ടിയിട്ടുണ്ട്.

(1) 12-9-2014-ൽ അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് കാലിക്കറ്റ് വൈസ് ചാൻസലറോട് ശ്രീ. വീരമണികണ്ഠൻ എൻ. സൈക്കോളജിയിൽ തയ്യാറാക്കിയ "സൈക്കോളജിക്കൽ ഡൈനാമിക്സ് ഓഫ് ആസ്മ ഇൻ റിലേഷൻ ടു വേരിയസ് എറ്റിയോളജിക്കൽ ആന്റ് തൊറാപ്യൂട്ടിക് അപ്രോച്ചസ് ആന്റ് പ്രോഗ്നോസിസ്" എന്ന ഗവേഷണ പ്രബന്ധവുമായി ബന്ധപ്പെട്ട് പ്ലാജിയാരിസം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ആവശ്യപ്പെട്ടിരുന്നു.

(2) ഇതേ വിഷയത്തിൽ ശ്രീ. ജ്യോതികുമാർ ചാമക്കാലയും (സെനറ്റ് മെമ്പർ, കേരള സർവ്വകലാശാല) അഭിപ്രായം പ്രകടിപ്പിച്ച് വൈസ് ചാൻസലർക്ക് 23-11-2014-ന് കത്തയച്ചിട്ടുണ്ട്.

(3) റഷ്യൻ ആന്റ് കംപാരിറ്റീവ് ലിറ്ററേച്ചർ വകുപ്പിൽ ഗസ്റ്റ് ലക്ചററായ എം. ശ്രീകല തയ്യാറാക്കിയ അന്നകരീന ആന്റ് ബിമല-എ സ്ട്രേഞ്ച് മീറ്റിംഗ് ഇൻഫെമിലിയൻ ലൗവ് ആന്റ് അൺഫെമിലിയർ ഹാപ്പിനെസ്സ് എന്ന ഗവേഷണ പ്രബന്ധത്തെക്കുറിച്ച് ശ്രീ. രാജേന്ദ്രൻ കെ. വാര്യർ പരാതി സമർപ്പിച്ചിട്ടുണ്ട്.

(4) ഒരു പൊതുപ്രവർത്തകൻ എന്ന പേരിൽ ലഭിച്ച പരാതി മലയാളത്തിൽ ഡോക്ടറേറ്റ് നേടിയ ശ്രീ. പി. കെ. ഗോപൻ എന്നയാളുടെ ഗവേഷണ പ്രബന്ധത്തെക്കുറിച്ചാണ്.

(5) 1957-ലെ വിമോചന സമരത്തെ ആസ്പദമാക്കി 2014-ൽ ഗവേഷണ പ്രബന്ധം സമർപ്പിച്ച ശ്രീ. പി. എം. സലീം, അസിസ്റ്റന്റ് പ്രൊഫ., ഗവ. കോളേജ്, കാസർഗോഡ് എന്നയാളുടെ ഗവേഷണ

പ്രബന്ധത്തെക്കുറിച്ച് ഒരു ഗവേഷണ സ്നേഹി എന്ന പേരിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളിൽ നിന്നും പരാതികൾ ലഭിച്ചിട്ടില്ല.

(ബി) മഹാത്മാഗാന്ധി സർവ്വകലാശാല ഒഴികെ കേരളത്തിലെ ഒരു സർവ്വകലാശാലയിൽ നിന്നും ഗവേഷണപ്രബന്ധങ്ങൾ അപ്രത്യക്ഷമായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മഹാത്മാഗാന്ധി സർവ്വകലാശാലയിൽനിന്നും ഡോക്ടറേറ്റ് നൽകിയതിൽ 35 പ്രബന്ധങ്ങൾ ഇപ്പോൾ ലഭ്യമല്ല.

**കേരള സർവ്വകലാശാല അസിസ്റ്റന്റ് നിയമനം**

111 (1147) <u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള സർവ്വകലാശാലയിൽ അസിസ്റ്റന്റ് നിയമനം ലഭിച്ചവർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച കോടതി വിധി അവരെ പ്രസ്തുത തസ്തികയിൽ നിലനിർത്തുന്നതിന് അനുവദിച്ചുകൊണ്ടുള്ളതാണോ ;

(സി) കോടതി വിധി അവരെ ജോലിയിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ചാണെങ്കിൽ അതിന്റെ നടത്തിപ്പ് വൈകുന്നതിന് കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2008-ൽ ജോലിയിൽ പ്രവേശിച്ച അസിസ്റ്റന്റുമാർ ജോലിയിൽ തുടരുന്നുണ്ട്.

(ബി&സി) കേരള സർവ്വകലാശാല അസിസ്റ്റന്റ് നിയമനം സംബന്ധമായ വിഷയത്തിൽ കോടതി വിധി വന്നിട്ടില്ല. ബഹു. കേരള ലോകായുക്തയിൽ നിലവിലുണ്ടായിരുന്ന കേസ് നമ്പർ 572/2008 വിചാരണ കഴിഞ്ഞ് സർക്കാരിന് തുടർ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളെ ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഇരുപത്തഞ്ച് റിട്ട് ഹർജികൾ സമർപ്പിക്കപ്പെട്ടു. പ്രസ്തുത ഹർജികളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വാദം കേട്ട് വിചാരണ

നടപടികൾ പൂർത്തീകരിച്ച് വിധി പറയുന്നതിലേക്കായി മാറ്റിവച്ചിരിക്കുകയാണ്. ഇതുകൂടാതെ രണ്ട് റിട്ട് ഹർജികൾ കൂടി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെടുകയുണ്ടായി. പ്രസ്തുത റിട്ട് ഹർജികളും വിധി പറയുന്നതിലേയ്ക്കായി മാറ്റിവച്ചിരിക്കുകയാണ്.

**ത്രിവത്സര എൽ.എൽ.ബി. കോഴ്സ്**

112 (1148) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാല നടത്തുന്ന ത്രിവത്സര എൽ.എൽ.ബി കോഴ്സ് പരീക്ഷയുടെ 4, 5, 6 സെമസ്റ്റർ പരീക്ഷകളുടെ ഫലം യഥാസമയം പ്രസിദ്ധീകരിക്കാത്തത് കാരണം പരാജിതരാകുന്ന വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി പരീക്ഷ, കോഴ്സ് കാലാവധി കഴിഞ്ഞതിനുശേഷം മാത്രമേ എഴുതുവാൻ സാധിക്കു എന്നതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് ഒരു അക്കാദമിക് വർഷം നഷ്ടപ്പെടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മേൽപ്പറഞ്ഞ പരീക്ഷകളുടെ ഫലം കഴിയുന്നത്ര വേഗം പ്രസിദ്ധീകരിക്കാനും സപ്ലിമെന്ററി പരീക്ഷകൾ യഥാസമയം നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) എൽ.എൽ.ബി. യൂണിറ്ററി (ത്രിവത്സരം) പരീക്ഷയ്ക്ക് നിലവിൽ ഒരു സെമസ്റ്ററിന് ഒരു വർഷത്തിൽ പല സ്കീമുകളായി ഏകദേശം അമ്പതോളം പരീക്ഷകൾ നടത്തുന്നുണ്ട്. അദ്ധ്യാപകരുടെ ലഭ്യതക്കുറവുകാരണം ഒരേ സമയം നടക്കുന്ന വിവിധ എൽ.എൽ.ബി. പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. എന്നാൽ പരീക്ഷയുടെ 4, 5, 6 സെമസ്റ്ററുകളുടെ ഫലപ്രഖ്യാപനത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. അവസാന സെമസ്റ്ററുകളുടെ ഫലം പ്രഖ്യാപിക്കുന്നതിന് മുൻഗണന നൽകാറുണ്ട്. യൂണിറ്ററി എൽ.എൽ.ബി. (ത്രിവത്സരം) പരീക്ഷയ്ക്ക് പ്രത്യേകം സപ്ലിമെന്ററി പരീക്ഷ നടത്തുന്നില്ല. റഗുലേഷൻ അനുസരിച്ച് ഈ പരീക്ഷയ്ക്ക് ഇംപ്രൂവ്മെന്റ് പരീക്ഷകൾ നടത്തേണ്ടതില്ല. എൽ.എൽ.ബി. റഗുലേഷൻസിൽ വ്യതിയാനം വരുത്താൻ അക്കാദമിക് തലത്തിലുള്ള തീരുമാനം അത്യന്താപേക്ഷിതമായതിനാൽ തോറ്റ വിദ്യാർത്ഥികൾക്ക് അടുത്ത

റെഗുലർ ബാച്ചിനോടൊപ്പം മാത്രമേ പരീക്ഷ എഴുതാൻ സാധിക്കുകയുള്ളൂ.

**കോഴിക്കോട് സർവ്വകലാശാലാ ക്യാമ്പസ് വിദ്യാർത്ഥികൾ നടത്തിവരുന്ന അനിശ്ചിതകാല സമരം**

113 (1149) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലാ ക്യാമ്പസ് വിദ്യാർത്ഥികൾ നടത്തിവരുന്ന അനിശ്ചിതകാല സമരം ഒത്തുതീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ; സമരം ഒത്തുതീർക്കുന്നതിന് തടസ്സം നിൽക്കുന്ന കാര്യമെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) സർവ്വകലാശാലയിൽ റഗുലർ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലിൽ സ്വാശ്രയ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയ വൈസ് ചാൻസലറുടെ നടപടി സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ;

(സി) ഇത്തരം തീരുമാനങ്ങൾ പൊതുവിദ്യാഭ്യാസത്തെ തകർക്കുന്നതിന് കാരണമാകുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിന് നാല് മാസമായി സർവ്വകലാശാലാ ക്യാമ്പസ് വിദ്യാർത്ഥികൾ നടത്തിവരുന്ന സഹനസമരം ഒത്തുതീർക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് സർവ്വകലാശാലയിൽ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ നടത്തിവരുന്ന സമരം 9-3-2015-ന് ബഹു. വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ ഒത്തുതീർപ്പായിട്ടുണ്ട്.

(ബി&സി) കായിക വിദ്യാർത്ഥികൾക്ക് അവരുടെ സമയക്രമം അനുസരിച്ച് അതിരാവിലെ മുതൽ വൈകുന്നേരം വരെ പരിശീലനം നടക്കുന്നതിനാൽ ദിവസം തോറുമുള്ള യാത്ര ദുഷ്കരമാണ്. ആയതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് കാമ്പസിൽ താമസസൗകര്യം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമായാണ് സർവ്വകലാശാല കാണുന്നത്. കായിക വിദ്യാർത്ഥികൾക്കായി 3.7 കോടി രൂപ ചെലവിൽ സ്പോർട്സ് ഹോസ്റ്റൽ നിർമ്മിക്കാനുള്ള തീരുമാനം സിൻഡിക്കേറ്റ് കൈക്കൊള്ളുകയും പ്രസ്തുത ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം സി.പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 9-3-2015-ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വിദ്യാർത്ഥികൾ നടത്തിവന്ന സമരം ഒത്തുതീർന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

**കോഴിക്കോട് സർവ്വകലാശാലയിലെ വിദ്യാർത്ഥി സമരം**

114 (1150) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാല ആസ്ഥാനത്ത് വിദ്യാർത്ഥികൾ നടത്തി വരുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിദ്യാർത്ഥി സമരത്തിന്റെ ഡിമാന്റുകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) സമരം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് വിദ്യാർത്ഥി നേതാക്കളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ചർച്ചകൾ പരാജയപ്പെടാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത സമരം ഒത്തുതീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രധാനമായും റെഗുലർ വിദ്യാർത്ഥികളുടെ ഹോസ്റ്റലിൽ സ്വാശ്രയ

മേഖലയിലുള്ള കായിക വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഏർപ്പെടുത്തി യതിനെതിരെയാണ് വിദ്യാർത്ഥികൾ സമരം നടത്തുന്നത്.

(സി-ഇ) 9-3-2015-ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വിദ്യാർത്ഥികൾ നടത്തിവന്ന സമരം ഒത്തുതീർന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

**കാലിക്കറ്റ് സർവ്വകലാശാല-ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട്**

115 (1151) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽനിന്നും സ്വാശ്രയ കോളേജുകൾക്ക് അനുമതി ലഭിച്ച സ്വകാര്യ ട്രസ്റ്റിന്റേയും വൈസ് ചാൻസലറുടെ മകളുടെ പേരിലും വള്ളിക്കുന്ന് പഞ്ചായത്തിൽ ഒരേ ദിവസം അടുത്തടുത്ത ഭൂമി വാങ്ങിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഭൂമി രജിസ്റ്റർ ചെയ്തതിനുശേഷം പ്രസ്തുത ട്രസ്റ്റിന് ആർക്കിടെക്ചർ കോളേജും ലോ കോളേജും അനുവദിച്ചത് സംബന്ധിച്ച കാര്യം അറിയാമോ ;

(സി) ട്രസ്റ്റിന് സർവ്വകലാശാല സ്വാശ്രയ കോഴ്സുകൾ അനുവദിച്ചതുമായി ബന്ധപ്പെട്ട കാര്യങ്ങളും വൈസ് ചാൻസലറുടെ മകളുടെ പേരിൽ ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട കാര്യങ്ങളും അന്വേഷണത്തിന് വിധേയമാക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ &ബി) ഇല്ല

(സി) സർവ്വകലാശാല നിയമപ്രകാരം വൈസ് ചാൻസലർക്കെതിരായി പെരുമാറ്റ ദൂഷ്യം, ധനദുർവിനിയോഗം തുടങ്ങിയവ സംബന്ധിച്ച പരാതി ലഭിച്ചാൽ അതിന്മേൽ അന്വേഷണം നടത്തി ആരോപണങ്ങൾ തെളിയിക്കപ്പെട്ടാൽ വൈസ് ചാൻസലർക്കെതിരെ നടപടി എടുക്കാൻ ചാൻസലർക്ക് അധികാരമുണ്ട്.

**അതുല്യം പദ്ധതി**

116 (1152) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സാക്ഷരതാമിഷൻ വഴി നടപ്പിലാക്കുന്ന അതുല്യം

പദ്ധതിക്കുവേണ്ടി നടത്തിയ സർവ്വേയിൽ എത്ര ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് ; സ്ത്രീ ; പുരുഷ ; ജില്ല ; തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) അതുല്യം പദ്ധതിക്കായി കണ്ടെത്തിയ ഗുണഭോക്താക്കൾക്കായി സംസ്ഥാനത്ത് എത്ര നാലാം തരം ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട് ; എത്ര ക്ലാസുകൾ ആരംഭിക്കുവാനുണ്ട് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി വിജയിപ്പിക്കുന്നതിന് ഇതര സർക്കാർ വകുപ്പുകളുടെ പങ്കാളിത്തംകൂടി ഉറപ്പുവരുത്തുവാൻ നടപടിയെടുക്കുമോ ?

<u>ഉത്തരം</u>

(എ) അതുല്യം പദ്ധതിക്കായി 15 മുതൽ 50 വയസ്സ് വരെ പ്രായമുള്ള നാലാം തരം പാസ്സാകാത്ത 1,62,302 പേരും 50 വയസ്സിന് മുകളിൽ 1,21,794 പേരും ഉൾപ്പെടെ ആകെ 2,84,096 ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള സ്ത്രീ/പുരുഷ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) അതുല്യം പദ്ധതിക്കായി കണ്ടെത്തിയ ഗുണഭോക്താക്കൾക്കായി സംസ്ഥാനത്തൊട്ടാകെ 11,298 നാലാംതരം പഠന ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഇനി 2,685 പഠന ക്ലാസ്സുകൾ കൂടി ആരംഭിക്കുവാനുണ്ട്.

(സി) മിഷൻ 676 വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പദ്ധതി വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത്, സാമൂഹ്യക്ഷേമം, നഗരകാര്യ ന്യൂനപക്ഷക്ഷേമം, ഗ്രാമ വികസനം, സഹകരണം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോടുകൂടിയാണ് നടപ്പിലാക്കി വരുന്നത്.

**ഇ-സാക്ഷരതാ പദ്ധതി**

**117 (1153)** <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഇ -സാക്ഷരതാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്നും എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പി. എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ തെരഞ്ഞെടുത്ത 100 പഞ്ചായത്തുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സമ്പൂർണ്ണ ഇ-സാക്ഷരതാ പദ്ധതി 2014 ജനവരി 4-ാം തീയതി ബഹു. പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

(ബി) വിവരസാങ്കേതിക വിദ്യയിൽ അറിവും പ്രാവീണ്യവും സാമാന്യ ജനങ്ങൾക്ക് ഇന്റർനെറ്റിലൂടെ സുപരിചിതമാക്കുക, കല, ശാസ്ത്രം, സാങ്കേതികവിദ്യ, വ്യവസായം, സ്വയംപ്രകാശനം, ആശയവിനിമയം, സാമൂഹ്യസേവനം എന്നീ മേഖലകളിൽ ഡിജിറ്റൽ മാധ്യമത്തിലൂടെ സർഗ്ഗാത്മക സംയോജനം സാധ്യമാക്കുക, ദുർബ്ബല വിഭാഗങ്ങൾക്ക് അറിവും ഗുണമേന്മയുള്ള വിദ്യാഭ്യാസവും പ്രാപ്തമാക്കുക, ഇ-ഗവേണൻസ് ജനപ്രിയമാക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ പങ്കാളിത്തവേദി ഒരുക്കുക, സാമ്പത്തിക ശാക്തീകരണത്തിനും സമയത്തിന്റെ പൂർണ്ണമായ സദുപയോഗത്തിനും സഹായകമായ ഇ-വാണിജ്യവും ഇ-സേവനവും സുപരിചിതമാക്കുക എന്നിവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

(സി) പി. എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ നേതൃത്വത്തിൽ 795 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുന്ന ഇ-സാക്ഷരതാ പദ്ധതിക്ക് 375 ലക്ഷം രൂപ കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു. 2017 മാർച്ച് 31-ന് പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

(ഡി) സംസ്ഥാനത്തെ 14 ജില്ലകളിലും കളക്ടറുടെ അധ്യക്ഷതയിൽ മോണിട്ടറിംഗ്&ഇവാല്യുവേഷൻ കമ്മിറ്റി അംഗങ്ങളുടെയും പദ്ധതി നടപ്പിലാക്കുന്ന

പഞ്ചായത്ത് പ്രസിഡന്റുമാരുടെയും യോഗം ചേരുകയുണ്ടായി. വിവിധ ജില്ലകളിലെ 100 ഗ്രാമപഞ്ചായത്തുകൾക്കും ഒന്നാം ഗഡുവായ ഒരു ലക്ഷം രൂപ നൽകുകയുണ്ടായി. പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള കമ്പ്യൂട്ടർ ടാബ്‌ലറ്റ്സ്, മൊബൈൽ ഫോൺ തുടങ്ങിയ എല്ലാ ഹാർഡ്‌വെയറുകളും പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ലഭ്യമാക്കുന്നു. പരിശീലകർക്കുള്ള പരിശീലനം ഇന്റൽ ഇന്റർനാഷണൽ കോർപ്പറേഷനും പി. എൻ. പണിക്കർ ഫൗണ്ടേഷനും സംയുക്തമായും ഗുണഭോക്താക്കൾക്ക് 40 മണിക്കൂർ 80 മണിക്കൂർ വീതമുള്ള പരിശീലനം അക്ഷയകേന്ദ്രങ്ങൾ മുഖേനയും നൽകിവരുന്നു. തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമ പഞ്ചായത്തിനെ ആദ്യത്തെ സമ്പൂർണ്ണ ഇ-സാക്ഷരതാ പഞ്ചായത്തായി 2014 മാർച്ച് ഒന്നാം തീയതി ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

**ഭൂമി കയ്യേറ്റങ്ങൾ**

118 (1154) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഭൂമി വ്യാപകമായി സ്വകാര്യ വ്യക്തികൾ കയ്യേറുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻസർക്കാർ ഇടുക്കി ജില്ലയിൽ പിടിച്ചെടുത്ത സർക്കാർ ഭൂമികൾ ഭൂമാഫിയകൾ വീണ്ടും കയ്യേറിയിട്ടുണ്ടോ ;

(സി) ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ഡി) കോവളത്ത് സർക്കാർ ഭൂമി സ്വകാര്യ റിസോർട്ട് ഉടമ കയ്യേറിയത് സംബന്ധിച്ച് അറിയാമോ ;

(ഇ) സംസ്ഥാനത്തുടനീളം അന്യാധീനപ്പെട്ടിട്ടുള്ള സർക്കാർ ഭൂമികൾ വീണ്ടെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വ്യാപകമായ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട കയ്യേറ്റങ്ങൾ നടന്നതായി മനസ്സിലാക്കുന്നു. ഭൂസംരക്ഷണ സേനയുടെ ക്രിയാത്മക ഇടപെടലുകളിലൂടെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) അത്തരം കേസുകളിൽ കേരളാ ലാന്റ് കൺസർവൻസി ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്**

119 (1155) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബി.ആർ.ഡി.സി.കെ.എൽ.) എത്ര റിസോർട്ടുകൾക്കാണ് ലീസിന് ഭൂമി അനുവദിച്ചിട്ടുള്ളത് ; റിസോർട്ട് തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ ലീസ് തുക കൃത്യമായി അടയ്ക്കാത്ത റിസോർട്ടുകൾ ഉണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) ലീസ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കാസർഗോഡ് ജില്ലയിൽ 4 റിസോർട്ടുകൾക്ക് ലീസിന് ഭൂമി അനുവദിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കാസർഗോഡ് താലൂക്ക് പരിധിയിൽ വരുന്ന രണ്ട് റിസോർട്ടുകൾ 2014-15 വർഷത്തെ തുക അടയ്ക്കുവാനുണ്ട്.

(സി) പാട്ടത്തുക പിരിച്ചെടുക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിച്ചു

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വരുന്നു.

**നാഷണൽ തെർമൽ പവർ കോർപ്പറേഷനുവേണ്ടി ഏറ്റെടുത്ത ഭൂമി**

120 (1156) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നാഷണൽ തെർമൽ പവർ കോർപ്പറേഷനുവേണ്ടി ഗവൺമെന്റ് മൊത്തം എത്ര ഏക്കർ ഭൂമി അക്വിസിഷൻ നടപടികളിലൂടെ ഏറ്റെടുത്തിട്ടുണ്ടായിരുന്നു എന്നും ഏത് വർഷത്തിലാണ് ഇത് ഏറ്റെടുത്തത് എന്നും അറിയിക്കുമോ ;

(ബി) അതിൽ എൻ.റ്റി.പി.സി. നിലവിൽ ഉപയോഗിച്ചു വരുന്ന ഭൂമി എത്രയെന്നും പദ്ധതി വിപുലീകരണത്തിന് നീക്കിവച്ചിരിക്കുന്ന ഭൂമി എത്രയെന്നും അറിയിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) നാഷണൽ തെർമൽ പവർ കോർപ്പറേഷനുവേണ്ടി 108.2 ഹെക്ടർ ഭൂമി 1989-98 കാലയളവിൽ സർക്കാർ ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. ഇതിൽ ഉപയോഗപ്പെടുത്താത്ത ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല. ടി ഭൂമി ഭാവിയിലെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമാണെന്ന് എൻ.റ്റി.പി.സി. സുപ്രീം കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്.

**പുലമൺ തോടിലേക്കുള്ള അനധികൃത കയ്യേറ്റം**

121 (1157) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന പുലമൺ തോടിലേക്കുള്ള അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി സർവ്വേ ചെയ്ത് സ്ഥലം രേഖപ്പെടുത്തി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ റവന്യൂ വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ചത്; പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ അടിയന്തരമായി ആയതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) സർവ്വേ പ്രകാരം പുലമൺ തോടിന്റെ ഭാഗമായ എത്ര വിസ്തീർണം സ്ഥലം കയ്യേറിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പുലമൺ തോട് കടന്നുപോകുന്ന കൊട്ടാരക്കര താലൂക്കിലെ മേലില, മൈലം, കുളക്കട എന്നീ പഞ്ചായത്തുകളിലെ തോട് പുറമ്പോക്ക് അതിർത്തി നിർണ്ണയിച്ചിട്ടുണ്ട്. മൈലം വില്ലേജിന്റെ അതിർത്തി മുതൽ കൊട്ടാരക്കര ഫയർ സ്റ്റേഷൻ വരെയുള്ള ഭാഗം അളന്ന് അതിർത്തി അടയാളങ്ങൾ സ്ഥാപിച്ച് നൽകിയിട്ടുമുണ്ട്.

(ബി&സി) പഞ്ചായത്ത് അധികാരികളുടെ സാന്നിദ്ധ്യത്തിൽ തോട് പുറമ്പോക്ക് പുനർനിർണ്ണയം ചെയ്ത് അതിരടയാളങ്ങൾ സ്ഥാപിച്ച് സ്കെച്ച് സഹിതം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. കയ്യേറ്റ സ്ഥലങ്ങളുടെ വിസ്തീർണ്ണം പ്രത്യേകം അളന്ന് റിക്കാർഡുകൾ തയ്യാറാക്കിയിട്ടില്ല.

**വാമനപുരം നിയോജക മണ്ഡലത്തിലെ ഫെയർ വാല്യൂ നിർണ്ണയം**

122 (1158) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലാണ് ഭൂമിയുടെ ഫെയർ വാല്യൂ ഇനിയും നിശ്ചയിക്കാനുള്ളതെന്ന് അറിയിക്കുമോ ; ഇക്കാര്യത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ ;

(ബി) ഫെയർ വാല്യൂ നിശ്ചയിക്കാത്ത സ്ഥലങ്ങളിൽ ഇത് അടിയന്തരമായി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ എല്ലാ വില്ലേജുകളിലേയും

ഫെയർ വാല്യൂ ഇതിനകം തന്നെ മറ്റ് വില്ലേജുകളോടൊപ്പം നിശ്ചയിച്ചിട്ടുണ്ട്.

(ബി) എല്ലാ വില്ലേജുകളിലും ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടുണ്ടെങ്കിലും ചില സർവ്വേ നമ്പരുകളിലെ ഫെയർ വാല്യൂ നിശ്ചയിക്കുവാൻ വിട്ടുപോയിട്ടുണ്ട്. ആയവയും പുതിയതായി രൂപപ്പെടുന്ന സബ്ഡിവിഷനുകൾക്കും ന്യായവില നിശ്ചയിച്ച് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഭൂമി കേരളം പദ്ധതി**

123 (1159) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതർക്ക് ഭൂമി നൽകുന്ന ഭൂമികേരളം പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ എത്ര ഗുണഭോക്താക്കൾക്കാണ് പട്ടയവും അനുബന്ധ രേഖകളും നൽകിയിരുന്നത് ;

(ബി) പ്രസ്തുത ഗുണഭോക്താക്കൾക്ക് പട്ടയം ലഭിച്ചുവെങ്കിലും വിവിധ കാരണങ്ങളാൽ അവ ലഭ്യമാകാതെ വന്ന എത്രപേർ ഉണ്ട് ;

(സി) കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വില്ലേജ് ഓഫീസുകളുടെ പരിധിയിൽ പട്ടയം ലഭിച്ചിട്ടും ഭൂമി ലഭ്യമാകാതിരുന്നവർ എത്ര ; വില്ലേജ് ഓഫീസ് അടിസ്ഥാനത്തിൽ മേൽവിലാസം സഹിതം അറിയിക്കുമോ ;

(ഡി) മേൽസൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ കൊല്ലം ജില്ലയിൽ 588 പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

(ബി) കോടതി കേസുകൾ നിലനിൽക്കുന്നതിനാൽ പട്ടയം നൽകിയ 62 പേർക്ക് ഭൂമി വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

(സി) കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചിറക്കര വില്ലേജിൽപ്പെട്ട 38 പേർക്ക് പട്ടയം വിതരണം ചെയ്തിരുന്നു. ഇതിൽ 23 പേർക്ക് ഭൂമി കൈമാറാൻ കഴിഞ്ഞിട്ടില്ല. ഇവരുടെ പേരും മേൽവിലാസവും താഴെ ചേർക്കുന്നു :

1. ആനന്ദവല്ലിയമ്മ, ആനന്ദവിലാസം, പോളച്ചിറ
2. അനിൽകുമാർ. എസ്., സുനിൽ നിവാസ്, ഉളിയനാട്
3. ബാബു. റ്റി., ചരുവിളപുത്തൻവീട്, ഉളിയനാട്
4. ബിന്ദു. ആർ., സതിസദനം, കന്നേറ്റ, കാരംകോട്
5. ചന്ദ്രികാമ്മ, പൊയ്കവിളവീട്, ഇടവട്ടം, ചിറക്കര
6. ജയകുമാരി, കൊട്ടാരത്തിൽ വീട്, ചിറക്കരത്താഴം
7. ലളിത.എസ്., മനീഷവിലാസം, ഉളിയനാട്. പി.ഒ.
8. ലാലു.എസ്., ചരുവിള പുത്തൻവീട്, ചിറക്കരത്താഴം
9. ലീന, കാവിളഴികത്ത് വീട്, ഉളിയനാട്, കാരംകോട്
10. മഞ്ജു, ആനന്ദവിലാസം, പോളച്ചിറ
11. മനോജ്. റ്റി., മനേഷ് വിലാസം, ഉളിയനാട്
12. ഓമന, കുന്നുംപുറത്ത് വീട്, ചിറക്കരത്താഴം
13. ഓമനയമ്മ, ശ്രീനിവാസ്, ഇടവട്ടം, ചിറക്കര
14. പുഷ്പവല്ലി, ചരുവിള പുത്തൻവീട്, ഉളിയനാട്
15. രമണി. എസ്., പ്രകാശ് മന്ദിരം, പാണിയിൽ, ചാത്തന്നൂർ
16. ഷീല.എസ്., കന്നേറ്റപുത്തൻവീട്, കാരംകോട്
17. സിന്ധു. എൻ., സുജാഭവനം, ഒഴുകുപാറ, പോളച്ചിറ
18. ശിവകുമാരി, കല്ലുഴിവിളവീട്, പൂതക്കുളം

19. സുധർമ്മ., ആർ., അശ്വതി നിവാസ്, ഇടവട്ടം, ചിറക്കര

20. സുധർമ്മിണി, എസ്.എസ്. മന്ദിരം, താഴംതെക്ക്, ചാത്തന്നൂർ

21. സുജാത. റ്റി., കുഴിപ്പിൽ ചരുവിളവീട്, ഒഴുകുപാറ

22. തങ്കമണി. ആർ., ചരുവിളവീട്, ചിറക്കരത്താഴം

23. തുളസീധരൻ, സന്തോഷ്ഭവൻ, ഒഴുകുപാറ

(ഡി) മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് അനുവദിച്ച ഭൂമിയുമായി ബന്ധപ്പെട്ട് കൊല്ലം സബ്കോടതി മുമ്പാകെ ഒ.എസ്.16/14-ാം നമ്പർ കേസ് നിലവിലുണ്ട്. കേസ് സർക്കാരിന് അനുകൂലമായി വിധി ഉണ്ടാകുന്നതിനുവേണ്ടിയുള്ള നിയമ നടപടികൾ സ്വീകരിക്കാൻ ജില്ലാ ഗവൺമെന്റ് പ്ലീഡർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കേസ്സിന്റെ അന്തിമ വിധി ലഭിക്കുന്നതനുസരിച്ച് ഭൂമി വിതരണം ചെയ്യുന്നതാണ്.

## ചാത്തമംഗലം ഈഗ്ൾ പ്ലാന്റേഷൻ കോളനിയിലെ താമസക്കാർക്ക് പട്ടയം

124 (1160) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഈഗ്ൾ പ്ലാന്റേഷൻ കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുന്നതിന് അർഹതപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ലിസ്റ്റിന്റെ കോപ്പി ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

ഈഗ്ൾ പ്ലാന്റേഷൻ കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് 64 പേരെ നേരത്തെ വിചാരണ ചെയ്തതിൽ അർഹരെന്ന് കണ്ടെത്തിയവർക്കും വിചാരണയ്ക്ക് ഹാജരാകാത്ത എന്നാൽ ലഭ്യമായ രേഖയുടെ

അടിസ്ഥാനത്തിൽ അർഹരാകാൻ സാദ്ധ്യതയുള്ള 3 പേരുമുൾപ്പെടെ 67 പേർക്ക് മുൻഗണന നൽകി പട്ടയം നൽകുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 67 പേരുടെയും അപേക്ഷ സാധുവാണെന്ന് കണ്ടെത്തുന്ന മുറയ്ക്ക് പട്ടയം നൽകാനും അർഹരല്ലാത്തവരുണ്ടെങ്കിൽ അവരെ ഒഴിവാക്കി മറ്റ് അപേക്ഷകരിൽ നിന്നും അർഹരെ കണ്ടെത്തി പട്ടയം നൽകാനും തീരുമാനിച്ചിട്ടുണ്ട്. അർഹതപ്പെട്ടവരുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

## ഭൂരഹിതരില്ലാത്ത കേരളം പരിപാടി

125 (1161) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പരിപാടി സംസ്ഥാനത്ത് സമ്പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ :

(ബി) ഈ പരിപാടിയനുസരിച്ച് ഭൂമി ലഭിക്കുന്നതിനുവേണ്ടി ആകെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര പേർക്ക് ഇതേവരെ ഭൂമി അനുവദിച്ചുവെന്നും ജില്ല തിരിച്ച് അറിയിക്കാമോ ;

(സി) ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽനിന്ന് എത്ര അപേക്ഷ ലഭിച്ചുവെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ഡി) ഭൂമി ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചവരിൽ എത്ര പേർക്ക് ഇനി ഭൂമി അനുവദിക്കുവാനുണ്ടെന്ന് അറിയിക്കാമോ ;

(ഇ) അപേക്ഷകർക്ക് അനുവദിച്ച ഭൂമിയെ സംബന്ധിച്ച് വ്യാപകമായ പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ അപ്രകാരം പരാതി നൽകുവാനുണ്ടായ സാഹചര്യവും പരാതി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ;

(ജി) അപേക്ഷിച്ചവർക്ക് പൂർണ്ണമായും എപ്പോൾ ഭൂമി വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015-ന്റെ ഒന്നാംഘട്ട പട്ടയ

വിതരണം 14 ജില്ലകളിലും പൂർത്തിയായിട്ടുണ്ട്. കേരളത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിനാണ് പ്രസ്തുത പദ്ധതിയിൽ സർക്കാർ ലക്ഷ്യമിടുന്നത്. അർഹരായ ഭൂരഹിത കുടുംബത്തിന് വീട് വയ്ക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് ഭൂമി വീതം സൗജന്യമായി പതിച്ചുകൊടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ അർഹരായ മുഴുവൻ ഭൂരഹിതർക്കും ഭൂമി നൽകിക്കൊണ്ട് കണ്ണൂർ, കാസർഗോഡ് ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചു.

(ബി) പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിനുവേണ്ടി 2,92,014 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 2,43,928 കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. ഗുണഭോക്താക്കളുടെ എണ്ണവും ഒന്നാം ഘട്ടത്തിൽ ഭൂമി അനുവദിച്ചതിന്റെയും ജില്ല തിരിച്ച് കണക്ക് താഴെ നൽകിയിട്ടുണ്ട്. 1-2-2014 മുതൽ 31-3-2014 വരെ അപേക്ഷകൾ സമർപ്പിക്കുന്നതിന് അവസരം നൽകിയതിനെത്തുടർന്ന് 67,281 അപേക്ഷകൾ കൂടി ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽനിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടികൾ പൂർത്തിയായിട്ടില്ല.

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 35,851 | 3,181 |
| കൊല്ലം | 28,591 | 683 |
| പത്തനംതിട്ട | 6,807 | 506 |
| ആലപ്പുഴ | 14,163 | 256 |
| കോട്ടയം | 10,388 | 1,309 |
| ഇടുക്കി | 7,970 | 1,992 |
| എറണാകുളം | 31,379 | 1,449 |
| തൃശ്ശൂർ | 26,776 | 510 |

| (1) | (2) | (3) |
|---|---|---|
| പാലക്കാട് | 23,874 | 2,114 |
| മലപ്പുറം | 23,962 | 843 |
| കോഴിക്കോട് | 8,304 | 1,550 |
| വയനാട് | 4,546 | 727 |
| കണ്ണൂർ | 11,099 | 11,100 |
| കാസർഗോഡ് | 10,218 | 10,271 |
| ആകെ | 2,43,928 | 36,491 |

(സി) അപേക്ഷകളിൽ നിന്നും ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം ജില്ല തിരിച്ച് താഴെ ചേർക്കുന്നു :

| ജില്ല | പട്ടികജാതിക്കാർ | പട്ടികവർഗ്ഗക്കാർ |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 6585 | 34 |
| കൊല്ലം | 3363 | 19 |
| പത്തനംതിട്ട | 1779 | 68 |
| ആലപ്പുഴ | 1513 | 86 |
| കോട്ടയം | 1115 | 119 |
| ഇടുക്കി | 2543 | 63 |
| എറണാകുളം | 4128 | 182 |
| തൃശ്ശൂർ | 4792 | 23 |

| | | |
|---|---|---|
| പാലക്കാട് | 4229 | 311 |
| മലപ്പുറം | 3695 | 195 |
| (1) | (2) | (3) |
| കോഴിക്കോട് | 456 | 15 |
| വയനാട് | 285 | 862 |
| കണ്ണൂർ | 799 | 73 |
| കാസർഗോഡ് | 566 | 176 |

(ഡി) 1-12-2014 മുതൽ 31-3-2014 വരെ ലഭ്യമായ അപേക്ഷകരിൽ നിന്ന് കൂടി ഗുണഭോക്താക്കളെ തിട്ടപ്പെടുത്താനുള്ള നടപടികൾ പൂർത്തിയായാൽ മാത്രമേ ഭൂമി നൽകാൻ ബാക്കി നിൽക്കുന്ന കുടുംബങ്ങളുടെ കണക്ക് കൃത്യമായി കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും ഉദ്ദേശം 2.6 ലക്ഷം കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കാനുണ്ടെന്ന് കരുതുന്നു.

(ഇ) ചുരുക്കം ചില ആക്ഷേപങ്ങൾ ലഭിച്ചിട്ടുള്ളതിൽ ജില്ലാ കളക്ടർമാർ തന്നെ പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) വീട് വയ്ക്കാൻ അനുയോജ്യമായതും വഴി സൗകര്യമുള്ളതുമായ ഭൂമികൾ മാത്രമാണ് പ്രസ്തുത പദ്ധതി പ്രകാരം പതിച്ച് നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ചില ഗുണഭോക്താക്കൾ പരാതികൾ ഉന്നയിക്കുന്നതായിട്ടാണ് ശ്രദ്ധയിൽപ്പെടുന്നത്. പരാതികൾക്ക് ഇടയാക്കിയിട്ടുള്ള പ്ലോട്ടുകൾ അടിയന്തരമായി പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) 2015 ഡിസംബർ മാസത്തോടുകൂടി മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകി പദ്ധതി പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**ഐ.എച്ച്.ഡി.പി. കോളനിയിലെ പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷ**

126 (1162) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ, വെളിയം വില്ലേജിലെ മറവൻകോട് ഐ.എച്ച്.ഡി.പി. കോളനിയിൽ പട്ടയം ലഭിക്കുന്നതിനായി എത്രപേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകളിൻമേലുള്ള പരിശോധന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) അർഹരായവർക്ക് കാലതാമസം കൂടാതെ പട്ടയം വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) വെളിയം വില്ലേജിൽ മറവൻകോട് ഐ.എച്ച്.ഡി.പി. കോളനിയിൽ 160 പേർക്ക് മിച്ചഭൂമി പട്ടയം നൽകിയിരുന്നു. പട്ടയം ലഭിച്ച 160 അലോട്ടികളിൽ ഭൂരിഭാഗം പേരും കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഭൂമി അനധികൃത കൈമാറ്റം ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിൽ അനധികൃത കൈമാറ്റം മുഖേന ഭൂമി കൈവശം വച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ മറവൻകോട് മിച്ചഭൂമിയിൽ പട്ടയം നൽകുന്നതിനായി അപേക്ഷ ക്ഷണിച്ചിട്ടില്ലാത്തതാണ്.

**പുഴ മുതൽ പുഴവരെ**

127 (1163) <u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഴ മുതൽ പുഴവരെ എന്ന പദ്ധതിക്ക് റവന്യൂ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) നദികളുടെ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് റവന്യൂ വകുപ്പിൽ എന്തെല്ലാം മോണിറ്ററിംഗ് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുഴയെ അറിയുക, ആദരിക്കുക എന്ന സന്ദേശം മുൻനിർത്തി ഭാരതപ്പുഴ, അച്ചൻകോവിലാർ എന്നീ രണ്ട് നദികളിൽ ആരംഭിക്കുന്ന മാതൃകാ പദ്ധതിയാണ് പുഴ മുതൽ പുഴ വരെ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്തെ നദീതീരങ്ങളുടെ സംരക്ഷണവും സൗന്ദര്യവൽക്കരണവുമാണ് ലക്ഷ്യമിടുന്നത്. നദീതീരങ്ങളിലെ കയ്യേറ്റം തടയുക, അനധികൃത മണൽ കടത്ത്, മലിനീകരണം തുടങ്ങി പൊതുസ്ഥലങ്ങൾ അന്യാധീനപ്പെടുത്തുന്ന പ്രവണതകൾക്ക് വിരാമമിട്ട് നദീസംരക്ഷണം പ്രകൃതി സംരക്ഷണത്തിന്റെ സുപ്രധാന ചുവടുവെയ്പാണെന്ന ബോധ്യം പ്രചരിപ്പിക്കുകയെന്ന ലക്ഷ്യവും ഈ പദ്ധതിക്കുണ്ട്.

(സി) ആദ്യഘട്ടത്തിൽ ഭാരതപ്പുഴ, അച്ചൻകോവിലാർ, ഇപ്പോൾ നീരൊഴുക്ക് നഷ്ടമായ വരട്ടാർ എന്നിവയുടെ സംരക്ഷണവും സൗന്ദര്യവത്ക്കരണവുമാണ് പുഴ മുതൽ പുഴ വരെ പദ്ധതി ലക്ഷ്യമിടുന്നത്. വ്യത്യസ്ത ഭൂപ്രകൃതിയിൽ ലയിച്ചിട്ടുള്ള ഈ പുഴകളുടെ പ്രത്യേകതയ്ക്കും കാലാവസ്ഥയ്ക്കും മണ്ണിന്റെ ഘടനയ്ക്കും അനുസരിച്ചുള്ള നമ്മുടെ തദ്ദേശീയ വൃക്ഷങ്ങൾ (പേരാൽ, പ്ലാവ്, മാവ് തുടങ്ങിയവ) ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടുവളർത്തി പരിപാലിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഭാരതപ്പുഴയുടെ 527 ഏക്കർ തീരവും അച്ചൻകോവിലാറിന്റെ 9 ഏക്കർ തീരവുമാണ് പൈലറ്റ് പ്രോജക്ടായി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വരട്ടാറിലെ നീരൊഴുക്ക് പുനരുജ്ജീവിപ്പിക്കാനുള്ള നടപടിയും ഇതോടൊപ്പം ഉദ്ദേശിക്കുന്നു. ഭാരതപ്പുഴ, അച്ചൻകോവിലാർ എന്നിവയുടെ നീരൊഴുക്കിന് തടസ്സം നിൽക്കുന്ന ചപ്പുചവറുകൾ, മാലിന്യങ്ങൾ, പുൽത്തട്ടുകൾ (നദിക്കുള്ളിൽ രൂപപ്പെട്ടത്), എക്കൽ എന്നിവ അടിയന്തരമായി നീക്കം ചെയ്യുന്ന നടപടികളും ഉദ്ദേശിക്കുന്നു.

(ഡി) പദ്ധതി നടപ്പാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുവാനും പ്രസ്തുത സെല്ലിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുവാനും തീരുമാനിച്ചു. സ്പെഷ്യൽ ഓഫീസർ ഉൾപ്പെടെയുള്ള മോണിറ്ററിംഗ് സെൽ അംഗങ്ങൾ ഉൾപ്പെട്ട പാനൽ ലാന്റ് റവന്യൂ കമ്മീഷണർ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയത് ഇപ്പോൾ പരിഗണനയിലാണ്.

**പുഴ മുതൽ പുഴവരെ പദ്ധതി**

128 (1164) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഴ മുതൽ പുഴവരെ എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; ആയതിന്റെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതി പുഴകളുടെ ജൈവഘടനയെയും, ആവാസ വ്യവസ്ഥയേയും എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഓരോ പുഴയ്ക്കും അവയുടെ ജൈവ ഘടനയ്ക്കും ആവാസ വ്യവസ്ഥയ്ക്കും അനുയോജ്യമായ തരത്തിൽ പ്രത്യേകം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പുഴയെ അറിയുക ആദരിക്കുക എന്ന സന്ദേശം മുൻനിർത്തി ഭാരതപ്പുഴ, അച്ചൻകോവിലാർ എന്നീ രണ്ട് നദികളിൽ ആരംഭിക്കുന്ന മാതൃകാ പദ്ധതിയാണ് പുഴ മുതൽ പുഴ വരെ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്തെ നദീതീരങ്ങളുടെ സംരക്ഷണവും സൗന്ദര്യവത്ക്കരണവുമാണ് ലക്ഷ്യമിടുന്നത്. നദീതീരങ്ങളിലെ കയ്യേറ്റം തടയുക, അനധികൃത മണൽ കടത്ത്, മലിനീകരണം തുടങ്ങി പൊതുസ്ഥലങ്ങൾ അന്യാധീനപ്പെടുത്തുന്ന പ്രവണതകൾക്ക് വിരാമമിട്ട് നദീസംരക്ഷണം, പ്രകൃതി സംരക്ഷണത്തിന്റെ സുപ്രധാന ചുവടുവയ്പാണെന്ന ബോധ്യം പ്രചരിപ്പിക്കുകയെന്ന ലക്ഷ്യവും ഈ പദ്ധതിക്കുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ കൺവീനറായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പുഴകളുടെ ജൈവഘടനയെയും ആവാസ വ്യവസ്ഥയേയും എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് പഠനം നടത്തുകയും ആദ്യഘട്ടമായി ഭാരതപ്പുഴയുടെയും അച്ചൻകോവിലാറിന്റെയും തീരങ്ങൾ ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടുവളർത്തി പരിപാലിക്കുന്നതിനുള്ള പഠന റിപ്പോർട്ട് സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ആദ്യഘട്ടത്തിൽ ഭാരതപ്പുഴ, അച്ചൻകോവിൽ ഇപ്പോൾ നീരൊഴുക്ക്

നഷ്ടമായ വരട്ടാർ എന്നീ നദികളെയാണ് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പരിപാലിക്കുന്നത്. തുടർന്ന് മറ്റ് നദികളെയും പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതാണ്.

## കരുണ എസ്റ്റേറ്റ്-പോബ്സ് ഗ്രൂപ്പിന് പോക്കുവരവ് ചെയ്തുകൊടുക്കുന്നത് സംബന്ധിച്ച്

129 (1165) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റ്, പോബ്സ് ഗ്രൂപ്പിന് പോക്കുവരവ് ചെയ്തുകൊടുക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ വിലക്ക് ഏതെങ്കിലും കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് കോടതിയാണ് സ്റ്റേ ചെയ്തത് ; കേസിന്റെ നമ്പരും കോടതി ഉത്തരവിന്റെ കോപ്പികളും ലഭ്യമാക്കുമോ ; കോടതിവിധിയെത്തുടർന്ന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

(സി) കരുണ എസ്റ്റേറ്റ് സംബന്ധിച്ച് പോബ്സ് ഗ്രൂപ്പിന് അനുകൂലമായി സുപ്രീംകോടതി ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കരുണ എസ്റ്റേറ്റ് അനധികൃതമായി പോബ്സ് ഗ്രൂപ്പ് കൈവശം വച്ചിരിക്കുന്നത് സംബന്ധിച്ച് ലാന്റ് ബോർഡ് സെക്രട്ടറി നടത്തിയ അന്വേഷണത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയാണ് സ്റ്റേ ചെയ്തത്. WP(C)No. 34072/2014. (ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്).* പ്രസ്തുത കേസിൽ സർക്കാർ ഫയൽ ചെയ്ത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടപടികൾ തുടരുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി 26-2-2015-ലെ ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നെല്ലിയാമ്പതിയിൽ തർക്കഭൂമിയുമായി ബന്ധപ്പെട്ട മുഴുവൻ ഭൂമിയും സർവ്വേ നടത്തുന്നതിന് ഒരു സർവ്വെ ടീമിനെ രൂപീകരിക്കുവാൻ സർവ്വേ ഡയറക്ടറെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5473/2014 പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ സർവ്വേ ഡയറക്ടറുടെ ബി2-33419/2014 നമ്പർ ഉത്തരവ് പ്രകാരം സർവ്വേ ടീമിനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. 17-12-2014-ലെ സ.ഉ.(കൈ) 529/2014/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം പോബ്സ് ഗ്രൂപ്പിന്റെ കൈവശത്തിലുള്ള ഭൂമി പോക്കുവരവ് ചെയ്ത് നൽകിയ നടപടി റദ്ദ് ചെയ്യും പോക്കുവരവ് ചെയ്യുന്നതിന് തെറ്റായ നടപടി സ്വീകരിച്ച സർവ്വേ റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ നടപടി കൈക്കൊള്ളുവാൻ ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യങ്ങളിൽ ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സർവ്വേ നടപടികൾ ഒഴിച്ച് ബാക്കിയുള്ള വിഷയങ്ങളിൽ തൽസ്ഥിതി തുടരുകയാണ്.

**താഴം കാമ്പ്രമലയിൽ ഭൂമി ലഭിച്ച കുടുംബങ്ങൾക്ക് റോഡ് നിർമ്മാണത്തിനാവശ്യമായ ഫണ്ട്**

130 (1166) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ പഞ്ചായത്തിലെ പുറ്റുമണ്ണിൽ താഴം കാമ്പ്രമലയിൽ ഭൂമി ലഭിച്ച 125 കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാമഗ്രികൾ എത്തിക്കുന്നതിനും യാത്രചെയ്യുന്നതിനും ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുറ്റുമണ്ണിൽ താഴം കാമ്പ്രമലയിൽ ഭൂമി ലഭിച്ച കുടുംബങ്ങൾക്ക് റോഡ് നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

**ജപ്തി ഭൂമി തിരിച്ച് നൽകുന്നത് സംബന്ധിച്ച്**

131 (1168) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ജപ്തി നടപടികളിലൂടെ കൈവശപ്പെടുത്തിയ ഏതെങ്കിലും ഭൂമി ഉത്തരവിറക്കി ഭൂ ഉടമയ്ക്ക് തിരിച്ച് നല്കിയിട്ടുണ്ടോ ;

(ബി) ക്യാബിനറ്റ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി പഴയ ഉടമയ്ക്ക് തിരികെ നല്കിയ കേസ്സുകളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വിശദമാക്കാമോ ;

(സി) ഇപ്പോഴത്തെ മാർക്കറ്റ് വില ഈടാക്കിക്കൊണ്ടാണോ പ്രസ്തുത ഭൂമികൾ തിരിച്ച് നല്കിയത് ; അല്ലെങ്കിൽ കാരണം എന്ത് ;

(ഡി) ജപ്തി ചെയ്ത് കൈവശം വച്ചുവരുന്ന ഭൂമി ഭൂവില വർദ്ധനവ് പരിഗണിക്കാതെ, പഴയ കുടിശ്ശിക മാത്രം ഈടാക്കിക്കൊണ്ട് തിരികെ നല്കിയ നടപടി നിയമാനുസൃതമാണോ ;

(ഇ) റവന്യൂ വകുപ്പിന്റെ അനുവാദം ഇല്ലാതെ മറ്റേതെങ്കിലും വകുപ്പിൽനിന്ന് മേൽപ്പറഞ്ഞ നിലയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ജപ്തി നടപടികളിലൂടെ കൈവശപ്പെടുത്തിയ ഭൂമി ഭൂഉടമയ്ക്ക് തിരികെ നൽകുന്നതിനുള്ള തീരുമാനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് എടുത്തിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി&ഡി) നിലവിലുള്ള സർക്കാർ ഉത്തരവുകളായ 1-3-2013-ലെ സ.ഉ. (എംഎസ്.) 76/13/റവ. നമ്പർ ഉത്തരവിലും 3-5-2013-ലെ സ.ഉ.(എംഎസ്.) 181/ 13/ റവ. നമ്പർ ഉത്തരവിലും ഇളവുവരുത്തിക്കൊണ്ട് മന്ത്രിസഭായോഗ തീരുമാനത്തിന്റെയും ബഹുമാനപ്പെട്ട കോടതി വിധികളുടെയും അടിസ്ഥാനത്തിലാണ് ബോട്ട്-ഇൻ-ലാന്റാക്കിയ വസ്തുക്കൾ തിരികെ നൽകിയിട്ടുള്ളത്.

(ഇ) ബോട്ട്-ഇൻ-ലാന്റ് തിരികെ നൽകുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് റവന്യൂ വകുപ്പിന് മാത്രമേ അധികാരമുള്ളൂ.

**ഏറാമല വില്ലേജ് ഓഫീസ് നിർമ്മാണം**

132 (1169) <u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിലെ ഏറാമല പഞ്ചായത്തിൽ വില്ലേജ് ഓഫീസ് നിർമ്മിക്കാനുള്ള തീരുമാനം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(ബി) എത്ര തുകയാണ് ഇതിനുവേണ്ടി നീക്കിവെച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) വാടക കെട്ടിടത്തിൽ വളരെ പരിമിതികളോടുകൂടി പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസ് പഞ്ചായത്തിന്റെ സൗകര്യപ്രദമായ സ്ഥലത്ത് നിർമ്മിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സ.ഉ. (സാധാ) നമ്പർ 5363/14/റവ. തീയതി 6-11-2014 പ്രകാരം ഏറാമല വില്ലേജ് ആഫീസ് കെട്ടിട നിർമ്മാണത്തിനായി 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

**റിവർ മാനേജ്മെന്റ് ഫണ്ട്**

133 (1172) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് ഫണ്ടിനത്തിൽ എത്ര തുക സമാഹരിക്കാൻ കഴിഞ്ഞു; വിശദമാക്കുമോ ; മലപ്പുറം ജില്ലയിൽ പ്രസ്തുത ഫണ്ടിനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ; പ്രസ്തുത തുക ഉപയോഗിച്ച് മലപ്പുറം ജില്ലയിൽ എന്തെല്ലാം പ്രവർത്തികളാണ് ചെയ്തിട്ടുള്ളത്; വിശദമാക്കുമോ ; ഏറനാട് മണ്ഡലത്തിൽ 2011-2015 കാലഘട്ടത്തിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവർത്തികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

**റവന്യൂ വകുപ്പ് കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിലെ കുടിശ്ശിക**

134 (1174) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പ് കെട്ടിട നികുതി, ആഡംബര നികുതി എന്നീയിനങ്ങളിൽ പിരിച്ചെടുക്കുന്നതിന് നിലവിൽ എത്ര തുക കുടിശ്ശികയായിട്ടുണ്ടെന്ന് ഇനം തിരിച്ചുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) നിലവിൽ കോടതി സ്റ്റേ, ഇതര സ്റ്റേ നടപടിക്രമങ്ങളുടെ ഭാഗമായി പിരിച്ചെടുക്കുവാൻ സാധിക്കാത്ത തുകവിവരം പ്രത്യേകമായി ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം (ബി&സി) ആയി ചേർത്തിരിക്കുന്നു.*

**റിവർ മാനേജ്മെന്റ് ഫണ്ട്**

135 (1176) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷം റിവർ മാനേജ്മെന്റ് ഫണ്ടായി എത്ര രൂപ ലഭിച്ചിട്ടുണ്ട്; വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത തുക ഓരോ ഇനത്തിലും ചെലവഴിച്ചതിന്റെ കണക്കും വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷം റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് 17,71,55,132 രൂപ ലഭിച്ചിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | തുക |
|---|---|

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| 2010-11 | 3,62,43,414 |
| 2011-12 | 1,65,78,223 |
| 2012-13 | 1,20,62,123 |
| 2013-14 | 5,39,27,582 |
| 2014-15 | 5,83,43,790 |

(ബി) കഴിഞ്ഞ 5 വർഷം റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും 11,03,94,485 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വർഷം, ഇനം എന്നിവ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

<u>2010-11 (86,82,973)</u>

| | |
|---|---|
| റിവർ മാനേജ്മെന്റ് പ്രവൃത്തികൾ | 5547544 |
| ഓൺലൈൻ മണൽ വിതരണത്തിന്റെ ചെലവ് | 1082405 |
| മണൽ സ്ക്വാഡ് വാഹന വാടക, മറ്റു ചെലവുകൾ | 1447433 |
| മണൽ പരിശോധനാ ചെലവ് | 2648 |
| വാഹന റിപ്പയർ | 6340 |
| കണ്ടുകെട്ടിയ വാഹനങ്ങൾ ലേലം ചെയ്യുന്നതിന് പത്രപരസ്യം | 17648 |
| സർക്കാർ ഉത്തരവ് പ്രകാരം വാഹനം വാങ്ങിയത് | 5,38,830 |
| റിവർ മാനേജ്മെന്റ് വർക്ക്ഷോപ്പ് | 7000 |
| മറ്റു ചെലവുകൾ | 33125 |

<u>2011-12 (2,46,76,010)</u>

| | |
|---|---|
| റിവർ മാനേജ്മെന്റ് പ്രവൃത്തികൾ | 2,14,23,111 |
| ഓൺലൈൻ മണൽ വിതരണത്തിന്റെ ചെലവ് | 11,49,920 |
| മണൽ സ്ക്വാഡ് വാഹന വാടക, മറ്റു ചെലവുകൾ | 17,42,320 |
| വാഹന ലേലത്തിന്റെ പത്രപരസ്യം | 13,040 |
| വാഹനത്തിന്റെ ഇന്ധനം, ഡ്രൈവറുടെ വേതനം മുതലായവ | 1,55,434 |
| മണൽ ഡോക്യുമെന്ററിയുടെ നിർമ്മാണം | 45,000 |
| വാഹന റിപ്പയർ | 58174 |
| ആർ.ഡി. ഓഫീസിലെ മണൽ സെക്ഷനിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയത് | 89011 |

<u>2012-13 (80,07,536)</u>

| | |
|---|---|
| റിവർ മാനേജ്മെന്റ് പ്രവൃത്തികൾ | 6707057 |
| വാഹനത്തിന്റെ ഇന്ധനം, ഡ്രൈവറുടെ വേതനം മുതലായവ | 25066 |
| മണൽ സ്ക്വാഡ് വാഹന വാടക മറ്റ് ചെലവുകൾ | 1153333 |
| സാന്റ് ഓഡിറ്റിംഗ് & റിവർ മാപ്പിംഗ് | 100000 |
| വാഹനങ്ങൾ ലേലം ചെയ്യുന്നതിന് പത്രപരസ്യം | 22080 |

<u>2013-14 (2,65,29,622)</u>

| | |
|---|---|
| റിവർ മാനേജ്മെന്റ് പ്രവൃത്തികൾ | 23322897 |
| മണൽ സ്ക്വാഡ് വാഹന വാടക, മറ്റു ചെലവുകൾ | 1268263 |
| സാന്റ് ഓഡിറ്റിംഗ് & റിവർ മാപ്പിംഗ് | 361160 |

| | |
|---|---|
| വാഹനങ്ങൾ ലേലം ചെയ്യുന്നതിന് പത്രപരസ്യം | 49680 |
| സർക്കാർ ഉത്തരവ് പ്രകാരം 2 വാഹനങ്ങൾ വാങ്ങിയത് | 1516822 |
| സബ് കളക്ടർക്ക് ഫോൺ വാങ്ങിയത് | 10800 |

2014-15 (4,24,98,344)

| | |
|---|---|
| റിവർ മാനേജ്മെന്റ് പ്രവൃത്തികൾ | 41889286 |
| മണൽ സ്ക്വാഡ് വാഹന വാടക, മറ്റു ചെലവുകൾ | 548557 |
| വാഹന റിപ്പയർ | 60501 |

**ദുരന്ത നിവാരണത്തിനായി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനങ്ങൾ**

136 (1179) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ഇതുസംബന്ധിച്ച മുന്നറിയിപ്പ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര ദുരിത നിവാരണ സേനയുടെ സഹായത്താൽ സംസ്ഥാനത്ത് ദുരന്ത നിവാരണത്തിനായി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം ദുരന്തങ്ങൾക്കാണ് പ്രസ്തുത സംവിധാനങ്ങൾ

പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രകൃതി ദുരന്തങ്ങളുടെ മുന്നറിയിപ്പിനും ഏകോപനത്തിനുമായി കെൽട്രോണിന്റെ സഹായത്തോടെ 5.96 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഇന്റഗ്രേറ്റഡ് ഡിസിഷൻ സപ്പോർട്ട് സംവിധാനത്തോടുകൂടിയ വിവര സാങ്കേതിക വിനിമയ സംവിധാനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ (SDMA) ഗവേഷണ-സാങ്കേതിക ലബോറട്ടറിയും ദുരന്ത പ്രതിരോധ - ലഘൂകരണ - പ്രതികരണ പ്രവർത്തനങ്ങളുടെ ഏകോപന കേന്ദ്രവുമായ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്ര (SEOC)-ത്തിൽ ഒരുക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ദുരന്ത നിവാരണ സേനയുടെ ഒരു സ്ഥിരം താവളം കേരളത്തിൽ ഒരുക്കുവാൻ ഒന്നര ഏക്കർ ഭൂമി ഏറ്റെടുത്ത് കേന്ദ്ര സർക്കാരിന് കൈമാറുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിക്കുവാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ പ്രകൃതിദുരന്തങ്ങളായി കണക്കാക്കപ്പെട്ടിട്ടുള്ള ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, ഭൂമി കുലുക്കം, വരൾച്ച, തീപിടുത്തം, സുനാമി, ആലിപ്പഴ വർഷം, ശൈത്യതരംഗം, ഹിമപാതം, ഹിമാഘാതം, കീടാണുബാധ, മേഘ വിസ്ഫോടനം എന്നിവയെക്കുറിച്ച് വിശകലനം ചെയ്യുവാനും സാധ്യമായവയെക്കുറിച്ച് മുന്നറിയിപ്പ് നൽകുവാനും ദുരന്ത പ്രതികരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനുമാണ് പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനും ദുരന്ത പ്രതികരണ നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി സാങ്കേതികവും ഇന്റഗ്രേറ്റഡ് ഡിസിഷൻ സപ്പോർട്ട് സംവിധാനത്തോടുകൂടിയതുമായ വിവര സാങ്കേതിക വിനിമയ സംവിധാനം സംസ്ഥാനത്ത് ഒരുക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ഏകോപനത്തിനും പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ഹെഡ് ക്വാർട്ടേഴ്സ് പണികഴിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

**ഇടുക്കി ജില്ലയിലെ റവന്യൂ അദാലത്ത്**

137 (1180) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ എത്ര പരാതികൾ ലഭിച്ചുവെന്നും; ഇവയിൽ എത്ര എണ്ണത്തിന് തീർപ്പ് കൽപ്പിച്ചുവെന്നും വിശദമാക്കുമോ ;

(ബി) ഓരോ താലൂക്കിൽ നിന്നും ഭൂമി സംബന്ധമായ എത്ര പരാതികൾ ലഭിച്ചുവെന്നും ഇവയിൽ എത്ര എണ്ണം പരിഹരിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ ;

(സി) റവന്യൂ അദാലത്തിൽ ഇതുവരെ പരിഹരിക്കപ്പെടാത്ത പരാതികൾക്ക് തീർപ്പ് കൽപ്പിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ ആകെ 38,770 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ 27662 പരാതികൾ പരിഹരിച്ചിട്ടുണ്ട്.

(ബി) താലൂക്ക് അടിസ്ഥാനത്തിൽ ഭൂമി സംബന്ധമായി ലഭിച്ചതും തീർപ്പാക്കിയതുമായ പരാതികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| താലൂക്ക് | ലഭിച്ച പരാതികളുടെ എണ്ണം | തീർപ്പാക്കിയ പരാതികളുടെ എണ്ണം |
|---|---|---|
| ഉടുമ്പൻചോല | 6515 | 3934 |
| ഇടുക്കി | 2347 | 1816 |
| പീരുമേട് | 7737 | 7621 |
| ദേവികുളം | 4950 | 3204 |
| തൊടുപുഴ | 3333 | 1930 |

(സി) റവന്യൂ അദാലത്തിൽ പരിഹരിക്കപ്പെടാത്ത പരാതികൾ തീർപ്പുകൽപ്പിക്കുന്നതിനായി റവന്യൂ വകുപ്പ് ഊർജ്ജിത നടപടികൾ തുടർന്നുവരുന്നു. ഇതിന്റെ ഭാഗമായി കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലങ്ങളിലായി ഫയൽ വർക്ക്

ഷോപ്പുകൾ സംഘടിപ്പിച്ചുവരുന്നു.

**ആലപ്പുഴ ജില്ലയിൽ സീറോ ലാന്റ്ലെസ് പദ്ധതി**

138 (1181) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ സീറോ ലാന്റ് ലെസ് പദ്ധതി പ്രകാരം ഭൂമി നൽകുന്നതിന് എത്ര ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര പേർക്ക് ഭൂമി നൽകി എന്ന് താലൂക്ക് തിരിച്ച് പേരും മേൽവിലാസവും സഹിതം വ്യക്തമാക്കാമോ ;

(സി) എത്ര കുടുംബങ്ങൾ പ്രസ്തുത ഭൂമിയിൽ താമസിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് എത്രപേർ ആലപ്പുഴ ജില്ലയിൽ അപേക്ഷ സമർപ്പിച്ചിരുന്നു; വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ലാന്റ് അക്വിസിഷൻ**

139 (1182) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികളുടെ ഫയലുകളാണ് റവന്യൂ വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ലഭിച്ചതെന്നും അവയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-1-2014 മുതൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013 നിലവിൽവന്നു. ടി ആക്ടിലെ ചട്ടങ്ങൾക്ക് രൂപം നൽകി വരികയാണ്. 1894-ലെ ഭൂമി പൊന്നുംവില നിയമപ്രകാരം 1-1-2014-നു മുമ്പ് വിജ്ഞാപനം പ്രസിദ്ധീകരിച്ച പൊന്നുംവില കേസുകളിൽ തുടർ നടപടികൾ കാലഹരണപ്പെടാതിരിക്കുന്നതിന് പ്രഖ്യാപനം, ഭൂമി വില നിശ്ചയിക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു. നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും പുതിയ ആക്ട് പ്രകാരം നിശ്ചയിച്ച് തുടർ നടപടി സ്വീകരിക്കുവാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അതിൻപ്രകാരമുള്ള നടപടികളും തുടർന്നുവരുന്നു.

(ബി) 1. കുറ്റ്യാടി മണ്ഡലത്തിലെ വേളം കോക്കനട്ട് വ്യവസായ പാർക്കിനുവേണ്ടി 46.5944 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിയായ കെ.എസ്.ഐ.ഡി.സി.-ക്ക് 15-2-2012-ന് കൈമാറിയിട്ടുണ്ട്.

2. കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ കുറ്റ്യാടി, കായക്കൊടി വില്ലേജുകളിലുള്ള 3.2997 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശിപാർശ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നുള്ള ഇളവുകൾ നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

**വ്യവസായ സംരംഭങ്ങൾക്ക് ഭൂപരിധി നിയമത്തിൽ ഇളവ്**

140 (1183) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യവസായ സംരംഭങ്ങൾക്ക് ഭൂപരിധി നിയമത്തിൽ ഇളവ് നൽകാനുള്ള സർക്കാർ തീരുമാനത്തിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

കൂടുതൽ പേർക്ക് തൊഴിൽ നൽകുവാൻ ഉതകുന്ന തരത്തിലുള്ള വ്യവസായ സംരംഭങ്ങൾക്ക് ഭൂപരിധി നിയമത്തിൽ ഇളവ് നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**തിരുവല്ല കാവുംഭാഗം വില്ലേജിലെ നിലം നികത്ത്**

141 (1184) <u>ശ്രീ. മാത്യു റ്റി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ലയിലെ കാവുംഭാഗം വില്ലേജിൽ ഇടിഞ്ഞില്ലത്ത് തണ്ടപ്പേരിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന 10 ഏക്കറോളം നിലം നികത്തുവാൻ ഉത്തരവ് നൽകിയത് സംബന്ധിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ ;

(ബി) റവന്യൂ വിജിലൻസ് നടത്തി വന്ന അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് കണ്ടെത്തലുകൾ ; വ്യക്തമാക്കാമോ ;

(സി) അന്വേഷണം എന്ന് ആരംഭിച്ചു ; എന്ന് പൂർത്തിയാക്കി ; അന്വേഷണത്തിന്റെ ഭാഗമായി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവല്ലയിലെ കാവുംഭാഗം വില്ലേജിൽ ബ്ലോക്ക് നമ്പർ 7-ൽ റീസർവ്വേ നമ്പർ 167/3-1, 168/2, 168/3, 168/5, 167/4, 169/1, 169/2, 169/3, 170/1 എന്നിവയിൽപ്പെട്ട ഭൂമിയിൽ റോഡ് നിരപ്പിൽ നിന്നും താഴ്ന്നു കിടക്കുന്ന ഭാഗങ്ങൾ മാത്രം മണ്ണിട്ട് റോഡ് നിരപ്പിലേക്ക് ഉയർത്തുന്നതിന് തിരുവല്ല RDO 15-2-2014-ൽ A3-719/14-ാം നമ്പരായി അനുമതി നൽകിയിരുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട തിരുവല്ല എം.എൽ.എ അഡ്വ. മാത്യു. ടി തോമസ് 5-3-2014-ൽ ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ പരാതി 10-3-2014-ൽ LR A1-10785/14 റവന്യൂ വിജിലൻസിലേക്ക് അന്വേഷണത്തിനായി അയച്ചിരുന്നതും RVC/A1-211/ 2014-ാം നമ്പരായി 21-4-2014 മുതൽ അന്വേഷണം ആരംഭിക്കുകയും RDO

ഓഫീസിൽനിന്നും സീനിയർ സൂപ്രണ്ടിനെ തെളിവെടുപ്പിന് വിളിച്ചു വരുത്തി വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതുമാണ്. പത്തനംതിട്ട ജില്ലാ കളക്ടറുടെ 12-6-2006-ലെ സി4-28196/06/കെ.ഡിസ് ഉത്തരവ് പ്രകാരം നിലം ഉടമയായ കെ.പി. വിജയന് 2 ഹെക്ടർ 13 ആർ 61 ച.മീ. നികത്തുന്നതിന് ഉത്തരവ് നൽകിയിട്ടുള്ളതും ടിയാൻ ടി നിലം നികത്തിയിട്ടുള്ളതുമാണ്. 2014-ൽ കെട്ടിടം നിർമ്മിക്കുന്ന ആവശ്യത്തിന് പെരിങ്ങര പഞ്ചായത്തിൽനിന്നും നൽകിയ ബിൽഡിംഗ് പെർമിറ്റ് No.A2-328/2014 dated 28-1-2014 പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായി സർവ്വേ 167/3-1, 168/2, 168/3, 168/4, 168/5, 167/4, 169/1, 169/2, 169/3, 170/1 എന്നിവയിൽപ്പെട്ട കാവുംഭാഗം വില്ലേജിലെ ശ്രീ. കെ. പി. വിജയന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ താഴ്ന്ന കിടക്കുന്ന ഭാഗം റോഡ് നിരപ്പിൽ ഉയർത്തുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി 15-2-2014-ൽ തിരുവല്ല RDO ഉത്തരവ് നൽകിയിട്ടുള്ളതും ടിയാൻ വ്യവസ്ഥകൾ ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ 3-3-2014-ൽ ടി ഉത്തരവ് പിൻവലിച്ചിട്ടുള്ളതും ഇതിനെതിരെ നിലമുടമ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 7037/14(D) നമ്പർ കോടതി വിധി പ്രകാരം RDO നൽകിയ നിരോധന ഉത്തരവ് റദ്ദ് ചെയ്യുകയും KLU ഉത്തരവ് പ്രകാരം പരാമർശ നിലം നികത്ത് ഭൂമി റോഡ് നിരപ്പിൽ ഉയർത്തുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 20-3-2014-ൽ വ്യവസ്ഥകൾക്ക് വിധേയമായി വീണ്ടും മണ്ണ് നിക്ഷേപിക്കുന്നത് RDO ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിൽ നിലം ഉടമ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)9722/14-ൽ ഇനം മാറ്റത്തിനായി നൽകിയ അപേക്ഷ കോടതിയുടെ പരിഗണനയിലാണ്.

(ബി) ഇല്ല. അന്വേഷണം നടന്നുവരുന്നു.

(സി) 21-4-2014-ൽ അന്വേഷണം ആരംഭിച്ചു. അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണത്തിന്റെ ഭാഗമായി RDO ഓഫീസിൽനിന്നും ബന്ധപ്പെട്ട ഉത്തരവുകളും വില്ലേജ് ഓഫീസറേയും ഹിയറിംഗിന് വിളിച്ച് രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന കൂടി പൂർത്തിയാക്കി ഇക്കാര്യത്തിലുള്ള അന്വേഷണം പൂർത്തീകരിക്കുന്നതാണ്.

**പെരുനാട് എ.വി.ടി. എസ്റ്റേറ്റ് മിച്ചഭൂമി**

**142 (1185)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുനാട് എ.വി.ടി. എസ്റ്റേറ്റിന്റെ ഉടമസ്ഥതയിൽ എത്ര ഏക്കർ സ്ഥലമാണ് ഉള്ളതെന്നും എത്ര ഏക്കർ ഭൂമിയുടെ കരമാണ് അവർ വില്ലേജിൽ ഒടുക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഈ എസ്റ്റേറ്റിൽ മിച്ചഭൂമി ഉൾപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമി എന്നും വ്യക്തമാക്കാമോ ;

(സി) പെരുനാട് എ.വി.ടി. എസ്റ്റേറ്റിന്റെ കൈവശമുള്ള ഭൂമി സർക്കാർ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്നും രേഖയിൽ ഉള്ളതിനേക്കാൾ എത്ര ഏക്കർ അധികഭൂമി ഇവരുടെ പക്കലുണ്ടെന്നും വിശദമാക്കാമോ ;

(ഡി) എ.വി.ടി. പെരുനാട് എസ്റ്റേറ്റിലെ മിച്ചഭൂമിയിൽനിന്നും തടി മുറിച്ചുകടത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പരാതിയുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) പെരുനാട് എ.വി.ടി. എസ്റ്റേറ്റിന്റെ ഉടമസ്ഥതയിൽ 363.88.68 ഹെക്ടർ സ്ഥലമാണ് ഉള്ളത്. ഈ ഭൂമിക്ക് കരം ഒടുക്കിവരുന്നു.

(ബി) ഈ എസ്റ്റേറ്റിൽ മിച്ചഭൂമി ഉണ്ടോയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(സി) പെരുനാട് വില്ലേജിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. എസ്റ്റേറ്റ് കൈവശമുള്ള ഭൂമി അളന്ന് പരിശോധിച്ചെങ്കിൽ മാത്രമേ ടി കമ്പനി കൈവശം അധിക ഭൂമിയുണ്ടോയെന്ന് അറിയാൻ കഴിയൂ.

(ഡി) പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണത്തിൽ എസ്റ്റേറ്റ് കൈവശം വച്ചിരിക്കുന്ന സ്വകാര്യഭൂമിയിൽ നിന്നുമാണ് ആവർത്തനകൃഷി ചെയ്യുന്നതിനായി റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുന്നതെന്ന് കണ്ടതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

## ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ അധീനതയിലുള്ള തോട്ടഭൂമികൾ

143 (1186) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ അധീനതയിലുള്ള തോട്ടഭൂമികൾ ഏറ്റെടുക്കാമെന്ന സ്പെഷ്യൽ ഓഫീസർ രാജമാണിക്യത്തിന്റെ ഉത്തരവ് സർക്കാർ നടപ്പാക്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ ; ഉത്തരവിനെതിരെ കമ്പനി സമർപ്പിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചിട്ടുണ്ടോ ; ഇവയിൽ ഏതെങ്കിലും വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ രേഖകളാണ് വ്യാജമാണെന്ന് കണ്ടെത്തിയിട്ടുള്ളത് ;

(ബി) ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനി 1962 മുതൽ നൽകുന്ന തോട്ടവിള നികുതിയുടെ ഫയൽ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; പരിശോധിച്ചിട്ടുണ്ടെങ്കിൽ ഇതിൽ എന്തെങ്കിലും കൃത്രിമം കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് അറിയിക്കുമോ ;

(സി) കൃത്രിമ മാർഗ്ഗമുപയോഗിച്ച് സർക്കാർ ഭൂമി കൈക്കലാക്കാൻ കമ്പനി നടത്തുന്ന ശ്രമങ്ങൾക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നു വ്യക്തമാക്കാമോ ; ഇതുസംബന്ധിച്ച് കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ?

<u>ഉത്തരം</u>

(എ) സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ & കളക്ടറുടെ 1-12-2014-ാം തീയതിയിലെ GLR(LR)-4/2013-ാം നമ്പർ നടപടിക്രമത്തിനെതിരെ M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത WP(C)-33122/2014-ാം നമ്പർ കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. അവസാനമായി 3-3-2015-ന് ടി കേസ് ബഹു. ഹൈക്കോടതി പരിഗണിക്കുകയും അടുത്ത വിചാരണ 30-3-2015-ലേക്ക് മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി കേസിൽ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവിന്റെ തൽസ്ഥിതി തുടരാൻ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. M/s. ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ പേരിൽ ഭൂരേഖകൾ ഒന്നുംതന്നെ നിലവിലില്ല. ബ്രിട്ടീഷ് കമ്പനിയായിരുന്ന M/s. മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡിന്റെ പേരിലുണ്ടായിരുന്ന സർക്കാർ ഗ്രാന്റുകളുടെയും സർക്കാർ/സ്വകാര്യ പാട്ടഭൂമിയുടെയും കരാർ ഉടമ്പടികളാണ് M/s.ഹാരിസൺസ് മലയാളം ലിമിറ്റഡ്

ഹാജരാക്കിയിരിക്കുന്നത്. പ്രസ്തുത രേഖകളുടെ പകർപ്പിന്റെ അടിസ്ഥാനത്തിലുള്ള അവകാശവാദം തള്ളിയിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ ഹാരിസൺസ് മലയാളം പ്ലാന്റേഷൻ കമ്പനിക്ക് ഭൂമി പാട്ടത്തിന് നൽകിയിട്ടില്ല. അനധികൃതമായി ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(സി) ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശത്തിലുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി സർക്കാർ സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസറുടെ നടപടിക്രമത്തിനെതിരെ ഹാരിസൺസ് മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത കേസിൽ തൽസ്ഥിതി തുടരാൻ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരിക്കുകയാണ്.

**പത്മശ്രീ മൂഴിക്കുളം കൊച്ചുകുട്ടൻ ചാക്യാരുടെ പേരിൽ കൂത്തമ്പലം**

144 (1187) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടിയാട്ട കലാകാരൻ പത്മശ്രീ മൂഴിക്കുളം കൊച്ചുകുട്ടൻ ചാക്യാരുടെ പേരിൽ ജന്മസ്ഥലമായ അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവിൽ ഒരു കൂത്തമ്പലം നിർമ്മിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽനിന്നും ഒഴിവാക്കി സാംസ്കാരിക വകുപ്പിന്റെ പേരിൽ അനുവദിക്കുന്നതിനായി 17-6-2014-ന് സമർപ്പിച്ച നിവേദനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) പത്മശ്രീ മൂഴിക്കുളം കൊച്ചുകുട്ടൻ ചാക്യാരുടെ പേരിൽ പാറക്കടവിൽ ഒരു കൂത്തമ്പലം നിർമ്മിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

**ഓൺലൈൻ റവന്യൂ സർട്ടിഫിക്കറ്റുകൾ**

145 (1188) <u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈൻ വഴി ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത സൗകര്യങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റവന്യൂ വകുപ്പിൽനിന്നും നൽകുന്ന താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇപ്പോൾ ഓൺലൈൻ വഴി നൽകിവരുന്നുണ്ട് :

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡോമിസൈൽ സർട്ടിഫിക്കറ്റ്

7. വരുമാന സർട്ടിഫിക്കറ്റ്

8. കൈവശാവകാശ സർട്ടിഫിക്കറ്റ്

9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്

10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്

11. സോൾവെൻസി സർട്ടിഫിക്കറ്റ്

12. ലോക്കേഷൻ സർട്ടിഫിക്കറ്റ്

13. കൺവെൻഷൻ സർട്ടിഫിക്കറ്റ്

14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്

15. അഗതി സർട്ടിഫിക്കറ്റ്

16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്

17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്

18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്

19. ലൈഫ് സർട്ടിഫിക്കറ്റ്

20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്

21. പൊസഷൻ & നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്

22. വാല്വേഷൻ സർട്ടിഫിക്കറ്റ്

23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്

24. മൈനോറിറ്റി സർട്ടിഫിക്കറ്റ്

(സി) റവന്യൂ വകുപ്പ് കൂടാതെ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.), അക്ഷയസെന്ററുകൾ എന്നീ ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്.

(ഡി) G.O.(P) No. 24/2010/ITD തീയതി 4-8-2010 പ്രകാരം ഓൺ

ലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്.

(ഇ) അക്ഷയ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ലഘുലേഘകൾ വഴിയും വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ മിച്ചഭൂമി വിതരണം**

146 (1189) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ എത്ര ഏക്കർ മിച്ചഭൂമി വിതരണം ചെയ്യാനുണ്ട്; വില്ലേജടിസ്ഥാനത്തിൽ ഭൂമിയുടെ സർവ്വേ നമ്പർ, ഭൂവിസ്തൃതി എന്നിവ സഹിതം വിശദാംശം ലഭ്യമാക്കാമോ ;

(ബി) തീർപ്പുകല്പിക്കുവാനുള്ള മിച്ചഭൂമി കേസുകൾ എത്രയെന്ന് താലൂക്കടിസ്ഥാനത്തിൽ വിശദാംശം നൽകാമോ ;

(സി) ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്ന പരിപാടി പ്രകാരം ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകി; എത്ര ഭൂമി നൽകി ; വിശദാംശം ലഭ്യമാക്കാമോ; ഇനി എത്ര കുടുംബങ്ങൾക്കാണ് ഭൂമി വിതരണം ചെയ്യാനുള്ളത് ; എന്ന് ഭൂമി വിതരണം ചെയ്യുവാൻ കഴിയുമെന്നാണ് കരുതുന്നത് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ വിതരണയോഗ്യമായി 49.39 ഏക്കർ മിച്ചഭൂമി നിലവിലുണ്ട്. വില്ലേജ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

| താലൂക്ക് | വില്ലേജ് | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഏക്കർ) |
|---|---|---|---|
| ആലത്തൂർ | പുതുക്കോട് | 73 എ/7 | |
| | മംഗലം ഡാം | 344/4pt, 344/15, | 0.19 |

| | | | |
|---|---|---|---|
| | | 344/3pt, 326/1pt | |
| മണ്ണാർക്കാട് | അഗളി | 1650 | |
| | കള്ളമല | 956, 960, 961, 962, 963, 964 | 48.91 |
| പട്ടാമ്പി | വല്ലപ്പുഴ | 186/5 | 0.29 |

(ബി) തീർപ്പുകൽപ്പിക്കാനുള്ള മിച്ചഭൂമി കേസുകൾ താലൂക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| പാലക്കാട് | - 35 |
| ചിറ്റൂർ | - 38 |
| ആലത്തൂർ | - 42 |
| ഒറ്റപ്പാലം | - 33 |
| മണ്ണാർക്കാട് | - 70 |

(സി) വിവരം ശേഖരിച്ചുവരുന്നു.

### മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങൾ

147 (1190) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഇതുവരെ എത്ര കേസുകളുമായി ബന്ധപ്പെട്ട രേഖകളാണ് ട്രൈബ്യൂണലിന് കൈമാറിയിട്ടുള്ളത് ;

(സി) ഇതു സംബന്ധിച്ച് സർക്കാരിന് ഹൈക്കോടതിയുടെ നിർദ്ദേശം വല്ലതും ലഭിച്ചിരുന്നോ ;

(ഡി) ഇതിൻപ്രകാരം എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; തുടർന്ന് എത്ര കേസുകൾ സംബന്ധിച്ച് രേഖകൾ ട്രൈബ്യൂണലിന് നൽകി എന്ന് വിശദമാക്കാമോ ;

(ഇ) ട്രൈബ്യൂണലിന്റെ പ്രവർത്തനത്തെ നിരുത്സാഹപ്പെടുത്തുന്ന നടപടികളിൽ നിന്ന് സർക്കാർ പിന്തിരിയുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## ബേപ്പൂർ നിയോജക മണ്ഡലത്തിലെ ചെറുവണ്ണൂർ കൊളത്തറ റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ

148 (1191) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ നിയോജക മണ്ഡത്തിലെ ചെറുവണ്ണൂർ കൊളത്തറ റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചത് ഏത് വർഷമാണെന്നും ചട്ടപ്രകാരം 4(1) നോട്ടിഫിക്കേഷൻ ഇറക്കിയത് എന്നാണെന്നും ഈ സ്ഥലമെടുപ്പിൽ അടിയന്തര ഖണ്ഡം ഏർപ്പെടുത്തിയിരുന്നുവോ എന്നും വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ അലൈൻമെന്റ് സംബന്ധിച്ച ആക്ഷേപങ്ങൾ ലഭിച്ചിരുന്നുവോ എന്നും 5(A) വകുപ്പുപ്രകാരം അവ എന്നാണ് തീർപ്പാക്കിയത് എന്നും പ്രഖ്യാപനം പ്രസിദ്ധീകരിച്ച തീയതി എന്നാണെന്നും പ്രഖ്യാപനശേഷം അലൈൻമെന്റ് സംബന്ധിച്ച ആക്ഷേപങ്ങൾ സ്വീകരിച്ചിരുന്നുവോ എന്നും ഉണ്ടെങ്കിൽ അവ ഏത് ചട്ടപ്രകാരം തീർപ്പാക്കി എന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥലമെടുപ്പിൽ ഡീറ്റെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ്

അംഗീകരിച്ച തീയതി, അവാർഡ് എൻക്വയറി പൂർത്തിയാക്കിയ തീയതി, ബന്ധപ്പെട്ട അധികാരികളോട് ഫണ്ട് ആവശ്യപ്പെട്ട തീയതി പ്രസ്തുത കത്തിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പ്രവർത്തനത്തിന് ഫണ്ട് ലഭിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടോയെന്നും ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ;

(ഇ) നിലവിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടി ഡിനോവ ആയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതാത് ഘട്ടങ്ങളിൽ നടപടികൾ സ്വീകരിക്കാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങളും ഡിനോവ ആയതിനുശേഷം സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ചെറുവണ്ണൂർ കൊളത്തറ റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ 2009-ലാണ് ആരംഭിച്ചത്. അടിയന്തര ഖണ്ഡത്തിൽ ഉൾപ്പെടുത്തി ടി സ്ഥലമെടുപ്പിനുള്ള 4 (1) വിജ്ഞാപനം 26-7-2010, 26-2-2011 തീയതികളിൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചു.

(ബി) അടിയന്തര ഖണ്ഡത്തിൽ ഉൾപ്പെടുത്തി ഭൂമി ഏറ്റെടുക്കാൻ ഉത്തരവായതിനാൽ 5(എ) വകുപ്പുപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. 21-11-2011, 19-3-2012 തീയതികളിലാണ് പ്രഖ്യാപനം പ്രസിദ്ധീകരിച്ചത്. പ്രഖ്യാപനം പ്രസിദ്ധീകരിച്ചതിനുശേഷം അലൈൻമെന്റ് സംബന്ധിച്ച ആക്ഷേപങ്ങൾ ലാന്റ് അക്വിസിഷൻ ഓഫീസർ സ്വീകരിച്ചിട്ടില്ല.

(സി) 10-5-2013, 28-1-2014, 19-2-2014 തീയതികളിൽ ഡീറ്റെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു. 25-6-2013, 26-6-2013, 27-6-2013, 28-1-2014, 19-2-2014, 25-2-2014, 26-2-2014 തീയതികളിലായി അവാർഡ് എൻക്വയറി പൂർത്തിയാക്കി. 7-2-2014-ൽ സ്പെഷ്യൽ തഹസീൽദാർ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ഫണ്ട് നൽകാൻ ആവശ്യപ്പെട്ടു. 25-2-2014-ൽ ജില്ലാ കളക്ടർ സർക്കാരിലേക്കും ഫണ്ട് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. ടി

കത്തുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ഡി&ഇ) ഫണ്ട് ലഭിക്കാത്തതിനാൽ ടി സ്ഥലമെടുപ്പ് നടപടികൾ കാലഹരണപ്പെട്ടിരിക്കുകയാണ്. റവന്യൂ വകുപ്പിൽ ഭൂമി ഏറ്റെടുക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടില്ല. ബന്ധപ്പെട്ട ഭരണ വകുപ്പാണ് ഫണ്ട് അനുവദിക്കേണ്ടത്. സ്ഥലമെടുപ്പിനുള്ള നടപടികൾ പൂർത്തിയാക്കിയതിനുശേഷമാണ് ഫണ്ട് അനുവദിക്കുന്നതിനായി അർത്ഥനാധികാരിയോട് ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെടുന്നത്. ഈ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ കാലഹരണപ്പെട്ടതിനുശേഷം ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ കത്തിന്റെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് ഫണ്ട് ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശക്കായി സമർപ്പിച്ചിരിക്കുകയാണ്. ഈ നടപടികളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല.

**അനധികൃത പാറ ഖനനം തടയാൻ നടപടി**

149 (1192) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിൽ കോട്ടുകുന്നം ഉഷസ് ഭവനിൽ രാമകൃഷ്ണൻ മകൻ കുട്ടന്റെ ഭൂമി കയ്യേറി പാറ പൊട്ടിച്ച് കടത്തുന്നത് സംബന്ധിച്ച പരാതിയിൽ റവന്യൂ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മുൻസിഫ് കോടതിയുടെയും ജില്ലാ കളക്ടറുടെയും ഉത്തരവുകൾ പ്രകാരം പരാതിക്കാരന്റെ ഭൂമിയിൽ നിന്നുള്ള പാറകടത്ത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; എത്ര വാഹനങ്ങൾ പിടിച്ചെടുത്തു ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലാ കളക്ടറുടെ പൊതുജനപരാതി പരിഹാര സെൽ മുഖാന്തരം ശ്രീ. കുട്ടൻ നാടാർ സമർപ്പിച്ച അപേക്ഷ പ്രകാരവും എതിർകക്ഷിയായ ശ്രീ. സുരേഷ് കുമാർ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിലും അപേക്ഷകനെയും എതിർ കക്ഷിയെയും നേരിൽ കേട്ട് പരാതി പരിഹരിക്കുന്നതിന് നെടുമങ്ങാട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തഹസീൽദാർക്ക് തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീ. കുട്ടൻ നാടാർ ഹിയറിംഗ് നോട്ടീസ് കൈപ്പറ്റാൻ വിസമ്മതിച്ചിട്ടുള്ളതും ആയത് ടിയാന്റെ വീടിന് മുൻവശത്ത് പതിച്ച് നടത്തിയിട്ടുള്ളതുമാണെന്നും തുടർന്ന് പരാതിക്കാരൻ കൂടിക്കാഴ്ചയ്ക്ക് ഹാജരാകാത്ത സാഹചര്യത്തിൽ നെടുമങ്ങാട് തഹസീൽദാർ പരാതിക്കാസ്പദമായ സ്ഥലം സന്ദർശിച്ചിട്ടുള്ളതും പരാതിക്കാരന്റെ അതിർത്തിയിൽനിന്നും 10 മീറ്റർ അകലം പാലിച്ച മാത്രമേ ഖനന പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ എന്ന ഉത്തരവ് എതിർകക്ഷിക്ക് നൽകിയിട്ടുള്ളതുമാണ്.

(ബി) മേൽ പ്രതിപാദിച്ച നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വാഹനങ്ങളോ യന്ത്രോപകരണങ്ങളോ പിടിച്ചെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ റിവർ മാനേജ് ഫണ്ട്**

150 (1193) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഏതുവർഷം വരെയുള്ള റിവർ മാനേജ് ഫണ്ട് (RMF) വികസന പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ ഇനത്തിൽ എത്ര തുക ജില്ലയിൽ നീക്കിയിരിപ്പുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) തുക ജില്ലയിലെ തന്നെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) 2015 ഫെബ്രുവരി വരെയുള്ള കാലയളവിൽ റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് വന്നുചേർന്ന തുകയിൽനിന്നും കേരള നദീതട സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 2001-ൽ പ്രതിപാദിക്കുന്ന വിവിധയിനം ആവശ്യങ്ങൾക്കുവേണ്ടി തുക ഉപയോഗിച്ചുവരുന്നു.

(ബി) കാസർഗോഡ് ജില്ലയിൽ 6,48,85,586 രൂപ റിവർ മാനേജ്മെന്റ് ഫണ്ടിൽ നീക്കിയിരിപ്പുണ്ട്.

(സി) കേരള നദീതട സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട്

2001-ൽ പ്രതിപാദിക്കുന്ന ജില്ലയിലെ വിവിധയിനം ആവശ്യങ്ങൾക്കുവേണ്ടി ഈ ഫണ്ട് ഉപയോഗിച്ചുവരുന്നു.

**കോഴിക്കോട് പുളക്കോട് വില്ലേജിലെ റവന്യൂഭൂമി എക്സൈസ് വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച്**

151 (1194) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് താലൂക്ക് പുളക്കോട് വില്ലേജിലെ റവന്യൂഭൂമി എക്സൈസ് വകുപ്പിന് കെട്ടിടം നിർമ്മിക്കാനായി കൈമാറുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

ഇതുസംബന്ധിച്ച ഭൂമി കൈമാറ്റ ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല. കോഴിക്കോട് ജില്ലാ കളക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തരം ഭൂമി കൈമാറ്റ ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി**

**152 (1195)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഭൂമി നൽകി ; വിശദാംശം നൽകുമോ ;

(സി) നിലവിൽ എസ് സി./എസ് റ്റി. വിഭാഗങ്ങളിൽ ഭൂരഹിതരായി എത്ര പേരുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നല്കുമോ ;

(ഡി) സർക്കാരിന്റെ കൈവശം നിലവിൽ മിച്ചഭൂമിയിനത്തിൽ എത്ര ഭൂമിയുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**കാവനൂർ മൃഗാശുപത്രിക്ക് സർക്കാർ ഭൂമി**

153 (1196) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറനാട് മണ്ഡലത്തിലെ കാവനൂർ മൃഗാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് റവന്യൂ ഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് റവന്യൂ 37784/L3/14/R.D. നമ്പർ ഫയലിൽ അന്തിമ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ 2014-15-ലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ നിന്നും 25 ലക്ഷം രൂപ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ഭൂമി പ്രസ്തുത സർക്കാർ മൃഗാശുപത്രിക്കായി കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) 37784/L1/13/R.D നമ്പർ ഫയലിൽ കാവനൂർ ആയുർവ്വേദ ആശുപത്രിക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. ഫണ്ട് ലഭ്യത സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമായിട്ടില്ല.

**സർക്കാർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നത് സംബന്ധിച്ച്**

154 (1197) <u>ശ്രീ. എ. പ്രദീപ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ സർക്കാർ ഭൂമി അനധികൃതമായി വ്യക്തികളോ സ്ഥാപനങ്ങളോ കൈവശം വെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വില്ലേജ് അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ വിവരങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇങ്ങനെ കണ്ടെത്തിയ സ്ഥലങ്ങൾ തിരിച്ചുപിടിക്കാനും സംരക്ഷിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) കെ.എൽ.സി. ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ ഭൂമിയിൽ കുടിൽകെട്ടി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം**

155 (1198) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഭൂമിയിൽ കുടിൽകെട്ടി വർഷങ്ങളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കാത്തത് സംബന്ധിച്ച കണക്ക് വകുപ്പിന്റെ കൈവശമുണ്ടോ ;

(ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ താമസസ്ഥലത്തിന് പട്ടയം കിട്ടാത്ത എത്ര അപേക്ഷകർ ഉണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇത്തരക്കാരുടെ വിഷയം പ്രത്യേകം പരിഗണിച്ച് താമസസ്ഥലത്തിന് പട്ടയം നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഉണ്ട്.

| | | | |
|---|---|---|---|
| (ബി) | മഞ്ചേശ്വരം താലൂക്ക് | ... | 50 |
| | കാസർഗോഡ് താലൂക്ക് | ... | 185 |
| | ഹോസ്ദുർഗ് താലൂക്ക് | ... | 300 |
| | വെള്ളരിക്കുണ്ട് താലൂക്ക് | ... | 160 |
| | ആകെ | ... | 695 |

(സി) ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

## പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായം

**156 (1199)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ വാകയാട് പ്രദേശത്ത് ചുഴലിക്കാറ്റിൽ നഷ്ടപ്പെട്ട സ്വത്തുക്കളുടേയും കാർഷിക വിഭവങ്ങളുടേയും കണക്കുകൾ സർക്കാരിന് ലഭ്യമാക്കിയിരുന്നോ ;

(ബി) ഉണ്ടെങ്കിൽ എത്രമാത്രം തുകയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ;

(സി) ഈ ഇനത്തിൽ കർഷകർക്കോ സ്വത്തുടമകൾക്കോ ധനാശ്വാസം അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8,11,891 രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

(സി) ആശ്വാസ ധനസഹായം വിതരണം ചെയ്തുവരുന്നു.

## പ്രകൃതിക്ഷോഭ നാശനഷ്ടപരിഹാരം

157 (1200) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം യഥാസമയം കൊടുത്തു തീർത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നുമുതലുള്ള തുകയാണ് കുടിശ്ശികയുള്ളത്;

(ബി) എത്ര തുകയാണ് ഓരോ ജില്ലയിലും കുടിശ്ശികയുള്ളത് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) കുടിശ്ശിക തുക എന്നുമുതൽ നൽകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) നഷ്ടപരിഹാരം യഥാസമയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ആലപ്പുഴ, പത്തനംതിട്ട, കാസർഗോഡ് ജില്ലകളിൽ കൊടുത്തു തീർത്തിട്ടുണ്ട്. മറ്റ് ജില്ലകളിലെ കുടിശ്ശിക തീയതി അനുബന്ധമായി ചേർക്കുന്നു.*

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുള്ള തുകയിൽ അവശേഷിക്കുന്ന തുക 31-3-2015-ന് മുമ്പ് വിതരണം ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുശേഷം കുടിശ്ശികയാകുന്ന തുക ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ കൊടുത്ത് ൽതീർക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഫണ്ടിന്റെ അപര്യാപ്തതയും ഗുണഭോക്താക്കൾ യഥാസമയം തുക കൈപ്പറ്റാത്തതുമാണ് വിതരണത്തിൽ കുടിശ്ശിക ഉണ്ടാക്കാൻ കാരണം.

**ചുഴലിക്കാറ്റ് പ്രതിരോധ പ്രവർത്തന പദ്ധതി**

158 (1201) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചുഴലിക്കാറ്റ് പ്രതിരോധ പ്രവർത്തന പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ എന്ത് തുകയുടെ പദ്ധതിക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് ;

(ബി) എന്തെല്ലാം ചുഴലിക്കാറ്റ് പ്രതിരോധ പ്രവർത്തനങ്ങളാണ് പദ്ധതിയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) മലപ്പുറം ജില്ലയിൽ എവിടെയൊക്കെയാണ് ഇതുസംബന്ധിച്ച് സ്ഥിരം പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) മലപ്പുറം ജില്ലയിലെ തീരദേശമണ്ഡലമായ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) കേരളമുൾപ്പെടെ 4 സംസ്ഥാനങ്ങളിൽ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ പദ്ധതി 2-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ലോക ബാങ്കിനോട് കേന്ദ്ര സർക്കാർ ശിപാർശ ചെയ്തതിനെത്തുടർന്ന് പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘടക പദ്ധതിയായ ഷെൽട്ടർ നിർമ്മാണത്തിന് കേരള സംസ്ഥാനത്തിന് 22.3 ദശലക്ഷം ഡോളർ വകകൊള്ളിച്ചിട്ടുണ്ട്.

(ബി) (എ) മുന്നറിയിപ്പ് സംവിധാനം

(ബി) ഷെൽട്ടറുകളുടെ നിർമ്മാണം

(സി) ദുരന്താഘാതം വിലയിരുത്തുന്നതിനും നേരിടുന്നതിനും ആവശ്യമായ സാങ്കേതിക സഹായം

(ഡി) ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ പ്രദേശവാസികൾക്ക് ആവശ്യമായ പരിശീലനം

(ഇ) പദ്ധതി നിർവ്വഹണ യൂണിറ്റിന് (PIU) ആവശ്യമായ സഹായം.

(സി&ഡി) ഏതെല്ലാം പ്രദേശങ്ങളിലാണ് പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്നത് എന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.

**പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ട് വിനിയോഗം**

159 (1202) <u>ശ്രീ. മുല്ലക്കര രത്നാകരൻ :</u> താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ കാലയളവിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ച് എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

സർക്കാർ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

**മണ്ണെടുക്കൽ നിയമത്തിന്റെ വ്യവസ്ഥകളും ചട്ടങ്ങളും**

160 (1203) <u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മണ്ണെടുക്കൽ നിയമത്തിന്റെ നിലവിലെ വ്യവസ്ഥകളും ചട്ടങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; ആയത് വിശദമാക്കുന്ന സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മണ്ണെടുക്കൽ നിയമവുമായി ബന്ധപ്പെട്ട് 2014 നവംബർ മാസം സർക്കാർ എന്തെങ്കിലും ഭേദഗതി ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നോ ; ആയതിൻ പ്രകാരം വില്ലേജ് ഓഫീസർമാർക്ക് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; ഇത്തരത്തിൽ ഇടിക്കപ്പെടുന്ന മണ്ണ് എവിടെ നിക്ഷേപിക്കപ്പെടണമെന്ന നിർദ്ദേശമുണ്ടോ ; ആയത് വ്യക്തമാക്കുന്ന സർക്കാർ ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14 (1) (2) പ്രകാരം സംസ്ഥാനത്ത് മണ്ണെടുക്കുന്നതിന് പാലിക്കേണ്ട നിയമങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) വ്യക്തിഗത ഗൃഹനിർമ്മാണത്തിനായി (ഫ്ളാറ്റുകൾ ഒഴികെ) സാധാരണ മണ്ണ് ഉപയോഗിക്കുന്നതിനും കൊണ്ടുപോകുന്നതിനും മുൻകൂർ പാരിസ്ഥിതികാനുമതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആവശ്യമില്ലായെന്ന് വ്യവസ്ഥ ചെയ്ത് സ.ഉ. (കൈ) നമ്പർ 12/14/പരി. തീയതി 15-11-14 ഉത്തരവ് പരിസ്ഥിതി വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) പ്രസ്തുത ഉത്തരവിൽ വില്ലേജ് ഓഫീസർമാർക്ക് പ്രത്യേക ചുമതലകൾ നിഷ്കർഷിച്ചിട്ടില്ല. വ്യക്തിഗത ഗൃഹനിർമ്മാണ ആവശ്യാർത്ഥം ഇത്തരത്തിൽ ഇടിക്കപ്പെടുന്ന മണ്ണ് എവിടെ നിക്ഷേപിക്കപ്പെടണമെന്ന കാര്യവും ഉത്തരവിൽ പ്രതിപാദിക്കുന്നില്ല.

**ചെറുതുരുത്തി തടയണയുടെ നിർമ്മാണം**

161 (1204) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ ചെറുതുരുത്തി തടയണയുടെ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ ;

(ബി) തടയണ നിർമ്മാണം പുനരാരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) തടയണ നിർമ്മാണത്തിന് ഭരണാനുമതി പുതുക്കി ലഭിക്കുവാൻ തൃശ്ശൂർ ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) എത്രയും വേഗം ഭരണാനുമതി പുതുക്കി നൽകുവാനും തടയണ നിർമ്മാണം പുനരാരംഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഈ പ്രവൃത്തിയുടെ Probable Amount of Contract-ന്റെ കാലാവധി 19-5-2010-ൽ അവസാനിച്ചിട്ടുള്ളതും കരാറുകാരൻ 27-5-2010-ൽ മരണപ്പെട്ടതും കരാറുകാരന്റെ നോമിനി ഈ പ്രവൃത്തി ഏറ്റെടുക്കുന്നതിന് വിസമ്മതിക്കുകയും ചെയ്ത സാഹചര്യത്തിലാണ് തടയണയുടെ നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ടത്. കൂടാതെ ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിന് ഫണ്ട് അപര്യാപ്തമായ സാഹചര്യം സംജാതമായിരുന്നു. പ്രസ്തുത പ്രശ്നനിവൃത്തിക്കായി അഡീഷണൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാരിൽ നടന്നുവരുന്നു.

(സി&ഡി) മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നത് സംബന്ധിച്ച തീരുമാനമെടുക്കുന്നതിന് 27-1-2014-ൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന കൂടിയാലോചനായോഗത്തിൽ ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് ജലവിഭവ വകുപ്പിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിക്കുകയും 29-4-2014-ന് കൂടിയ ജില്ലാതല വിദഗ്ദ്ധ സമിതിയോഗത്തിൽ പദ്ധതി എത്രയും പെട്ടെന്ന് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജലസേചന വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നതുമാണ്. എന്നാൽ ഫണ്ട് ലഭ്യമല്ലെന്ന് ജലസേചനവകുപ്പ് അധികൃതർ അറിയിച്ചതിനെത്തുടർന്ന് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാകളക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ ജലവിഭവ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയയാണ്. ടി വകുപ്പിൽനിന്ന് ഇക്കാര്യത്തിലുള്ള അഭിപ്രായം ലഭ്യമായശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം**

162 (1205) ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ബി) ധനസഹായം ലഭിക്കുന്നതിനുള്ള പരമാവധി വാർഷിക വരുമാന പരിധി ഉയർത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(സി) ധനസഹായം അനുവദിക്കുന്നതിനുള്ള അധികാരപരിധി സംബന്ധിച്ച വിവരങ്ങൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) ചില മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയായി നിശ്ചയിച്ചിട്ടുള്ള പരമാവധി വാർഷിക വരുമാന പരിധി ഇരുപതിനായിരം രൂപയിൽനിന്നും ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും റവന്യൂ വകുപ്പുമന്ത്രിക്ക് അനുവദിക്കാവുന്ന തുകയായ 2,000 രൂപ 5,000 രൂപയായും, ജില്ലാകളക്ടർമാർക്ക് അനുവദിക്കാവുന്ന തുകയായ 1000 രൂപ, 2000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ചികിത്സയ്ക്കായി ആവശ്യമെന്ന് ബോദ്ധ്യപ്പെട്ടാൽ മറ്റ് അന്വേഷണങ്ങൾ കൂടാതെയും പ്രത്യേക സാഹചര്യങ്ങളിൽ മറ്റ് ആവശ്യങ്ങൾക്കും പതിനായിരം രൂപ വരെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെ മന്ത്രിസഭയുടെ അനുമതി കൂടാതെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. ഒരു ലക്ഷം രൂപയിൽ കൂടുതൽ ധനസഹായം അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്.

**വില്ലേജാഫീസുകളിൽ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം**

163 (1206) <u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. എ. റ്റി. ജോർജ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജാഫീസുകളിൽ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സമ്പ്രദായം മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സമ്പ്രദായം നടപ്പിലാക്കുന്നതിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആദ്യഘട്ടമായി സംസ്ഥാനത്തെ 9 ജില്ലകളിലെ റീ-സർവ്വേ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) എന്ന പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് 15-9-2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ വകുപ്പ് വഴി നടത്തപ്പെടുന്ന ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട് ഓൺലൈൻ പോക്കുവരവ് സാധ്യമാക്കി അതുവഴി കോമൺ ലാന്റ് ഡാറ്റാബേസിന്റെ തത്സമയ നാളതീകരണം ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും, വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയോ, പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽനിന്നോ നിരീക്ഷണത്തിൽനിന്നോ മാറിപ്പോകുന്നതുമില്ല.

(സി) റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളും റവന്യൂ ഐ.റ്റി.സെൽ, എൻ.ഐ.സി, അക്ഷയ സെന്റർ എന്നീ ഏജൻസികളുമാണ് ഇതിനായി സഹകരിക്കുന്നത്.

**എളങ്കുന്നപ്പുഴയിലെ കുടുംബങ്ങൾക്ക് പട്ടയം**

164 (1207) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ തീരദേശത്ത് വർഷങ്ങളായി താമസിച്ചുവരുന്ന 27 ഓളം കുടുംബങ്ങൾ പട്ടയം ലഭിക്കുന്നതിനായി സർക്കാരിന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) വേലിയേറ്റ മേഖലയിൽ നിന്നുള്ള നിശ്ചിതദൂര പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ പട്ടയം അനുവദിക്കാനാവില്ലെന്ന വ്യവസ്ഥ നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) പരമ്പരാഗതമായി മത്സ്യബന്ധനം നടത്തി ടി പ്രദേശത്ത് താമസിച്ചു വരുന്നവർക്ക് നിയമാനുസൃതമായി തുടർന്നും താമസിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ 27 കുടുംബങ്ങൾക്ക് കടൽ ഭിത്തിയോട് ചേർന്നുള്ള സ്ഥലത്തിന് പട്ടയം നൽകണമെങ്കിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനിവാര്യമാണ്. ആയത് ലഭിച്ചിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത ഭൂമി CRZ പരിധിയിൽ വരുന്നതായതിനാൽ ടി സ്ഥലത്ത് കൺസ്ട്രക്ഷൻ അനുവദിക്കാമോ എന്ന വിഷയത്തിൽ CESS-ന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(ബി&സി) ഉണ്ട്. 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11 (2) V പ്രകാരം കടലിന്റെ ഹൈവാട്ടർ മാർക്കിൽനിന്നും 100 അടി ദൂര പരിധിയിലുള്ള ഭൂമി പതിച്ചുകൊടുക്കുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.

## വെള്ളപ്പൊക്കദുരിതാശ്വാസ ജോലികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനു നടപടി

165 (1208) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെള്ളപ്പൊക്കദുരിതാശ്വാസ നിധി (FLOOD RELIEF FUND) വിനിയോഗിച്ച് നിർവ്വഹിക്കപ്പെടുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ജോലിക്കൂടുതൽ കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നിർവ്വഹണ ചുമതല മാറ്റി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസനിധി വിനിയോഗിച്ച് നിർവ്വഹിക്കപ്പെടേണ്ടുന്ന പൊതുമരാമത്ത് പ്രവൃത്തികൾ

ജോലിക്കൂടുതൽ കാരണം നിർവ്വഹിക്കപ്പെടുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. അതിനാൽ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മാറ്റി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

## റവന്യൂ വകുപ്പിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

166 (1209) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവ ഓരോന്നിനും അനുവദിച്ച തുക, ബഡ്ജറ്റിൽ വകയിരുത്തിയ തുക എന്നിവ എത്ര ;

(സി) 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയതല്ലാതെ ഏതെങ്കിലും തരത്തിൽ തുക ഇതിനായി കണ്ടെത്തി ഉപയോഗിക്കുകയുണ്ടായോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഓരോ പദ്ധതിക്കും ഇതിനകം ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെങ്കിലും ഇതുവരെ തുടങ്ങാൻ കഴിയാതെ വന്നിട്ടുണ്ടോ ; വിശദമാക്കാമോ ;

(എഫ്) പദ്ധതികൾ പൂർത്തീകരിക്കാൻ ഇനി എത്ര ദിവസങ്ങൾ വേണ്ടിവരുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 1. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി.

2. സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി.

3. കാലാവധി കഴിഞ്ഞ പാട്ടക്കേസുകളിന്മേലുള്ള നടപടി.

4. ലക്ഷം വീട് താമസക്കാർക്കും പുറമ്പോക്ക്

നിവാസികൾക്കും പട്ടയവിതരണം.

5. റവന്യൂ മീഡിയ സെൽ രൂപീകരണം.

6. റവന്യൂ സർവ്വേ അദാലത്ത്.

(ബി) 2013-14 സാമ്പത്തിക വർഷം ആരംഭിച്ച സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായി സർക്കാർ ഉത്തരവ് (സാധാ) 1633/14/റവ. തീയതി 26-3-2014 പ്രകാരം 2013-14 സാമ്പത്തിക വർഷം 1.40 കോടി രൂപയുടെയും സർക്കാർ ഉത്തരവ് (സാധാ) 2413/14/റവ. തീയതി, 3-6-2014, സർക്കാർ ഉത്തരവ് (സാധാ) 4247/14/റവ. തീയതി, 30-8-2014 എന്നിവ പ്രകാരം 2013-14 സാമ്പത്തിക വർഷം 4,69,09,900 രൂപയുടെയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2013-14-ൽ 1.40 കോടി രൂപയും 2014-15-ൽ 4.70 കോടി രൂപയുമാണ് ടി പദ്ധതിക്കായി ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുള്ളത്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി 10 കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. ഇതിൽ 9.50 കോടി രൂപ ചെലവാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റു പദ്ധതികൾക്ക് ബഡ്ജറ്റിൽ പ്രത്യേക തുക അനുവദിച്ചിട്ടില്ല.

(സി) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക മാത്രമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി 2013-14 വർഷത്തെ ബഡ്ജറ്റ് പ്രകാരം അനുവദിച്ചതിൽ മിച്ചമുണ്ടായിരുന്ന തുക റ്റി.എസ്.ബി-യിൽ നിക്ഷേപിച്ചിരുന്നു. ഇതിൽനിന്നും 6,71,539 രൂപ നടപ്പുവർഷം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായി നാളിതുവരെ 2,16,47,587 രൂപ ചെലവഴിച്ചിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരള പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷംവരെയുള്ള കാലയളവിൽ 4,50,67,449 രൂപ ചെലവാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 3,11,64,039 രൂപ ജില്ലാകളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ഇതിൽനിന്നുള്ള ചെലവ് 31-3-2015 വരെ നടത്താൻ കഴിയുമെന്നതിനാൽ നാളിതുവരെ ചെലവായ തുകയുടെ കൃത്യമായ കണക്ക് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ലാത്തതാണ്.

(ഇ) 1. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയും ഇപ്പോൾ നടന്നുവരുന്നു. മറ്റു പദ്ധതികൾ

പ്രാരംഭഘട്ടത്തിലാണ്.

2. റവന്യൂ സർവ്വേ അദാലത്ത് 14 ജില്ലകളിലും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ നടത്തി.

(എഫ്) സ്മാർട്ട് റവന്യൂ പദ്ധതിയുടെ 2013-14-ൽ ആരംഭിച്ച ഒന്നാം ഘട്ടത്തിൽ ഓരോ ജില്ലയിലും ഒന്നുവീതം ആകെ 14 വില്ലേജ് ഓഫീസുകളുടെ നവീകരണമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2015 മാർച്ച് മാസത്തിന് മുമ്പുതന്നെ പ്രസ്തുത 14 വില്ലേജുകളുടെയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നതാണ്. 2014-15 വർഷം നടപ്പിലാക്കുന്ന രണ്ടാംഘട്ടത്തിൽ എറണാകുളം, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകൾ ഒഴികെ ബാക്കിയുള്ള 10 ജില്ലകളിലായി 11 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം തന്നെ രണ്ടാംഘട്ടവും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 അവസാനത്തോടു കൂടി പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്.

**അനധികൃത മണ്ണെടുക്കലും നിലം നികത്തലും തടയൽ**

167 (1210) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃത മണ്ണെടുക്കലും നിലം നികത്തലും തടയാൻ അധികാരപ്പെടുത്തിയിട്ടുള്ളത് ആരെയാണ് ;

(ബി) 2014 നവംബർ മാസത്തിൽ പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം അനധികൃത മണ്ണെടുപ്പ് തടയാൻ വില്ലേജാഫീസർക്കും പോലീസിനും കഴിയുന്നില്ലായെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സാധാരണക്കാരന് ഭവന നിർമ്മാണത്തിന് ഉപകരിക്കുന്ന വിധത്തിലും എന്നാൽ അനധികൃത കുന്നിടിക്കലും വയൽ നികത്തലും തടയുന്ന വിധത്തിലും പ്രസ്തുത ഉത്തരവ് പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**തോടുകളും ചാലുകളും പുനഃസ്ഥാപിക്കാൻ നടപടി**

168 (1211) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവളത്തിന്റെ പേരിൽ അനധികൃതമായി മണ്ണിട്ട് മൂടിയ തോടുകളും ചാലുകളും പുനഃസ്ഥാപിക്കണമെന്ന് ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ; വിധി പ്രസ്താവത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) വിധി നടപ്പിലാക്കിയിട്ടുണ്ടോ ; എത്ര ദിവസത്തിനകം തോടുകൾ പുനഃസ്ഥാപിക്കാനായിരുന്നു കോടതി നിർദ്ദേശം നല്കിയിരുന്നത് ;

(സി) കോടതിവിധി അട്ടിമറിക്കുന്നതിനായി സർക്കാർ നിയമവിരുദ്ധ തീരുമാനങ്ങൾ എടുത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പാരിസ്ഥിതിക അനുമതി റദ്ദാക്കിയതിനുശേഷവും കോടതി വിധി അവഗണിച്ച് കെ.ജി.എസ്. ഗ്രൂപ്പിനെ സഹായിക്കുന്ന സർക്കാർ നടപടി തിരുത്താൻ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആറന്മുള വിമാനത്താവള പദ്ധതിക്കുവേണ്ടി മണ്ണിട്ട് നികത്തിയ പുറമ്പോക്ക് തോട് പൂർവ്വസ്ഥിതിയിലാക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 16-6-2014-ലെ WP(C)6519/2014-ാം നമ്പർ കോടതിവിധി പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടി കേസിലെ ഒന്നാം പ്രതിയായ പത്തനംതിട്ട ജില്ലാ കളക്ടർ ബന്ധപ്പെട്ട കക്ഷികളെക്കൂടി നേരിൽ കേട്ടശേഷം തോട് പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനാണ് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്. WP(c) No. 6519/14-ലെ 16-6-14-ലെ വിധിന്യായത്തിനെതിരെ കെ.ജി.എസ് ആറന്മുള അന്താരാഷ്ട്ര വിമാനത്താവള കമ്പനി 665/2014 നമ്പരായി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിരുന്നതും 26-11-2014-ലെ ഉത്തരവ് പ്രകാരം റിവ്യൂ പെറ്റീഷണർ കമ്പനിയെക്കൂടി കേട്ടതിനുശേഷമേ WP(C)No. 6519/14-ലെ 16-6-2014-ലെ വിധിന്യായത്തിൻമേൽ ജില്ലാ കളക്ടർ തീരുമാനമെടുക്കാവൂ എന്ന്

ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

(ബി) വിധി നടപ്പിലാക്കിയിട്ടില്ല. വിധിന്യായ പകർപ്പ് ലഭിച്ച് ഒരു മാസത്തിനകം നടപടി സ്വീകരിക്കുവാനായിരുന്നു ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിലെ നിർദ്ദേശം.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കോടതിവിധി അവഗണിച്ച് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

## അഴിയൂർ ഏറാമല, വടകര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നുമുള്ള മണൽ എടുപ്പ്

169 (1212) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര നിയോജകമണ്ഡലത്തിലെ അഴിയൂർ, ഏറാമല, വടകര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണൽ എടുത്തതിന്റെ ഫലമായി എത്ര രൂപ സർക്കാരിന് ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) മണൽ എടുത്തതിന്റെ ഫലമായി പുഴയോരം താഴോട്ട് പോയത് സംരക്ഷിക്കുന്നതിനുവേണ്ടി റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഏതെങ്കിലും തുക ഇവിടുത്തേക്ക് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പുഴയോരങ്ങൾ തകർന്നു കൊണ്ടിരിക്കുന്ന സ്ഥലങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണൽ എടുത്തതിന്റെ ഫലമായി അഴിയൂർ, ഏറാമല ഗ്രാമപഞ്ചായത്തുകളിൽനിന്നും

സർക്കാരിലേക്ക് ലഭിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു. വടകര മുനിസിപ്പാലിറ്റിയിലെ പുഴകളിൽ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് പ്രകാരം അംഗീകൃത മണൽ കടവുകൾ പ്രവർത്തിക്കുന്നില്ല.

| | അഴിയൂർ ഗ്രാമപഞ്ചായത്ത് | ഏറാമല ഗ്രാമപഞ്ചായത്ത് |
|---|---|---|
| റിവർ മാനേജ്മെന്റ് ഫണ്ട് വിഹിതം | 2,75,145 | 6,12,168 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 2,75,145 | 6,12,168 |
| റോയൽറ്റി | 77,070 | 1,32,560 |
| വാറ്റ് | 2,34,917 | 3,75,079 |
| ആകെ | 8,62,277 രൂപ | 17,31,975 രൂപ |

(ബി) പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനുള്ള 2 പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

**നെൽവയൽ നീർത്തട സംരക്ഷണ നിയമം സംബന്ധിച്ച സുപ്രീംകോടതി കേസ്**

170 (1213) ശ്രീ. എസ്. ശർമ്മ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ദാസൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008-ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമം സംബന്ധിച്ച്

സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് സർക്കാർ സമർപ്പിച്ച സത്യവാങ്മൂലം അവ്യക്തമാണെന്ന് ആക്ഷേപം ഉയർന്നിട്ടുണ്ടോ ;

(സി) പ്രസ്തുത സത്യവാങ്മൂലം തയ്യാറാക്കിയത് ആരാണെന്ന് അറിയിക്കാമോ ; ഇതിൽ പിന്നീട് ഭേദഗതി വരുത്തുകയോ സത്യവാങ്മൂലം പൂർണ്ണമായും മാറ്റുകയോ ചെയ്തിട്ടുണ്ടോ ;

(ഡി) കോടതിയിൽ സമർപ്പിക്കുന്നതിനുമുമ്പ് ഇത് റവന്യൂ ഉദ്യോഗസ്ഥർ കണ്ടിരുന്നോ ; അവരുടെ അറിവോടെയാണോ സമർപ്പിച്ചത് ; ആരായിരുന്നു അതിൽ ഒപ്പിട്ടിരുന്നത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രീമതി ജലജ ദിലീപ് Vs RDO ഫോർട്ട് കൊച്ചി (WP(C) 11784/12) കേസ്സിലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായത്തിനെതിരെ സുപ്രീം കോടതി മുമ്പാകെ SLP നിലവിലുണ്ടായിരുന്നു. ഈ കേസിൽ സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് സർക്കാർ ഫയൽ ചെയ്ത സത്യവാങ്മൂലം അവ്യക്തമാണെന്ന് ആക്ഷേപമുയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശപ്രകാരം സർക്കാരിൽ നിന്നാണ് സത്യവാങ്മൂലം തയ്യാറാക്കി സമർപ്പിച്ചത്. സത്യവാങ്മൂലം ഫയൽ ചെയ്തശേഷം ആയതിൽ ഇതുവരെ ഭേദഗതി വരുത്തിയിട്ടില്ല.

(ഡി) പ്രസ്തുത സത്യവാങ്മൂലം റവന്യൂ ഉദ്യോഗസ്ഥർ കണ്ടിരുന്നതും അവരുടെ അറിവോടുകൂടിയുമാണ് റസിഡന്റ് കമ്മീഷണർ സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്തത്.

**കാഞ്ഞങ്ങാട് മിനി സിവിൽസ്റ്റേഷൻ**

171 (1214) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മിനി സിവിൽസ്റ്റേഷൻ ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിനി സിവിൽസ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, അതിനാവശ്യമായ തുക വകയിരുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) സിവിൽസ്റ്റേഷൻ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാഞ്ഞങ്ങാട് മിനി സിവിൽസ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ കാസർഗോഡ് ജില്ലാകളക്ടർ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസ് കാഞ്ഞങ്ങാട് മിനി സിവിൽസ്റ്റേഷനിലേക്ക് മാറ്റുന്നതിന് മുന്നോടിയായി താലൂക്കിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ കാസർഗോഡ് ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

(സി) ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസ് മാർച്ച് അവസാനവാരം തന്നെ കാഞ്ഞങ്ങാട് മിനി സിവിൽസ്റ്റേഷനിൽ പ്രവർത്തനം ആരംഭിക്കുന്നതും കാഞ്ഞങ്ങാട് മിനി സിവിൽസ്റ്റേഷനിലേയ്ക്ക് മാറ്റാനുള്ള മറ്റ് ഓഫീസുകൾ ഉടൻതന്നെ മിനി സിവിൽസ്റ്റേഷനിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുവാനുള്ള നിർദ്ദേശം കാസർഗോഡ് ജില്ലാ കളക്ടർ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുള്ളതുമാണ്.

**പണയിൽക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി**

172 (1215) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നടന്ന റവന്യൂ അദാലത്തിൽ ഒറ്റൂർ വില്ലേജിൽ റീസർവ്വേ നമ്പർ 116/8-ൽ 3 സെന്റ് ഭൂമി അംഗൻവാടി നിർമ്മാണത്തിനായി അനുവദിച്ചുകൊണ്ടും പണയിൽക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയെന്നറിയിച്ചുകൊണ്ടുമുള്ള ബഹു. റവന്യൂ വകുപ്പുമന്ത്രിയുടെ പ്രഖ്യാപന പ്രകാരമുള്ള ഉത്തരവ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ ;

(ബി) പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് ഫയൽ നമ്പരുൾപ്പെടെ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം ജില്ലയിൽ ഒറ്റൂർ വില്ലേജിൽ റീസർവ്വേ നമ്പർ 116/8-ൽപ്പെട്ട ഭൂമിയും റീ-സർവ്വേ നമ്പർ 116/9-ൽപ്പെട്ട പട്ടയ ഭൂമിയും ഒന്നായി കിടക്കുന്നത് അളന്ന് വേർതിരിക്കുന്നതിനെതിരെ പട്ടയ ഭൂമിയുടെ ഉടമസ്ഥർ ബഹുമാനപ്പെട്ട വർക്കല മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത കേസ് തീർപ്പായാൽ മാത്രമേ വസ്തു ഏറ്റെടുത്ത് പഞ്ചായത്തിന് അനുവദിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് പരാമർശ കേസ് തീർപ്പാകുന്ന മുറയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പണയിൽക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഏറ്റെടുക്കേണ്ട സ്ഥലങ്ങളിൽ ചെറുന്നിയൂർ വില്ലേജ് ബ്ലോക്ക് നമ്പർ 7 റീസർവ്വേ നമ്പർ 574/4, 566/13 എന്നിവയിൽപ്പെട്ട വസ്തുക്കൾ ബി.റ്റി.ആറിൽ 'ഭൂസ്ഥിതിവഴിയെന്നും' പുറമ്പോക്ക് രജിസ്റ്ററിൽ 'സർക്കാർ പുറമ്പോക്കെന്നും' രേഖപ്പെടുത്തിയിരിക്കുന്നത് ഇനംമാറ്റി ഉത്തരവായിട്ടുണ്ട്. ഇനി ഏറ്റെടുക്കാനുള്ള സ്ഥലത്തിന് പ്രത്യേക അർത്ഥന നൽകുന്നതിന് പൊതുമരാമത്തുവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് കളക്ടറേറ്റിൽ നടപടി സ്വീകരിച്ചു വരുന്ന ഫയൽ നമ്പർ കെ.5-81576/13 എന്നതാണ്.

**റീ-സർവ്വേ അദാലത്തുകൾ**

173 (1216) ശ്രീ. വർക്കല കഹാർ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീ-സർവ്വേ അദാലത്തുകൾ വില്ലേജ് തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ;

(സി) റീ-സർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് അദാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ അദാലത്തുകളിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്.

(ബി) റവന്യൂ സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ നിലവിലുള്ളതും 1-11-2014 മുതൽ 20-12-2014 വരെയും ലഭിച്ചതായ ഫയലുകളും, സമയബന്ധിതമായി തീർപ്പാക്കിയും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽനിന്ന് പരാതികൾ അദാലത്ത് ദിവസം നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്ന പരിഹാരത്തിന് വഴിയൊരുക്കുകയുമാണ് അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളിലോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്തുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ നിലവിൽ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാരാണ്

പരിഹരിച്ചുവരുന്നത്. റീ-സർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന്, സർവ്വേ സബ്ഡിവിഷൻ സ്കെച്ച് അംഗീകരിക്കുവാൻ താലൂക്കുകളിലെ റീസർവ്വേ സൂപ്രണ്ടുമാർക്കുകൂടി താൽക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം.-ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും പരിഹരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) താലൂക്ക് തലത്തിൽ നടപടി ശേഷിക്കുന്ന എല്ലാ പരാതികളും അദാലത്ത് മുഖേന തീർപ്പാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**റവന്യൂ സർവ്വേ അദാലത്തുകൾ**

174 (1217) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം തരത്തിലുള്ള പരാതികളാണ് അദാലത്തുകളിൽ പരിഗണിക്കുന്നത് ;

(ഡി) അദാലത്തുകളുടെ നിയന്ത്രണം ആരുടെ മേൽനോട്ടത്തിലാണ് നടക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്.

(ബി) റവന്യൂ-സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ നിലവിലുള്ളതും 1-11-2014 മുതൽ 20-12-2014 വരെയും ലഭിച്ചതായ ഫയലുകളും, സമയ ബന്ധിതമായി തീർപ്പാക്കിയും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ പൊതു ജനങ്ങളിൽനിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്ന പരിഹാരത്തിന് വഴിയൊരുക്കുകയുമാണ് അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളോ

കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്തുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) എൽ.ആർ.എം. പരാതികൾ, CMDRF, NFBS, പോക്കുവരവ്, അതിർത്തി നിർണ്ണയം, പട്ടയം, KLU, പ്രകൃതിക്ഷോഭം എന്നീ വിഭാഗങ്ങളിലെ പരാതികളാണ് അദാലത്തിൽ പരിഗണിക്കുന്നത്.

(ഡി) ജനങ്ങളുടെ പരാതികൾ അതിവേഗം പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലാണ് 14 ജില്ലകളിലും റവന്യൂ അദാലത്തുകൾ നടത്തിയിട്ടുള്ളത്.

## ലാന്റ് ബാങ്കിന്റെ പ്രവർത്തനം

175 (1218) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാന്റ് ബാങ്കിന്റെ പ്രവർത്തനം എന്തെല്ലാമാണ് ; പുറംപോക്ക് ഭൂമിയുടെ വിശദാംശങ്ങൾ ശേഖരിക്കാറുണ്ടോ ; തിരുവനന്തപുരം താലൂക്കിൽ തിരുവനന്തപുരം നഗരസഭാ അതിർത്തിയിൽ ലാന്റ് ബാങ്കിൽ ഉൾപ്പെട്ട റവന്യൂ ഭൂമി സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) ഏതെല്ലാം വില്ലേജുകളിൽപ്പെട്ട ഏതെല്ലാം സർവ്വേ നമ്പറുകളിലായി എത്ര ഏക്കർ ഭൂമി വീതം സർക്കാരിന്റേതായിട്ടുണ്ട് ;

(സി) സർക്കാർ പാട്ടത്തിൽ കൊടുത്ത ഭൂമി ഏതെല്ലാമാണ്; ആർക്കെല്ലാം പാട്ടത്തിനു നൽകിയിട്ടുണ്ട് ; പാട്ടക്കരം കുടിശ്ശിക വരുത്തിയവർ ആരൊക്കെ ;

(ഡി) തിരുവനന്തപുരം താലൂക്കിലെ ഏതെല്ലാം ഭൂമിക്ക് പാട്ടത്തിന് ലഭിക്കാൻ ആരിൽ നിന്നെല്ലാം അപേക്ഷ ലഭിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ഭൂമിയുടെ വിവരങ്ങൾ ശേഖരിക്കുകയും ആയത് സംരക്ഷിക്കുകയും ചെയ്യുക. കൂടാതെ ടി ഭൂമിയിന്മേലുള്ള ആദായം വർദ്ധിപ്പിക്കുക, വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ലഭ്യമാക്കുക, അർഹരായവർക്ക് ഭൂമി പതിച്ചുനൽകുക എന്നിവയാണ് ലാന്റ് ബാങ്കിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്.

പുറമ്പോക്ക് ഭൂമിയുടെ വിശദാംശങ്ങൾ ശേഖരിക്കാറുണ്ട്. തിരുവനന്തപുരം നഗരസഭാ പരിധിയിൽപ്പെട്ട വില്ലേജുകളിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള 554 കേസ്സുകളിൽപ്പെട്ട 543.3558 ഹെക്ടർ സർക്കാർ ഭൂമി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) കേരളത്തിലെ എല്ലാ വില്ലേജുകളിലും ഉൾപ്പെട്ട സർക്കാർ ഭൂമിയുടെ വിശദാംശങ്ങൾ ലാന്റ് ബാങ്കിന്റെ http://www.kslb.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പാട്ടത്തിന് നൽകിയ ഭൂമിയുടെ പൂർണ്ണ വിവരങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു.*

(ഡി) അപേക്ഷ സമർപ്പിച്ചവരുടെ പേരുവിവരം പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**കണ്ണൂർ ജില്ലയിൽ റീസർവ്വേ നടപടികൾ**

**176 (1219)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിൽ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) മറ്റ് പ്രദേശങ്ങളിലെ റീസർവ്വേ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ 21 വില്ലേജുകളിൽ റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

1. കോറോം
2. കരിവെള്ളൂർ
3. പെരളം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. അലപ്പടമ്പ

5. കങ്കോൽ

6. എരമം

7. പെരിങ്ങോം

8. വയക്കര

9. തിരുമേനി

10. കുവേരി

11. പട്ടുവം

12. മോറാഴ

13. ആന്തൂർ

14. കോലഞ്ചേരി

15. ചേലേരി

16. മാണിയൂർ

17. മയ്യിൽ

18. കുറുമാത്തൂർ

19. മലപ്പട്ടം

20. ശ്രീകണ്ഠപുരം

21. ഇരിക്കൂർ

(ബി) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ രാമന്തളി, വെള്ളൂർ, പുളിങ്ങോം, തിമിരി, പരിയാരം, കുട്ടിയാറ്റൂർ, കയരളം, ചുഴലി, നടുവിൽ, പയ്യാവൂർ എന്നീ വില്ലേജുകളിൽ ഭാഗികമായി റീ-സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. കണ്ണൂർ താലൂക്കിൽ 34 വില്ലേജുകളിലും തളിപ്പറമ്പ് താലൂക്കിലെ 13 വില്ലേജുകളിലും ഇരിട്ടി താലൂക്കിലെ 18 വില്ലേജുകളിലും റീ-സർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

**എറണാകുളം, ഇടുക്കി ജില്ലകളിൽ പട്ടയം**

177 (1220) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം, ഇടുക്കി ജില്ലകളിൽ പട്ടയം നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ ;

(ബി) പട്ടയ ഭൂമികളിൽ കർഷകർ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ ഭാവിയിൽ അവർക്ക് തന്നെ വെട്ടിമാറ്റുന്നതിന് പട്ടയങ്ങളിൽ അനുമതി നൽകുന്നതിന് നടപടികൾ കൈക്കൊള്ളുമോ ;

(സി) പട്ടയഭൂമികളിൽ വനം വകുപ്പ് അനാവശ്യമായി ഇടപെട്ട് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് തടയുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 1993-ലെ വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റക്കാർക്ക് വനഭൂമി പട്ടയങ്ങൾ അനുവദിച്ചിരുന്നു. എന്നാൽ കേന്ദ്രാനുമതി ലഭ്യമല്ലാത്തതിനാൽ എറണാകുളം ജില്ലയിൽ ഇപ്പോൾ വനഭൂമി പട്ടയങ്ങൾ നൽകുന്നില്ല. ഇടുക്കി ജില്ലയിൽ 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം (1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) 6 ഭൂമി പതിവ് ഓഫീസുകളിലായി 1-1-1977-ന് മുൻപ് കുടിയേറ്റം നടന്നതായി റവന്യൂ വനം വകുപ്പ് സംയുക്ത പരിശോധനയിൽ കണ്ടെത്തി ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപെട്ട ഭൂമിക്കും 1-1-1977-ന് മുൻപ് ഏലം കൃഷിക്കല്ലാതെ മറ്റ് കൃഷികൾക്കായി കുടിയേറ്റക്കാരൻ വിളപരിവർത്തനം നടത്തിയിട്ടുള്ള കാർഡമം ഹിൽ റിസർവ് (സി.എച്ച്.ആർ.) ഭൂമിക്കും പട്ടയ നടപടികൾ സ്വീകരിച്ചു വരുന്നതാണ്. ഈ സർക്കാർ അധികാരമേറ്റ ശേഷം ഇപ്രകാരമുള്ള 13083 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. അവശേഷിക്കുന്ന അപേക്ഷകളിൽ സർവ്വെ സൂപ്രണ്ട് ഓഫീസിൽനിന്നും സർവ്വേ സ്കെച്ച് തയ്യാറാക്കി ഭൂമി പതിവ് ഓഫീസ് മുഖേന സ്ഥല പരിശോധന നടത്തി മഹസ്സർ തയ്യാറാക്കി പട്ടയം നടപടികൾ പൂർത്തീകരിച്ച് വരുന്നതാണ്. കെ.എസ്.ഇ.ബി. ഉപേക്ഷിക്കപ്പെട്ട പെരിഞ്ചാംകുട്ടി പദ്ധതി പ്രദേശങ്ങൾ ഉൾപ്പെടെയുള്ള റവന്യൂ ഭൂമിക്ക് 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഇടുക്കി, ഉടുമ്പൻചോല, ദേവികുളം, പീരുമേട്, തൊടുപുഴ എന്നീ താലൂക്കാഫീസുകളിലായി പട്ടയ നടപടി സ്വീകരിച്ചുവരുന്നതാണ്. സ.ഉ. (കൈ) നമ്പർ 437/14/റവന്യൂ,

തീയതി 18-10-2014 ഉത്തരവ് പ്രകാരം ഇടുക്കി ലാന്റ് അസൈൻമെന്റ് കമ്മിറ്റി രൂപീകരിക്കുന്നതുവരെ പ്രസ്തുത താലൂക്കുകളിലെ പട്ടയ വിതരണം സംബന്ധിച്ച ചുമതല ഉടുമ്പൻചോല താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി നിർവ്വഹിച്ചുവരുന്നതാണ്. ഇടുക്കി ജില്ലാ ഭരണകൂടവും നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററും (എൻ.ഐ.സി.) ചേർന്ന് പട്ടയ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിന് www.palms.gov.in എന്ന വെബ്സൈറ്റ് തയ്യാറാക്കിയിട്ടുള്ളതാണ്. അപേക്ഷയിലെ വിവരങ്ങൾ, കൂടെ സമർപ്പിച്ച രേഖകൾ, പതിവ് ഭൂമിയുടെ വിവരങ്ങൾ, മഹസ്സർ, സ്കെച്ച്, അസൈൻമെന്റ് ഓർഡർ, പട്ടയം തുടങ്ങിയ എല്ലാ സുപ്രധാന രേഖകളും ഡിജിറ്റൽ രൂപത്തിൽ സൈറ്റിൽ അപ്‌ലോഡ് ചെയ്യും. ഡേറ്റാ എൻട്രി ഓപ്പറേറ്റർ ചേർക്കുന്ന വിവരങ്ങളും അപ്‌ലോഡ് ചെയ്യുന്ന വിവരങ്ങളും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി ലോക്ക് ചെയ്തശേഷം മാത്രമാണ് സൈറ്റിൽ ലഭ്യമാകുന്നത്.

ഇടുക്കി ജില്ലയിൽ ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയിട്ടുള്ള പട്ടയ മേളകളിലായി താഴെ ചേർത്തിട്ടുള്ള പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ് :

| | | |
|---|---|---|
| 1 | 1993 സ്പെഷ്യൽ റൂൾസ് | 13083 |
| 2 | വനാവകാശ രേഖ | 5957 |
| 3 | HRC പട്ടയം | 543 |
| 4 | സീറോ ലാൻഡ്‌ലെസ്സ് | 2005 |
| 5 | 1964 റൂൾസ് | 95 |
| 6 | പെരിഞ്ചാംകുട്ടി (1964 റൂൾസ്) | 2016 |
| | ആകെ | 23699 |

(ബി &സി) വിവരം ശേഖരിച്ചുവരുന്നു.

**കോഴിക്കോട് സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെ സ്ഥലം ഏറ്റെടുക്കൽ**

178 (1221) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും

കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെയുള്ള റോഡ് വീതി കൂട്ടുന്നതിനായി സ്ഥലം ഏറ്റെടുക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് കോഴിക്കോട് എൽ. എ. തഹസീൽദാർ ഓഫീസിൽ ഇതുവരെ സ്വീകരിച്ചത് ; ഫയൽ നമ്പർ സഹിതം വിശദമാക്കുമോ ?

ഉത്തരം

സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെയുള്ള ഭൂമി 5 ബ്ലോക്കുകളായി തിരിച്ച് ഏറ്റെടുത്ത് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷന്റെ കൗൺസിൽ തീരുമാനപ്രകാരം അലൈൻമെന്റിൽനിന്നും 200 മീറ്റർ ഒഴിവാക്കിയാണ് അക്വിസിഷൻ നടത്തിയത്. സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ ഓഫീസിലെ ഇതുസംബന്ധിച്ച ഫയൽ നമ്പർ എ 2523/08 ആണ്.

**അളവുതൂക്കങ്ങളിൽ കൃത്രിമം സംബന്ധിച്ച കേസ്സുകൾ**

179 (1222) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം അളവിലും തൂക്കത്തിലും കൃത്രിമം കാണിച്ചതുമായി ബന്ധപ്പെട്ട് ലീഗൽ മെട്രോളജി വകുപ്പ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഇതിൽ എത്രപേർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം അളവിലും തൂക്കത്തിലും കൃത്രിമം കാണിച്ചതുമായി ബന്ധപ്പെട്ട് ലീഗൽ മെട്രോളജി വകുപ്പ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 8472 |
| കൊല്ലം | - | 4215 |
| ആലപ്പുഴ | - | 2005 |

| | | |
|---|---|---|
| പത്തനംതിട്ട | - | 5934 |
| കോട്ടയം | - | 3349 |
| ഇടുക്കി | - | 1146 |
| എറണാകുളം | - | 4836 |
| തൃശ്ശൂർ | - | 3640 |
| പാലക്കാട് | - | 4105 |
| മലപ്പുറം | - | 2929 |
| കോഴിക്കോട് | - | 4137 |
| വയനാട് | - | 1779 |
| കണ്ണൂർ | - | 3299 |
| കാസർഗോഡ് | - | 1439 |

(ബി) കേസ് രജിസ്റ്റർ ചെയ്ത എല്ലാവർക്കും എതിരെ നിയമാനുസൃത നടപടി സ്വീകരിച്ചിട്ടുണ്ട്.

**കയർ ഉൽപാദന രംഗത്തെ പ്രതിസന്ധി**

180 (1223) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിൽ അസംസ്കൃത വസ്തുവായ ചകിരിയുടെ ക്ഷാമവും വില വ്യതിയാനവും കൂലി കൂടുതലിനായി ഈ മേഖലയിലെ തൊഴിലാളികൾ മറ്റ് മേഖലയിലേക്ക് കൊഴിഞ്ഞ് പോകുന്നതിനാലും കയർ ഉല്പാദന രംഗത്ത് ഉണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) ഉല്പാദന ചെലവിന് അനുസൃതമായി വില നൽകി കയറുല്പന്നം സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും നിലവിലുള്ള സംവിധാനത്തെ സംബന്ധിച്ച് വിവരിക്കാമോ ;

(സി) ഈ മേഖലയിൽ അസംസ്കൃത വസ്തുക്കൾ സുലഭമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

<u>ഉത്തരം</u>

(എ) ചകിരിയുടെ അടിക്കടിയുള്ള വില വർദ്ധനവും ദൗർലഭ്യവും, മറ്റ് തൊഴിൽ മേഖലയെ അപേക്ഷിച്ച് കയർ മേഖലയിലെ കുറഞ്ഞ കൂലിയും കാരണം നിർമ്മാണ മേഖല ഉൾപ്പെടെയുള്ള തൊഴിൽ മേഖലകളിലേക്ക് തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് കയർ മേഖലയിലെ പ്രധാന പ്രശ്നമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12-ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406 രൂപയും 2012-13-ൽ 440 സംഘങ്ങൾക്ക് 8,96,92,648 രൂപയും 2013-14-ൽ 78 സംഘങ്ങൾക്ക് 1,45,25,260 രൂപയും നടപ്പുവർഷം 15,84,250 രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149 രൂപയും 2013-14-ൽ 11,20,75,971 രൂപയും നടപ്പുവർഷം ഇതുവരെ 8,98,21,886 രൂപയും അനുവദിച്ചിട്ടുണ്ട്. ഈ നടപടികൾമൂലം ഉൽപ്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്. കൂടാതെ, തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള ഒരു പ്രോജക്ടിനും അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഉൽപ്പാദന ചെലവിന് അനുസൃതമായി വില നൽകി കയറുല്പന്നം സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നുണ്ട്. കയർ സഹകരണ സംഘങ്ങളും ചെറുകിട ഉല്പാദകരും ഉല്പാദിപ്പിക്കുന്ന കയറും കയറുല്പന്നങ്ങളും സംഭരിക്കുന്നതിന് കയർഫെഡിനെയും

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി കയർഫെഡിന് പ്രവർത്തന മൂലധനവും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് കയർ ക്രയവില സ്ഥിരതാ പദ്ധതി (PPSS) പ്രകാരം സാമ്പത്തിക സഹായവും അനുവദിച്ചുവരുന്നു.

(സി) അസംസ്കൃത വസ്തുവായ ചകിരി ആവശ്യാനുസരണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾകൂടി ഉൾക്കൊണ്ട് പ്രായോഗികമായ രീതിയിൽ 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും ' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായുള്ള ഒരു പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകി. കയർഫെഡ് നവംബർ 2013 മുതൽ 2014 മെയ് 23 വരെ 12,04,81,802 രൂപ വിലവരുന്ന 43710.82 ക്വിന്റലും 6-8-2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി. കൂടാതെ, ചകിരി ഉല്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഉണക്കത്തൊണ്ടും പച്ചത്തൊണ്ടും ചതച്ച് ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനിയിലൂടെ ഉല്പാദിപ്പിച്ച് കയർ മേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**കയർ വകുപ്പിന് വകയിരുത്തിയ തുക**

181 (1224) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കയർ വകുപ്പിന് എന്തു തുകയാണ് വകയിരുത്തിയിരുന്നത്; നാളിതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ പോയത് എന്നറിയിക്കാമോ ; കാരണം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കയർ വകുപ്പിന് കേന്ദ്ര വിഹിതം ഉൾപ്പെടെ 1,21,93,90,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഫെബ്രുവരി മാസംവരെ (28-2-2015) 49,18,43,970 രൂപ ചെലവഴിച്ചു.

(ബി) ബജറ്റിൽ പ്രഖ്യാപിച്ച കയർ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളൊക്കെ നടപ്പിലാക്കിവരുന്നു.

**കയർ മേള**

182 (1225) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര കയർ മേളകൾ നടത്തിയിട്ടുണ്ട് ;

(ബി) ഓരോ തവണയും മേള നടത്തിപ്പിന് എന്ത് തുക ചെലവ് വന്നു എന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) മേളയുടെ ഫലമായി ഓരോ വർഷവും കയറുൽപ്പന്നങ്ങൾക്ക് എന്ത് തുകയ്ക്കുള്ള ഓർഡറാണ് ലഭിച്ചത് ; വിറ്റുവരവ് എന്ത് തുകയായിരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഓരോ വർഷവും മേളയുടെ പ്രചാരണത്തിന് ഏതെല്ലാം ഇനത്തിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 'കയർ കേരള' എന്ന പേരിൽ 4-ഉം, 'കേരള കയർ ഫെയർ' എന്നപേരിൽ 3-ഉം ഉൾപ്പെടെ ആകെ 7 മേളകൾ നടത്തിയിട്ടുണ്ട്.

(ബി) ഓരോ തവണയും മേളയുടെ നടത്തിപ്പിനായി ചെലവായ തുകയുടെ കണക്കുകൾ താഴെ ചേർക്കുന്നു :

1. കയർ കേരള 2012, ആലപ്പുഴ - 3,59,96,185 രൂപ
2. കയർ കേരള 2013, ആലപ്പുഴ - 4, 76,36,949 രൂപ
3. കയർ കേരള 2014, ആലപ്പുഴ - 4,16,46,952 രൂപ
4. കയർ കേരള 2015, ആലപ്പുഴ - ഓഡിറ്റ്

പൂർത്തിയായിട്ടില്ല.

5. കേരള കയർ ഫെയർ 2014 - 1,07,44,525 രൂപ
(കോഴിക്കോട്, കോന്നി)

6. കേരള കയർ ഫെയർ 2015 (കോന്നി) - ഓഡിറ്റ് പൂർത്തിയായിട്ടില്ല.

(സി) മേളയുടെ ഫലമായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ (KSCC), ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (FOMIL), കയർഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് ലഭിച്ച ഓർഡറുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. സ്വകാര്യ സ്ഥാപനങ്ങൾക്ക് ലഭിച്ച ഓർഡറുകളുടെ വിവരങ്ങൾ ലഭ്യമല്ല.

| സ്ഥാപനം | ലഭിച്ച ഓർഡർ | | | | വിറ്റുവരവ് | | | |
|---|---|---|---|---|---|---|---|---|
| | 2011-12 | 2012-13 | 2013-14 | 2014-15 | 2011-12 | 2012-13 | 2013-14 | 2014-15 |
| KSCC | ….. | 11209083.60 | 24540890.09 | 31456582.01 | ….. | 11209083.60 | 24540890.09 | 31456582.01 |
| FOMIL | 2598925 | 4379112 | 7223884 | Business Enquiries received worth Rs.5.00 crores | 2598925 | 4379112 | 7223884 | …..... |
| COIRFED | 2039210 | 7402728 | 6163406 | 3519328 | 2039210 | 7402728 | 6163406 | 3519328 |

(ഡി) ഓരോ വർഷവും മേളയുടെ പ്രചാരണത്തിനായി ചെലവഴിച്ച രൂപയുടെ ഇനം തിരിച്ചുള്ള കണക്കുകൾ താഴെ കൊടുത്തിരിക്കുന്നത് പ്രകാരമാണ് :

<u>കയർ കേരള 2012 :</u>

1. ഓഡിയോ/വീഡിയോ പബ്ലിസിറ്റി - 6,34,169 രൂപ
2. പ്രിന്റ് പബ്ലിസിറ്റി - 20,16,326 രൂപ
3. ഹോർഡിംഗ്സ് - 25,63,753 രൂപ

കയർ കേരള 2013 :

1. ഓഡിയോ/വീഡിയോ പബ്ലിസിറ്റി - 13,33,164 രൂപ
2. പ്രിന്റ് പബ്ലിസിറ്റി - 47,54,764 രൂപ
3. ഹോർഡിംഗ്സ് - 34,91,733 രൂപ

കയർ കേരള 2014 :

1. ഓഡിയോ/വീഡിയോ പബ്ലിസിറ്റി - 8,14,000 രൂപ
2. പ്രിന്റ് പബ്ലിസിറ്റി - 31,37,072 രൂപ
3. ഹോർഡിംഗ്സ് - 35,44,277 രൂപ

കയർ കേരള 2015 : - ഓഡിറ്റ് പൂർത്തിയായിട്ടില്ല.

കേരള കയർ ഫെയർ 2014 :

1. ഓഡിയോ/വീഡിയോ പബ്ലിസിറ്റി - 5,26,985 രൂപ
2. പ്രിന്റ് പബ്ലിസിറ്റി/ഫ്ളക്സ് പ്രിന്റിംഗ് - 5,79,300 രൂപ
3. പോസ്റ്റർ, പ്രോഗ്രാം, നോട്ടീസ്, ബാഡ്ജ് ഡിസൈനർ, ലോഗോ, ലീഫ്ലെറ്റ്, പത്രപ്പരസ്യം - 18,29,350 രൂപ

കേരള കയർ ഫെയർ 2015 :

ഓഡിറ്റ് പൂർത്തിയായിട്ടില്ല.

**കയർ മേഖല**

183 (1226) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യത്തിന്

റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയർ മേഖലക്കുവേണ്ടി കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകളിൽ ഏതെല്ലാം ഹെഡ്ഡുകളിലായി എന്ത് തുക വീതം വകയിരുത്തിയെന്നും അതിൽ ചെലവഴിച്ചത് എത്രയെന്നും ഏതെങ്കിലും ഹെഡ്ഡിലെ പണം വകമാറ്റി ചെലവഴിക്കുകയുണ്ടായിട്ടു ണ്ടോയെന്നും എങ്കിൽ ഏത് വർഷത്തിൽ എന്തെല്ലാം ഹെഡ്ഡുകളിലെ എന്തു തുക ഏതെല്ലാം ആവശ്യത്തിലേക്ക് വകമാറ്റി ചെലവഴിക്കുകയുണ്ടായെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

കയർ മേഖലയ്ക്കായി കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകളിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയെ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.* അതിൽ വകമാറ്റി ചെലവഴിച്ച തുകകളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു :

<u>2011-12</u>

(1) 2851-00-106-32 Kerala Coir Marketing Consortium/ Marketing Company എന്ന ഹെഡ്ഡിൽനിന്നും 200 ലക്ഷം രൂപ 2851-00-106-95 Marketing, Publicity, Propaganda, Trade Exhibition എന്ന ഹെഡ്ഡിലേക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്ത് ചെലവഴിച്ചു.

(2) 2851-00-106-64 Direct Welfare Assistance to coir Workers എന്ന ഹെഡ്ഡിൽനിന്നും 50 ലക്ഷം രൂപയും 2851-00-106-61 Training and Management Improvement എന്ന ഹെഡ്ഡിൽനിന്നും 18.01 ലക്ഷം രൂപയും 2851-00-106-33 Debt Relief to Coir Workers എന്ന ഹെഡ്ഡിൽനിന്നും 129.39 ലക്ഷം രൂപയും (ആകെ 197.40 ലക്ഷം) 2851-00-106-93 Grant to Kerala Coir Workers Welfare Fund Board for Welfare measures എന്ന ഹെഡ്ഡിലേക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്ത് ചെലവഴിച്ചു.

(3) 2851-00-106-33 Debt Relief to Coir Workers എന്ന ഹെഡ്ഡിൽനിന്നും 100 ലക്ഷം രൂപ 2851-00-106-54 Production and Marketing Incentive (PMI) എന്ന ഹെഡ്ഡിലേക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്ത് ചെലവഴിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2012-13

1. 2851-00-106-34 Price Fluctuation Fund എന്ന ഹെഡ്ഡിൽനിന്നും 50 ലക്ഷം രൂപ 2851-00-106-33 Debt Relief to Coir Workers എന്ന ഹെഡ്ഡിലേക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്തു.
2. 2851-00-106-32 Kerala Coir Marketing Consortium/ Marketing Company എന്ന ഹെഡ്ഡിൽനിന്നും 130 ലക്ഷം രൂപ 2851-00-106-95 Marketing, Publicity, Propoganda including Trade Exhibition എന്ന ഹെഡിലേയ്ക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്തു.
3. 2851-00-106-31 Cluster Development Programme in Coir Sector എന്ന ഹെഡ്ഡിൽനിന്നും 112.65 ലക്ഷം രൂപ 2851-00-106-62 Regulated Machanization of Coir Industries എന്ന ഹെഡ്ഡിലേക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്തു.
4. 2851-00-106-31 Cluster Development Programme in Coir Sector എന്ന ഹെഡ്ഡിൽനിന്നും 112.65 ലക്ഷം രൂപ 2851-00-106-75 Grant for Centres for research & Development in Coir Technology എന്ന ഹെസ്സിലേക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്തു.

**കയർ മേഖല-യുവ സംരംഭകർക്ക് സഹായം**

184 (1227) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിൽ സ്റ്റാർട്ട്-അപ്പ് ഇൻക്യൂബേറ്റർ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പുതിയ കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് യുവ സംരംഭകർക്ക്

വേണ്ട സഹായം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) യുവ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് ഇത്വഴി ലഭിക്കുന്നത് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർ ഇൻക്യുബേഷൻ സെല്ലും രൂപീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അത് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കയർ മേഖലയിൽ പുതിയ ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതികവിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുക, ഇത്തരം നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ബിസിനസ് സംരംഭങ്ങളെ സഹായിക്കുക തുടങ്ങിയവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) നൂതന ആശയങ്ങൾ, പുതിയ സാങ്കേതിക വിദ്യ എന്നിവ കയർമേഖലയിൽ നടപ്പാക്കുന്നതിന് മുന്നോട്ടുവരുന്ന യുവസംരംഭകരെ സാങ്കേതികമായി സഹായിക്കുന്നതിന് ഇൻക്യുബേഷൻ സെല്ലും സാമ്പത്തികമായി സഹായിക്കുന്നതിന് ഇന്നവേഷൻ ഫണ്ടും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) നൂതനആശയങ്ങൾ പ്രയോജനപ്പെടുത്തി നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക്/ഏജൻസികൾക്ക് ഇതിന്റെ സഹായം ലഭിക്കുന്നു. കയർ മേഖലയിലെ ഗവേഷണ വികസന സ്ഥാപനമായ എൻ.സി.ആർ.എം.ഐ.-യുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**കയർ സഹകരണ സംഘങ്ങൾ**

185 (1228) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര കയർ സഹകരണ

സംഘങ്ങളാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച സംഘങ്ങളിൽ കയർ വിപണനവുമായി ബന്ധപ്പെട്ട് എത്രകോടി രൂപയുടെ ഇടപാടുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി കയർ സംഘങ്ങൾ അനുവദിക്കാനുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുതുതായി ആരംഭിച്ച ഓരോ സംഘങ്ങളുമായി ബന്ധപ്പെട്ട് എത്ര കയർ തൊഴിലാളികൾ ജോലിചെയ്യുന്നുവെന്നും, ഇവർക്ക് എത്ര തൊഴിൽദിനങ്ങൾ വീതം നൽകാൻ പ്രസ്തുത സംഘത്തിന് കഴിയുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 216 കയർ സഹകരണ സംഘങ്ങൾ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | സംഘങ്ങളുടെ എണ്ണം | പ്രോജക്ട് പരിധി |
|---|---|---|---|
| 1 | തിരുവനന്തപുരം | 6 | ചിറയിൻകീഴ് |
| 2 | കൊല്ലം | 22 | കൊല്ലം |
| 3 | പത്തനംതിട്ട | 2 | |
| 4 | ആലപ്പുഴ | 105 | കായംകുളം (44) എണ്ണം ആലപ്പുഴ (61) എണ്ണം |
| 6 | കോട്ടയം | 20 | വൈക്കം |
| 7 | മലപ്പുറം | 1 | പൊന്നാനി |
| 8 | പാലക്കാട് | 32 | |
| 9 | കോഴിക്കോട് | 11 | കോഴിക്കോട് |

| | | | |
|---|---|---|---|
| 10 | കണ്ണൂർ | 15 | കണ്ണൂർ |
| 11 | കാസർഗോഡ് | 2 | |
| | ആകെ | 216 | |

(ബി) പുതുതായി ആരംഭിച്ച സംഘങ്ങളിൽ കയർ വിപണനവുമായി ബന്ധപ്പെട്ട് 2,31,34,896 രൂപയുടെ ഇടപാടുകൾ നടത്തിയിട്ടുണ്ട്.

(സി) 1969-ലെ കേരള സഹകരണ നിയമവും ചട്ടവും പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് പുതിയ സഹകരണ സംഘങ്ങൾ അനുവദിക്കുന്നത്. പ്രസ്തുത നിയമത്തിലെ വകുപ്പ് 4 പ്രകാരം സഹകരണ തത്വങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന സംഘങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. വകുപ്പ് 5 പ്രകാരം ക്ലിപ്ത ബാദ്ധ്യതയോടുകൂടിയ സംഘങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ പാടുള്ളൂ. ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിന് പ്രാരംഭ നടപടിയെന്ന നിലയിൽ പൊതുയോഗം കൂടേണ്ടതാണ്. പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു ചീഫ് പ്രൊമോട്ടറെയും രജിസ്ട്രേഷനശേഷം 3 മാസത്തേക്കുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ഒരു കമ്മിറ്റിയെയും യോഗം നിയോഗിക്കേണ്ടതാണ്. കൂടാതെ സംഘത്തിന്റെ ബൈലാ, പ്രവർത്തനപരിധി എന്നിവയും യോഗത്തിൽ അംഗീകരിക്കേണ്ടതാണ്. വകുപ്പ് 6, ചട്ടം 3 അനുസരിച്ച് രജിസ്ട്രേഷനുള്ള അപേക്ഷ 1-ാം നമ്പർ ഫോറത്തിൽ അനുബന്ധം 2 പ്രതിയായി തയ്യാറാക്കേണ്ടതാണ്. അസ്സൽ അപേക്ഷയോടൊപ്പം 1,000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾക്ക് 50 രൂപയുടെയും ചെലാൻ രസീത് വയ്ക്കേണ്ടതാണ്.

(ഡി) വിവിധ പ്രോജക്ട് ഓഫീസുകൾക്കകീഴിൽ പുതുതായി ആരംഭിച്ച സംഘങ്ങളിൽ കൊല്ലം, കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ എന്നീ പ്രോജക്ടുകൾക്കകീഴിൽ ഉല്പാദനം ആരംഭിച്ച സംഘങ്ങളിൽ 1360 കയർ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. പ്രോജക്ട് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പ്രോജക്ട് | ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം | ലഭിച്ച തൊഴിൽ ദിനങ്ങൾ |
|---|---|---|---|
| 1 | കൊല്ലം | 32 | 29 |
| 2 | കായംകുളം | 418 | 250 |
| 3 | ആലപ്പുഴ | 773 | 178 |
| 4 | വൈക്കം | 130 | 125 |
| 5 | കണ്ണൂർ | 7 | 21 |

**കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി**

186 (1229) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വിശദമാക്കാമോ ;

(ബി) മേഖലയിലെ പ്രതിസന്ധി കാരണം തൊഴിൽ നഷ്ടപ്പെട്ട് പട്ടിണിയിലായ തൊഴിലാളികൾ നടത്തിയ പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളോടുള്ള സർക്കാരിന്റെ പ്രതികരണമെന്താണെന്ന് അറിയിക്കാമോ ;

(സി) പ്രതിസന്ധി പരിഹരിക്കുന്നതിന് ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഉൽപാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ വില നൽകി കയറുൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് കയർഫെഡിന് നിർദ്ദേശം നൽകാൻ തയ്യാറാകുമോ ;

(ഇ) പരമ്പരാഗത രീതിയിൽ നിർമ്മിക്കുന്ന കയർ ഉൽപ്പന്നങ്ങൾക്ക് സബ്സിഡിയും മറ്റ് പ്രത്യേക പരിഗണനകളും നൽകി വിപണി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(എഫ്) സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കയർ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും മറ്റ് ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കയർ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തി അപ്പപ്പോൾ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകി. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12-ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406 രൂപയും 2012-13-ൽ 440 സംഘങ്ങൾക്ക് 8,96,92,648 രൂപയും 2013-14-ൽ 78 സംഘങ്ങൾക്ക് 1,45,25,260 രൂപയും നടപ്പുവർഷം 15,84,250 രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149 രൂപയും 2013-14-ൽ 11,20,75,971 രൂപയും നടപ്പുവർഷം ഇതുവരെ 8,98,21,886 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ, ചകിരി ഉൽപ്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾകൂടി ഉൾക്കൊണ്ട് പ്രായോഗികമായ രീതിയിൽ നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള ഒരു പ്രോജക്ടിനും അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കയർ മേഖലയിലെ ഒരു വിഭാഗം തൊഴിലാളികൾ നടത്തുന്ന പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രക്ഷോഭകർ ഉന്നയിച്ചിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കയർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

(ഡി) ഉൽപ്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ വില നൽകി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിക്കുന്നതിന് കയർഫെഡിന് യഥാസമയം നിർദ്ദേശം നൽകിവരുന്നു.

(ഇ) കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഇൻസെന്റീവ് നൽകി ക്രയവിലസ്ഥിരതാ പദ്ധതി നടപ്പിലാക്കിവരുന്നു.

(എഫ്) കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും മേഖലയെ സംരക്ഷിച്ചുപോരുന്നതിനും ഉതകുന്ന ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി ഒരു പുതിയ പദ്ധതിക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ കയർ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനും അതുവഴി മെച്ചപ്പെട്ട വരുമാനവും ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതാണ്. കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് നൽകിയതുമൂലം ഉൽപ്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്.

**കയർ വ്യവസായ മേഖലയുടെ വികസനം**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

187 (1230) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ വ്യവസായ മേഖലയുടെ വികസനത്തിനായി ഈ സർക്കാരിന്റെ പ്രഖ്യാപിത പരിപാടികളിൽ നാളിതുവരെ പൂർണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തവയെ സംബന്ധിച്ചുള്ള വിശദാംശം നൽകാമോ ; ഇവ എപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ബഡ്ജറ്റിൽ വകയിരുത്തിയ ഇനങ്ങളിലെ ഫണ്ടല്ലാതെ മിഷൻ 676 പ്രകാരം സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾക്കും പരിപാടികൾക്കും പ്രത്യേകമായി ഫണ്ട് നല്കുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ പുതിയ ഏത് ഹെഡ്ഡിൽ എത്ര തുകയാണെന്ന് വിശദമാക്കാമോ ;

(സി) ബഡ്ജറ്റ് നിർദ്ദേശങ്ങളിലും മിഷൻ 676 പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികളും പരിപാടികളും സമയബന്ധിതമായി നടപ്പിലാക്കാൻ തയ്യാറാകുമോ ; അപ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയെ സംബന്ധിച്ചുള്ള വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ പ്രഖ്യാപിത പദ്ധതികളിൽ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവ സംബന്ധിച്ച് വിശദവിവരങ്ങൾ താഴെ പറയുന്നു :

(1) <u>മാതൃക കയർ ഗ്രാമം : 2012-13 :</u>

2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'മാതൃക കയർ ഗ്രാമം' സ്ഥാപിക്കുന്നതിനുള്ള സൗകര്യപ്രദമായ സ്ഥലം ലഭിക്കാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്നത്. ടി പദ്ധതിക്കായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(2) <u>കയർ കയറ്റുമതി സംസ്കരണ പാർക്ക് :</u>

കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന കയർ കയറ്റുമതി സംസ്കരണ പാർക്കിന് 5 കോടി രൂപ 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന് പ്രകാരം 495.16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും

2013-14 വർഷം തുക വകയിരുത്തിയിരുന്നില്ല. മേൽ പദ്ധതിക്ക് 2014-15 വർഷം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(3) <u>കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ :</u>

2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതിക്ക് 2013-14-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സംരംഭം ആരംഭിക്കുന്നതിന് 1 കോടി രൂപ വകയിരുത്തിയിരുന്നു. സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(4) <u>ഇന്നവേഷൻ ഫണ്ടും ഇൻക്യുബേഷൻ സെല്ലും :</u>

കയർ മേഖലയിൽ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനു വേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻക്യുബേഷൻ സെല്ലും രൂപീകരിക്കുന്നതാണെന്നും 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിനായി 2013-14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. 2014-15 വർഷം മേൽപദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 676 പ്രകാരം പ്രഖ്യാപിച്ച പദ്ധതികൾക്ക് പ്രത്യേകമായി ഫണ്ട് നൽകിയിട്ടില്ല.

(സി) <u>ബഡ്ജറ്റ്</u>

2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്താനുദ്ദേശിക്കുന്ന കയർ കയറ്റുമതി സംസ്കരണ പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി 5 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിൻ പ്രകാരം 495.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള

സംരംഭം ആരംഭിക്കുന്നതിന് 1 കോടി രൂപ വകയിരുത്തിയിരുന്നു. സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കയർ മേഖലയിൽ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻക്യുബേഷൻ സെൽ രൂപീകരിക്കുന്നതാണെന്നും 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. 2014-15 വർഷം മേൽ പദ്ധതി വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ആയതിന് ഭരണാനുമതി നൽകി.

മിഷൻ 676 :

നാളികേര വികസനബോർഡുമായി സഹകരിച്ചുള്ള ഒരു പ്രോജക്ടിനും തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾകൂടി ഉൾക്കൊണ്ട് കുറെക്കൂടി പ്രായോഗികമായ രീതിയിൽ 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കയർ മേഖലയിലെ തൊഴിൽ ദിനങ്ങൾ**

188 (1231) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ തൊഴിലെടുത്ത് ജീവിക്കുന്നവർ

എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) കയർ മേഖലയ്ക്കുവേണ്ടി തന്നാണ്ടിൽ ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുക എത്ര ; ഇതിനകം ചെലവഴിക്കപ്പെട്ടത് എത്ര ;

(സി) തന്നാണ്ടിൽ എത്ര ദിവസം തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട് ;

(ഡി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഓരോ വർഷവും കയർ തൊഴിലാളികൾക്ക് നല്കുവാൻ കഴിഞ്ഞ തൊഴിൽ ദിനങ്ങളെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) സഹകരണ മേഖലയിൽ ഏകദേശം 90000-ത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. സ്വകാര്യ മേഖലയുടെ കണക്ക് ലഭ്യമല്ല.

(ബി) തന്നാണ്ടിൽ കേന്ദ്ര വിഹിതം ഉൾപ്പെടെ ബഡ്ജറ്റിൽ 1,21,93,90,000 രൂപ വകയിരുത്തിയിട്ടുണ്ട്. 2015 ഫെബ്രുവരി 28 വരെ 49,18,43,970 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

(സി) സഹകരണ മേഖലയിൽ തന്നാണ്ടിൽ ശരാശരി 155 ദിവസം തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലെ കൃത്യമായ കണക്ക് ലഭ്യമല്ല.

(ഡി) കഴിഞ്ഞ 3 വർഷങ്ങളിൽ സഹകരണ മേഖലയിൽ ഓരോവർഷവും കയർ തൊഴിലാളികൾക്ക് നൽകുവാൻ കഴിഞ്ഞ ശരാശരി തൊഴിൽ ദിനങ്ങൾ താഴെ ചേർക്കുന്നു :

| | | |
|---|---|---|
| 2011-12 | - | 162 |
| 2012-13 | - | 181 |
| 2013-14 | - | 182 |

**കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി**

189 (1232) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളികൾ കൂലിക്കും ജോലിക്കും വേണ്ടി നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) കയർ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ഡി) കയർ വ്യവസായം സംരക്ഷിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) കയർ മേഖലയിലെ ഒരു വിഭാഗം തൊഴിലാളികൾ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും മേഖലയെ സംരക്ഷിച്ചുപോരുന്നതിനും ഉതകുന്ന ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി ഒരു പുതിയ പദ്ധതിക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതി പ്രകാരം കയർ തൊഴിലാളികൾക്ക് തൊഴിലും അതുവഴി മെച്ചപ്പെട്ട വരുമാനവും ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതാണ്.

(ബി) ചകിരിയുടെ അടിക്കടിയുള്ള വിലവർദ്ധനവും ദൗർലഭ്യവും മറ്റ് തൊഴിൽ മേഖലയെ അപേക്ഷിച്ച് കയർ മേഖലയിലെ കുറഞ്ഞ കൂലിയും കാരണം നിർമ്മാണ മേഖല ഉൾപ്പെടെയുള്ള തൊഴിൽ മേഖലകളിലേക്ക് തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഇവയെല്ലാം കയർ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

(സി) കയർ മേഖലയിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം

സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. അസംസ്കൃത വസ്തുവായ ചകിരി അവശ്യാനുസരണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾ ഉൾക്കൊണ്ട് പ്രായോഗികമായ രീതിയിൽ നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായുള്ള ഒരു പ്രോജക്ടിനും അംഗീകാരം നൽകിയിട്ടുണ്ട്. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകി. കയർഫെഡ് നവംബർ 2013 മുതൽ 2014 മേയ് 23 വരെ 12,04,81,802 രൂപ വിലവരുന്ന 43710.82 ക്വിന്റലും, 6-8-2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപ വില വരുന്ന 16040.45 ക്വിന്റൽ ചകിരിയും സബ്സിഡി നിരക്കിൽ നൽകി. കൂടാതെ, ചകിരി ഉൽപ്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഉണക്കത്തൊണ്ടും പച്ചത്തൊണ്ടും ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനിയിലൂടെ ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കയർ വ്യസായം സംരക്ഷിക്കാൻ സാദ്ധ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. നിലവിലുള്ള വികസന പദ്ധതികൾക്കുപുറമേ കയർ മേഖലയെ സംരക്ഷിച്ചുനിലനിർത്തുന്നതിനായി മന്ത്രിസഭ അംഗീകരിച്ച താഴെ പറയുന്ന പദ്ധതികൾ 2014-16 വർഷത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് :

1. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിക്കും. നാളികേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംഭരണ ഡീഫൈബറിംഗിലൂടെ ചകിരിയുടെ ലഭ്യത ഉറപ്പാക്കും.

2. കയർ മേഖലകളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്കരിച്ച മോഡൽ എന്നിവ

വികസിപ്പിക്കും.

3. കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കും.

4. കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകും.

5. കയർമേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി സംഘങ്ങൾക്ക് വർക്ക്ഷെഡ്, ടോയ്‌ലറ്റ്, ആധുനിക പണി സാമഗ്രികൾ എന്നിവ നൽകും.

6. ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനമാരംഭിക്കും.

**കയർ വ്യവസായം പരിഷ്കരിക്കുന്നതിന് സാങ്കേതികവിദ്യ**

190 (1233) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയർ വ്യവസായം തമിഴ്നാട്ടിലേക്ക് പറിച്ചുനടപ്പെടുന്നത് തടയുന്നതിനും, കേരളത്തിൽ വ്യാപകമായി തൊണ്ട് ശേഖരിക്കുന്നതിനും, ചകിരി ഉത്പാദനം ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് നടത്തുന്നതിനും, നിലവിലുള്ള സാങ്കേതിക വിദ്യകൾ പരിഷ്കരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കയർ വ്യവസായത്തെ കേരളത്തിൽ സംരക്ഷിച്ചുനിർത്തുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി

പ്രകാരം 2011-12-ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406 രൂപയും 2012-13-ൽ 440 സംഘങ്ങൾക്ക് 8,96,92,648 രൂപയും 2013-14-ൽ 78 സംഘങ്ങൾക്ക് 1,45,25,260 രൂപയും നടപ്പുവർഷം 15,84,250 രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149 രൂപയും 2013-14-ൽ 11,20,75,971 രൂപയും നടപ്പുവർഷം ഇതുവരെ 8,98,21,886 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ, ചകിരി ഉൽപ്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾകൂടി ഉൾക്കൊണ്ട് കുറെക്കൂടി പ്രായോഗികമായ രീതിയിൽ 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള ഒരു പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ചകിരി ഉൽപ്പാദനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ക്രഷർ യൂണിറ്റോടുകൂടിയ പുതിയ മിനിഡീഫൈബറിംഗ് മെഷീൻ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ സാങ്കേതിക വിദ്യ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം നടത്തുന്നതിനായി Kerala State Coir Machinery Manufacturing Co. Ltd-ന് നൽകിയിട്ടുണ്ട്.

## കയർ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം

191 (1234) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വകുപ്പിനുവേണ്ടി 2006 മുതൽ 2014 വരെ ഓരോ വർഷവും ബഡ്ജറ്റിൽ എത്ര തുക വീതം വകയിരുത്തി; ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചു ;

(ബി) കയർ തൊഴിലാളി പ്രൈമറി സൊസൈറ്റികൾക്കും, കയർഫെഡിനും, കയർ കോർപ്പറേഷനും എത്ര തുക വീതം 2013-14-ലും 2014-15-ലും പ്രവർത്തന മൂലധനമായും ഗ്രാന്റായും നൽകിയിട്ടുണ്ട് ; ഇനം തിരിച്ച് വിശദമാക്കാമോ ;

(സി) ഇൻകം സപ്പോർട്ട് സ്കീമിന് ഈ സർക്കാർ അനുവദിച്ച തുക ;

ചെലവഴിച്ച തുക എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കയർ വകുപ്പിനുവേണ്ടി 2006 മുതൽ 2014 വരെ ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുകയേയും ചെലവഴിച്ച തുകയേയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

തുക ലക്ഷത്തിൽ

| 2006-07 | | 2007-08 | | 2008-09 | | 2009-10 | |
|---|---|---|---|---|---|---|---|
| Budget Provision | Expend iture | Budget Provision | Expend iture | Budget Provision | Expen diture | Budget Provision | Expen diture |
| 5175.62 | 4796.55 | 5701.01 | 3440.53 | 4615.00 | 4473.90 | 7170.00 | 7077 |

| 2010-11 | | 2011-12 | | 2012-13 | | 2013-14 | |
|---|---|---|---|---|---|---|---|
| Budget Provision | Expenditure | Budget Provision | Expenditure | Budget Provision | Expenditure | Budget Provision | Expenditure |
| 11131.43 | 10555.08 | 9005.01 | 8997.49 | 10470.00 | 10238.39 | 11637.00 | 7140.75 |

(ബി) കയർ തൊഴിലാളി പ്രൈമറി സൊസൈറ്റികൾക്കും കയർഫെഡിനും കയർ കോർപ്പറേഷനും 2013-14-ലും 2014-15-ലും പ്രവർത്തന മൂലധനമായും ഗ്രാന്റായും നൽകിയിട്ടുള്ള തുകയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കയർ തൊഴിലാളി പ്രൈമറി സംഘങ്ങൾക്കും കയർഫെഡിനും കയർ കോർപ്പറേഷനും 2013-14, 2014-15 വർഷങ്ങളിൽ പ്രവർത്തന മൂലധനവും ഗ്രാന്റും നൽകിയതിന്റെ വിവരങ്ങൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Sl. No | Name of Scheme | 2013-14 | | 2014-15 | | 2013-14 | 2014-15 | 2013-14 | 2014-15 |
| | | Amount | No.of Societies | Amount | No.of Societies | KSCC | | COIRFED | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| 1 | Working Capital | 14525260 | 78 | 1584250 | 5 | 46237000 (PPSS) | 20000000 (PPSS) | 50000000 | …… |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | Infrastructure development | 112075971 | 158 | 89821886 | 153 | 203728000 (Grant) | 49516000 (Grant) | 16785000 (Grant) | 16263000 (Grant) |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| 3 | MDA | 7408024 | 20 | 14486901 | 26 | 48089800 | 58351665 | 41768176 | 24467434 |
| 4 | PMI | 30000000 | 280 | 40000000 | 238 | ……. | ……. | ……. | ……. |
| 5 | GSP | 12603800 | 84 | 1754800 | 10 | ……. | ……. | ……. | ……. |
| 6 | Setting up and Revival of DF Mills | 4336915 | 4 | 1507660 | 2 | ……. | ……. | ……. | ……. |
| 7 | Cluster Development | Total Societies - 17 Amount - Rs. 80,87,929 | | | | | | | |

(സി) ഇൻകം സപ്പോർട്ട് സ്കീമിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 53,50,60,000 രൂപ അനുവദിച്ച് നൽകിയിരുന്നു. ടി തുകയിൽ 23,33,76,543 രൂപ ചെലവഴിച്ചിട്ടുണ്ട്.

**കയർ വ്യവസായമേഖലയുടെ ശോചനീയാവസ്ഥ**

192 (1235) ശ്രീ. എ. കെ. ബാലൻ :

ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. ജി. സുധാകരൻ :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായം സംരക്ഷിക്കാനും ഈ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ ;

(ബി) കയർ മേഖലയുടെ ഇപ്പോഴത്തെ ശോചനീയാവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) നിലവിൽ എത്ര തൊഴിലാളികൾക്ക് എത്ര ദിവസം തൊഴിൽ നൽകാൻ സാധ്യമാകുന്നുണ്ട് ; ബഡ്ജറ്റിൽ കയർമേഖലയ്ക്ക് വകയിരുത്തിയ തുക ഏതെങ്കിലും വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) കയർ വ്യവസായത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന പതിനായിരങ്ങൾ പട്ടിണിയോട് മല്ലിടുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനകം ആത്മഹത്യ ചെയ്ത കയർതൊഴിലാളികളെത്രയെന്നറിയിക്കുമോ ;

(ഇ) കയർ കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം എത്ര ശതമാനമായി കുറഞ്ഞിട്ടുണ്ട് ; അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കയർ വ്യവസായം സംരക്ഷിക്കുവാനും ഈ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കാനും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് സഹായകമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. തൊണ്ട് സംഭരിക്കുന്നവർക്കുള്ള ആനുകൂല്യം കാര്യമായി വർദ്ധിപ്പിച്ചും ചകിരി ഉൽപ്പാദിപ്പിക്കുന്നവർക്ക് സബ്സിഡി നൽകിയും തൊണ്ട് ശേഖരിക്കുന്ന കയർ സഹകരണസംഘങ്ങൾക്ക് പ്രവർത്തന മൂലധനം 2,00,000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതാണ്. ഈ പദ്ധതി നടപ്പാകുന്നതോടെ മേഖലയിലെ തൊഴിലില്ലായ്മയും കയർ മേഖലയിലെ കൊഴിഞ്ഞുപോക്കും ഒരു പരിധി വരെ കുറയാൻ സഹായകമാകുമെന്ന് കരുതുന്നു. നാളികേര വികസനബോർഡുമായി സഹകരിച്ച് തൊണ്ട് ശേഖരിച്ച്

ചകിരിയാക്കുന്ന ഒരു പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ കയർപിരി/കയർ ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലിയും വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്.

(ബി) കയർ മേഖലയിൽ ശോചനീയാവസ്ഥ നിലനിൽക്കുന്നില്ല. കയർ മേഖലയിൽ സർക്കാർ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സംഘങ്ങൾക്ക് വർദ്ധിപ്പിച്ച രീതിയിൽ പ്രവർത്തന മൂലധനം നൽകിയതുമൂലം ഉൽപ്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല ഈ മേഖലയിൽ കൂലി വർദ്ധനവും നടപ്പാക്കിയിട്ടുണ്ട്.

(സി) സ്വകാര്യ മേഖലയിലെ കണക്ക് ലഭ്യമല്ല. നിലവിൽ സഹകരണ മേഖലയിലെ ഏകദേശം 90000-ത്തോളം തൊഴിലാളികൾക്ക് ശരാശരി 155 ദിവസം തൊഴിൽ നൽകാൻ സാധിക്കുന്നുണ്ട്. കയർമേഖലയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ഡി) കയർ വ്യവസായത്തെ ആശ്രയിച്ച് കഴിയുന്ന തൊഴിലാളികൾ പട്ടിണിയിലാണെന്ന അവസ്ഥ നിലവിലില്ല. കയർ വ്യവസായം സംരക്ഷിക്കുവാനും ഈ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കാനുമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കയർ തൊഴിലാളികൾ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കേരളത്തിൽനിന്നും പ്രധാനമായും കയറുൽപ്പന്നങ്ങളാണ് കയറ്റുമതി ചെയ്യുന്നത്. ഇതിൽ കുറവ് വന്നിട്ടില്ല. കയർ ബോർഡിന്റെ കണക്കുപ്രകാരം കയർ ഒഴികെയുള്ള ഉൽപ്പന്നങ്ങളുടെ കയറ്റുമതി 2013-14-ൽ 745.93 കോടി രൂപ യുടേതായിരുന്നു. ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതലാണ്.

**കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

193 (1236) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ സഹകരണസംഘങ്ങളുടെ പ്രവർത്തനം

ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത സംഘങ്ങളെ പ്രതിസന്ധിയിലാക്കുന്ന തൊണ്ടിന്റെയും ചകിരിയുടെയും ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കയർ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധിക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനും ഉല്പാദന ചെലവിന് അനുസൃതമായി വില നൽകി കയറുല്പന്നങ്ങൾ സംഭരിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സഹായം പ്രസ്തുത സംഘങ്ങൾക്ക് നല്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രധാന പദ്ധതികൾ ചുവടെ കൊടുക്കുന്നു :

വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു.

- കയർ മേഖലയിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പാക്കി ആധുനികവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിന്റെ ഭാഗമായി പ്രതിദിനം 8 മണിക്കൂർകൊണ്ട് ഏകദേശം 60 കി.ഗ്രാം കയർ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതും വിവിധയിനത്തിലുള്ള കയർ പിരിക്കാൻ കഴിയുന്നതുമായ ആധുനിക ആട്ടോമാറ്റിക്

സ്പിന്നിംഗ് മെഷീൻ എൻ.സി.ആർ.എം.ഐ. തലത്തിൽ വികസിപ്പിച്ചു വരുന്നു.

- കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു ആധുനിക പി.വി.സി. ടഫ്റ്റഡ് യൂണിറ്റ് ഉൾപ്പെടെയുള്ള സംയോജിത ഫാക്ടറി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.
- ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ഒരു കയർ കോംപസിറ്റ് ബോർഡ് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.
- കയർ മേഖലയിലെ എല്ലാത്തരം മെഷീനറികളും നിർമ്മിക്കാനുതകുന്ന കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.

നിലവിലുള്ള വികസന പദ്ധതികൾക്കു പുറമേ കയർ മേഖലയെ സംരക്ഷിച്ചു നിലനിർത്തുന്നതിനായി മന്ത്രിസഭ അംഗീകരിച്ച താഴെ പറയുന്ന പദ്ധതികൾ 2014-16 വർഷത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് :

1. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിക്കും. നാളികേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംഭരണ ഡീഫൈബറിംഗിലൂടെ ചകിരിയുടെ ലഭ്യത ഉറപ്പാക്കും.

2. കയർമേഖലകളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കും.

3. കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ

ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കും.

4. കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകും.

5. കയർമേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി സംഘങ്ങൾക്ക് വർക്ക്ഷെഡ്, ടോയ്‌ലറ്റ്, ആധുനിക പണിസാമഗ്രികൾ എന്നിവ നൽകും.

6. ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനമാരംഭിക്കും.

(ബി) ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർ ഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകി. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾ ഉൾക്കൊണ്ട് കുറെക്കൂടി പ്രായോഗികമായ രീതിയിൽ നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള ഒരു പ്രോജക്ടിനും അംഗീകാരം നൽകിയിട്ടുണ്ട്. ഉണക്കത്തൊണ്ടും പച്ചത്തൊണ്ടും ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി ഫാക്ടറിയിലൂടെ ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കയർമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

കാണുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഉൽപ്പാദന ചെലവിനനുസൃതമായി വില നൽകി കയറും കയറുൽപ്പന്നങ്ങളും സംഭരിക്കുന്നതിന് കയർഫെഡിനും കയർ കോർപ്പറേഷനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം**

194 (1237) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായം നഷ്ടത്തിലേക്ക് പോവുകയും തമിഴ്നാട് പോലുള്ള അന്യസംസ്ഥാനങ്ങളിലേക്ക് കയർ വ്യവസായം പറിച്ചുനടുകയും ചെയ്യുന്ന സാഹചര്യത്തിൽ കേരളത്തിൽ പ്രസ്തുത മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുംവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) കയർ വ്യവസായ രംഗത്ത് ആധുനിക യന്ത്രസൗകര്യങ്ങൾ ഒരുക്കുന്നതിനും സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനും കയർ തൊഴിലാളികളുടെയും കയർ ഫാക്ടറി തൊഴിലാളികളുടെയും പുനരധിവാസം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം കാര്യങ്ങൾ ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കയർ വ്യവസായത്തെ കേരളത്തിൽ സംരക്ഷിച്ചുനിർത്തുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12-ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406 രൂപയും 2012-13-ൽ 440 സംഘങ്ങൾക്ക് 8,96,92,648 രൂപയും 2013-14-ൽ

78 സംഘങ്ങൾക്ക് 1,45,25,260 രൂപയും നടപ്പുവർഷം 15,84,250 രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149 രൂപയും 2013-14-ൽ 11,20,75,971 രൂപയും നടപ്പുവർഷം ഇതുവരെ 8,98,21,886 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ, ചകിരി ഉൽപ്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾകൂടി ഉൾക്കൊണ്ട് പ്രായോഗികമായ രീതിയിൽ നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായുള്ള ഒരു പ്രോജക്ടിനും അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കയർ മേഖലയിലെ എല്ലാത്തരം ആധുനിക യന്ത്രങ്ങളും നിർമ്മിക്കുന്നതിനുവേണ്ടി ആലപ്പുഴയിൽ ഒരു കയർ യന്ത്ര നിർമ്മാണ ഫാക്ടറി സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ക്രഷർ യൂണിറ്റോടുകൂടിയ പുതിയ മിനി ഡീഫൈബറിംഗ് മെഷീൻ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം നടത്തുന്നതിനായി Kerala State Coir Machinery Manufacturing Co. Ltd.- ന് നൽകിയിട്ടുണ്ട്. ആധുനിക ജിയോടെക്സ്റ്റയിൽ ലൂമും എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചിട്ടുണ്ട്. കയർ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## കയർ ഫെസ്റ്റ് 2015

195 (1238) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ ഫെസ്റ്റ് 2015 -ന് എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പ്രചാരണത്തിനായി എന്ത് തുക ചെലവഴിവച്ചുവെന്ന് വെളിപ്പെടുത്താമോ ;

(സി) ഏതെല്ലാം രീതിയിലുള്ള പ്രചാരണമാണ് സംഘടിപ്പിച്ചിരുന്നതെന്നും

ഓരോ ഇനത്തിലും ചെലവ് വന്ന തുക എത്രയെന്നും അറിയിക്കാമോ ;

(ഡി) ഫ്ലക്സ് ബോർഡുകളും പോസ്റ്ററും പ്രിന്റ് ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനുമായി എത്ര രൂപയാണ് ചെലവഴിച്ചതെന്ന് അറിയിക്കാമോ ;

(ഇ) മേളയ്ക്കുവേണ്ടി പ്രിന്റ് ചെയ്ത പോസ്റ്ററുകൾ മേള അവസാനിച്ചിട്ടും കയർ ഡയറക്ടറേറ്റിൽ കെട്ടിക്കിടക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(എഫ്) മേളയുടെ മറവിൽ വൻധൂർത്തും ക്രമക്കേടുകളും നടന്നതായി ആരോപണമുയർന്നിട്ടുണ്ടോയെന്നും ആയത് പരിശോധിക്കുമോയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കയർ കേരള 2015-ന്റെ കണക്ക് സെറ്റിൽ ചെയ്ത് ഓഡിറ്റിംഗ് പൂർത്തിയാകുമ്പോഴേ ചെലവഴിച്ച തുക കൃത്യമായി അറിയാൻ കഴിയൂ.

(സി&ഡി) കയർ കേരള 2015-ന്റെ പ്രചാരണത്തിനായി സംഘടിപ്പിച്ചിരുന്നത് ഹോർഡിംഗ്സ്, പ്രിന്റ് മീഡിയ, ഓഡിയോ-വിഷ്വൽ മീഡിയ എന്നിവയാണ്. ഇതിനായി ചെലവഴിച്ച തുകയുടെ കണക്ക് വിവരങ്ങൾ സെറ്റിൽ ചെയ്ത് ഓഡിറ്റിംഗ് പൂർത്തിയാകുമ്പോഴേ ചെലവ് കൃത്യമായി അറിയാൻ കഴിയൂ.

(ഇ) മേളക്കുവേണ്ടി പ്രിന്റ് ചെയ്ത പോസ്റ്ററുകളിൽ ബാക്കിയായ കുറച്ച് പോസ്റ്ററുകൾ കയർ ഡയറക്ടറേറ്റിൽ സൂക്ഷിച്ചിട്ടുണ്ട്.

(എഫ്) മേളയുടെ മറവിൽ ധൂർത്തും ക്രമക്കേടുകളും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കയർ വകുപ്പ് മിഷൻ 676 പദ്ധതികൾ**

196 (1239) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വകുപ്പിന് കീഴിൽ മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളവ ഏതൊക്കെയാണ്; അതിനായി ചെലവഴിച്ച തുക എത്ര ;

(ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയതല്ലാത്ത തുക ഇതിനായി കണ്ടെത്തി ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വില്ലോയിംഗ്, ന്യൂമാറ്റിക് ജിയോ ടെക്സ്റ്റൈൽലൂം എന്നീ മെഷീനുകൾ വികസിപ്പിച്ചെടുത്തുകഴിഞ്ഞു. ഇതിൽ വില്ലോയിംഗ് മെഷീനുവേണ്ടി 4,56,612 രൂപയും ന്യൂമാറ്റിക് ജിയോടെക്സ്റ്റൈൽ ലൂമിനായി 8,36,815 രൂപയും നാളിതുവരെ ചെലവായിട്ടുണ്ട്. ഇതിൽ ന്യൂമാറ്റിക് ജിയോടെക്സ്റ്റൈൽ ലൂമിന്റെ സമർപ്പണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലപ്പുഴയിൽ കയർ കേരള 2015-നോടനുബന്ധിച്ച് നിർവ്വഹിക്കുകയുണ്ടായി.

(ബി) ഇല്ല.

(സി) <u>പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ :</u>

നാളികേര വികസനബോർഡുമായി സഹകരിച്ചുള്ള ഒരു പ്രോജക്ടിനും തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിനുള്ള ഒരു പുതിയ പദ്ധതിക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികൾ പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്. ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**നെല്ല്സംഭരണ കുടിശ്ശിക**

197 (1240) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> :

<u>ശ്രീ. എം. ചന്ദ്രൻ</u> :

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> :

<u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരിൽനിന്നും സപ്ലൈകോ വാങ്ങുന്ന നെല്ലിന് സർക്കാർ നിശ്ചയിച്ച സംഭരണ വിലയിൽ കുറവ് വരുത്തുകയുണ്ടായോ ; സംഭരിക്കുന്ന നെല്ലിന് നിലവിൽ നൽകിവരുന്ന വിലയെത്ര; ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് അറിയിക്കാമോ ;

(ബി) കർഷകർക്ക് എന്ത് തുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നെല്ല് സംഭരണത്തിനായി സപ്ലൈകോയ്ക്ക് സർക്കാർ നൽകാനുള്ള ഫണ്ടിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ ;

(ഡി) സംഭരണ വിലയിൽ കുറവ് വരുന്നതും യഥാസമയം വില ലഭിക്കാത്തതുംമൂലം കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഇ) കർഷകരുടെ കുടിശ്ശിക തീർത്ത് നൽകുന്നതിനും സംഭരണവില വർദ്ധിപ്പിക്കാനും അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല. സപ്ലൈകോ നിലവിൽ കിലോയ്ക്ക് 19 രൂപ നൽകിയാണ് നെല്ല് സംഭരിക്കുന്നത്. ഇതിൽ 13.60 രൂപ കേന്ദ്രവിഹിതവും ബാക്കി 5.40 രൂപ സംസ്ഥാന വിഹിതവുമാണ്.

(ബി) 2015 ഫെബ്രുവരി 15 വരെ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകിക്കഴിഞ്ഞു. 2015 ഫെബ്രുവരി 15-ന് ശേഷം ലഭിച്ച PRS വെരിഫിക്കേഷൻ നടത്തി ആയതിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(സി) 2013-14 രണ്ടാം സീസൺ മുതൽ സംഭരിച്ച നെല്ലിന്റെ സംസ്ഥാന സർക്കാർ വിഹിതമായ 167.06 കോടി രൂപ സപ്ലൈകോയ്ക്ക് ലഭ്യമാക്കാനുണ്ട്.

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിശ്ചയിക്കുന്ന താങ്ങുവിലയ്ക്കാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. നിശ്ചയിച്ചിട്ടുള്ള സംഭരണ വിലയിൽ കുറവ് നൽകി സപ്ലൈകോ നെല്ല് സംഭരിക്കാറില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നെല്ലിന്റെ വില താമസം കൂടാതെ കർഷകർക്ക് നൽകാൻ ശ്രമിക്കാറുണ്ട്. എന്നാൽ നടപ്പ് സീസണിൽ സംഭരിച്ച നെല്ല് വില കാലതാമസം കൂടാതെ തന്നെ നൽകിവരുന്നു.

(ഇ) 2015 ഫെബ്രുവരി 15 വരെ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകിക്കഴിഞ്ഞു. 2015 ഫെബ്രുവരി 15-ന് ശേഷം ലഭിച്ച PRS വെരിഫിക്കേഷൻ നടത്തി ആയതിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. സംഭരണവില വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാർ പരിശോധിക്കുന്നു.

**ബി.പി.എൽ.-കാരെ കണ്ടെത്തുന്നതിനുള്ള റാങ്കിംഗ് നടപടികൾ**

198 (1241) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡിലെ ബി.പി.എൽ.-കാരെ കണ്ടെത്തുന്നതിന് താലൂക്ക്തല റാങ്കിംഗ് നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റാങ്കിംഗ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് മുന്നോടിയായി റേഷൻകാർഡുടമകളിൽനിന്ന് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് താലൂക്ക്തലത്തിൽ റാങ്കിംഗ് നടത്തുന്നത് സംബന്ധിച്ച് 2-2-2015-ലെ സ.ഉ. (കൈ) നമ്പർ 3/15/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പൂരിപ്പിച്ച അപേക്ഷാഫാറങ്ങൾ പ്രത്യേകം സംഘടിപ്പിക്കുന്ന ഫോട്ടോ ക്യാമ്പുകളിലൂടെ കാർഡുടമകളിൽനിന്ന് സ്വീകരിക്കുന്ന നടപടികളാണ് നടന്നുവരുന്നത്. ടി അപേക്ഷാ ഫാറങ്ങളിലെ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിക്കഴിഞ്ഞ് പരിശോധനയ്ക്കുശേഷം റാങ്കിംഗ് നടപടികൾ ആരംഭിക്കുന്നതാണ്.

## പുതിയ റേഷൻ കാർഡുകൾ

199 (1242) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾ പുതുതായി വിതരണം ചെയ്യുന്ന സമയത്ത് സ്ഥലത്തില്ലാത്തവർക്ക് കാർഡുകളിൽ പേര് ചേർക്കാൻ പിന്നീട് അവസരം നല്കുമോ ;

(ബി) റേഷൻ കാർഡുകൾ പുതുക്കി നല്കുമ്പോൾ ഒഴിവാക്കപ്പെടുന്നവർക്ക് അറിയിപ്പ് നല്കുന്ന രീതി നിലവിലുണ്ടോ ;

(സി) അപ്രകാരം ഒഴിവാക്കപ്പെടുന്നവർക്ക് പുതിയ കാർഡ് ലഭ്യമാക്കാൻ അവസരം നല്കുമോ ?

<u>ഉത്തരം</u>

(എ) അവസരം നൽകുന്നതാണ്.

(ബി) ഇല്ല.

(സി) പുതിയ കാർഡിനായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസുകളിൽ മതിയായ രേഖകളോടുകൂടി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന് വകയിരുത്തിയിരുന്ന ബഡ്ജറ്റ് തുകയുടെ വിനിയോഗം

200 (1243) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കാമോ ;

(ബി) വകയിരുത്തിയ തുക മുഴുവൻ വകുപ്പിന് അനുവദിച്ചുകിട്ടിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഇതിൽ എത്ര തുകയാണ് ഇതിനകം ചെലവഴിക്കാനായത് എന്ന് അറിയിക്കാമോ ; തുക മുഴുവൻ ചെലവഴിക്കാനായില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉപധനാഭ്യർത്ഥനകൾ വഴിയും അഡീഷണൽ ആതറൈസേഷൻ മുഖാന്തരവും മൊത്തം പദ്ധതി ശീർഷകങ്ങളിൽ 35.69 കോടിയും പദ്ധതിയേതര ശീർഷകങ്ങളിൽ 1075.55 കോടി രൂപയും ഉൾപ്പെടെ ആകെ 1,111.24 കോടി രൂപയാണ് സിവിൽ സപ്ലൈസ് വകുപ്പിന് വകയിരുത്തിയിരുന്നത്.

(ബി&സി) വകയിരുത്തിയ തുക മുഴുവൻ വകുപ്പിന് അനുവദിച്ച് കിട്ടിയിട്ടുണ്ട്. 28-2-2015-വരെ പദ്ധതി ശീർഷകങ്ങളിൽനിന്നും 4.68 കോടി രൂപയും പദ്ധതിയേതര ശീർഷകങ്ങളിൽനിന്നും 1022.74 കോടി രൂപയും ഉൾപ്പെടെ ആകെ 1027.42 കോടിയാണ് ചെലവഴിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുൻപ് മുഴുവൻ തുകയും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. കോന്നിയിലെ സി.എഫ്.ആർ.ഡി.-യുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ ആരംഭിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ ധനവിനിയോഗ അനുമതി ലഭ്യമായാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ.

**നെല്ലിന്റെ താങ്ങുവില**

201 (T1244) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നെല്ലിന്റെ താങ്ങുവില കർഷകന് ഒരുമിച്ച് ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) നാളിതുവരെ ഒറ്റത്തവണ ലഭിച്ച സംഭരണ വില രണ്ട് തവണയായി ലഭിക്കുമ്പോൾ കർഷകർക്ക് ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് എന്തെങ്കിലും

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പഠനം നടത്തിയിട്ടുണ്ടോ ; സംഭരണ വില ഒരുമിച്ച് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) നെല്ലിന്റെ സംഭരണ വില 25 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഫണ്ട് ലഭ്യമാകുന്നതിന്റെ കാലതാമസമാണ് നെല്ലിന്റെ താങ്ങുവില കർഷകന് ഒരുമിച്ച് ലഭിക്കാത്തതിന്റെ കാരണം. എന്നാൽ 2015 ഫെബ്രുവരി 15 വരെ സംഭരിച്ച നെല്ലിന്റെ സംസ്ഥാന സർക്കാരിന്റെ വിഹിതമായ 5.40 രൂപയും കേന്ദ്ര സർക്കാരിന്റെ വിഹിതമായ 13.60 രൂപയും ചേർത്ത് 19 രൂപ വച്ചുള്ള മുഴുവൻ തുകയും നൽകിക്കഴിഞ്ഞു.

(ബി) ഇല്ല. 2015 ഫെബ്രുവരി 15-ന് ശേഷം ലഭിച്ചിട്ടുള്ള PRS-ന് (പാഡി റസീറ്റ് ഷീറ്റ്) മാത്രമാണ് നെല്ല് വില നൽകുവാനുള്ളത്. PRS വെരിഫിക്കേഷൻ നടത്തി ആയതിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(സി) നെല്ല് വില വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ സർക്കാർ പരിശോധിക്കുകയാണ്.

**പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ**

202 (1245) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വയനാട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് നിലവിൽ മാവേലി സ്റ്റോർ ഇല്ലാത്തതെന്ന് വിശദമാക്കുമോ ;

(സി) ഇതിൽ ഏതെല്ലാം പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളത്തിൽ സപ്ലൈകോയുടെ ചില്ലറ വിൽപ്പനശാലകളില്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ മാവേലി സ്റ്റോറുകളില്ലാത്ത 50 പഞ്ചായത്തുകളാണ് ഉള്ളത്. ഇതിനായി ഈ പഞ്ചായത്തുകളിലെ സെക്രട്ടറിമാർക്ക് സപ്ലൈകോ ഹെഡ് ആഫീസിൽ നിന്നും നേരിട്ട് കത്ത് നൽകുകയും, എല്ലാ മേഖലാ മാനേജർമാർക്കും ഈ വിഷയത്തിൽ ഊർജ്ജിതമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി&സി) വയനാട് ജില്ലയിലെ നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത എടവക, വെങ്ങപ്പള്ളി എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാഹന ഇന്ധന വിൽപ്പന ഔട്ട് ലെറ്റുകൾ**

203 (1246) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള വാഹന ഇന്ധന വിൽപ്പന ഔട്ട്ലെറ്റുകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഔട്ട്ലെറ്റുകളിൽനിന്നും കോർപ്പറേഷൻ നഷ്ടം സംഭവിക്കാറുണ്ടോ ;

(സി) ടി ഔട്ട്ലെറ്റുകൾ ലാഭത്തിലാണെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ലാഭവിവര കണക്ക് വെളിപ്പെടുത്താമോ ; ഇത്തരം ഔട്ട്ലെറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ 15 വാഹന ഇന്ധന വിൽപ്പന ഔട്ട്ലെറ്റുകൾ ഉണ്ട്.

(ബി) പ്രസ്തുത ഔട്ട് ലെറ്റുകളിൽ നിന്നും കോർപ്പറേഷന് ലാഭമാണുള്ളത്.

(സി) സപ്ലൈകോയുടെ കീഴിലുള്ള 15 പെട്രോൾ ബങ്കുകളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ആകെ പ്രവർത്തന ലാഭം 2,62,13,894 രൂപയാണ്.

നിലമ്പൂർ (അകമ്പാടം), മൂന്നാർ എന്നിവിടങ്ങളിൽ ഔട്ട്‌ലെറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ റേഷൻകാർഡുകളുടെ വിതരണം**

204 (1247) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന്റെ നടപടികൾ ഏത് ഘട്ടം വരെയായി ;

(ബി) പുതിയ റേഷൻ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) റേഷൻ കാർഡുകൾ തയ്യാറാക്കി നൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ ?

ഉത്തരം

(എ) റേഷൻ കാർഡുകൾ പുതുക്കുന്നതിനായി റേഷൻ കടകൾ മുഖേന വിതരണം നടത്തിയ അപേക്ഷാഫാറം പൂരിപ്പിച്ച് പ്രത്യേകം സംഘടിപ്പിക്കുന്ന ക്യാമ്പുകളിലൂടെ കാർഡുടമയായ വനിതകളുടെ ഫോട്ടോ എടുക്കുന്ന നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്.

(ബി) 1-7-2015 മുതൽ പുതിയ കാർഡുകൾ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) സി-ഡിറ്റിനെ റേഷൻകാർഡ് പുതുക്കലിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി 27-9-2014-ലെ സ.ഉ. (സാധാ) നമ്പർ 292/14/ഭ.സി.സ.വ. പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. സി-ഡിറ്റിന് പുറമേ ഡാറ്റാ എൻട്രി ജോലികൾക്കായി അക്ഷയ, കുടുംബശ്രീ എന്നിവരേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**പുതിയ റേഷൻകാർഡുകളുടെ വിതരണം**

205 (1248) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തീകരിച്ച് കാർഡുകൾ വിതരണം ചെയ്യുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ; ഇതിനായി പ്രത്യേക സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ ; ആകെ എത്ര കുടുംബങ്ങൾക്കാണ് കാർഡുകൾ വിതരണം ചെയ്യുക എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടി ആകെ എത്ര തുക ചെലവഴിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കാലാവധി നിശ്ചയിച്ചിട്ടുണ്ട്. 1-7-2015 മുതൽ പുതിയ കാർഡുകൾ നൽകുവാൻ കഴിയുന്ന രീതിയിലാണ് റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട ജോലികൾ ക്രമീകരിച്ചിരിക്കുന്നത്. നിലവിലെ എല്ലാ കുടുംബങ്ങൾക്കും കാർഡുകൾ വിതരണം ചെയ്യുന്നതാണ്. ഇതിനായി 33 കോടിരൂപ ചെലവഴിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

**പുതിയ റേഷൻകാർഡ്- നടപടിക്രമങ്ങൾ**

206 (1250) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ റേഷൻകാർഡുകൾ നൽകുന്ന നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) റേഷൻകാർഡുകൾ പുതുക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ

ലളിതമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രായാധിക്യം, രോഗം, വൈകല്യം എന്നിവ കാരണം മുതിർന്ന കുടുംബനാഥയ്ക്ക് ഫോട്ടോയെടുക്കുന്നതിന് പോകുവാൻ കഴിയില്ലെങ്കിൽ പകരം എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ;

(ഡി) ഇതുമൂലം പ്രസ്തുത കുടുംബത്തിന് ആനുകൂല്യങ്ങളിൽ എന്തെങ്കിലും കുറവ് സംഭവിക്കുമോ ; ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങളായി താമസിക്കുന്നുവെങ്കിൽ വ്യത്യസ്ത കാർഡുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിന് നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) 30-6-2015-ൽ നടപടികൾ പൂർത്തിയാക്കി 1-7-2015-ൽ പുതിയ കാർഡുകൾ വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) റേഷൻ കാർഡുകൾ പുതുക്കുന്നതിനായി നൽകിയിട്ടുള്ള അപേക്ഷാ ഫാറത്തോടൊപ്പം പൂരിപ്പിക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഫോട്ടോ ക്യാമ്പുകളിൽ അപേക്ഷാഫാറം പൂരിപ്പിക്കുന്നതിന് സഹായം ആവശ്യമുണ്ടെങ്കിൽ നൽകാൻ ഹെൽപ്പ് ഡെസ്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. നിലവിലെ വസ്തുതകളിൽ നിന്നും വ്യതിയാനം ഉണ്ടെങ്കിൽ മാത്രം ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചാൽ മതിയാകുന്നതാണ്. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുള്ളത്.

(സി) പ്രായാധിക്യമുള്ളവർ, ശയ്യാവലംബർ എന്നീ ഫോട്ടോക്യാമ്പുകളിൽ എത്തിച്ചേരുവാൻ കഴിയാത്തവർക്കായി ഫോട്ടോ എടുക്കാൻ സൗകര്യം ലഭ്യമാക്കും. ഇതുകൂടാതെ മുകളിൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും കാരണത്താൽ ക്യാമ്പിൽ എത്താൻ കഴിയാത്തവരുടെ സാക്ഷ്യപത്രം വഴി അവർ ചുമതലപ്പെടുത്തുന്ന കുടുംബത്തിലെ അംഗത്തിന്റെ പേരിൽ റേഷൻകാർഡ് അനുവദിച്ച് നൽകുന്നുണ്ട്.

(ഡി) അർഹതയുള്ളവർക്ക് ആനുകൂല്യങ്ങളിൽ കുറവ് സംഭവിക്കില്ല. തദ്ദേശ സ്വയംഭരണ അധികൃതർ നൽകുന്ന ഭവനനിവാസ സാക്ഷ്യപത്രത്തിന്റെ

അടിസ്ഥാനത്തിൽ ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങളായി താമസിക്കുന്നവർക്ക് വ്യത്യസ്ത കാർഡുകൾ നൽകുന്നതാണ്.

**പുതിയ മാവേലി സ്റ്റോറുകൾ**

207 (1251) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ആരംഭിച്ച മാവേലിസ്റ്റോറുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ ഏതെല്ലാം മാവേലിസ്റ്റോറുകൾ അനുവദിച്ചുവെന്നും എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) മലപ്പുറം മണ്ഡലത്തിലെ മൊറയൂർ, ആനക്കയം പഞ്ചായത്തുകളിലെ മാവേലിസ്റ്റോറുകൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ ആരംഭിച്ച മാവേലി സ്റ്റോറുകളുടെ എണ്ണം ജില്ല തിരിച്ച് താഴെപ്പറയും പ്രകാരം നൽകുന്നു :

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം | - | 15 |
| 2 | കൊല്ലം | - | 6 |
| 3 | കോട്ടയം | - | 2 |
| 4 | പത്തനംതിട്ട | - | 1 |
| 5 | ഇടുക്കി | - | 2 |
| 6 | എറണാകുളം | - | 21 |
| 7 | ആലപ്പുഴ | - | 1 |

| | | | |
|---|---|---|---|
| 8 | പാലക്കാട് | - | 10 |
| 9 | തൃശ്ശൂർ | - | 2 |
| 10 | മലപ്പുറം | - | 16 |
| 11 | കോഴിക്കോട് | - | 7 |
| 12 | വയനാട് | - | 9 |
| 13 | കണ്ണൂർ | - | 10 |
| 14 | കാസർഗോഡ് | - | 1 |
| | ആകെ | | 103 |

(ബി) ഈ സർക്കാർ മലപ്പുറം ജില്ലയിൽ താഴെപ്പറയുന്ന 21 മാവേലി സ്റ്റോറുകൾ അനുവദിച്ചു :

1. ആലത്തൂർപ്പടി
2. വിളയിൽ
3. വെറ്റിലപ്പാറ
4. വളട്ടുപമ്പ്രം
5. നടുവത്ത്
6. എരുമമുണ്ട
7. മുക്കിലപീടിക
8. കുറുകോൽ
9. അച്ചനമ്പലം
10. പടിക്കൽ
11. പുതിയേടത്ത്പറമ്പ്
12. ചട്ടിപ്പറമ്പ

13. തച്ചിനങ്ങാടം

14. പനങ്ങാങ്ങര

15. പടപ്പറമ്പ്

16. എടപ്പട്ട

17. കോഴിക്കോട്ട് പറമ്പ

18. ഊരകം

19. കാരട്ടുപറമ്പ്

20. നിറമരുതൂർ

21. പൊൻമള

മേൽപ്പറഞ്ഞ മാവേലിസ്റ്റോറുകളിൽ 1 മുതൽ 16 വരെയുള്ള മാവേലിസ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനമാണ്. ആനക്കയം, മൊറയൂർ ഗ്രാമപഞ്ചായത്തുകൾ ഈ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന മുറയ്ക്ക് സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയും അനുസരിച്ച് ഈ സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാവുന്നതാണ്.

**റേഷൻ കാർഡ് പുതുക്കൽ**

208 (1252) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡ് പുതുക്കുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പുതിയ കാർഡ് ഉപഭോക്താക്കൾക്ക് എപ്പോൾ കൊടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ;

(സി) ബി.പി.എൽ. മാനദണ്ഡങ്ങൾ പാലിക്കുന്ന നിലവിലെ എ.പി.എൽ.

കാർഡുകൾ ബി.പി.എൽ. ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

<u>ഉത്തരം</u>

(എ) കാർഡുടമകളിൽനിന്നും പൂരിപ്പിച്ച അപേക്ഷാഫാറങ്ങൾ പ്രത്യേകം സംഘടിപ്പിക്കുന്ന ക്യാമ്പുകളിലൂടെ സ്വീകരിച്ച് കാർഡുടമയുടെ ഫോട്ടോ എടുക്കുന്ന നടപടികളാണ് നടന്നുവരുന്നത്.

(ബി) 1-7-2015 മുതൽ പുതിയ കാർഡുകൾ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കാർഡുടമകൾ പൂരിപ്പിച്ച് നൽകുന്ന കാർഡ് പുതുക്കലിന്റെ അപേക്ഷാഫാറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തി റാങ്കിംഗ് നടത്തി കരട് പട്ടിക പൊതുജനങ്ങൾക്കായി പ്രസിദ്ധപ്പെടുത്തി, ആക്ഷേപങ്ങളും പരാതികളും സ്വീകരിച്ച് പരിഹരിച്ചശേഷം ഗ്രാമ/വാർഡ് സഭകളുടെ അനുമതിയുടെ അടിസ്ഥാനത്തിൽ അർഹതയുള്ള എല്ലാപേർക്കും മുൻഗണനാ കാർഡുകൾ (ബി.പി.എൽ.) നൽകുന്നതാണ്.

**കൊല്ലം ജില്ലയിലെ റേഷൻ കാർഡുകൾ**

209 (1253) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ വിവിധ താലൂക്ക് സപ്ലൈ ഓഫീസുകളുടെ പരിധിയിൽ നിലവിൽ ആകെ എത്ര റേഷൻകാർഡുകളാണ് ഉള്ളത് ;

(ബി) നാളിതുവരെ പുതിയ റേഷൻ കാർഡിനായി എത്ര പേർ ഫോട്ടോ എടുക്കുകയും അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട് ;

(സി) ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് അപേക്ഷ നൽകി ഫോട്ടോ എടുക്കുന്നതിലേക്ക് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഡി) സ്വീകരിച്ച അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ ; എങ്കിൽ ആയത് എങ്ങനെ സാദ്ധ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) അപേക്ഷകർ നൽകിയിട്ടുള്ള വിവരങ്ങൾ മാത്രം ആധാരമാക്കി പുതിയ റേഷൻകാർഡ് വിതരണം ചെയ്താൽ അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പുതിയ കാർഡ് അനുവദിക്കുമ്പോൾ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ പേരുവിവരം പ്രാദേശികമായി പരസ്യപ്പെടുത്തുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) 7,14,097 കാർഡുകൾ.

(ബി) 5-3-2015 വരെ 6,61,150 കാർഡുടമകളുടെ ഫോട്ടോ എടുത്തിട്ടുണ്ട്.

(സി) 31-3-2015-ന് ഫോട്ടോ ക്യാമ്പുകൾ അവസാനിച്ചതിനുശേഷം ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ഫോട്ടോ എടുക്കാൻ നടപടികൾ സ്വീകരിക്കും.

(ഡി) കാർഡുടമകളിൽനിന്നും ശേഖരിച്ചിട്ടുള്ള പൂരിപ്പിച്ച അപേക്ഷാ ഫാറം ഡാറ്റാ എൻട്രിക്കുശേഷം പരിശോധിക്കുകയും, കരട് മുൻഗണനാ പട്ടിക പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കുകയും ചെയ്യും. ഈ കരട് പട്ടിക സോഷ്യൽ ആഡിറ്റിന് വിധേയമായി, പരാതികൾ പരിഹരിച്ച ശേഷം അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനം അംഗീകരിച്ച് നൽകുന്ന പട്ടികയുടെ അടിസ്ഥാനത്തിലാണ് മുൻഗണനാ കാർഡുകൾ നൽകുന്നത്.

(ഇ) സോഷ്യൽ ആഡിറ്റിംഗിൽകൂടി മുൻഗണനാ പട്ടിക കുറ്റമറ്റതാക്കുവാൻ കഴിയും.

(എഫ്) മുൻഗണന വിഭാഗത്തിന്റെ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

**മാവേലി സ്റ്റോർ/സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലെ വില നിയന്ത്രണം**

210 (1254) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിലും, സപ്ലൈകോ സൂപ്പർമാർക്കറ്റുകളിലും ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങളും പലവ്യഞ്ജനങ്ങളും ആവശ്യത്തിന് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാവേലി സ്റ്റോർ/സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി വിൽക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലയും ഓപ്പൺ മാർക്കറ്റിലെ ഇതേ സാധനങ്ങളുടെ വിലയും താരതമ്യം ചെയ്യുന്ന പട്ടിക ലഭ്യമാക്കാമോ ; കേന്ദ്രീകൃതമായി ഇത് വാങ്ങുമ്പോൾ ഓരോ സാധനത്തിനും കിലോയ്ക്ക് എത്ര വില വീതമാണ് നല്കേണ്ടതെന്ന് വ്യക്തമാക്കുമോ ;

(സി) സബ്സിഡി ഇനത്തിൽ കഴിഞ്ഞ 1 വർഷം എത്ര കോടി രൂപയാണ് ഈ ഇനത്തിൽ ചെലവഴിച്ചത്; എത്ര ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച വിവരം ലഭ്യമായിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്താമോ ;

(ഡി) സാധാരണക്കാരായ ജനങ്ങൾക്ക് പ്രയോജനപ്പെടുംവിധം പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലും അവശ്യ സാധനങ്ങൾ പ്രത്യേകിച്ച് സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. ചില മാവേലി സ്റ്റോറുകളിലെ സ്ഥല പരിമിതിമൂലവും ചരക്ക് നീക്കത്തിൽ വരുന്ന ചില പ്രായോഗിക കാരണങ്ങൾകൊണ്ടും അപൂർവ്വം ചില അവസരങ്ങളിൽ ചില അവശ്യസാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകാറുണ്ട്.

(ബി) മാവേലി സ്റ്റോർ/സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി വിൽക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലയും ഓപ്പൺ മാർക്കറ്റിലെ ഇതേ സാധനങ്ങളുടെ വിലയും താരതമ്യം ചെയ്യുന്ന പട്ടികയും അനുബന്ധം I ആയി

ചേർക്കുന്നു.* സപ്ലൈകോ 2015 ഫെബ്രുവരി മാസം 56 ഡിപ്പോകളിലായി കേന്ദ്രീകൃത ടെണ്ടറുകളിലൂടെ വാങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ ശരാശരി വില അനുബന്ധം II ആയി ചേർക്കുന്നു.*

(സി) മാർക്കറ്റ് ഇടപെൽ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തികവർഷം ഇതുവരെ 70 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 2015 ജനുവരി മാസം വരെ ഏകദേശം 43,000 ടൺ പയറുവർഗ്ഗങ്ങൾ & സുഗന്ധവ്യഞ്ജനങ്ങൾ, 32,000 ടൺ പഞ്ചസാര, 83,000 ടൺ അരി, 31 ലക്ഷം ലിറ്റർ വെളിച്ചെണ്ണ എന്നിവ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ ജനസംഖ്യയുടെ ഏകദേശം 30 ശതമാനം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

(ഡി) നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയിൽ ആവശ്യമായ അളവിൽ പൊതുവിപണിയിൽ എത്തിക്കുന്നതുമൂലം ഇവയുടെ പൊതുവിപണിയിലെ അനിയന്ത്രിതമായ വിലക്കയറ്റം തടയുവാൻ സഹായിച്ചിട്ടുണ്ട്. കൂടാതെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവയും കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത 50 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സാധാരണക്കാരായ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിനായി ഈ പദ്ധതി വിപുലീകരിക്കുന്നതിന്റെ നടപടികളുടെ ഭാഗമായി പ്രതിമാസം 10 ലക്ഷത്തിലധികം വിൽപ്പനയുള്ള മാവേലി സ്റ്റോറുകളെ സൂപ്പർമാർക്കറ്റുകളാക്കി ഉയർത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇങ്ങനെ നിലവിലുള്ള സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി ഫലപ്രദമായും കാര്യക്ഷമമായും പൊതുജനങ്ങൽക്ക് ഉപകാരപ്രദമായ വിധം നടപ്പിലാക്കിവരുന്നു.

**റേഷൻ കാർഡുകൾ**

211 (1255) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾ വീട്ടിലെ മുതിർന്ന സ്ത്രീകളുടെ പേരിൽ നൽകുന്നതു കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അവ വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള സംവിധാനം മാറ്റുന്നത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013-ലെ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമാണ് കുടുംബത്തിലെ മുതിർന്ന വനിത കാർഡുടമയായി വരുന്നത്, സ്ത്രീ ശാക്തീകരണമാണ് സർക്കാർ ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

**റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത**

212 (1256) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നതിന്റെയും ഇത് സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നതിന്റെയും വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള കേസുകളിൽ എന്ത് ശിക്ഷയാണ് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

ഉത്തരം

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നതായി ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശക്തമായ പരിശോധന ഇന്ന് പൊതുവിപണിയിലും, പൊതുവിതരണ കേന്ദ്രങ്ങളിലും നടത്തുന്നുണ്ട്. ഇതുസംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 487 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 48 |
| കൊല്ലം | - | 121 |
| പത്തനംതിട്ട | - | 5 |
| ആലപ്പുഴ | - | 32 |

| | | |
|---|---|---|
| കോട്ടയം | - | 10 |
| ഇടുക്കി | - | 1 |
| എറണാകുളം | - | 38 |
| തൃശ്ശൂർ | - | 15 |
| പാലക്കാട് | - | 153 |
| മലപ്പുറം | - | 25 |
| കണ്ണൂർ | - | 10 |
| കാസർഗോഡ് | - | 29 |
| ആകെ | | 487 |

(ബി) ഇത്തരത്തിലുള്ള കേസുകളിൽ അവശ്യ സാധന നിയമ പ്രകാരം നടപടി സ്വീകരിക്കുന്നു. പിടിച്ചെടുക്കുന്ന ഭക്ഷ്യസാധനങ്ങൾ പൊതുവിതരണ ശൃംഖല വഴി വിറ്റഴിച്ച് വിൽപ്പനവില റവന്യൂ ഡെപ്പോസിറ്റിൽ സൂക്ഷിക്കുന്നു. കടകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദ് ചെയ്യുകയോ ചെയ്യാറുണ്ട്. കൂടാതെ അറസ്റ്റ്, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികളും സ്വീകരിക്കുന്നു.

**റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ**

213 (1257) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റേഷൻ കടകൾ നേരിടുന്ന പ്രശ്നങ്ങൾ തീർക്കുവാൻ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമാണ് ;

(ബി) റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനും റേഷൻ കട നടത്തുന്നവർക്ക് നിശ്ചിത വേതനം ലഭ്യമാക്കുന്നതിനുമുള്ള നടപടി ആലോചനയിലുണ്ടോ ;

(സി) റേഷൻ ഡിപ്പോകളിൽനിന്നും ഇന്റെന്റ് അനുസരിച്ച് സാധനങ്ങൾ നേരിട്ട് ഷോപ്പുകളിൽ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയമിച്ച കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ? ഇതിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റേഷൻ വ്യാപാരികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിവേദിത പി. ഹരൻ കമ്മീഷനെ സർക്കാർ നിയോഗിക്കുകയും കമ്മീഷൻ പഠനം നടത്തി ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുകയും ചെയ്യുന്നു. കൂടാതെ ഡബ്ല്യു.എഫ്.പി.-യുടെ നേതൃത്വത്തിലും റേഷൻകടക്കാരുടെ പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും ലഭിച്ച റിപ്പോർട്ട് പരിശോധിച്ചുവരികയും ചെയ്യുന്നു.

(ബി) റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ 1-1-2015മുതൽ ക്വിന്റലിന് പരമാവധി 100 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. റേഷൻകട നടത്തുന്നവർക്ക് നിശ്ചിത വേതനം നൽകുന്നത് സംബന്ധിച്ച നടപടി നിലവിൽ സർക്കാർ പരിഗണനയിലില്ല.

(സി) റേഷൻ ഡിപ്പോകളിൽനിന്നും ഇന്റന്റ് അനുസരിച്ച് സാധനങ്ങൾ നേരിട്ട് ഷോപ്പുകളിൽ എത്തിക്കുന്നതിനുള്ള ഡോർ ടു ഡോർ ഡെലിവറി സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

**സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി നെല്ല് സംഭരണം**

214 (1258) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി എത്ര ടൺ നെല്ല് സംഭരിച്ചുവെന്നും വിവിധ പ്രദേശങ്ങളിൽ നെല്ല് സംഭരണത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഒരു ക്വിന്റൽ നെല്ലിൽനിന്നും നിശ്ചിത അളവ് കുറവ് ചെയ്യാൻ

(പതിരിന്റെയും മറ്റും പേരിൽ) അനുമതി നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഇതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്തെന്നും വെളിപ്പെടുത്താമോ ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ശേഖരിച്ച നെല്ലിന് കർഷകർക്ക് കൊടുത്ത് തീർക്കാനുള്ള തുക എത്രയെന്നും ഇത് ഏത് മാസം വരെയുള്ളതാണെന്നും വ്യക്തമാക്കുമോ ;

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നെല്ല് സംഭരണത്തിന് ഈ വർഷം എത്ര കോടി രൂപയാണ് അനുവദിച്ചിരുന്നതെന്നും പ്രസ്തുത തുക പൂർണ്ണമായും നെല്ല് സംഭരണത്തിന് ഉപയോഗിച്ചോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 ഒന്നാം സീസണിൽ സപ്ലൈകോ 1.43 ലക്ഷം മെ.ടൺ നെല്ല് സംഭരിച്ചു. രണ്ടാം  സീസണിൽ 5-3-2015 വരെ 67217 ടൺ സംഭരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിരിക്കുന്ന നിശ്ചിത ഗുണനിലവാരത്തിലുള്ള നെല്ലാണ് സപ്ലൈകോ സംഭരിക്കുന്നത്. നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്യുന്ന അപേക്ഷയിൽ തന്നെ സപ്ലൈകോയുടെ നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ നിബന്ധനകളുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) സപ്ലൈകോ അനുമതി നൽകിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ലുസംഭരണ പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. ഈ പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന നിശ്ചിത ഗുണനിലവാരത്തിലുള്ള നെല്ല് സംഭരിക്കുന്നു. സംഭരിക്കുന്ന നെല്ലിന്റെ 68% നിശ്ചിത ഗുണനിലവാരത്തിലുള്ള അരി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യേണ്ടതാണ്. കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന നെല്ലിന്റെ ഗുണനിലവാരം മേൽ നിബന്ധനയിൽ 13-ാം  ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2015 ഫെബ്രുവരി 15 വരെ സംഭരിച്ച നെല്ലിന്റെ വിലയായ 54.7 കോടി രൂപ പൂർണ്ണമായും നൽകിക്കഴിഞ്ഞു. 2015 ഫെബ്രുവരി 15-ന് ശേഷം ലഭിച്ച PRS (പാഡി റസീറ്റ് ഷീറ്റ്) വെരിഫിക്കേഷൻ നടത്തി ആയതിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ളനടപടികൾ പുരോഗമിക്കുന്നു.

(ഡി) 2014-15 സാമ്പത്തിക വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് നെല്ല് സംഭരണത്തിന് 190 കോടി രൂപയാണ് അനുവദിച്ചത്. ടി തുക പൂർണ്ണമായും കർഷകർക്ക് നെല്ല് വില നൽകുന്നതിനാണ് വിനിയോഗിച്ചത്.

**സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ വില**

215 (1259) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഏതെല്ലാം ഉൽപ്പന്നങ്ങളുടെ വില എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പതിമൂന്ന് ഇന സബ്സിഡി ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുകയോ സബ്സിഡി വെട്ടിക്കുറയ്ക്കുയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഏതെല്ലാം ഇനങ്ങളുടെ വില എത്ര ശതമാനമാണ് വർദ്ധിപ്പിച്ചത് എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6-7-2012-ാം തീയതിയിലെ G.O.(MS)17/12/F&CSD പ്രകാരം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ എണ്ണം പുനർനിർണ്ണയിച്ചു. സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവേ വിൽപ്പന കുറവുള്ളതും ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഇനങ്ങളായ കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നിരക്കിൽ നിന്നും ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻപയർ, വൻകടല, ജയ അരി, കുറവ അരി, വെളിച്ചെണ്ണ എന്നിവയെ

സബ്സിഡി നൽകുന്ന ഇനങ്ങളായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിലവർദ്ധനവ് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**മലബാറിലെ പാചക വാതക വിതരണ തടസ്സങ്ങൾ**

216 (1260) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ പാചകവാതക വിതരണത്തിൽ പലപ്പോഴും തടസ്സങ്ങൾ നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) സിലിണ്ടറുകളുടെ ഫില്ലിംങ്, വിതരണ രംഗത്ത് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങളിലുണ്ടാകുന്ന തടസ്സങ്ങൾ ചർച്ച ചെയ്തിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സിലിണ്ടറുകളുടെ ഫില്ലിംഗ്, വിതരണ രംഗത്ത് ഉണ്ടായിട്ടുള്ള തടസ്സങ്ങൾ മലപ്പുറം ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിലും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ തലത്തിലും ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് അഡീഷണൽ ലേബർ കമ്മീഷണർ നടത്തിയ യോഗത്തിനുശേഷം 19-2-2015 മുതൽ പാചകവാതക വിതരണം സുഗമമായി നടക്കുന്നുണ്ടെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

**സപ്ലൈകോ, മാവേലി സ്റ്റോറുകളിലെ വനിതാ തൊഴിലാളികൾ**

217 (1261) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സപ്ലൈകോ, മാവേലി സ്റ്റോറുകളിലെ വനിതാ തൊഴിലാളികളുടെ ജോലി സമയം എത്രയെന്നും ഇവർക്ക് നൽകുന്ന പ്രതിദിന വേതനം എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ഉത്പന്നങ്ങൾ പ്ലാസ്റ്റിക് കവറുകളിലാക്കി നൽകുമ്പോൾ പാക്കിംഗ് ചാർജ്ജായി പാക്കറ്റൊന്നിന് ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന തുക എത്രയെന്നും തൊഴിലാളിക്ക് നൽകുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ; ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന തുകയുടെ പകുതി തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) മുഴുവൻ ജില്ലകളിലും സപ്ലൈകോ തൊഴിലാളികളെ ഇ.പി.എഫ്, ഇ.എസ്.ഐ. ആനുകൂല്യപരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സപ്ലൈകോ മാവേലി സ്റ്റോറുകളുടെ പ്രവർത്തന സമയം രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയും ഉച്ചയ്ക്കുശേഷം 3.30 മുതൽ രാത്രി 7.30 വരെയുമാണ് നിശ്ചയിച്ചിട്ടുള്ളത്. സപ്ലൈകോ ഔട്ട്ലെറ്റുകളിലെ ദിവസവേതനക്കാർക്ക് പ്രതിദിനം 250 രൂപയും പായ്ക്കിംഗ് ജീവനക്കാർക്ക് പായ്ക്കറ്റ് ഒന്നിന് 50 പൈസ വീതവും നൽകിവരുന്നു. വനിതാതൊഴിലാളികൾക്ക് പ്രത്യേക സമയക്രമം നിശ്ചയിച്ചിട്ടില്ല.

(ബി) ഉത്പന്നങ്ങൾ പ്ലാസ്റ്റിക് കവറുകളിലാക്കി നൽകുമ്പോൾ പാക്കിംഗ് ചാർജ്ജായി ഓരോ പാക്കറ്റിനും ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന തുക അനുബന്ധമായി ചേർക്കുന്നു.* പ്ലാസ്റ്റിക് കവറിന്റെ വിലയായി കവർ ഒന്നിന് ഏകദേശം 45 പൈസ മുതൽ 1 രൂപ 15 പൈസ വരെയും എല്ലാതരം പാക്കറ്റിനും പാക്കിംഗ് ചാർജ്ജായി കവർ ഒന്നിന് 50 പൈസയും ചെലവാകുന്നുണ്ട്. ഇതിനുപുറമേ ക്ലീനിംഗ് നഷ്ടം, കൈകാര്യ കിഴിവ്, പായ്ക്കിംഗ് മെഷീന്റെ ചെലവ്, കറണ്ട് ചാർജ്, പ്രൈസ് സ്റ്റിക്കർ മുതലായ ചെലവുകൾ കണക്കിലെടുക്കുമ്പോൾ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന തുകയെക്കാൾ കൂടുതൽ തുക ചെലവായി വരുന്നുണ്ട്. ആയതിനാൽ തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന തുക തത്ക്കാലം വർദ്ധിപ്പിക്കാൻ കഴിയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇ.പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്ക് അർഹതയുള്ള മുഴുവൻ തൊഴിലാളികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**നിത്യോപയോഗസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് പദ്ധതി**

218 (1262) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് മിഷൻ 676 അനുസരിച്ച് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) ഏതെല്ലാം ഏജൻസികളെയാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതനുസരിച്ചുള്ള പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ-ഡി) 'മിഷൻ 676' എന്നത് എല്ലാ സർക്കാർ വകുപ്പുകളിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള പദ്ധതികൾ, ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് പൂർത്തീകരിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ഒരു കർമ്മ പദ്ധതിയാണ്. ഇതിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രണ്ട് പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് :

1. സപ്ലൈകോയുടെ സംസ്ഥാനത്തെ എല്ലാ ഔട്ട്ലെറ്റുകൾ വഴിയും 13 ഇനം അവശ്യ സാധനങ്ങൾ ന്യായവിലക്ക് പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനുള്ള തുടർ പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

2. സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർ

വൽക്കരിക്കുക.

ടി രണ്ട് പദ്ധതികളിൽ ഒന്നാമത്തേത് ഒരു തുടർ പദ്ധതിയാണ്. സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുക എന്ന പദ്ധതി രണ്ടു വർഷക്കാലം കൊണ്ട് പൂർത്തിയാക്കണമെന്ന ഉദ്ദേശത്തോടെ പൊതുവിതരണ വകുപ്പിൽ നടപ്പിലാക്കിവരുന്നു.

**പമ്പുകളിൽ ലഭിക്കേണ്ട സൗജന്യ സേവനങ്ങൾ**

219 (1263) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് ഉൾപ്പെടെയുള്ള സ്വകാര്യ പമ്പുകളിൽ ഇന്ധന വിൽപ്പനക്കുപരി ഉപഭോക്താവിന്റെ മറ്റ് അവകാശ സംരക്ഷണത്തിനും ബാധ്യതയുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ ;

(ബി) എങ്കിൽ ഇത്തരം പമ്പുകളിൽനിന്ന് ഉപഭോക്താവിന് സൗജന്യമായി നൽകേണ്ട വായു, ജലം തുടങ്ങിയ സൗകര്യങ്ങൾ എന്തൊക്കെയാണ് ;

(സി) പല പമ്പുകളിലും അധികനാളും സൗജന്യ സൗകര്യങ്ങൾ പ്രവർത്തനക്ഷമമല്ലാതായിരിക്കുന്നതിന് അറുതിവരുത്തി പമ്പ് തുറന്ന് പ്രവർത്തിക്കുന്ന സമയമത്രയും ഉപഭോക്താവിന് സൗജന്യ സൗകര്യങ്ങൾക്ക് അവകാശം ഉണ്ടെന്ന് ഉറപ്പാക്കാൻ കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പെട്രോൾ പമ്പുകളിൽ ഉപഭോക്താക്കൾക്ക് വെള്ളം, വായു, ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടെലഫോൺ, ടോയ്‌ലറ്റ്, ഫസ്റ്റ് എയ്ഡ്, വാഹന ടയർ എയർ ഫില്ലിംഗ് എന്നിവയാണ് പമ്പുകളിൽ ലഭ്യമാകുന്ന സൗജന്യ സേവനങ്ങൾ എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഇത്തരം സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എണ്ണക്കമ്പനി അധികൃതർ പരിശോധന നടത്താറുണ്ട്. സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാത്ത പമ്പുകളിൽനിന്നും പിഴ ഈടാക്കാനുള്ള വ്യവസ്ഥ മാർക്കറ്റിംഗ്

ഡിസിപ്ലിൻ ഗൈഡ് ലൈൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ പുതിയ മാവേലി സ്റ്റോറുകൾ**

220 (1264) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ മൂന്നിടത്ത് മാവേലിസ്റ്റോറുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ.-യും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും 30-10-2014-ൽ നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത സ്ഥലങ്ങളിൽ മാവേലിസ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ നാല് കേന്ദ്രങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി ആറ്റിങ്ങൽ നഗരസഭ നൽകിയ അപേക്ഷയിൻമേൽ സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം മേഖലാ മാനേജർക്ക് സപ്ലൈകോ ഹെഡ് ഓഫീസിൽനിന്നും നൽകിയിട്ടുണ്ട്. സാധ്യതാപഠന റിപ്പോർട്ട് പ്രകാരം അവനവഞ്ചേരി ഗ്രാമമുക്ക് എന്ന സ്ഥലത്ത് മാത്രമാണ് പുതിയ മാവേലിസ്റ്റോർ തുടങ്ങുന്നതിന് സാധ്യതയുള്ളതായി കാണുന്നതെന്നും അതുപ്രകാരം അവനവഞ്ചേരി ഗ്രാമമുക്ക് എന്ന സ്ഥലത്ത് പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിന് സപ്ലൈകോയുടെ നിലവിലെ മാനദണ്ഡം അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കണമെന്ന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് ആറ്റിങ്ങൽ ഡിപ്പോയിൽ നിന്ന് കത്തയച്ചിട്ടുണ്ട്. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ നിന്നുള്ള മറുപടി ലഭിക്കുന്ന മുറയ്ക്ക് പുതിയ മാവേലിസ്റ്റോർ തുടങ്ങുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പഞ്ചായത്തുതല സിവിൽ സപ്ലൈസ് വിജിലൻസ് കമ്മിറ്റികൾ**

221 (1265) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കമ്മിറ്റികൾ എത്രമാത്രം പ്രയോജനപ്പെട്ടുമെന്ന് വിശദമാക്കുമോ ;

(സി) എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) രൂപീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ കൈക്കൊള്ളുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. റേഷൻ സാധനങ്ങൾ യഥാസമയം ശരിയായ അളവിലും തൂക്കത്തിലും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് ഇവ തടയുക മുതലായ പ്രവർത്തനങ്ങൾക്ക് വിജിലൻസ് സമിതികൾ വകുപ്പിന് സഹായകമാകുന്നുണ്ട്. കൂടാതെ സമിതിയോഗങ്ങളിൽ ഉന്നയിക്കുന്ന പരാതികൾക്ക് പരിഹാരം കാണാനും കഴിയുന്നുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്തുതല വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറുമായ കമ്മിറ്റിയിൽ വാർഡ് മെമ്പർമാർ, നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളിൽനിന്നും ഓരോ പ്രതിനിധികൾ, റേഷനിംഗ് ഇൻസ്പെക്ടർ, ലീഗൽ മെട്രോളജി, റവന്യൂ, ഹെൽത്ത്, പഞ്ചായത്ത്, പോലീസ് വകുപ്പുകളിൽനിന്നും ഓരോ പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും. പ്രസ്തുത കമ്മിറ്റി എല്ലാ രണ്ട് മാസത്തിലും ഒരിക്കൽ യോഗം കൂടേണ്ടതുമാകുന്നു. പൊതുവിതരണ രംഗത്തെ അനഭിലഷണീയ പ്രവണതകൾ ഇല്ലാതാക്കാനും പൊതുവിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവും പരാതിരഹിതവുമായി നടപ്പിൽ വരുത്തുന്നതിനായി പഞ്ചായത്തുതല ഭക്ഷ്യോപദേശ വിജിലൻസ്

സമിതികൾ പ്രവർത്തിച്ചുവരുന്നു.

(ഡി) ബാധകമല്ല.

**ഭക്ഷ്യ സുരക്ഷാ നിയമം**

222 (1266) ശ്രീ. പാലോട് രവി :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകാനിടയുള്ള ദോഷങ്ങൾ ദൂരീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത നിയമം നടപ്പാക്കുമ്പോൾ ഇപ്പോൾ ബി.പി.എൽ. വിഭാഗത്തിൽ ഉള്ളവരെയും എ.പി.എൽ. വിഭാഗത്തിലെ അർഹതയുള്ളവരെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തൽ, മദ്ധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കൽ, റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം, പൊതുവിതരണ രംഗത്തെ കമ്പ്യൂട്ടർവൽക്കരണം എന്നീ പ്രക്രിയകൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തെ ബി.പി.എൽ. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി തദ്ദേശ സ്വയംഭരണവകുപ്പ് പുറത്തിറക്കിയിട്ടുള്ള സർക്കാർ ഉത്തരവിന്റെ

അടിസ്ഥാനത്തിൽ തയ്യാറാക്കിയ അപേക്ഷാ ഫാറം കാർഡുടമകൾക്ക് നൽകി വിവരം ശേഖരിച്ച് ഡാറ്റാ എൻട്രി നടത്തി റാങ്കിംഗിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടിയാണ് വിഭാവന ചെയ്തിട്ടുള്ളത്.

(സി) ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം മുൻഗണനാ വിഭാഗത്തിന് മാത്രമാണ് റേഷൻ ഭക്ഷ്യധാന്യം ലഭിക്കുന്നത്. എന്നാൽ സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും റേഷൻ വിഹിതം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. വെൽഫെയർ, അന്നപൂർണ്ണ എന്നിവയ്ക്കായി പ്രത്യേക അലോട്ട്മെന്റ് നൽകുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 1472688 മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് നൽകുന്നതെങ്കിലും കഴിഞ്ഞ മൂന്ന് കൊല്ലത്തെ ശരാശരി ആയ 16.20 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ട്.

(സി) താലൂക്ക് തലത്തിൽ റാങ്കിംഗ് നടത്തുമ്പോൾ ഏറ്റവും പിന്നോക്കം നിൽക്കുന്ന അർഹതയുള്ള എല്ലാവരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയും.

**ഭക്ഷ്യസുരക്ഷാ നിയമം**

223 (1267) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ ;

(ബി) 2014 മേയ് മാസത്തിന് ശേഷം ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി

ഗുണഭോക്താക്കളെ കണ്ടെത്തൽ, മധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കൽ, റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം, പൊതുവിതരണ രംഗത്തെ കമ്പ്യൂട്ടർവൽക്കരണം എന്നീ പ്രക്രിയകൾ നടന്നുവരുന്നു.

(ബി) സപ്ലൈ ചെയിൻ നടപ്പിലാക്കുക, വാതിൽപ്പടി വിതരണം നടത്തുക തുടങ്ങിയവ പൂർത്തിയാക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

**ഭക്ഷ്യസുരക്ഷാ പദ്ധതി**

224 (1268) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ പദ്ധതി സംബന്ധമായി സംസ്ഥാനത്ത് നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ നടപ്പാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഭക്ഷ്യസുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തുക, മധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കുക, റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണം നടത്തുക, പൊതുവിതരണരംഗം കമ്പ്യൂട്ടർവൽക്കരിക്കുക എന്നീ പ്രക്രിയകൾ നടന്നുവരുന്നു. ഇത് പൂർത്തിയാകുന്നമുറയ്ക്ക് പദ്ധതി നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**റേഷൻ കാർഡ് സമയബന്ധിതമായി ലഭ്യമാക്കൽ**

225 (1269) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ എന്നാണ് ആരംഭിച്ചത് ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര റേഷൻ കാർഡുടമകളാണുള്ളത് ; ഇവയിൽ ബി.പി.എൽ., എ.പി.എൽ. എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇപ്പോഴത്തെ റേഷൻ കാർഡ് പുതുക്കൽ പ്രക്രിയയിൽ നിലവിലുള്ള

റേഷൻകാർഡിൽ പുതുതായി ഒരംഗത്തെ ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത് ;

(ഡി) കുടുംബത്തിലെ സ്ത്രീകളെ കാർഡുടമയാക്കുന്നതിന് തീരുമാനിക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ ; ഇതുകൊണ്ട് എന്തു മാറ്റമാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഫോട്ടോ എടുക്കൽ പ്രക്രിയ പൂർത്തിയായ സ്ഥലങ്ങളിൽ പുതിയ റേഷൻകാർഡുകൾ എന്നുമുതൽ നൽകാൻ കഴിയുമെന്ന് അറിയിക്കുമോ ;

(എഫ്) റേഷൻ കാർഡ് പുതുക്കൽ പ്രക്രിയയുടെ പേരിൽ കഴിഞ്ഞ 3 മാസത്തിലധികമായി സംസ്ഥാനത്ത് ഒരു സ്ഥലത്തും പുതുതായി റേഷൻ കാർഡ് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) അടുത്ത അദ്ധ്യയന വർഷത്തേയ്ക്ക് കുട്ടികളുടെ കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് പലർക്കും റേഷൻകാർഡ് അത്യാവശ്യമായിരിക്കെ പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കാത്തത് അനാവശ്യ കാലതാമസം വരുത്തലും, ജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതുമായ നടപടിയല്ലേ ; ഇതിന് എന്ത് പരിഹാരമാണ് നടപ്പാക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 16-9-2014 മുതൽ റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ബി) നിലവിൽ സംസ്ഥാനത്ത് 83,19,223 റേഷൻ കാർഡുകളുണ്ട്.

| | |
|---|---|
| എ.പി.എൽ. | - 62,53,914 |
| ബി.പി.എൽ. | - 14,80,421 |
| എ.എ.വൈ. | - 5,84,888 |
| ആകെ | 83,19,223 |

(സി) 1-1-2015-ന മുമ്പായി രണ്ട് വയസ്സ് തികയുന്ന കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പിന്റെ അടിസ്ഥാനത്തിലും മറ്റുള്ളവർക്ക് ഒരിടത്തും പേര് ഉൾപ്പെട്ടിട്ടില്ലായെന്ന നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും പുതിയതായി റേഷൻകാർഡിൽ പേര് ഉൾപ്പെടുത്തുവാൻ കഴിയും.

(ഡി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013-ലെ 13-ാം വകുപ്പ് (1)-ാം

ഉപവകുപ്പ് പ്രകാരമാണ് കുടുംബത്തിലെ മുതിർന്ന വനിത റേഷൻ കാർഡുടമയാകുന്നത്. സ്ത്രീ ശാക്തീകരണമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ഇ) 1-7-2015 മുതൽ പുതിയ കാർഡുകൾ നൽകുവാൻ കഴിയും.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയതായി കാർഡുകൾ നൽകുന്ന പ്രക്രിയ നിർത്തിവച്ച് മാത്രമേ കാർഡുകൾ പുതുക്കി നൽകുവാൻ കഴിയുകയുള്ളൂ. എന്നിരുന്നാൽത്തന്നെയും അത്യാവശ്യഘട്ടങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്.

(ജി) പുതിയ കാർഡ് നിലവിൽ വരുന്നതുവരെ നിലവിലെ കാർഡ് ഉപയോഗിക്കുവാൻ കഴിയും. അത്യാവശ്യ ഘട്ടങ്ങളിൽ താൽക്കാലിക കാർഡും നൽകുന്നതാണ്.

## സപ്ലൈകോയ്ക്ക് അനുവദിച്ച തുക

226 (1270) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം തടയുന്നതിനായി പൊതുമാർക്കറ്റിൽ ഇടപെടുന്നതിന് സപ്ലൈകോയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എന്ത് തുകയാണ് നീക്കിവച്ചിരുന്നത് ; തുക മുഴുവൻ ലഭ്യമായിട്ടുണ്ടോ ;

(ബി) കൂടുതൽ തുക അനുവദിക്കണമെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിരുന്നോ ; എങ്കിൽ എന്ത് തുകയാണ് ആവശ്യപ്പെട്ടതെന്നും നൽകിയിട്ടുള്ളത് എത്രയെന്നും വ്യക്തമാക്കാമോ ;

(സി) സർക്കാർ കുടിശ്ശികയായി സപ്ലൈകോയ്ക്ക് ഏതെല്ലാം ഇനത്തിൽ എത്ര തുക വീതം നൽകാനുണ്ടെന്ന് അറിയിക്കാമോ ?

### ഉത്തരം

(എ&ബി) ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയ 65 കോടി രൂപയും അധികമായി 5 കോടി രൂപയും ഉൾപ്പെടെ ആകെ 70 കോടി രൂപ സപ്ലൈകോയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 200 കോടി രൂപ അധികമായി അനുവദിക്കണമെന്നാണ് സപ്ലൈകോ ആവശ്യപ്പെട്ടിരിക്കുന്നത്.

(സി) 2008-09 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെയുള്ള മാർക്കറ്റ് ഇടപെടൽ ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകിയ സൗജന്യ കിറ്റ്, സ്പെഷ്യൽ പഞ്ചസാരയുടെ വിതരണം എന്നിവയ്ക്ക് സബ്സിഡിയിനത്തിൽ സർക്കാർ സഹായത്തിനുപുറമേ സപ്ലൈകോ ചെലവ് ചെയ്ത തുക സംബന്ധിച്ച

വിശദാംശം ചുവടെ ചേർക്കുന്നു :

| No. | Year | Amount Due from Govt. (₹. In Crores) |
|---|---|---|
| 1 | 2008-09 | 31.22 |
| 2 | 2009-10 | 123.33 |
| 3 | 2010-11 | 42.50 |
| 4 | 2011-12 | 46.61 |
| 5 | 2012-13 | 153.55 |
| 6 | 2013-14 | 204.07 |
| 7 | 2014-15 (upto December) | 160.46 |
| | Total | 761.74 |

സപ്ലൈകോയ്ക്ക് സർക്കാരിൽനിന്നും 2013-14 KMS മുതൽ 10-3-2015 വരെ നെല്ല് സംഭരണം ഇനത്തിൽ 233.86 കോടി രൂപ നൽകാനുണ്ട്.

**നെൽകൃഷിക്കാർക്ക് നൽകാനുള്ള കുടിശ്ശിക**

227 (1271) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ കഴിഞ്ഞ സീസണിൽ കർഷകരിൽ നിന്നും എത്ര ടൺ നെല്ലാണ് ശേഖരിച്ചത് എന്ന് വ്യക്തമാക്കാമോ; മുൻകാലത്തെ അപേക്ഷിച്ച് നെല്ല് സംഭരണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) എന്ത് വിലയ്ക്കാണ് ഇപ്പോൾ നെല്ല് സംഭരിക്കുന്നത് ;

(സി) നെല്ലിന്റെ വില ഇനത്തിൽ കൃഷിക്കാർക്ക് കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ തുകയെത്ര ; വിശദമാക്കാമോ ;

(ഡി) എത്ര കാലം മുതലുള്ള കുടിശ്ശികയാണ് നൽകാനുള്ളത് ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2014-15 ഒന്നാം സീസണിൽ സപ്ലൈകോ 1.43 മെ.ടൺ നെല്ല് സംഭരിച്ചു. കഴിഞ്ഞ വർഷം 2013-14 ഒന്നാം സീസണിൽ 1.35 മെ.ടൺ നെല്ലാണ് സംഭരിച്ചത്. അതായത് ഏകദേശം 5% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2014-15 രണ്ടാം സീസണിൽ നെല്ലെടുപ്പ് പുരോഗമിക്കുന്നു.

(ബി) കേന്ദ്ര സർക്കാർ അനുവദിക്കുന്ന താങ്ങുവിലയായ 13.60 രൂപയ്ക്ക് പുറമേ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള 5.40 രൂപയും ചേർത്ത് കിലോഗ്രാമിന് 19 രൂപ നൽകിയാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്.

(സി&ഡി) 2015 ഫെബ്രുവരി 15 വരെ സംഭരിച്ച നെല്ലിന്റെ വിലയായ 54.7 കോടി രൂപ പൂർണ്ണമായും നൽകിക്കഴിഞ്ഞു. 2015 ഫെബ്രുവരി 15-ന് ശേഷം ലഭിച്ച PRS (പാഡി റസീറ്റ് ഷീറ്റ്) വെരിഫിക്കേഷൻ നടത്തി ആയതിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**മിഷൻ 676 -ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ്**

228 (1272) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കിയ എത്ര പദ്ധതികളുണ്ട്; ഇതിനായി ചെലവഴിച്ച തുകയെത്ര ; 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയതല്ലാത്ത തുക ഇതിനായി ഉപയോഗിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) മിഷൻ 676 പദ്ധതി തുടങ്ങിയത് എന്നായിരുന്നു ; അവസാനിക്കുന്ന തീയതി എന്നാണ് ; ഇനി അവശേഷിക്കുന്ന ദിവസങ്ങൾ എത്ര ;

(സി) ഈ പദ്ധതി പ്രകാരം ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെ ; ഇവ ഉപേക്ഷിച്ചവയാണോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള താഴെപ്പറയുന്ന രണ്ട് പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് :

1. സപ്ലൈകോയുടെ സംസ്ഥാനത്തെ എല്ലാ ഔട്ട്ലെറ്റുകൾ വഴിയും 13 ഇനം അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനുള്ള തുടർ പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

2. സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുക.

   ടി രണ്ട് പദ്ധതികളിൽ ഒന്നാമത്തെ പദ്ധതിക്കായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. ഇതുവരെ പദ്ധതിക്കായി 65 കോടി ബഡ്ജറ്റ് വിഹിതവും 5 കോടി അധിക വിഹിതവും ഉൾപ്പെടെ 70 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്കായി ബഡ്ജറ്റ് വിഹിതത്തിൽനിന്നും 1,64,50,050 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) 30-4-2014-ലെ മന്ത്രിസഭാ തീരുമാനപ്രകാരം ആരംഭിച്ച മിഷൻ 676 പദ്ധതിയിൽ ഈ വകുപ്പിന്റെ ടി 2 പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതികളിൽ, അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നത് ഒരു തുടർ പദ്ധതിയാണ്. 31-5-2014-ന് അനുമതി നൽകിയ കമ്പ്യൂട്ടർവൽക്കരണ പദ്ധതി രണ്ട് വർഷം കൊണ്ട് തീർക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) മേൽ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ചോദ്യമുദിക്കുന്നില്ല.

**വാഹന ഇന്ധന പമ്പുകളിൽനിന്ന് ബില്ല്**

229 (1273) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസിന്റേതുൾപ്പെടെയുള്ള വാഹന ഇന്ധന പമ്പുകളിൽ ഉപഭോക്താവിന് ബില്ല് നൽകാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏത് വ്യവസ്ഥ പ്രകാരമാണ് ബില്ല് നൽകാതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പണം നൽകി ഇന്ധനം വാങ്ങുന്ന ഉപഭോക്താവിന് വാഹന നമ്പർ ഉൾപ്പെടുത്തി ബില്ല് ലഭ്യമാക്കാനുള്ള നിർദ്ദേശം സംസ്ഥാനത്തെ എല്ലാ പമ്പുകൾക്കും അടിയന്തരമായി നൽകുകയും അതുസംബന്ധിച്ച പരിശോധന

കർശനമാക്കുകയും ചെയ്യുമോ ?

ഉത്തരം

(എ&ബി) സിവിൽ സപ്ലൈസിന്റേതുൾപ്പെടെയുള്ള വാഹന ഇന്ധന പമ്പുകളിൽ ആവശ്യപ്പെടുന്ന എല്ലാ ഉപഭോക്താക്കൾക്കും ബില്ല് നൽകാറുണ്ട്. ബില്ല് കിട്ടുന്നില്ല എന്ന പരാതി ലഭിച്ചാൽ ഉടൻ തന്നെ ഡീലർമാരുമായി ബന്ധപ്പെട്ട് പരാതി പരിഹരിക്കാറുണ്ട്. ആധുനിക ഡിസ്പെൻസിംഗ് യൂണിറ്റുകളിൽ ഓട്ടോമാറ്റിക്കായി തന്നെ ബില്ല് തയ്യാറാവുന്ന സംവിധാനം നിലവിലുണ്ട്.

**പാചകവാതകനീക്കം തടസ്സപ്പെടുന്നത് പരിഹരിക്കാൻ നടപടി**

230 (1274) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അടിക്കടി ഉണ്ടാകുന്ന സമരം മൂലം പാചകവാതക നീക്കം തടസ്സപ്പെടുന്നത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

പാചകവാതക നീക്കം തടസ്സപ്പെടുത്തുന്നതിനുള്ള പ്രധാനകാരണം എൽ.പി.ജി.-യുടെ ട്രാൻസ്പോർട്ടേഷൻ തൊഴിലാളികളുടെ സമരംമൂലമാണ്. സമരങ്ങൾമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഓയിൽ കമ്പനികളുടെ ശ്രമങ്ങൾ ഫലവത്താകാത്ത സാഹചര്യങ്ങളിൽ സർക്കാർ ഇടപെടുകയും സമരങ്ങൾ തീർപ്പാക്കുന്നതിനും ഗ്യാസ് സിലിണ്ടറുകളുടെ വിതരണം പുനരാരംഭിച്ച് പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. എൽ.പി.ജി.-യുടെ ട്രാൻസ്പോർട്ടേഷനും വിതരണവും എസ്.ആർ.ഒ. നമ്പർ 752/2013 പ്രകാരം കേരള എസൻഷ്യൽ സർവ്വീസസ് മെയിന്റനൻസ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവശ്യഘട്ടത്തിൽ 'എസ്മ' പ്രയോഗിച്ച് എൽ.പി.ജി.-യുടെ ട്രാൻസ്പോർട്ടേഷൻ, വിതരണം എന്നീ മേഖലകളിലെ പ്രവർത്തനം ക്രമീകരിച്ച് പാചകവാതക നീക്കം സമയബന്ധിതമായി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനത്തിലുള്ള പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണുവാനും ആവശ്യാനുസൃതമായി സിലിണ്ടറുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**വാഹന ഇന്ധന വിതരണ കേന്ദ്രങ്ങളിലെ ക്രമക്കേടുകൾ**

231 (1275) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന ഇന്ധന വിതരണ കേന്ദ്രങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ ;

(ബി) അളവ് കൃത്യമെന്നുറപ്പ് വരുത്താനും മായം ചേർക്കൽ തടയാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ ; അതിന്റെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ റാങ്കിൽ കുറയാത്ത തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കും, ജില്ലാ കളക്ടർക്കും, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്/അസിസ്റ്റന്റ് പോലീസ് കമ്മീഷണർ എന്നീ ഉദ്യോഗസ്ഥർക്കും പെട്രോൾ പമ്പുകൾ പരിശോധിക്കുവാനുള്ള അധികാരമുണ്ട്. എണ്ണക്കമ്പനികളുടെ സെയിൽസ് ഏരിയ ഫീൽഡ് ഓഫീസർമാരും, ടെറിട്ടറി ഓഫീസുകളിലെ ഉദ്യോഗസ്ഥൻമാരും പമ്പുകളിൽ പരിശോധന നടത്താറുണ്ട്. സപ്ലൈകോയുടെ പമ്പുകളിൽ ഓഡിറ്റ്, വിജിലൻസ് ഉദ്യോഗസ്ഥരും പരിശോധന നടത്താറുണ്ട്.

(ബി) ലീഗൽ മെട്രോളജി വകുപ്പ് മുദ്രണം ചെയ്ത മെഷറിംഗ് ജാർ അളവ് പരിശോധനയ്ക്കായി ഔട്ട്ലെറ്റുകളിൽ ലഭ്യമാണ്. അളവ് കൃത്യമെന്ന് ഉറപ്പു വരുത്തുന്നതിലേക്കായി ലീഗൽ മെട്രോളജി വകുപ്പ് പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരികയുംചെയ്യുന്നു. കൂടാതെ പെട്രോൾ, ഡീസൽ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഡെൻസിറ്റി കിറ്റും, പെട്രോളിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സ്പെഷ്യൽ ഫിൽട്ടർ പേപ്പറും ലഭ്യമാണ് എന്നും, എണ്ണക്കമ്പനികളിൽ നിന്നുള്ള ആന്റി അഡൽറ്ററേഷൻ സെൽ ഉദ്യോഗസ്ഥർ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

**പാചകവാതക വിതരണം- താലൂക്ക്തല അദാലത്തുകൾ**

232 (1276) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക വിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ജില്ലാതല ഓപ്പൺ ഫോറത്തിൽ ഉപഭോക്താക്കൾക്ക് തർക്ക പരിഹാരത്തിന് പോകേണ്ട അവസ്ഥ ഇത്തരത്തിൽ താലൂക്ക് അദാലത്തുകൾ സംഘടിപ്പിച്ച് ഒഴിവാക്കുമോ ;

(സി) താലൂക്ക് തല അദാലത്തുകളിൽ ഓയിൽ കമ്പനി പ്രതിനിധികൾക്ക് പുറമെ ഏതെല്ലാം വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) താലൂക്ക് തല അദാലത്തുകൾ സംഘടിപ്പിക്കുവാൻ തീരുമാനമെടു ത്തിട്ടില്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) നിലവിൽ എല്ലാ താലൂക്ക് സപ്ലൈ ആഫീസുകളിലും സിറ്റി റേഷനിംഗ് ആഫീസുകളിലും പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിച്ച് പരാതി പരിഹരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

**സ്കൂളുകളിൽ ഉപഭോക്തൃ സംരക്ഷണ ക്ലബ്ബുകൾ**

233 (1277) <u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സ്കൂളുകളിൽ ഉപഭോക്തൃ സംരക്ഷണ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എന്തെല്ലാം ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളാണ് പ്രസ്തുത ക്ലബ്ബുകൾ വഴി നടത്തി വരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വിദ്യാർത്ഥികൾക്ക് നേരിട്ട് വിപണിയിലെ വില നിലവാരവും പ്രവർത്തനവും മനസ്സിലാക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ തിരിച്ചറിയുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ക്ലബുകളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തി യിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം ധനസഹായമാണ് നല്കി വരുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത 100 സ്കൂളുകളിൽ സ്കൂൾ കൺസ്യൂമർ ക്ലബുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഉപഭോക്തൃ സംരക്ഷണ നിയമങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുക, അടിസ്ഥാനാവശ്യങ്ങളായ കുടിവെള്ളം , ശുചിത്വം, പൊതുഗതാഗതം എന്നിവയെക്കുറിച്ചുള്ള പ്രാദേശികപരാതികൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുക, ദേശീയ/ലോക ഉപഭോക്തൃ ദിനാചരണങ്ങൾ സംഘടിപ്പിക്കുക, ഉപഭോക്തൃ ബോധവൽക്കരണം ലക്ഷ്യമാക്കിയുള്ള സംവാദം, പെയിന്റിംഗ്/ക്വിസ്സ് മൽസരങ്ങൾ എന്നിവ സംഘടിപ്പിക്കുക എന്നീ ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) വിദ്യാർത്ഥികൾക്ക് നേരിട്ട് വിപണിയിലെ വിലനിലവാരവും പ്രവർത്തനവും മനസ്സിലാക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ തിരിച്ചറിയുന്നതിനും കഴിയുന്ന തരത്തിലുള്ള മാർക്കറ്റ് സർവ്വേ, വ്യാജ ഉൽപ്പന്നങ്ങളും വ്യാജ പരസ്യങ്ങളും തിരിച്ചറിയുവാനും, ഭക്ഷ്യ പദാർത്ഥങ്ങളിലെ മായം ചേർക്കൽ, മലിനീകരണം മുതലായവ തിരിച്ചറിയുവാനും സഹായിക്കുന്ന പരിശീലന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂൾ കൺസ്യൂമർ ക്ലബുകളുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഓരോ കൺസ്യൂമർ ക്ലബിനും 10,000 രൂപ വീതം സംസ്ഥാനത്തെ 100 ക്ലബുകൾക്കായി 10,00,000 രൂപ കേന്ദ്രധനസഹായമായി ലഭിക്കുകയും ആയത് കൺസ്യൂമർ ക്ലബുകളുടെ പ്രവർത്തനത്തിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

**ചാലക്കുടിയിലെ ഉപഭോക്തൃ കോടതിയുടെ ക്യാമ്പ് സിറ്റിംഗ്**

234 (1278) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ ഉപഭോക്തൃ കോടതിയുടെ ക്യാമ്പ് സിറ്റിംഗ് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുക ; ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) ക്യാമ്പ് സിറ്റിംഗ് എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തൃശ്ശൂർ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ ക്യാമ്പ് സിറ്റിംഗ് ചാലക്കുടിയിൽ നടത്തുന്നതിനുവേണ്ട അനുമതി നൽകിയിട്ടുണ്ട്. ക്യാമ്പ് സിറ്റിംഗ് നടത്തുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്ന മുറയ്ക്ക് മാത്രമേ തൃശ്ശൂർ ഉപഭോക്തൃഫോറത്തിന്റെ സിറ്റിംഗ് ചാലക്കുടിയിൽ ആരംഭിക്കാൻ കഴിയുകയുള്ളൂ.

**ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനവും പുനഃസംഘടനയും**

235 (1279) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഫോറത്തിന്റെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(സി) ഉപഭോക്തൃ ഫോറങ്ങൾ പുനഃസംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത്തരം ഫോറങ്ങൾ പ്രാദേശികമായി പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് 14 ജില്ലകളിലും ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ തിരുവനന്തപുരത്ത് ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉപഭോക്താക്കളുടെ താൽപ്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കി നടപ്പാക്കിയിട്ടുള്ള 1986-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും പ്രവർത്തിക്കുന്നത്. ഉപഭോക്താവ് എന്ന നിലയിലുള്ള പൊതുജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുകയാണ് പ്രധാനമായും കമ്മീഷന്റെയും ഫോറങ്ങളുടെയും പ്രവർത്തനം വഴി ലക്ഷ്യമിടുന്നത്. ഉപഭോക്താവിന്റെ സുരക്ഷയ്ക്കുള്ള അവകാശം, ഉൽപ്പന്നം/സേവനം സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും അറിയാനുള്ള അവകാശം, തെരഞ്ഞെടുക്കാനുള്ള അവകാശം, പരാതിപ്പെടാനുള്ള അവകാശം, പരിഹാരം തേടാനുള്ള അവകാശം, ഉപഭോക്തൃ വിദ്യാഭ്യാസത്തിനുള്ള അവകാശം എന്നിവ സംരക്ഷിക്കപ്പെടേണ്ടതും ഇവയുടെ പ്രധാന ലക്ഷ്യത്തിൽപ്പെടുന്നു. ഉപഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ വേഗത്തിൽ പരാതി പരിഹാരം ലഭ്യമാക്കുക എന്നതും കമ്മീഷൻ/ഫോറങ്ങൾ ലക്ഷ്യമിടുന്നു.

(സി) പ്രസിഡന്റുമാരുടെയും അംഗങ്ങളുടെയും നിയമന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവുകൾ നികത്തുകയാണ് ചെയ്യുന്നത്. 5 വർഷം തികയുന്നതോ അല്ലെങ്കിൽ 65 വയസ്സ് പൂർത്തിയാകുന്നതോ ഏതാണോ ആദ്യം എന്നതാണ് പ്രസിഡന്റുമാരുടെയും അംഗങ്ങളുടെയും നിയമന കാലാവധി. എല്ലാ ജില്ലാ ഫോറങ്ങളിലേയും ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ഭൂമിയുടെ വില**

236 (T1280) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) സംസ്ഥാനത്ത് ഭൂമിയുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂമിയുടെ വില മോഹവിലയായി വർദ്ധിച്ച് വരുന്നതുകൊണ്ട് ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(സി) അപ്രകാരം വിലവർദ്ധിക്കുന്നതിലൂടെ സാധാരണക്കാരന്റെ സ്വന്തം ഭൂമി എന്ന സങ്കല്പം ഇല്ലാതാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അനിയന്ത്രിതമായി വില വർദ്ധിക്കുന്നത് തടയുന്നതിനായി നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഈ വിഷയത്തിലുള്ള നിയമ നിർമ്മാണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

**ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ**

237 (1281) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിൽ പുതിയ സാങ്കേതികവിദ്യ നടപ്പിലാക്കുന്നതോടെ നിലവിൽ ലൈസൻസെടുത്ത് പ്രവർത്തിച്ചുവരുന്നവരുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ലൈസൻസികൾക്ക് സർക്കാർ തലത്തിൽ ആവശ്യമായ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അഭിഭാഷകർ പ്രസ്തുത രംഗത്തേയ്ക്ക് കടന്നുവരുന്നതിനെതിരെയും , 2009-ലെ എഴുത്ത് ഫീസ് പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഡി) ആധാരങ്ങളിൽ കെട്ടിടങ്ങളുടെ വില കാണിക്കുന്നതിന് മാനദണ്ഡം ഉണ്ടാകുമോ ;

(ഇ) ആധാരത്തിൽ ഭൂമിയുടെ ഇന്നത്തെ കിടപ്പിന് അനുസരിച്ച് ക്ലാസിഫിക്കേഷൻ ചേർക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽ പുതിയ സാങ്കേതികവിദ്യ നടപ്പിലാക്കിയതുമൂലം രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ലാത്തതിനാൽ പുതിയ സാങ്കേതികവിദ്യ ആധാരമെഴുത്തുകാരുടെ തൊഴിലിനെ യാതൊരു വിധത്തിലും ബാധിക്കുന്നതല്ല.

(ബി) ലൈസൻസികൾക്ക് സർക്കാർതലത്തിൽ ആവശ്യമായ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

(സി) അഭിഭാഷകർ പ്രസ്തുത രംഗത്തേക്ക് കടന്നുവരുന്നതിനെ നിയന്ത്രിക്കാൻ നിയമാനുസൃതമായി സാധിക്കുന്നതല്ല. എഴുത്ത് ഫീസ് പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) ആധാരങ്ങളിൽ ഭൂമിയുടെ ഇനം/തരം എന്നിവ ചേർക്കുന്നത് സംബന്ധിച്ച നിലവിലുള്ള നിർദേശങ്ങളിൽ മാറ്റം വരുത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

238 (1282) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടിയിൽ ചേമഞ്ചേരി സബ് രജിസ്ട്രേഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ?

ഉത്തരം

ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള

ചേമഞ്ചേരി വില്ലേജിൽ റീ.സ.124/4ബി-യിൽപ്പെട്ട 7.5 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് വിട്ടുകിട്ടിയിരുന്നു. എന്നാൽ ടി വസ്തുവിന്റെ ഏകദേശം മധ്യഭാഗത്തുകൂടിയാണ് ദേശീയപാത വികസനത്തിന്റെ ഭാഗമായി വീതി കൂട്ടുമ്പോഴുള്ള അലൈൻമെന്റ് പോകുന്നത് എന്നതിനാൽ കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി മുന്നോട്ടുപോകുവാൻ കഴിഞ്ഞിട്ടില്ല. ദേശീയപാതാ വികസനത്തിനായി അക്വയർ ചെയ്യപ്പെടാതെ കിടക്കുന്ന ബാക്കി സ്ഥലത്തുനിന്ന് മേൽ ആവശ്യത്തിന് സ്ഥലം വിട്ടുകിട്ടുന്നതിനായി ടി ഗ്രാമപഞ്ചായത്ത് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ നിന്ന് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പാണ്ടിക്കാട് സബ് രജിസ്ട്രാർ ഓഫീസ്**

239 (1283) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാണ്ടിക്കാട് കേന്ദ്രമാക്കി ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത മേഖലയിലെ രജിസ്ട്രേഷൻ നടപടികൾ സുഗമമാക്കുന്നതിന് സബ് രജിസ്ട്രാർ ഓഫീസ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ആസ്ഥാനമായി പുതിയ സബ് രജിസ്ട്രാർ ഓഫീസ് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ പാണ്ടിക്കാട് ആസ്ഥാനമായി പുതിയ സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

**രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ**

240 (1284) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരുമാന വർദ്ധനവിനായി രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ ലക്ഷ്യം കൈവരിക്കാൻ സഹായകരമായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ പരിഷ്കാരങ്ങൾ കാരണം വകുപ്പിലെ വരുമാനത്തിൽ വൻ കുറവ് ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏത് സാഹചര്യത്തിലാണ് ഈ പരിഷ്കാരങ്ങളിൽ ചിലതിൽ നിന്നെങ്കിലും പിന്മാറേണ്ടി വന്നത് എന്ന് വിശദമാക്കാമോ ;

(ഡി) മുമ്പ് രജിസ്റ്റർ ചെയ്ത ആധാരങ്ങളിൽ അണ്ടർ വാല്വേഷൻ നടപടികൾ നടക്കുന്നുണ്ടോ ; ഈയിനത്തിൽ ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) രജിസ്ട്രേഷൻ ഇനത്തിൽ, ഈ സർക്കാരിന്റെ ഓരോ സാമ്പത്തിക വർഷത്തേയും വരുമാനം സംബന്ധിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ലക്ഷ്യം കൈവരിക്കാൻ സഹായകരമായിരുന്നു.

(ബി) രജിസ്ട്രേഷൻ വകുപ്പിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയതുമൂലം വരുമാനത്തിൽ കുറവ് വന്നിട്ടില്ല.

(സി) രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങളിൽ ചിലത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ചില പരിഷ്കാരങ്ങളിൽ നിന്ന് സർക്കാർ പിൻമാറിയത്.

(ഡി) വില കുറച്ച് രജിസ്റ്റർ ചെയ്യുന്നതായി കണ്ടെത്തുന്ന ആധാരങ്ങളിൻമേൽ അണ്ടർവാല്യുവേഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈയിനത്തിൽ ഇതുവരെ 150.57 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഇ)

| വർഷം | മുദ്രവില (കോടി രൂപയിൽ) | രജി. ഫീസ് (കോടി രൂപയിൽ) | ആകെ വരുമാനം (കോടി രൂപയിൽ) |
|---|---|---|---|
| 2011-12 | 2017.30 | 755.76 | 2773.06 |

| | | | |
|---|---|---|---|
| 2012-13 | 2034.55 | 713.03 | 2747.58 |
| 2013-14 | 1577.49 | 775.99 | 2353.48 |
| 2014-15 (ഫെബ്രുവരി വരെ) | 1451.68 | 679.19 | 2130.87 |

## 2014-15-ൽ രജിസ്ട്രേഷൻ വകുപ്പിന് വകയിരുത്തിയ തുക

241 (1285) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തികവർഷത്തെ ബജറ്റിൽ രജിസ്ട്രേഷൻ വകുപ്പിന് എന്ത് തുകയാണ് വകയിരുത്തിയിരുന്നത്; ഇത് ഏതെല്ലാം പദ്ധതികൾക്കായിരുന്നു വെന്ന് വിശദമാക്കാമോ ;

(ബി) വകയിരുത്തിയതിൽ എത്ര തുകയാണ് ഇതിനകം ചെലവഴിക്കാനായത് എന്ന് വ്യക്തമാക്കാമോ ;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതികൾ ഇതുവരെ നടപ്പാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ 1,20,30,78,000 രൂപയും പ്ലാൻ ഇനത്തിൽ 9,10,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. നോൺ പ്ലാൻ ഫണ്ട് രജിസ്ട്രേഷൻ വകുപ്പിന്റെ ദൈനംദിന ചെലവുകൾക്കും പ്ലാൻ ഫണ്ടിൽ 8 കോടി രൂപ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾക്കും 110 ലക്ഷം രൂപ വകുപ്പിന്റെ ആധുനികവൽക്കരണ പദ്ധതികൾക്കുമായാണ് വകയിരുത്തിയിരുന്നത്.

(ബി) നോൺ പ്ലാൻ ഇനത്തിൽ 2015 ഫെബ്രുവരി മാസം വരെ 1,04,62,76,000 രൂപയും പ്ലാൻ ഇനത്തിൽ 2,53,35,545 രൂപയും ചെലവഴിച്ചുകഴിഞ്ഞു.

(സി) കുത്താട്ടുകുളം കേന്ദ്രമാക്കി ആധുനിക രീതിയിലുള്ള ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. എടവണ്ണ ആസ്ഥാനമാക്കി പുതിയ സബ്

രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നടപടികൾ നടന്നുവരുന്നു. മറ്റ് പ്രഖ്യാപനങ്ങൾ എല്ലാം നടപ്പിലാക്കിയിട്ടുണ്ട്.

**മിഷൻ 676**

242 (1286) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിൽ മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളവ ഏതൊക്കെ ; ചെലവഴിച്ച തുക എത്ര ; 2014-15 ബഡ്ജറ്റിൽ വകയിരുത്തിയതല്ലാത്ത തുക ഇതിനായി ഉപയോഗിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ താഴെ വിവരിക്കുന്നു :

1. എറണാകുളം ജില്ലയിലെ കുത്താട്ടുകുളം കേന്ദ്രമായി രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിൽ ജീവനക്കാരെ പരിശീലിപ്പിക്കുന്നതിനായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ പരിശീലന കേന്ദ്രം ആരംഭിക്കൽ, അതോടൊപ്പം 100 വർഷത്തിലധികം പഴക്കമുള്ള വാല്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ശാസ്ത്രീയമായ രീതിയിൽ പരിരക്ഷിക്കുന്നതിനുള്ള കേന്ദ്രം സ്ഥാപിക്കൽ.
2. ഒരു വർഷത്തിൽ താഴെ കാലയളവിലേക്കുള്ള ബാധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷാ തീയതിയിൽ തന്നെ നൽകുന്നതിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തൽ.
3. ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസ് സൗകര്യം ഏർപ്പെടുത്തൽ.

4. സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളെയും ഇന്റർനെറ്റ് അധിഷ്ഠിതമാക്കുന്നതിനായുള്ള നെറ്റ്‌വർക്കിംഗ് പദ്ധതി ഒരു വർഷത്തിനകം പൂർത്തിയാക്കൽ.

(ബി) ഒരു വർഷത്തിൽ താഴെ കാലയളവിലേക്കുള്ള ബാധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷാ തീയതിയിൽതന്നെ നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. മേൽ വിവരിച്ച മറ്റ് പദ്ധതികളുടെയെല്ലാം നടപടികൾ പുരോഗമിച്ചുവരികയാണ്. 2014-15 ബഡ്ജറ്റിൽ വകയിരുത്തിയതല്ലാതെ തുക ഇതിനായി വിനിയോഗിച്ചിട്ടില്ല.

(സി) മേൽ വിവരിച്ച എല്ലാ പദ്ധതികളുടെയും നടപടികൾ പുരോഗമിച്ചു വരികയാണ്.

## ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്കൂളുകളിൽ അസംബ്ലിഹാൾ നിർമ്മിക്കുന്നതു സംബന്ധിച്ച്

243 (1287) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്കൂളുകളിൽ അസംബ്ലിഹാൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് മാസങ്ങൾ മുമ്പേ പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് അധികൃതർക്ക് നൽകിയിട്ടും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

### ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 8 സ്കൂളുകളിൽ അസംബ്ലിഹാൾ നിർമ്മിക്കുന്നതിനായി 120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2-12-2014-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചതിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനാൽ പ്രസ്തുത എസ്റ്റിമേറ്റ്

21-1-2015-ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ തിരിച്ചയച്ചിരിക്കുകയാണ്. പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടി സ്വീകരിക്കുന്നതാണ്.

## ബസ് ബേകൾ നിർമ്മിക്കാൻ നടപടി

244 (1288) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പാതകളിൽ ബസ്സുകൾ റൺവേയിൽ തന്നെ നിർത്തി യാത്രക്കാരെ കയറ്റുന്നതും ഇറക്കുന്നതും ഗതാഗത തടസ്സം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന പാതയിലെ ബസ് വെയിറ്റിംഗ് ഷെഡ്ഡുകൾക്ക് ബസ് ബേകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) സ്റ്റേറ്റ് ഹൈവേ പരിഷ്കരണ സമയത്ത് ബസ്സ് ബേകൾ നിർബന്ധമായും ഉണ്ടാകണമെന്ന് നിർദ്ദേശിക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സ്ഥല ലഭ്യതയനുസരിച്ച് ബസ്സ് വെയിറ്റിംഗ് ഷെഡ്ഡുകൾക്ക് ബസ് ബേകൾ നിർമ്മിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

## കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രവൃത്തികൾ

245 (1289) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എത്ര പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ നിശ്ചിത സമയത്ത് തന്നെ പൂർത്തിയാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കെ.എസ്.സി.സി. ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് സബ് കരാറുകൾ നൽകാറുണ്ടോ ; എങ്കിൽ സബ് കരാറുകൾ നൽകുമ്പോൾ എന്തെങ്കിലും അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം കോർപ്പറേഷന്റെ ലാഭം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രൈവറ്റ് കരാറുകാർക്ക് ആനുകൂല്യം നൽകുന്നതിനായി കോർപ്പറേഷന്റെ നിയമത്തിൽ ഭേദഗതി വരുത്തിയത് കോർപ്പറേഷനെ നഷ്ടത്തിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) കോർപ്പറേഷന് നൽകാറുള്ള 10% വേരിയേഷൻ നിർത്തലാക്കിയതു കൊണ്ട് സർക്കാരിന് എന്തു ലാഭം ഉണ്ടായിയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 191 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതിനാൽ 69 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളിൽ 34 പ്രവൃത്തികൾ നിശ്ചിത സമയത്തു തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രവൃത്തികൾ, കമ്പനിയുടെ അംഗീകൃത പാനലിൽപ്പെട്ട കരാറുകാർക്ക് നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി സബ് കോൺട്രാക്റ്റ് നൽകാറുണ്ട്. ഇപ്രകാരം ഉപകരാർ നൽകുന്ന പ്രവൃത്തികളുടെ കിഴിവുകൾക്ക് ശേഷമുള്ള നെറ്റ് ബിൽ തുകയുടെ 5% ലാഭവിഹിതം കമ്പനിക്ക് നൽകണമെന്നുള്ള പ്രത്യേക നിബന്ധനയോടെ ആയതുകൊണ്ട് ഈ ഉപകരാർ വഴി സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ല.

(ഡി) 2013-14 ലെ കോർപ്പറേഷന്റെ പ്രൊവിഷണൽ കണക്കുകൾ പ്രകാരം ഇൻകംടാക്സിനുമുൻപ് 11.28 കോടി രൂപ പ്രവർത്തന ലാഭം ഉണ്ടായിട്ടുണ്ട്.

(ഇ&എഫ്) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പുനലൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

246 (1290) <u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുനലൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നാളിതുവരെ മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും ലഭിച്ച പ്രവൃത്തികളിന്മേൽ ഇതുവരെ സ്വീകരിക്കപ്പെട്ട നടപടികൾ എന്താണെന്നും ബിൽഡിംഗ്സ് റോഡ്സ് വിഭാഗങ്ങൾ വേർതിരിച്ച് ലഭ്യമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

പുനലൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നാളിതുവരെ മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും ലഭിച്ച പ്രവൃത്തികളിൻ മേൽ ഇതുവരെ സ്വീകരിക്കപ്പെട്ട നടപടികൾ അനുബന്ധം I-ഉം II-ഉം ആയി ഇതോടൊപ്പം വച്ചിട്ടുണ്ട്.*

**ജില്ലാ റോഡുകളുടെ അറ്റകുറ്റപ്പണികൾ**

247(1291) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മേജർ ജില്ലാ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി 2014-15 വർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇവയിൽ ഓരോ നിയോജക മണ്ഡലത്തിലും എത്ര തുകയുടെ ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ ;

(ബി) പുതുതായി ഏതെല്ലാം പ്രൊപ്പോസലുകളാണ് ചീഫ് എഞ്ചിനീയറുടെ അനുമതിക്കുവേണ്ടി അയച്ചിട്ടുള്ളതെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 2014-15 വർഷത്തെ CRF പദ്ധതിയിൽ മുന്തിയ പരിഗണന നൽകി ഉൾപ്പെടുത്തുന്നതിന് പയ്യന്നൂർ-ചെറുപുഴ റോഡിന്റെ 35 കി.മീ ദൂരം പുനരുദ്ധരിക്കുന്നതിനും 40 കോടി രൂപയുടെ ശിപാർശ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികളുടെ വിവരം അനുബന്ധം II ആയി വച്ചിരിക്കുന്നു.*

**പെരുമൺ പാലം നിർമ്മാണം**

248 (1292) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കൊല്ലം ജില്ലയിലെ പെരുമൺ പാലത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ;

(ബി) ഇതിനാവശ്യമായ തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്നറിയിക്കാമോ ; ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം ഇപ്പോഴത്തെ എസ്റ്റിമേറ്റ് തുക എത്രയെന്നറിയിക്കാമോ ;

(ഡി) പാലത്തിന്റെ കരാർ ഏറ്റെടുത്ത കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിരുത്തരവാദപരമായ സമീപനം സ്വീകരിച്ചു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 16-9-2014-ലെ സ.ഉ. (സാധാ) നമ്പർ 4426/14/റവ ഉത്തരവ് പ്രകാരം ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഏകദേശം 60 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) ഇല്ല. അപ്രോച്ച് റോഡിനാവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകാൻ കഴിയാതെ വന്നതിനാലും, ഏകദേശം 60 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

**ചെല്ലഞ്ചി പാലം നിർമ്മാണം**

249 (1293) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ ;

(ബി) ഈ പാലത്തിന്റെ നിർമ്മാണം എത്ര ശതമാനം പൂർത്തിയായി എന്നും ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ ;

(സി) ചെലഞ്ചി പാലത്തിന്റെ നിർമ്മാണം ഏറ്റെടുത്തിരുന്ന കേരളാ സ്റ്റേറ്റ്

കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കെ.എസ്.സി.സി. പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ കരാർ ലംഘനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(ഇ) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(എഫ്) ഈ പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് 16-7-2010-ലാണ്.

(ബി) ഈ പാലത്തിന്റെ ഏകദേശം 30% പണികൾ പൂർത്തിയായിട്ടുണ്ട്. ഇപ്പോൾ പണികൾ നിർത്തിവച്ചിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി&എഫ്) കരാർ ലംഘനം നടത്തിയിട്ടുണ്ട്. 29-1-2015-ൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാന പ്രകാരം കെ.എസ്.സി.സി.-യുമായുള്ള കരാർ നിയമാനുസൃതം റദ്ദ് ചെയ്യുവാനും ബാക്കി പ്രവൃത്തികൾ കെ.എസ്.സി.സി.-യുടെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ**

250 (1294) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്നും അവ ഏതെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ഏറ്റെടുത്ത റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

**പുളിമാത്ത് പോലീസ് മുക്ക്-കങ്കിയാംവിള റോഡ്**

251 (1295) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പുളിമാത്ത് ഗ്രാമപഞ്ചായത്തിലുൾപ്പെട്ട പോലീസ് മുക്ക്-കങ്കിയാംവിള റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിക്കുവാനുള്ള ശിപാർശയിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡ് നടപ്പ് സാമ്പത്തിക വർഷം തന്നെ നവീകരിക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ&ബി) പൊതുമരാമത്തുവകുപ്പ്, റോഡ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനങ്ങൾ ഒന്നും എടുത്തിട്ടില്ല.

**പൊതുമരാമത്ത് നിരത്ത്- കെട്ടിട വിഭാഗങ്ങൾ ഏറ്റെടുത്ത പ്രവർത്തികൾ**

252 (1296) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ പൊതുമരാമത്ത് നിരത്ത്-കെട്ടിട വിഭാഗങ്ങൾ ഏറ്റെടുത്ത പ്രവർത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ ;

(സി) ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പ്രവർത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഭരണാനുമതി ലഭിച്ചിട്ടും ഹെഡ് ഓഫ് അക്കൗണ്ട് പ്രവർത്തിപ്പിക്കാൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കഴിയാത്തവയുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളും വ്യവസായ വകുപ്പിന് നൽകിയ കത്തിന്റെ പകർപ്പും ഫയൽ നമ്പരും ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ പൊതുമരാമത്ത് കെട്ടിട വിഭാഗം ഏറ്റെടുത്ത പ്രവർത്തികളുടെ വിശദാംശങ്ങളും പ്രസ്തുത പ്രവൃത്തികളുടെ നിലവിലത്തെ സ്ഥിതിയും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* നിരത്തു വിഭാഗത്തിൻ കീഴിൽ മാവേലിക്കര ബ്ലോക്ക് ഓഫീസ് മുതൽ പുളിമൂട്ടിൽ പാലം വരെയുള്ള പ്രവൃത്തിയും ചാത്തിയറ-പള്ളം റോഡിന്റെ പുരോഗമന പ്രവൃത്തിയും ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത രണ്ട് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽനിന്നും ഭരണാനുമതി നൽകേണ്ട എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. തഴക്കര പഞ്ചകർമ്മ സെന്റർ, മാവേലിക്കര ഗവ.ഹോസ്പിറ്റൽ ഡയാലിസിസ് സെന്റർ എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകേണ്ടത് ആരോഗ്യവകുപ്പും നൂറനാട് സബ് ട്രഷറിയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകേണ്ടത് ധനകാര്യ വകുപ്പുമാണ്.

(ഡി) തെക്കേക്കര ഖാദി സർവ്വോദയ സംഘത്തിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ല.

(ഇ) പ്രസ്തുത പ്രവർത്തി ആരംഭിക്കുന്നതിന് ഹെഡ് ഓഫ് അക്കൗണ്ട് പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാൽ പ്രവർത്തിക്കാവശ്യമായ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാൻ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ വ്യവസായ വകുപ്പിന് 13-2-2015-ൽ CE/BL/PLI/LAC-ADS/ ALPY/40/14 നമ്പർ കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.*

## കൊല്ലങ്കോട് - പുതുനഗരം റോഡ് ബി.എം &ബി.സി. ആയി ഉയർത്തുന്നത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

253 (1297) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ രണ്ട് പ്രധാന സംസ്ഥാന പാതകളെ ബന്ധിപ്പിക്കുന്ന കൊല്ലങ്കോട്- പുതുനഗരം റോഡ് ബി.എം. & ബി.സി. ആയി ഉയർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് 0/000 മുതൽ 4/700 വരെ ബി.എം. & ബി.സി. ചെയ്യുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ അവശേഷിക്കുന്ന ഭാഗത്തിന് കൂടി ഭരണാനുമതി നൽകി റോഡ് പണി ഒരുമിച്ച് പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട്- പുതുനഗരം റോഡ് കി.മീ. 0/000 മുതൽ 5/000 വരെ 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയുള്ള ബി.എം. & ബി.സി. പ്രവൃത്തി പുരോഗമിച്ചുവരുന്നു. അവശേഷിക്കുന്ന ഭാഗം കി.മീ 5/000-8/414 (വർക്കിംഗ് ചെയിനേജ് 4/700-8/414)-ന് പുതുക്കിയ എസ്.ഒ.ആർ.(ഡി.എസ്.ആർ. -2014) പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കരുനാഗപ്പള്ളി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കിയ പ്രവൃത്തികൾ

254 (1298) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വഴി ഏതെല്ലാം പ്രവൃത്തികൾ ആണ് കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയതെന്നും ഓരോന്നിനും എത്ര തുകയാണ് ചെലവഴിച്ചതെന്നും ഇവിടെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചതെന്നും ബാക്കിയുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ ?

<u>ഉത്തരം</u>

വിവരം ശേഖരിച്ച് നൽകുന്നതാണ്.

**തൂതപ്പുഴയിൽ കരിപാമണ്ണയിൽ പാലം**

255 (1299) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം, കരിമ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് തൂതപ്പുഴയിൽ കരിപാമണ്ണയിൽ പാലം നിർമ്മിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന് ഭരണാനുമതി നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്നതിന്റെ വിശദാംശം നൽകാമോ ?

ഉത്തരം

(എ-ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

**വണ്ണാത്തിക്കടവ് പാലം**

256 (1300) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും ഡിസൈൻ നടപടികൾ പൂർത്തിയാക്കി ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

കണ്ണൂർ ജില്ലയിൽ കല്യാശ്ശേരിനിയമസഭാമണ്ഡലത്തിലെ നിർദ്ദിഷ്ട വണ്ണാത്തിക്കടവ് പാലം നിർമ്മാണത്തിനാവശ്യമായ പ്രാഥമിക ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ശ്രീശങ്കരാചാര്യ സമാന്തര പാലത്തിന്റെ നിർമ്മാണം

257 (1301) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടിയിലെ ശ്രീശങ്കരാചാര്യ സമാന്തര പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച് 24-9-2014-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം കാലടി ടൗണിനെ ബൈപ്പാസ് ചെയ്ത് മറ്റൂരിൽ നിന്നും നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള റോഡിൽ ചേർക്കുവാൻ തക്കവണ്ണം അലൈൻമെന്റ് പുനക്രമീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ ;

(ബി) ഈ അലൈൻമെന്റ് പുനഃക്രമീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) നിർദ്ദിഷ്ട പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും വിശദമായ സ്ഥലവില ഉൾപ്പെടെയുള്ള പ്രോജക്ട് റിപ്പോർട്ട് പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്നും പുതുക്കിയ തുക എത്രയെന്നും വ്യക്തമാക്കാമോ ; പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) നിർദ്ദിഷ്ട പാലത്തിന്റെ നിർമ്മാണത്തിനായി കാലടി ഭാഗത്തും പെരുമ്പാവൂർ ഭാഗത്തും ആവശ്യമായ ഭൂമി ഡയറക്ട് പർച്ചേസ് വഴി ഉടൻ ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭായോഗത്തിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) ഇതിന് അനുമതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സർവ്വേ നടത്തുന്നതിനും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനും 2 പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരും തന്നെ ടെണ്ടറിൽ പങ്കെടുത്തില്ല.

(ബി) എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തു.

(സി - ഇ) സർവ്വേ പൂർത്തീകരിച്ച് പുതുക്കിയ അലൈൻമെന്റിന് അംഗീകാരം ലഭിച്ചതിനുശേഷമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**റോഡ് വികസനം**

258 (1302) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രത്തിന്റെ സാമ്പത്തിക പുരോഗതിക്ക് റോഡ് വികസനം മുഖ്യപങ്ക് വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തെ ഏറ്റവും മികച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് റോഡ് വികസനത്തിന് മുന്തിയ പരിഗണന നൽകുമോ ;

(സി) റോഡ് പണിക്ക് എ.എം.സി. നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) റോഡുകൾ കുറ്റമറ്റ രീതിയിൽ സംരക്ഷിക്കുന്നതിനുള്ള സ്ഥിരം സംവിധാനത്തിന്റെ കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉത്തരവാദപ്പെട്ടവരാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡ് വികസനത്തിന് മുന്തിയ പരിഗണനയാണ് നൽകിവരുന്നത്.

(സി) റോഡ് പണികൾക്ക് എ. എം. സി. നിലവിലില്ല.

(ഡി) റോഡുകൾ കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കുന്നതിന് ഗുണ നിലവാര പരിശോധന സംവിധാനങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉത്തരവാദപ്പെട്ടവരാക്കാൻ മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

**റോഡ് യൂസർ പെർസപ്ഷൻ സർവ്വേ**

259 (1303) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത സർവ്വേയുടെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ

വിശദമാക്കുമോ ;

(സി) സർവ്വേയിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്ന ആകെ 363 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളുടെ നിലവിലുള്ള അവസ്ഥയെപ്പറ്റി (വികസിപ്പിക്കുന്നതിന് മുമ്പുള്ള) ജനങ്ങളുടെ അഭിപ്രായം സമാഹരിക്കുന്നതിന് വേണ്ടി M/s ഷെർവുഡ് ടെക്നോക്രാറ്റ്സ് & കൺസൾട്ടന്റ് എന്ന സ്ഥാപനത്തെ നിയമിച്ച് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്തിയിട്ടുണ്ട്. കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്ന റോഡുകളുടെ നിലവിലുള്ള അവസ്ഥയെപ്പറ്റി ജനങ്ങളുടെ അഭിപ്രായം സമാഹരിക്കുന്നതിനുവേണ്ടിയാണ് റോഡ് യൂസർ പെർസപ്ഷൻ സർവ്വെ നടത്തിയത്. എല്ലാ വിഭാഗത്തിലുമുള്ള റോഡ് ഉപയോക്താക്കളെ വിവിധ സംഘങ്ങളായി തിരിച്ച് പ്രത്യേകം ചോദ്യാവലി തയ്യാറാക്കിയാണ് അഭിപ്രായ ശേഖരണം നടത്തിയത്. റോഡ് ഉപയോക്താക്കളുടെ സാമൂഹികവും, സാമ്പത്തികവും, പ്രാദേശികവുമായിട്ടുള്ള ഘടകങ്ങളും നിലവിലുള്ള റോഡുകളെപ്പറ്റിയുള്ള അഭിപ്രായങ്ങളും റോഡിന്റെ ഘടന, നിർമ്മാണം, സുരക്ഷിതത്വം എന്നിവയും ഉപയോക്താക്കളുടെ റോഡ് ഉപയോഗരീതികളും ഉൾപ്പെടുത്തിയാണ് പ്രസ്തുത ചോദ്യാവലി തയ്യാറാക്കിയത്. റോഡ് പണി പൂർത്തീകരിച്ചശേഷം നടത്തുന്ന റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ സർവ്വേയുടെ കണ്ടെത്തലുകളുമായി ഈ സർവ്വേയുടെ കണ്ടെത്തലുകൾ താരതമ്യം ചെയ്യുന്നതിനും ഭാവിയിൽ മറ്റു പൊതുമരാമത്ത് റോഡുകളിലേക്കും ആവശ്യമായ റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ ഇൻഡക്സ് വികസിപ്പിച്ചെടുക്കുന്നതിനും ലക്ഷ്യമിട്ടാണ് പ്രസ്തുത സർവ്വേ നടത്തിയത്. കൺസൾട്ടന്റ് 2014 ജൂലൈ മാസത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) കാൽ നടക്കാരും ഇരുചക്രവാഹനക്കാരുമാണ് എളുപ്പത്തിൽ പരിക്കേൽക്കാവുന്ന റോഡ് ഉപയോക്താക്കൾ (Vulnerable road users). ആയതിനാൽ ഈ വിഭാഗക്കാരുടെ സുരക്ഷ ഉറപ്പ് വരുത്തിയായിരിക്കണം റോഡുകളുടെ വികസനം എന്നാണ് ഈ സർവ്വേയിൽ നിന്നും ഉരുത്തിരിഞ്ഞത്.

**നേമം നിയോജക മണ്ഡലത്തിൽ നിർമ്മിക്കുന്ന പാലങ്ങൾ**

260 (1303) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം നിയോജകമണ്ഡലത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പാലങ്ങൾ ഏതൊക്കെയാണെന്നും അവയിൽ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി എന്താണെന്നും വിശദമാക്കുമോ ?

ഉത്തരം

1. മധുപാലം പാലം നിർമ്മാണത്തിന് 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
2. കല്ലടിമുഖം പാലം നിർമ്മാണത്തിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
3. പള്ളത്തുകടവ് പാലം നിർമ്മാണത്തിന് 850 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
4. പനത്തുറ പാലം നിർമ്മാണത്തിന് 1100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.
5. മുടവൻ മുഗൾ പാലം നിർമ്മാണത്തിന് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്.
6. തിരുവല്ലം-ഇടയാർ പാലം നിർമ്മാണത്തിന് ഡിസൈൻ തയ്യാറാക്കിവരുന്നു.
7. മാങ്കോട്ടുകടവ് പാലം സോയിൽ ഇൻവെസ്റ്റിഗേഷൻ പണികൾ നടന്നുവരുന്നു.
8. കീഴാറന്നൂർ പാലം സോയിൽ ഇൻവെസ്റ്റിഗേഷൻ പണികൾ നടന്നുവരുന്നു.

**കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ**

261 (1305) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ലാഭം എത്രയായിരുന്നു ;

(സി) മുൻ വർഷങ്ങളിൽ നഷ്ടത്തിലായിരുന്ന കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ലാഭത്തിലെത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ഡി) ധനകാര്യ വകുപ്പിൽനിന്ന് എന്തൊക്കെ ആനുകൂല്യങ്ങളാണ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിവന്നിരുന്നത്; അവ ഇപ്പോഴും നൽകുന്നുണ്ടോ; വിശദാംശം നൽകാമോ ;

(ഇ) നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ നൽകാതിരുന്നാൽ ഈ സ്ഥാപനം നഷ്ടത്തിലാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് കണക്കിലെടുത്ത് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ 2012-13-ലെ സഞ്ചിത നഷ്ടം 2.79 കോടി രൂപയായിരുന്നു. 2013-14-ലെ പ്രൊവിഷണൽ കണക്കുപ്രകാരം കമ്പനി 11.29 കോടി രൂപ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ മുൻ വർഷങ്ങളിലെ സഞ്ചിത നഷ്ടം നികത്തി ലാഭത്തിലെത്തിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. പണികൾ വേഗതയിൽ തീർക്കുന്ന കരാറുകാരുടെ ഒരു പാനൽ ഉണ്ടാക്കി ബോർഡ് അംഗീകരിച്ച മാനദണ്ഡങ്ങൾ അനുസരിച്ച് യോഗ്യരായ കരാറുകാർക്ക് പ്രവൃത്തി ഏൽപ്പിച്ചുകൊടുക്കുന്നതിന് വ്യവസ്ഥകൾ ഉണ്ടാക്കുകയും എം.ഒ.യു. പ്രകാരം പണി ഏല്പിച്ചു

കൊടുക്കുകയുമുണ്ടായിട്ടുണ്ട്.

2. കൺസൾട്ടൻസി വിഭാഗം രൂപീകരിച്ച സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെയും ഇതര ഏജൻസികളുടെയും കൺസൾട്ടൻസി, ഡിപിആർ ജോലികളും ഏറ്റെടുത്തു നടത്തിവരുന്നു.

3. വകുപ്പിൽനിന്നും ബില്ലുകൾ കിട്ടുന്നതിനുള്ള കാലതാമസം പരിഗണിച്ച് പണിയുടെ പുരോഗതിയുടെ അടിസ്ഥാനത്തിൽ കുടിശ്ശിക ബില്ലിന്റെ/ബാങ്ക് ഗ്യാരന്റിയുടെ ഉറപ്പിൽ, കമ്പനി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നിശ്ചിത പലിശ നിരക്കിൽ വർക്ക് അഡ്വാൻസ് നൽകി പണി വേഗത്തിൽ പൂർത്തീകരിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

4. പണിയുടെ പുരോഗതി, ഗുണനിലവാരം എന്നിവ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

5. ഉപകരാറുകാർക്ക് പണിയുടെ ബില്ലുകൾ കാലതാമസം കൂടാതെ നൽകുന്നതിനായി ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുന്ന ബിൽ തുകയുടെ 90% അഞ്ച് ദിവസത്തിനകം ലഭ്യമാക്കുവാനും ബാക്കി തുക ഓഡിറ്റിനുശേഷം നൽകുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സർക്കാരിന്റെ ടെണ്ടറുകളിൽ പങ്കെടുക്കുവാൻ പ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്. ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമെ മറ്റ് കരാറുകാരിൽനിന്നും 10% അധിക നിരക്കിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ സമർപ്പിച്ചാൽ പ്രസ്തുത കരാർ പരിഗണിക്കാനും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഈ ആനുകൂല്യം കമ്പനി നേരിട്ടുനടത്തുന്ന പ്രവർത്തികൾക്കായി

പരിമിതപ്പെടുത്തി ഉത്തരവായിട്ടുണ്ട്. മറ്റ് സാമ്പത്തിക സഹായങ്ങളൊന്നും കോർപ്പറേഷന് നൽകുന്നില്ല.

(ഇ ) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിലനിർത്താൻ നടപടി**

262 (1306) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ രൂപീകരിച്ചത് എന്നാണ് ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള ഒരു സംവിധാനം എന്ന നിലയിൽ പ്രസ്തുത സ്ഥാപനത്തിന് ടെണ്ടറിൽ പങ്കെടുക്കുന്നതിനും ചെയ്ത പ്രവൃത്തികളുടെ പണം നൽകുന്നതിനും എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ ഇപ്പോൾ നൽകി വരുന്നുണ്ടോ ; ഇല്ലെങ്കിൽ ആയത് നിർത്തലാക്കാൻ ഉണ്ടായ കാരണങ്ങൾ വിശദമാക്കാമോ ;

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ ഒഴിവാക്കുക മൂലം പൊതുമരാമത്ത് പ്രവർത്തികളിൽ സ്വകാര്യ കരാറുകാർ നടത്തുന്ന അധിക സാമ്പത്തിക ബാദ്ധ്യതയ്ക്ക് തടയിടാൻ ഫലപ്രദമായ ഇടപെടൽ നടത്തുന്ന സർക്കാർ നിയന്ത്രിത സ്ഥാപനം ഇല്ലാതാകുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ കെ.എസ്.സി.സി.-യെ ഈ മേഖലയിൽ നിലനിർത്തുന്നതിന് ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) സർക്കാർ നിർമ്മാണ പ്രവർത്തനങ്ങൾ ഗുണനിലവാരത്തോടെ ഏറ്റെടുത്ത് പൂർത്തീകരിക്കാനാണ് 1975-ൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ രൂപീകരിച്ചത്.

(ബി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സർക്കാരിന്റെ ടെണ്ടറുകളിൽ പങ്കെടുക്കുവാൻ പ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്. ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമെ മറ്റ് കരാറുകാരിൽനിന്നും 10% അധിക നിരക്കിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ

സമർപ്പിച്ചാൽ പ്രസ്തുത കരാർ പരിഗണിക്കാനും വ്യവസ്ഥയുണ്ട്.

(സി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പങ്കെടുക്കുന്ന ടെണ്ടർ നടപടികളിൽ 10% പ്രൈസ് പ്രിഫറൻസ് അനുവദിച്ച് കരാർ നൽകാൻ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഈ ആനുകൂല്യം കമ്പനി നേരിട്ട് നടത്തുന്ന പ്രവൃത്തികൾക്കായി പരിമിതപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ഡി&ഇ ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**നേമം നിയോജക മണ്ഡലത്തിലെ റോഡ് നിർമ്മാണപുരോഗതി**

263 (1307) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം നിയോജക മണ്ഡലത്തിലെ പുത്തൻപള്ളി റോഡ്, വീജയമോഹിനി മിൽ, മുടവൻമുഗൾ റോഡ്, കരുമം-തിരുവല്ലം റോഡ് എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

ഉത്തരം

പുത്തൻപള്ളി റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ടി റോഡ് വികസനത്തിന് ഭൂമി മുൻകൂട്ടി ലഭ്യമായിട്ടുള്ള ഭാഗത്ത് ഓട നിർമ്മാണവും നടപ്പാത നിർമ്മാണവും പുരോഗമിക്കുന്നു. വിജയമോഹിനി മിൽ-മുടവൻമുഗൾ റോഡിന്റെ ബി.എം & ബി.സി പ്രവൃത്തികൾ പൂർത്തിയായി. ടി റോഡിന്റെ ഒരു ഭാഗത്തെ ഓട നിർമ്മാണവും റോഡ് സുരക്ഷാ പ്രവൃത്തികളും ബാക്കിയുണ്ട്. കരുമം-തിരുവല്ലം റോഡ് പ്രവൃത്തിയുടെ കരാർ വച്ചിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

**അയിലം പാലം**

264 (1308) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയിലം പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ;

(ബി) ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്ന നാനൂറ് ദിവസത്തിനുള്ളിൽ പൂർത്തിയാക്കുന്ന നൂറ് പാലങ്ങളിൽ അയിലം പാലം ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനും പണിപൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കാമോ ?

<u>ഉത്തരം</u>

(എ) അയിലം പാലത്തിന്റെ പ്രവൃത്തി 1-1-2011-ൽ ആണ് ആരംഭിച്ചത്. 25.32 മീറ്റർ വീതം നീളമുള്ള മൂന്ന് സ്പാനുകൾ ഉള്ള പാലത്തിന്റെ ഒരു സ്പാനിന്റെ പണി പൂർത്തീകരിച്ചു. മദ്ധ്യ ഭാഗത്തെ സ്പാനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. പുഴയുടെ സംരക്ഷണ ഭിത്തിയുടേയും അപ്രോച്ച് റോഡിന്റേയും നിർമ്മാണവും നടന്നുവരുന്നു. ടി പ്രവൃത്തി 31-1-2016-ന് ഉള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ കാലതാമസം**

265 (1309) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കേളകം അടക്കാത്തോട് റോഡ്**

266 (1310) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജക മണ്ഡലത്തിലെ ഇരിട്ടി പൊതുമരാമത്ത് വകുപ്പ് സെക്ഷന്റെ കീഴിലുള്ള കേളകം അടക്കാത്തോട് റോഡിന്റെ നവീകരണത്തിന് നാല് വർഷത്തിനുള്ളിൽ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) റോഡ് പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ എന്ത് കാരണത്താലാണ് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് ;

(സി) റോഡ് പ്രവൃത്തി എത്രയും വേഗത്തിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കേളകം അടക്കാത്തോട് റോഡിലെ കി.മി. 1/100 മുതൽ 7/000 വരെ നവീകരണത്തിനായി 9-11-2011-ലെ സ.ഉ. (സാധാ) നമ്പർ 1540/2011/ പൊ.മ.വ. പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഷെഡ്യൂൾ ഓഫ് റേറ്റിൽ വന്ന മാറ്റംമൂലം പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. മാത്രമല്ല നിലവിലുള്ള ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ ആയത് പുതുക്കി നൽകേണ്ടതുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ടാർ ലഭിക്കുന്നില്ലെന്നുള്ള പരാതി

267 (1311) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാർ ലഭിക്കുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ടാർ ക്ഷാമം രൂക്ഷമാകാൻ കാരണമായത് എന്താണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിരുന്നു. പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ ടാർ ക്ഷാമമില്ല.

## സ്പീഡ് കേരള പദ്ധതി

268 (1312) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പീഡ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും നടത്താനാണ് പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സംസ്ഥാനത്തെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ, റിംഗ് റോഡുകൾ, ബൈപ്പാസുകൾ എന്നിവ നിർമ്മിക്കുകയാണ് സ്പീഡ് കേരള പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) സ്പീഡ് കേരള പരിപാടിയിലെ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് കേരള റോഡ് ഫണ്ട് ബോർഡിന് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മേൽപ്പാലങ്ങൾ, ബൈപ്പാസുകൾ, റിംഗ് റോഡുകൾ എന്നിവ നിർമ്മിക്കുകയാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഭരണാനുമതി ലഭിച്ചവയിൽ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള വിവിധ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഉപരിതല ഗതാഗത വികസനം**

269 (1313) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 അനുസരിച്ച് ദേശീയപാത ഉൾപ്പെടെയുള്ള ഉപരിതല ഗതാഗത വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നിർവ്വഹണത്തിനായുള്ള ടെൻണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) കേരള സർക്കാരിന്റെ നവരത്ന പരിപാടിയിൽ ഉൾപ്പെടുന്ന സംസ്ഥാന ദേശീയപാതകളുടെ വികസനവും പതാക നൗകാ പദ്ധതിയിൽ ഉൾപ്പെടുന്ന സ്പീഡ് കേരള പദ്ധതിയുമാണ് മിഷൻ 676- ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കഞ്ഞിക്കുഴി-വെട്ടത്തു കവല-കറുകച്ചാൽ-മല്ലപ്പള്ളി റോഡിന്റെയും, രാമപുരം-നാലമ്പലം-ദർശനം റോഡുകളുടെയും വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മറ്റൊരു പദ്ധതിയായ പാലാരിവട്ടം ഫ്ലൈ ഓവറിന്റെ നിർമ്മാണവും പുരോഗമിച്ചുവരുന്നു. വൈറ്റില, കണ്ടന്നൂർ ഫ്ലൈ ഓവറുകളുടെ നിർമ്മാണത്തിന് ആവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ടും, എഞ്ചിനീയറിംഗ് ഡിസൈനും തയ്യാറാക്കുന്നതിന് കൺസൾട്ടന്റുമാരെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. ഇതുകൂടാതെ 390 കോടി രൂപ അടങ്കൽ ചെലവ്

പ്രതീക്ഷിക്കുന്ന തലശ്ശേരി-മാഹി ബൈപ്പാസിന്റെ 12 കി. മീ. ദൂരം വികസിപ്പിക്കുന്നതിനുള്ള വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

കെ. ആർ. എഫ്. ബി.-യുടെ കീഴിൽ വൈറ്റില, കുണ്ടന്നൂർ ഫ്ലൈ ഓവർ ഒഴികെ മറ്റുള്ളവയുടെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു. വൈറ്റില-കുണ്ടന്നൂർ ഫ്ലൈ ഓവറുകളുടെ വിശദമായ രൂപരേഖ തയ്യാറാക്കിവരുന്നു. തലശ്ശേരി-മാഹി ബൈപ്പാസിന്റെയും വൈറ്റില, കുണ്ടന്നൂർ ഫ്ലൈ ഓവറുകളുടെയും പദ്ധതി നിർവ്വഹണത്തിനായുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. മറ്റുള്ളവയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം പുരോഗമിച്ചുവരുന്നു. കോഴിക്കോട് ബൈപ്പാസ്, തലശ്ശേരി - മാഹി ബൈപ്പാസ് എന്നിവയുടെ നിർമ്മാണത്തിനുള്ള ചുമതല പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിനാണ് നൽകിയിട്ടുള്ളത്. രാമപുരം നാലമ്പലം-ദർശനം റോഡ് കഞ്ഞിക്കുഴി-വെട്ടുത്തുകവല-കറുകച്ചാൽ റോഡ് എന്നീ പദ്ധതികളുടെ നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് നിർവ്വഹിക്കുന്നത്. പാലാരിവട്ടം ഫ്ലൈ ഓവറിന്റെ നിർമ്മാണ ചുമതല ആർ.ബി.ഡി.സി.കെ.-യ്ക്കാണ്. ഇവയുടെ പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഫണ്ട് കേരള റോഡ് ഫണ്ട് ബോർഡിന് സർക്കാർ ലഭ്യമാക്കുന്നതാണ്. നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

തിരുവനന്തപുരം ബൈപ്പാസ് :

ദേശീയപാത 47-ൽ വരുന്ന കഴക്കൂട്ടത്ത് നിന്ന് ആരംഭിച്ച് തമിഴ്നാട് അതിർത്തിയിൽ അവസാനിക്കുന്ന 43 കി. മീ. ദൈർഘ്യം വരുന്ന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം NHAI ആണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡുകളോടുകൂടിയ നാലു വരി പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീ ഭാഗത്തിന്റെ പണിക്കുള്ള ടെണ്ടർ നടപടികൾ എൻ.എച്ച്.എ.ഐ. എടുത്തുവരുന്നു. ബാക്കി ഭാഗത്തിന്റെ സ്ഥലമെടുപ്പിനുള്ള 3 ഡി നോട്ടിഫിക്കേഷൻ നൽകിക്കഴിഞ്ഞു. ഏറ്റെടുത്ത വസ്തുവിന്റെ വില/ നഷ്ടപരിഹാരം നിർണ്ണയിക്കുന്ന നടപടി Competent Authority of Land Acquisition (CALA) വഴി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ പദ്ധതിയുടെ മുഴുവൻ ചിലവും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

കൊല്ലം ബൈപ്പാസിൽ ദേശീയപാത 47-ലെ കാവനാട് മുതൽ മേവറം വരെയുള്ള 13 കി.മീ. ബൈപ്പാസ് മൂന്ന് പാലങ്ങളോട് കൂടി രണ്ട് വരി പാതയിൽ

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 50% തുല്യ പങ്കാളിത്തത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് കോൺട്രാക്ടറുമായി ഇ പി സി കരാറിൽ ഏർപ്പെടുകയും സൈറ്റ് ഹാന്റ് ഓവർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ആലപ്പുഴ ബൈപ്പാസ് :

ദേശീയപാത 47-ൽ കൊമ്മാടി (കി.മീ 408/100) മുതൽ കളർകോട് (കി.മീ. 414/900) വരെയുള്ള 6.80 കി.മീ വരുന്ന ബൈപ്പാസ് 2 വരിപ്പാതയിൽ 3.21 കി.മീ. എലിവേറ്റഡ് ഹൈവേയും 2 ROB-യുമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ വിഹിതത്തിൽ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് കോൺട്രാക്ടറുമായി ഇ. പി. സി. കരാറിൽ ഏർപ്പെടുകയും, സൈറ്റ് ഹാന്റ് ഓവർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തൃപ്പൂണിത്തുറ ബൈപ്പാസ് :

തൃപ്പൂണിത്തുറ ബൈപ്പാസ് SPEED കേരളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. Land Acquisition Estimate-ഉം പ്രവൃത്തികളുടെ എസ്റ്റിമേറ്റും ഉണ്ടാക്കുന്നതിനു വേണ്ടി NATPAC-നെ ചുമതലപ്പെടുത്തുകയും സ്ഥലമെടുപ്പിനായി 984.46 കോടി രൂപയുടേയും, നിർമ്മാണത്തിനായി 315.71 കോടി രൂപയുടേയും ഡി.പി.ആർ NATPAC നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പിന്റെ ഡി.പി.ആർ. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ടി എസ്റ്റിമേറ്റിൽ കൂടുതലായിട്ടുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തുവാൻ വേണ്ടി മിനിസ്ട്രിയിൽ നിന്ന് നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അവ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ 2 ഡി.പി. ആർകളും കേരള റോഡ് ഫണ്ട് ബോർഡിലേക്കും ഫണ്ട് അനുവദിക്കുന്നതിലേക്കായി നൽകിയിട്ടുണ്ട്.

കോഴിക്കോട് ബൈപ്പാസ് :

ദേശീയപാത 17-ലെ കോഴിക്കോട് ബൈപ്പാസിന്റെ ശേഷിക്കുന്ന വെങ്ങളം മുതൽ പുളിക്കാടിക്കുന്ന് വരെയുള്ള 5.1 കി.മീ. 2 വരിപ്പാതയുടെ പൂർത്തീകരണം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് ചെയ്യുവാൻ നിശ്ചയിക്കുകയും അതിന് കേന്ദ്ര മന്ത്രാലയത്തിന്റെ സമ്മതവും ലഭിച്ചിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് മിഷൻ 676

പദ്ധതിയിൽ ഉൾപ്പെടുത്തി 145 കോടി രൂപയുള്ള ഭരണാനുമതി G.O.(Rt)No.845/2014/PWD തീയതി 21-6-2014 ഉത്തരവ് പ്രകാരവും, 152.75 കോടി രൂപയുള്ള സാങ്കേതിക അനുമതി G.O(Rt)No.1071/2014/PWD തീയതി 31-7-2014 ഉത്തരവ് പ്രകാരവും സർക്കാർ നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ പണി പുരോഗമിക്കുന്നു.

തലശ്ശേരി-മാഹി ബൈപ്പാസ് :

ദേശീയപാത 17-ൽ മുഴിപ്പിലങ്ങാട് മുതൽ അഴിയൂർ വരെയുള്ള 18 കി.മീ. ദൈർഘ്യത്തിലാണ് ഈ ബൈപ്പാസ്. ഇതിന്റെ ആദ്യ ഘട്ടമായ 10.8 കി.മീ. നീളത്തിൽ 45 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായിട്ടുള്ള ഭാഗത്ത് നിർമ്മാണം മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ NATPAC തയ്യാറാക്കിയിട്ടുണ്ട്. ഡി.പി.ആർ. പ്രകാരം 300.63 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി ഭരണാനുമതി നൽകാനുള്ള പരിഗണനയിലാണ്.

കുണ്ടന്നൂർ ഫ്ലൈ ഓവർ :

എൻ.എച്ച്. 47, എൻ എച്ച്. 49, എൻ.എച്ച്. 47 എ എന്നിവ കൂടി ചേരുന്ന സ്ഥലമായ കുണ്ടന്നൂർ ജംഗ്ഷനിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനായി കുണ്ടന്നൂർ ഫ്ലൈ ഓവർ മിഷൻ 676-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഫ്ലൈ ഓവർ നിർമ്മാണത്തിന് soil investigation, site survey, structural design, traffic census എന്നിവ ചെയ്യുന്നതിനായി 1,52,55,700 രൂപ-യുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭാഗികമായി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. വിശദമായ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി തുടങ്ങുകയും ചെയ്തിട്ടുണ്ട്.

വൈറ്റില ഫ്ലൈ ഓവർ :

നാഷണൽ ഹൈവേ എൻ.എച്ച് 47, സഹോദരൻ അയ്യപ്പൻ റോഡ്, കണിയാമ്പുഴ റോഡ് എന്നിവ കൂടിച്ചേരുന്ന സ്ഥലമായ വൈറ്റില ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി കേരള ഗവൺമെന്റിന്റെ SPEED കേരള പദ്ധതിയിൽ ഉൾപ്പെടുത്തി വൈറ്റില ഫ്ലൈ ഓവർ നിർമ്മാണത്തിനായി G.O(MS)No.18/2014/PWD dated 22-2-2014 എന്ന ഉത്തരവ് പ്രകാരം 109 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഫ്ലൈ ഓവർ നിർമ്മാണത്തിന് soil investigation, site survey, structural design, traffic census-എന്നിവ ചെയ്യുന്നതിനായി 2,74,30,312 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭാഗികമായ

സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. വിശദമായ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി തുടങ്ങുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം മോണോറെയിൽ (കഴക്കൂട്ടം-കേശവദാസപുരം റോഡ് വീതി കൂട്ടൽ)

നിർദ്ദിഷ്ട പള്ളിപ്പുറം മുതൽ കിള്ളിപ്പാലം വരെയുള്ള 22 കി.മീ മോണോറെയിൽ/ ലൈറ്റ് മെട്രോയുടെ ഭാഗമായി കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള റോഡിന്റെ നാലുവരിപ്പാതയാക്കൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള 9.35 കി.മീ. റോഡ് 24 മീറ്റർ ROW-യിൽ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള അലൈൻമെന്റ് NATPAC തയ്യാറാക്കുകയും അലൈൻമെന്റ് സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ ഭാഗത്തെ നിലവിലെ ROW 11 മീറ്റർ മുതൽ 16 മീറ്റർ ആകുന്നു. NATPAC ഉണ്ടാക്കിയ DPR പ്രകാരം ഈ പദ്ധതിയിൽ പ്രതീക്ഷിക്കുന്ന ചെലവ് 548 കോടി രൂപയാകുന്നു. ഇതിൽ 121 കോടി രൂപ റോഡ് പണിക്കും 9.237 ഹെക്ടർ സ്ഥലമെടുപ്പിനായി 342 കോടി രൂപയും ബാക്കി (85 കോടി രൂപ) പദ്ധതിയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്കുള്ള നഷ്ടപരിഹാരവുമാകുന്നു. പദ്ധതിയുടെ ഭരണാനുമതി സർക്കാർ പരിഗണനയിലാണ്. ആർ.ബി.ഡി.സി.കെ. ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

## ലൈറ്റ് മെട്രോ പദ്ധതി

**270 (T1314)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോ ;

(ബി) ഏത് രീതിയിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ആസൂത്രണ ബോർഡിന്റെ ശിപാർശ എന്താണ് ;

(ഡി) പദ്ധതി നടത്തിപ്പിനായി പഠന റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ആരൊക്കെയാണ് ;

(ഇ) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

<u>ഉത്തരം</u>

(എ ) തടസ്സങ്ങളൊന്നും നിലവിലില്ല.

(ബി) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ മാതൃകയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

(സി) ആസൂത്രണബോർഡിന്റെ ശിപാർശകൾ താഴെ പറയുന്നു :

1. ഡി. പി. ആർ. വിശദമായ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്.
2. ട്രാക്കിന്റെ അനുയോജ്യത, കയറ്റം, വളവുകൾ, തിരിവുകൾ, സിവിൽ സട്രക്ചറുകൾ മുതലായവ പരിശോധിച്ച് ഭാവിയിൽ സാങ്കേതിക തകരാറുകൾ ഉണ്ടാകുകയില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.
3. ഡി. എം. ആർ. സി., ഡി.പി.ആറിൽ പ്രതിപാദിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായി ലൈറ്റ് മെട്രോ നിരക്കുകൾ പുതുക്കി നിശ്ചയിക്കേണ്ടതും, അതനുസരിച്ച് ഇന്റേണൽ റേറ്റ് ഓഫ് റിട്ടേണിൽ വർദ്ധനവുണ്ടാക്കേണ്ടതുമാണ്.
4. പരസ്യത്തിലൂടെയുള്ള വരുമാനവും property development-ലൂടെയുള്ള വരുമാനവും തീരെ കുറവായി കണക്കാക്കപ്പെടുന്നു.
5. PPP model-ൽ നടപ്പിലാക്കാനുള്ള സാധ്യതകൾ ആരായാനായി ഒരു വിദഗ്ധന്റെ സേവനം തേടാവുന്നതാണ്.
6. സർക്കാർ ഏറ്റെടുത്ത് നടത്തുന്ന ബൃഹത് പദ്ധതികളായ കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട്, വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ട് എന്നിവയുടെ പുരോഗമനത്തിനോടൊപ്പം ഈ പദ്ധതിക്കുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്.

(ഡി) വിശദമായ പഠനറിപ്പോർട്ട് സമർപ്പിച്ചത് ഡി.എം.ആർ.സി.-യാണ്.

(ഇ) പദ്ധതിയുടെ വിശദമായ രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ തീരുമാനം

എടുക്കുന്നതാണ്.

**കൊല്ലം ബൈപ്പാസ് നിർമ്മാണം**

271 (1315) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ബൈപാസ്സ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ;

(ബി) കേന്ദ്രഗതാഗത മന്ത്രാലയം ടെണ്ടർ അംഗീകരിച്ചോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിക്ക് വരുന്ന തുക എത്രയെന്നും നിർമ്മാണ പ്രവൃത്തി എന്നാരംഭിക്കുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ-സി) 50% കേന്ദ്രസഹായത്തോടെ കൊല്ലം ബൈപ്പാസിന്റെ നിർമ്മാണത്തിനായി 277.24 കോടി രൂപയുടെ കരാർ വച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**തരൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റപ്പാലം പുനർനിർമ്മാണ നടപടികൾ**

272 (1316) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റപ്പാലം പുനഃനിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ ;

(ബി) എന്നാണ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത്, എത്ര രൂപയുടേതായിരുന്നു അനുമതി, ഇതിനുശേഷം എത്ര പ്രാവശ്യം എസ്റ്റിമേറ്റ് തുക പുതുക്കി, ഏറ്റവും പുതിയ എസ്റ്റിമേറ്റ് എത്ര തുകയാണ് എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ ;

(സി) പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് എങ്ങനെയാണ് ലഭ്യമായത് എന്ന് വ്യക്തമാക്കാമോ ;

(ഡി) പുതിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി എന്നാണ് സർക്കാരിൽ ലഭിച്ചത് ; ഇതിന് അനുമതി നൽകിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) വർഷംതോറും എസ്റ്റിമേറ്റ് പുതുക്കുകയും എന്നാൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാതിരിക്കുകയും ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) അപകടാവസ്ഥയിലായ പാലം പുനഃനിർമ്മിക്കാൻ അടിയന്തരമായി സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തരൂർമണ്ഡലത്തിലെ അത്തിപ്പൊറ്റ പാലം പുനർനിർമ്മിക്കുന്നതിന് സ.ഉ (സാധാ) നമ്പർ 1185/2009/പൊ.മ.വ തീയതി 14-8-2009 പ്രകാരം 335 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 1.25 ലക്ഷം രൂപയുടെ ഭാഗിക സാങ്കേതികാനുമതി നൽകുകയും ചെയ്തിരുന്നു. റിവൈസ്ഡ് SOR 2010 പ്രകാരം 5 കോടി രൂപയുടെ എസ്റ്റിമേറ്റ് 2011-ൽ തയ്യാറാക്കിയെങ്കിലും ഭരണാനുമതി നൽകുകയുണ്ടായില്ല. ടി പാലം പുനർ നിർമ്മാണത്തിനു 800 ലക്ഷം രൂപയുടെ പുതിക്കിയ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പാലം നിർമ്മാണത്തിന് ആവശ്യമായ സർക്കാർ പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്.

(ഡി-എഫ്) പുതിയ എസ്റ്റിമേറ്റ് 6-3-2015-ൽ ആണ് സർക്കാരിൽ ലഭിച്ചിട്ടുള്ളത്. പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി ടി എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**കൊല്ലം നഗരപരിധിയിലെ റോഡുകളുടെ നവീകരണം**

273 (1317) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം നഗരപരിധിയിലെ റോഡുകളുടെ നവീകരണത്തിനായി ഏതെല്ലാം റോഡുകളെ ഉൾപ്പെടുത്തിയാണ് 8735 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് ; ഓരോ റോഡിനും വരുന്ന എസ്റ്റിമേറ്റ് തുക എത്ര ;

(ബി) 2015-16 സാമ്പത്തിക വർഷം പ്രസ്തുത റോഡുകളുടെ നവീകരണത്തിന് വേണ്ടി ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ.

**കൊല്ലം-മുചുകുന്ന് റെയിൽവേ മേൽപാലം**

274 (1318) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി മണ്ഡലത്തിൽ കൊല്ലം-മുചുകുന്ന് റെയിൽവേ മേൽപാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

ഇപ്പോൾ പരിഗണനയിലില്ല.

**സ്പീഡ് കേരള പരിപാടി**

275 (1319) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 23 പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) ഇതിന്റെ ഭാഗമായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണ് എന്നും ബാക്കി പദ്ധതികൾക്ക് എന്നത്തേക്ക് ഭരണാനുമതി നൽകാനാകും എന്നും ഭരണാനുമതി നൽകിയ പദ്ധതികളിൽ പ്രവർത്തനം ആരംഭിച്ച പദ്ധതികൾ ഏതെല്ലാം എന്നും വെളിപ്പെടുത്താമോ ;

(സി) ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും നടത്താനാണ് ഈ പരിപാടിയിൽ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) പരിപാടിയിൽ പദ്ധതികൾ ഉൾപ്പെടുത്താൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ഇത്തരം മാനദണ്ഡം ഉള്ള സ്ഥലങ്ങളെ പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ എങ്കിൽ ഒഴിവാക്കാനുള്ള കാരണം വിശദീകരിക്കാമോ ?

ഉത്തരം

(എ) സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 23 പദ്ധതികളുടെ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) സ്പീഡ് കേരള പരിപാടിയുടെ ഭാഗമായി ഭരണാനുമതി നൽകിയ പദ്ധതികളുടെ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു.* വിശദമായ രൂപരേഖ തയ്യാറാക്കിയ മറ്റ് 8 പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലാണ്. ബാക്കി 5 പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കി വരുന്നു. ഭരണാനുമതി നൽകിയവയിൽ കോഴിക്കോട് ബൈപ്പാസ്, പാലാരിവട്ടം ഫ്ലൈ ഓവർ, കഞ്ഞിക്കുഴി-വെട്ടുത്തുകവല -കറുകച്ചാൽ -മല്ലപ്പള്ളി റോഡ്, രാമപുരം-നാലമ്പലം-ദർശനം റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക എന്നീ അടിസ്ഥാന സൗകര്യ വികസനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി&ഇ) ഗതാഗത സാന്ദ്രത, വാണിജ്യ പ്രധാന്യം, റോഡിന്റെ അവസ്ഥ, കണക്ടിവിറ്റി എന്നിവ പരിഗണിച്ചാണ് പദ്ധതികൾ തിരഞ്ഞെടുത്തത്.

**ചേലക്കര നിയോജക മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃർത്തികൾ**

276 (1320) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടന്നുവരുന്ന വിവിധ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഇവ ഓരോന്നും എന്നാണാരംഭിച്ചതെന്നും ഭരണാനുമതി തുക എത്രയാണെന്നും അറിയിക്കുമോ ;

(സി) ഇവയിൽ മുടങ്ങിക്കിടക്കുന്ന പണികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണം മുടങ്ങുവാനുണ്ടായ കാരണങ്ങളും വ്യക്തമാക്കാമോ ;

(ഡി) നിർമ്മാണം മുടങ്ങിയവയുടെ പണി പുനഃരാരംഭിക്കുവാൻ സ്വീകരിച്ച

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടികൾ വിശദമാക്കാമോ ;

(ഇ) ഇവയിൽ ഓരോ പ്രവൃത്തിയും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഇ) ചേലക്കര നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടന്നുവരുന്ന വിവിധ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## താനൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ

277 (1321) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജക മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തിയ റോഡ്, സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) അവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട് ;

(സി) ശേഷിക്കുന്ന പ്രവൃത്തികൾക്ക് എന്നത്തേക്ക് ഭരണാനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ & ബി) താനൂർ നിയോജകമണ്ഡലത്തിൽ ഈ സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തിയ റോഡ്, സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഒരു പ്രവൃത്തിക്കും ഭരണാനുമതി ലഭിച്ചിട്ടില്ല.

(സി) പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## താനൂർ റസ്റ്റ് ഹൗസ് കെട്ടിട നിർമ്മാണം

278 (1322) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) താനൂർ റസ്റ്റ് ഹൗസ് കെട്ടിട നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) എത്ര തുകയാണ് ഇതിനായി വിനിയോഗിച്ചതെന്നും എന്നത്തേയ്ക്ക് പണി പൂർത്തീകരിച്ച് കെട്ടിടം തുറന്ന് കൊടുക്കാനാകുമെന്നും വ്യക്തമാക്കുമോ ;

(സി) ഇതിന്റെ രണ്ടാം ഘട്ട പ്രവൃത്തിക്ക് തുക വകയിരുത്തുന്നകാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) താനൂർ റസ്റ്റ് ഹൗസ് കെട്ടിട നിർമ്മാണത്തിലെ പെയിന്റിംഗ് പണികൾ ഒഴികെയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 46,38,435 രൂപയുടെ പാർട്ട് ബിൽ ലെറ്റർ ഓഫ് ക്രെഡിറ്റിനായി 2014 ഒക്ടോബർ മാസം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൈദ്യുതീകരണ പ്രവർത്തികൾ തീരുന്ന മുറയ്ക്ക് കെട്ടിടം തുറന്നുകൊടുക്കാനാകും.

(സി) നിലവിൽ പരിഗണനയിലില്ല.

**ലൈറ്റ് മെട്രോ പദ്ധതി**

279 (1323) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പാലോട് രവി :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണ് ; വിശദമാക്കുമോ ;

(ഡി) പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) DMRC തയ്യാറാക്കിയ വിശദമായ രൂപരേഖ പ്ലാനിംഗ് ബോർഡ് പരിശോധിക്കുകയും അഭിപ്രായം അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാനിംഗ് ബോർഡിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ DMRC ഒരു റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മോണോറെയിൽ പദ്ധതി നിർവ്വഹണത്തിനായി രൂപീകരിച്ച SPV പുനർനാമകരണം ചെയ്ത് കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ എന്ന പേരിൽ പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നു.

(സി) ഭരണാനുമതി ലഭ്യമാക്കിയശേഷം ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ആരംഭിക്കുന്നതാണ്.

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിരുന്ന മോണോറെയിൽ പദ്ധതി, ലൈറ്റ് മെട്രോ പദ്ധതിയായി നടപ്പിലാക്കാൻ കൺസൾട്ടന്റായ DMRC, സർക്കാരിന് ശിപാർശ നൽകി. ലൈറ്റ് മെട്രോ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനും, ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ട് നീങ്ങുകയാണ്.

**ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്**

280 (1324) <u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. പി. സി. ജോർജ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് മുഖേന നടപ്പിലാക്കിയ പ്രവർത്തികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; പ്രസ്തുത കമ്പനിയുടെ ഘടന വ്യക്തമാക്കുമോ ;

(ബി) 2015-16 സാമ്പത്തിക വർഷം വിഭാവനം ചെയ്ത പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ടോയ്‌ലെറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് പൊതുമരാമത്ത് വകുപ്പുമന്ത്രി ചെയർമാനായി പൊതുമരാമത്തുവകുപ്പിന് കീഴിൽ ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിരിക്കുന്നത്. പദ്ധതികൾ തയ്യാറായി വരുന്നതേയുള്ളൂ. നിലവിൽ കമ്പിനിയിൽ മാനേജിംഗ് ഡയറക്ടറെ മാത്രമേ നിയമിച്ചിട്ടുള്ളൂ.

(ബി) 2015-16 സാമ്പത്തിക വർഷം ആറന്മുള കുളനട, ചെങ്ങന്നൂർ, കാലടി, ചമ്രവട്ടം തുടങ്ങി വിവിധ സ്ഥലങ്ങളിൽ പദ്ധതി ഏറ്റെടുക്കാൻ ഉദ്ദേശ്യമുണ്ട്.

**കോടിമത പാതയുടെ സ്ഥലമെടുപ്പ് പ്രവൃത്തികൾ**

281 (1325) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല എക്സ്റേ-ബൈപ്പാസിൽനിന്നും ആരംഭിച്ച് കിഴക്കോട്ടു പോകുന്ന കോടിമത പാതയുടെ സ്ഥലമെടുപ്പ് പ്രവൃത്തികൾ ഏത് ഘട്ടം വരെയായി ; ഈ പാതയുടെ പ്രഖ്യാപനത്തോടെ ഇതിനുവേണ്ടി സ്ഥലം ഏറ്റെടുക്കേണ്ട മേഖലയിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കോടിമത പാതയുടെ നിർമ്മാണം സംബന്ധിച്ച നടപടികൾ എത്രത്തോളം മുന്നോട്ടുപോയി എന്ന് വ്യക്തമാക്കുമോ ; ഇതിനായി ഏറ്റെടുക്കപ്പെടേണ്ട ഭൂമിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്താനോ ചികിത്സാവശ്യങ്ങൾക്കുപോലും ഭൂമിയുടെ ഈടിൽ വായ്പ നേടുന്നതിനോ വിൽക്കുന്നതിനോ പോലും നടക്കാത്ത സാഹചര്യമുണ്ടെന്ന് മനസ്സിലാക്കി റോഡ് നിർമ്മാണം എത്രയും വേഗം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ചേർത്തല-കുമരകം-കോടിമത പാതയുടെ വിശദമായ രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ. ഇക്കാര്യത്തിൽ താമസംവിനാ തീരുമാനമെടുക്കുന്നതാണ്.

**അനിധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് വിജിലൻസ്**

**അന്വേഷണം**

282 (1326) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. ടി. ഒ. സൂരജ് നടത്തിയതായി പറയുന്ന അഴിമതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ ;

(ബി) അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ;

(സി) അന്വേഷണത്തിൽ അനധികൃത സ്വത്ത് സമ്പാദനം നടത്തിയതായി തെളിവു ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര കോടിയുടെ അനധികൃത സ്വത്ത് സമ്പാദനം നടത്തിയതായാണ് തെളിവ് ലഭിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ശ്രീ. ടി. ഒ. സൂരജ് ഐ.എ.എസ്., പൊതുമരാമത്ത് സെക്രട്ടറി ആയിരിക്കെ, വിവിധ പണികൾക്ക് അനുമതി നൽകിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഒരു സത്വരാന്വേഷണവും (ക്യു.വി.2/2015/എസ്.സി.ടി.), ടിയാൻ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചു എന്നതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസും (വി.സി. 9/14/എസ്.സി.ഇ.) നിലവിലുണ്ട്. ആയതിന്മേലുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം പുരോഗമിക്കുന്നു.

(സി&ഡി) പ്രസ്തുത സത്വരാന്വേഷണവും വിജിലൻസ് കേസും അന്വേഷണ ഘട്ടത്തിലാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിവരങ്ങൾ അറിയാൻ കഴിയൂ.

**നാഷണൽ ഹൈവേകളുടെ വികസനം**

283 (1327) ശ്രീ. എ. എ. അസീസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതൊക്കെ നാഷണൽ ഹൈവേകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത് എന്ന് അറിയിക്കാമോ ;

(ബി) ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ദേശീയപാത 47-ലെ മണ്ണുത്തി മുതൽ അങ്കമാലിവരെ 4 വരിപ്പാതയാക്കുന്നതും അങ്കമാലി മുതൽ ഇടപ്പള്ളി വരെ നവീകരണം നടത്തുന്നതും പൂർത്തിയാക്കിയിട്ടുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെ 6 വരി പാതയാക്കുന്ന പ്രവൃത്തികളും വാളയാർ മുതൽ വടക്കഞ്ചേരി വരെ നാലുവരിപ്പാതയാക്കുന്ന പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. ദേശീയ പാതയുടെ ഭാഗമായുള്ള വിവിധ ബൈപ്പാസുകളുടെ വികസനത്തിനായി കേന്ദ്രസർക്കാർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ബൈപ്പാസ് പൂർണ്ണമായും കേന്ദ്രസഹായത്തോടുകൂടി വികസിപ്പിക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി 50% കേന്ദ്ര സഹായം ലഭിക്കുന്നതാണ്. മറ്റു ദേശീയപാതകളുടെ വികസനം ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ട്. മറ്റ് ദേശീയപാതകളായ എൻ. എച്ച് 208, എൻ.എച്ച് 49, എൻ.എച്ച് 220, എൻ. എച്ച് 213 എന്നിവയുടെ വിവിധ ഭാഗങ്ങൾ വികസിപ്പിക്കുന്നതിന് 2014-15 വർഷത്തെ കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡ് നിർമ്മാണം**

284 (1328) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ

വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

<u>തിരുവനന്തപുരം ബൈപ്പാസ് </u>: - ദേശീയപാത 47-ൽ വരുന്ന കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെ 43 കി.മീറ്റർ ദൈർഘ്യം വരുന്ന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ദേശീയപാതാ വികസന അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീറ്റർ ഭാഗത്തിന്റെ പണിക്കുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ബാക്കി ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

<u>കൊല്ലം ബൈപ്പാസ് </u>: - ദേശീയപാത 47 ലെ കാവനാട് (കി.മീ 486/500) തുടങ്ങി മേവറം (കി.മീ 499/500) വരെയുള്ള 13 കി.മീറ്റർ വരുന്ന ബൈപ്പാസ് 2 വരിപ്പാതയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ (50:50) പങ്കാളിത്തത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായി. നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

<u>ആലപ്പുഴ ബൈപ്പാസ്</u> : - ദേശീയപാത47 ലെ കൊമ്മാടി (കി.മീ 408/100) മുതൽ കളർകോട് (കി.മീ 414/900) വരെയുള്ള 6.80 കി.മീറ്റർ വരുന്ന ബൈപ്പാസ് 2 വരിപ്പാതയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ (50:50) പങ്കാളിത്തത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായി. നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം എന്നീ ബൈപ്പാസുകളുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ (DPR) കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

<u>തലശ്ശേരി -മാഹി ബൈപ്പാസ് </u> : - 18 കി.മീറ്റർ ദൂരം വരുന്ന തലശ്ശേരി - മാഹി ബൈപ്പാസിന്റെ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കി.മീറ്റർ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ 12 കി.മീറ്റർ ദൂരം രണ്ട് വരിപ്പാതയായി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ

ചെലവിൽ സ്റ്റാന്റ് എലോൺ പ്രോജക്ടായി നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**താനൂർ വട്ടത്താണി-പുത്തനത്താണി റോഡ് നിർമ്മാണം**

285 (1329) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലെ വട്ടത്താണി-പുത്തനത്താണി റോഡിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണ് ;

(ബി) എത്ര തുകയാണ് ഈ പ്രവൃത്തിക്കായി നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ബി.എം. പ്രവൃത്തികൾ പൂർത്തിയായിട്ട് എത്രകാലമായെന്നും ബി.സി. പ്രവൃത്തികൾ എന്നത്തേക്ക് തുടങ്ങാനാകുമെന്നും ആർക്കാണ് ഇതിന്റെ നിർവ്വഹണ ചുമതലയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) വട്ടത്താണി-പുത്തനത്താണി റോഡിന്റെ ബി.സി പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) 11.25 കോടി രൂപയാണ് ഈ പ്രവൃത്തിക്കായി നീക്കി വച്ചിട്ടുള്ളത്.

(സി) റോഡിന്റെ വീതി കൂട്ടലും ബി.എം. പ്രവൃത്തിയും, കാനയുടെ നിർമ്മാണവുമാണ് പൂർത്തീകരിച്ചിട്ടുള്ളത്.

(ഡി) മൺസൂണിന്റെ ആരംഭത്തിനുമുൻപ് ടി റോഡിന്റെ ബി.എം. പ്രവൃത്തികൾ പൂർത്തീകരിച്ചു. 3-3-2015 മുതൽ ബി.സി. പ്രവൃത്തി ചെയ്യുന്നുണ്ട്. ഈ പ്രവൃത്തി M/s. Sanathan Infrastructures & Developers-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

**പരിയാരം ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം**

286 (1330) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം സർക്കാർ ആയുർവ്വേദ കോളേജ് ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിട നിർമ്മാണത്തിന് പൊതുമരാമത്ത്

വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) 260 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കെട്ടിട നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) പരിയാരം സർക്കാർ ആയുർവ്വേദ കോളേജ് ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിട നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. ഡിസൈൻ ലഭിച്ചത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ മരാമത്ത് പണികൾ**

287 (1331) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പൂർത്തീകരിക്കാത്ത എത്ര മരാമത്ത് പണികൾ നിലവിലുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര പണികൾ കോർപ്പറേഷൻ കരാറുകാർക്ക് മറിച്ച് നൽകിയിട്ടുണ്ട് ; ഇതിന്റെ ആകെ അടങ്കൽ തുകയെത്ര ; എത്ര പണികൾ കോർപ്പറേഷൻ നേരിട്ട് നടത്തുന്നു ; ഇതിന്റെ അടങ്കൽ തുകയെത്ര ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കരാറുകാർക്ക് പണി മറിച്ചുനൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; ഈ വ്യവസ്ഥകളുടെ ഫലമായി എത്ര തുക കോർപ്പറേഷന് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കോർപ്പറേഷന് ടെണ്ടറുകളിൽ പ്രത്യേക ഇളവുകൾ സർക്കാർ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് മുതലാണ് ഈ ഇളവുകൾ നൽകിയിട്ടുള്ളത് ; ഇളവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഈ ഇളവുകളിൽ സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് മുതലാണ് മാറ്റം വരുത്തിയത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 28-2-2015-ലെ കണക്കുപ്രകാരം ആകെ 182 പ്രവർത്തികളിൽ (41 കൺസൾട്ടൻസി പ്രവർത്തികൾ ഉൾപ്പെടെ) ഇപ്പോൾ 153 പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതായി ശേഷിക്കുന്നു. പ്രസ്തുത പ്രവർത്തികളുടെ പട്ടിക

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 7-9-2007-ലെ G.O.(P)No.408/2007/Fin. നമ്പർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് പ്രത്യേകം ടെണ്ടർ ചെയ്യപ്പെട്ട കൺസൾട്ടൻസി/ ഗൈഡ്‌ലൈൻ വർക്കുകൾ ഒഴികെ ആകെ 119 പ്രവർത്തികൾ ബോർഡ് അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് കമ്പനിയുടെ അംഗീകൃത പാനലിൽപ്പെട്ട കരാറുകാർക്ക് സബ് കോൺട്രാക്റ്റ് ചെയ്ത് നൽകിയിട്ടുണ്ട്. ഈ 119 പ്രവർത്തികളുടെ മൊത്തം അടങ്കൽ തുക 1265.86 കോടി രൂപയാണ്. പ്രസ്തുത പ്രവർത്തികളുടെ പകുതിയിലേറെ പണികൾ ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പൂർത്തിയാകേണ്ട 153 പ്രവർത്തികളിൽപ്പെട്ട 34 പണികൾ കമ്പനി നേരിട്ട് ടെണ്ടർ ചെയ്ത് നടത്തുകയാണ്. അതിന്റെ അടങ്കൽ തുക 441.14 കോടി രൂപയാണ്.

(സി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, വേണ്ടത്ര യന്ത്ര സാമഗ്രികൾ ഉള്ളവരും, നിശ്ചിത സമയപരിധിക്കകം പ്രവൃത്തികൾ പൂർത്തിയാക്കുന്നവരുമായ പൊതുമരാമത്ത് വകുപ്പിലെ രജിസ്റ്റേർഡ് കോൺട്രാക്ടർമാരുടെ ഒരു പാനൽ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ഈ പാനലിൽപ്പെട്ട കരാറുകാർക്ക് നിശ്ചിത പ്രവൃത്തിയെ സംബന്ധിച്ച് അവരുടെ ചുരുങ്ങിയ നിരക്ക് ക്വോട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കമ്പനിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പാനലിൽപ്പെട്ട കരാറുകാരിൽ നിന്ന് രേഖാമൂലം ചുരുങ്ങിയ നിരക്ക് ക്വോട്ട് ചെയ്ത കറാറുകാരനുമായി എം.ഒ.യു. ഒപ്പ് വയ്ക്കുന്നു. ഈ എം.ഒ.യു.-ന്റെ അടിസ്ഥാനത്തിലാണ് കമ്പനി ടെണ്ടറുകളിൽ പങ്കെടുക്കുന്നത്. ഇപ്രകാരം സമർപ്പിക്കുന്ന ടെണ്ടർ ഓഫറുകൾ സൂക്ഷ്മ പരിശോധന നടത്തി ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശേഷം നൽകപ്പെടുന്ന ശിപാർശകൾക്കനുസൃതമായി കോർപ്പറേഷന് പ്രവൃത്തിയുടെ വർക്ക് ഓർഡർ ലഭിക്കുന്ന പക്ഷം, മേൽ പറഞ്ഞ എം.ഒ.യു. ഒപ്പുവച്ച കരാറുകാരനുമായി ഉപകരാർ ഒപ്പ് വയ്ക്കുന്നു. കരാർ തുകയിൽ, ആദായനികുതി ഒഴിവാക്കിയശേഷമുള്ള തുകയുടെ 5% തുക കമ്പനിക്ക് ലഭിക്കത്തക്കവിധത്തിലാണ് പ്രവൃത്തികൾ നൽകുന്നത്. ഇപ്രകാരം, കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ലഭിച്ച തുകയുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കോർപ്പറേഷന് ടെണ്ടറുകളിൽ പ്രത്യേക ഇളവുകൾ സർക്കാർ നല്കിയിട്ടുള്ളതിന്റെ വിശദവിവരം താഴെചേർക്കുന്നു :

1. 13-8-1987-ലെ G.O.(Ms)No.67/87/PW&T നമ്പർ ഉത്തരവ് പ്രകാരം ഒരു 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്.
2. 12-2-1992-ലെ G.O.(Ms)No.16/92/PW&T. നമ്പർ ഉത്തരവ് പ്രകാരം ഈ കമ്പനിയെ വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും മറ്റും മരാമത്ത് പണികളെ സംബന്ധിച്ചിടത്തോളം പ്രീ ക്വാളിഫൈഡായി പ്രഖ്യാപിച്ചിട്ടുണ്ട്.
3. 18-8-1998-ലെ G.O.(Ms)No.75/98/PWD നമ്പർ ഉത്തരവ് പ്രകാരം സെക്യൂരിറ്റി ഡിപ്പോസിറ്റ്/ഇ.എം.ഡി. എന്നിവ നൽകുന്നതിൽ നിന്നും കോർപ്പറേഷന് ഇളവ് നൽകിയിട്ടുണ്ട്.

(ഇ) 28-4-1988-ലെ G.O.(Ms)No.23/88/PW&T നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന 10% പ്രൈസ് പ്രിഫറൻസ്, 13-1-2015-ലെ G.O.(P) No.14/2015/Fin. നമ്പർ ഉത്തരവ് പ്രകാരം കമ്പനി നേരിട്ട് ഏറ്റെടുക്കുന്ന പ്രവർത്തികൾക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

## എടയാർ-ആലച്ചേരി റോഡ് നിർമ്മാണം

288 (1332) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ എടയാർ-ആലച്ചേരി റോഡ് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കരാർ പ്രകാരം പ്രവൃത്തി ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ;

(ബി) എടയാർ-ആലച്ചേരി റോഡ് നിർമ്മാണം റീ-ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) എടയാർ-ആലച്ചേരി റോഡിന്റെ കി.മീ. 2/100 മുതൽ 5/000

വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി ഒരു കോടി രൂപ അപ്ഗ്രഡേഷൻ പാക്കേജിൽ അനുവദിക്കുകയും പ്രവൃത്തി കരാറുകാരനെ ഏൽപ്പിക്കുകയുമുണ്ടായി. എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതിനാൽ കരാറുകാരനെ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാറിൽ നിന്നൊഴിവാക്കുകയുണ്ടായി. തുടർന്ന് രണ്ടു തവണ റീ-ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കാത്ത സാഹചര്യത്തിൽ മത്സരാധിഷ്ഠിത ക്വട്ടേഷൻ വിളിക്കുകയും ഒരു ക്വട്ടേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ക്വട്ടേഷൻ ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയിലാണ്.

**പ്ലാവിള-കോട്ടുകോണം റോഡിന്റെ നിർമ്മാണപുരോഗതി**

289 (1333) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-യുടെ പ്രാദേശികവികസന ഫണ്ടിൽ നിന്നും 27 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിക്കുന്നതിനായി 2013 സെപ്തംബറിൽ കരാർ ഒപ്പിട്ട നേമം നിയോജക മണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിലെ പ്ലാവിള-കോട്ടുകോണം റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുന്നക്കാമുഗൾ വാർഡിലെ പ്ലാവിള-കോട്ടുകോണം റോഡിന്റെ രണ്ട് മെറ്റലിംഗ് ജോലികൾ, സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവ പൂർത്തിയായി. ടാറിംഗ്, വെള്ളക്കെട്ടുള്ള ഭാഗത്ത് ഇന്റർലോക്ക് ടൈലിംങ്ങ്, ഒരു ബൈറോഡ് കോൺക്രീറ്റ് എന്നീ പ്രവൃത്തികളാണ് അവശേഷിക്കുന്നത്.

(ബി) കരാറുകാരന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ച കാരണമാണ് പ്രവൃത്തി, നിശ്ചിത സമയത്തിന് പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നത്.

**കൊങ്ങാട് മണ്ഡലത്തിൽ റോഡുകൾക്ക് അനുവദിച്ച തുക**

290 (1334) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നശേഷം SRIP, SDRF എന്നിവയിൽ ഉൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിൽ റോഡുകൾക്ക് എത്ര രൂപ അനുവദിച്ചു എന്ന് റോഡുകളുടെ പേര് ഉൾപ്പെടെയുള്ള വിശദവിവരം നല്കാമോ ;

(ബി) 2014-15 വർഷം ടി ഇനങ്ങളിലായി ഏതെല്ലാം പ്രവൃത്തികൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ വർക്കുകൾ അനുവദിക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ വന്നശേഷം SRIP-ൽ ഉൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിൽ റോഡുകൾക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. SDRF എന്നൊരു പദ്ധതി നിലവിലില്ല. എന്നാൽ S.L.T.F-ൽ ഉൾപ്പെടുത്തി 97 പ്രവൃത്തികൾക്കായി 1040.60 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. 2014-15-ൽ 23 പ്രവൃത്തികൾക്കായി 309.40 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി) ചോദ്യം ഉദിക്കുന്നില്ല.

**വാമനപുരം - ചിറ്റാർ റോഡ് നവീകരണം**

**291 (1335)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം - ചിറ്റാർ റോഡ് നവീകരിക്കുന്നതിന് തുക അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വാമനപുരം എം.എൽ.എ. എത്ര കത്തുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഈ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) റോഡിന്റെ നവീകരണത്തിനായി വിവിധ സംഘടനകൾ സമരങ്ങളും പ്രക്ഷോഭങ്ങളും നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വാമനപുരം മണ്ഡലത്തിലെ ഏറ്റവും ദൈർഘ്യമുള്ള ഈ റോഡ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബി എം & ബി സി രീതിയിൽ പുനഃരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വാമനപുരം-ചിറ്റാർ റോഡ് നവീകരിക്കുന്നതിന് തുക അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വാമനപുരം എം.എൽ.എ.-യുടെ ഒരു കത്ത് ലഭിച്ചിട്ടുണ്ട്.

(ബി) ടി പ്രവർത്തിക്കായി 1665 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ധനവകുപ്പിൽ സമർപ്പിച്ചിരുന്നു. ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം കാണിച്ച് ഭരണാനുമതി നൽകിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ വരുന്ന സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കോതമംഗലം-കോഴിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം**

292 (1336) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം - കോഴിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം പദ്ധതികളുടെ പൂർത്തീകരണത്തിന് തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോതമംഗലം-കോഴിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഈ റോഡിന്റെ നിർമ്മാണത്തിനായി 2.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് 4(1) നോട്ടിഫിക്കേഷൻ

ഡിനോവ ആയ സാഹചര്യത്തിൽ നെഗോഷ്യബിൾ പർച്ചേസ് ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പദ്ധതികളുടെ പൂർത്തീകരണത്തിന് യാതൊരു വിധ തടസ്സങ്ങളും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പാണപ്പുഴ കണാരംവയൽ റോഡ് പുനർനിർമ്മാണം**

293 (1337) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പാണപ്പുഴ കണാരം വയൽ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പാണപ്പുഴ കണാരം വയൽ റോഡിന്റെ (കി.മീ.0/000 മുതൽ 12/800 വരെ) പുനരുദ്ധാരണ പ്രവൃത്തി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ബി.എം.& ബി.സി. ചെയ്യുന്നതിനായി 14.9 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ധനസഹായം ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തി പരിഗണിക്കുന്നതാണ്.

**ദേശീയപാത വികസനം**

294 (1338) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിന് കേന്ദ്രം സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം സഹായങ്ങളാണ് ഇതിനായി കേന്ദ്രം നൽകുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. സംസ്ഥാനത്തെ ദേശീയപാതകളുടെ സമഗ്രമായ വികസനം ദേശീയപാതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് നടപ്പിലാക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയെ ഏൽപ്പിച്ചിരുന്നു. ഇതിൻ പ്രകാരം എൻ.എച്ച്. 17-ഉം 47-ഉം എൻ.എച്ച്.ഡി.പി ഘട്ടം 2-ലും 3-ലും പെടുത്തി സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. മറ്റു ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയുമായാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ദേശീയപാത 47-ലെ മണ്ണുത്തി മുതൽ അങ്കമാലി വരെ 4 വരിപ്പാതയാക്കുന്നതും അങ്കമാലി മുതൽ ഇടപ്പള്ളിവരെയുള്ള നവീകരണം നടത്തുന്നതും പൂർത്തിയാക്കിയിട്ടുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെ 6 വരിപ്പാതയാക്കലും വാളയാർ മുതൽ വടക്കഞ്ചേരി വരെ നാലു വരിപ്പാതയാക്കുന്നതും പുരോഗമിച്ചുവരുന്നു. ദേശീയ പാതയുടെ ഭാഗമായുള്ള വിവിധ ബൈപ്പാസുകളുടെ വികസനത്തിനായി കേന്ദ്രസർക്കാർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ബൈപ്പാസ് പൂർണ്ണമായും കേന്ദ്രസഹായത്തോടുകൂടി വികസിപ്പിക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി 50% കേന്ദ്ര സഹായം ലഭിക്കുന്നതാണ്. മറ്റു ദേശീയ പാതകളുടെ വികസനം ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്. ദേശീയ പാതകളായ എൻ.എച്ച്. 208, എൻ.എച്ച്. 49, എൻ. എച്ച് 220, എൻ. എച്ച് 213 എന്നിവയുടെ വിവിധ ഭാഗങ്ങൾ വികസിപ്പിക്കുന്നതിന് 2014-15 വർഷത്തെ കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വാമനപുരം നിയോജകമണ്ഡലത്തിലെ ചെല്ലഞ്ചി പാലം**

**295 (1339)** <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 29-1-2015-ന് ഏതെങ്കിലും മീറ്റിംഗ്

നടന്നിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മീറ്റിംഗിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടു ; വിശദമാക്കാമോ ;

(സി) തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിരുന്നോ; എങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) എന്തുകൊണ്ടാണ് 29-1-2015-ലെ മീറ്റിംഗിലെ തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്തതെന്ന് വിശദമാക്കുമോ ;

(ഇ) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം പുനഃരാരംഭിക്കുന്നതിന് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ ) ഉണ്ട്.

(ബി) യോഗനടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. രണ്ടാഴ്ച കാലയളവാണ് നിശ്ചയിച്ചിരുന്നത്. കൺസ്ട്രക്ഷൻ കോർപ്പറേഷന് ഒരു വിധത്തിലും ഈ പണി ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടു പോകാൻ കഴിയില്ലെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(ഡി) തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മുകളിൽ പറഞ്ഞ തീരുമാന പ്രകാരം പ്രസ്തുത പണിയുടെ കൺസ്ട്രക്ഷൻ കോർപ്പറേഷനുമായുള്ള എഗ്രിമെന്റ് നിയമാനുസൃതം അവസാനിപ്പിക്കുന്നതിനും ശേഷിക്കുന്ന പണികൾ കെ.എസ്.സി.സി.-യുടെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അങ്കമാലി ബൈപ്പാസ് പദ്ധതി**

296 (1340) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ 1000 കോടി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്നതും സർവ്വെയും, അലൈൻമെന്റും, പ്രാഥമിക പഠനവും പൂർത്തിയാക്കിയിട്ടുള്ളതുമായ അങ്കമാലി ബൈപ്പാസ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) അങ്കമാലി ബൈപ്പാസ് ഇനിയും നടപ്പിലാകാത്തതിന്റെ കാരണം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) അങ്കമാലി ബൈപ്പാസിന് PPP മാതൃകയിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുന്നതിന് കിറ്റ്കോ എന്ന കൺസൾട്ടന്റ് സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. കിറ്റ്കോ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കി RBDCK-യ്ക്ക് സമർപ്പിച്ചതിനെ തുടർന്ന് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായ ശേഷം ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

**കൊരട്ടി ജംഗ്ഷനിലെ സിഗ്നൽ സംവിധാനം**

297 (1341) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 47 ലെ കൊരട്ടി ജംഗ്ഷനിൽ സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നതിനോടൊപ്പം നടപ്പാക്കുന്നതിനായി നാറ്റ്പാക്ക് നിർദ്ദേശിച്ച സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം സംവിധാനങ്ങളാണ് കൊരട്ടി ജംഗ്ഷനിൽ ഇതിന്റെ ഭാഗമായി ഏർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ളത് ;

(സി) കൊരട്ടി ജംഗ്ഷനിലെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനായി ഫ്ലൈഓവർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) കൊരട്ടി ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിച്ചിട്ടുണ്ട്. നാറ്റ്പാക്കിന്റെ നിർദ്ദേശത്തിന്മേൽ തുടർനടപടികൾ കൈക്കൊണ്ടിട്ടില്ല.

(സി) കൊരട്ടി ജംഗ്ഷനിൽ ഫ്ളൈ ഓവർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

**കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് പ്രവൃത്തികൾ**

298 (1342) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് നിയോജകമണ്ഡലം അതിർത്തി അടിസ്ഥാനമാക്കി വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം തുകയടക്കം അനുബന്ധമായി ചേർക്കുന്നു.*

**നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

299 (1343) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റ ശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം പ്രവൃത്തികൾ ആണ് നടപ്പിലാക്കിയത് എന്നും ഇവ ഓരോന്നിനും എത്ര തുക വീതമാണ് ചെലവഴിച്ചത് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നബാർഡിന്റെ ആർ.ഐ.ഡി.എഫ് XV സ്കീമിൽ ഉൾപ്പെടുത്തി പുതിയകാവ്-കാട്ടിൽക്കടവ് റോഡിന്റെ നവീകരണ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന് 3,41,23,114 (മൂന്ന കോടി നാൽപത്തിയൊന്ന് ലക്ഷത്തി ഇരുപത്തി മൂവായിരത്തി നൂറ്റി പതിനാല് രൂപ മാത്രം) രൂപ ചെലവായി.

### ധർമ്മടം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

300 (1344) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഏതെല്ലാം പ്രവൃത്തികൾ നടക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തികൾ ഏതെല്ലാം ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ധർമ്മടം മണ്ഡലത്തിൽ ദേശീയപാത വിഭാഗത്തിന്റെ കീഴിൽ മൊയ്തു പാലത്തിന് സമാന്തരമായ പുതിയ പാലത്തിന്റെ നിർമ്മാണം നടന്നു വരുന്നു. ഇതിന്റെ 60% പണി പൂർത്തീകരിച്ചിട്ടുണ്ട്. 2015 ഡിസംബറിൽ പണി പൂർത്തീകരിക്കും. നിരത്ത്-കെട്ടിട വിഭാഗങ്ങളുടെ കീഴിൽ ധർമ്മടം മണ്ഡലത്തിൽ നടക്കുന്ന പ്രവൃത്തികളുടെയും, പ്രവർത്തന ഘട്ടത്തിന്റെയും പൂർത്തീകരണ കാലാവധിയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### മമ്പറത്ത് പുതിയ പാലം

301 (1345) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്തുപറമ്പ്-കണ്ണൂർ സ്റ്റേറ്റ് ഹൈവേയിലെ മമ്പറത്ത് പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ&ബി) മമ്പറം പാലം നിർമ്മാണത്തിന് 16-5-2011-ലെ സ.ഉ. (സാധാ) നമ്പർ 701/2011/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നെങ്കിലും ആവശ്യമായ ഭൂമി ലഭ്യമാകാതിരുന്നതിനാൽ തുടർനടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയപാതാ വികസനം**

302 (1346) ശ്രീ. എളമരം കരീം :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതാ വികസനം സ്തംഭനാവസ്ഥയിലാണോ; വീതി സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടുണ്ടോ ; 45 മീറ്റർ വീതി എന്ന് നിജപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച കേന്ദ്രസർക്കാർ നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ ;

(സി) ദേശീയപാതാ അതോറിറ്റിയുടെ സംസ്ഥാനത്തെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചതായി അറിയിച്ചിട്ടുണ്ടോ ;

(ഡി) കഴക്കൂട്ടം-ചേർത്തല, കുറ്റിപ്പുറം-ഇടപ്പള്ളി തുടങ്ങിയ പാതകളുടെ വികസന പ്രവർത്തനങ്ങളിൽനിന്നും അതോറിറ്റി പിൻമാറിയതായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) ദേശീയപാതാ വികസനം സംബന്ധിച്ച അനിശ്ചിതത്വത്തിന് എങ്ങനെ പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) 45 മീറ്റർ വീതിയിൽ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ ആശ്വാസകരമായ പുരോഗതി കൈവരിക്കാനാകാതെ വന്നതിനാൽ ദേശീയപാതാ 17-ലെ തലപ്പാടി-ഇടപ്പള്ളി ഭാഗവും ദേശീയപാതാ 47-ലെ ചേർത്തല-കഴക്കൂട്ടം ഭാഗവും എൻ.എച്ച്.ഡി.പി.-യിൽ നിന്നും ഒഴിവാക്കി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപാതയുടെ വീതി 45 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഇ) ദേശീയപാതാ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന സംസ്ഥാന സർക്കാരിന്റെ ഉറപ്പ് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ഒഴിവാക്കപ്പെട്ട ഭാഗങ്ങളിലെ ദേശീയപാത വികസനം, ദേശീയപാത വികസന അതോറിറ്റി മുഖാന്തരം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**പേരാമ്പ്ര ബൈപ്പാസ് റോഡ് നിർമ്മാണം**

303 (1347) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര ബൈപ്പാസ് റോഡ് നിർമ്മാണനടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സാമൂഹ്യ-സാമ്പത്തിക പരിസ്ഥിതി സർവ്വേ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോഴാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) പേരാമ്പ്ര ബൈപ്പാസ് റോഡ് നിർമ്മാണനടപടികൾ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ബൈപ്പാസ് റോഡ് നിർമ്മാണ നടപടികൾക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഭൂമി ഏറ്റെടുക്കുന്നതിനായി 20-10-2008-ലെ സ.ഉ.(സാധാ.) നമ്പർ 1734/2008/പൊ.മ.വ. പ്രകാരം 3.95 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിർത്തി നിർണ്ണയിച്ചിട്ടുള്ള കല്ലിടീൽ (പെഗ്മാർക്കിംഗ്) പ്രവർത്തനം പൂർത്തീകരിച്ച് ഭൂമി ഏറ്റെടുക്കുന്ന നടപടി നടന്നുവരുന്നു.

(ബി) സാമൂഹിക സാമ്പത്തിക ആഘാത പഠനത്തിന്റെയും പൊതുജന സഹകരണത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് 20-12-2014-ൽ ലഭ്യമായിട്ടുണ്ട്.

(സി-ഇ) സാമൂഹ്യ-സാമ്പത്തിക പരിസ്ഥിതി റിപ്പോർട്ട് പ്രകാരം 4.89 ഹെക്ടർ സ്ഥലം അധികമായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിലേയ്ക്കായി 6.27 കോടി രൂപ ആവശ്യമായിവരും. എന്നാൽ 2013-ലെ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act പ്രകാരമാണ് ഭൂമി ഏറ്റെടുക്കുന്നതെങ്കിൽ ഏകദേശം 15 കോടി രൂപ ആവശ്യമായി വരും. മേഞ്ഞാണ്യം, കിഴിഞ്ഞാണ്യം എന്നീ ദേശങ്ങളിലെ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക ലഭ്യമാക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടറോട് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ഏറ്റെടുക്കേണ്ട ഭൂമിയിൽ 0.7 ഹെക്ടർ സ്ഥലം പാടശേഖരമാണ്. ആയതിനാൽ 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നിരാക്ഷേപപത്രവും ആവശ്യമായിട്ടുണ്ട്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയുടെ നിർമ്മാണം**

304 (1348) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയുടെ നിർമ്മാണപ്രവർത്തനം അനിശ്ചിതമായി തടസ്സപ്പെട്ടു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ എന്തെന്ന് വിശദീകരിക്കാമോ ;

(ഡി) ടി പ്രവൃത്തിയുടെ കരാർ കാലാവധി ഏതു തീയതിവരെയെന്നും സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ എത്ര തവണ, എന്തു കാരണത്താലെന്നും വ്യക്തമാക്കാമോ ;

(ഇ) പ്രവൃത്തി ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി 30-4-2015-നകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) GIDA-യുടെ ഫണ്ട് ഉപയോഗിച്ചാണ് പ്രവൃത്തി നടത്തുന്നത്. GIDA-യിൽ നിന്ന് ഫണ്ട് യഥാസമയം ലഭ്യമാകാത്തതിനാൽ പണി ചെയ്യുവാൻ കോൺട്രാക്ടർ വിമുഖത കാണിക്കുന്നുണ്ട്.

(ഡി) ടി പ്രവൃത്തിയുടെ കരാർ കാലാവധി 2-3-2015 വരെയാണ്. ക്വാറി സമരം മൂലം ഒരു തവണ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(ഇ) ആവശ്യമായ ഫണ്ടു ലഭ്യമാക്കാൻ GIDA സെക്രട്ടറി കൂടിയായ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഊർജ്ജിതപ്പെടുത്തുന്നതിന് കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### ധർമ്മടം മണ്ഡലത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾ

**305 (1349)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ധർമ്മടം മണ്ഡലത്തിൽ പൊതു മരാമത്ത് വകുപ്പ് പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയും എന്നാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച പ്രവൃത്തികളുടെയും പൂർത്തീകരിച്ച തീയതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

### ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന് വകയിരുത്തിയ തുക

306 (1350) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) 2014-15 സാമ്പത്തികവർഷത്തെ ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന് എന്ത് തുകയാണ് വകയിരുത്തിയിരുന്നത് ; വകയിരുത്തിയ തുക മുഴുവൻ വകുപ്പിന് അനുവദിച്ച് കിട്ടിയിട്ടുണ്ടോ ;

(ബി) ഇതിൽ എന്ത് തുകയാണ് ഇതിനകം ചെലവഴിക്കാനായത് ; ഫണ്ട് പൂർണ്ണമായും ചെലവഴിക്കാനാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെങ്കിലും പ്രവൃത്തികൾ മരാമത്ത് വകുപ്പിൽ നടപ്പാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന് 1140.02 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചു കിട്ടിയിട്ടുണ്ട്.

(ബി) 1449.29 കോടി രൂപ ഇതിനകം ചെലവായിട്ടുണ്ട്.

(സി) ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല. അവയ്ക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാരപറമ്പ്-ആറളം-കാക്കയങ്ങാട്-മണത്തണ ഹിൽ ഹൈവേ റോഡ്**

307 (1351) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര ഹൈവേ പദ്ധതിയിൽപ്പെടുത്തി 22 1/2 കോടി രൂപയുടെ ഭരണാനുമതി നൽകിയ കാരപറമ്പ്-ആറളം-കാക്കയങ്ങാട്-മണത്തണ ഹിൽ ഹൈവേ റോഡിന്റെ നവീകരണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ റോഡ് പ്രവൃത്തി ഉദ്ഘാടനം ചെയ്തതിനുശേഷം പ്രവൃത്തി ആരംഭിക്കാതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി എത്രയും വേഗത്തിൽ പൂർത്തീകരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) കാരപറമ്പ്-ആറളം-കാക്കയങ്ങാട്-മണത്തണ ഹിൽ ഹൈവേ റോഡിന് ഭരണാനുമതിയും പ്രത്യേകാനുമതി നൽകുകയും കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരൻ എഗ്രിമെന്റിൽ

ഏർപ്പെട്ടതിനുശേഷം എത്രയും വേഗത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

**ബാലുശ്ശേരി മണ്ഡലത്തിൽ മിനി സിവിൽസ്റ്റേഷൻ**

308 (1352) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തിൽ മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ;

(ബി) പൊതുമരാമത്ത് വകുപ്പ് സീനിയർ ആർക്കിടെക്റ്റ് സ്ഥലം പരിശോധന നടത്തിയോ ;

(സി) നിർദ്ദിഷ്ടസ്ഥലത്തിന്റെ ലവൽസ് സംബന്ധിച്ച സർവ്വേ റിപ്പോർട്ട് ലഭ്യമായോ ;

(ഡി) പൊതുമരാമത്ത് കെട്ടിട നിർമ്മാണ വിഭാഗം കരട് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി നിർദ്ദേശിക്കാമോ ?

ഉത്തരം

(എ-ഇ) ബാലുശ്ശേരിമണ്ഡലത്തിൽ മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മാണ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് സീനിയർ ആർക്കിടെക്റ്റ് സ്ഥലം പരിശോധന നടത്തി. അതിന്റെ അടിസ്ഥാനത്തിൽ സർവ്വേ സ്കെച്ച് പ്ലാൻ തയ്യാറാക്കിവരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി നിർദ്ദേശം നൽകുന്നതാണ്.

**കുളിക്കടവ് പാലം നിർമ്മാണം**

309 (1353) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കുളിക്കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് ഏത് ഉത്തരവു പ്രകാരമാണ് ; എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ ; നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് സ്വീകരിച്ച

നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 28-2-2011-ലെ സ.ഉ.(സാധാ) നമ്പർ 385/2011/പൊ.മ.വ. പ്രകാരം 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമായിട്ടില്ല. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ റോഡുകളുടെ ശോച്യാവസ്ഥ

310 (1354) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ വരുന്ന കേടുപാടായ റോഡുകൾ അറ്റകുറ്റപ്പണി ചെയ്യുവാൻ വാർഷിക അറ്റകുറ്റ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 470.50 ലക്ഷം രൂപയുടേയും ഉപരിതലം പുതുക്കുന്നതിന് 2163.90 ലക്ഷം രൂപയുടേയും പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിട്ടുണ്ട്.

## കോഴിക്കോട് മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ വരെ റോഡ് വീതി കൂട്ടുന്നത്

311 (1355) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ വരെ റോഡ് വീതി കൂട്ടുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

കോഴിക്കോട് മെഡിക്കൽ കോളേജ്- കാരന്തൂർ റോഡ് കി.മീ. 0/000 മുതൽ 5/230 വരെ വീതി കൂട്ടുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് സർക്കാർ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**അമ്പലപ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

312 (1356) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് വകുപ്പ് വഴി അമ്പലപ്പുഴ മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഓരോ പ്രവൃത്തിയുടെയും തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെയും ഭരണാനുമതി തുകയുടെയും, പ്രവൃത്തികളുടെ ഘട്ടത്തിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവർത്തനങ്ങൾ**

313 (1357) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഏതെല്ലാം മരാമത്ത് പ്രവർത്തനങ്ങൾക്കാണ് നിലവിൽ ഭരണാനുമതി ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ആയതിൽ ഏതൊക്കെ പ്രവർത്തികൾക്കാണ് സാങ്കേതികാനുമതി ലഭിക്കാൻ ബാക്കിയുള്ളത് എന്നും സാങ്കേതികാനുമതി ലഭിക്കാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കുറ്റ്യാടി മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള മരാമത്ത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവൃത്തികളുടെയും, അതിൽ സാങ്കേതിക അനുമതി ലഭിക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നിർമ്മാണ വസ്തുക്കളുടെ ക്വാളിറ്റി കൺട്രോൾ ലാബുകൾ**

314 (1358) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യു.ഡി. നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ യെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ജില്ലാ കേന്ദ്രങ്ങളിൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിന്റെ പ്രവർത്തന രീതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്തെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയുടെ പ്രവർത്തനം നിർവ്വഹിക്കുന്നു. ജില്ലാ ലാബുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. പ്രസ്തുത ലാബുകളിൽ, പരിഷ്കരിച്ച പൊതുമരാമത്ത് മാന്വലിലെ ചട്ടം 2401.1 പ്രകാരം പ്രവൃത്തികളുടെ രണ്ടാംതല ഗുണനിലവാര പരിശോധനയാണ് നടത്തുന്നത്.

(സി&ഡി) ജില്ലാതലത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ജില്ലാ ലാബുകൾ നിലവിലുണ്ട്. ലാബുകളിൽ ഗുണനിലവാര പരിശോധനയ്ക്കായി അസിസ്റ്റന്റ് എഞ്ചിനീയറേയും മറ്റ് സാങ്കേതിക ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. ലാബുകളുടെ ഉദ്യോഗസ്ഥർ പ്രവർത്തി നടക്കുന്ന സ്ഥലങ്ങൾ 'റാൻഡം' രീതിയിൽ സന്ദർശനം നടത്തി നിശ്ചിത അളവിലുള്ള സാമ്പിളുകൾ

ശേഖരിക്കുകയും, പ്രവൃത്തി സ്ഥലത്തുവച്ച് പരിശോധിക്കാനുള്ളത് അവിടെവെച്ചും, ബാക്കിയുള്ളവ ഗുണനിലവാര പരിശോധന ലാബുകളിൽ വച്ചും പരിശോധന നടത്തുന്നു. റീജിയണൽ ലാബുകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. പരിശോധനാഫലങ്ങൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചീഫ് എഞ്ചിനീയർമാർക്കും അയച്ചു കൊടുക്കുന്നു.

## നിർമ്മാണ പ്രവർത്തനങ്ങൾക്കിടെ അപകടങ്ങൾ

315 (1359) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ പ്രവർത്തനങ്ങൾക്കിടെ സംസ്ഥാനത്ത് അപകടങ്ങൾ സാധാരണമായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതൊഴിവാക്കാൻ നിർമ്മാണ മേഖലകളിൽ ക്രമീകരിക്കേണ്ട സുരക്ഷാ സൗകര്യങ്ങളെയും പാലിക്കേണ്ട നിബന്ധനകളേയും സംബന്ധിച്ച് വ്യവസ്ഥകൾ നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ വിദഗ്ദ്ധാഭിപ്രായം രൂപീകരിച്ച് നിർമ്മാണ മേഖലകളിൽ കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അപകടങ്ങൾ ഒഴിവാക്കുന്നതിനായി പ്രവൃത്തി നടക്കുന്ന സ്ഥലത്ത് അവശ്യം വേണ്ടുന്ന ബാരിക്കേഡുകൾ, രാത്രികാലങ്ങളിൽ വെളിച്ചത്തിനുള്ള സംവിധാനങ്ങൾ, തൊഴിലാളികൾക്കുള്ള സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നതിനായി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും അപകടം പറ്റുന്ന പക്ഷം വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനും തൊഴിലാളികൾക്കുള്ള ഇൻഷുറൻസിനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## നാട്ടുകൽ-ഉമ്പക്കണ്ണി കടമ്പഴിപ്പുറം റോഡ് ബി.എം. & ബി.സി. ചെയ്യാൻ നടപടി

316 (1360) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ നാട്ടുകൽ-പാലോട്-ചെഞ്ഞല്ലൂർ-മുറിയം കണ്ണി-പാനാംകുന്ന്-ഇരക്കിണ്ടൽ-കരിപ്പമണ്ണ കരിമ്പുഴ കൂട്ടിലക്കടവ്-പേഴമട്ട-ചുള്ളിയോട്-വാക്കടപ്പുഴം-ഉമ്പക്കണ്ണി കടമ്പഴിപ്പുറം റോഡ് ഗതാഗതത്തിരക്ക് കൂടിയതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡ് ബി.എം.&ബി.സി. വർക്ക് ചെയ്യണമെന്ന നാട്ടുകാരുടെ ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്എന്നത്തേയ്ക്ക് ഭരണാനുമതി നല്കും; വിശദമായ റിപ്പോർട്ട് നൽകാമോ; എന്നത്തേയ്ക്ക് റോഡ് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നിരന്തരം നാട്ടുകാരുടെ ഭാഗത്തുനിന്നും ആവശ്യം ഉയർന്നത് പരിഗണിച്ച് റോഡിന്റെ കി.മീ. 0/000 മുതൽ 5/200 വരെയും 7/200 മുതൽ 16/200 വരെയുള്ള ബി.എം. & ബി.സി. പ്രവൃത്തിക്കും കി.മീ. 16/200 മുതൽ 28/000 വരെയുള്ള ബി.എം.&ബി.സി പ്രവൃത്തികൾക്കുമായി 2155 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ആശാരിക്കടവ് പാലം അപ്രോച്ച് റോഡ് സ്ഥലമെടുപ്പ് നടപടി**

317 (1361) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം നഗരസഭയേയും കോവൂർ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ആശാരിക്കടവ് പാലം അപ്രോച്ച് റോഡ് സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ എതു ഘട്ടത്തിലാണ് ; വിശദാംശം നൽകാമോ ;

(ബി) റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ച് പാലം ജനങ്ങൾക്കായി എപ്പോൾ തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) മലപ്പുറം നഗരസഭയേയും കോവൂർ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന തലാപ്പ്കടവ് ആശാരിപ്പടി പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ റവന്യൂ വകുപ്പിൽ ആണ് നടന്നുവരുന്നത്. Detailed valuation statement അംഗീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പുതിയ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതിയ നിയമനിർമ്മാണം നടത്തേണ്ടതുള്ളതിനാൽ എല്ലാ സ്ഥലമെടുപ്പ് നടപടികളും താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**മോണോറെയിൽ പദ്ധതി**

318 (1362) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാൻ 28-8-2014-ലെ യോഗം തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വിശദീകരിക്കുമോ ;

(ബി) ഈ പദ്ധതിക്കായി ഖജനാവിൽ നിന്നും നാളിതുവരെ എന്ത് തുക ചെലവാക്കിയെന്ന് വ്യക്തമാക്കാമോ ; നാളിതുവരെയുള്ള മോണോറെയിൽ കോർപ്പറേഷന്റെ പ്രവർത്തനം വഴിയുണ്ടായ ഭൗതിക നേട്ടങ്ങൾ വിവരിക്കാമോ ;

(സി) മോണോറെയിൽ കോർപ്പറേഷന്റെ രൂപീകരണ സമയത്ത് മോണോറെയിൽ പദ്ധതിയുടെ സാദ്ധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ; ഈ പഠനത്തിനായി എത്ര രൂപ ചെലവഴിച്ചുവെന്നും പഠനം നടത്തിയ ഏജൻസി ആരാണെന്നും വെളിപ്പെടുത്താമോ ;

(ഡി) തിരുവനന്തപുരം-കോഴിക്കോട് മോണോറെയിൽ പദ്ധതി മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതനുസരിച്ച് മോണോറെയിൽ എന്നുമുതൽ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മോണോറെയിൽ പദ്ധതികൾക്കു വേണ്ടി കേരള മോണോറെയിൽ

കോർപ്പറേഷൻ 1-10-2013-ന് ദർഘാസ് ക്ഷണിക്കുകയും ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ സർക്കാർ നിർദ്ദേശ പ്രകാരം പുനഃദർഘാസ് വിളിക്കുകയും ചെയ്തു. പുനഃദർഘാസ് 30-5-2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ്, DMRC വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ ബോർഡ് യോഗത്തിൽ ടെണ്ടർ നിരസിക്കുകയും മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിക്കുകയും പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിറ്റ് പദ്ധതിക്കായുള്ള വിശദമായ രൂപരേഖ തയ്യാറാക്കാൻ DMRC-യെ ചുമതലപ്പെടുത്തുകയും ചെയ്തു.

(ബി) പദ്ധതികൾക്കായി ഇതുവരെ വിവിധ കൺസൾട്ടൻസി ഫീസ് ഇനത്തിൽ 11,33,13,396 രൂപയും, അഡ്മിനിസ്ട്രേറ്റീവ് ഇനത്തിൽ 1,11,32,284 രൂപയും ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ കോമ്പ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ തയ്യാറാക്കിവരുന്നു. 10 ഏക്കർ പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തിയിൽനിന്നും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പദ്ധതിയുടെ സാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി റോഡ് വികസനം സംബന്ധിച്ച് പഠനം നടത്തിയിരുന്നു. ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കടുത്ത പ്രായോഗിക ബുദ്ധിമുട്ട് ഉളവാക്കുന്നതിനാലും, വളവുകളും, തിരിവുകളും, കയറ്റവും, മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യാനുള്ള സാധ്യത മോണോ റെയിലിനുള്ളതിനാലും ഈ നഗരങ്ങളിൽ മോണോ റെയിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. തിരുവനന്തപുരം നഗരത്തിന്റെ സാധ്യതാ പഠനം നടത്തിയത് നാറ്റ്പാക്കാണ്. ഇതിനായി നാറ്റ്പാക്ക് 63,90,100 രൂപ ഫീസിനത്തിൽ ഈടാക്കി. കോഴിക്കോട് മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി വിൽബർ സ്മിത്ത് അസോസിയേറ്റ്സ് നടത്തിയ സാധ്യതാ പഠനത്തിന് 1,15,81,500 രൂപയാണ് ഫീസിനത്തിൽ ഈടാക്കിയിട്ടുള്ളത്.

(ഡി) മോണോ റെയിൽ പദ്ധതി, മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ മോണോ റെയിൽ പദ്ധതി ഉപേക്ഷിച്ച് മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ്

പദ്ധതിയായ ലൈറ്റ് മെട്രോ പദ്ധതിക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ എൽ.എ.സി. എ.ഡി.എസ്. വർക്കുകൾ

319 (1363) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ 2014-15 വർഷത്തിൽ പി.ഡബ്ല്യൂ.ഡി. മുഖേന നടപ്പിലാക്കുന്ന എൽ.എ.സി. എ.ഡി.എസ് വർക്കുകൾ ഓരോന്നിന്റെയും പ്രവർത്തി പുരോഗതി വിശദമാക്കാമോ ?

ഉത്തരം

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 2014-15 വർഷത്തിൽ പി.ഡബ്ല്യൂ.ഡി. മുഖേന നടപ്പിലാക്കുന്ന എൽ.എ.സി. എ.ഡി.എസ്. വർക്കുകൾ ഓരോന്നിന്റെയും പ്രവർത്തി പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## മട്ടന്നൂർ മണക്കായി കടവ് പാലം

320 (1364) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായി കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് ഏത് ഉത്തരവുപ്രകാരമാണ് എന്ന് അറിയിക്കാമോ ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് എന്ന് വ്യക്തമാക്കാമോ ;

(സി) പാലത്തിന്റെ അപ്രോച്ചുറോഡുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിക്കഴിഞ്ഞിട്ടുണ്ടോയെന്നും തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(ഡി) പാലം നിർമ്മാണ പ്രവർത്തി എപ്പോൾ ടെൻഡർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) 14-7-2009-ലെ സ.ഉ. (സാധാ.) നമ്പർ 1044/09/പൊ.മ.വ. പ്രകാരം മണക്കായിക്കടവ് പാലത്തിനു ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 523 ലക്ഷം രൂപ.

(സി&ഡി) പാലത്തിന്റെ അപ്രോച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ഇപ്പോൾ ലഭ്യമായിട്ടുണ്ട്. ബാക്കി പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**കരാറുകാരുടെ കുടിശ്ശിക**

321 (1365) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് എത്ര കോടി രൂപ കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട് ;

(ബി) എത്ര മാസം മുമ്പുവരെയുള്ള ബില്ലുകളാണ് അവസാനമായി മാറി നൽകിയത് ;

(സി) പൂർത്തീകരിച്ച പ്രവൃത്തിയുടെ തുക മാസങ്ങൾ കഴിഞ്ഞിട്ടും മാറി നൽകാൻ കഴിയാത്തതുകൊണ്ട് കരാറുകാർ പുതിയ പ്രവൃത്തിയുടെ ടെണ്ടർ എടുക്കാൻ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കരാറുകാർ പുതിയ പ്രവൃത്തി ഏറ്റെടുക്കാത്തത് വികസന പ്രവർത്തങ്ങളെ ദോഷകരമായി ബാധിക്കില്ലേ ; വ്യക്തമാക്കാമോ ;

(ഇ) കരാറുകാരുടെ കുടിശ്ശിക തുക മുഴുവൻ എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1680.79 കോടി രൂപയും, കെട്ടിട വിഭാഗത്തിൽ 453.55 കോടി രൂപയും, ദേശീയ പാത വിഭാഗത്തിൽ 54.09 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്.

(ബി) 31-12-2013 വരെയുള്ള ബില്ലുകളാണ് അവസാനമായി മാറിയത്.

(സി) വിമുഖത കാണിക്കുന്നുണ്ട്. എന്നാൽ തുടക്കം കുറിച്ച പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ മന്ദീഭവിക്കാൻ ഇടയാക്കിയിട്ടുണ്ട്.

(ഇ) 2014 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ ബില്ലുകൾ യഥാക്രമം 2015 മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിൽ സർക്കാർ നൽകുമെന്ന് ഉത്തരവായിട്ടുണ്ട്. ഇതു കൂടാതെ കരാറുകാർക്ക് ബാങ്കുകളിൽനിന്നും പണം ലഭ്യമാക്കാൻ വേണ്ടി ബിൽ ഡിസ്കൗണ്ട് സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കി മാസങ്ങളിലെ കുടിശ്ശിക, സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് ബില്ലുകളുടെ മുൻഗണനാക്രമത്തിൽ നൽകാനാണ് ശ്രമിക്കുന്നത്.

**കാസർഗോഡ് മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

322 (1366) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മണ്ഡലത്തിലെ ഒറപ്പിക്കുണ്ട്, ഓടകല്ല്, പാലങ്ങളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) ഈ പാലങ്ങൾ പെട്ടെന്ന് നിർമ്മിച്ചില്ലെങ്കിൽ വലിയ അപകടം ഉണ്ടാകുമെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ ; ഇതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; നിർമ്മാണം എപ്പോൾ ആരംഭിച്ച് എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോട്ടക്കനി (കുറത്തികുണ്ട്) എന്ന പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. വിശദമായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഓടക്കല്ല് പാലം പണിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിവരുന്നു.

(ബി) പാലങ്ങളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മഞ്ഞനക്കാട് പാലത്തിന്റെ നിർമ്മാണം**

323 (1367) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിച്ചിരുന്ന മഞ്ഞനക്കാട് പാലത്തിന്റെ ഇതുവരെയുള്ള നിർമ്മാണ പുരോഗതി വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി കിട്ടിയ തീയതി എന്നെന്നും അതിനുശേഷം പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ഏതൊക്കെ തീയതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മഞ്ഞനക്കാട് പാലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. തദ്ദേശവാസികളുടെ ആവശ്യാനുസരണം ഫുട്ബ്രിഡ്ജ് മാറ്റി ഗതാഗത സൗകര്യമുള്ള പാലം നിർമ്മിക്കുന്നതിന് വേണ്ട എസ്റ്റിമേറ്റിന്റെ തുക ഏകദേശം 4 കോടി രൂപയാണ്. എന്നാൽ ഭരണാനുമതി നൽകിയത് 2 കോടി രൂപയ്ക്കാണ്. ആവശ്യമായ തുകയ്ക്കുള്ള പുതുക്കിയ ഭരണാനുമതി ലഭ്യമാകാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി&സി) 8-11-2012-ലാണ് ഭരണാനുമതി നൽകിയത്. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ഔട്ട് സോഴ്സ് ചെയ്ത് രൂപകൽപ്പന ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ രൂപകൽപ്പന ലഭിച്ചശേഷം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി അധിക തുകയ്ക്ക് ഭരണാനുമതി ലഭ്യമായതിനുശേഷം മാത്രമേ തുടർനടപടി സ്വീകരിക്കാനാകൂ.

**കോട്ടപ്പുറം പാലത്തിന്റെ പൂർത്തീകരണം**

324 (1368) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ കോട്ടപ്പുറം പാലത്തിന്റെ പണി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; പി.ഡബ്ല്യൂ.ഡി. സെക്രട്ടറി വിളിച്ചു ചേർത്ത ഉന്നതതലയോഗത്തിൽ 10 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാറുകാരൻ വ്യക്തമാക്കിയിട്ടും പകുതിയോളം പണി അവശേഷിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ 23-2-2015-ന് വിളിച്ചുചേർത്ത യോഗത്തിൽ ബിൽ കുടിശ്ശിക ലഭിക്കാനുള്ളതിനാൽ 30-9-2015-നുള്ളിൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നാണ് കരാറുകാരൻ അറിയിച്ചിരിക്കുന്നത്.

## മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണപം റോഡിന്റെ നിർമ്മാണം

325 (1369) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണപം റോഡിന്റെ നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളെ തുടർന്ന് റോഡ് നിർമ്മാണപ്രവൃത്തി അനിശ്ചിതമായി നീണ്ടുപോകുന്നതുകൊണ്ട് പ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണപം റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട കോടതി നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് കോടതി വിധി വന്നിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കുമോ ;

(ഡി) കോടതി വ്യവഹാരങ്ങൾ അവസാനിച്ചുവെങ്കിൽ റോഡ് നിർമ്മാണ പ്രവർത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് <u>ബഹു.</u> സുപ്രീംകോടതിയിൽ ഫയൽ ചെയ്തിരുന്ന SLP(C) No. 19380/2014 നമ്പർ കേസിന്റെ വാദം നടന്നുവരുന്നു. ഈ കേസ് 27-4-2015-ന് വീണ്ടും പരിഗണിക്കുന്നതാണെന്നറിയുന്നു. കേസ് പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പയ്യന്നൂരിലെ മിനി സിവിൽസ്റ്റേഷൻ നിർമ്മാണ പ്രവർത്തനം**

326 (1370) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂരിലെ മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും പ്രസ്തുത പ്രവർത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) 28-2-2011-ലാണ് പയ്യന്നൂരിലെ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്.

(ബി) പ്രസ്തുത നിർമ്മാണസ്ഥലം മൂന്ന് കോടതികളുടെ പരിസരമായതിനാൽ, കോടതി പ്രവർത്തന സമയത്ത് പ്രവൃത്തി നിർത്തിവയ്ക്കേണ്ടിവരുന്നതിനാലും, അതു കഴിഞ്ഞുള്ള സമയങ്ങളിൽ ജോലിക്കാരെ കിട്ടാൻ പ്രയാസമായതിനാലുമാണ് നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാൻ വൈകുന്നത്.

(സി) ഇന്റർലോക്ക് പ്രവൃത്തി പൂർത്തിയാകാനുണ്ട്. മാർച്ച് മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

**കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം**

327 (1371) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രവൃത്തി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ;

(സി) പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പാലം നിർമ്മാണത്തിന് RIDF XX പദ്ധതിയിൽപ്പെടുത്തി 16.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിലവിൽ തടസ്സമില്ല.

(സി) സാങ്കേതികാനുമതി ലഭ്യമായശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ**

328 (1372) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; ഇതിന്റെ ഭരണാനുമതി തുക മൊത്തം എത്രയാണ് ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് ;

(സി) എത്ര പ്രവൃത്തികൾ ടെണ്ടർ എടുത്ത് എഗ്രിമെന്റ് വെച്ച് പ്രവൃത്തി നടന്നുവരുന്നുണ്ട് ;

(ഡി) ടെണ്ടറിൽ പോകാത്തതും, ടെണ്ടർ എടുത്ത് എഗ്രിമെന്റ് ചെയ്യാത്തതും ആയ പ്രവൃത്തികൾ എത്ര എണ്ണം ഉണ്ട് ; ഇതിന്റെ ഭരണാനുമതി തുക എത്ര വരും ;

(ഇ) ഭരണാനുമതി നൽകിയ പ്രവൃത്തി സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ആറ്റിങ്ങലിലെ ദേശീയപാത വികസനം**

329 (T1373) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ പട്ടണത്തിൽ ദേശീയപാതയുടെ വീതി കൂട്ടുന്നതിന്റെ ഭാഗമായി 31-12-2014-ൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) സംസ്ഥാന ആസൂത്രണബോർഡ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള ശിപാർശകളെക്കുറിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) 31-2-2014-ലെ യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) സംസ്ഥാന ആസൂത്രണബോർഡ് ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ NATPAC പഠന റിപ്പോർട്ട് തയ്യാറാക്കുകയും തുടർന്ന് പൊതുമരാമത്ത് വകുപ്പ് 22.75 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി സൗജന്യമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ**

330 (1374) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതിനായി റവന്യൂ വകുപ്പിന് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ ; എത്ര തുകയാണ് പ്രസ്തുത വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളത് ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ തുക കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചോ ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) കൊല്ലങ്കോട് ബൈപ്പാസ് (വടക്കാഞ്ചേരി-പൊള്ളാച്ചി റോഡ്) നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 4(1) നോട്ടിഫിക്കേഷൻ നടപടിക്കുമുമ്പായി പദ്ധതി വിഹിത തുകയായ 10,57,20,000 രൂപയുടെ ഇരുപത്തിയഞ്ച് ശതമാനമായ 2,64,30,000 രൂപ അനുവദിക്കണമെന്ന് റവന്യൂ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ തുക അനുവദിക്കുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**പൊതുമരാമത്ത് വകുപ്പിൽ ചെക്ക് സിസ്റ്റം**

331 (1375) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെക്ക് സിസ്റ്റം അവസാനിപ്പിച്ചതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ ഏതെങ്കിലും തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പിൽ ചെക്ക് സിസ്റ്റം അവസാനിപ്പിച്ചതിന്റെ ഭാഗമായി നിലവിൽ തസ്തികകൾ ഒന്നും തന്നെ വെട്ടിക്കുറച്ചിട്ടില്ല.

**കുരുവട്ടൂർ ആയുർവ്വേദ ആശുപത്രി നിർമ്മാണം**

332 (1376) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ ആയുർവ്വേദ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച തീയതി വെളിപ്പെടുത്താമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗത്തിൽ

നിന്ന് ടെണ്ടർ നടപടി ആരംഭിക്കാൻ വൈകാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 17-6-2014 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 1984/ 2014/ആ.ക.വ. പ്രകാരമാണ് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത്.

(ബി&സി) ഭരണാനുമതി നൽകിയശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുകയും, തുടർന്ന് പ്രസ്തുത പ്രവർത്തിക്ക് 13-2-2015-ലെ D1/TN/37/14-15 പ്രകാരം ഓൺലൈൻ മുഖേന ടെണ്ടർ ക്ഷണിച്ചിട്ടുള്ളതും 10-3-2015-ൽ ടെണ്ടർ തുറക്കുന്നതുമാണ്. തുടർനടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പണി ഉടൻ ഏറ്റെടുക്കുന്നതാണ്.

**മുട്ടുങ്ങൽ- നാദാപുരം- പത്രംതളം റോഡ് വികസനം**

333 (1377) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുട്ടുങ്ങൽ-നാദാപുരം-പത്രം തളം റോഡ് സംസ്ഥാന പാത നിലവാരത്തിലേക്ക് ഉയർത്തുമോയെന്ന അറിയിക്കുമോ ;

(ബി) എങ്കിൽ ഇതിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) റോഡുകൾ സംസ്ഥാന പാത നിലവാരത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

**പൊതുമരാമത്ത് റോഡ് പുറമ്പോക്കുകളിൽ വരുമാനദായക പ്രോജക്ടുകൾ**

334 (1378) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് റോഡ് പുറമ്പോക്കുകളിൽ വരുമാനദായക

പ്രോജക്ടുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ സംസ്ഥാന നാഷണൽ ഹൈവേകളിൽ കണ്ടെത്തിയ സ്ഥലം ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ പുറമ്പോക്കിലുള്ള സ്ഥലം വരുമാനദായകമാക്കുന്നതിന് പി.പി.പി. മോഡലിൽ ഒരു പദ്ധതി പരിഗണനയിലാണ്.

(ബി) ദേശീയപാതാ വികസനം പൂർത്തിയായിട്ടില്ലാത്തതിനാൽ ദേശീയ പാതകളിൽ ഇത്തരം സ്ഥലം കണ്ടെത്തിയിട്ടില്ല.

**ദേശീയപാതകളിലെ ടോൾ പിരിവ്**

335 (1379) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയിലെ പാലങ്ങളിൽ നിർമ്മാണത്തിന് ചെലവായ സംഖ്യയെക്കാളും തുക ടോൾ ഇനത്തിൽ ലഭിച്ചിട്ടും ചില പാലങ്ങളിൽ ടോൾ പിരിവ് തുടരുന്നുവെന്ന വസ്തുത ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ദേശീയപാതകളിലെ ടോൾ പിരിവ് കേന്ദ്ര സർക്കാരിന്റെ നിയമമനുസരിച്ചാണോ നടക്കുന്നത് ;

(സി) നിർമ്മാണ ചെലവിനെക്കാളും തുക ലഭിച്ച പാലങ്ങളുടെ ടോൾ പിരിവ് അവസാനിപ്പിക്കുന്നതിന് കേന്ദ്ര ഉപരിതലഗതാഗത വകുപ്പിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ദേശീയപാതയിലെ പാലങ്ങളിൽ ടോൾ പിരിക്കുന്നത് കേന്ദ്ര ടോൾ നിയമമനുസരിച്ചാണ്. ഇതനുസരിച്ച് ചെലവായ മുഴുവൻ തുകയും പിരിഞ്ഞു കിട്ടിക്കഴിഞ്ഞാൽ ടോൾ ഫീയുടെ 40% ഇളവു വരുത്തി പിരിവ് നിരന്തരം തുടരേണ്ടതാണ്.

(സി) ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## ചാലക്കുടിയിലെ അണ്ടർ പാസേജിന്റെ അപ്രോച്ച് റോഡിന്റെയും ഡ്രെയിനേജിന്റെയും നിർമ്മാണം

336 (1380) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ റെയിൽവേ നിർമ്മാണം പൂർത്തിയാക്കിയ അണ്ടർ പാസേജിന്റെ അപ്രോച്ച് റോഡിന്റേയും ഡ്രെയിനേജിന്റേയും നിർമ്മാണം ഇനിയും ആരംഭിക്കാത്തതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ള റോഡുകൾ

337 (1381) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം റോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## ദേശീയപാതയിൽ ഡിവൈഡർ

338 (1382) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ദേശീയപാതയുടെ വിവിധ ഭാഗങ്ങളിൽ ഡിവൈഡർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇല്ലാത്തതുകൊണ്ട് കൂടുതൽ വാഹന അപകടം ഉണ്ടാക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അപകടം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) ഡിവൈഡർ ഇല്ലാത്ത ഭാഗങ്ങളിൽ ഡിവൈഡർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ദേശീയപാതയിലെ വാഹനത്തിരക്കും അശ്രദ്ധമായ ഡ്രൈവിംഗുംമൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ അപകടം കുറയ്ക്കുന്നതിന് ഡിവൈഡറുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**പള്ളിക്കരയിൽ റെയിൽവേ മേൽപ്പാലം**

339 (1383) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീലേശ്വരം-ചെറുവത്തൂർ ദേശീയ പാതയിൽ പള്ളിക്കരയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മേൽപ്പാലത്തിന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടത്തിലാണ് ;

(സി) മേൽപ്പാല നിർമ്മാണം അനിശ്ചിതമായി നീളുന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ-സി) 2003-ൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു. 2009-2010 സാമ്പത്തിക വർഷത്തിൽ 16.5 കോടി രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചില്ല. തുടർന്ന് തലപ്പാടി-കുറ്റിപ്പുറം ദേശീയപാത കി.മീ. 18/050 മുതൽ 318/000 വരെ നാലുവരിപ്പാത നിർമ്മിക്കുന്നതിനായി ദേശീയപാത അതോറിറ്റി ഏറ്റെടുത്തതിനാൽ വാർഷിക പദ്ധതിയിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയില്ല. എന്നാൽ എൻ.എച്ച്. 17 നാലുവരിപ്പാത നിർമ്മാണത്തിൽ നിന്ന് ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പിൻമാറിയതുകൊണ്ട് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുവാനുള്ള

പുതിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം തയ്യാറാക്കി വരികയാണ്.

**വട്ടോളിപ്പാലം നിർമ്മാണം**

340 (1384) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിനെയും മാലൂർ ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന വട്ടോളിപ്പാലം നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ ;

(ബി) വട്ടോളിപ്പാലം നിർമ്മാണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോയെന്നും എത്ര തുകയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) വട്ടോളിപ്പാലം നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ നബാർഡിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) വട്ടോളിപ്പാലം നിർമ്മാണത്തിന് 2015-16 സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്നതിനു നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വട്ടോളിപ്പാലം നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കിവരുന്നു.

(സി) സമർപ്പിച്ചിട്ടില്ല.

(ഡി) പാലത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

**പൊതുമരാമത്ത് കരാറുകാരുടെ കുടിശ്ശിക തുക**

341 (1385) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ ജോലി ചെയ്ത കരാറുകാർക്ക് എത്ര രൂപയാണ് കുടിശ്ശികയുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ജോലികൾ പൂർത്തിയാക്കി ബില്ലുകൾ സമർപ്പിച്ച ഏതു മാസം

വരെയുള്ള തുകയാണ് ഇതുവരെ കൊടുത്തു തീർത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കരാറുകാരുടെ കുടിശ്ശിക തുക പൂർണ്ണമായും എന്ന് കൊടുത്തു തീർക്കാനാവുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1680.79 കോടി രൂപയും, കെട്ടിട വിഭാഗത്തിൽ 453.55 കോടി രൂപയും, ദേശീയപാത വിഭാഗത്തിൽ 54.09 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്.

(ബി) 31-12-2013 വരെയുള്ള ബില്ലുകളാണ് അവസാനമായി മാറിയത്.

(സി) 2014 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ ബില്ലുകൾ യഥാക്രമം 2015 മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിൽ സർക്കാർ നൽകുമെന്ന് ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ കരാറുകാർക്ക് ബാങ്കുകളിൽ നിന്നും ഉടൻ പണം ലഭ്യമാക്കാൻ വേണ്ടി ബിൽ ഡിസ്കൗണ്ട് സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കി തുകയും ബില്ലുകളുടെ മുൻഗണനാ ക്രമമനുസരിച്ച് തുടർന്നുള്ള മാസങ്ങളിൽ കൊടുത്തു തീർക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ബൈപ്പാസ് റോഡുകളുടെ നിർമ്മാണത്തിന് നടപടി**

342 (1386) ശ്രീ. പാലോട് രവി :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബൈപ്പാസുകളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ;

(സി) പ്രസ്തുത നിർമ്മാണങ്ങൾക്കുള്ള ധന സമാഹരണം എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി. മീറ്റർ നാലുവരി പാതയാക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടി പുരോഗമിക്കുന്നു. ബാക്കിയുള്ള മുക്കോല മുതൽ തമിഴ്നാട് അതിർത്തിവരെയുള്ള 16.5 കി. മീറ്റർ ഭാഗത്തെ സ്ഥലമെടുപ്പ് അവസാന ഘട്ടത്തിലാണ്. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണത്തിനായുള്ള റീ ടെൻഡർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. പണി ഉടൻ ആരംഭിക്കുന്നതാണ്. കോഴിക്കോട് ബൈപ്പാസ് നിർമ്മാണം പുരോഗമിക്കുന്നു. തലശ്ശേരി-മാഹി ബൈപ്പാസ് സ്ഥലമെടുപ്പ് ഏതാണ്ട് പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് നടന്നുവരുന്നു. തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റും പ്രവൃത്തിയുടെ എസ്റ്റിമേറ്റും തയ്യാറാക്കാൻ NATPAC-നെ ഏൽപ്പിച്ചുകഴിഞ്ഞു. കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തു. കൂടാതെ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ താഴെപ്പറയുന്ന ബൈപ്പാസുകളുടെ പ്രവൃത്തികൾ നടന്നുവരുന്നു :

(1) എം. സി. റോഡ്-പത്തനാപുരം റോഡ് ശബരിമല ബൈപ്പാസ് (മേഴ്സി ഹോസ്പിറ്റൽ- ചെങ്ങമനാട് റോഡ് 6.60 കി.മീ)

(2) കോതമംഗലം-തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ്

(3) തിരൂർ-പൊന്മുണ്ടം ബൈപ്പാസ്

(4) കർമ്മ ബൈപ്പാസ് റോഡ്, പൊന്നാനി

(5) മൂടാൽ- കഞ്ഞിപ്പുര ബൈപ്പാസ്

(6) ഒരേടത്ത് പാലം-മാനത്തു മംഗലം- തൈക്കുത്ത് ബൈപ്പാസ്

(7) കടുത്തുരുത്തി ബൈപ്പാസ്

(8) പട്ടിത്താനം- മണ്ണാർക്കാട് ബൈപ്പാസ്

(9) അയർക്കുന്നം- കുറ്റില്ലം ബൈപ്പാസ്.

(ബി&സി) തിരുവനന്തപുരം ബൈപ്പാസ് ദേശീയപാത അതോറിറ്റി ബി.ഒ.ടി. വ്യവസ്ഥയിൽ നടപ്പിലാക്കുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ

നിർമ്മാണച്ചെലവ് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിക്കുന്നതാണ്. ഇത് സ്പീഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണം കേന്ദ്രസർക്കാരിന്റെ വാർഷിക പദ്ധതിയിലോ, സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയോ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് സ്പീഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം സംസ്ഥാന സർക്കാരിന്റെ സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. തലശ്ശേരി- മാഹി ബൈപ്പാസ് ദേശീയപാത അതോറിറ്റി ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിലും പ്രവൃത്തി വേഗത്തിൽ തുടങ്ങുന്നതിനായി സ്പീഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

ദേശീയപാത അതോറിറ്റി നിർമ്മിക്കുന്ന ബൈപ്പാസുകൾ ബി.ഒ.ടി. വ്യവസ്ഥയിലാണ്. സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് കേരള റോഡ് ഫണ്ട് ബോർഡിന്റെ വാർഷിക വിഹിതം ഉപയോഗിച്ചും ബോർഡ് മുഖേന ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തുമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നത്.

(ഡി) തിരുവനന്തപുരം ബൈപ്പാസിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി. പണി ഉടൻ തുടങ്ങുന്നതാണ്. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

**മണക്കാലിക്കടവ് പാലത്തിന്റെ നിർമ്മാണം**

343 (1387) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധർമ്മം നിയോജക മണ്ഡലവും മട്ടന്നൂർ നിയോജക മണ്ഡലവും ബന്ധിപ്പിക്കുന്ന മണക്കാലിക്കടവ് പാലത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പാലത്തിന്റെ നിർമ്മാണവുമായി ബന്ധപെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിദശമാക്കാമോ ;

(സി) ഈ പാലത്തിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) മണക്കാലിക്കടവ് പാലം നിർമ്മാണത്തിനായി അപ്രോച്ച് റോഡിനുള്ള ഭൂമി സൗജന്യമായി ലഭ്യമാകുമെന്ന പ്രതീക്ഷയിൽ പാലം പ്രവൃത്തി തുടങ്ങിയിരുന്നെങ്കിലും ആയത് ലഭ്യമാകാത്തതിനാൽ കരാറുകാരൻ പ്രവൃത്തിയിൽ നിന്നും പിൻമാറിയിരുന്നു. ഇപ്പോൾ അപ്രോച്ച് റോഡിനുള്ള ഭൂമി ലഭ്യമായിട്ടുണ്ട്. ആയതിനാൽ ബാക്കി പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## എളങ്കുന്നപ്പുഴ സർക്കാർ സ്കൂൾ കെട്ടിടവും ഗ്രൗണ്ട് നവീകരണവും

284 (1388) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എളങ്കുന്നപ്പുഴ സർക്കാർ സ്കൂൾ കെട്ടിടം, ഗ്രൗണ്ട് നവീകരണം എന്നീ പ്രവൃത്തികൾ നടപ്പാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(സി) പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) എളങ്കുന്നപ്പുഴ സർക്കാർ സ്കൂൾ കെട്ടിട നിർമ്മാണം, ഗ്രൗണ്ട് നവീകരണം എന്നീ പ്രവൃത്തികൾ തീർക്കുവാനുള്ള തീയതി പുതുക്കിയ കരാർ അനുസരിച്ച് 31-5-2015 അണ്. പ്രസ്തുത പ്രവൃത്തിയുടെ ഫിനിഷിംഗ് ജോലികൾ മാത്രമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്ക് കെട്ടിട പ്രവൃത്തി ആരംഭിക്കാൻ നടപടി

345 (1389) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്ക് കെട്ടിടത്തിന് ഭരണാനുമതി നൽകിയിട്ടും പ്രവൃത്തി ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്ക്

ഹോസ്റ്റൽ ക്വാർട്ടേഴ്സ് കെട്ടിടങ്ങളുടെ ബാലൻസ് പ്രവൃത്തിക്ക് 7.23 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അടിയന്തരമായി തയ്യാറാക്കി സാങ്കേതികാനുമതി നൽകി, ടെണ്ടർ ചെയ്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്.

## കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ മരക്കുളം കടവിൽ ഇത്തിക്കര ആറിന് കുറുകെ ഒരു ഫുട്ട് ബ്രിഡ്ജ്

346 (1390) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ മരക്കുളം കടവിൽ ഇത്തിക്കര ആറിന് കുറുകെ ഒരു ഫുട്ട് ബ്രിഡ്ജ് നിർമ്മിക്കുന്നതിലേക്ക് നിർദ്ദേശം ലഭിച്ചിരുന്നുവോ ; എങ്കിൽ എന്നാണെന്നും എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്തത് എന്ത് കൊണ്ടാണ് ;

(സി) പാലത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3-9-2014-ലെ സ.ഉ. (സാധാ) നമ്പർ 1250/2014/പൊ.മ.വ. പ്രകാരം 2012-2013 വർഷത്തെ നിയോജക മണ്ഡല ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി&സി) 17-1-2015, 18-2-2015 എന്നീ തീയതികളിൽ ടി പ്രവൃത്തിക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും കരാറുകാരാരും പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാലാണ് പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത്. ഇപ്പോൾ മത്സരസ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്.

## കൂട്ടംവാതുക്കൽ കടവ് പാലം

347 (1391) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം അസംബ്ലി മണ്ഡലത്തിൽ കരുനാഗപ്പള്ളി, കായംകുളം, ഹരിപ്പാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂട്ടുംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

<u>ഉത്തരം</u>

കൂട്ടുംവാതുക്കൽ കടവ് പാലത്തിന്റെ അലൈൻമെന്റ് അംഗീകരിച്ചു. പാലത്തിന്റെ വിശദമായ രൂപകൽപ്പന തയ്യാറാക്കിയിട്ടുണ്ട്. അപ്രോച്ച് റോഡിനും പാലത്തിനും ആവശ്യമായ സ്ഥലത്തിന്റെ അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**നെല്ലിയാമ്പതിയിലെ ഉരുൾപൊട്ടലിൽ തകർന്ന റോഡിന്റെ പുനരുദ്ധാരണം**

348 (1392) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ നെല്ലിയാമ്പതിയിലുണ്ടായ ഉരുൾപ്പൊട്ടലിൽ റോഡ് ഒലിച്ചുപോയി ഗതാഗത തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) 28-10-2014-ന് ഉണ്ടായ ഉരുൾപൊട്ടലിൽ തകർന്ന റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് നാളിതുവരെ എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) നെല്ലിയാമ്പതിയിലെ തകർന്ന റോഡിന്റെ പുനരുദ്ധാരണ പണികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) ഉരുൾപൊട്ടലിന്റെ ഭാഗമായി റോഡിൽ വീണുകിടന്ന മണ്ണ്, പാറക്കഷ്ണങ്ങൾ എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുകയും ഒറ്റപ്പെട്ടുപോയ നെല്ലിയാമ്പതിയിലേയ്ക്ക് ഗതാഗതം പുനഃസ്ഥാപിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത റോഡിന്റെ തകർന്ന സംരക്ഷണ ഭിത്തിയും റോഡും പൂർവ്വസ്ഥിതിയിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങൾ**

**349 (1393)** ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിട്ടുണ്ടോ ; എങ്കിൽ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) കരാറുകാർക്ക് കൊടുത്തുതീർക്കുവാനുള്ള കുടിശ്ശിക എത്രയെന്ന് വിശദമാക്കുമോ ;

(സി) ടെണ്ടറുകൾ ബഹിഷ്കരിക്കുമെന്ന കരാറുകാരുടെ പ്രഖ്യാപനങ്ങൾ പിൻവലിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്ത് ധാരണയുടെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(ഇ) കരാറുകാർ എസ്റ്റിമേറ്റ് തുകയെക്കാൾ അധികരിച്ച തുകയ്ക്ക് ടെണ്ടറുകൾ സമർപ്പിക്കുന്നത് ബില്ലുകൾ മാറിക്കിട്ടുന്നതിലെ കാലതാമസം കൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരാറുകാർക്ക് ബിൽ കുടിശ്ശിക നൽകാനുള്ളതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിട്ടില്ല.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1680.79 കോടി രൂപയും, കെട്ടിട വിഭാഗത്തിൽ 453.55 കോടി രൂപയും, ദേശീയപാതാ വിഭാഗത്തിൽ 54.09 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്.

(സി) പിൻവലിച്ചിട്ടുണ്ട്.

(ഡി) ബിൽ കുടിശ്ശിക എത്രയും വേഗം കൊടുത്തു തീർക്കാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ്.

(ഇ) ബില്ലുകൾ മാറിക്കിട്ടുന്നതിലെ കാലതാമസവും ഇതിന് ഒരു കാരണമാകാൻ സാധ്യതയുണ്ട്.

**2014 ജനുവരി 1-ന് ശേഷം ഭരണാനുമതിക്ക് സമർപ്പിച്ച പ്രവൃത്തികൾ**

350 (1394) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എന്നിവിടങ്ങളിൽ 2014 ജനുവരി 1 ന് ശേഷം എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ച പ്രവൃത്തികൾ, പേര്, അടങ്കൽ തുക, നിയോജകമണ്ഡലം, ഏത് പദ്ധതിയിലുൾപ്പെടുത്തിയുള്ള ഫണ്ട് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും ലഭിച്ച ഭരണാനുമതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് ഏതിനൊക്കെയാണ് സാങ്കേതിക അനുമതി നൽകിയതെന്ന്, പ്രവൃത്തി, അടങ്കൽ തുക, നിയോജക മണ്ഡലം, സാങ്കേതിക അനുമതി തീയതി, സാങ്കേതിക അനുമതിയിൽ ഒപ്പുവച്ച ഉദ്യോഗസ്ഥൻ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഇനിയും സാങ്കേതികാനുമതി നൽകാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അത് വൈകാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ഓഫീസുകളിൽ വിവിധ തസ്തികകളിലായുള്ള ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ ;

(എഫ്) രാംനഗർ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന് കെട്ടിട നിർമ്മാണത്തിനും രാവണീശ്വരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്

സ്റ്റേഡിയം നിർമ്മാണത്തിനും ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 50 ലക്ഷം രൂപ വീതമുള്ള പ്രവൃത്തി നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ജി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിലുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ - ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**എൻ. എച്ച്. 47-ലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി**

351 (1395) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്. 47 ലെ വാളയാർ മുതൽ വടക്കാഞ്ചേരി വരെയുള്ള ദേശീയ പാതയുടെയും മണ്ണുത്തി മുതൽ വടക്കാഞ്ചേരി വരെയുള്ള ദേശീയ പാതയുടെയും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) മണ്ണുത്തി മുതൽ വാളയാർ വരെയുള്ള ദേശീയ പാതയുടെ നിർമ്മാണ പ്രവൃത്തികൾക്കായി നാളിതു വരെ എത്ര തുക ചെലവായി എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. വാളയാർ മുതൽ വടക്കാഞ്ചേരി വരെയുള്ള നാലുവരി പാതയുടെ നിർമ്മാണം 18-5-2013-ൽ ആരംഭിച്ച് നല്ല രീതിയിൽ പുരോഗമിക്കുന്നു. 2015 ഫെബ്രുവരി മാസത്തെ വിശദാംശങ്ങൾ പ്രകാരം 88% പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

വടക്കാഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള 6 വരി പാതയുടെ യഥാർത്ഥ ഷെഡ്യൂൾ പ്രകാരം പണി തീർക്കേണ്ട സമയം 18-5-2013 ആയിരുന്നു. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ കാരണം പ്രവൃത്തി തടസ്സപ്പെടുകയും പ്രോജക്ട് ആരംഭിക്കേണ്ട തീയതി 15-9-2012 ആയി പുനർ നിർണ്ണയിക്കുകയും ചെയ്തു. കൺസഷണർ M/s Thrissur Expressway Limited-ന് വായ്പ ലഭിക്കുന്നതിലുണ്ടായ കാലതാമസം കാരണം 7-10-2014-ൽ മാത്രമേ പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞുള്ളൂ. 2015 ഫെബ്രുവരി മാസത്തെ വിശദാംശങ്ങൾ പ്രകാരം 6% പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) വടക്കാഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള ദേശീയപാതയുടെ നിർമ്മാണ പ്രവൃത്തികൾക്കായി ദേശീയപാത വികസന അതോറിറ്റി ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വാളയാർ-വടക്കാഞ്ചേരി നാലുവരി പാതയുടെ ഷെഡ്യൂൾ പ്രകാരം പണി തീർക്കേണ്ട സമയം 13-11-2015 ആണ്. അതിന് മുൻപ് പ്രവൃത്തി പൂർത്തിയാക്കാനാകുമെന്ന് കരുതുന്നു.

വടക്കാഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള 6 വരിപ്പാതയുടെ നിർമ്മാണം 2016 ഒക്ടോബറിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മിഷൻ 676 പദ്ധതി പ്രകാരം പൊതുമരാമത്ത് വകുപ്പിൻ കീഴിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ**

352 (1396) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പ്രകാരം പൊതുമരാമത്ത് വകുപ്പിൻകീഴിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയാണ്; ഇതിനകം നടപ്പിലാക്കിയിട്ടുള്ളവ ഏതൊക്കെയാണ്; അതിനായി ചെലവഴിച്ച തുക എത്ര; 2014-2015 ബജറ്റിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകയിരുത്തിയതല്ലാത്ത തുക ഇതിനായി കണ്ടെത്തി ഉപയോഗിക്കുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെ ;

(സി) മിഷൻ 676 പദ്ധതി നടത്തിപ്പ് തുടങ്ങിയ തീയതി എന്നായിരുന്നു ; അവസാനിക്കുന്ന തീയതി എന്നാണ് ; ഇനി എത്ര ദിവസങ്ങൾ അവശേഷിക്കുന്നു ?

ഉത്തരം

(എ) മിഷൻ 676 പ്രകാരം പൊതുമരാമത്ത് വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ അനുബന്ധം-I ആയും, ഇതിനകം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -II ആയും ചേർത്തിരിക്കുന്നു.* ആകെ 109.33 കോടി രൂപ ചെലവായിട്ടുണ്ട്. ബജറ്റിൽ വകയിരുത്തിയതല്ലാത്ത 23.33 കോടി രൂപ ഇതിനായി ഉപയോഗിച്ചിട്ടുണ്ട്.

(ബി) പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം -III ആയി ചേർത്തിരിക്കുന്നു.*

(സി) മന്ത്രിസഭയുടെ മൂന്നാം വർഷം പൂർത്തിയായ സമയത്താണ് മിഷൻ 676 പ്രഖ്യാപിച്ചത്. മന്ത്രിസഭയുടെ കാലാവധി പൂർത്തിയാകുന്ന സമയത്താണ് ഈ പദ്ധതി അവസാനിക്കുന്നത്. ഇനി ഏകദേശം 401 ദിനങ്ങൾ കൂടി അവശേഷിക്കുന്നുണ്ട്.

[നക്ഷത്രചിഹ്നമിടാത്ത 1167, 1170, 1171, 1173, 1175, 1177, 1178, 1249 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9.30 എ.എം.]

## II സ്പീക്കർ തെരഞ്ഞെടുപ്പ്

പ്രോട്ടെം സ്പീക്കർ (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) : ഓർഡർ...... ഓർഡർ ........ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് രണ്ട് അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ശ്രീമതി പി. അയിഷാ പോറ്റി, ശ്രീ. എൻ. ശക്തൻ എന്നിവരാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ. ശ്രീമതി പി. അയിഷാ പോറ്റിയെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള രണ്ട് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. മാത്യു റ്റി. തോമസ് നിർദ്ദേശിക്കുകയും ശ്രീ. എ. കെ. ശശീന്ദ്രൻ പിന്താങ്ങുകയും ശ്രീ. സി. ദിവാകരൻ നിർദ്ദേശിക്കുകയും ശ്രീ. എ. കെ. ബാലൻ പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീമതി പി. അയിഷാ പോറ്റിക്കുവേണ്ടിയുള്ള പത്രികകൾ. ശ്രീ. എൻ. ശക്തനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള മൂന്ന് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി നിർദ്ദേശിക്കുകയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പിന്താങ്ങുകയും ശ്രീ. രമേശ് ചെന്നിത്തല നിർദ്ദേശിക്കുകയും ശ്രീ. ഷിബു ബേബി ജോൺ പിന്താങ്ങുകയും ശ്രീ. കെ. എം. മാണി നിർദ്ദേശിക്കുകയും ശ്രീ. കെ. പി. മോഹനൻ പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. എൻ. ശക്തനുവേണ്ടിയുള്ള പത്രികകൾ. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ സ്പീക്കർ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ സഭ വോട്ടെടുപ്പിലൂടെ സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ ശ്രീമതി പി. അയിഷാ പോറ്റിയുടെ പേര് ആദ്യത്തേതായും ശ്രീ. എൻ. ശക്തന്റെ പേര് രണ്ടാമത്തേതായും അച്ചടിച്ചിട്ടുണ്ട്. നിയമസഭാംഗങ്ങൾ തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർത്ഥിയുടെ പേരിനെതിരെ ഒരു ഗുണനചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തേണ്ടതാണ്. ഗുണനചിഹ്നമല്ലാതെ മറ്റ് അടയാളങ്ങളിട്ട് വോട്ട് രേഖപ്പെടുത്തിയാൽ പ്രസ്തുത ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കുന്നതാണ്. നിയമസഭാംഗങ്ങളുടെ പേര് സെക്രട്ടറി ഇപ്പോൾ വിളിക്കുന്നതായിരിക്കും. ഓരോ അംഗവും തൽസമയം അദ്ധ്യക്ഷ വേദിക്ക് സമീപം വന്ന് ഏതെങ്കിലും ഒരു ബൂത്തിൽ വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടരാകണമെന്ന് അഭ്യർത്ഥിക്കുന്നു. ആദ്യത്തെ പ്രാവശ്യം പേര് വിളിക്കുമ്പോൾ സഭയിൽ ഹാജരല്ലാത്ത അംഗങ്ങൾക്ക് പോൾ അവസാനിച്ചതായി പ്രഖ്യാപിക്കുന്നതിനുമുമ്പ് സഭയിൽ ഹാജരാകുന്ന പക്ഷം വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്നതാണ്. ബാലറ്റ്പെട്ടി വേണമെങ്കിൽ രണ്ടുപേർക്ക് വന്ന് പരിശോധിക്കാവുന്നതാണ്.

ശ്രീ. സി. ദിവാകരൻ : ഏജന്റുമാരെ വിളിക്കണം.

മി. പ്രോട്ടെം സ്പീക്കർ : കൗണ്ടിംഗ് സമയത്താണ് ഏജന്റുമാരെ വിളിക്കുന്നത്. വോട്ടെടുപ്പ് ആരംഭിക്കാം.

[വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി ശ്രീ. പി. ഡി. ശാരംഗധരൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മുതൽ ഇരിപ്പിട ക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീമതി പി. അയിഷാ പോറ്റി, ശ്രീ. എൻ. ശക്തൻ എന്നിവരും നോമിനേറ്റഡ് അംഗം ശ്രീ. ലൂഡി ലൂയിസും പ്രോട്ടെം സ്പീക്കർ ശ്രീ. ഡൊമിനിക് പ്രസന്റേഷനും വോട്ടെടുപ്പിൽ പങ്കെടുക്കുകയുണ്ടായി.]

മി. പ്രോട്ടെം സ്പീക്കർ : ഇനി ആരും വോട്ട് ചെയ്യാനില്ലല്ലോ, വോട്ടെണ്ണൽ ആരംഭിക്കുകയാണ്. ഓരോ സ്ഥാനാർത്ഥിയുടെയും പ്രതിനിധിയായി ഒരംഗത്തിന് അദ്ധ്യക്ഷ വേദിയിലേക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്. ശ്രീ. എ. കെ. ബാലനും ശ്രീ. ബെന്നി ബെഹനാനും വേദിയിലേക്ക് വരണം.

[സ്പീക്കർ സ്ഥാനാർത്ഥികളുടെ ഏജന്റുമാരായ ശ്രീ. എ. കെ. ബാലൻ, ശ്രീ. ബെന്നി ബെഹനാൻ എന്നീ അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടത്തി.]

മി. പ്രോട്ടെം സ്പീക്കർ : ഓർഡർ...... ഓർഡർ..... തെരഞ്ഞെടുപ്പിന്റെ ഫലം ഇപ്പോൾ പ്രഖ്യാപിക്കുന്നതാണ്. ശ്രീമതി പി. അയിഷാ പോറ്റിക്ക് 66 വോട്ടും ശ്രീ. എൻ. ശക്തന് 74 വോട്ടും കിട്ടിയിരിക്കുന്നു. ശ്രീ. എൻ. ശക്തനെ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുത്തതായി ഞാൻ പ്രഖ്യാപിക്കുന്നു.

[മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും ചേർന്ന് നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എൻ. ശക്തനെ അദ്ധ്യക്ഷ വേദിയിലേയ്ക്ക് ആനയിച്ചു.]

[ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷവേദിയിൽ ഉപവിഷ്ടനായി.]

മി. സ്പീക്കർ : ഓർഡർ........... ഓർഡർ............

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അനുമോദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അങ്ങ് പരിചയസമ്പന്നനായ ഒരു പൊതുപ്രവർത്തകനാണ്. എം.എൽ.എ., മന്ത്രി, ഡെപ്യൂട്ടി സ്പീക്കർ എന്നീ നിലകളിലൊക്കെ പ്രവർത്തിച്ചിട്ടുള്ള അനുഭവസമ്പത്ത് നിയമസഭയുടെ നാഥനെന്ന നിലയിൽ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നതിന് അങ്ങേക്ക് പ്രയോജനപ്പെടുമെന്ന് എനിക്ക് പൂർണ്ണ വിശ്വാസമുണ്ട്. അങ്ങയുടെ പ്രവർത്തനത്തിന് ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഭരണകക്ഷിയുടെ ഭാഗത്തുനിന്നുമുള്ള പൂർണ്ണപിന്തുണ ഞാൻ ഈ അവസരത്തിൽ വാഗ്ദാനം ചെയ്യുന്നു. വ്യത്യസ്തമായ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളുമുണ്ടാകാം. അതെല്ലാം ചർച്ച ചെയ്ത് പറയാനുള്ളത് പറഞ്ഞ്, മനസ്സിലാക്കാനുള്ളത് മനസ്സിലാക്കി ജനാധിപത്യത്തിന്റെ ഏറ്റവും ഉന്നതമായ പാരമ്പര്യം പുലർത്താൻ നിയമസഭയെയാണ് വേദിയാക്കേണ്ടത്. പരസ്പരം കാര്യങ്ങൾ മനസ്സിലാക്കി മുന്നോട്ടു പോകാൻ അത്തരം ചർച്ചകൾകൊണ്ട് സാധിക്കണം. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളും ആശയപരമായ വ്യത്യസ്ത കാഴ്ചപ്പാടുകളും നില നിൽക്കുമ്പോൾപ്പോലും എന്തുകൊണ്ട് അത്തരം നിലപാടുകൾ സ്വീകരിക്കുന്നുവെന്ന് അന്യോന്യം മനസ്സിലാക്കാൻ സാധിക്കുന്നത് ജനാധിപത്യത്തിന് ശക്തി പകരുമെന്നതിൽ യാതൊരു സംശയവുമില്ല. കാര്യങ്ങൾ ചർച്ച ചെയ്യാനാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. എത്ര പ്രാവശ്യം ചർച്ച ചെയ്താലും ഒരിക്കൽപ്പോലും ചട്ടങ്ങളുടെ പേരിൽ ഒരു ചർച്ചയോ അതിനെ എതിർക്കുന്നൊരു സമീപനമോ ഉണ്ടാവില്ല. കാരണം കാര്യങ്ങൾ ചർച്ച ചെയ്ത് പരസ്പരം മനസ്സിലാക്കി ആ ചർച്ച ജനങ്ങൾ കേൾക്കട്ടെയെന്നുള്ള സമീപനമായിരിക്കും ഗവൺമെന്റ് സ്വീകരിക്കുക.

അങ്ങ് അനുഭവ സമ്പന്നനായ ഒരു പൊതുപ്രവർത്തകനാണ്. അങ്ങ് ഈ നിയമസഭയിൽ നാലാമത്തെ പ്രാവശ്യമാണ് ജയിച്ചുവരുന്നത്. ഓരോ പ്രാവശ്യം ജയിച്ചതും കൂടുതൽ കൂടുതൽ വോട്ടുകൾ ഭൂരിപക്ഷം നേടിയാണ്. അങ്ങയുടെ ജനസമ്മതിയും ജനങ്ങളുമായിട്ടുള്ള ബന്ധവുമാണ് അത് തെളിയിക്കുന്നത്. ജനങ്ങളുമായിട്ടുള്ള ബന്ധം, പ്രവർത്തന രംഗത്തുള്ള നീണ്ട കാലഘട്ടത്തെ പരിചയസമ്പത്ത്, മന്ത്രിയായും ഡെപ്യൂട്ടി സ്പീക്കറായുമൊക്കെ പ്രവർത്തിച്ചിട്ടുള്ള അനുഭവം എല്ലാം ഈ സ്ഥാനത്ത് ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കാനും ശോഭിക്കാനും അങ്ങേക്ക് കരുത്ത് നൽകും എന്നെനിക്കറിയാം. അങ്ങേക്ക് ഒരിക്കൽകൂടി എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, ശ്രീ. എൻ. ശക്തൻ, അങ്ങ് സഭയുടെ സ്പീക്കറായി അവരോധിതനായിരിക്കുകയാണ്. ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും പരിപാലിക്കുവാനും അത് ശരിയായ നിലയിൽ, ജനാധിപത്യപരവും സൗഹൃദപരവുമായി പരിഹരിക്കുന്നതിന് വേണ്ടിയിട്ടുള്ള ഏറെ ഗൗരവതരമായ ബാധ്യത നിയമസഭാ സ്പീക്കറെന്ന നിലയിൽ അങ്ങിൽ നിക്ഷിപ്തമാണ്. അങ്ങ് രണ്ട് ഘട്ടങ്ങളിൽ സഭയെ പ്രതിനിധാനം ചെയ്തിട്ടുള്ളയാളാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പോലീസുകാരുടെ അകമ്പടിയോടുകൂടി ഈ സഭയെ നയിച്ചൊരു ഡെപ്യൂട്ടി സ്പീക്കറായി അവരോധിതനായിട്ടുണ്ട്. അങ്ങയുടെ മുൻഗാമി ഈ അസംബ്ലിക്ക് നൽകിയ മഹത്തായൊരു പാരമ്പര്യമുണ്ട്. നാലുകൊല്ലത്തോളം അത് കണ്ടും ശരിയായി വീക്ഷിച്ചും അത് മാതൃകയാക്കാൻ അങ്ങ് ബാധ്യസ്ഥനായിരുന്നു. ഈ രണ്ട് അനുഭവങ്ങളിൽ അങ്ങയുടെ മുൻഗാമിയായിട്ടുള്ള നമ്മുടെ ബഹുമാനിതനായ ജി. കെ. എന്ന അപരനാമധേയത്തിൽ അറിയപ്പെടുന്ന ജി. കാർത്തികേയന്റെ മഹത്തായ മാതൃക അങ്ങ് മറന്നുപോകില്ല എന്ന് ഞാൻ ആശിക്കുന്നു. സ്പീക്കർഷിപ്പിന് നല്ല പാരമ്പര്യം നൽകിക്കൊണ്ട് നമ്മെയെല്ലാം ദുഃഖത്തിലാഴ്ത്തി കടന്നുപോയ ജി. കാർത്തികേയന്റെ മഹത്തായ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ അങ്ങ് നിർബന്ധിതനാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിക്കുകയാണ്. അങ്ങയുടെ സ്പീക്കർഷിപ്പിന് എല്ലാ വിധത്തിലുമുള്ള ആശംസ നേരുകയാണ്. ആ ചുമതല ഭംഗിയായി നിറവേറ്റാൻ അങ്ങേക്ക് അവസരം ഉണ്ടാകട്ടെ എന്ന് ആശിച്ചുകൊണ്ടും അങ്ങേക്ക് എല്ലാ അഭിവാദനങ്ങളും അർപ്പിച്ചുകൊണ്ടും നിർത്തുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പറഞ്ഞതുപോലെതന്നെ എന്റെ കക്ഷിയുടേയും എല്ലാവിധ ആശംസകളും പിന്തുണയും ഈ അവസരത്തിൽ ഞാൻ അങ്ങേയ്ക്ക് അർപ്പിക്കുകയാണ്. ഇൻഡ്യയിലെ ഏറ്റവും പാരമ്പര്യമുള്ളതും മഹത്തായതുമായ ഈ നിയമസഭയുടെ അദ്ധ്യക്ഷനാവുക എന്നുപറഞ്ഞാൽ അത് രാഷ്ട്രീയ പൊതുജീവിതത്തിലെ ഒരു അവസരം തന്നെയാണ്. മാത്രമല്ല ഇപ്പോഴിവിടെ പരാമർശിക്കപ്പെട്ടതുപോലെ ഈ സഭ നയിച്ചുകൊണ്ടുപോയി എല്ലാവരുടെയും ആദരവ് പിടിച്ചുപറ്റിയ മഹാനായ ജി. കാർത്തികേയനോടൊപ്പം പ്രവർത്തിച്ച അങ്ങേക്കും ആ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ

നിയമസഭയിലെ എല്ലാ നടപടികളും നമ്മൾ വീക്ഷിച്ചാൽ കാലക്രമേണ വലിയൊരു നിലവാരത്തിലേയ്ക്ക് ഈ സഭ വന്നിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. ഇവിടെ വാച്ച്&വാർഡിനെ വിന്യസിക്കാതെ സഭ നടത്തിക്കൊണ്ടു പോകാൻ കഴിഞ്ഞതൊക്കെ അതിന്റെ ഭാഗമായാണ്. ഇൻഡ്യയിലെ എല്ലാ നിയമസഭകളിൽനിന്നും വ്യത്യസ്തമായി നമ്മൾ ഉന്നത നിലവാരത്തിലേക്ക് പതുക്കെ വന്നിട്ടുണ്ട്. അതിനിയും നിലനിർത്തിക്കൊണ്ട് പോകണമെന്നാണ് നമ്മുടെയൊക്കെ ആഗ്രഹം. നാമം അന്വർത്ഥമാക്കുമാറ് അങ്ങ് അതിന് ശക്തനാകട്ടെ എന്ന ആശംസകളോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ : സർ, ഇവിടെ അങ്ങേയ്ക്ക് എല്ലാവിധമായ പിൻതുണയും പ്രഖ്യാപിച്ചുകൊണ്ട് മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച വികാരത്തിൽ ഞാനും പങ്കുചേരുകയാണ്. തിരുവനന്തപുരത്തെ രാഷ്ട്രീയ സംഭവ വികാസങ്ങളിൽ ഏറ്റവും വലിയ പങ്കുവഹിച്ച രണ്ടാമത്തെയാളാണ്, എന്നെ സംബന്ധിച്ചിടത്തോളം ഈ പദവിയിലെത്തുന്നത്. ഇവിടെ നമ്മൾ നേരത്തേ അനുസ്മരിച്ചതുപോലെ അവിസ്മരണീയനായ ഒരു സ്പീക്കർ നമ്മുടെ മുൻപിൽനിന്ന് വിട പറഞ്ഞുപോയിരിക്കുകയാണ്. സ്വാഭാവികമായും അദ്ദേഹത്തിന്റെ ശൈലിയും സമീപനങ്ങളും ഞങ്ങൾ അങ്ങയിൽനിന്ന് പ്രതീക്ഷിക്കുന്നു. സ്പീക്കർ ഭരണകക്ഷിയുടെ കാര്യങ്ങൾ മാത്രം ചെയ്തുകൊടുക്കുകയെന്നുള്ള നിലയിലേക്ക് വരുമ്പോഴാണ് പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങൾക്ക് വല്ലാത്ത വേദന തോന്നുന്നത്. അതുകൊണ്ട് അങ്ങയോടുള്ള അപേക്ഷ, ജനാധിപത്യത്തിന്റെ ഏറ്റവും വലിയ കാവൽ ഭടൻമാരാണ് പ്രതിപക്ഷത്തുള്ള ആളുകൾ, ആ പരിഗണനയിൽ തീർച്ചയായിട്ടും അങ്ങ് അനുഭവ സമ്പന്നനായതുകൊണ്ടും, ചെറിയ കാലയളവിലുള്ള അനുഭവം ഉള്ളതുകൊണ്ടും ഞങ്ങൾക്കറിയാം, രണ്ടു ഭാഗത്തും - ജനാധിപത്യത്തിൽ നിയമസഭാ അംഗങ്ങളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേകമായ പരിഗണന അങ്ങിൽനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാവിധ പിൻതുണയും, എല്ലാ വിജയങ്ങളും ഞാൻ ഈ സന്ദർഭത്തിൽ അങ്ങേക്ക് നേരുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടതിൽ അങ്ങേയ്ക്ക് പ്രത്യേകിച്ച് ഞങ്ങൾ ഹൃദയംഗമമായ അനുമോദനം അർപ്പിക്കുകയാണ്. ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രിയും മറ്റ് കക്ഷിനേതാക്കളും സൂചിപ്പിച്ചതുപോലെ കേരള നിയമസഭയ്ക്ക് വലിയ ഒരു പാരമ്പര്യമുണ്ട്. ഇൻഡ്യയിലെ മറ്റ് സംസ്ഥാന നിയമസഭകളെക്കാളും ആ പാരമ്പര്യത്തിൽ നമുക്ക് അഭിമാനംകൊള്ളാം.

അങ്ങനെയുള്ള നിയമസഭയുടെ അദ്ധ്യക്ഷനായി വരിക, പ്രത്യേകിച്ചും ഇവിടെ സൂചിപ്പിച്ചതുപോലെ എത്രയോ മഹാൻമാരായ വ്യക്തികൾ അലങ്കരിച്ച ഒരു കസേരയാണ് അത്. ആ സ്ഥാനത്തേക്ക് ഉയർത്തപ്പെടുക എത്രയോ വലിയ ഭാഗ്യമാണ്, എത്രയോ വലിയ അംഗീകാരമാണ് എന്നു ഞാൻ ഓർക്കുകയാണ്. ഡെപ്യൂട്ടി സ്പീക്കർ ആയിരുന്നുകൊണ്ട് അങ്ങ് കാണിച്ച പ്രാഗത്ഭ്യം, ശക്തി, അതാണ് ശ്രീ. ശക്തനെ ഈ സ്ഥാനലബ്ധിക്ക് സഹായിച്ചത് എന്ന് ഞാൻ കരുതുന്നു. 1982-ൽ അങ്ങ് കോവളം നിയോജകമണ്ഡലത്തിൽ എം.എൽ.എ. സ്ഥാനാർത്ഥിയായി നിൽക്കുമ്പോൾ തന്നെ വലിയ ഒരു പ്രതീക്ഷയാണ് അവിടത്തെ ജനങ്ങളും മറ്റ് സഹപ്രവർത്തകരുമൊക്കെ അർപ്പിച്ചിരുന്നത്. പടിപടിയായി അങ്ങ് ആ സ്ഥാനത്ത് നിന്ന് ഉയർന്നു. ജില്ലാ പഞ്ചായത്ത് അംഗമായിരുന്നു, അതിനുശേഷം ട്രാൻസ്പോർട്ട് മന്ത്രിയായി. ട്രാൻസ്പോർട്ട് മന്ത്രിയായിരുന്നപ്പോൾ പ്രകടിപ്പിച്ച ആത്മാർത്ഥത, ആ ആജ്ഞാശക്തി എല്ലാം ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ട്. ആ വകുപ്പ് നല്ല നിലയിൽ കൈകാര്യം ചെയ്യാൻ അങ്ങേക്ക് കഴിഞ്ഞു. അതിനുശേഷമാണ് നിയമസഭാ രംഗത്തേക്ക് വരുന്നത്. ഞാൻ സൂചിപ്പിച്ചതുപോലെ ഡെപ്യൂട്ടി സ്പീക്കർ എന്ന നിലയിൽ അങ്ങ് മികച്ച വിജയമായിരുന്നു കാഴ്ചവച്ചത്. ആ സ്ഥാനത്തിരുന്ന് സ്പീക്കറുടെ അഭാവത്തിൽ അങ്ങ് സ്പീക്കർ ആയി പ്രവർത്തിക്കുമ്പോൾ, സ്പീക്കറുടെ അസാന്നിധ്യംപോലും മറന്നുപോയിട്ടുണ്ട്, നല്ല നല്ല റൂളിംഗുകൾ അങ്ങ് നൽകിയിട്ടുണ്ട്. ഈ നിയമസഭയെ വളരെ ചാതുര്യത്തോടുകൂടി, തൻമയത്വത്തോടുകൂടി, നർമ്മബോധത്തോടുകൂടി നയിക്കുന്നതിൽ അങ്ങ് പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കട്ടെ, ഈ പുതിയ സ്ഥാനലബ്ധിയിൽ ഞങ്ങൾ സന്തോഷിക്കുന്നു. അങ്ങയെ അഭിനന്ദിക്കുന്നു, അനുമോദിക്കുന്നു. കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്കും, ഈ സ്ഥാനത്ത് വിജയകരമായി പ്രവർത്തിക്കുവാനും അങ്ങേയ്ക്ക് കഴിയട്ടെ, ജീവിതത്തിന്റെ എല്ലാ ഉയരങ്ങളിലേക്കും അങ്ങ് വിജയിച്ചുവരട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. മാത്യു റ്റി. തോമസ് : സർ, കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഹൃദയംഗമായി അനുമോദിക്കുകയാണ്. അങ്ങയുടെ പിൻഗാമിയായി ഗതാഗത വകുപ്പ് കൈകാര്യം ചെയ്യാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. അങ്ങ് ഉപയോഗിച്ചിരുന്ന ഔദ്യോഗിക ഫോണിലേയ്ക്ക് ഒരിക്കൽ ശ്രീ. കെ. സി. ജോസഫ് വിളിച്ചു ചോദിച്ചു ശക്തനല്ലേ എന്ന്, അശക്തനാണ് എന്ന് സമ്മതിക്കാൻ ഞാൻ തയ്യാറായിരുന്നില്ല. അങ്ങ് ശക്തനാണ്, അങ്ങയുടെ ശക്തി സേനയുടെ ബലത്തിലല്ല, അംഗങ്ങളിലുള്ള വിശ്വാസത്തിലാവട്ടേ എന്ന് ഞാൻ

ആത്മാർത്ഥമായി ആശംസിക്കുന്നു. ഇവിടെ നിയമസഭയ്ക്ക് അകത്തും പുറത്തും സേനയെ വിന്യസിക്കാൻ വേണ്ടിയുള്ള ആലോചനകൾ നടക്കുന്നു എന്ന വാർത്തകളുടെ പശ്ചാത്തലത്തിലാണ് അങ്ങ് ഈ സ്ഥാനത്തേക്ക് വരുന്നത്. ഒരു ജനാധിപത്യ സമൂഹത്തിൽ ഭിന്നാഭിപ്രായം രേഖപ്പെടുത്താനുള്ള അവകാശം ഏറ്റവും പ്രധാനപ്പെട്ടതാണ്. വ്യത്യസ്തതയാണ് ജനാധിപത്യത്തെ മനോഹരമാക്കുന്നത്. നമ്മുടെ കേരള നിയമസഭയ്ക്ക് മഹത്തായ ഒരു പൈതൃകമുണ്ട്, 125 കൊല്ലം കഴിഞ്ഞു എന്നത് മാത്രമല്ല, നമ്മുടെ നിയമനിർമ്മാണ പ്രക്രിയ മുഴുവൻ എവിടേക്ക് നമ്മുടെ നാട് എത്തണം എന്ന ദർശനത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. അതുകൊണ്ട് ഈ ജനാധിപത്യ വേദിയിൽ മെച്ചപ്പെട്ട എന്തെല്ലാം, പുതിയതായി നമുക്ക് അവലംബിക്കാൻ കഴിയുമെന്നുള്ള അന്വേഷണമാകട്ടെ അങ്ങ് സഭാദ്ധ്യക്ഷനായി ഇരിക്കുന്ന കാലഘട്ടത്തിൽ ഉണ്ടാകുക എന്ന് ഞാൻ ആശംസിക്കുന്നു. ഇവിടെ പരാമർശിച്ചതുപോലെ, അങ്ങയുടെ മുൻഗാമി എല്ലാവർക്കും ആദരണീയനായ ജി. കാർത്തികേയൻ തുടങ്ങിവച്ച നല്ല പാതയിൽ മുന്നോട്ടുപോകുമ്പോൾ തന്നെ പുതിയ പടവുകൾ അങ്ങയുടെ കാലത്ത് ചവിട്ടിക്കയറാൻ ഈ ജനാധിപത്യ വേദിക്ക് അവസരമുണ്ടാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. അങ്ങേയ്ക്ക് ജനാധിപത്യ പാതയിൽ ഈ നിയമനിർമ്മാണ സഭ മുന്നോട്ടുകൊണ്ടുപോകാനുള്ള പരിശ്രമത്തിൽ എല്ലാ പിൻതുണയും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, കേരള നിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട അങ്ങേക്ക് എല്ലാവിധ ആശംസകളും നേരുന്നു. വളരെ ഉന്നതവും അഭിജാതവുമായ ഒരു പാരമ്പര്യമാണ് കേരള നിയമസഭയ്ക്കുള്ളത്. സഭാനാഥനാണ് സ്പീക്കർ. സഭയുടെ പ്രവർത്തനത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുക സ്പീക്കറുടെ ഉത്തരവാദിത്വമാണ്. നമ്മുടെ മുൻ സ്പീക്കർ ആ കാര്യത്തിൽ വളരെയധികം മാതൃകാപരമായ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു നിയമസഭയിലെ മാധ്യമ റിപ്പോർട്ടിന് ഒരു നിയമസഭാ അവാർഡ് നൽകുക എന്നത്. നിയമസഭയുടെ പാർലമെന്ററി പഠന കേന്ദ്രം വഴി അങ്ങ് ഇക്കാര്യം സഫലമാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നമുക്ക് ജി. കെ. മെമ്മോറിയൽ മാധ്യമ അവാർഡ് ആയി അത് നൽകാൻ സാധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതുപോലെതന്നെ വിവര സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട്, പാരമ്പര്യം നിലനിർത്തിക്കൊണ്ടുതന്നെ നമ്മുടെ നിയമസഭയ്ക്ക് പുതിയ മുഖം നൽകേണ്ടത് അങ്ങയുടെ കർത്തവ്യമാണ്. കേവലം കീഴ്വഴക്കങ്ങൾ മാത്രമല്ല, പുതിയ പുതിയ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി അങ്ങേക്ക് സാധിക്കുമെന്ന് ഞാൻ

പ്രതീക്ഷിക്കുന്നു. ജനാധിപത്യം അതിന്റെ പരിപൂർണ്ണമായ അർത്ഥത്തിൽ എത്തുന്നത് പ്രതിപക്ഷത്തെക്കൂടി ഉൾക്കൊള്ളുമ്പോഴാണ്. ഇക്കാര്യത്തിൽ നമ്മുടെ സഭ എന്നും മാതൃകാപരമാണ്. കേരള നിയമസഭയുടെ ഉന്നതമായ പാരമ്പര്യം കാത്തുസൂക്ഷിച്ച് തികച്ചും നിഷ്പക്ഷമായി പ്രവർത്തിക്കുന്നതിന് അങ്ങേക്ക് കഴിയട്ടെ എന്ന് ഞാൻ ഈയവസരത്തിൽ ആശംസിക്കുന്നു.

ശ്രീ. തോമസ് ചാണ്ടി : സർ, ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും വിദ്യാസമ്പന്നമാണ് കേരളം. ഇവിടെനിന്നും ഉപജീവനത്തിനുവേണ്ടി ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിൽ, ലോകത്തിന്റെ വിവിധ ഭൂഖണ്ഡങ്ങളിൽ പോയി ലക്ഷോപലക്ഷം മലയാളികൾ പണിയെടുക്കുന്നു. അവരെല്ലാം അതാത് ദേശത്തിരുന്നു കൊണ്ട് ടെലിവിഷനിലൂടെ നമ്മുടെ നിയമസഭയെ പ്രത്യേകം നോക്കിക്കാണുകയാണ്. അതുകൊണ്ട് അങ്ങേയ്ക്ക് കേരള നിയമസഭയെ ഇൻഡ്യയിലെ മറ്റ് നിയമസഭകൾക്ക് മാതൃകയായ ഒരു നിയമസഭയാക്കി മുന്നോട്ട് കൊണ്ടുപോകാൻ സർവ്വശക്തനായ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ബൈബിളിലുള്ള ഒരു കഥകൂടി സൂചിപ്പിക്കട്ടെ. സോളമൻ രാജാവിനോട് ദൈവദൂതൻ പറഞ്ഞു, ദൈവം നിന്നിൽ പ്രസാദിച്ചിരിക്കുന്നു, നിനക്ക് ഇപ്പോൾ ഒരു വരം ചോദിക്കാം, രാജാവിന് അധികം ആലോചിക്കേണ്ടി വന്നില്ല. ഈ ജനത്തെ നീതിയോടും, ന്യായത്തോടുംകൂടി ഭരിക്കുന്നതിന് ജ്ഞാനമുള്ളൊരു ഹൃദയം എനിക്ക് നൽകണമേ എന്ന് അദ്ദേഹം പറഞ്ഞു. പിന്നീട് ലോകംകണ്ട ജ്ഞാനികളിൽ ജ്ഞാനിയായ സോളമനെന്ന് ലോകം വിളിച്ച രാജാവ് അദ്ദേഹമായിരുന്നു. അങ്ങനെ സർവ്വശക്തനായ ദൈവം സോളമന് കൊടുത്ത ഒരു ഹൃദയം അങ്ങേക്ക് നൽകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാവിധമായ ആശംസകളും നേർന്നു കൊണ്ട്, എന്റെ പാർട്ടിയുടെ പിൻതുണ അറിയിച്ചുകൊണ്ട് നിർത്തുന്നു, നന്ദി.

ശ്രീ. എ. എ. അസീസ് : സർ, സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ ആദ്യമായി ഞാൻ അനുമോദിക്കുകയാണ്. അങ്ങ് പല പടവുകൾ കടന്നാണ് ഈ സ്ഥാനത്ത് എത്തിയതെന്ന് എനിക്കറിയാം. ഞാൻ ഒരു പൂർവ്വകാല സുഹൃത്താണ്, നമ്മൾ ഒരുമിച്ച് കുറച്ചുകാലം ഒരു വേദിയിൽ പ്രവർത്തിച്ചവരാണ്. ഒരു പൊതുമേഖലാ സ്ഥാപനത്തിൽ കുറച്ചുകാലം ഒരുമിച്ച് പ്രവർത്തിക്കേണ്ടിവന്നു. അങ്ങനെ വളരെക്കാലങ്ങൾക്ക് മുൻപുമുതൽതന്നെ സുഹൃദ്ബന്ധവും, അടുപ്പവും അങ്ങയുടെ കഴിവും ഒക്കെ മനസ്സിലാക്കിയിട്ടുള്ള ഒരാളാണ് ഞാൻ. അതുകൊണ്ടാണ് പല പടവുകൾ കടന്നാണ് താങ്കൾ ഈ സ്ഥാനത്ത് എത്തിച്ചേർന്നതെന്ന് ഞാൻ സൂചിപ്പിച്ചത്. ശോഭനമായ ഒരു ഭാവി ഉണ്ടാകട്ടെ എന്ന് ഞാൻ ആഗ്രഹിക്കുകയാണ്.

ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ സഭയിൽ സഭാനാഥനായിരുന്ന ജി. കാർത്തികേയൻ കാണിച്ച മാതൃക അങ്ങയിൽനിന്ന് ഉണ്ടാകണമെന്ന് ആഗ്രഹിച്ചുകൊണ്ട്, അത് ഉണ്ടാകുന്നതിനുവേണ്ടിയുള്ള ചിന്തയും പ്രവൃത്തിയുമായിരിക്കണം അങ്ങേയ്ക്ക് ഉണ്ടാകേണ്ടതെന്ന് സൂചിപ്പിച്ചുകൊണ്ട്, എല്ലാവിധ അഭിനന്ദനങ്ങളും അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ഇൻഡ്യൻ ജനാധിപത്യ ചരിത്രത്തിൽ ഏറ്റവും നല്ല പാരമ്പര്യമുള്ള കേരള നിയമസഭയുടെ നാഥനാകാൻ അങ്ങേക്ക് അവസരം ലഭിച്ചതിൽ ആദ്യമായി അങ്ങയെ ഞാൻ ആശംസിക്കുകയാണ്. ഒരു മന്ത്രിയെന്ന നിലയിലും പൊതുപ്രവർത്തകനെന്ന നിലയിലും നല്ല പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള അങ്ങേയ്ക്ക് തീർച്ചയായിട്ടും സ്പീക്കറായും തിളങ്ങാൻ കഴിയുമെന്നാണ് ഞങ്ങൾ എല്ലാവരും പ്രതീക്ഷിക്കുന്നത്. വളരെ ജനകീയനായ ഒരു ജനപ്രതിനിധി, കേരള കോൺഗ്രസ്സിലൂടെ രാഷ്ട്രീയ ജീവിതമാരംഭിച്ച് കോൺഗ്രസ്സിലെത്തി ഇന്ന് ഈ സ്പീക്കറുടെ പദവിയിൽ എത്തുമ്പോൾ തീർച്ചയായിട്ടും സാധാരണക്കാരായ ജനങ്ങൾക്ക് ഒരുപാട് സന്തോഷമുണ്ട്. എനിക്കു മുമ്പ് സംസാരിച്ച നേതാക്കൾ പറഞ്ഞതുപോലെ ഒരുപാട് പടവുകൾ കയറിയും സാധാരണക്കാരോടും പാവപ്പെട്ടവരോടുമൊപ്പം പ്രവർത്തിച്ചും ഈ നിലയിലെത്തിയ അങ്ങയുടെ വളർച്ചയിൽ ഏറ്റവും കൂടുതൽ സന്തോഷിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ഒരു സഹപ്രവർത്തകനെന്ന നിലയിൽ എനിക്ക് പറയാനുള്ളത്, ഈ സഭയിൽ നീതി പുലർത്തുക, സ്പീക്കറെന്ന വാക്കിന് നിഘണ്ടുവിൽ പറഞ്ഞിരിക്കുന്നതിനുമപ്പുറം ഒരർത്ഥമുണ്ട്. നിയമസഭയുടെ സ്പീക്കർ/പാർലമെന്റിന്റെ സ്പീക്കർ എന്നുപറയുമ്പോൾ, ഒരു ജനാധിപത്യ സംവിധാനത്തിൽ സ്പീക്കർ നീതിമാനായിരിക്കണം എന്നുള്ളതാണ്. തീർച്ചയായും ഇതിനുമുമ്പ് സ്പീക്കറായിരുന്ന എന്റെ അടുത്തിരിക്കുന്ന ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, ശ്രീ. കെ. രാധാകൃഷ്ണൻ, അതുപോലെ ശ്രീ. വി. എം. സുധീരൻ ഇവരൊക്കെയും വളരെ നീതി പുലർത്തിയ, കേരള നിയമസഭയുടെ യശസ്സുയർത്തിപ്പിടിച്ച സ്പീക്കർമാരായിരുന്നു. അവരുടെ കാലത്തിനുശേഷം, അകാലത്തിൽ നമ്മെ ദിവസങ്ങൾക്കുമുൻപ് വിട്ടുപിരിഞ്ഞ ജി. കാർത്തികേയൻ എന്ന ആദർശശാലിയായ, രാഷ്ട്രീയപ്രവർത്തകനായ സ്പീക്കറുടെ പാതയുടെ തൊട്ട് പിറകിലാണ് അങ്ങ് എത്തുന്നത്. തീർച്ചയായിട്ടും അവരെല്ലാം പിൻതുടർന്നു വന്ന നീതിയുടെ പാത, ജി. കാർത്തികേയൻ തുടങ്ങിവച്ച നന്മയുടെയും സ്നേഹത്തിന്റെയും പാത, അത് തുടർന്നുകൊണ്ട് ഈ പദവി അങ്ങേക്ക് വിജയകരമായി, നീതിമാനായി ഈ സഭയിലെ അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ, ഈ സഭയുടെ നല്ല

നടത്തിപ്പിനും സർക്കാരിന്റെ ബിസിനസ് നടത്തിക്കൊടുക്കുന്നതിനുമൊക്കെ നീതിപുലർത്തി കഴിവ് തെളിയിക്കാൻ ദൈവം കരുത്ത് നൽകട്ടെയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. എന്റെയും എന്റെ പാർട്ടിയുടെയും അഭിനന്ദനം അറിയിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, അങ്ങേയ്ക്ക് എല്ലാവിധ ആശംസകളും ഞാൻ നേരുകയാണ്. വിവിധ തലങ്ങളിൽ പ്രവർത്തിച്ച് പരിചയസമ്പന്നനായ ഒരു വ്യക്തിത്വമാണ് അങ്ങേക്കുള്ളത്. ത്രിതല പഞ്ചായത്തിലും പിന്നീട് എം.എൽ.എ.-ആയും മന്ത്രിയായുമൊക്കെ കടന്നുവന്ന മേഖലകളിലെല്ലാം അങ്ങേയ്ക്ക് അങ്ങയുടേതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ ഏറ്റവും സാധാരണക്കാരായവരോടൊപ്പം പ്രവർത്തിച്ച് അവരിലൊരാളായി മുമ്പോട്ട് നീങ്ങുമ്പോൾ അങ്ങയുടെ രാഷ്ട്രീയ വിജയവും, അങ്ങയുടെ ഇന്നത്തെ ഈ സ്ഥാനലബ്ധിയുമൊക്കെ അതിനനുസൃതമാണെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുകയാണ്. ഡെപ്യൂട്ടി സ്പീക്കറായിരുന്നപ്പോൾ കഴിഞ്ഞ സെഷനിൽ സഭയെ വളരെ ഭംഗിയായി നയിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞു. ക്രിയാത്മകമായ ചർച്ചകൾ സഭയിലുണ്ടാകുന്നുണ്ട്. ജനാധിപത്യത്തിന്റെ ഏറ്റവും വലിയ തിളക്കമെന്നുള്ളതും അത്തരത്തിലുള്ള അഭിപ്രായ സ്വാതന്ത്ര്യവും ചർച്ചകളും തന്നെയാണ്. ആ ചർച്ചകൾ ഇനിയും വളരെ ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാൻ അങ്ങയുടെ നേതൃത്വത്തിൽ കഴിയട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുമ്പോൾത്തന്നെ ഗവൺമെന്റിന്റെ ബിസിനസ് നടത്തുന്നതിനുള്ള സാഹചര്യവും അത് ലഭ്യമാക്കാനുമുള്ള ഒരു വലിയ ഉത്തരവാദിത്വവും അങ്ങേക്കുണ്ട്. അത് വിജയകരമായി നടത്തുവാനുള്ള കരുത്ത് ശക്തനായ അങ്ങേക്കുണ്ട്. എല്ലാ നന്മകളും എല്ലാ പിൻതുണയും ഈ സന്ദർഭത്തിൽ ഞാൻ അങ്ങേയ്ക്ക് നേരുന്നു.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, അങ്ങയുടെ സ്ഥാനലബ്ധിയിൽ പ്രത്യേകമായ അഭിനന്ദനം ഞാൻ അറിയിക്കുകയാണ്. അങ്ങ് ഈ സഭയുടെ 21-ാം മത്തെ സ്പീക്കറും 19-ാം മത്തെ വ്യക്തിയുമാണ്. ശ്രീ. തേറമ്പിൽ രാമകൃഷ്ണനും ശ്രീ. വക്കം പുരുഷോത്തമനും രണ്ട് പ്രാവശ്യം സ്പീക്കറായതുകൊണ്ട് അങ്ങ് 19-ാമത്തെ വ്യക്തിയായി മാറി. അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുന്നതിനുള്ള ഒരു പ്രധാനപ്പെട്ട കാരണം, ഇന്ന് ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനെന്ന് ലോകത്തോട് വിളിച്ചുപറഞ്ഞ അയ്യാ വൈകുണ്ഠസ്വാമികളുടെ 206-ാമത് ജന്മദിനമാണ്.

ആ ജന്മദിനത്തിൽ തന്നെയാണ് അങ്ങ് ഈ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടിരിക്കുന്നത്. അതൊരു വിധിയായിരിക്കണമെന്ന് ഞാൻ കരുതുകയാണ്. അയ്യാവൈകുണ്ഠ സ്വാമികളുടെ ജന്മദിനം ഒരു നിയന്ത്രിത അവധിയായി പ്രഖ്യാപിച്ച ഗവൺമെന്റിന്റെ പിൻതുണയോടുകൂടിയാണ് അങ്ങ് ഈ സ്ഥാനത്തേയ്ക്ക് കടന്നുവന്നിരിക്കുന്നതെന്നത് ഏറ്റവും സന്തോഷകരമാണ്. *** അങ്ങ് ഒരു ശാന്തശീലനാണ്, ചട്ടങ്ങൾ പാലിക്കുന്നതിൽ ശക്തനാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ഗ്യാലറിയിൽ ഇരിക്കുന്നവരെക്കുറിച്ച് സഭയിൽ പരാമർശിക്കാൻ പാടില്ല.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, ഞാൻ പിൻവലിച്ചിരിക്കുന്നു. അങ്ങ് ഒരു ശാന്തശീലനും ജനാധിപത്യ ചട്ടങ്ങൾ പാലിക്കുന്നതിൽ ശക്തനുമാണെന്ന് ഇതിനുമുമ്പ് അങ്ങ് സഭയിൽ തെളിയിച്ചിട്ടുണ്ട്. ജനാധിപത്യ സംരക്ഷണത്തിൽ ഭരണഘടനാപരമായ അവകാശങ്ങൾ അംഗീകരിക്കുകയും കീഴ്വഴക്കങ്ങൾ പൂർണ്ണമായി പാലിക്കുകയും ഇന്നത്തെ പ്രത്യേക സാഹചര്യങ്ങൾ അതിജീവിക്കാൻ കഴിയുകയും ചെയ്യുന്ന വ്യക്തിയായി മാറണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ഭരണ-പ്രതിപക്ഷ കക്ഷികളിൽപ്പെട്ടവർ പറഞ്ഞു, ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ഈ സഭയൽ വാച്ച് ആന്റ് വാർഡിനെ നിർത്താതെ മുമ്പോട്ടുപോകാൻ കഴിഞ്ഞ അതിശക്തനായ ഒരു സ്പീക്കറായിരുന്നുവെന്ന്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം അങ്ങേയ്ക്കും അതിനുള്ള അവസരം ലഭിക്കാൻ സഭയിലെ മുഴുവൻ അംഗങ്ങളുടേയും പിൻതുണ അങ്ങേയ്ക്ക് ലഭിക്കട്ടെയെന്നുകൂടി ഞാൻ പ്രാർത്ഥിക്കുകയാണ്. കാരണം, ജി. കാർത്തികേയന് അതിനുള്ള അവസരം ലഭിച്ചത് സഭയിലെ അംഗങ്ങളുടെ പിൻതുണ ലഭിച്ചതുകൊണ്ടാണ്. അതുപോലുള്ള പിൻതുണ ഈ സഭയിൽനിന്ന് അങ്ങേക്കും ലഭിക്കാനുള്ള അവസരമുണ്ടാകട്ടെയെന്ന് പ്രത്യേകമായി പ്രാർത്ഥിക്കുന്നു. അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുന്നു.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, കേരള നിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ ഹൃദ്യമായി അഭിനന്ദിക്കുന്നു. മുമ്പ് നിരവധി തവണ ജനപ്രതിനിധിയായും അതുപോലെതന്നെ മന്ത്രിയായും ഇപ്പോൾ 4 വർഷമായി ഡെപ്യൂട്ടി സ്പീക്കറായും നല്ല പരിചയവും, അനുഭവജ്ഞാനവും ഈ നിയമസഭയിൽ നിഷ്പക്ഷമായും ജനാധിപത്യ മൂല്യങ്ങൾ നന്നായി സംരക്ഷിച്ചുകൊണ്ടും ഏറ്റവും മാതൃകാപരമായ രീതിയിൽ സഭയെ നയിച്ചുകൊണ്ടുപോകാൻ

*** പിൻവലിച്ചു.

അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. അങ്ങയുടെ മുൻഗാമി കൊണ്ടുവന്ന പരിഷ്കാരങ്ങൾ വളരെ ശ്രദ്ധേയമാണ്. തുടർന്നും നല്ല കാര്യങ്ങൾ ചെയ്തുകൊണ്ട് ഇൻഡ്യാ രാജ്യത്ത് ഏറ്റവും മഹത്തായ സംഭാവന ചെയ്തിട്ടുള്ള കേരള നിയമസഭയെ അതുപോലെ തന്നെ നയിച്ചുകൊണ്ടുപോകാൻ അങ്ങേക്ക് കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

മി. സ്പീക്കർ : ബഹുമാന്യനായ സഭാ നേതാവ്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാന്യരായ കക്ഷി നേതാക്കളെ, ബഹുമാന്യരായ നിയമസഭാ അംഗങ്ങളെ, മാധ്യമ സുഹൃത്തുക്കളെ,

ഒരു പ്രത്യേക ഘട്ടത്തിൽ ഈ നിയമസഭയുടെ പരമോന്നത പദവിയിലേക്ക് എന്നെ തിരഞ്ഞെടുത്തതിൽ എന്റെ ഹൃദയം നിറഞ്ഞ നന്ദി ആദ്യമായി പ്രകാശിപ്പിച്ചുകൊള്ളുന്നു. തികച്ചും അപ്രതീക്ഷിതമായി ദുഃഖകരമായ ഒരവസ്ഥയിലാണ് ഞാൻ ഈ പദവിയിലെത്തുന്നത്. ഇത്തരമൊരവസ്ഥ ഞാനും നിങ്ങളും പ്രതീക്ഷിച്ചിരുന്നില്ല. നമ്മുടെയെല്ലാം പ്രിയങ്കരനായ ജി. കാർത്തികേയൻ നമ്മെ വിട്ടുപിരിഞ്ഞതിന്റെ ആഘാതത്തിൽനിന്നും നാം ഇനിയും മോചിതരായിട്ടില്ല.

ഇവിടെ സഭാ നേതാവും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും എന്നെക്കുറിച്ച് പറഞ്ഞ എല്ലാ നല്ല വാക്കുകൾക്കും അനുമോദനങ്ങൾക്കും സഹകരണ വാഗ്ദാനങ്ങൾക്കും എന്നിലർപ്പിക്കുന്ന വിശ്വാസത്തിനും സ്നേഹത്തിനും ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഒരു സഭയിൽ തന്നെ പ്രോട്ടെം സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, സ്പീക്കർ എന്നീ സ്ഥാനങ്ങൾ വഹിക്കാൻ കഴിഞ്ഞത് ഒരു പ്രത്യേക ഭാഗ്യമായി ഞാൻ കരുതുന്നു. കേരള നിയമസഭ സുപ്രധാനമായ നിയമനിർമ്മാണങ്ങൾകൊണ്ടും കീഴ്വഴക്കങ്ങൾ കൊണ്ടും ഭാരതത്തിന്റെ മുഴുവൻ ശ്രദ്ധ ആകർഷിച്ച സഭയാണ്. ഈ സഭയുടെ സ്പീക്കർ സ്ഥാനത്തെത്താൻ കഴിഞ്ഞത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു. അതിൽ അഭിമാനിക്കുകയും ചെയ്യുന്നു. സഭയുടെ അന്തസ്സ് എന്നും ഉയർത്തിപ്പിടിച്ച് തികഞ്ഞ ഉത്തരവാദിത്വത്തോടെ എന്റെ ചുമതലകൾ നിർവ്വഹിക്കാൻ ശ്രമിക്കുമെന്ന് ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ സഭയുടെ ഏറ്റവും നിർണ്ണായകമായ ഒരു സന്ദർഭത്തിലാണ് അദ്ധ്യക്ഷ പദവിയിലേക്ക് നിങ്ങൾ എന്നെ നിയോഗിച്ചിട്ടുള്ളത്. ആ ഉത്തരവാദിത്വം എനിക്ക് ബോധ്യമുണ്ട്. ഈ സഭയിലെ ബഹുമാന്യരായ അംഗങ്ങളുടെ നിർലോഭമായ സഹകരണത്തിലൂടെ എന്റെ കർത്തവ്യപൂർത്തീകരണത്തിന് ആത്മാർത്ഥമായി

ശ്രമിക്കുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു. ഗവൺമെന്റിന്റെ ഭരണപരമായ നടപടിക്രമങ്ങൾ സമയബന്ധിതമായി നിറവേറ്റിക്കൊടുക്കുന്നതിനും പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തുല്യ പ്രാധാന്യവും പരിഗണനയും സ്പീക്കർ നൽകേണ്ടതുണ്ട്. ഈ പദവിയുടെ അന്തഃസത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് സഭയിലെ എല്ലാ വിഭാഗങ്ങൾക്കും അവസരം ലഭിക്കുന്നതിന് ഞാൻ പരമാവധി ശ്രമിക്കുന്നതാണ്.

നമ്മുടെ നാടിനെ കാതലായി ബാധിക്കുന്ന വിവിധങ്ങളായ പല പ്രശ്നങ്ങളും ചർച്ച ചെയ്യേണ്ട ഒരു വേദിയാണ് ഈ സഭ. ഉദാത്തമായ ചുമതലകൾ നിറവേറ്റാൻ ഈ സഭയിലെ മുഴുവൻ അംഗങ്ങളെയും ഞാൻ ക്ഷണിക്കുന്നു. നാടിന്റെയും നാട്ടുകാരുടെയും ക്ഷേമത്തിനായി എന്നെന്നും ഒന്നിച്ചുനിന്ന് പോരാടേണ്ടവരാണ് നമ്മൾ. ആ ലക്ഷ്യബോധത്തോടുകൂടിയുള്ള നമ്മുടെ പ്രയാണം ഇവിടെ നടക്കുന്ന ഓരോ ചർച്ചകളിലും പ്രതിഫലിക്കേണ്ടതുണ്ട്. അർത്ഥവത്തായ ചർച്ചകളും ക്രിയാത്മകമായ ഇടപെടലുകളും ജനനന്മയ്ക്ക് കൂടുതൽ പ്രയോജനപ്രദമാകും. ഭരണഘടനാപരമായി നമുക്ക് ലഭിച്ചിട്ടുള്ള അധികാരങ്ങൾ നമ്മൾ നമ്മുടെ ജനങ്ങൾക്കായി ഉപയോഗിക്കണം. ജനാധിപത്യത്തിലെ പ്രധാനപ്പെട്ട സ്ഥാപനം എന്ന നിലയിൽ നിയമനിർമ്മാണ സഭകൾക്കുള്ള സ്ഥാനം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ആ സ്ഥാനത്തിന്റെ അന്തസ്സിനൊത്ത് ഉയരാൻ നമുക്ക് എപ്പോഴും കഴിയട്ടെ എന്നും ഞാൻ ആഗ്രഹിക്കുന്നു. ആരോടും വിദ്വേഷമോ വിധേയത്വമോ കൂടാതെ തികച്ചും സ്വതന്ത്രനായി പ്രവർത്തിക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. അന്തസ്സ് ഉയർത്തുന്ന പ്രവർത്തനങ്ങളിലൂടെ നാം മറ്റ് നിയമസഭകൾക്ക് മാതൃകയായി മാറണം. എപ്പോഴും നാം ഉയർത്തിപ്പിടിച്ച ഒന്നാം സ്ഥാനം നമുക്കിനിയും മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. അതിനായി നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം. ഈ സഭയുടെ സ്പീക്കർ പദവിയിൽ ഇരുന്ന് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച എല്ലാ മുൻ സ്പീക്കർമാരേയും പ്രത്യേകിച്ച് എന്റെ മുൻഗാമി ജി. കാർത്തികേയനെയും ഞാൻ ഈ അവസരത്തിൽ ബഹുമാനപുരസ്സരം ഓർമ്മിക്കുകയാണ്. അവർ കാഴ്ചവച്ച നല്ല പാതകൾ പിന്തുടരാൻ തന്നെയാകും എന്റെയും ശ്രമം. സഭാനടപടികൾ ബഹുജന മധ്യത്തി ലെത്തിക്കുന്നതിൽ വാർത്താ മാധ്യമങ്ങളുടെ പങ്ക് നമുക്കറിയാം. നല്ല നിയമസഭാ പ്രവർത്തനം കാഴ്ചവയ്ക്കുന്നവരെ, പ്രത്യേകിച്ചും വിഷയങ്ങൾ പഠിച്ച് ഫലപ്രദമായി അവതരിപ്പിക്കുന്നവരെ പരമാവധി പ്രോത്സാഹിപ്പിക്കാനും നിയമസഭയിൽ നടക്കുന്ന പ്രസംഗങ്ങളും ചർച്ചകളും ബഹുജനങ്ങൾക്കിടയിൽ എത്തിക്കുവാനും

മാധ്യമ സുഹൃത്തുക്കളുടെ പൂർണ്ണ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു. ഈ സഭയുടെ പാരമ്പര്യവും അന്തസ്സും കാത്തു സൂക്ഷിച്ചുകൊണ്ട് എന്റെ ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും എല്ലാ സഹായ സഹകരണങ്ങളും എനിക്ക് നൽകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു. നമസ്കാരം.

മി. സ്പീക്കർ : ഓർഡർ.....ഓർഡർ...15 മിനിട്ട് നേരത്തേയ്ക്ക് സഭ നിർത്തിവയ്ക്കുന്നു. ടീ ബ്രേക്ക് കഴിഞ്ഞ് സഭ വീണ്ടും ആരംഭിക്കുന്നതാണ്.

11.13 AM]

[ടീ ബ്രേക്കിനായി 10.52-ന് നിർത്തിവച്ച സഭ 11.13-ന് പുനരാരംഭിച്ചു.]

# III അടിയന്തരപ്രമേയം

### ബാർകോഴ

മി. സ്പീക്കർ : ധനകാര്യ വകുപ്പുമന്ത്രിയെ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിൽ നിന്നും മാറ്റിനിർത്താത്തതിനാലും മറ്റ് മൂന്ന് മന്ത്രിമാർ കൂടി കോഴ വാങ്ങിയതിന്റെ വെളിപ്പെടുത്തലുകൾ ഇന്നലെ പുറത്തുവന്നതിനാലും ഉളവായിട്ടുള്ളതായ സ്ഥിതി വിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. തിലോത്തമൻ, വി. ശിവൻകുട്ടി, സി. കെ. നാണു, എ. കെ ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ വിജിലൻസ് ഡയറക്ടർക്ക് നൽകിയ 1-11-2014 തീയതിയിലെ 535/LO/2014 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ അന്വേഷണത്തിന് ഉത്തരവിടുകയും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ (ദക്ഷിണ മേഖല), തിരുവനന്തപുരം പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള അന്വേഷണസംഘം നിലവിലുള്ള നിയമവ്യവസ്ഥകൾക്കും സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണ പുരോഗതിയുടെ വിവരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നൽകിയിട്ടുള്ളതും കോടതി അത് പരിശോധിച്ചിട്ടുള്ളതുമാണ്.

അന്വേഷണ ഉദ്യോഗസ്ഥൻ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ശിപാർശ ചെയ്തു. ടി ശിപാർശ Lalithakumari Vs. State of U.P. and others എന്ന കേസിലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ്. ഇതനുസരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ഉത്തരവ് നൽകി. അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് പോലീസ് സൂപ്രണ്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I തെരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരെയും സർക്കിൾ ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തി രൂപീകരിച്ച അന്വേഷണ സംഘം കേസിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തിവരുന്നു. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അന്വേഷണത്തിൽ കണ്ടെത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. ഈ കേസിൽ സ്വതന്ത്രവും നിഷ്പക്ഷവുമായ അന്വേഷണമാണ് നടന്നുവരുന്നത്.

ഇന്നലെ ചില മന്ത്രിമാരുടെ പേരിൽ ഉണ്ടായതായി പറയുന്ന വെളിപ്പെടുത്തലുകളുടെ വസ്തുത പരിശോധിക്കുമ്പോൾ, പ്രസ്തുത ശബ്ദരേഖയിൽ ഒരു മന്ത്രിയുടെയും സംസാരത്തിന്റെ രേഖയില്ല. മറിച്ച് ബാർ വിഷയത്തിൽ നിക്ഷിപ്ത താൽപ്പര്യമുണ്ടെന്നും ബാർ പൂട്ടിച്ചതിന്റെ പേരിൽ സർക്കാരിനോട് കടുത്ത വിരോധമുണ്ടെന്നും കരുതാവുന്ന ചില വ്യക്തികൾ തമ്മിലുള്ള സംസാരമാണതെന്ന് ന്യായമായും കരുതാവുന്നതാണ്. വസ്തുനിഷ്ഠമായ യാതൊരു അടിസ്ഥാനവുമില്ലാത്തതും തികച്ചും കേട്ടുകേൾവിയുടെ സ്വഭാവം മാത്രമുള്ളതുമായ അത്തരം സംഭാഷണങ്ങൾ തള്ളിക്കളയേണ്ടതാണ്. പരിഗണനാർഹമായ ഒരു തെളിവുമില്ലാത്ത ഇത്തരം പരാമർശങ്ങളുടെ വെളിച്ചത്തിലുള്ള ആരോപണങ്ങൾ ഗവൺമെന്റ് പൂർണ്ണമായും തള്ളിക്കളയുന്നു. ഈ സഭയിൽ അത് ഇങ്ങനെയൊരു പ്രമേയംവഴി ഉന്നയിക്കാവുന്ന കാര്യമാണോ എന്നുപോലും നിങ്ങൾ ചിന്തിക്കണമായിരുന്നു. ആരോപണ വിധേയരായിട്ടുള്ള ആരുടെയെങ്കിലും ശബ്ദരേഖയുണ്ടെങ്കിൽ അത് ഒരു ആരോപണമായിട്ടെങ്കിലും ഉന്നയിക്കാം. ഇതിൽ അങ്ങനെയൊന്നുമില്ല. മറിച്ച് ഗവൺമെന്റിന്റെ തീരുമാനംകൊണ്ട് നഷ്ടങ്ങളുണ്ടായിട്ടുള്ള ചിലർ പരസ്പരം സംസാരിക്കുന്നത് കാസറ്റിലാക്കുക, അത് മാധ്യമങ്ങളിൽ കൊടുക്കുക, ഈ സഭയിൽ കൊണ്ടുവരിക - ഇതൊക്കെ ഈ സഭയ്ക്കും നമുക്കും നല്ലതാണോ എന്ന് നിങ്ങൾ ആലോചിക്കണം.

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ കേട്ടുകേൾവിയില്ലാത്ത വളരെ ഗുരുതരമായ ആരോപണങ്ങളാണ്

കഴിഞ്ഞ കുറച്ചുദിവസങ്ങളായി നാം കേട്ടുകൊണ്ടിരിക്കുന്നത്. ഈ ആരോപണങ്ങളെല്ലാം ഉയർന്നുവന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, പ്രതിപക്ഷ നേതാവ് കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസ്സെടുത്ത് അതിന്റെ നടപടികളുമായി മുന്നോട്ടുപോകുകയാണ്. 42 ദിവസം നീണ്ടുനിന്ന ക്വിക് വെരിഫിക്കേഷൻ നടത്തിയതിനുശേഷമാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണ നടപടികളുമായി മുന്നോട്ടുപോകുന്നത്. ആ അന്വേഷണത്തിലൂടെ, നമ്മുടെ ഭരണഘടനയ്ക്ക് അനുസൃതമായി പ്രവർത്തിക്കുമെന്ന് ആണയിട്ടുകൊണ്ട് അധികാരത്തിൽവന്ന അതിന്റെ എല്ലാ മൂല്യങ്ങളും സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ട കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ഭരണഘടനാവിരുദ്ധമായി പ്രവർത്തിച്ചുവെന്നാണ് ഇന്ന് കേരളത്തിലെ മുഴുവൻ ജനങ്ങളും വിശ്വസിക്കുന്നത്. ഭരണഘടനാവിരുദ്ധ നടപടി സ്വീകരിച്ച കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയെ ഭരണഘടനാ ബാധ്യതയായ ബഡ്ജറ്റ് അവതരണത്തിൽനിന്നും മാറ്റിനിർത്തണമെന്നതാണ് എന്റെ ഏറ്റവും പ്രധാന ആവശ്യം. ഇത് കേരളത്തിന്റെ ആവശ്യംകൂടിയാണ്. കേരളജനതയുടെ ആർത്തനാദം വന്നലയ്ക്കുന്നത് ഇന്ന് തിരുവനന്തപുരം നഗരത്തിൽനിന്നും കേൾക്കാൻ കഴിയുന്നതാണ്. നമ്മുടെ ജനാധിപത്യ സംവിധാനം വലിയ അപചയത്തെ നേരിടുന്ന സന്ദർഭത്തിലാണ് ഈ ഗുരുതരമായ ആക്ഷേപങ്ങളും ആരോപണങ്ങളുമെല്ലാം മഹത്തായ പാരമ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഈ നിയമസഭയിൽ ഉയർന്നുകേൾക്കുന്നത്. നിയമസഭയുടെ മഹത്തായ പാരമ്പര്യങ്ങളെക്കുറിച്ചൊക്കെ ഇവിടെ ഇതിനുമുമ്പ് സംസാരിക്കുകയുണ്ടായി. ഇന്ന് വളരെ ഗൗരവതരമായൊരു സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്ത് ഉയർന്നുവന്നിരിക്കുന്നത്. 42 ദിവസം നീണ്ടുനിന്ന അന്വേഷണത്തിലൂടെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രതിയാക്കി ചേർക്കപ്പെട്ട ശ്രീ. കെ. എം. മാണി ഇപ്പോഴും മന്ത്രിയായി തുടരുകയാണ്. അദ്ദേഹത്തെത്തന്നെ ഭരണഘടനാ ബാദ്ധ്യതയായ ബഡ്ജറ്റ് അവതരണത്തിനുവേണ്ടി ഗവൺമെന്റ് നിയോഗിച്ചിരിക്കുന്നുവെന്ന് പറയുന്നത് ഈ രാജ്യത്തെ ജനങ്ങളോട് കാണിക്കുന്ന ഏറ്റവും വലിയൊരു വെല്ലുവിളിയാണ് എന്ന രീതിയിലാണ് ജനങ്ങളെല്ലാം അതിനെ നോക്കിക്കാണുന്നത്. ജനാധിപത്യ പാരമ്പര്യങ്ങളെയെല്ലാം നെഞ്ചോട് ചേർത്തുപിടിക്കുന്ന ജനങ്ങൾ ഇതെല്ലാം കണ്ണുതുറന്ന് കാണുകയാണ്. അതുകൊണ്ട് നമ്മുടെ ഭാവിതലമുറ നമ്മെ പഴിക്കാതിരിക്കാൻ, മന്ത്രിസഭയുടെ നാഥനായ മുഖ്യമന്ത്രിയെ പഴിക്കാതിരിക്കാൻ, ഭരണഘടനാപരമായി രൂപംകൊണ്ട ഈ മന്ത്രിസഭയുടെ മാന്യത ഉയർത്തിപ്പിടിക്കാൻ നിങ്ങൾക്ക് ലക്ഷ്യമുണ്ടെങ്കിൽ,

അതിന്റെ പവിത്രത ഉയർത്തിപ്പിടിക്കാൻ നിങ്ങൾക്ക് താൽപ്പര്യമുണ്ടെങ്കിൽ അദ്ദേഹത്തെ മാറ്റിനിർത്തി ബഡ്ജറ്റ് അവതരിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നതാണ് ഇവിടെ ഞങ്ങൾ ഉന്നയിക്കുന്ന പ്രധാന വിഷയം. 42 ദിവസം ക്വിക് വെരിഫിക്കേഷൻ നടത്തി കേസ്സെടുത്ത വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, 900 ബാറുകളിലെ ആളുകളെക്കൂടി മൊഴിയെടുത്തുകൊണ്ട് കേസ് ഇഴച്ചുവലിച്ചുകൊണ്ടുപോയി ഐസ് അലിയിക്കുന്നതുപോലെ അലിയിച്ചു കളയാം എന്നാണ് വ്യാമോഹിക്കുന്നത്. മേടമാസത്തിൽ വെള്ളിടിവെട്ടുന്നതു പോലെ ഇന്നലെ ഒരു സത്യം വീണ്ടും ഉയർന്നുവരികയാണ്. നമ്മുടെ മന്ത്രിസഭയിലെ മഹാരഥന്മാരായ മൂന്ന് മന്ത്രിമാർ കൂടി ഈ ആരോപണത്തിൽ ഇപ്പോൾ ബന്ധപ്പെട്ടിരിക്കുകയാണ്. അവർ ആരൊക്കെയാണെന്ന് ഞാൻ പറയുന്നില്ല. 'അണ്ണാറക്കണ്ണനും തന്നാലായത്' എന്നതുപോലെ അതിലെ ഏറ്റവും ഇങ്ങേയറ്റത്തെ മന്ത്രിയും കാര്യങ്ങളെല്ലാം നീക്കാൻ തയ്യാറായി മുന്നോട്ടു വരുന്നുവെന്നുള്ളതാണ് കാണേണ്ടത്. ഇത് എന്തൊരു നാണംകെട്ട അവസ്ഥയാണ് ?

1947-ൽ സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ ഈ രാജ്യം എങ്ങോട്ട് എന്നതിൽ നമ്മുടെ ദേശീയപ്രസ്ഥാന നേതാക്കന്മാർക്ക് അശേഷം സംശയമുണ്ടായിരുന്നില്ല. ജനാധിപത്യത്തിന്റെ വഴിയിൽ ഇന്ത്യക്ക് പോകാൻ കഴിയുന്നത് പരമാവധി 25 വർഷമാണെന്നാണ് സാമ്രാജ്യത്വ രാഷ്ട്രീയ കിങ്കരന്മാരെല്ലാം അന്ന് പറഞ്ഞത്. എന്നാൽ നമ്മുടെ ജനാധിപത്യ സംവിധാനത്തെ 68 വർഷമായി നാം മാറോട് ചേർത്തുപിടിക്കുകയാണ്. ജനാധിപത്യ സംവിധാനത്തോട് താൽപ്പര്യമില്ലാത്ത ഒരു കക്ഷി ഈ രാജ്യം ഭരിക്കുന്ന സന്ദർഭത്തിലാണ് നാം ദുഃഖത്തോടെ പത്രങ്ങളിൽ ഇന്നൊരു വാർത്ത വായിച്ചത്. ഈ രാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗ് ഏറ്റവും വലിയൊരു തീവെട്ടിക്കൊള്ളയിൽ പ്രതിയായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. എത്ര വലിയൊരു അപകടമാണത്? ഞങ്ങൾ വളരെ ദുഃഖത്തോടുകൂടിയാണ് ആ വാർത്ത വായിച്ചത്. കോൺഗ്രസ്സുകാരൻ പ്രതിയായി എന്ന അടിസ്ഥാനത്തിലല്ല, ഈ രാജ്യത്തിന്റെ പ്രധാനമന്ത്രി പ്രതിയായി എന്ന അടിസ്ഥാനത്തിലാണ് ഞങ്ങൾ ആ വാർത്ത വായിച്ചത്. ആയിരക്കണക്കിന് വർഷങ്ങളുടെ സത്പാരമ്പര്യമുള്ള, എല്ലാ മഹോന്നത സങ്കൽപ്പങ്ങളുടെയും മൂർത്തിമത്ഭാവമായ ഈ രാജ്യത്തെ ജനങ്ങൾ ലോകത്തിന്റെ മുമ്പിൽ തല കുമ്പിട്ട് നിൽക്കേണ്ടിവരുന്ന ഒരു അവസ്ഥയല്ലേ ഇന്നുള്ളത്; എന്തൊരു ദയനീയ സ്ഥിതിയാണ് നമ്മുടേത്? അത്തരമൊരു സാഹചര്യത്തിൽ ഇന്ത്യയ്ക്ക് മാതൃകയായി നിലകൊള്ളേണ്ടതാണ് ഈ സംസ്ഥാനം. ഇവിടെ മാതൃകാപരമായ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റും മുഖ്യമന്ത്രിയും തയ്യാറാകണം. ജനങ്ങൾ അതാണ് കാതോർക്കുകയും അങ്ങയിൽനിന്ന്

പ്രതീക്ഷിക്കുകയും ചെയ്യുന്നത്. പണപ്പെട്ടി തുറന്നിരുന്നാൽ ഏത് പുണ്യാളനും കള്ളനാകും. അതാണ് നമ്മൾ ഇവിടെ കണ്ടത്. ഈ മന്ത്രിസഭയിലെ എത് മന്ത്രിയാണ് അഴിമതിയാരോപണത്തിൽ ഉൾപ്പെടാത്തത് ? ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ എല്ലാ മന്ത്രിമാരും ഒന്നിനൊന്ന് കേമന്മാരാണ്. അവരെ നയിക്കുന്ന മുഖ്യമന്ത്രിയാണെങ്കിൽ അതിനെക്കാൾ വലിയ കേമനാണ് എന്ന രൂപത്തിലാണ് കാര്യങ്ങൾ വരുന്നത്. ആഭ്യന്തര വകുപ്പുമന്ത്രിയായ ശ്രീ. രമേശ് ചെന്നിത്തല, ഈ മന്ത്രിയുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രതിയാക്കിയതിനു ശേഷം പ്രതിയുടെ വീട്ടിൽ സന്ദർശനം നടത്തി. അതിനെക്കുറിച്ച് പത്രക്കാരോട് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് എല്ലാം 'സേഫ്' ആണെന്നാണ്. ഞങ്ങളും കേരളത്തിലെ ജനങ്ങളും വിചാരിച്ചത് മാണിസാർ വാങ്ങിയ പണമെല്ലാം സേഫിൽ വച്ചുവെന്നാണ്. സേഫ് എന്ന് പറഞ്ഞതിന്റെ അർത്ഥം എന്താണെന്ന് ഇന്നത്തെ പത്രം വായിച്ചപ്പോഴും ഇന്നലെ ടെലിവിഷൻ കണ്ടപ്പോഴും മനസ്സിലായി. നമ്മുടെ വില്ലാളിവീരന്മാർ, വീരമണികണ്ഠന്മാർ ആരൊക്കെയാണ്? എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു, ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ തുടങ്ങിയവരെക്കുറിച്ചുള്ള വാർത്തകളാണ് കേൾക്കുന്നത് ......(ബഹളം)..... ഞാൻ പറയുന്നത് പത്രത്തിൽ വന്ന വാർത്തയാണ്. ഈ കേസ് സത്യസന്ധമായി, നീതിപൂർവ്വമായി അന്വേഷിക്കാൻ അതിന്റെ കാവൽഭടനായി നിൽക്കേണ്ടത് ആഭ്യന്തര വകുപ്പുമന്ത്രിയാണ്. നിയമം നിയമത്തിന്റെ വഴിക്കെന്ന് അദ്ദേഹം എപ്പോഴും നമ്മോട് പറയാറുണ്ട്. എന്നാൽ ഇവിടെ വേലിതന്നെ വിളവുതിന്നുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. എന്തൊരു ദുര്യോഗമാണ് നമുക്കുള്ളത്; ഈ സംസ്ഥാനത്തെ ജനങ്ങൾ ആരെയാണ് ആശ്രയിക്കേണ്ടത്? വളരെ ഗൗരവതരമായൊരു വിഷയമായി ഈ ബാർ കോഴ ഇടപാടും അതുമായി ബന്ധപ്പെട്ട വിഷയങ്ങളും പത്രങ്ങളിൽ വാർത്തയായി വന്നിരിക്കുകയാണ്. ഇന്നത്തെ പത്രങ്ങളിലെല്ലാം വന്നിരിക്കുന്ന മറ്റൊരു പ്രധാനവാർത്ത കേരളത്തിന്റെ സാമ്പത്തിക സംവിധാനം ഭയങ്കരമായ തകർച്ചയെ നേരിടുന്നുവെന്ന സി.ആന്റ്എ.ജി.-യുടെ റിപ്പോർട്ടാണ്. കഴിഞ്ഞ കുറേ നാളുകളായി പ്രതിപക്ഷത്തിരുന്ന് ഞങ്ങൾ ഇക്കാര്യം പറയുമ്പോൾ അപ്പുറത്തുള്ള മാണിസാറും മുഖ്യമന്ത്രിയും പറഞ്ഞത് അത്ര വലിയൊരു ആപത്ഘട്ടമില്ല, കുറച്ച് പ്രയാസങ്ങൾ ഉണ്ട് എന്നതിനപ്പുറത്ത് ഒരു കാര്യവുമില്ല എന്നാണ്. എന്നാൽ സി.ആന്റ്എ.ജി. പറയുന്നത് കഴിഞ്ഞ വർഷങ്ങളിലെ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി, നമ്മുടെ സമ്പദ്ഘടന അതിഭയങ്കരമായ തകർച്ചയെ നേരിടുന്നുവെന്നാണ്. പദ്ധതി നിർവ്വഹണം 69 ശതമാനം മാത്രമായി ചുരുങ്ങിയിരിക്കുന്നു. ഇവിടത്തെ വികസന കാര്യങ്ങളൊന്നും നടക്കുന്നില്ല. മൂക്കറ്റം കടം വാങ്ങി

നിത്യനിദാന ചെലവുകൾ നിർവ്വഹിക്കുന്നു. അതുകഴിഞ്ഞാൽ മൂലധനച്ചെലവിനു വേണ്ടിയൊന്നും ബാക്കിയില്ല. അത്യാവശ്യം വികസന കാര്യങ്ങൾക്കുപോലും പണം ചെലവഴിക്കാനില്ല. കേരളം നേരിടുന്ന ഏറ്റവും വലിയ സാമ്പത്തിക അരാജകത്വം ഈ ഗവൺമെന്റിന്റെ സൃഷ്ടിയല്ലേ; ഇതിലേക്ക് നയിച്ചത് ആരാണ്? ഈ ഗവൺമെന്റിന്റെ കണക്കപ്പിള്ളയായി, നമ്മുടെ ഖജനാവിന്റെ കാവൽഭടനായി നിന്ന ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി തന്നെയാണ് ഒന്നാംപ്രതിയെന്ന് ഞങ്ങൾ പറയും. ബഡ്ജറ്റിന്റെ വിശ്വാസ്യതയെ നഷ്ടപ്പെടുത്തിക്കൊണ്ടല്ലേ അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുന്നത് ? അതുകൊണ്ട് ബഡ്ജറ്റിന്റെ വിശ്വാസ്യതയ്ക്ക്, ജനങ്ങൾ അർപ്പിച്ച വിശ്വാസ്യതയ്ക്ക് അൽപ്പംപോലും കോട്ടം തട്ടാതിരിക്കാൻ കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി പതിമൂന്നാം കേരള നിയമസഭയുടെ, പതിമൂന്നാം സമ്മേളനത്തിലെ, അദ്ദേഹത്തിന്റെ പതിമൂന്നാമത്തെ ബഡ്ജറ്റ് എന്ന് അദ്ദേഹം അവകാശപ്പെടുന്ന നാളത്തെ ബഡ്ജറ്റ് അവതരണത്തിൽനിന്നും ശ്രീ. കെ. എം. മാണിയെ ഒഴിവാക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ധനകാര്യ വകുപ്പുമന്ത്രിയും ഏതാനും ചില ഉദ്യോഗസ്ഥരും ചേർന്ന് നടത്തുന്ന രഹസ്യമായ ചില ആലോചനകളും തീരുമാനങ്ങളും പെട്ടിയിലാക്കി സഭയിൽ കൊണ്ടുവരുമ്പോഴാണ് അത് ബഡ്ജറ്റ് എന്ന് പറയുന്നത്. ബഡ്ജറ്റ് പെട്ടിയും തൂക്കിവരുന്ന ശ്രീ. കെ. എം. മാണിയുടെ വരവ് എത്ര താൽപ്പര്യത്തോടെയാണ് ഇതിനുമുമ്പ് കണ്ടിരുന്നത്. എന്നാൽ ആ ബഡ്ജറ്റ് നിർവ്വഹണത്തിൽത്തന്നെ മാറ്റമുണ്ടായില്ലേ ; അതീവ രഹസ്യമായ ആ ബഡ്ജറ്റിലെ സവിശേഷതകൾക്കെല്ലാം അതിഭയങ്കരമായ പൊളിച്ചെഴുത്തുകളല്ലേ കഴിഞ്ഞ നാലുവർഷവും നടത്തിയത് ; കേരളത്തിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ ചോർച്ച എങ്ങനെ ഉണ്ടായി എന്നുള്ളത് സംബന്ധിച്ച് ഇന്നത്തെ മാധ്യമങ്ങളിൽ വാർത്തകൾ നിറയുകയല്ലേ ? എല്ലാവരും അതേക്കുറിച്ച് ഒരുപാട് കാര്യങ്ങൾ പറയുകയാണ്. ബഡ്ജറ്റ് ചർച്ചയിൽ ഉയരുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് വിലപേശൽ ശേഷിയുള്ളവരെ നേടിയെടുക്കുന്നതാണ് ബഡ്ജറ്റ് എന്ന് മാധ്യമങ്ങൾ എഴുതുകയാണ്. എന്തൊരു സ്ഥിതിയാണിത്? ബഡ്ജറ്റിന്റെ ആ സവിശേഷമായ വിശ്വാസ്യതയെയും രഹസ്യസ്വഭാവത്തെപ്പോലും തല്ലിത്തകർത്ത, ചവിട്ടിമെതിച്ച മാണിസാറിന് ബഡ്ജറ്റ് അവതരിപ്പിക്കാൻ എന്ത് അവകാശമെന്നാണ് കേരളത്തിലെ ജനങ്ങൾ ചോദിക്കുന്നത് ? ഇതിന് മറുപടി പറയേണ്ടതും പരിഹാരമുണ്ടാക്കേണ്ടതും ഈ ഗവൺമെന്റാണ്.

വളരുന്തോറും പിളരുമെന്നും പിളരുന്തോറും വളരുമെന്നുമുള്ള തത്വശാസ്ത്രം പഠിപ്പിച്ചത് ശ്രീ. കെ. എം. മാണിയുടെ അദ്ധ്വാനവർഗ്ഗ സിദ്ധാന്തമാണ്. ഇവിടെ പിരിവ് കൂട്ടുന്തോറും നികുതി കുറയുകയും നികുതി കുറയുന്തോറും പിരിവ് കൂട്ടുകയും ചെയ്യുന്ന സവിശേഷമായ ബഡ്ജറ്റാണ് ശ്രീ. കെ. എം. മാണിയുടെ സ്പെഷ്യൽ

ബഡ്ജറ്റായി കഴിഞ്ഞ നാലുവർഷമായി നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇനി അഞ്ചാമതും അതുതന്നെ നമ്മൾ കാണണോ എന്നതാണ് നമ്മൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം. ബഡ്ജറ്റിൽ വിശ്വാസം നഷ്ടപ്പെടുത്തിയ, ബഡ്ജറ്റ് വിറ്റ് കാശാക്കുന്ന മന്ത്രിയെന്ന് പറഞ്ഞത് ഞങ്ങളാണോ; യു.ഡി.എഫ്.-ന്റെ സമുന്നതരായ നേതാവായിരുന്ന ആളുകൾ തന്നെ പറഞ്ഞില്ലേ. ബഡ്ജറ്റ് വിറ്റ് കാശാക്കുന്ന ആളാണെന്ന് പരസ്യമായി പറഞ്ഞത് ഇടതുപക്ഷ നേതാക്കൻമാരല്ല, നിങ്ങളുടെ ആളുകൾ തന്നെയാണ്. അരിവില കഴിഞ്ഞ നാലുവർഷംകൊണ്ട് ഇരട്ടിയിലധികമായി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് ഒരു കിലോഗ്രാം പൊന്നി അരിക്ക് 22 രൂപയായിരുന്നു വില. ഇന്നത് 40 രൂപയിലധികമായി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് അരിയുടെ വിൽപ്പനനികുതി ഒരു ശതമാനമായിരുന്നു. അന്ന് ഗവൺമെന്റിന് 200 കോടി രൂപ ആ ഇനത്തിൽ കിട്ടുമായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അരിയുടെ വിൽപ്പന നികുതി എടുത്തുകളഞ്ഞു. വിൽപ്പന നികുതിയും സർക്കാരിന്റെ വരുമാനവും പൂജ്യമായി. എന്നാൽ അരിവില കുറഞ്ഞോ ? 22 രൂപയുണ്ടായിരുന്ന അരിവില 44 രൂപ വരെ വർദ്ധിച്ചു. ഇതുകൊണ്ട് ആർക്കാണ് പ്രയോജനമുണ്ടായത്. സംസ്ഥാന ഖജനാവിന് 1000 കോടി രൂപയാണ് 4 വർഷം കൊണ്ട് നഷ്ടപ്പെട്ടത്. കേരളത്തിലെ ഉപഭോക്താവ് ഇരട്ടിയിലധികം വില കൊടുക്കേണ്ടിവന്നത് കേരളത്തിന്റെ വരുമാനം ചോർന്നതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്നാണ്. ഇങ്ങനെ പറയാൻ ധാരാളം കാര്യങ്ങളുണ്ട്. അരിയുടെ വിലയിൽ മാത്രമല്ല, മുടി വളരാനും വണ്ണം കുറയ്ക്കാനുമുള്ള എണ്ണ, മുഖം വെളുപ്പിക്കുന്ന സോപ്പ് എന്നിവയ്ക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് 14 ശതമാനം നികുതിയുണ്ടായിരുന്നു. ആ നികുതിയെല്ലാം 5 ശതമാനത്തിൽ താഴെയാക്കി കുറച്ചുകൊടുത്തു. അതിന്റെ ഉല്പാദകർ 100 ഇരട്ടി ലാഭം കൊയ്യുമ്പോൾ അത് സാധാരണക്കാരെ ബാധിക്കുന്നതല്ല. നികുതി ഇങ്ങനെ കുറച്ചുകൊടുത്തത് എന്തിനാണ്? നികുതി കുറച്ചുകൊടുത്താൽ അതിന്റെ നേട്ടം തനിക്ക് ലഭിക്കുമെന്നതിനാൽ നികുതി ഇളവ് ചെയ്തുകൊടുത്തു. സംസ്ഥാന ഖജനാവിൽ 56 കോടി രൂപയുടെ നഷ്ടമുണ്ടായെന്നാണ് മാധ്യമങ്ങൾ പറയുന്നത്. സാധാരണക്കാരുടെ ജീവിതത്തെ ഒരുതരത്തിലും ബാധിക്കാത്ത ഇത്തരം കാര്യങ്ങളിൽ ഇളവ് ചെയ്തുകൊടുക്കുമ്പോൾ തന്റെ പോക്കറ്റിൽ എത്ര ലഭിക്കുമെന്ന് അദ്ദേഹം മനസ്സിലാക്കുന്നു. അതാണ് ബഡ്ജറ്റിന്റെ മറിമായം. വെളിച്ചെണ്ണ, അരിപ്പൊടി ഉൾപ്പെടെയുള്ള പായ്ക്കറ്റുൽപ്പന്നങ്ങൾക്കെല്ലാം നികുതി ഒഴിവാക്കി. മല്ലി, മുളക് എന്നിവയുടെ നികുതി ഒരു ശതമാനമാക്കി. പക്ഷേ ഒന്നിനും വില കുറഞ്ഞില്ല, വില കൂടിക്കൊണ്ടേയിരിക്കുന്നു. ആർക്കാണ്

ഇതിൽ നേട്ടമുണ്ടായത്? സംസ്ഥാന ഖജനാവിന് കോടിക്കണക്കിന് രൂപ നഷ്ടമുണ്ടായപ്പോൾ നേട്ടമുണ്ടാക്കിയത് വമ്പൻ പ്രമാണിമാരായ ഉല്പാദകരും കച്ചവടക്കാരുമാണ്. നിങ്ങൾക്ക് അതിൽനിന്ന് കിട്ടിക്കാണും. ജനപ്രിയ ബഡ്ജറ്റ് ഇങ്ങനെയാണോ കൊണ്ടുവരേണ്ടത്. പാവപ്പെട്ടവന്റെ ആഹാരമാണ് മൈദയും ആട്ടയും ഉപയോഗിച്ചുണ്ടാക്കുന്ന പൊറോട്ട. പൊറോട്ട ഉയർത്തിപ്പിടിച്ചാൽ മറുവശത്തുള്ള എല്ലാ കാഴ്ചകളും കാണാൻ സാധിക്കും. എന്നാൽ പാവപ്പെട്ടവന്റെ പോക്കറ്റ് കൊള്ളയടിക്കുന്നതിന്റെ നഗ്നമായ ചിത്രമാണ് കഴിഞ്ഞ കുറെ നാളുകളായി നമ്മൾ കാണുന്നത്. നികുതി കുറച്ചുകൊടുത്തതിന്റെ ഫലമായി കോടാനുകോടി രൂപയുടെ അഴിമതിയല്ലേ നടന്നത്. ഒരു കോടി വിറ്റുവരവുള്ള, അഞ്ച് വർഷമായി കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്ന സ്വർണ്ണവ്യാപാരികളുടെ കാര്യം കഴിഞ്ഞ കുറെ ദിവസങ്ങളായി പത്രങ്ങളിൽ കാണുന്നു. കേരളത്തിൽ ഇന്ന് ഏറ്റവും കൂടുതൽ തഴച്ചുവളരുന്ന വ്യവസായം സ്വർണ്ണക്കച്ചവടമാണ്. 80,000 കോടി രൂപയുടെ വിൽപ്പന ഒരു വർഷം നടക്കുമ്പോൾ 3,200 കോടി രൂപ ഗവൺമെന്റിന് വരുമാനമായി ലഭിക്കേണ്ടതാണ്. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ചത് 302 കോടി രൂപയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡോ. ടി. എം. തോമസ് ഐസക് 125 ശതമാനം കോമ്പൗണ്ടിംഗ് നികുതി ഏർപ്പെടുത്തി. ശ്രീ. കെ. എം. മാണി അത് 120 ആയി കുറച്ചപ്പോൾ ചെറിയ കച്ചവടക്കാർക്കു പോലും 25 ലക്ഷം, 50 ലക്ഷം തുടങ്ങി കോടിക്കണക്കിന് രൂപയുടെ നേട്ടമുണ്ടാക്കി ക്കൊടുത്തതിന് ഉത്തരവാദി ആരാണ്? ബഡ്ജറ്റിന്റെ വിശ്വാസ്യത തകർത്തു. വിനോദസഞ്ചാരികൾ കൂടുതലായെത്തുന്ന ജൂൺ - ആഗസ്റ്റ് മാസങ്ങളിൽ ആഡംബര ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഏർപ്പെടുത്തിയിരുന്ന നികുതിക്ക് ഇളവ് ചെയ്തു കൊടുത്തത് ആരാണ്? ഇങ്ങനെ ധാരാളം കാര്യങ്ങൾ പറയാനുണ്ട്. ഇങ്ങനെ നികുതി കുറച്ചുകൊടുത്ത എത്രയോ അനുഭവങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനം ക്വാറി ഉടമകളുടേതാണ്. സംസ്ഥാനത്തെ 828 ക്വാറി ഉടമകളുടെ 100 മുതൽ 150 മെട്രിക് ടൺ വരെ ഉല്പാദനശേഷിയുള്ള മെഷീനുകൾക്ക്, 10 കോടിയോളം വിറ്റുവരവുള്ള ഇവയ്ക്ക് നികുതിയായി 1.56 കോടി രൂപ അടയ്ക്കേണ്ടിടത്ത് 66 ലക്ഷമാക്കി കുറച്ചു കൊടുത്തത് ആരാണ്, എന്തിനു വേണ്ടിയാണ് ? നമ്മുടെ പ്രകൃതി വിഭവങ്ങൾ, പാറമലയും കാടും ചരലും പൊടിയുമാക്കി വിറ്റ് വമ്പൻ മാഫിയകൾക്ക് താങ്ങും തണലുമായി കോടാനുകോടി രൂപയുടെ ആനുകൂല്യം ചെയ്തുകൊടുത്ത ഒരു ബഡ്ജറ്റിംഗ് സമ്പ്രദായം ആവിഷ്കരിച്ച മന്ത്രിയാണ് ശ്രീ. കെ. എം. മാണി. അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. എന്തൊരു തീവെട്ടിക്കൊള്ളയാണ് ഇവിടെ നടക്കുന്നത്.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ് .........

<u>ശ്രീ. പി. തിലോത്തമന്‍</u> : സര്‍, നമ്മുടെ സംസ്ഥാനം നേരിടുന്ന അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്ക് ആരാണ് ഉത്തരവാദി എന്ന് ചോദിച്ചാല്‍ ഈ മന്ത്രിസഭയുടെ പണപ്പെട്ടി സൂക്ഷിക്കുന്ന ആളാണ് ഇക്കാര്യത്തില്‍ നിര്‍ണ്ണായകമായ പങ്കുവഹിക്കുന്നതെന്ന് ജനങ്ങളെല്ലാം പറയും. അദ്ദേഹത്തിന് ചേങ്ങില അടിച്ചുകൊടുക്കാന്‍ മുഖ്യമന്ത്രി ഉള്‍പ്പെടെയുള്ള മന്ത്രിമാരും ഘടകകക്ഷി നേതാക്കളുമുണ്ട്.

<u>മി. സ്പീക്കര്‍</u> : പ്ലീസ് കണ്‍ക്ലൂഡ് ....

<u>ശ്രീ. പി. തിലോത്തമന്‍</u> : സര്‍, ഞാന്‍ കൂടുതല്‍ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഇന്നലെ മുഖ്യമന്ത്രി ബാര്‍ കോഴ ഇടപാട് സംബന്ധിച്ച് മറുപടി പറഞ്ഞപ്പോള്‍, 42 ദിവസത്തെ ക്വിക്ക് വെരിഫിക്കേഷനില്‍ ഒരാളുടെ മൊഴിയെങ്കിലും ധനകാര്യ വകുപ്പുമന്ത്രിക്കെതിരായി വന്നിട്ടുണ്ടോയെന്ന് ചോദിച്ചു. ആ അറിവ് അദ്ദേഹത്തിന് എവിടെനിന്നാണ് കിട്ടിയത് ? വിജിലന്‍സ് ആന്റ് ആന്റി കറപ്ഷന്‍ ബ്യൂറോ സ്വതന്ത്രമായി നടത്തുന്ന എന്‍ക്വയറിയില്‍ രേഖപ്പെടുത്തിയ മൊഴികളില്‍ ആരെല്ലാം എന്തെല്ലാം എങ്ങനെയെല്ലാമാണ് പറഞ്ഞത് എന്നത് മുഖ്യമന്ത്രിക്കെങ്ങനെ അറിയാന്‍ കഴിയും. മുഖ്യമന്ത്രിക്ക് ആ വിവരം എവിടെനിന്നു ലഭിച്ചു എന്നുപറയേണ്ടത് ഈ സഭയുടെ അവകാശമാണ്.

<u>മി. സ്പീക്കര്‍</u> : ശ്രീ. പി. തിലോത്തമന്‍, പ്ലീസ് കണ്‍ക്ലൂഡ് ......

<u>ശ്രീ. പി. തിലോത്തമന്‍</u> : സര്‍, ഇവിടെ സ്വതന്ത്രമായ, നിഷ്പക്ഷമായ അന്വേഷണമല്ല നടക്കുന്നത്. ഭരണഘടനയെ ചവിട്ടിമെതിച്ചാലും ഒന്നുമില്ല എന്ന് വിചാരിക്കുന്ന ആളുകളാണ് അപ്പുറത്തിരിക്കുന്നത് എന്നതുകൊണ്ട് ജനങ്ങള്‍ ഉജ്ജ്വലമായ സമരങ്ങള്‍ക്ക് തയ്യാറെടുക്കുകയാണ്. അതുകൊണ്ട് ബഡ്ജറ്റിന്റെ മാന്യത നഷ്ടപ്പെടുത്തിയ, ഭരണഘടനയെ വെല്ലുവിളിച്ച ധനകാര്യ വകുപ്പുമന്ത്രിയെ ബഡ്ജറ്റ് അവതരണത്തില്‍നിന്ന് മാറ്റിനിര്‍ത്തണമെന്നും ഈ പ്രശ്നം സഭ നിര്‍ത്തിവച്ച് ചര്‍ച്ച ചെയ്യണമെന്നും ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മന്‍ ചാണ്ടി</u>) : സര്‍, ഈ നിയമസഭയില്‍ മുമ്പും പല അഴിമതിയാരോപണങ്ങള്‍ വന്നിട്ടുണ്ട്. പക്ഷേ എത്ര ലാഘവബുദ്ധിയോടുകൂടിയാണ് മൂന്ന് മന്ത്രിമാര്‍ക്കെതിരായുള്ള അഴിമതിയാരോപണം ഉന്നയിച്ചത്. ശ്രീ. കോടിയേരി ബാലകൃഷ്ണന്‍, അങ്ങ് ഇതൊന്ന് പരിശോധിക്കണം. ആരോപണം ഉന്നയിക്കുന്നവരുടെ പേരുപോലും ശ്രീ. പി. തിലോത്തമന് പറയാന്‍ സാധിച്ചില്ല. ആരാണ് ഈ ആരോപണം ഉന്നയിച്ചത് ? എവിടെ നിന്നെങ്കിലും ഒരു കാസറ്റ്

കൊണ്ടുവന്ന് അഴിമതിയാരോപണം എന്നുപറയുകയാണ്. മൂന്ന് മന്ത്രിമാർക്കെതിരായി അഴിമതിയാരോപണം ഉന്നയിക്കുമ്പോൾ ഇന്ന ആളാണ് ആരോപണം ഉന്നയിച്ചത് എന്നെങ്കിലും പറയേണ്ടതല്ലേ. ശ്രീ. വി. എസ്. സുനിൽ കുമാറിനെ ഞാൻ അഭിനന്ദിക്കുന്നു. അങ്ങ് ഇതുപോലുള്ള കാര്യങ്ങളിലൊക്കെ ശക്തമായ വിമർശനവുമായി വരുന്നതാണ്. ഇന്ന് ഇത് ശ്രീ. പി. തിലോത്തമനെ ഏൽപ്പിച്ചത് ഇതിൽ വാസ്തവമൊന്നുമില്ല എന്നറിഞ്ഞുകൊണ്ടാണ്. ഒരു ആരോപണം ഉന്നയിക്കുമ്പോൾ അതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ആര് ഉന്നയിച്ചു എന്നതാണ്. ഇവിടെ ശ്രീ. പി. തിലോത്തമൻ ആ ഉത്തരവാദിത്വം ഏൽക്കുന്നില്ല. ശ്രീ. പി. തിലോത്തമൻ അത് കാസറ്റിന്റെ പേരിൽ പറയുകയാണ്. ഇതൊക്കെ ശരിയാണോയെന്ന് നിങ്ങളൊന്ന് ആലോചിക്കണം. ശ്രീ. പി. തിലോത്തമൻ പറയുന്നത് ഇതെല്ലാം പത്രത്തിൽ വന്നതാണെന്നാണ്. പത്രത്തിൽ വന്നാൽ ഇതാരാണ് പറഞ്ഞതെന്ന് നിങ്ങളൊന്ന് അന്വേഷിക്കുകയെങ്കിലും വേണം. ഇത് നാഥനില്ലാത്ത ആക്ഷേപമാണ്. ഈ ബാർ കേസ് കഴിഞ്ഞ ഒരു വർഷമായി ചർച്ച ചെയ്യുന്ന കാര്യമാണ്. എന്തുകൊണ്ടാണ് ഈ മൂന്ന് മന്ത്രിമാർക്കെതിരായി ഇതുവരെ ആരോപണം ഉണ്ടാകാതിരുന്നത്, നമുക്കറിഞ്ഞുകൂടേ ; ഇന്നുവരെ വരാതിരുന്നത് എന്താണ് ? കാരണം, നാളത്തെ സമരത്തിന് ഒന്ന് ചൂടുപകരാൻ വേണ്ടി ആരെക്കൊണ്ടോ പറയിപ്പിച്ച ഒരു കാസറ്റാണത്. കഷ്ടം തന്നെ. ഇതിന് കേരളത്തിലെ ജനങ്ങൾക്ക് മുമ്പിൽ നിങ്ങൾ മറുപടി പറയേണ്ടിവരും. സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. ബാബു, വി. എസ്. ശിവകുമാർ എന്നിവർ വിദ്യാർത്ഥി യുവജന രാഷ്ട്രീയത്തിൽക്കൂടി വന്ന് ഈ കേരളത്തിലൊട്ടാകെ ജനങ്ങൾ അറിയപ്പെടുന്ന നേതാക്കന്മാരാണ്. ബാർ മുതലാളിമാർ തമ്മിൽ നടത്തിയ സംഭാഷണത്തെ ആക്ഷേപമായി ഇവിടെ ഉന്നയിച്ചാൽ അവരുടെ ഇമേജൊന്നും പോകുകയില്ല, നിങ്ങൾ നാണംകെടുകയേയുള്ളൂ. യാതൊരു സംശയവുമില്ല. നിങ്ങൾക്ക് ഇന്നും ഈ ഇഷ്യൂ ഇവിടെ റെയ്സ് ചെയ്യണമെന്നുണ്ടെങ്കിൽ ഞങ്ങളിന്നുവരെ ചട്ടം പറഞ്ഞ് തടസ്സപ്പെടുത്തിയിട്ടില്ല. ഏത് പ്രശ്നവും ചർച്ച ചെയ്യാം, വീണ്ടും ചർച്ച ചെയ്യാം. പക്ഷെ, ഈ മാർഗ്ഗം സ്വീകരിച്ചത് നിങ്ങളുടെതന്നെ ഇരിക്കുന്നകൊമ്പ് മുറിക്കുന്നതിനു തുല്യമാണ്. നിങ്ങളുടെ വിശ്വസനീയതയാണ് ഇവിടെ തകർക്കുന്നത്. ഞാൻ ശ്രീ. പി. തിലോത്തമനെ ഗവൺമെന്റിനുവേണ്ടി വെല്ലുവിളിക്കുന്നു. നിങ്ങൾ ഉന്നയിച്ച ആരോപണങ്ങൾ വ്യക്തതയോടുകൂടി എഴുതിത്തരാമോ ?

<u>ശ്രീ. സി. ദിവാകരൻ</u> : സർ, നിയമസഭയുടെ വളരെ ഉത്തരവാദിത്വമുള്ള, പ്രതിപക്ഷ എം.എൽ.എ.-മാരായ ഞങ്ങൾ വളരെ വസ്തുനിഷ്ഠമായ കാര്യങ്ങൾ ഉന്നയിച്ചതിൽ അങ്ങിത്രയും പ്രകോപിതനായി ഞങ്ങളെ വെല്ലുവിളിക്കാനുള്ള കാര്യമെന്താണ് ? ഞങ്ങൾ എഴുതിത്തരാം. ഞങ്ങൾ എന്തുചെയ്യണമെന്ന് നിങ്ങളല്ല പറയേണ്ടത്. ഞങ്ങൾക്കിഷ്ടമുള്ളത് ചെയ്യും.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, പ്രിയപ്പെട്ട സി. ദിവാകരൻ, ഞാൻ ചോദിച്ചത് അദ്ദേഹമുന്നയിച്ച ആരോപണം ആരാണ് പറഞ്ഞതെന്നാണ് ; അത് ചോദിക്കാനുള്ള അവകാശം എനിക്കില്ലേ ? അങ്ങ് പറയണം.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, മുമ്പ് അങ്ങ് പ്രതിപക്ഷ നേതാവിനോട് ഇതുപോലെ ചോദിച്ചപ്പോൾ അദ്ദേഹം വിജിലൻസ് അന്വേഷണത്തിന് എഴുതിത്തന്നു. 42 ദിവസം ആ പെറ്റീഷന്റെ പുറത്ത് അടയിരുന്നവരാണ് നിങ്ങൾ. എഴുതിത്തരാത്തതുകൊണ്ടാണോ കുഴപ്പം ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ഞാൻ അതാണ് ചോദിച്ചത്. കഴിഞ്ഞ ഒരു വർഷക്കാലം കേരളം മുഴുവൻ ചർച്ച ചെയ്യപ്പെട്ടിട്ടും ഇങ്ങനെയൊരു ആക്ഷേപം വന്നില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഈ പറയുന്നവരുടെ പേരിലുള്ള ആക്ഷേപങ്ങളൊന്നും ഞങ്ങൾ ഉന്നയിച്ച ആക്ഷേപങ്ങളല്ല. ഇപ്പോൾ ശ്രീ. കെ. എം. മാണിക്കെതിരെ ഇതു സംബന്ധിച്ച ഒരു തെളിവ് കൊണ്ടുവന്നതാരാണ്, ഞങ്ങളല്ല. ഇതുമായി ബന്ധപ്പെട്ട ആളുകളുടെ കയ്യിൽ മാത്രമേ തെളിവുള്ളൂ. ബാറിന്റെ ആളുകളാണ് രൂപ കൊടുത്തത്. അവരാണ് ഞങ്ങൾ രൂപ കൊടുത്തുവെന്ന് പറയുന്നത്. ആ രൂപ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അവിടെ നടത്തിയ വെളിപ്പെടുത്തലുകളെക്കുറിച്ചാണ് ഇവിടെ വിവിധ പത്രങ്ങളും ടെലിവിഷൻ ചാനലുകളും പുറത്തുകൊണ്ടുവരുന്നത്. ഇന്നലെ റിപ്പോർട്ടർ ടി.വി.-യാണ് ഇതുസംബന്ധിച്ച തെളിവുകൾ പുറത്തുകൊണ്ടുവന്നിരിക്കുന്നത്. അതിന്റെ ശബ്ദരേഖയാണ് പുറത്തുകൊണ്ടുവന്നിരിക്കുന്നത്. ആ ശബ്ദരേഖയുടെ കാസറ്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകാം. മുഖ്യമന്ത്രി അത് വിജിലൻസിന് കൈമാറി അതിന്റെ അടിസ്ഥാനത്തിൽ കേസെടുത്ത് അന്വേഷണം നടത്താൻ തയ്യാറുണ്ടോ എന്നാണ് ഇവിടെ വ്യക്തമാക്കേണ്ടത്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഒരാൾക്കെതിരെ ആക്ഷേപമുന്നയിക്കുമ്പോൾ അദ്ദേഹത്തിന്റെ ശബ്ദരേഖ അതിലുണ്ടെങ്കിൽ നമുക്ക് മനസ്സിലാക്കാം. ഇത് ഗവൺമെന്റിന്റെ തീരുമാനത്തിൽ സാമ്പത്തിക നഷ്ടം വന്നവരുടെ സമ്മർദ്ദത്തിന് വഴങ്ങാതെ ഗവൺമെന്റ് ശക്തമായ നിലപാടെടുത്തപ്പോൾ ആ ഗവൺമെന്റിനോട് എതിർപ്പ് പ്രകടിപ്പിക്കുന്നവർ തമ്മിൽ സംസാരിക്കുന്നത് അവർതന്നെ റിക്കോർഡ് ചെയ്ത് അവർതന്നെ പുറത്തുകൊണ്ടു വന്നിരിക്കുകയാണ്. എന്താണിത്? ഇതാണ് നിങ്ങൾ അംഗീകരിക്കാൻ പോകുന്ന തത്വസംഹിതയെങ്കിൽ ഇവിടെ എന്തായിരിക്കും സ്ഥിതി ? ഞാൻ ഒന്നേ പറയുന്നുള്ളൂ, ഇതിന്റെ പേരിലൊന്നും ശ്രീ. രമേശ് ചെന്നിത്തലയുടെയോ ശ്രീ. കെ. ബാബുവിന്റെയോ ശ്രീ. വി. എസ്. ശിവകുമാറിന്റെയോ ഇമേജിന് ഒരു പോറൽപോലുമേൽക്കില്ല. പക്ഷെ, നിങ്ങളുടെ ക്രെഡിബിലിറ്റിയാണ് പോകുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട് ഇതൊന്നും ശരിയല്ല. ഇവിടെ മാണിസാറിനെതിരെ പറഞ്ഞതിന് ഞങ്ങൾ ഇന്നലെ വ്യക്തമായി മറുപടി പറഞ്ഞതാണ്. ഇപ്പോൾ എന്താണ് പറഞ്ഞത്, ഇവിടെ വരുമാനം കുറഞ്ഞു. ശ്രീ. പി. തിലോത്തമൻ, ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങളുടെയും വരുമാനം കുറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ വരുമാനം കുറഞ്ഞു. കേന്ദ്ര ഗവൺമെന്റ് പല കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും പദ്ധതി വിഹിതം വെട്ടിക്കുറച്ചു. കേന്ദ്ര ഗവൺമെന്റിന് പദ്ധതിവിഹിതംപോലും കൊടുക്കാൻ പറ്റാത്ത സാമ്പത്തിക സാഹചര്യം ഇൻഡ്യ ഒട്ടാകെ ഉണ്ടായപ്പോൾ കേരളത്തിലും അൽപ്പം വരുമാനം കുറഞ്ഞു. എന്നാലും ഈ പ്രതിസന്ധിയിൽ പിടിച്ചുനിന്ന ഒരു സംസ്ഥാനം കേരളമാണ്. നിങ്ങളത് മറക്കരുത്. ഡോ. മൻമോഹൻ സിംഗിനെതിരെ വന്ന കേസ് സാങ്കേതികത്വത്തിന്റെ പേരിൽ വന്നിട്ടുള്ളതാണ്. 10 വർഷം ഇൻഡ്യയുടെ പ്രധാനമന്ത്രിയായി മാസം ഒരു രൂപ വാങ്ങിക്കൊണ്ട് ഈ രാജ്യത്തെ സേവിച്ച ഡോ. മൻമോഹൻ സിംഗിനെതിരെ കൈവിരൽ ചൂണ്ടാൻ നിങ്ങൾക്കെങ്ങനെ സാധിക്കും? അദ്ദേഹത്തിന്റെ നിരപരാധിത്വം അദ്ദേഹം തെളിയിക്കും, എല്ലാം പുറത്തുവരും. ഇന്നും നിങ്ങൾ മാണിസാറിനെതിരായിട്ടുള്ള കാര്യങ്ങൾ പറഞ്ഞു. ഇന്നലെ ഞങ്ങൾ വ്യക്തമാക്കി. ഇവിടെ നിങ്ങൾ പറഞ്ഞതനുസരിച്ചുള്ള അന്വേഷണം നടക്കുകയാണ്. ആ അന്വേഷണം പൂർത്തിയാകും. അതുവരെ മാണിസാർ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയായിത്തന്നെയിരിക്കും. ബഡ്ജറ്റ് അവതരിപ്പിക്കും. നിങ്ങൾകൂടി സഹകരിക്കണമെന്നതാണ് എന്റെ അഭ്യർത്ഥന.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് 2004-ൽ ഇവിടെ മുഖ്യമന്ത്രിയായിരുന്നു. അന്ന് മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ വിജിലൻസ് കേസിൽ പ്രതിയായിട്ടുള്ള ആളിനെ മന്ത്രിസഭയിലുൾപ്പെടുത്തില്ല എന്നുപറഞ്ഞുകൊണ്ടാണ് ശ്രീ. ആർ. ബാലകൃഷ്ണപിള്ളയേയും ടി. എം. ജേക്കബിനെയും അങ്ങ് മന്ത്രിസഭയിലുൾപ്പെടുത്താതിരുന്നത്. അന്ന് അങ്ങെടുത്ത നിലപാടായിരുന്നു അത്. വിജിലൻസ് കേസിൽ പ്രതിയായ ആൾ മന്ത്രിസഭയിൽ പാടില്ല. ഇപ്പോൾ നിങ്ങളുടെ മന്ത്രിസഭതന്നെ, ശ്രീ. രമേശ് ചെന്നിത്തലയുടെ പോലീസ് ആണ് ശ്രീ. കെ. എം. മാണിയെ പ്രതിചേർത്ത് കേസെടുത്തത്. അങ്ങനെയൊരു മന്ത്രിയെ ഈ മന്ത്രിസഭയിൽ ഉൾപ്പെടുത്തിയത് 2004-ൽനിന്ന് 2015-ലേക്കെത്തിയപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിക്കുവന്ന മാറ്റമാണോ അതോ നിങ്ങളുടെ രാഷ്ട്രീയത്തിൽവന്ന മാറ്റമാണോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഒന്നുമല്ല, ഈ കേസിനെ സംബന്ധിച്ച് എത്രയോ പ്രാവശ്യം പറഞ്ഞതാണ്. ഇവിടെ എഫ്.ഐ.ആർ. തയ്യറാക്കാനുള്ള സാഹചര്യം എന്താണെന്ന് പറഞ്ഞല്ലോ, Lalitha Kumari Vs. State of UP and others എന്ന കേസിന്റെ പശ്ചാത്തലത്തിൽ എഫ്.ഐ.ആർ. തയ്യാറാക്കി. അത് വന്നത് ഈ അടുത്തകാലത്താണ്. എന്താണ് മാറ്റംവന്നതെന്ന് ചോദിച്ചില്ലേ, അന്ന് ലളിതകുമാരി കേസ് ഇല്ലായിരുന്നു ; ഇന്ന് ലളിതകുമാരി കേസ് വന്നു അതേയുള്ളൂ വ്യത്യാസം. ഇന്നിപ്പോൾ പഴയതുപോലെയല്ലല്ലോ; ഈ കാര്യത്തിൽ അന്വേഷണം പുരോഗമിക്കുന്നതിനെപ്പറ്റി, ഓരോ ദിവസത്തേയും ഡെവലപ്മെന്റ് നമുക്ക് ടി.വി.-യിൽ കാണാം. പത്രം വായിക്കാൻപോലും കാത്തിരിക്കേണ്ട കാര്യമില്ല. ഇന്ന് ആരോപണമുന്നയിച്ചിട്ടുള്ള ഒരാൾപോലും മാണിസാറിനെതിരായി മൊഴി കൊടുത്തിട്ടില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, വളരെ കോൺഫിഡൻഷ്യലായാണ് കേസ് അന്വേഷിക്കുന്നതെങ്കിൽ ആരും ശ്രീ. കെ. എം. മാണിക്കെതിരെ മൊഴി കൊടുത്തിട്ടില്ലെന്ന കാര്യം അങ്ങേയ്ക്ക് എങ്ങനെ അറിയാം ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഈ മൊഴി കൊടുത്തവർ പുറത്തേയക്കിറങ്ങിയാൽ ആ ഓഫീസിന്റെ പടിക്കൽ മൈക്കും ക്യാമറയുമായി മാധ്യമപ്രവർത്തകർ നിൽക്കും. അവർ പുറത്തുവന്ന് പറഞ്ഞിട്ടുള്ളത് കേട്ടിട്ടാണ് ഞാൻ പറഞ്ഞത്. മാണിസാർ കുറ്റക്കാരനാണെന്ന് ഇന്നുവരെ ഒരു ബോധ്യവും ഗവൺമെന്റിനില്ല. അദ്ദേഹം മന്ത്രിസ്ഥാനത്ത് തുടരും, നാളെ ബഡ്ജറ്റ് അവതരിപ്പിക്കും. നിങ്ങൾക്കുടെ

സഹകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നിങ്ങൾക്ക് ഇന്ന് ഈ പ്രശ്നം ഉന്നയിക്കാൻവേണ്ടി മൂന്ന് മന്ത്രിമാരുടെ പേര് ഇവിടെ കൊണ്ടുവന്നത് നിർഭാഗ്യകരമായിപ്പോയി. അത് നിങ്ങൾക്കുതന്നെ തിരിച്ചടിയാകും. യാതൊരു സംശയവുമില്ല. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ..... (ബഹളം).....

[ശ്രീ. കെ. എം. മാണി സംസാരിക്കാൻ എണീറ്റപ്പോൾ പ്രതിപക്ഷം ഒന്നടങ്കം അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.]

ശ്രീ. കെ. എം. മാണി : സർ, ഇവിടെ പറഞ്ഞ ആരോപണങ്ങൾ മുഴുവൻ ഞാൻ നിഷേധിക്കുകയാണ്. ബഡ്ജറ്റിൽ കൊടുത്ത ഇളവുകളെ സംബന്ധിച്ച് ഇതിനുമുമ്പും ഈ ആരോപണം വന്നു. ശ്രീ. വി. ശിവൻകുട്ടിയും ശ്രീ. വി. എസ്. സുനിൽകുമാറും ഇതിനുമുമ്പ് ആരോപണം ഉന്നയിച്ചപ്പോൾ അന്ന് ഞാൻ അതിന് രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. അത് നിയമസഭയിലുണ്ട്. ഇപ്പോൾ ഇത് രാഷ്ട്രീയപ്രേരിതമായി വെറുതെ ഉന്നയിക്കുന്ന വ്യാജമായ പ്രസ്താവനകളും ആരോപണങ്ങളുമാണ്. ഇത് കേട്ടിട്ട് ആർക്കെങ്കിലും രാജിവയ്ക്കാനൊക്കുമോ ? ശ്രീ. എ. കെ. ബാലൻ ശിക്ഷിക്കപ്പെട്ട മന്ത്രിയായി ഇരുന്നിട്ടില്ലേ ? ശ്രീ. എ. കെ. ബാലൻ മന്ത്രിയായിരുന്നപ്പോൾ ശിക്ഷിക്കപ്പെട്ടു. അപ്പോൾ മന്ത്രിസഭയിൽനിന്ന് പോയോ ? നിങ്ങൾക്ക് ഒരു താപ്പ്, ഞങ്ങൾക്ക് വേറൊരു താപ്പ്. ഇതിലൊക്കെ എന്ത് നീതിയാണുള്ളത് ? ശ്രീ. പാലോളി മുഹമ്മദ് കുട്ടി ശിക്ഷിക്കപ്പെട്ടപ്പോൾ ഇവിടെയിരുന്നു, രാജിവച്ചില്ല. ശ്രീ. പാലോളി മുഹമ്മദ് കുട്ടി രാജിവയ്ക്കണ്ട, ശ്രീ. എ. കെ. ബാലൻ രാജിവയ്ക്കണ്ട, കെ. എം. മാണി രാജിവയ്ക്കണം. എവിടത്തെ നീതിയാണിത് ? ഈ ഉമ്മാക്കിയൊന്നും കാണിക്കേണ്ട, ഇതുകണ്ടൊന്നും ഞങ്ങൾ ഭയപ്പെടില്ല. എന്റെ കൈകൾ ശുദ്ധമാണ്. അമ്പത് വർഷത്തെ ശുദ്ധിയാണ്, സംശുദ്ധി. അതുകൊണ്ട് ഞാൻ ഈ ആരോപണം എതിർക്കുകയാണ്. (ബഹളം)...

മി. സ്പീക്കർ : പ്ലീസ്....... പ്ലീസ്......

ശ്രീ. എ. കെ. ബാലൻ : സർ, എന്റെ പേര് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പരാമർശിക്കുകയുണ്ടായി. ....(ബഹളം)......

മി. സ്പീക്കർ : അങ്ങേക്ക് ആവശ്യമുണ്ടെങ്കിൽ പേഴ്സണൽ എക്സ്പ്ലനേഷന് സമയം തരാം. പ്ലീസ് ഇപ്പോൾ അവിടെ ഇരിക്കണം.

ശ്രീ. എ. കെ. ബാലൻ : സർ, ഒറ്റപ്പാലം സി.ജെ.എം. കോടതി ഒരു ട്രെയിൻ പിക്കറ്റ് ചെയ്യതുമായി ബന്ധപ്പെട്ട് രണ്ടരക്കൊല്ലം എന്നേയും ശ്രീ. എം. ചന്ദ്രനേയും ശിക്ഷിച്ചു. ആ ദിവസം ഞാൻ ഇവിടെ വന്നില്ല. തൊട്ടടുത്ത ദിവസം പാലക്കാട് കോടതി എന്റെ പേരിലെടുത്ത കേസ് സെന്റൻസും കൺവിക്ഷനും സസ്പെൻഡ് ചെയ്തതിനുശേഷമാണ് ഞാൻ സഭയിൽ വന്നത്. അല്ലാതെ അഴിമതി നടത്തിയതിനല്ല എന്നെ ശിക്ഷിച്ചത്. വെറുതെ സഭയെ തെറ്റിദ്ധരിപ്പിക്കരുത്.

ശ്രീ. കെ. എം. മാണി : ശിക്ഷിക്കപ്പെട്ടതിന് രേഖയില്ലേ ? ....(ബഹളം)....

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ.രമേശ് ചെന്നിത്തല) : സർ, സംസ്ഥാനത്ത് ഏത് പദവിയിൽ ഇരിക്കുന്ന വ്യക്തിക്കെതിരെയും ആർക്കെങ്കിലും അഴിമതി സംബന്ധിച്ച പരാതി ഉന്നയിക്കണമെങ്കിൽ അതിന് വ്യവസ്ഥാപിതമായ സംവിധാനം ഇന്ന് നിലവിലുണ്ട്. ബഹുമാനപ്പെട്ട കോടതികൾ അത്തരം പരാതികളും ആരോപണങ്ങളും ഗൗരവമായി കാണുന്നുണ്ട്. അഴിമതി ആരോപണങ്ങൾ തികഞ്ഞ ഉത്തരവാദിത്വത്തോടുകൂടി വ്യവസ്ഥാപിതമായ രീതിയിൽ ഉന്നയിക്കുന്നതിനുപകരം ഒരുതരം വിലകുറഞ്ഞ ഏർപ്പാട് അടുത്തകാലത്തായി കണ്ടുവരികയാണ്. ഡിജിറ്റൽ ഡോക്യുമെന്റേഷൻ എളുപ്പത്തിൽ സാധ്യമാകുന്ന ഇക്കാലത്ത് എവിടെയെങ്കിലും ഏതെങ്കിലും തൽപ്പരകക്ഷികൾ തമ്മിൽത്തമ്മിൽ മറ്റുള്ളവരെപ്പറ്റി സംസാരിച്ച് അതിന്റെ സി.ഡി. പ്രചരിപ്പിക്കുന്ന പ്രവണത അഭിലഷണീയമാണോ എന്നത് എല്ലാവരും ചിന്തിക്കേണ്ട ഒരു കാര്യമാണ്. അഴിമതിക്കെതിരെ പോരാട്ടം നടത്തുന്ന ആളുകൾ ഉൾപ്പെടെ ഈ സഭ ഗൗരവമായി ആലോചിക്കേണ്ടതാണ്. ശ്രീ. പി. തിലോത്തമൻ തന്റെ നോട്ടീസിൽ പറഞ്ഞ ഒരു കാര്യം ഞാൻ ഉദ്ധരിക്കുകയാണ്. കേരളം വളർത്തിയെടുത്ത ഉന്നത രാഷ്ട്രീയ സംസ്കാരത്തിനുനേരെയുള്ള ഒരു വെല്ലുവിളിയായി ഞാൻ ഇതിനെ കാണുന്നു. ഇത്തരത്തിൽ ബഹുഭൂരിപക്ഷം മാധ്യമങ്ങളും ഈ ആരോപണത്തെ അവഗണിക്കുകയാണ് ചെയ്തിട്ടുള്ളത്. തികച്ചും കേട്ടുകേൾവിയുടെ മാത്രം സ്വഭാവമുള്ള ചില പരാമർശങ്ങൾ ഒരു ദൃശ്യ-മാധ്യമത്തിലൂടെ പുറത്തുവന്നതിന് പ്രത്യേകം മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നെ ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാം. അതുകൊണ്ട് ഈ ആരോപണങ്ങൾ ഞാൻ നിഷേധിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഇന്നലെ ഒരു സ്വകാര്യ ചാനൽ പ്രക്ഷേപണം ചെയ്തതായി പറയുന്ന ഒരു സി.ഡി.-യിൽ എന്റെ പേര് കൂടി പരാമർശിച്ചതായിട്ടാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്.

ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, ഇതുപോലൊരു സംഭവം ഉണ്ടാകുമ്പോൾ കേരളത്തിലെ എല്ലാ മാധ്യമങ്ങളും അത്തരം കാര്യങ്ങൾ ഏറ്റെടുക്കാറുണ്ട്. പക്ഷേ ഇവിടെ വേറൊരു മാധ്യമവും ഇത് ഏറ്റെടുത്തിട്ടില്ല. ഒക്ടോബർ മാസം 31-നാണ് ഇപ്പോൾ വെളിപ്പെടുത്തലുകൾ നടത്തിക്കൊണ്ടിരിക്കുന്ന ശ്രീ. ബിജു രമേശ് ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ആദ്യമായൊരു ആരോപണം ഉന്നയിച്ചത്. അന്ന് ഉന്നയിച്ച കാര്യങ്ങൾക്ക് ഇതുവരെ യാതൊരു തെളിവും നൽകാൻ അദ്ദേഹത്തിനു സാധിച്ചിട്ടില്ലായെന്നതാണ് ഒന്നാമത്തെ പ്രശ്നം. രണ്ടാമത്, ഒക്ടോബർ മാസം 31-ാം തീയതി മുതൽ ഇതുവരെ ഈ കാര്യം കേരളം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ഒരു ഘട്ടത്തിലും എന്റെയോ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെയോ ആരോഗ്യ വകുപ്പുമന്ത്രിയുടെയോ പേര് ചർച്ച ചെയ്തിട്ടില്ല. ഏറ്റവും ഒടുവിൽ മിനിഞ്ഞാന്ന് ഒരു വിഭാഗം ബാർ ഹോട്ടൽ ഉടമകളുടെ യോഗമുണ്ടായിരുന്നു. ആ യോഗത്തിലും പല കാര്യങ്ങളും ചർച്ച ചെയ്തു. അവിടെയും ഇങ്ങനെ ഒരു ആക്ഷേപം ഉന്നയിക്കപ്പെട്ടിട്ടില്ല. ...(ബഹളം).... എല്ലാം ടി.വി.-യിൽ വന്നല്ലോ ; നിങ്ങൾ ഏറ്റെടുക്കുന്ന ആൾ ആരാണെന്നുകൂടി മനസ്സിലാക്കണം. ഈ ഗവൺമെന്റിന്റെ മദ്യനയത്തിന്റെ ഫലമായി 8 ഹോട്ടലുകൾ പൂട്ടിയതിൽ നഷ്ടം സംഭവിച്ച ഒരാളാണ്. അവിടെ ഇരുന്ന് ചർച്ച ചെയ്തുവെന്ന് പറയുന്ന ആളുകളെല്ലാം ഈ ഗവൺമന്റിന്റെ മദ്യനയത്തിന്റെ ഫലമായി വരുമാനനഷ്ടമുണ്ടായി ഹോട്ടൽ അടച്ചുപൂട്ടപ്പെട്ടവരാണ്. എനിക്കെതിരായി ഉന്നയിക്കപ്പെട്ടതായി പറയുന്ന ആരോപണങ്ങൾ ഞാൻ നിഷേധിക്കുന്നു. സത്യത്തിന്റെ ഒരു കണികപോലും അതിലില്ല. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷത്തോട് ഒരു കാര്യം കൂടി പറയാം. മിനിഞ്ഞാന്ന് അവിടെ ചർച്ച ചെയ്ത കൂട്ടത്തിൽ 418 ഹോട്ടൽ തുറന്നു കൊടുക്കാമെന്ന് നിങ്ങളുടെ രണ്ട് നേതാക്കന്മാർ ഉറപ്പ് നൽകിയതായി റിക്കോർഡ് ചെയ്തിട്ടുണ്ട്. അത് നിങ്ങൾ മനസ്സിലാക്കണം. ഇവിടെ 418 ഹോട്ടൽ പൂട്ടിയ പശ്ചാത്തലത്തിൽ പ്രതിപക്ഷത്തിരിക്കുന്ന ഒരു എം.എൽ.എ.-യുടെ വീട്ടിൽ വച്ച് അപ്പുറത്തിരിക്കുന്ന പ്രധാനപ്പെട്ട ചില നേതാക്കന്മാർ ശ്രീ. ബിജു രമേശുമായി ചർച്ച ചെയ്തിട്ടുണ്ട്. അത് ഞാൻ തെളിയിച്ചുതരാം. ആ ചർച്ചയിൽ നിങ്ങൾ അവർക്ക് കൊടുത്ത ഉറപ്പ് എന്താണ് ? 418 ഹോട്ടൽ തുറന്നു തരാം, നിങ്ങൾ ഗവൺമെന്റിനെ വലിച്ച് താഴെയിടാനാണ് പറഞ്ഞത്. .....(ബഹളം)..... അങ്ങനെ തന്നെയാണ് പറഞ്ഞിട്ടുള്ളത്. എനിക്കത് കൃത്യമായി അറിയാം. ശ്രീ. ബിജു രമേശ് മിനിഞ്ഞാന്ന് പറഞ്ഞതെന്താണ് ? 418 ഹോട്ടലുകൾ തുറന്നു തരാമെന്ന് ചില നേതാക്കൾ ഉറപ്പ് നൽകി, പക്ഷേ അസോസിയേഷന്റെ നേതാക്കന്മാർ എന്റെ കൂടെ നിന്നില്ല. അതാണ് ആക്ഷേപം. ഏതായാലും ശ്രീ. ബിജു രമേശ് ഏറ്റുപിടിച്ച

നടത്തുന്ന ഈ ആക്ഷേപം, തേജോവധം അങ്ങേയറ്റം നിർഭാഗ്യകരമാണ്. ഇവിടെ എനിക്കെതിരായി ഉന്നയിക്കപ്പെട്ട ആരോപണം ഞാൻ പൂർണ്ണമായി നിഷേധിക്കുന്നു. സത്യത്തിന്റെ ഒരു കണികപോലും അതിനകത്തില്ല. വിശ്വസനീയമായ വിധത്തിൽ എന്തെങ്കിലും തെളിവ് കൊണ്ടുവന്നാൽ പറയുന്ന ശിക്ഷ ഏറ്റുവാങ്ങാൻ ഞാൻ തയ്യാറാണ്.

12.00 Noon]

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഈ ആരോപണം ഞാനും ശക്തമായ ഭാഷയിൽ നിഷേധിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ നാഥനില്ലാത്ത ഒരു ആരോപണമാണ് വന്നിട്ടുള്ളത്. മൂന്നുവർഷം മുമ്പ് നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിൽ സംഭാവന നൽകിയെന്ന് പറഞ്ഞുവെന്നാണ് എന്നെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ഈ ആരോപണങ്ങളെല്ലാം ഈ സമയത്ത് വന്നതാണ്. മൂന്നുവർഷം മുമ്പ് നെയ്യാറ്റിൻകര ബൈ ഇലക്ഷൻ വന്നപ്പോൾ സംഭാവന നൽകിയെന്ന് പറഞ്ഞ് ഇവിടെ വന്നിരിക്കുന്ന ആരോപണം അടിസ്ഥാന രഹിതവും ദുരുദ്ദേശപരവുമാണ്. ശക്തമായി ഞാൻ ഈ കാര്യത്തെ നിഷേധിക്കുകയാണ്. മന്ത്രിയെന്ന നിലയിൽ നാലുവർഷക്കാലം എന്റെ പ്രവർത്തനങ്ങളിൽ യാതൊരു ആരോപണവും ഉന്നയിക്കാൻ സാധിക്കാതെ വന്നപ്പോൾ മനഃപൂർവ്വം തേജോവധം ചെയ്യാൻ ശ്രമിക്കുന്ന നടപടിയാണിത്. എം.പി. എന്നുള്ള നിലയിൽ ഞാൻ പ്രവർത്തിച്ചിട്ടുണ്ട്, മന്ത്രി എന്നുള്ള നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്. കെ.പി.സി.സി. പ്രസിഡന്റ് ഒഴികെ പാർട്ടിയുടെ ഉത്തരവാദപ്പെട്ട എല്ലാ സ്ഥാനങ്ങളിലും പ്രവർത്തിച്ചയാളാണ് ഞാൻ. എന്റെ പൊതുപ്രവർത്തനം ഒരു തുറന്ന പുസ്തകമാണെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. സൽപ്പേര് നിലനിർത്തുക എന്നുള്ളതാണ് ഒരു പൊതുപ്രവർത്തകന്റെ ഏറ്റവും വലിയ സമ്പത്ത് എന്നുള്ള ദർശനം ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തിക്കുന്നവരാണ് ഞങ്ങളെല്ലാവരും. അതുകൊണ്ട് ഏതെങ്കിലും മദ്യമുതലാളിമാരുടെ സ്വകാര്യ സംഭാഷണമെന്ന രീതിയിലൊരു സി.ഡി. പ്രചരിപ്പിച്ച് രാഷ്ട്രീയ പ്രവർത്തകരെ തേജോവധം ചെയ്യാനുള്ള നടപടി ശരിയാണോയെന്ന് ഇവിടെ ഇത് അവതരിപ്പിച്ചവർ ആലോചിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ എനിക്കും പറയാനുള്ളത്. അതോടൊപ്പംതന്നെ വാർത്താ മാധ്യമങ്ങൾ ഇത്തരത്തിലുള്ള വാർത്തകൾ പ്രസിദ്ധീകരിക്കുമ്പോൾ വസ്തുതകളുടെ നിജസ്ഥിതി മനസ്സിലാക്കി മാത്രമേ പ്രസിദ്ധീകരിക്കാവൂ എന്നുള്ള അഭ്യർത്ഥനകൂടി എനിക്ക് വാർത്താ മാധ്യമങ്ങളുടെ മുന്നിൽ വയ്ക്കാനുണ്ട്. ഈ കാര്യം ഞാൻ ശക്തമായി നിഷേധിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ വൈദ്യുതി വകുപ്പും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പും കൈകാര്യം ചെയ്തിരുന്ന സമയത്ത് സമരത്തിന്റെ ഭാഗമായി ട്രെയിൻ പിക്കറ്റ് ചെയ്തതുമായി ബന്ധപ്പെട്ട് ഒറ്റപ്പാലം സി.ജെ.എം. കോടതി എന്നെയും സഖാവ് ചന്ദ്രനെയും രണ്ടരക്കൊല്ലത്തേയ്ക്ക് ശിക്ഷിച്ചു. ശിക്ഷിച്ച ദിവസം ഞാൻ സഭയിൽ വന്നില്ല. അടിയന്തരപ്രമേയത്തിന് ശ്രീ. വി. ഡി. സതീശൻ നോട്ടീസ് കൊടുക്കുന്ന സമയത്ത് ഞാൻ ഇവിടെ വന്നില്ല. തൊട്ടടുത്ത ദിവസം പാലക്കാട് സെഷൻസ് കോടതി എന്റെ പേരിലെടുത്ത കേസ്, സെന്റൻസും കൺവിക്ഷനും സസ്പെന്റ് ചെയ്തതിനുശേഷം മാത്രമാണ് ഞാൻ സഭയിൽ വന്നത്. ഇത് അഴിമതി കേസ്സാണ്. 43 ദിവസം ക്വിക്ക് വെരിഫിക്കേഷന്റെ ഭാഗമായി അന്വേഷണവും തെളിവെടുപ്പും നടത്തി ഡോക്യുമെന്ററി എവിഡൻസ് എടുത്ത് എഫ്.ഐ.ആർ. ഇട്ട കേസുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേസാണിത്. ഇത് അഴിമതിക്കേസാണ് മറ്റേത് ട്രെയിൻ പിക്കറ്റ് ചെയ്ത കേസാണ്. ഇത് രണ്ടും രണ്ടാണ്. അതിന് മറുപടി പറയുന്നതിന് പകരം ട്രെയിൻ പിക്കറ്റ് ചെയ്ത കേസിൽ എന്നെ ശിക്ഷിച്ചില്ലേയെന്ന് ഒരു മന്ത്രി പറയുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടപ്പോൾ അങ്ങ് രാജി വച്ചില്ല. അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ : സർ, അടിയന്തരപ്രമേയം കൊണ്ടുവന്ന ദിവസം ഞാൻ സഭയിൽ ഇരുന്നില്ല. ആ മര്യാദയാണ് ഞാൻ കാണിച്ചത്. അടുത്ത ദിവസം സെന്റൻസും കൺവിക്ഷനും സസ്പെന്റ് ചെയ്തതിനുശേഷമാണ് ഞാൻ സഭയിൽ വന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

[അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.]

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, കോഴ വാങ്ങിയ മാണി, കോഴപ്പണം എണ്ണാൻ സ്വന്തമായി യന്ത്രം വീട്ടിൽ സൂക്ഷിച്ചിരിക്കുന്ന മാണി, ബഡ്ജറ്റ് വിറ്റ് കാശാക്കുന്ന മാണി, ഇത്രയും കൊള്ളരുതായ്മകൾകൊണ്ട് മുഖം

വികൃതമായ ശ്രീ. കെ. എം. മാണിയെ ബഡ്ജറ്റ് അവതരിപ്പിക്കാൻ ഞങ്ങൾ സമ്മതിക്കുകയില്ല. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന, മാനാഭിമാനമുള്ളവർക്കാർക്കും അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിക്കുന്നത് അംഗീകരിക്കാനുമാവില്ല. ഈ നാടിന്റെ മാനം അപ്പാടെ വിറ്റുതുലച്ച് നാണക്കേടിന്റെ ഇരിക്കപ്പിണ്ഡമായ മാണിയെക്കൊണ്ടു തന്നെ ബഡ്ജറ്റ് അവതരിപ്പിക്കണമെന്ന് എന്താണ് മിസ്റ്റർ ഉമ്മൻ ചാണ്ടി നിങ്ങൾക്കിത്ര വാശി ; ഇത് മാണിയെ രക്ഷിക്കാനാണോ അതോ പത്മവ്യൂഹത്തിൽ കുരുക്കിയിടാനാണോ ? മാണി ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ലെന്ന് അപ്പുറത്തിരിക്കുന്ന പലരും അടക്കം പറയുന്നില്ലേ,.. അടക്കം പറയുന്നില്ലേ.... അല്ലെങ്കിൽ മിസ്റ്റർ പി. സി. ജോർജിനോട് ചോദിച്ചുനോക്കൂ. സത്യം പറയുന്ന മിസ്റ്റർ ജോർജ് തന്നെ പറയട്ടെ. ശ്രീ. ഉമ്മൻ ചാണ്ടി യു.ഡി.എഫ്. എം.എൽ.എ.-മാരോട് രഹസ്യമായി ഒന്ന് ചോദിക്കൂ. ഇപ്പോൾത്തന്നെ പല കോൺഗ്രസ് എം.എൽ.എ.-മാരും മാണി കാട്ടിയ വേണ്ടാതീനങ്ങളെ ഞങ്ങളെന്തിന് ന്യായീകരിക്കണമെന്ന് പറയുന്നുണ്ട്. മാണി ബഡ്ജറ്റ് അവതരിപ്പിക്കാൻ നിയമസഭയിലേക്ക് വന്നാൽ സംഗതിയാകെ പ്രശ്നമാകും. അതുണ്ടാക്കുന്ന എല്ലാ പ്രത്യാഘാതങ്ങൾക്കും ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. കെ. എം. മാണിയും ശ്രീ. രമേശ് ചെന്നിത്തലയുമായിരിക്കും ഉത്തരവാദികൾ. ബഡ്ജറ്റ് ദിനം കേരള ചരിത്രത്തിലെ പങ്കിലദിനമാകാതിരിക്കാൻ ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഇനിയും സമയമുണ്ട്. ശാന്തമായി ആലോചിച്ചുനോക്കി തീരുമാനിക്കൂ. ശ്രീ. മാണിതന്നെ ഇവിടെ പറഞ്ഞതുപോലെ അന്തിക്രിസ്തു ആവേശിച്ചിരിക്കുന്നതുകൊണ്ട് അദ്ദേഹം വല്ലാത്ത മാനസിക വിക്ഷോഭത്തിലാണ്. അദ്ദേഹത്തിന്റെ മുഖത്ത് ചോരയോട്ടം നിലച്ചിരിക്കുകയാണ്, നോക്കണം. അദ്ദേഹത്തിന്റെ പേശികൾതന്നെ വലിഞ്ഞു മുറുകുകയാണ്,... വലിഞ്ഞു മുറുകുകയാണ്.... ഹൃദയമിടിപ്പിന് തമ്പേറിന്റെ മുഴക്കമാണ്, തമ്പേറിന്റെ മുഴക്കം. ഹോ.... എന്തൊരു പരീക്ഷണമാണ്, എന്തിനാണ് മാണിയെ ഇങ്ങനെ കുരിശില്ലാത്ത കുരിശിലേറ്റുന്നത്? കുരിശില്ലാത്ത കുരിശിലേറ്റുന്നത്? മാണി ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ലെന്ന് എന്തെങ്കിലും രാഷ്ട്രീയവിരോധംകൊണ്ട് ഞങ്ങൾ പറയുന്നതല്ല. ധനകാര്യ വകുപ്പുമന്ത്രി പദവി ദുരുപയോഗം ചെയ്ത് കോഴ വാങ്ങുകയും ബഡ്ജറ്റ് നിർദ്ദേശംതന്നെ മുൻകൂറായി ബിസിനസ്സുകാർക്ക് ചോർത്തിനൽകി അവരെ ഭീഷണിപ്പെടുത്തി കാശ് വാങ്ങുകയും ചെയ്തയാളാണെന്ന ആരോപണത്തിന് വിധേയനാകുകയും അങ്ങനെയുള്ള കേസിൽ വിജിലൻസ് അന്വേഷണം നേരിടുകയും ചെയ്യുന്നവെന്നുള്ളതുകൊണ്ടാണ് മാണി ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ലെന്ന് ഞങ്ങൾ ശഠിക്കുന്നത്.

മാണി എന്ന മന്ത്രി സത്യപ്രതിജ്ഞ ചെയ്തപ്പോൾ എന്താണ് പറഞ്ഞിട്ടുള്ളത്. ഞാൻ ഇവിടെ അത് ഉദ്ധരിക്കാം,

'ഞാൻ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് നിർവ്യാജം വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ കേരള സംസ്ഥാനത്തെ ഒരു മന്ത്രി എന്ന നിലയിലുള്ള എന്റെ കർത്തവ്യങ്ങൾ വിശ്വസ്തതയോടും മനഃസാക്ഷിയെ മുൻനിർത്തിയും നിർവ്വഹിക്കുമെന്നും ഭരണഘടനയും നിയമവും അനുസരിച്ച് ഭീതിയോ പക്ഷപാതമോ പ്രീതിയോ വിദ്വേഷമോ കൂടാതെ എല്ലാതരത്തിലുമുള്ള ജനങ്ങൾക്കും നീതി ചെയ്യുമെന്നും ദൈവത്തിന്റെ നാമധേയത്തിൽ ഞാൻ സത്യം ചെയ്യുന്നു.'

ഞാൻ മിസ്റ്റർ മാണിയോടും മിസ്റ്റർ ഉമ്മൻ ചാണ്ടിയോടും ചോദിക്കുകയാണ്, ഈ സത്യപ്രതിജ്ഞാ വാചകത്തിലെ ഏതെങ്കിലുമൊരു വാചകത്തോട് മാണി ലവലേശമെങ്കിലും നീതി പുലർത്തിയിട്ടുണ്ടോ ; മാണിക്കോ ഉമ്മൻ ചാണ്ടിക്കോ ചങ്കിൽ കൈവച്ചുകൊണ്ട് പറയാമോ, ഞാൻ ചോദിക്കുകയാണ്. കോഴ ചോദിച്ചുവാങ്ങുന്നതും ബഡ്ജറ്റ് വിറ്റ് കാശാക്കുന്നതും കോഴപ്പണം എണ്ണാൻ യന്ത്രം വാങ്ങി വീട്ടിൽ സൂക്ഷിക്കുകയും ചെയ്യുന്നത് മന്ത്രി എന്ന നിലയിൽ കർത്തവ്യങ്ങൾ വിശ്വസ്തതയോടും മനഃസാക്ഷിയെ മുൻനിർത്തിയും നിർവ്വഹിക്കുന്നതാണോ, പറയണം മിസ്റ്റർ മാണീ, പറയണം. പറയണം മിസ്റ്റർ ഉമ്മൻ ചാണ്ടീ. ഈ കൊള്ളരുതായ്മകൾ കാട്ടിയ ശ്രീ. മാണി ഭീതിയോ പക്ഷപാതമോ പ്രീതിയോ വിദ്വേഷമോ കൂടാതെയാണോ മന്ത്രിപ്പണി ചെയ്തിട്ടുള്ളത്. സ്വന്തക്കാർക്കും ഇഷ്ടക്കാർക്കും കൈക്കൂലി നൽകിയവർക്കുംവേണ്ടി ഭരണഘടന വിഭാവനം ചെയ്യുന്ന ബഡ്ജറ്റ് ചോർത്തിക്കൊടുത്തിട്ടില്ലേ ? ഇത്തരക്കാരോട് പ്രീതി കാട്ടുകയല്ലേ ശ്രീ. മാണി ചെയ്തത്. ഇങ്ങനെയൊന്നും ചെയ്യാൻ പാടില്ലെന്നല്ലേ ബഹുമാനപ്പെട്ട മന്ത്രി ചൊല്ലിയ സത്യപ്രതിജ്ഞയിൽ പറയുന്നത്. ഇങ്ങനെ ചെയ്യുകവഴി സത്യപ്രതിജ്ഞപോലും ലംഘിക്കുന്ന സമീപനമല്ലേ ശ്രീ. മാണി സ്വീകരിച്ചിട്ടുള്ളത്. എന്താണ് ഇതിന്റെ അർത്ഥം. ഈവക വൃത്തികേടുകൾ ചെയ്യുകവഴി മിസ്റ്റർ മാണി സത്യപ്രതിജ്ഞാ ലംഘനമല്ലേ നടത്തിയിരിക്കുന്നത്. ഒരു മന്ത്രി സത്യപ്രതിജ്ഞാ ലംഘനം നടത്തിയാൽ എന്ത് ചെയ്യണം. അത്തരം മന്ത്രിയെ കഴുത്തിനുപിടിച്ച് പുറത്താക്കേണ്ട ബാധ്യത ആർക്കാണ്, മിസ്റ്റർ ഉമ്മൻ ചാണ്ടിയോട് ഞങ്ങൾ ചോദിക്കുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടിക്ക് ശ്രീ. മാണിയെ

എങ്ങനെ പുറത്താക്കാൻ കഴിയും. പെരുമന്തൻ ഉണ്ണിമന്തനെ ഊശിയാക്കുന്നതു പോലെയല്ലേ ശ്രീ. ഉമ്മൻ ചാണ്ടി അഴിമതിയുടെ പേരിൽ ശ്രീ. മാണിയെ തിരുത്താൻ ശ്രമിക്കുന്നത്. പെരുമന്തൻ ഉണ്ണിമന്തനെ ശാസിക്കുന്നു. അതുപോലെ ശ്രീ. ഉമ്മൻ ചാണ്ടി തന്നെ അഴിമതിയുടെ ചെളിക്കുണ്ടിൽ വീണ് കൈയും കാലുമിട്ടടിക്കുകയല്ലേ ? ശ്രീ. മാണിയോട് അഴിമതി ചോദിക്കാൻ ശ്രീ. ഉമ്മൻ ചാണ്ടി ചെന്നാൽ ആദ്യം തന്നെ തന്റെ ശരീരത്തിൽ കട്ടപിടിച്ചിരിക്കുന്ന അഴിമതിയുടെ കറയെല്ലാം കഴുകിക്കളഞ്ഞിട്ട് എന്റെ അഴിമതിയെപ്പറ്റി പറയുകയാണ് ഭേദമെന്ന് ശ്രീ. മാണി ശ്രീ. ഉമ്മൻ ചാണ്ടിയുടെ മുഖത്തുനോക്കി പറയും. ശ്രീ. ഉമ്മൻ ചാണ്ടിയാണെങ്കിൽ തന്റെ ശരീരത്തിൽ പറ്റിപിടിച്ചിരിക്കുന്ന അഴിമതി ഒരു കാലത്തും കഴുകിക്കളയാൻ കഴിയാത്തതുകൊണ്ട്.......... ഇങ്ങനെയുള്ള ശ്രീ. മാണി ബഡ്ജറ്റ് അവതരിപ്പിക്കുന്നത് കേരളത്തിന് മാത്രമല്ല ഇന്ത്യയുടെ തന്നെ പാർലമെന്ററി ചരിത്രത്തിൽ കളങ്കപൂരിതമാണ്, കളങ്കപൂരിതമായിരിക്കുമെന്നാണ് ഞങ്ങൾ പറയുന്നത്. സാക്ഷര സുന്ദര കേരളത്തിന്റെ നെറുകയിൽ ഇത്തരമൊരു കളങ്കം കെട്ടിവയ്ക്കണമോ ? അതുകൊണ്ടാണ് മിസ്റ്റർ മാണി ഒരു കാരണവശാലും ബഡ്ജറ്റ് അവതിരിപ്പിച്ചുകൂടായെന്ന് ഞങ്ങൾ ആവർത്തിച്ച പറയുന്നത്. ശ്രീ. ഉമ്മൻ ചാണ്ടീ, സർക്കാരിന്റെ കൊള്ളരുതായ്മകളെ കുറിച്ച് ഇന്നലെയും പുത്തൻ വെളിച്ചം വന്നില്ലേ ? ചില സുന്ദര കോമളൻമാരായ മന്ത്രിമാർക്ക്......... അപ്പുറത്ത് ദാ തലകുമ്പിട്ടിരിക്കുകയാണ്. എന്താണ് കാര്യം ? കോഴ, ബാർ കോഴ, കോടികളുടെ കോഴ. അങ്ങേക്കുപോലും നാണം തോന്നുന്നില്ലേ ? ഒന്നു പറഞ്ഞുകൊടുക്കണം, സാർ ഇത് വൃത്തികേടാണ്, ലജ്ജാകരമാണ്. കേരളത്തെ മുഴുവൻ നാണം കെടുത്തുന്നതാണ്. എന്ത് കഷ്ടമാണ് ? മന്ത്രിമാർ ഓരോരുത്തരും ഞാൻ മുൻപ് ഞാൻ മുൻപ് എന്ന ഭാവത്തിൽ കോഴ വാങ്ങുകയല്ലേ. കേരള മന്ത്രിസഭയുടെ ചരിത്രം പറയുമ്പോൾ ഇ.എം.എസ്. മന്ത്രിസഭ, അച്യുതമേനോൻ മന്ത്രിസഭ എന്നൊക്കെ പറയുമായിരുന്നു. ഇനിയിപ്പോൾ യു.ഡി.എഫ്. മന്ത്രിസഭയുടെ കാര്യം പറയാൻ കോഴ മന്ത്രിസഭ, കോഴ മന്ത്രിസഭ എന്നു പറഞ്ഞാൽ മതി. അങ്ങനെ പറഞ്ഞാൽ പി.എസ്.സി. പരീക്ഷ എഴുതുന്ന കുട്ടികൾക്കുപോലും അറിയാം ഇത് ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. മാണിയുടെയും മന്ത്രിസഭയാണെന്ന്. ഞാൻ വീണ്ടും ബൈബിൾ ഉദ്ധരിക്കുകയാണ്, നിങ്ങൾ ശ്രവിക്കണം. അനുദിന ജീവിത്തിലെ പ്രശ്നങ്ങൾ വിവേകപൂർവ്വം കൈകാര്യം ചെയ്യുന്നതിനും ജീവിതത്തിന്റെ വിവിധ തലങ്ങളിൽ ജ്ഞാനത്താൽ നയിക്കപ്പെടുന്നതിനും സഹായകമായ സൂക്തങ്ങളുടെ

സമാഹാരമാണ് സുഭാഷിതങ്ങൾ. സോളമന്റെ സുഭാഷിതങ്ങളിലെ ആറാം ഖണ്ഡികയിൽ 12 മുതൽ 19 വരെയുള്ള സൂക്തങ്ങൾ ഇങ്ങനെ പറയുന്നു" ദുർഗുണനായ ദുഷ്ടൻ കുടില സംസാരവുമായി ചുറ്റിനടക്കുന്നു. അവൻ കണ്ണുകൊണ്ടും അടയാളം കാട്ടും അതുപോലെ കാലുകൊണ്ട് തോണ്ടും അവൻ വിരൽ കൊണ്ട് ചൂണ്ടും അവൻ തുടർച്ചയായി അനൈക്യം വിതച്ചുകൊണ്ട് വഴിപിഴച്ച ഹൃദയത്തോടെ തിൻമയ്ക്ക് കളമൊരുക്കുന്നു. തൻമൂലം പെട്ടെന്ന് അവന്റെമേൽ അത്യാഹിതം നിപതിക്കുന്നു. നിമിഷത്തിനുള്ളിൽ അവൻ പ്രതിവിധിയില്ലാത്ത വിധം തകർന്നുപോകും. ഗർവ് കലർന്ന കണ്ണ്, വ്യാജം പറയുന്ന നാവ്, നിഷ്കളങ്കമായ രക്തം ചൊരിയുന്ന കൈ, ദുഷ്കൃത്യങ്ങൾ നിനയ്ക്കുന്ന ഹൃദയം, തിൻമയിലേക്ക് പായുന്ന പാദങ്ങൾ, അസത്യം പറഞ്ഞുകൂട്ടുന്ന കള്ളസാക്ഷി, സഹോദരൻമാർക്കിടയിൽ ഭിന്നത വിതയ്ക്കുന്നവൻ" ബൈബിളിലെ സോളമന്റെ ഈ ജ്ഞാനസൂക്തം മിസ്റ്റർ മാണി ഒന്നുകൂടി മനസ്സിരുത്തി വായിച്ചാൽ അദ്ദേഹം ഈ ദുഷ്ചെയ്തികളിൽ നിന്നെല്ലാം ഒഴിഞ്ഞുനിൽക്കുമെന്ന് എനിക്ക് ഉറപ്പാണ്, ഒന്നുകൂടി വായിച്ചാൽ.... ഈ കോഴയെപ്പറ്റി പറഞ്ഞുപറഞ്ഞ് ഞങ്ങൾ ആകെ വിഷമിച്ചു. ഇനി ഞാൻ കൂടുതലൊന്നും പറയുന്നില്ല. ബഡ്ജറ്റ് വിറ്റ് കാശാക്കുകയും കാശുകൊണ്ട് മദിച്ചുനടക്കുകയും കേരള ജനതയുടെ ആത്മാഭിമാനത്തിന്റെ തിരുമുറ്റത്ത് കാർക്കിച്ചുതുപ്പുകയും ചെയ്തിരിക്കുകയാണ് മിസ്റ്റർ മാണി. അങ്ങനെയുള്ള ശ്രീ. മാണി ബഡ്ജറ്റ് അവതരിപ്പിക്കുന്നത് കേരളീയരുടെ ആത്മാഭിമാന ബോധത്തിൻമേലുള്ള ബലാൽക്കാരമാണ്. അത് ഞങ്ങൾ അനുവദിക്കില്ല. നിങ്ങൾ അത് ചെയ്യരുത്, നിങ്ങളെക്കൊണ്ട് ചെയ്യിക്കാൻ ഞങ്ങൾ അനുവദിക്കുകയില്ല. ഇക്കാര്യങ്ങൾ ചർച്ച ചെയ്യാനാണ് പ്രതിപക്ഷം അടിയന്തര പ്രമേയം അവതരിപ്പിച്ചത്. പക്ഷെ ആ പ്രമേയം ചർച്ച ചെയ്താൽ പലരുടെയും മുഖംമൂടികൾ അഴിഞ്ഞുവീഴുകയും മുഖം വികൃതമാവുകയും ചെയ്യും. അതുകൊണ്ടാണല്ലോ നിങ്ങൾ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചത്. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും മാത്രമല്ല പ്രതിപക്ഷമാകെതന്നെ വാക്കൗട്ട് ചെയ്യുകയല്ല, ഞങ്ങൾ ഇവിടെ കുത്തിയിരിക്കുകയാണ്.

'പ്രതിപക്ഷം ഒന്നടങ്കം ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുന്നതിൽ പ്രതിഷേധിച്ച് മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭയുടെ നടുത്തളത്തിൽ കുത്തിയിരുന്നു.'

'പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭ ഉച്ചയ്ക്ക് 12.19-ന് നിർത്തിവച്ചു.'

1.00 PM]

('പ്രതിപക്ഷ ബഹളത്തെത്തുടർന്ന് നിർത്തിവച്ച സഭ ഉച്ചയ്ക്കുശേഷം 1.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ചു. പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.')

മി. സ്പീക്കർ : പ്ലീസ്, പ്ലീസ്... നിയമസഭാ നടപടികൾ തുടർന്നുകൊണ്ടു പോകേണ്ടതുണ്ട്, ദയവായി സഹകരിക്കണം. അംഗങ്ങൾ സീറ്റിലേക്ക് പോകണം. ചെയർ ഒന്നുകൂടി അഭ്യർത്ഥിക്കുന്നു, ദയവായി സീറ്റുകളിലേയ്ക്ക് പോകണം. പ്ലീസ്.... ചെയറിന് നിയമസഭാ നടപടികളിലേക്ക് പ്രവേശിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ ശ്രദ്ധക്ഷണിക്കലുകളും സബ്മിഷനുകളും റദ്ദാക്കുന്നു. സബ്മിഷനുകളുടെ മറുപടി ബഹുമാനപ്പെട്ട മന്ത്രിമാർ അംഗങ്ങൾക്ക് രേഖാമൂലം കൊടുക്കേണ്ടതാണ്.

## IV മേശപ്പുറത്തു വച്ച കടലാസ്സുകൾ

(1) ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 2014-ലെ ഇക്കണോമിക് റിവ്യൂ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(2) ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1133 പത്താം സമ്മേളനത്തിലെ 2888, 4379, 4394 പതിനൊന്നാം സമ്മേളനത്തിലെ 963, 1046, 1048, 1049, 1055, 1059, 1060, 2648, 2650, 2710, 2713, 2720, 4296, 4355 പന്ത്രണ്ടാം സമ്മേളനത്തിലെ 1147 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1263, 1264 എട്ടാം സമ്മേളനത്തിലെ 2868 ഒമ്പതാം സമ്മേളനത്തിലെ 4400 പത്താം സമ്മേളനത്തിലെ 4460 പതിനൊന്നാം സമ്മേളനത്തിലെ 1124, 1158, 2798,

2821, 7135 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 3142, 3148 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 5796 പന്ത്രണ്ടാം സമ്മേളനത്തിലെ 3277 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## V റിപ്പോർട്ട് സമർപ്പണം

### 'വനത്തിനുള്ളിലും സമീപപ്രദേശങ്ങളിലും അധിവസിക്കുന്നവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(1) വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 'വനത്തിനുള്ളിലും സമീപപ്രദേശങ്ങളിലും അധിവസിക്കുന്നവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

### ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പതാമതും മുപ്പത്തി ഒന്നാമതും റിപ്പോർട്ടുകൾ

(2) ശ്രീ. വർക്കല കഹാർ : സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016) യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പതും മുപ്പത്തി ഒന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട്

(3) ശ്രീ. സി. പി. മുഹമ്മദ് : സർ, പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VI ധനകാര്യം

## 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,28,21,000 രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,94,27,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,37,16,000 രൂപയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 44,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 80,43,32,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,14,00,000 രൂപയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,59,15,000 രൂപയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 211,70,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 79,84,31,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 41,58,19,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,25,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 28,07,32,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 522,35,14,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 231,08,37,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 73,40,03,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 48,56,57,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,03,31,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,54,17,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 122,43,91,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,34,03,000 രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 93,10,28,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 47,61,81,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

20,00,00,000 രൂപയുടെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 622,93,95,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,68,11,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,25,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,28,21,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,94,27,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,37,16,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 44,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 80,43,32,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,14,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,59,15,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 211,70,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 79,84,31,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 41,58,19,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,25,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 28,07,32,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 522,35,14,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 231,08,37,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 73,40,03,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 48,56,57,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,03,31,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,54,17,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 122,43,91,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,34,03,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 93,10,28,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 47,61,81,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 622,93,95,000 രൂപയുടെ ഉപധനാഭ്യർത്ഥന

അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,68,11,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,25,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,53,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1633,59,77,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,52,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,85,10,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 മാർച്ച് 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.21-ന് പിരിഞ്ഞു.)

## അനുബന്ധം

മേശപ്പുറത്തുവച്ച കടലാസ്സുകളിലുൾപ്പെട്ട ചട്ടം 47(2) അനുസരിച്ച് കാലതാമസപത്രികസഹിതം സമർപ്പിച്ച നിയമസഭാ ചോദ്യോത്തരങ്ങൾ

### സ്കൂളുകൾക്ക് എയ്ഡഡ് പദവി

1(1133) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂളുകൾക്ക് എയ്ഡഡ് പദവി ലഭിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ബി) എയ്ഡഡ് സ്കൂളുകളാക്കി ഉയർത്തുന്നതിന് എത്ര സ്കൂളുകളുടെ അപേക്ഷ ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും അവയുടെ മാനേജർമാർ ആരാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ മലബാർ മേഖലയിലെ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുവാൻ ആലോചിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ശിപാർശ ചെയ്തിട്ടുള്ള പ്രസ്തുത സ്കൂളുകൾ എത്രയെണ്ണമാണെന്നും അവയുടെ മാനേജർമാർ ആരാണെന്നും അവ എപ്പോഴാണ് സ്ഥാപിതമായതെന്നും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് സർക്കാർ ശമ്പളവും ആനുകൂല്യങ്ങളും നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർക്കുമാത്രം സർക്കാർ ശമ്പളം നൽകുവാനും എയ്ഡഡ് പദവി നൽകുവാനും ശിപാർശ ചെയ്യുവാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്കൂളുകൾക്ക് എയ്ഡഡ് പദവി ലഭിക്കുന്നതിന് സർക്കാർ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എയ്ഡഡ് സ്കൂളുകളാക്കി ഉയർത്തുന്നതിന് ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി-എഫ്) സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ഏരിയ ഇൻസന്റീവ് പദ്ധതി പ്രകാരം 33 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. ടി ജീവനക്കാർക്ക് കെ.ഇ.ആർ ബാധകമാക്കി 1-2-2006 മുതൽ അടിസ്ഥാന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

**റാന്നി താലൂക്കിൽ പുതിയ വിദ്യാഭ്യാസ ജില്ല**

2(2888) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ സർക്കാർ/എയ്ഡഡ് മേഖലയിലെ എൽ.പി/ യു.പി./ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂൾ എത്ര വീതമാണുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിൽ റാന്നി താലൂക്കിലുൾപ്പെടുന്ന സ്കൂളുകളുടെ എണ്ണം എത്ര ;

(ബി) പത്തനംതിട്ട ജില്ലയിൽ എത്ര വിദ്യാഭ്യാസ ജില്ലകളാണുള്ളത് ; അവ ഏതൊക്കെ ; ഓരോ വിദ്യാഭ്യാസ ജില്ലയിലും ഉൾപ്പെടുന്ന എൽ.പി./യു.പി./ ഹൈസ്കൂളുകളുടെ എണ്ണം എത്ര ; ഓരോ വിദ്യാഭ്യാസ ജില്ലയിലും റാന്നി താലൂക്കിലുൾപ്പെടുന്ന എത്ര വീതം സ്കൂളുകളാണുള്ളത് ;

(സി) ജില്ലയിൽ രണ്ട് വിദ്യാഭ്യാസ ജില്ല മാത്രമുള്ളതുമൂലം സ്കൂൾ അധികൃതരും ജീവനക്കാരും ഒരേപോലെ കഷ്ടത അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജീവനക്കാരുടെ അമിത ജോലിഭാരം പരിഗണിച്ചും സ്കൂൾ അധികൃതരുടെ സൗകര്യം പരിഗണിച്ചും റാന്നി താലൂക്കിലെ സ്കൂളുകളെല്ലാം കൂട്ടിച്ചേർത്ത് ഒരു പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ എണ്ണം ഹയർ സെക്കണ്ടറി സ്കൂളുകൾ ഒഴികെ അനുബന്ധം-I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളുടെ വിശദാംശം അനുബന്ധം- III ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) പത്തനംതിട്ട ജില്ലയിൽ രണ്ടു വിദ്യാഭ്യാസ ജില്ലകളാണുള്ളത്. അവ പത്തനംതിട്ട, തിരുവല്ല എന്നിവയാണ്. ഓരോന്നിലുമുള്ള സ്കൂളുകളുടെ എണ്ണം അനുബന്ധം-II ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) റാന്നി താലൂക്കിൽ പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അദ്ധ്യാപക എലിജിബിലിറ്റി ടെസ്റ്റ്

3(4379) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ യു.പി.എസ്.എ., എച്ച്.എസ്.എ. തുടങ്ങിയ അദ്ധ്യാപക തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിന് എലിജിബിലിറ്റി ടെസ്റ്റ് പാസാകണമെന്ന ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(ബി) ഈ പരീക്ഷ നടത്തുന്നത് ഏത് സ്ഥാപനമാണ് ;

(സി) നാളിതുവരെ എത്ര പേർ ഓരോ വർഷവും ഈ ടെസ്റ്റ് പാസ്സായി എന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-10-2011-ലെ സ.ഉ(പി) നമ്പർ 199/11/പൊ.വി.വ. ഉത്തരവുപ്രകാരം സംസ്ഥാനത്തിലെ എൽ.പി/യു.പി/എച്ച്.എസ്. വിഭാഗങ്ങളിലെ അദ്ധ്യാപകർക്ക് ടെസ്റ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) പരീക്ഷാഭവൻ.

(സി)

| വർഷം | കാറ്റഗറി | വിജയിച്ചവർ |
|---|---|---|
| 2012 | I | 3946 |
| | II | 2447 |
| | III | 1607 |
| 2013 | I | 2347 |
| | II | 1940 |
| | III | 3375 |
| | IV | 485 |

## എ.ഐ.പി.സ്കൂൾ അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ

(4394) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന 33 എ.ഐ.പി. സ്കൂളുകളിൽ നിലവിൽ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എ.ഐ.പി. സ്കൂളുകളിൽ അദ്ധ്യാപക നിയമനം നടന്നിട്ടുണ്ടോ; എങ്കിൽ എത്ര അദ്ധ്യാപകരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ ; നിയമനം നടത്തിയതാര്, നിയമന രീതി എന്നിവ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ 28 എ.ഐ.പി. സ്കൂളുകളിലായി 169 അദ്ധ്യാപകരാണ് ജോലി ചെയ്യുന്നത്. ഹയർ സെക്കണ്ടറി ഡയറക്ടറുടെ കീഴിൽ 5 സ്കൂളുകളിലായി 43 അദ്ധ്യാപകരും ജോലിചെയ്യുന്നു.

(ബി) ഏരിയ ഇന്റൻസീവ് സ്കൂളുകളിലെ ജീവനക്കാർക്ക് 16-1-2003 മുതൽ മുൻകാല പ്രാബല്യത്തോടെ കെ.ഇ.ആറും കെ.എസ്.ആറും ബാധകമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് (എം. എസ്.) നമ്പർ 93/2013/ പൊ.വി. തീയതി 14-3-2013 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രൈമറി അദ്ധ്യാപകർക്ക് KER/KSR പ്രകാരം നൽകുന്ന എല്ലാ സേവന-വേതന വ്യവസ്ഥകളും ഇവർക്കും ബാധകമാക്കിയിട്ടുണ്ട്.

(സി) 12 അദ്ധ്യാപകരുടെ നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള സ്കൂളുകളിലും ഹയർ സെക്കണ്ടറി ഡയറക്ടറുടെ കീഴിലുള്ള 5 സ്കൂളുകളിലായി 16 അദ്ധ്യാപകരുടെ നിയമനവും നടന്നിട്ടുണ്ട്. സ്കൂൾ മാനേജർമാരാണ് നിയമനം നടത്തിയത്. അംഗീകൃത തസ്തികകളിൽ വന്ന ഒഴിവുകളിൽ KER-ലെ അധ്യായം 32-ലെ വ്യവസ്ഥകൾ പ്രകാരമാണ് നിയമനം നടത്തുന്നത്.

## സീമാറ്റ്-ഡയറ്റ് പഠന റിപ്പോർട്ട്

5(963) ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാഭ്യാസ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (സീമാറ്റ്) ഡയറ്റുമായി ചേർന്ന് തയ്യാറാക്കിയ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പുതിയ പാഠ്യപദ്ധതിയിൽ സർക്കാർ ഉപേക്ഷിച്ച പ്രശ്നാധിഷ്ഠിത ബോധന രീതിയെ പ്രസ്തുത റിപ്പോർട്ട് അനുകൂലിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത രീതി അംഗീകരിച്ച് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

### ഉത്തരം

(എ) ഉണ്ട്. സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (സീമാറ്റ് കേരള)-ന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ഡയറ്റുകൾ നടത്തിയ ഗവേഷണ റിപ്പോർട്ടുകളുടെ സമാഹാരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പുതിയ പാഠ്യപദ്ധതിയിൽ പ്രൈമറി സ്കൂളുമായി ബന്ധപ്പെട്ട പ്രശ്നാധിഷ്ഠിത ബോധനരീതിയെക്കുറിച്ച് തൃശ്ശൂർ ഡയറ്റ് നടത്തിയ ഗവേഷണ പഠന റിപ്പോർട്ടിൽ ഈ ബോധനരീതി പ്രൈമറിതലത്തിൽ നടപ്പാക്കുന്നതിന് ഏഴ് വിധത്തിലുള്ള പ്രതിബന്ധങ്ങളെ ചൂണ്ടിക്കാണിക്കുന്നു. പ്രസ്തുത പ്രതിബന്ധങ്ങളെ തരണം ചെയ്തു മാത്രമേ ഈ ബോധനരീതി വഴി വിദ്യാർത്ഥികളിൽ പോസിറ്റീവായ മൂല്യങ്ങളെ വികസിപ്പിച്ചെടുക്കാൻ സാധിക്കുകയുള്ളൂ.

## ഹയർ സെക്കണ്ടറി സ്കൂളുകളിലെ റഷ്യൻ ഭാഷാധ്യാപകരുടെ നിയമനം

6(1046) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര സ്കൂളുകളിലാണ് റഷ്യൻ ഭാഷ പഠിപ്പിക്കുന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ എത്ര അദ്ധ്യാപകരുടെ തസ്തികകളാണ് ഉള്ളത്; ഇതിൽ എത്ര തസ്തികകൾക്കാണ് അനുമതി ഉള്ളത്;

(സി) പ്രസ്തുത തസ്തികകളിൽ നിലവിലുള്ള അദ്ധ്യാപകർ പി.എസ്.സി. വഴി നിയമനം ലഭിച്ചവരാണോയെന്ന് വ്യക്തമാക്കാമോ ;

(ഡി) തിരുവനന്തപുരം വെള്ളനാട് ഹയർ സെക്കണ്ടറി സ്കൂളിൽ റഷ്യൻ ഭാഷ പഠിപ്പിക്കുന്ന അദ്ധ്യാപിക എത്ര നാളായി പ്രസ്തുത സ്കൂളിൽ സേവനം നടത്തുന്നു ; അദ്ധ്യാപിക ദിസവവേതനാടിസ്ഥാനത്തിലാണോ സേവനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) റഷ്യൻ ഭാഷാദ്ധ്യാപകരുടെ തസ്തികകളിലേക്ക് അവസാനമായി പി.എസ്.സി. വിജ്ഞാപനം നടത്തിയിട്ടുള്ളത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) വെള്ളനാട് ഹയർ സെക്കണ്ടറി സ്കൂളിൽ വർഷങ്ങളായി സേവനം നടത്തുന്ന അദ്ധ്യാപികയ്ക്ക് പി.എസ്.സി. വഴിയുള്ള നിയമനത്തിനായി അപേക്ഷിക്കുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത അദ്ധ്യാപികയ്ക്ക് സ്ഥിരനിയമനം നൽകാനുള്ള തീരുമാനം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ ;

(ജി) അല്ലെങ്കിൽ പി.എസ്.സി. വഴി പ്രസ്തുത തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(എച്ച്) പ്രസ്തുത തസ്തികയ്ക്ക് അപേക്ഷിക്കാൻ പി.എസ്.സി. നിർദ്ദേശിച്ചിരിക്കുന്ന വയസ്സ് കഴിഞ്ഞവർക്ക് പരിഗണന നൽകുമോ ?

<u>ഉത്തരം</u>

(എ) 4 (നാല്).

(ബി) 4, നാലെണ്ണത്തിനും അനുമതിയുണ്ട്.

(സി) 3 പേർ പി.എസ്.സി. വഴി നിയമനം ലഭിച്ചവരാണ്.

(ഡി) ദിവസവേതനാടിസ്ഥാനത്തിൽ 2000 നവംബർ മാസം 14-ാം തീയതി മുതൽ 14 വർഷമായി ഷൈല. എസ് എന്ന അദ്ധ്യാപിക വെള്ളനാട് ഹയർ സെക്കണ്ടറി സ്കൂളിൽ റഷ്യൻ ഭാഷ പഠിപ്പിക്കുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ദിവസവേതനാടിസ്ഥാനത്തിൽ പഠിപ്പിക്കുന്ന പ്രസ്തുത അദ്ധ്യാപികയ്ക്ക് സ്ഥിരനിയമനം നൽകാൻ കഴിയില്ല.

(ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) പരിഗണനയിലില്ല.

## 2013-14 അദ്ധ്യയന വർഷം ഒഴിഞ്ഞുകിടന്ന പ്ലസ് വൺ സീറ്റുകൾ

7(1048) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 അദ്ധ്യയന വർഷം സംസ്ഥാനത്ത് ഹയർ സെക്കണ്ടറിയിൽ എത്ര അധിക ബാച്ചുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ; ഇത് ഏതെല്ലാം സ്കൂളിലാണ് അനുവദിച്ചത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് 2013-14 അദ്ധ്യയന വർഷം എത്ര പ്ലസ് വൺ സീറ്റുകളിൽ പ്രവേശനം നൽകാതെ ഒഴിഞ്ഞുകിടന്നിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഒഴിഞ്ഞുകിടന്ന സീറ്റുകളുടെ എണ്ണം സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് വിഭാഗങ്ങളിലായി ജില്ല തിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2013-2014 അദ്ധ്യയന വർഷം സംസ്ഥാനത്ത് ഹയർ സെക്കന്ററി മേഖലയിൽ അധിക ബാച്ചുകൾ അനുവദിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് 2013-14 അദ്ധ്യയന വർഷം ആകെ 25,689 സീറ്റുകൾ ഒഴിഞ്ഞുകിടന്നു.

(സി) ഒഴിഞ്ഞുകിടന്ന സീറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പുതിയതായി അനുവദിച്ച പ്ലസ് ടു ബാച്ചുകൾ

8(1049) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനുവദിച്ച പുതിയ പ്ലസ് ടു ബാച്ചുകൾ എത്രയെന്ന് സർക്കാർ-എയ്ഡഡ്-അൺ എയിഡഡ് മേഖല തിരിച്ച് വിശദമാക്കുമോ ;

(ബി) 2011-ൽ അനുവദിച്ച ബാച്ചുകളിലെ അദ്ധ്യാപകരുടെ നിയമനം സ്ഥിരപ്പെടുത്തിയോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പുതിയ ബാച്ചിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ നൂറു വർഷത്തോളം പൂർത്തിയായ 'കുന്നം എച്ച്.എസ്.എസ് ', 'ചുനക്കര എച്ച്.എസ്.എസ്.' എന്നിവയുടെ സൗകര്യമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുമോ ; ആയതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(എഫ്) കുടശ്ശനാട് ഗവ. എസ്.വി.എച്ച്.എസ്.എസ്.-ന് ലാബിന്റെ പ്രവർത്തനത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഫണ്ട് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ അധ്യയന വർഷം ഇതുവരെ സംസ്ഥാനത്ത് അധികബാച്ചുകൾ അനുവദിച്ചിട്ടില്ല.

(ബി) 2011-2012-ൽ സർക്കാർ മേഖലയിൽ അനുവദിച്ച അധിക ബാച്ചുകളിലേയ്ക്കുള്ള തസ്തിക സൃഷ്ടിച്ചുകൊണ്ട് 5-8-2013-ലെ സ.ഉ. (കൈ.) നമ്പർ 226/13/പൊ.വി പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത തസ്തികകളിൽ സ്ഥിര നിയമനം നടന്നുവരികയാണ്.

(സി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ & എഫ്) വിവരം ശേഖരിച്ചുവരുന്നു.

**പ്ലസ് വൺ പ്രവേശനം**

9(1055) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ലെ എസ്.എസ്.എൽ.സി. പരീക്ഷാഫലം നേരത്തെ തന്നെ പ്രഖ്യാപിച്ചിട്ടും പ്ലസ് വൺ പ്രവേശനം ആരംഭിക്കുന്നതിന് കാലതാമസ മുണ്ടായതിനുള്ള കാരണം വിശദമാക്കാമോ ;

(ബി) ഏപ്രിൽ 16-ന് എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം വന്നിട്ടും പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നത് മേയ് അവസാന വാരത്തിലേക്ക് നീട്ടിയത് സി.ബി.എസ്.ഇ. ഫലപ്രഖ്യാപനം വരാൻ കാത്തിരുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷാ ഫീസ് ഈടാക്കുന്നുണ്ടോ; എത്ര തുകയാണ് അപേക്ഷാ ഫീസായി സ്വീകരിക്കുന്നത്; പ്രസ്തുത തീരുമാനം സാധാരണക്കാരായ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അധിക ബാച്ചുകൾ അനുവദിക്കാൻ വൈകുന്നത് വിദ്യാർത്ഥികൾക്ക് ഇഷ്ടപ്രകാരമുള്ള കോഴ്സും സ്കൂളും തെരഞ്ഞെടുക്കാനുള്ള അവകാശത്തെ എതിരായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) പ്ലസ് വൺ പ്രവേശന നടപടികളിൽ കാലതാമസം ഉണ്ടായിട്ടില്ല. ഏകജാലക സംവിധാനത്തിലൂടെയുള്ള പ്ലസ് വൺ പ്രവേശനത്തിനായുള്ള അപേക്ഷകൾ, അപേക്ഷകർക്ക് തന്നെ ഓൺലൈനായി സമർപ്പിd`dlനുള്ള സൗകര്യം 2014 മേയ് 26 മുതൽ ലഭ്യമാക്കുകയും ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തവർക്കായി അപേക്ഷ ഫാറവും പ്രോസ്പെക്ടസും പ്രിന്റ് ചെയ്ത് ജൂൺ ആദ്യവാരത്തോടെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷാ ഫീസ് ഈടാക്കുന്നുണ്ട്. 25 രൂപ യാണ് അപേക്ഷാ ഫീസായി ഈടാക്കുന്നത്. ഇത് സാധാരണക്കാരായ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്.

**ഹയർ സെക്കണ്ടറി പ്രവേശന നടപടികൾ**

10(1059) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. ഫലം പ്രസിദ്ധീകരിച്ച് എത്ര ദിവസങ്ങൾക്കുശേഷമാണ് ഹയർ സെക്കണ്ടറി പ്രവേശനത്തിനുള്ള നടപടികൾ ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) ഹയർ സെക്കണ്ടറി പ്രവേശന നടപടികൾ ആരംഭിക്കുന്നതിൽ കാലതാമസം വന്നതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഹയർ സെക്കണ്ടറി പ്രവേശന നടപടികൾ ആരംഭിക്കുന്നതിൽ വന്ന കാലതാമസം കാരണം എസ്.എസ്.എൽ.സി. ഫലം നേരത്തെ പ്രസിദ്ധീകരിച്ചതുമൂലം ലഭിക്കുമായിരുന്ന ഗുണം വിദ്യാർത്ഥികൾക്ക് നഷ്ടപ്പെട്ടതായ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതുമൂലം പ്ലസ് വൺ വിദ്യാർത്ഥികൾക്ക് നഷ്ടപ്പെടുന്ന അദ്ധ്യയന ദിവസങ്ങൾ നികത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. ഫലം പ്രസിദ്ധീകരിച്ച ഉടൻ ഹയർ സെക്കണ്ടറി പ്രവേശനത്തിനുള്ള നടപടികൾ ആരംഭിക്കുകയും 39 ദിവസങ്ങൾക്കുശേഷം അപേക്ഷ ഓൺലൈനായി സ്വീകരിച്ചു തുടങ്ങുകയും ചെയ്തു.

(ബി) കാലവിളംബം ഉണ്ടായിട്ടില്ല. ഏകജാലക സംവിധാനത്തിലൂടെയുള്ള പ്ലസ് വൺ പ്രവേശനത്തിനായുള്ള അപേക്ഷകൾ അപേക്ഷകർക്ക് തന്നെ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം 2014 മേയ് 26 മുതൽ ലഭ്യമാക്കുകയും ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തവർക്കായി അപേക്ഷ ഫാറവും പ്രോസ്പക്ടസും പ്രിന്റ് ചെയ്ത് ജൂൺ ആദ്യവാരത്തോടെ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പ്ലസ് വൺ വിദ്യാർത്ഥികൾക്ക് അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടാത്ത രീതിയിലാണ് ഈ വർഷത്തേയും പ്ലസ് വൺ പ്രവേശന നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

## എല്ലാ പഞ്ചായത്തിലും ഹയർ സെക്കണ്ടറി സ്കൂൾ

11(1060) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകൾ നിലവിലില്ലാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എല്ലാ പഞ്ചായത്തുകളിലും ഹയർ സെക്കണ്ടറി സ്കൂളുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇപ്പോൾ സംസ്ഥാനത്ത് പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കേണ്ടതില്ലെന്ന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്.

**സാധാരണക്കാരായ കുട്ടികൾക്ക് ഐ.ടി. പഠനം**

12(2648) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. പഠനം സാധാരണക്കാരായ കുട്ടികൾക്ക് ലഭിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ എയിഡഡ്/സർക്കാർ വിദ്യാലയങ്ങളിൽ ധാരാളം കമ്പ്യൂട്ടറുകളുടെ നിസ്സാരമായ തകരാറുകൾ കാരണം കുട്ടികളുടെ ഐ.ടി. പഠനം മുടങ്ങുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തകരാറിലായ കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്യുന്നതിന് അടിയന്തര നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിൽ മുഴുവൻ സ്കൂളുകളും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമായ കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഐ.ടി. പഠനം സൗജന്യമായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തകരാറിലായ കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്യുന്നതിന് അടിയന്തര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ മുഴുവൻ സർക്കാർ ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഐസിടി സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള എയ്ഡഡ് സ്കൂളുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമായ കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്.

## ആർ.എം.എസ്.എ. സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തസ്തിക

13(2650) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) സ്കൂളുകളിൽ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും എണ്ണം പരിമിതപ്പെടുത്തിക്കൊണ്ട് ആർ.എം.എസ്.എ. ഡയറക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) അഞ്ച് അദ്ധ്യാപകർ, ഒരു പ്രധാനാദ്ധ്യാപകൻ, ഒരു ഓഫീസ് സ്റ്റാഫ് ഇവ മാത്രമേ അനുവദിക്കൂ എന്ന നിർദ്ദേശം ഇത്തരം സ്കൂളുകളിൽ ബുദ്ധിമുട്ടുണ്ടാക്കി യതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ ആരംഭിച്ച മിക്ക സ്കൂളുകളിലും കുട്ടികളുടെ എണ്ണം വളരെ കൂടുതലായതിനാൽ കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചുള്ള തസ്തിക അനുവദിക്കാത്തത് ക്ലാസ് കൈകാര്യം ചെയ്യുന്നതിന് ബുദ്ധുമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചുള്ള തസ്തിക അനുവദിച്ച് ഇത്തരം സ്കൂളുകളിലെ പഠനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

### ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്ത യു.പി. സ്കൂളുകളിൽ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും എണ്ണം നിശ്ചയിക്കുന്നത് മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നോംസ് അനുസരിച്ചാണ്.

(ബി) ഉണ്ട്.

(സി&ഡി) ഉണ്ട്. മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നോംസിനുപരിയായി

വേണ്ട തസ്തികകളിൽ സംസ്ഥാന സർക്കാർ തന്നെ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**യു.പി.എസ്.എ. നിയമനം**

14(2710) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ യു.പി.എസ്.എ. നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഇതിനകം എത്രപേരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലയിൽ നിലവിൽ എത്ര യു.പി.എസ്.എ. ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രതീക്ഷിത ഒഴിവുകൾകൂടി ചേർത്ത് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിർദ്ദേശം ജില്ലയിലെ യു.പി.എസ്.എ. ഒഴിവുകളുടെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഉത്തരവാദിയായവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പത്ത് പേരെ നിയമിച്ചു.

(ബി &സി) നിലവിൽ ഒഴിവുകൾ ഇല്ല.

(ഡി) ബാധകമല്ല.

**മാവേലിക്കര പാലമേൽ എൽ.പി. സ്കൂൾ**

15(2713) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര പാലമേൽ എൽ.പി. സ്കൂളിൽ അദ്ധ്യാപകരുടെ എത്ര തസ്തികയാണുള്ളത് ; വ്യക്തമാക്കുമോ; നിലവിൽ എത്ര അദ്ധ്യാപകരാണുള്ളതെന്ന് വ്യക്തമാക്കുമോ; അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

എട്ട് അദ്ധ്യാപക തസ്തികകൾ നിലവിൽ ആറ് അദ്ധ്യാപകർ ജോലി

ചെയ്യുന്നു. ഒഴിച്ചുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ആർ.എം.എസ്.എ. സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം**

16(2720) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. സ്കൂളുകളിലെ പി.എസ്.സി. വഴി നിയമിതരായ അധ്യാപകർക്ക് 2014 ഏപ്രിൽ, മേയ് മാസങ്ങളിലെ ശമ്പളം ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 22-5-2014-ൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ ഈ അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടും പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരോട് ആർ.എം.എസ്.എ. നോംസിന് ഉപരിയായി വരുന്ന അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കാനുള്ള അടിയന്തര നടപടിയെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**സൗജന്യ യൂണിഫോം വിതരണം**

17(4296) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികളുടെ സൗജന്യ യൂണിഫോമിനായി മുൻ ബഡ്ജറ്റിൽ വേണ്ടത്ര തുക ചെലവഴിക്കാൻ സാധിക്കാത്തതിനാൽ ഈ വർഷം ഈ ആവശ്യത്തിന് ബഡ്ജറ്റിൽ തുക വകയിരുത്താൻ സാധിക്കാത്ത അവസ്ഥയുണ്ടോ ?

(ബി) എങ്കിൽ ഈ അദ്ധ്യയന വർഷം പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) ഒന്ന് മുതൽ എട്ടാം ക്ലാസ് വരെയുള്ള എ.പി.എൽ. ആൺകുട്ടികൾ ഒഴികെയുള്ള സർക്കാർ സ്കൂളിലെ എല്ലാ കുട്ടികൾക്കും സൗജന്യ സ്കൂൾ യൂണിഫോം വിതരണത്തിനായി 2014-15 വർഷം (SSA) മുഖാന്തരം നടപ്പാക്കുന്നതിന് 31.2177 കോടി രൂപ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികൾക്കും കൂടി ബാധകമാക്കുന്നതിനു സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**എം.ജി.എൽ.സി. അദ്ധ്യാപകർക്കും ജീവനക്കാർക്കുമുള്ള മാസ ശമ്പളം**

18(4355) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എം.ജി.എൽ.സി (മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ)-കളിൽ അദ്ധ്യാപകർക്കും ജീവനക്കാർക്കും നൽകുന്ന ശമ്പളം എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) ഈ തുക വർദ്ധിപ്പിച്ചു നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സംസ്ഥാനത്തെ ഏകാദ്ധ്യാപക/ബദൽ വിദ്യാലയങ്ങളിലെ വിദ്യാ വോളന്റിയർമാർക്ക് പ്രതിമാസം മൂവായിരം രൂപയായിരുന്നു ഓണറേറിയമായി നൽകുന്നത്.

(ബി&സി) ഉണ്ട്. മനുഷ്യാവകാശ കമ്മീഷന്റെ 31-1-2013-ലെ HRMP No. 5897 of 2013 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 8-10-2014-ലെ സ.ഉ. (എം.എസ്.) നമ്പർ 207/14/പൊവിവ. പ്രകാരം ഏകാദ്ധ്യാപകരുടെ പ്രതിമാസവേതനം 3000 രൂപയിൽ നിന്ന് 5000 രൂപയായി 2014 സെപ്റ്റംബർ മാസം മുതൽ വർദ്ധിപ്പിച്ച്

സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**അമ്പലപ്പുഴ മണ്ഡലത്തിലെ ആദായകരമല്ലാത്ത സ്കൂളുകൾ**

19(1147) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ആദായകരമല്ലാത്ത എത്ര സ്കൂളുകളുണ്ട്;

(ബി) എൽ.പി., യു.പി., എച്ച്.എസ്. വിഭാഗങ്ങൾ തിരിച്ച്, പ്രസ്തുത സ്കൂളുകൾ ഏതൊക്കെയാണെന്ന വിവരം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത സ്കൂളുകൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ആദായകരമല്ലാത്ത 17 സ്കൂളുകൾ ഉണ്ട്.

(ബി) 2 യു. പി. സ്കൂളും 15 എൽ. പി. സ്കൂളുകളുമാണുള്ളത്. വിശദവിവരം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) സ്കൂളുകൾ അടച്ചു പൂട്ടുന്നതു സംബന്ധിച്ച് നയപരമായ തീരുമാനം എടുത്തിട്ടില്ല.

**കശുമാവ് കൃഷിവർദ്ധനയ്ക്കായി നൽകിയ ഇളവുകൾ**

20(1263) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കശുമാവ് കൃഷി ചെയ്യുന്നതായി കണക്കാക്കപ്പെട്ട ഭൂമി എത്രയാണ്, ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വച്ചുവന്നിരുന്ന എത്രപേർ പുതുതായി കശുമാവ് കൃഷി ചെയ്തുകൊണ്ട് പരിധി സംബന്ധിച്ച നിയമവ്യവസ്ഥയിൽ നിന്നും ഒഴിവാക്കപ്പെടുകയുണ്ടായി ;

(സി) കശുമാവ് കൃഷി വർദ്ധന ലക്ഷ്യമാക്കിക്കൊണ്ട് ഭൂമി കൈവശം വച്ചുവരുന്നവർക്കായി നൽകിയ ഇളവുകൾ എന്തെല്ലാമായിരുന്നു ; ഇതിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രയോജനം ലഭിച്ചവർ എത്ര ; അതുവഴി കശുവണ്ടി ഉൽപ്പാദനത്തിലുണ്ടായ വർദ്ധന എത്ര; ലക്ഷ്യം എത്ര ?

ഉത്തരം

(എ) 150000 ഹെക്ടർ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതുവരെ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഹെക്ടറിൽ 150-ൽ കുറയാതെ കശുമാവ് മരങ്ങൾ കൃഷി ചെയ്തിട്ടുള്ള ഭൂമിയെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തീർപ്പായ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. ആയതിനാൽ ഇതിന്റെ പ്രയോജനം ലഭിച്ചവരുടെ കണക്കുകൾ ലഭ്യമല്ല.

**തോട്ടഭൂമിയുടെ വിനിയോഗം**

21(1264) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തോട്ടഭൂമിയാകെ എത്ര ഏക്കറാണെന്നും പ്രസ്തുത ഭൂമിയുടെ കൈവശക്കാർ എത്രയാണെന്നും വെളിപ്പെടുത്തുമോ ;

(ബി) തോട്ടഭൂമിയുടെ അഞ്ച് ശതമാനം തോട്ടം ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകിയത് എത്ര തോട്ടം ഉടമകൾക്കാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) ആകെ തോട്ടഭൂമിയുടെ എത്ര ശതമാനംഭൂമി ടൂറിസം ഉൾപ്പെടെയുള്ള ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

(ഡി) തോട്ടഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകേണ്ടത് ആരാണ്; എത്ര അപേക്ഷകൾ ഇതിനായി ലഭിച്ചിട്ടുണ്ട്; ഇതിനകം അനുമതി നൽകിയത് എത്രപേർക്കാണ്?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) 318997.26 ഏക്കർ 13474 പേർ

(ബി) അനുമതി നൽകിയിട്ടില്ല.

(സി) തോട്ടഭൂമിയുടെ അഞ്ച് ശതമാനം ഭൂമി തോട്ടമിതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല.

(ഡി) തോട്ടഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു. ആയതിനാൽ ഇപ്രകാരമുള്ള അപേക്ഷകൾ ഇതുവരെയും സർക്കാരിന് ലഭിക്കുകയോ അനുമതി നൽകുകയോ ചെയ്തിട്ടില്ല.

**റീ-സർവ്വേ രജിസ്റ്ററുകളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി**

22(2868) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1928-ലെ റീ-സർവ്വേക്ക് ശേഷമുള്ള 'എ' രജിസ്റ്ററും അതിന്റെ അപ്പെന്റിക്സും താനൂർ വില്ലേജ് ഓഫീസിൽ ലഭ്യമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത രേഖകൾ ബന്ധപ്പെട്ട താലൂക്ക് ഓഫീസിലോ, ലാന്റ് ബോർഡിലോ ലഭ്യമാണോ ;

(സി) നിർബന്ധമായും വില്ലേജ് ഓഫീസിൽ ഉണ്ടായിരിക്കേണ്ട രേഖയായതിനാൽ അവ താനൂർ വില്ലേജിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1928-ലെ റീ-സർവ്വേക്ക് ശേഷമുള്ള 'എ' രജിസ്റ്ററും അതിന്റെ അപ്പെന്റിക്സും താനൂർ വില്ലേജ് ഓഫീസിൽ ലഭ്യമാണ്.

(ബി) ലഭ്യമല്ല.

(സി) എ പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**മരുതോങ്കര വില്ലേജിൽ റീ-സർവ്വേയിലെ അപാകതകൾ**

23(4400) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മണ്ഡലത്തിൽപ്പെട്ട മരുതോങ്കര വില്ലേജിൽ റീസർവ്വേയിലെ

അപാകതകൾ സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ബി) ശ്രീ. രമേശൻ പറമ്പാട്ട് നൽകിയ പരാതിയിൻമേൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പരാതിയിൽ പരാമർശിക്കുന്ന സർവ്വേ നമ്പറിലെ വസ്തുവിൽ 1995 മുതൽ ഓരോ വർഷവും ഒടുക്കിയ നികുതി രസീതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) നികുതി ഒടുക്കുന്നതിൽ രേഖപ്പെടുത്തുന്ന വസ്തുതകൾ വ്യത്യാസം വരുത്തുന്ന ചട്ടവിരുദ്ധമായ പ്രവർത്തനങ്ങളിൽ ആർക്കെതിരെയാണ് നടപടി സ്വീകരിക്കേണ്ടത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) മരുതോങ്കര വില്ലേജിൽ റീസർവ്വേയുമായി ബന്ധപ്പെട്ട സർവ്വേ അദാലത്തിൽ ലഭ്യമായ വിവരപ്രകാരം 2010-നുശേഷം 81 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ശ്രീ. രമേശൻ പറമ്പാട്ട് എന്നയാൾ സർവ്വേ അദാലത്തിൽ സമർപ്പിച്ചിരുന്ന അപേക്ഷ നടപടി സ്വീകരിക്കുന്നതിന് വടകര അഡീഷണൽ തഹസീൽദാർ താലൂക്ക് സർവ്വേ വിഭാഗം ഹെഡ് സർവ്വേയർക്ക് കൈമാറിയിട്ടുള്ളതായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വസ്തുവിന്റെ റീസർവ്വേ നമ്പർ, തണ്ടപ്പേർ നമ്പർ എന്നിവ ലഭ്യമാക്കുന്ന പക്ഷം നികുതി ഒടുക്കുന്ന വിവരം വില്ലേജാഫീസിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

(ഡി) നികുതി ഒടുക്കു രേഖപ്പെടുത്തുന്നതിൽ വ്യത്യാസം വരുത്തുന്ന പക്ഷം അപ്രകാരം ചട്ടവിരുദ്ധമായ പ്രവർത്തനം നടത്തുന്ന ഉദ്യോഗസ്ഥനെതിരെയാണ് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടത്.

## പാലക്കാട് ജില്ലയിൽ മണൽ ഖനനവും മണൽ കടത്തും

24(4460) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ മണൽ ഖനനവും മണൽ കടത്തും നിരോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽ; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) നിരോധനം മൂലം മണൽ പാസ് ലഭിച്ചവർക്ക് മണൽ ലഭ്യമാകുന്നതിൽ തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മണൽ ന്യായവിലയ്ക്ക് സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് ജില്ലാ ഭരണകൂടം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) മലമ്പുഴ ഡാമിൽ നിന്നും മുമ്പ് ശേഖരിച്ചിരുന്ന മണൽ പാസ്സ് നൽകി സാധാരണക്കാർക്ക് വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലാ കളക്ടറുടെ 9-12-2013-ലെ എൽ.ആർ.ജി. 10-2013/60950/9 നമ്പർ നടപടിക്രമം മുഖേന മണൽ ഖനനവും കടത്തും നിരോധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA171/2013 നമ്പർ ഉത്തരവ് പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടറുടെ 27-11-2013-ലെ DoECC/E3/2681/2013 നമ്പർ കത്ത് എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത നിരോധനം പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) മണൽ വിതരണത്തിൽ സുതാര്യത വരുത്തുന്നതിനായി തൃശ്ശൂർ, പാലക്കാട്, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ " SAND" എന്ന ഓൺലൈൻ മണൽ പാസ് വിതരണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മണൽ ലഭ്യതയ്ക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്തിന് പുറമേ നിന്നുള്ള മണൽ ലഭ്യത സുഗമമാക്കുന്നതിനായി കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഹൗസിംഗ് ബോർഡ്, കേരള ലാന്റ് ഗവേണൻസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ നോഡൽ ഏജൻസികളായി നിയമിച്ച് 3-5-2013-ലെ ജി.ഒ.(എംഎസ്.) 183/13/റവ. നമ്പർ

ഉത്തരവായിട്ടുള്ളതാണ്.

(ഇ) മലമ്പുഴ, വാളയാർ, ചുള്ളിയാർ ഡാമുകളിൽ നിന്നും സംഭരിച്ച മണൽ വിൽപ്പന നടത്തിവരുന്നു.

## വരൾച്ച നേരിടുന്നതിനുള്ള നടപടികൾ

25(1147) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും വരൾച്ച നേരിടുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; ഇതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) റവന്യൂ വകുപ്പ് മുഖേന കുടിവെള്ള വിതരണം നടക്കുകയുണ്ടായോ; ഇതിന് ജില്ലകൾക്ക് ഫണ്ട് നൽകിയിരുന്നോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) പരമ്പരാഗത ജലസ്രോതസ്സുകൾ ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിന് ആവശ്യമായ ഫണ്ട് നൽകിയിരുന്നോ ;

(ഡി) മുൻവർഷവും ഈ വർഷവും വരൾച്ച നേരിടുന്നതിന് സർക്കാർ നൽകിയിട്ടുള്ള ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

### ഉത്തരം

(എ) 18-2-2014-ലെ 11050/കെ.3/2014/ദു.നിവ. നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് വരൾച്ച നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അടിയന്തര വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നതിനും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം സംസ്ഥാനം വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ കേന്ദ്ര സഹായത്തിനായി അഭ്യർത്ഥിച്ചിട്ടില്ല.

(ബി) ഉണ്ടായി. 2245-01-102-99-വരൾച്ച-കുടിവെള്ള വിതരണം

ശീർഷകത്തിൽ നിന്ന് എല്ലാ ജില്ലകൾക്കും 2 കോടി രൂപ വീതം നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. നടപ്പുസാമ്പത്തിക വർഷം ജില്ലകൾക്ക് ഫണ്ട് നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) മുൻ സാമ്പത്തിക വർഷം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ആകെ 97,14,57,417 (തൊണ്ണൂറ്റിയേഴ് കോടി പതിനാല് ലക്ഷത്തി അമ്പത്തിയേഴായിരത്തി നാന്നൂറ്റി പതിനേഴ് രൂപാ മാത്രം) രൂപ അനുവദിച്ചിരുന്നു. നടപ്പുസാമ്പത്തിക വർഷം ഇതുവരെ ഓരോ ജില്ലയ്ക്കും രണ്ടു കോടി രൂപ വീതം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ച് കഴിഞ്ഞിട്ടുണ്ട്.

**പ്രകൃതി ദുരന്ത ബാധിതർക്ക് ധനസഹായം**

26(1158) <u>ശ്രീ. മാത്യു റ്റി. തോമസ്</u> :
<u>ശ്രീമതി ജമീലാ പ്രകാശം</u> :
<u>ശ്രീ. ജോസ് തെറ്റയിൽ</u> :
<u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപ്രതീക്ഷിതമായ മഴയും വെള്ളപ്പൊക്കവും കാറ്റുംമൂലം സംസ്ഥാനത്തുടനീളം അടുത്തിടെയുണ്ടായിട്ടുള്ള നാശനഷ്ടത്തെ സംബന്ധിച്ച് കണക്ക് എടുത്തിട്ടുണ്ടോ ;

(ബി) ജില്ല തിരിച്ചും വില്ലേജ് തിരിച്ചും ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രകൃതി ദുരന്തം നേരിടുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും കേന്ദ്ര സർക്കാരിന്റെ പ്രതികരണവും എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) 2012 ഏപ്രിൽ മാസം മുതൽ പ്രകൃതി ദുരന്തംമൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടപരിഹാരം എന്നേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്.

(ഡി) 8-5-2014-ൽ റവന്യൂവും കയറും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ശ്രീ. ശൈലേഷ്, ജോയിന്റ് സെക്രട്ടറി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്ര സംഘത്തിനെ പ്രസ്തുത മെമ്മോറാണ്ടം പരിശോധിച്ച് തീരുമാനമെടുക്കുവാൻ കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്ര സംഘം 2014 ജൂൺ 12 മുതൽ 15 വരെ ദിവസങ്ങളിൽ കേരളം സന്ദർശിക്കുകയാണ്.

(ഇ) ഉണ്ട്. 2012-13 സാമ്പത്തിക വർഷം വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനുമുള്ള അധിക ദുരിതാശ്വാസ ധനസഹായമായി 34.27 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. വരൾച്ചമൂലമുള്ള കൃഷി നാശത്തിന് 15,85,72,470 (പതിനഞ്ചു കോടി എൺപത്തിയഞ്ചു ലക്ഷത്തി എഴുപത്തി രണ്ടായിരത്തി നാനൂറ്റി എഴുപത്) രൂപയും വെള്ളപ്പൊക്കംമൂലമുള്ള കൃഷി നാശത്തിന് 39,13,60,513 (മുപ്പത്തൊമ്പത് കോടി പതിമൂന്ന് ലക്ഷത്തി അറുപതിനായിരത്തി അഞ്ഞൂറ്റി പതിമൂന്ന്) രൂപയും നഷ്ട പരിഹാരമായി നൽകിയിട്ടുണ്ട്. 2012-13 ൽ വരൾച്ചമൂലമുള്ള കൃഷി നാശത്തിന് 28,65,454 (ഇരുപത്തിയെട്ടു ലക്ഷത്തി അറുപത്തി അഞ്ചായിരത്തി നാനൂറ്റി അമ്പത്തിനാല്) രൂപയും, വെള്ളപ്പൊക്കം മൂലമുള്ള കൃഷി നാശത്തിന് 19,20,64,036 (പത്തൊമ്പതു കോടി ഇരുപത് ലക്ഷത്തി അറുപത്തിനാലായിരത്തി മുപ്പത്തി ആറ്) രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 2012-13 വർഷം വരൾച്ചാ ദുരിതാശ്വാസത്തിനായി രണ്ടാമത് മെമ്മോറാണ്ടം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ 61.74 കോടി രൂപ 2013-14 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക നടപ്പ് സാമ്പത്തിക വർഷം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കനോലികനാലിന്റെ കരകളെ സി.ആർ.ഇസഡ്-ന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച്**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

27(2798) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മുതൽ പൊന്നാനി വരെ നീണ്ടുകിടക്കുന്ന മനുഷ്യനിർമ്മിതമായ കനോലി കനാലിന്റെ തീരങ്ങളിൽ താമസിക്കുന്നവർക്ക് സി.ആർ.ഇസഡ്. പരിധി നിയമം ബാധകമാണോ ;

(ബി) പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരുന്നതുകൊണ്ട് കനോലി കനാൽ തീരവാസികൾക്ക് വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കെട്ടിടനിർമ്മാണത്തിനുള്ള ദൂരപരിധിയിൽ ഇളവനുവദിച്ച് തീരവാസികളുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ബാധകമാണ്. കനോലി കനാലിന്റെ ഇരു കരകളിലും 100 മീറ്റർ അഥവാ കനാലിന്റെ വീതി ഏതാണോ കുറവ് അത്രയും ഭാഗം വിജ്ഞാപനത്തിന്റെ പരിധിയിൽ ഉൾപ്പെടും.

(ബി) സി.ആർ.ഇസഡ്. വിജ്ഞാപനത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തദ്ദേശവാസികളുടെ ഭവനങ്ങൾക്കാവശ്യമായ കെട്ടിട നിർമ്മാണത്തിന് ഇളവുകൾ അനുവദിക്കുന്നതിന് ഫിഷറീസ് ആന്റ് പോർട്ട് വകുപ്പിൽ നിന്നും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**മിച്ചഭൂമി/സർക്കാർ ഭൂമി തിരിച്ച് പിടിക്കാൻ നടപടി**

28(2821) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ കണക്കനുസരിച്ച് എത്ര ഏക്കർ മിച്ചഭൂമിയും എത്ര ഏക്കർ സർക്കാർ ഭൂമിയും സ്വകാര്യ വ്യക്തികൾ കൈയ്യടക്കി വച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ ;

(ബി) മിച്ചഭൂമി/സർക്കാർ ഭൂമി കയ്യടക്കി വച്ചിട്ടുള്ളവരിൽ നിന്നും തിരിച്ചു പിടിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു ;

(സി) ആയതിന്റെ ഫലമായി എത്ര ഏക്കർ ഭൂമി തിരിച്ചുപിടിക്കുവാൻ കഴിഞ്ഞു ;

(ഡി) ഇത്തരം ഭൂമി സംബന്ധിച്ച് എത്ര കേസ്സുകൾ വിവിധ കോടതികളിൽ നിലവിലുണ്ട് ; ഇവ യഥാസമയം തീർപ്പാക്കാൻ വേണ്ടി എന്തു നടപടി സ്വീകരിച്ചു വരുന്നു; വിശദമാക്കുമോ ;

(ഇ) ഈ സർക്കാർ വന്നശേഷം ഇത്തരത്തിൽ എത്ര ഏക്കർ മിച്ചഭൂമി/ സർക്കാർ ഭൂമി കോടതിയുടെ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാർ കണക്കനുസരിച്ച് 406539145 ഏക്കർ മിച്ചഭൂമിയും 987,74,349 ഏക്കർ സർക്കാർ ഭൂമിയും സ്വകാര്യ വ്യക്തികൾ കൈയ്യടക്കി വച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സർക്കാർ ഭൂമി തിരിച്ചുപിടിക്കാൻ കെ.എൽ.സി. ആക്ട് 1958 പ്രകാരവും മിച്ചഭൂമി തിരിച്ചുപിടിക്കാൻ കേരള ഭൂപരിഷ്കരണ നിയമ പ്രകാരവുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവിധ ജില്ലകളിലായി 1072,92,734 ഏക്കർ ഭൂമി തിരിച്ചു പിടിച്ചു.

(ഡി) ഇത്തരം ഭൂമി സംബന്ധിച്ച് 619 കേസുകൾ വിവിധ കോടതികളിൽ നിലവിലുണ്ട്. കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി എതിർ സത്യവാങ്മൂലം കാലതാമസം കൂടാതെ ഫയൽ ചെയ്തുവരുന്നു. പ്രാധാന്യമേറിയ കേസുകളുടെ തീർപ്പാക്കലിനായി ഗവൺമെന്റ് പ്ലീഡർമാരുമായും അഡ്വക്കേറ്റ് ജനറലുമായും കൂടിയാലോചിച്ച് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഈ സർക്കാർ വന്നതിനുശേഷം എറണാകുളം ജില്ലയിൽ 60.90 ആർ (1.5 ഏക്കർ) പുറമ്പോക്ക് ഭൂമിയും കാസർഗോഡ് ജില്ലയിൽ 14 സെന്റ് ഭൂമിയും കോടതി ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

**റിവർ മാനേജ്മെന്റ് ഫണ്ട്**

29(7135) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ 31-3-2014-ലെ കണക്ക് പ്രകാരം എത്ര തുകയാണുള്ളത് ;

(ബി) 1-7-2011 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ ആർ.എം.എഫ്.-ലേയ്ക്ക് ഓരോ ജില്ലയിൽനിന്നും അടച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) നദിയും നദീതീരങ്ങളും സംരക്ഷിക്കുന്നതിനായി ഈ തുക ഉപയോഗിച്ച് എത്ര പ്രോജക്ടുകൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കി ; ഓരോന്നിന്റെയും വിശദാംശം നൽകാമോ ;

(ഡി) ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് നാളിതുവരെ സ്വീകരിച്ചത്; വിശദാംശം നൽകാമോ ;

(ഇ) ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി നിശ്ചയിക്കപ്പെട്ട മാസ്റ്റർ പ്ലാനിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ ; അതിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം നൽകാമോ ?

ഉത്തരം

(എ - സി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഭാരതപ്പുഴ സംരക്ഷിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ RMF-ൽ നിന്ന് 6 പ്രവൃത്തികളും, ഒരു ചെക്ക് ഡാമും, MIRPA ഫണ്ടിൽ നിന്നും 3 ചെക്ക് ഡാമുകളും ഉണ്ട്. കൂടാതെ ഭാരതപ്പുഴയിലെ മണലെടുപ്പ് തടയുന്നതിനായി റവന്യൂ, പോലീസ് വകുപ്പുകൾ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മാസ്റ്റർ പ്ലാൻ ഒന്നും തയ്യാറാക്കിയിട്ടില്ല.

## ലീഗൽ മെട്രോളജി വകുപ്പ് കോഴിക്കോട് ജില്ലയിൽ നടത്തിയ പരിശോധന

30(3142) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കോഴിക്കോട് ജില്ലയിൽ ലീഗൽ മെട്രോളജി വകുപ്പ് ആറു മാസത്തിനുള്ളിൽ എത്ര പരിശോധന നടത്തി; എത്ര കേസുകൾ എടുത്തു ; എത്ര ഫൈൻ ഈടാക്കി ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പാക്കിംഗ് ലൈസൻസ് എടുക്കാതെ ഉല്പന്നങ്ങൾ പാക്ക് ചെയ്ത് വിൽക്കുന്നതിനെതിരെ എത്ര കേസുകൾ എടുത്തിട്ടുണ്ട് ; എന്തെല്ലാം നിയമ നടപടികൾ കൈക്കൊണ്ടുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ആറ് മാസത്തിനുള്ളിൽ ലീഗൽ മെട്രോളജി വകുപ്പുനടത്തിയ

| | |
|---|---|
| പരിശോധനകളുടെ എണ്ണം | - 2948 |
| കേസുകളുടെ എണ്ണം | - 904 |
| ഫൈൻ | - 27,89,000 രൂപ. |

(ബി) പാക്കിംഗ് ലൈസൻസ് എടുക്കാതെ ഉല്പന്നങ്ങൾ പാക്ക് ചെയ്ത് വിൽക്കുന്നതിനെതിരെ എടുത്തിട്ടുള്ള കേസുകളുടെ എണ്ണം - 2,51,000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

## സപ്ലൈകോയിലെ അഴിമതി

31(3148) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ-യ്ക്ക് നാളിതുവരെ ഓരോ വർഷവും എന്ത് തുക നൽകി; നിത്യോപയോഗ സാധനങ്ങൾക്ക് സബ്സിഡി നൽകാനായി ഓരോ വർഷവും എന്ത് തുക നാളിതുവരെ ഉപയോഗിച്ചു ; വ്യക്തമാക്കുമോ ;

(ബി) ഈ നടപ്പുവർഷം സപ്ലൈകോ ഏതെല്ലാം കരാറുകാരിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ വാങ്ങി; അവർക്ക് നൽകിയ വില എത്രയെന്നും പ്രസ്തുത സാധനങ്ങൾ വിപണിയിൽ എന്ത് വിലയ്ക്ക് നൽകിയെന്നും ഇതിൽ വിപണി വിലയെക്കാൾ കൂടിയ വിലയിൽ ഏതൊക്കെ നിത്യോപയോഗ സാധനങ്ങൾ വാങ്ങി എന്നും വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സപ്ലൈകോയുടെ എത്ര വിപണന കേന്ദ്രങ്ങളിൽ വിജിലൻസ് അന്വേഷണം നടത്തി ; പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ നിയമവിരുദ്ധ പ്രവർത്തികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ വിജിലൻസ് കണ്ടെത്തിയ അപാകതയും അഴിമതിയും നടത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം ; ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

(ഇ) സപ്ലൈകോയുടെ വിവിധ ഔട്ട്ലെറ്റുകളിൽ നിത്യോപയോഗ സാധനങ്ങൾ പലതും ലഭിക്കുന്നില്ല എന്ന വസ്തുതയും പല സാധനങ്ങളും വിപണി വിലയേക്കാൾ കൂടുതലാണ് എന്ന സത്യവും സപ്ലൈകോയിലെ മുതിർന്ന ഉദ്യോഗസ്ഥരും കരാറുകാരും തമ്മിലുള്ള അവിശുദ്ധ ബന്ധം, എന്നിവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സപ്ലൈകോയ്ക്ക് 2008-09 മുതൽ ഇതുവരെ നൽകിയ തുകയുടെയും നിത്യോപയോഗ സാധനങ്ങൾക്ക് സബ്സിഡി നൽകാനായി ഉപയോഗിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധം (I) ആയി കൊടുക്കുന്നു.*

(ബി) നടപ്പുസാമ്പത്തിക വർഷം സപ്ലൈകോ ഇ-ടെണ്ടർ മുഖേന സാധനങ്ങൾ വാങ്ങിയ വിതരണക്കാരുടെ പേരു വിവരം അനുബന്ധം (II) ആയും നടപ്പുസാമ്പത്തിക വർഷം വാങ്ങിയ സാധനങ്ങളുടെ വില വിവരം അനുബന്ധം (III) ആയും, 13 ഇനം അവശ്യ സാധനങ്ങളുടെ ഇപ്പോഴത്തെ വിൽപ്പന വില അനുബന്ധം (IV) ആയും ചേർക്കുന്നു.* പൊതുവിപണിയേക്കാൾ കൂടിയ നിരക്കിൽ സപ്ലൈകോ സാധനങ്ങൾ വാങ്ങിയിട്ടില്ല.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 120-ഓളം ഷോപ്പുകളിൽ വിജിലൻസ് ഓഫീസർ പരിശോധനകൾ നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. വിപണന കേന്ദ്രങ്ങളിലൂടെ വിറ്റഴിക്കുന്ന വിവിധ സാധനങ്ങളുടെ കണക്കെടുക്കുമ്പോൾ ചിലപ്പോൾ കണക്കിലധികമായ സ്റ്റോക്ക് കാണാറുണ്ട്. കണക്കിൽ കുറഞ്ഞതായ സ്റ്റോക്കും കണ്ടെത്താറുണ്ട്. കാലാവധി കഴിഞ്ഞതായ സാധനങ്ങൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അപാകതകൾ, രജിസ്റ്ററുകളിൽ ആവശ്യമായ കാര്യങ്ങൾ രേഖപ്പെടുത്താത്തത് എന്നിവ കണ്ടെത്തിയിട്ടുണ്ട്. വിപണന കേന്ദ്രങ്ങളിലെ പണം എണ്ണി തിട്ടപ്പെടുത്തുമ്പോൾ ഏറ്റക്കുറച്ചിലുകൾ കാണാറുണ്ട്. അവയെല്ലാം അതാത് സമയങ്ങളിൽ റിപ്പോർട്ട് നൽകുകയും ഉചിത നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾ ഒന്നുപോലുമില്ലാത്ത വിപണന കേന്ദ്രങ്ങൾ കാണുക സാധാരണ രീതിയിൽ സാദ്ധ്യമല്ല. ന്യൂനകണക്കിന് സാധനങ്ങൾ കൈകാര്യം ചെയ്യുന്നതിലോ, കണക്കുകൾ എഴുതുന്നതിലോ, വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലോ, പണം കൈകാര്യം ചെയ്യുന്നതിലോ, പൊതുജനങ്ങളോടുള്ള പെരുമാറ്റത്തിലോ ഒരു അപാകതയെങ്കിലും പരിശോധിച്ചിട്ടുള്ള ഏതാണ്ടെല്ലാ വിപണന കേന്ദ്രങ്ങളിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ എല്ലാ അപാകതകൾക്കും അതാത് കേന്ദ്രങ്ങളിൽ നിന്ന് തന്നെ തിരുത്തലുകൾ വാങ്ങുകയും, ഗൗരവമുള്ളതെങ്കിൽ പിഴയടപ്പിക്കുകയോ സ്ഥലംമാറ്റമുൾപ്പെടെയുള്ള നടപടികൾക്ക് വിധേയരാക്കുകയോ ചെയ്തിട്ടുണ്ട്. വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളും, ഉദ്യോഗസ്ഥന്മാർക്കെതിരെ സ്വീകരിച്ച നടപടികളും അനുബന്ധം (V) ആയി ചേർക്കുന്നു.*

(ഇ) ചില മാവേലി സ്റ്റോറുകളിലെ സ്ഥല പരിമിതിമൂലവും, ചരക്ക് നീക്കത്തിൽ വരുന്ന ചില പ്രായോഗികമായ കാരണങ്ങൾകൊണ്ടും ചില അവസരങ്ങളിൽ അവശ്യസാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകാറുണ്ട്. സപ്ലൈകോയുടെ എല്ലാ വിൽപ്പന ശാലകളിലും അവശ്യ സാധനങ്ങൾ പ്രത്യേകിച്ച് സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യത്തിന് ലഭ്യമാക്കാനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. സപ്ലൈകോ വഴി 13 ഇനം അവശ്യ വസ്തുക്കൾക്ക് പൊതുവിപണിയേക്കാൾ 20% മുതൽ 35% വരെ കുറച്ചാണ് സബ്സിഡി നിരക്കിൽ വിൽപ്പന വില നിശ്ചയിച്ചിരിക്കുന്നത്. സപ്ലൈകോയിലെ ഉദ്യോഗസ്ഥരും കരാറുകാരും തമ്മിൽ അവിശുദ്ധ ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പൊതുമരാമത്ത് വകുപ്പിന് പദ്ധതി ചെലവിൽ റെക്കോർഡ് നേട്ടം**

32(5796) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. ഷാഫി പറമ്പിൽ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് പദ്ധതി ചെലവിൽ റെക്കോർഡ് നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) പദ്ധതി വിഹിതത്തേക്കാൾ എത്ര ഇരട്ടി തുകയാണ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) <u>കെ.എസ്.ടി.പി :</u>

ഈ സർക്കാരിന്റെ കാലത്ത് 31-3-2013 വരെ 275 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി കെ.എസ്.ടി.പി.-ക്ക് ലഭിച്ചത്. ഈ കാലയളവിൽ 285.26 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. 31-3-2013 വരെ നിർമ്മാണ പ്രവൃത്തികൾക്കും കെ.എസ്.ടി.പി. ഒന്നിന്റെ ബാലൻസ് ജോലികൾക്കും ലാന്റ് അക്വിസിഷൻ, എൽ.എ.ആർ. കേസുകൾ, ഒന്നാം ഘട്ടത്തിന്റെ ഗ്യാപ് വർക്കുകൾ എന്നിവയ്ക്കുവേണ്ടി 297.02 കോടി രൂപ ചെലവഴിച്ചു.

<u>കെട്ടിട വിഭാഗം ;</u>

കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലെ പദ്ധതി വിഹിതം 85.78 കോടി രൂപയും പദ്ധതി ചെലവ് 175.37 കോടി രൂപയുമാണ്. വിഹിതത്തേക്കാൾ രണ്ടിരട്ടി ചെലവഴിച്ചു. 2009-10 സാമ്പത്തിക വർഷം അനുവദിച്ച വർക്കുകൾ നടപടിക്രമങ്ങൾ പൂർത്തിയായി പണികൾക്കുള്ള പേയ്മെന്റ് 2011-12-ലും

2012-13-ലും ആണ് നടത്തുവാൻ കഴിഞ്ഞിട്ടുള്ളത്.

നിരത്തുകളും പാലങ്ങളും :

പദ്ധതി വിഹിതം 2011-12 സാമ്പത്തിക വർഷം 588.37 കോടി രൂപയും ചെലവ് 1620.27 കോടി രൂപയുമാണ്. 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതം 541.08 കോടി രൂപയും ചെലവ് 1785 കോടി രൂപയുമാണ്. പദ്ധതി വിഹിതത്തേക്കാൾ 2011-12 സാമ്പത്തിക വർഷം 2.795 ഇരട്ടിയും 2012-13 സാമ്പത്തിക വർഷം 3.3 ഇരട്ടിയും ചെലവഴിച്ചിട്ടുള്ളത്.

ദേശീയ പാതാ വിഭാഗം :

| ക്രമ നമ്പർ | വർഷം | പദ്ധതി വിഹിതം | ചെലവ് (ലക്ഷത്തിൽ) |
|---|---|---|---|
| 1. | 2011-12 | 3910.84 | 6020.83 |
| 2. | 2012-13 | 4959.86 | 15800.01 |

2011-12 കാലയളവിൽ 1.54 ഇരട്ടിയും (153.95%)

2012-13 കാലയളവിൽ 3.19 ഇരട്ടിയും (318.58%) ചെലവഴിച്ചു.

(ഡി) മേൽ സാമ്പത്തിക വർഷങ്ങളിൽ ദ്രുതഗതിയിൽ പൂർത്തിയാക്കിയ പ്രവൃത്തികൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് നിർദ്ദേശങ്ങൾ ഡിവിഷൻ ഓഫീസുകളിൽ നിന്ന് സമർപ്പിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ EMLI സോഫ്റ്റ്‌വെയറിൽ കൂടി സർക്കാരിൽ സമർപ്പിച്ച് ലെറ്റർ ഓഫ് ക്രെഡിറ്റ് നേടിയതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ചെലവിൽ റെക്കോർഡ് നേട്ടം കൈവരിച്ചത്.

**കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത വർക്കുകൾ**

33(3277) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത ഓരോ പൊതുമരാമത്ത് പ്രവൃത്തികളുടെയും ടെണ്ടർ തുകയും ഇവ പൂർത്തീകരിച്ചതിനുശേഷം ഫൈനൽ ബിൽ തുകയും എത്രയാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തികൾ കൺസ്ട്രക്ഷൻ കോർപ്പറേഷൻ നേരിട്ടാണോ നടത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(സി) അല്ലെങ്കിൽ ഏത് രീതിയിലാണ് ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതെന്നുള്ള വിശദാംശം പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത 191 പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധം 'എ' ആയും, പൂർത്തീകരിച്ചതിനുശേഷം ഫൈനൽ ബിൽ ആയ പ്രവൃത്തികളുടെ വിവരങ്ങൾ തുക സഹിതം അനുബന്ധം 'ബി' ആയും ചേർത്തിരിക്കുന്നു.*

(ബി) നേരിട്ട് നടത്തിയിട്ടില്ല.

(സി) മറ്റു ഡിപ്പാർട്ടുമെന്റുകളുടെ ടെണ്ടറിൽ പങ്കെടുത്ത് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രവൃത്തികളും, കൂടാതെ സർക്കാർ നേരിട്ട് ഏൽപ്പിക്കുന്ന കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് & ടെണ്ടർ എക്സസ് കൊടുക്കാത്തതായ പ്രവൃത്തികളും കോർപ്പറേഷന്റെ അംഗീകൃത പാനലിൽപ്പെട്ട കരാറുകാരെക്കൊണ്ടാണ് ചെയ്യിച്ചത്. സർക്കാർ നേരിട്ട് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുന്ന മറ്റ് പ്രവൃത്തികൾ ടെണ്ടർ നടത്തി കരാറുകാരെക്കൊണ്ടാണ് ചെയ്യിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.